

ESTABLISHED 1888

# മലയാളത്തിന്റെ മഹാവൃക്ഷം

## മനോരമയുടെ ചരിത്രം

ഡോ. സി കെ കരീം

# മലയാളത്തിന്റെ മഹാവൃക്ഷം

## മലയാള മനോരമയുടെ ചരിത്രം

ഡോ. സി. കെ. കരീം

കേരള ഹിസ്റ്ററി അസോസിയേഷൻ
കൊച്ചി

# ഡോ. സി. കെ. കരീം



ചരിത്ര ഗവേഷകനും ഗ്രന്ഥകാരനുമായിരുന്ന ഡോ. സി. കെ. കരീം 1929 മെയ് അഞ്ചിന് എറണാകുളം ജില്ലയിലെ എടവനക്കാട് ഗ്രാമത്തിൽ സി. കെ. കൊച്ചുഖാദറിൻേറയും സി. എം. കൊച്ചലീറ്റയുടെയും പുത്രനായി ജനിച്ചു. പാലക്കാട് വിക്ടോറിയ കോളേജിൽ നിന്ന് ബി. എ. യും, ആലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിയിൽനിന്ന് എം. എ. യും, എൽ. എൽ. ബിയും, പി. എച്ച്. ഡിയും നേടി. ന്യൂഡൽഹി നാഷണൽ ആർക്കൈവ്സിൽനിന്ന് ആർക്കൈവ്സ് കീപ്പിങ്ങിൽ ഡിപ്ലോമ കരസ്ഥമാക്കിയിട്ടുണ്ട്.

നിരവധി കലാലയങ്ങളിൽ ചരിത്രാദ്ധ്യാപകനായിരുന്നു. കേരള സർവ്വകലാശാലയിൽ ഇസ്ലാമിക് സ്റ്റഡീസ് വകുപ്പ് മേധാവിയായി 1987-ൽ വിരമിച്ചു. കേരള ഗസറ്റിയേഴ്സ് സ്റ്റേറ്റ് എഡിറ്റർ, കൊച്ചിൻ യൂണിവേഴ്സിറ്റി രജിസ്ട്രാർ എന്നീനിലകളിലും വർത്തിച്ചിട്ടുണ്ട്. കേരളാ സർവ്വകലാശാലയിൽ പി. ജി. ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റി ഓഫ് ആർട്സ്, സർവ്വകലാശാല സെനറ്റ്, പബ്ലിക്കേഷൻസ് വകുപ്പ് ഉപദേശകസമിതി എന്നിവയിലും, ആർക്കിയോളജി വകുപ്പ്, സമസ്ത കേരള സാഹിത്യപരിഷത്ത് എന്നിവയില്ലും അംഗമായിരുന്നു. ചരിത്രം ത്രൈമാസികം, ചരിത്രം പബ്ലിക്കേഷൻസ്, സമസ്തകേരള സാഹിത്യ പരിഷത്ത് മാഗസിൻ എന്നിവയുടെ എഡിറ്ററും, കേരള മുസ്ലീം ഹിസ്റ്ററി സ്റ്റാറ്റിറ്റിക്സ് ആൻഡ് ഡയറക്ടറിയുടെ ചീഫ് എഡിറ്ററും ആയിരുന്നു. വിവിധ സർവ്വകലാശാലകളിൽ ബോർഡ് ഓഫ് സ്റ്റഡീസ് അംഗവുമായിരുന്നു. പി. എ. സഈദ് മുഹമ്മദ് ഫൗണ്ടേഷൻ, പ്രൊഫ. പി. എസ്. വേലായുധൻ സ്പതതി അവാർഡ് കമ്മറ്റി, കേരള ഹിസ്റ്ററി അസോസിയേഷൻ എന്നിവയുടെ സെക്രട്ടറിയും 1987 മുതൽ 1991 വരെ സമസ്തകേരള സാഹിത്യപരിഷത്ത് ജനറൽ സെക്രട്ടറിയുമായിരുന്നു.

അബൂദാബി ഇന്ത്യൻ ഇസ്ലാമിക് സെൻറർ ലിറ്ററി അവാർഡ്, മുസ്ലീം യൂത്ത് ലീഗ് അവാർഡ്, എം. ഇ. എസ്. പ്രൊഫിഷൻസി അവാർഡ് എന്നിവയടക്കം നിരവധി പുരസ്കാരങ്ങൾ ലഭിച്ചു. ഇന്ത്യാ ചരിത്രത്തിന് ഒരു മുഖവുര, ചരിത്രത്തിലെ ഗുണപാഠങ്ങൾ, പ്രാചീന കേരളവും മുസ്ലീം ആവിർഭാവവും എന്നിവയടക്കം മലയാളത്തിൽ 18 കൃതികൾ രചിച്ചു. എട്ട് ഇംഗ്ലീഷ് കൃതികളുടെയും ഉടമ.

പി. എ. ഫാത്തിമയാണ് ഭാര്യ. സി. എ. ബാബു, സി. എ. സലീം, സി. എ. അല്ലി, ടി. കെ. ഷാഹിദ എന്നിവരാണു മക്കൾ.

വിസ്തൃതമായ കർമ്മകാണ്ഡത്തിനൊടുവിൽ, 2000 സെപ്തംബർ പതിനൊന്നാം തീയതി അന്തരിച്ചു.

# നൂറു വർഷത്തെ ചരിത്രവുമായി ഒരു മുഖാമുഖം

ഒരു പത്രത്തിൻെറ നൂറുകൊല്ലത്തെ ചരിത്രം ആവിഷ്ക്കരിക്കുക
അത്രയധികം ശ്രമകരമായ ജോലിയാണോ?
അല്ല എന്നായിരുന്നു എൻെറ ആത്മാർത്ഥമായ ധാരണ.
എന്നാൽ ഇവിടെ എഴുതേണ്ടത് 'മലയാള മനോരമ'യുടെ
നൂറുകൊല്ലത്തെ ചരിത്രമാണെന്ന വ്യത്യാസം
വളരെ വലുതാണെന്ന് പിന്നീടു ബോധ്യമായി.
മലയാള മനോരമയുടെ നൂറു വർഷത്തെ ചരിത്രം ഈ ദേശത്തിൻെറ
ചരിത്രമാണ്; മലയാളികളുടെ ഗതിവിഗതികളുടെ ചരിത്രമാണ്.
കേരളത്തിൻെറ സാമൂഹികവും സാംസ്കാരികവുമായ
നവോത്ഥാനത്തിൻെറ കഥയാണത്.
നമ്മുടെ വാണിജ്യ-വ്യാവസായിക വളർച്ചയുടെ മാത്രമല്ല,
കാർഷിക വ്യാപനത്തിൻെറയും തോട്ടം വ്യവസായ
ഉത്ക്കർഷത്തിൻെറയുമൊക്കെ കഥകൾ.....
രാഷ്ട്രീയ സംഘർഷങ്ങളുടെയും സാമ്പത്തിക നേട്ടങ്ങളുടെയും
സംഭവബഹുലമായ ഒരു നൂറ്റാണ്ടിൻെറ ചരിത്രവും
അതിൽ ഉള്ളടങ്ങിയിരിക്കുന്നു.
കൂടുതൽ അറിയാനും വിവരങ്ങൾ ശേഖരിക്കുവാനും കഴിഞ്ഞപ്പോഴാണ്
അത്ര എളുപ്പം പൂർത്തിയാക്കാൻ പറ്റാത്തവിധം ആഴവും പരപ്പുമുള്ള
വിഷയമാണിതെന്ന ബോദ്ധ്യമുണ്ടാകുന്നത്.

ഏകദേശം രണ്ടുവർഷത്തെ കഠിനാധ്വാനത്തിൻെറ ഫലമായാണ്
ഇപ്പോഴെങ്കിലും ഈ ഗ്രന്ഥം പൂർത്തീകരിക്കാൻ കഴിഞ്ഞത്.

കിട്ടാവുന്നത്ര വിവരങ്ങൾ തേടിപ്പിടിക്കുകയും
അവ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.
ഈ പുസ്തകം യാഥാർത്ഥ്യമാകുമ്പോൾ നൂറു വർഷത്തെ
കേരള ചരിത്രത്തിലെ അറിയപ്പെടാത്ത ഏടുകൾകൂടി
കണ്ടെത്താനായതിലെ സന്തോഷവും എനിക്കുണ്ട്.

എൻെറ പ്രിയപ്പെട്ട ഗുരുനാഥനും അഭ്യുദയകാംക്ഷിയുമായ
ഡോ. എം. ലീലാവതി ഈ ഗ്രന്ഥത്തിൻെറ
ആദ്യഭാഗം നിഷ്ക്കർഷയോടെ വായിച്ച്
ആവശ്യമായ തിരുത്തലുകൾ നടത്തി എന്നെ സഹായിച്ചിരുന്നു.
അവരോട് എനിക്കുള്ള ആത്മാർത്ഥമായ നന്ദി ഇവിടെ രേഖപ്പെടുത്തട്ടെ.
ഭാരപ്പെട്ടതെങ്കിലും മഹത്തായ ഈ കർത്തവ്യം വിജയകരമായി
നിർവ്വഹിക്കുവാൻ അനുഗ്രഹിച്ച കരുണാനിധിയായ
അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട്
'മലയാളത്തിൻെറ മഹാവൃക്ഷം : മലയാള മനോരമയുടെ ചരിത്രം'
എന്ന ഈ ഗ്രന്ഥം സഹൃദയസമക്ഷം
ഞാൻ സാദരം സമർപ്പിച്ചുകൊള്ളുന്നു.

**ഡോ. സി. കെ. കരീം**

**ഇടപ്പള്ളി**

**20 - 07 - 2000**

# ഉള്ളടക്കം


1. മലയാള പത്രങ്ങളുടെ വികാസപരിണാമങ്ങൾ 9

2. മലയാള മനോരമയുടെ പിറവി 29

3. കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ കർമപഥം 37

4. കെ. സി. മാമ്മൻ മാപ്പിളയുടെ സാരഥ്യം 94

5. സാമ്പത്തിക - സാമൂഹിക - രാഷ്ട്രീയ രംഗങ്ങൾ 135

6. ഉയർത്തെഴുന്നേല്പ് 211

7. കെ. എം. ചെറിയാൻ : പുനർജനനത്തിന്റെ ശില്പി 243

# 1
# മലയാള പത്രങ്ങളുടെ വികാസപരിണാമങ്ങൾ

മലയാള പത്രത്തിന്റെ ആരംഭംകുറിച്ചിട്ടു നൂറ്റമ്പതുവർഷം കഴിഞ്ഞിരിക്കുന്നു. 1847 ജൂണിൽ തലശ്ശേരി ബാസൽ മിഷൻ പ്രസ്സിൽനിന്ന് അച്ചടിച്ചു പ്രസിദ്ധീകരിച്ച 'രാജ്യസമാചാരം' ആണ് ഭാഷയിലെ ആദ്യത്തെ പത്രം. ജർമ്മൻ മിഷനറിയായ ഡോ. ഹെർമൻ ഗുണ്ടർട്ട് ആണ് മഹത്തായ ഈ സംഭാവന നൽകിയത്. എന്നാൽ അച്ചടിയന്ത്രങ്ങളും പ്രസിദ്ധീകരണങ്ങളും ഇതിനെത്രയോ മുമ്പുതന്നെ ലോകത്തിന്റെ വിവിധ രാജ്യങ്ങളിലും ഇന്ത്യയിൽ തന്നെയും നിലവിൽ വന്നു കഴിഞ്ഞിരുന്നു. കണ്ടുപിടുത്തങ്ങളുടെ ഊറ്റില്ലമായിരുന്ന ചൈനയിലാണ് അച്ചടിയുടെയും കടലാസിന്റെയും ഉദ്ഭവം. അതുപോലെ വാർത്താവിനിമയം ആദ്യമായി ചൈനയിലെ 'പീക്കിംഗ് ഗസറ്റി'ലൂടെയാണ് പുറംലോകം അറിഞ്ഞു തുടങ്ങിയതും. എ. ഡി. 594-ൽ തന്നെ വാർത്താകത്തുകൾ അഥവാ ന്യൂസ് ലെറ്ററുകൾ പ്രസിദ്ധീകരിക്കുന്ന സമ്പ്രദായം ചൈനയിലാരംഭിച്ചു. ലോകത്തിൽ അച്ചടിച്ച ഒന്നാമത്തെ പുസ്തകവും ചൈനയിൽത്തന്നെ. ഇവയൊക്കെ സംശയത്തിന് ഇടനൽകാതെ വെളിപ്പെടുത്തുന്നത് പലരും പറഞ്ഞുപോരുന്നതുപോലെ അച്ചടിയുടെ പിതൃത്വം ഗുട്ടൻബർഗിനോ, അച്ചടിയുടെ പൈതൃകം ജർമ്മനിക്കോ അവകാശപ്പെട്ടതല്ലെന്ന വസ്തുതയാണ്. എന്നാൽ ഗുട്ടൻബർഗിന്റെ 'ലത്തീൻ ഭാഷ ബൈബിൾ' 1456-ൽ പ്രസിദ്ധീകൃതമായതോടെയാണ് വിസ്മയകരമായ ഈ നേട്ടം ലോകത്തെമ്പാടും ജിജ്ഞാസുക്കളുടെ ശ്രദ്ധ ആകർഷിച്ചത്. ഇതിനുശേഷമാണ് ഇറ്റലിയിലും (1465) സ്വിറ്റ്സർലണ്ടിലും (1466) ഫ്രാൻസിലും (1470) ഹംഗറിയിലും (1473) ഇംഗ്ലണ്ടിലും (1476) സ്പെയിനിലും (1483) പോർച്ചുഗലിലും (1495) റഷ്യയിലും (1553) അമേരിക്കയിലും (1640) അച്ചടി തുടങ്ങിയത്.

ജസ്യൂട്ട് പാതിരിമാരുടെ മിഷനറി പ്രവർത്തനങ്ങൾക്ക് ഉത്തേജനം നൽകുന്നതിനായി അവരോടൊപ്പം പോർച്ചുഗീസ് രാജാവു കൊടുത്തുവിട്ട ഒരു അച്ചടിയന്ത്രം 1556-ൽ ഗോവയിൽ സ്ഥാപിക്കുകയുണ്ടായി. ഇന്ത്യയിലെ ആദ്യത്തെ പുസ്തകവും പുസ്തകത്തിന്റെ അച്ചടിയും നിർവ്വഹിക്കപ്പെട്ടത് അവിടെയായിരുന്നു. 'ഡോക്ട്രീന ക്രിസ്തീന' എന്ന

വേദപുസ്തകം ആയിരുന്നു അത്. പക്ഷെ അത് പോർച്ചുഗീസ് ഭാഷയിൽ ആണ്. ഈ പുസ്തകത്തിൻെറ തമിഴ് പരിഭാഷ 1578-ൽ കൊല്ലത്തു സ്ഥാപിച്ച 'ദിവ്യരക്ഷകൻെറ കലാലയം' എന്ന പ്രസ്സിൽനിന്നു പുറത്തുവന്നു. ഇന്ത്യയിൽനിന്നും പ്രസിദ്ധീകരിച്ച ആദ്യത്തെ ഗ്രന്ഥം ഇതാണ്. കേരളത്തിൽ പതിനേഴാം നൂറ്റാണ്ടോടുകൂടിത്തന്നെ ജസ്യൂട്ട് മിഷനറിമാരുടെ ശ്രമഫലമായി പലസ്ഥലത്തും അച്ചുകൂടങ്ങൾ സ്ഥാപിക്കപ്പെട്ടു. 1602-ൽ വൈപ്പിൻകരയിലെ പള്ളംകുളത്തുള്ള ഒരു കോട്ടയിൽ പ്രസ്സ് തുടങ്ങിയെങ്കിലും മൂന്നു കൊല്ലത്തിനുശേഷം അതു കൊടുങ്ങല്ലൂരിലേക്കു മാറ്റി സ്ഥാപിക്കുകയാണുണ്ടായത്. പിന്നീട് 1679-ൽ അമ്പഴക്കാട്ടും 1773-ൽ വരാപ്പുഴയിലും ഓരോ അച്ചുകൂടങ്ങൾ നിലവിൽവന്നു. എന്നാൽ ഇവിടെനിന്നെല്ലാം അച്ചടിച്ചിരുന്നത് തമിഴ്ഭാഷയിൽ ആയിരുന്നു. ഡച്ചു ഗവർണർ ആയിരുന്ന ഹെൻട്രിക്ക് വാൻറീഡിൻെറ കാർമികത്വത്തിൽ ഒരു പണ്ഡിത സംഘത്തിൻെറ ശ്രമഫലമായി വിരചിതമായ ഹോർതൂസ് ഇൻഡിക്കസ് മലബാറിക്കസ് എന്ന ബൃഹത്തായ ഗ്രന്ഥം പന്ത്രണ്ടു വാല്യങ്ങളായി ആറായിരത്തിൽപരം പുറങ്ങളുള്ളതാണ്. ഹോളണ്ടിൻെറ തലസ്ഥാനമായ ആംസ്റ്റർഡാമിൽ നിന്നാണ് 1678-നും 1693-നുമിടയ്ക്ക് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. സസ്യശാസ്ത്ര വിജ്ഞാന കോശമെന്നു വിശേഷിപ്പിക്കാവുന്ന ഈ ഗ്രന്ഥത്തിൻെറ മൂലഭാഷ ലത്തീനാണെങ്കിലും മലയാളം, അറബി, പോർച്ചുഗീസ്, ബ്രാഹ്മണി എന്നീ ഭാഷകൾകൂടി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മലയാളലിപി അച്ചടിയിൽ രൂപം കൊണ്ടത് ഇങ്ങനെയാണ്. 1772-ൽ റോമിൽനിന്ന് ഇറങ്ങിയ 'സംക്ഷേപവേദാർഥം' എന്ന പുസ്തകവും മലയാളലിപിയിലായിരുന്നു. എങ്കിലും 19-ാം നൂറ്റാണ്ടിൻെറ ആരംഭത്തിൽമാത്രം പ്രൊട്ടസ്റ്റൻറു മിഷനറിമാരുടെ വരവോടുകൂടിയാണ് ഇന്ത്യയിൽ മലയാള ലിപി ഉപയോഗിച്ചു തുടങ്ങിയത്. എന്നാൽ തമിഴിലുള്ള വേദപുസ്തകത്തിൻെറ മലയാള പരിഭാഷ ബോംബയിലെ 'കൂറിയർ' പ്രസ്സിൽനിന്നും പ്രസിദ്ധീകരിച്ചതാണ്. ഇന്ത്യയിൽ മലയാളലിപിയിലിറങ്ങുന്ന ആദ്യത്തെ പുസ്തകം. ഇത് 1811-ലായിരുന്നു. മലയാള അച്ചടിയുടെ പിതാവെന്നു വിശേഷിപ്പിച്ചുപോരുന്ന റവറൻറ് ബെഞ്ചമിൻ ബെയിലി 1821-ൽ കോട്ടയത്തു സി. എം. എസ് പ്രസ്സ് സ്ഥാപിച്ചു. ബെയിലിയുടെ സഹായത്തോടുകൂടി തന്നെയാണ് സ്വാതി തിരുനാളിൻെറ ആവശ്യപ്രകാരം 1834-ൽ തിരുവിതാംകൂർ സർക്കാർ അച്ചുകൂടം നിർമിച്ചത്. റവ. ബെയിലിയുടെബൈബിൾ വിവർത്തനവും 'ജ്ഞാനനിക്ഷേപം' മാസികയും മലയാളത്തിലാണു പ്രസിദ്ധീകരിച്ചിരുന്നത്. 1845-ൽ തലശ്ശേരി ഇല്ലിക്കുന്നിൽ, ഹെർമൻ ഗുണ്ടർട്ട് സ്ഥാപിച്ച പ്രസ്സിൽ നിന്നായിരുന്നു വല്ലോ 1847 ജൂണിൽ 'രാജ്യസമാചാര'മെന്ന കേരളത്തിലെ ആദ്യത്തെ വാർത്താപത്രിക പുറത്തിറങ്ങുന്നത്. അവിടെനിന്നു തന്നെ നാലു

[illegible]നിനുശേഷം പ്രസിദ്ധീകരിച്ചുതുടങ്ങിയതാണ് 'പശ്ചിമോദയം' [illegible]യും. ബെയിലിയുടെ സഹായത്തോടുകൂടി തുടങ്ങിയ സർക്കാർ [illegible] പുറമേ കേരളവിലാസം, കേരളോദയം മുദ്രണാലയങ്ങളും തിരു[illegible]പുരത്തു പ്രവർത്തനം നടത്തിയിരുന്നു. 1861-ൽകോഴിക്കോട്ടു [illegible] വിദ്യാവിലാസം പ്രസ്സ്, ബ്രിട്ടീഷ് കൊച്ചിയിലെ സെൻറ് തോമസ്, [illegible]ൽ കുന്നംകുളത്ത് പാറയിൽ ഇട്ടൂപ്പ് തുടങ്ങിയ വിദ്യാരത്നപ്രഭ പ്രസ്സ്, [illegible]ത്ത് 1888-ൽ കണ്ടത്തിൽ വറുഗീസ് മാപ്പിള രൂപീകരിച്ച മനോരമ [illegible]യുടെ മനോരമ പ്രസ്സ് എന്നിങ്ങനെ കേരളത്തിൻെറ നാനാഭാഗങ്ങ[illegible] മുദ്രണാലയങ്ങളും മലയാള പ്രസിദ്ധീകരണങ്ങളും വ്യാപകമായി. [illegible]ൽനിന്നെല്ലാം വാർത്താമാസികകളും പുസ്തകങ്ങളും പീന്നീടു [illegible]കരിക്കുവാൻ തുടങ്ങി.

[illegible]ൽ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ബംഗാൾ, ബീഹാർ [illegible]നങ്ങളിൽ അധികാരം ഉറപ്പിച്ചതിനുശേഷം അവരുടെ വ്യാപാര [illegible]പ്രക്രിയ പ്രബലമാക്കിയ വേളയിൽ ആകുന്നു ഇന്ത്യയിലെ പത്ര[illegible]ത്തനത്തിൻെറ ആരംഭം എന്നു പറയാം. ഇംഗ്ലീഷു കമ്പനിയുമായി [illegible]പ്പെട്ടിരുന്ന ഉദ്യോഗസ്ഥന്മാരെല്ലാംതന്നെ സ്വന്തമായി കച്ചവടവും [illegible]ടപാടുകളും തകൃതിയായി നടത്തുന്ന സന്ദർഭവും ആയിരുന്നു [illegible]. 1765-ൽ ലോർഡ് ക്ലൈവ്, കമ്പനി ഡയറക്ടർമാർക്ക് എഴുതുന്ന [illegible]ൽ കമ്പനി ഉദ്യോഗസ്ഥന്മാരുടെ സ്വകാര്യ സ്ഥാപനത്തെയും [illegible]ദനത്തിനുള്ള ആർത്തിയെയും കാര്യകാരണ സഹിതം വിശദമാ[illegible]ുണ്ട്. "അല്പകാലം കൊണ്ടുതന്നെ വമ്പിച്ച സ്വത്തിൻെറ അധി[illegible]യായി നാട്ടിലേക്കു മടങ്ങി ആർഭാടമായി ജീവിക്കുവാനുള്ള [illegible]ത്താൽ നമ്മുടെ എല്ലാ ജോലിക്കാരും അഴിമതിയും കച്ചവട[illegible]രീതിയും പുലർത്തുന്നവരാണ്." തുടർന്ന് 1784 -ൽ കമ്പനി ഉദ്യോ[illegible]ർ സ്വകാര്യവ്യാപാരം നടത്തുന്നതിനെ ശിക്ഷാർഹമാക്കി. ഇതിനു [illegible]വും കൈക്കൂലിയും അഴിമതിയും സ്വകാര്യ ഇടപാടുകളും നിർ[illegible] നടന്നിരുന്നതായിട്ടാണു കോൺവാലിസ് പ്രഭു കമ്പനി ഡയറക്ടർ[illegible]ർഡിന് എഴുതുന്നത്. ഇത്തരം സാഹചര്യം നിലനിന്നിരുന്നതിനാ[illegible] ഒരു വാർത്താ പത്രികയുടെ ആരംഭത്തെക്കുറിച്ചുള്ള ഭീഷണി [illegible]പ്പോൾ തന്നെ കമ്പനി അധികാരികൾ ആ ഉദ്യമത്തെ തകർത്തത്. [illegible]യിൽനിന്ന് ഒഴിഞ്ഞുപോരേണ്ടിവന്ന വില്യം ബോൾട്ട്സ് ആണ് [illegible]യിൽ നടക്കുന്ന വ്യാപകമായ അഴിമതിയെയും അവയുമായി [illegible] വ്യക്തികളെയുംകുറിച്ച് പൊതുജനങ്ങളുടെ അറിവിനായി [illegible]പ്പെടുത്തുവാൻ പോകുന്നു എന്നു പ്രസ്താവിച്ചത്. താൻ പറയുന്നത്

തെളിയിക്കുവാനുള്ള ആധികാരിക പ്രമാണങ്ങൾ തൻെറ പക്കൽ ഉണ്ടെന്നുകൂടി അദ്ദേഹം വെളിപ്പെടുത്തിയപ്പോൾ പരിഭ്രാന്തരായ ഉദ്യോഗസ്ഥന്മാർ അദ്ദേഹത്തോട് കൽക്കത്തയിൽനിന്ന് ഉടൻ മദ്രാസിലേക്കു പോകുവാൻ ആജ്ഞാപിച്ചു. അവിടംകൊണ്ടും മതിയാകാതെ മദ്രാസിൽ നിന്ന് അദ്ദേഹത്തെ യൂറോപ്പിലേക്കു കപ്പൽ കയറ്റി വിടുകയാണു ചെയ്തത്. പത്രപ്രവർത്തന ചരിത്രത്തിൽ മറ്റൊരിടത്തും നടന്നിട്ടില്ലാത്ത അപൂർവ സംഭവമായിരുന്നു ഇത്. പത്രം തുടങ്ങുന്ന ഭീഷണികൊണ്ടു മാത്രംനാടുകടത്തപ്പെടുന്ന ആദ്യത്തെ രക്തസാക്ഷി. പിന്നീടു പന്ത്രണ്ടു വർഷത്തിനുശേഷമാണ് മറ്റൊരു വീരസാഹസികൻ വാർത്താപത്രികയുടെ ഫലമായി അധികാരികളുടെ പീഡനങ്ങളും അവർ സൃഷ്ടിച്ച കഠിനയാതനകളും അനുഭവിക്കേണ്ടതായി വന്നത്. ഇത് 1780-ലായിരുന്നു.

ആ ജനുവരി 29 -ാം തീയതി ഇന്ത്യയുടെ പ്രഥമ പത്രം 'ബംഗാൾ ഗസറ്റ്' അഥവാ 'കൽക്കത്താ ജനറൽ അഡ്വർടൈസർ' പുറത്തിറങ്ങി. ജയിംസ് അഗസ്റ്റ്സ് ഹിക്കിയായിരുന്നു പത്രത്തിൻെറ പ്രിൻററും പബ്ലീഷറുമെല്ലാം. നാലു പുറങ്ങളുള്ളതായിരുന്നു ആ പത്രം. ഈസ്റ്റ് ഇന്ത്യാ കമ്പനി ഉദ്യോഗസ്ഥരുടെ അഴിമതിയും കുടുംബരഹസ്യങ്ങളും യാതൊരു മറയുമില്ലാതെ പരസ്യപ്പെടുത്തുവാൻ തുടങ്ങി. ഗവർണർ ജനറലിനെപ്പോലും ഒഴിവാക്കിയിരുന്നില്ല. കമ്പനി ഉദ്യോഗസ്ഥരുടെ ചെയ്തികൾ പത്രത്തിലൂടെ നിശിതവിമർശനത്തിന് വിധേയമായി. പൊറുതിമുട്ടിയ കമ്പനി അധികാരികൾ ഹിക്കിയെ അറസ്റ്റു ചെയ്തു ശിക്ഷിച്ചു. 80,000 രൂപ പിഴയൊടുക്കാൻ കഴിയാഞ്ഞതിനാൽ അദ്ദേഹത്തിനു ജയിലിൽ കഴിഞ്ഞുകൂടേണ്ടതായിവന്നു. ആ സമയത്തും കമ്പനിക്കെതിരെ കടുത്ത വിമർശനങ്ങൾ ഒഴിവാക്കാതെതന്നെ ഹിക്കി തൻെറ പത്രപ്രവർത്തനം തുടർന്നു. വിചാരണയ്ക്കുശേഷവും പിഴയുടെ വൻതുകതന്നെ ഹിക്കിയുടെ മേൽ വീണുവെങ്കിലും പത്രപ്രവർത്തനത്തിൽനിന്ന് ഹിക്കി പിന്തിരിഞ്ഞില്ല. സാമ്പത്തിക തകർച്ചയും ദാരിദ്ര്യവും പത്രം നടത്തിക്കൊണ്ടു പോകുവാൻ പറ്റാത്തവിധം രൂക്ഷമായി. അങ്ങനെ ഇന്ത്യയിലെ ആദ്യത്തെ പത്രത്തിൻെറ പ്രസിദ്ധീകരണം നിലച്ചു. ഹിക്കിയെ തുടർന്ന് മെസിങ്ക് ബി. മെസിങ്കും പീറ്റർ റീസ്സും ചേർന്നു 1780-ൽ പ്രസിദ്ധീകരിച്ച പത്രമാണ് 'ഇന്ത്യാഗസറ്റ്'. ഇന്ത്യയിലെ രണ്ടാമത്തെ പത്രമാണിത്. ഇതിനുശേഷം ഗവൺമെൻറിൻെറ സഹായത്താൽ 1784-ൽ 'കൽക്കത്താ ഗസറ്റ്' പ്രസിദ്ധീകരിച്ചു. 1785-ൽ തോമസ് ജോൺസിൻെറ പത്രാധിപത്യത്തിൽ 'ബംഗാൾ ജേർണൽ' എന്നൊരു പത്രവും പ്രസിദ്ധീകരണം ആരംഭിച്ചു. ഇന്ത്യയിൽ ആദ്യമായി പ്രസിദ്ധീകൃതമാവുന്ന മാസിക 'ഓറിയൻറൽ മാസിക' അഥവാ

കൽക്കത്താ അമ്യൂസ്മെൻറ്' ആണ്. 1786-ൽ 'കൽക്കത്താ ക്രോണിക്കിൾ' എന്നൊരു വാരികയും പുറത്തുവന്നു.

കൽക്കത്തയിൽനിന്നു ബോംബയിലേക്കും മദ്രാസിലേക്കും പത്രപ്രവർത്തനം വ്യാപിക്കുന്നത് ഈ സമയത്താണ്. 1785-ൽ 'മദ്രാസ് കൊറിയർ' ആരംഭിച്ചു. പത്തുവർഷങ്ങൾക്കുശേഷമാണ് 'മദ്രാസ് ഗസറ്റ്' പ്രസിദ്ധീകൃതമാവുന്നത്. ഇരുപത്രങ്ങളും ഗവൺമെൻറിന് അനുകൂലമായിട്ടാണു പ്രവർത്തിച്ചിരുന്നത്. സർക്കാരിൻെറ അനുവാദം വാങ്ങാതെ ഹംഫ്രി എന്നൊരാൾ 'ഇന്ത്യാ ഹെറാൾഡ്' പത്രം ആരംഭിച്ചതും ഈ അവസരത്തിലാണ്. സർക്കാരിനും വെയിൽസ് രാജകുമാരനും എതിരായി വാർത്തകൾ തയ്യാറാക്കി എന്ന കുറ്റം ചുമത്തി 'ഹെറാൾഡ്' പത്രാധിപരെ ഇംഗ്ലണ്ടിലേക്കു നാടുകടത്തി. ഈ സമയത്താണു 1795 - ൽ സെൻസർഷിപ്പ് നിയമം മദ്രാസിൽ നിലവിൽ വരുന്നത്. ഗവൺമെൻറിനെ സംബന്ധിക്കുന്ന വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് മിലിട്ടറി സെക്രട്ടറിയുടെ അനുവാദം വാങ്ങണം എന്നായിരുന്നു സെൻസർഷിപ്പിൻെറ ഉദ്ദേശ്യം. 1789 ൽ പ്രസിദ്ധീകരണം ആരംഭിച്ച 'ബോംബെ ഹെറാൾഡ്' ആണ് ബോംബെയുടെ പ്രഥമപത്രം. രണ്ടാമത്തെ പത്രമായ 'കൊറിയർ' 1790-ൽ പ്രസിദ്ധീകരിച്ചു. ഇത്രയും കാലം വിദേശീയരുടെ കുത്തകയായിരുന്ന ഈ രംഗത്ത് ഒരു ഇന്ത്യാക്കാരൻ പ്രവേശിക്കുന്നത് ഈ സമയത്താണ്. രാജാറാം മോഹൻറോയിയുടെ ആത്മീയ സമാജത്തിലെ അംഗമായിരുന്ന ഗംഗാധർ ഭട്ടാചാർജിയായിരുന്നു ബംഗാൾ ഗസറ്റിൻെറ പത്രാധിപർ 1816 ലാണു 'ബംഗാൾ ഗസറ്റ്' പ്രസിദ്ധപ്പെടുത്തുന്നത്. ഇതാണ് ഇന്ത്യയുടെ പ്രഥമ ഭാഷാ പത്രം.

ക്രിസ്തുമത പ്രചാരണാർത്ഥം മിഷനറിമാർ പത്രപ്രവർത്തനരംഗത്തു കടന്നു വന്നതും ഇക്കാലത്താണ്. 1818-ൽ 'ദിഗ് ദർശൻ' എന്നൊരു ബംഗാളി മാസിക ഇവർ ആരംഭിച്ചു. ജോൺ ക്ലാർക്ക് മാഷ്മാനും വാർഡും ചേർന്നാരംഭിച്ച മാസികയാണ് ഇത്. തുടർന്ന് 'സമാചാർ ദർപ്പൺ' എന്നൊരു ബംഗാളി മാസികയും 'ഫ്രൻറ്സ് ഓഫ് ഇന്ത്യ' എന്നൊരു ഇംഗ്ലീഷ് മാസികയും ഇവർ പ്രസിദ്ധപ്പെടുത്തി.

സാമൂഹ്യ നവോത്ഥാന രംഗത്തെപ്പോലെ പത്രപ്രവർത്തനവേദിയിലും പ്രാധാന്യവത്തായ സേവനം അർപ്പിച്ച മഹാനാണു രാജാറാം മോഹൻ റോയ്. സമൂഹത്തിൽ ആണ്ടിറങ്ങിയിരുന്ന അന്ധവിശ്വാസ അനാചാരങ്ങളെ ഉന്മൂലനം ചെയ്യുവാനും മതാനുഷ്ഠാനങ്ങളായി ശീലിച്ചുപോന്നിരുന്ന സതി തുടങ്ങിയ മനുഷ്യത്വഹീനമായ പ്രവൃത്തികളെ എതിർക്കുവാനുമായിട്ട് വളർത്തിക്കൊണ്ടുവന്ന ബ്രഹ്മസമാജത്തിൻെറ നേതൃത്വം

രാജാറാം മോഹൻറോയിലൂടെ നടത്തിയിട്ടുള്ള സാമൂഹ്യപരിഷ്ക്കാരം നിസ്തുലമായിരുന്നു. ജാതിസമ്പ്രദായത്തെയും ബഹുദൈവ ആരാധനയെയും ശൈശവവിവാഹത്തെയും എതിർത്ത അദ്ദേഹം വിധവാ വിവാഹത്തിനുവേണ്ടി ശക്തിയായി വാദിക്കുകയും ചെയ്തു. യാഥാസ്ഥിതികരുടെ കഠിനമായ എതിർപ്പിനെ നേരിടേണ്ടതുള്ളതിനാൽ തൻെറ ആശയങ്ങൾ ബലവത്തായി പ്രചരിപ്പിക്കുന്നതിന് ഒരു പത്രം വേണമെന്നു വന്നപ്പോഴാണ് നവോത്ഥാന നായകനായ രാജാറാം മോഹൻറോയ് പത്ര പ്രവർത്തനം ആരംഭിക്കുന്നത്. അദ്ദേഹത്തിൻെറ 'സംബാദ് കൗമുദി' ബംഗാളിയിലും 'മിറാത്ത് - ഉൽ - അക്ബർ' (വാർത്താ ദർപ്പൺ) പാർസിയിലും ആണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. സാമൂഹ്യ മനസാക്ഷിയെ അനാചാരങ്ങൾക്കെതിരായി തട്ടിയുണർത്തുക എന്നതും ബ്രിട്ടീഷ് ഭരണത്തിൻെറ കോട്ടങ്ങളെയും കുറവുകളേയും എടുത്തു കാണിക്കുക എന്നതും ഈ പത്രങ്ങളുടെ പ്രധാനലക്ഷ്യമായിരുന്നു. ക്രൈസ്തവ മിഷനറിമാർ മറ്റു മതങ്ങൾക്കെതിരായി നടത്തുന്ന ദുഷ്പ്രചരണങ്ങളെ എതിർക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് ബ്രാഹ്മണിക്കൽ മാഗസിൻ എന്നൊരു പത്രത്തിന് അദ്ദേഹം ജന്മം നല്കിയത്. ആദ്യകാല പത്രങ്ങളുടെ ചരിത്രത്തിൽ രാജാ റാം മോഹൻ റോയ്ക്കും അദ്ദേഹത്തിൻെറ മാസികകൾക്കും ഉത്കൃഷ്ടമായ സ്ഥാനമാണുള്ളത്.

ഈ രംഗത്ത് അവിസ്മരണീയമായ നേട്ടങ്ങൾ കാഴ്ചവച്ച രണ്ട് പത്രങ്ങളാണു 'അമൃത ബസാർ പത്രിക'യും 'ദി ഹിന്ദു'വും. 1868-ൽ 'അമൃത ബസാർ' പത്രിക ആരംഭിക്കുന്നത് മുപ്പത്തിരണ്ടു രൂപ മൂലധനത്തോടു കൂടിയാണ്. ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ ശ്വാസംമുട്ടി കഴിഞ്ഞു കൂടിയിരുന്ന ദേശസ്നേഹികൾക്ക് ആശ്വാസവും ആവേശവും നല്കുവാൻ ഉദ്ദേശിച്ചുള്ളതായിരുന്നു 'അമൃത ബസാർ പത്രിക'. ഇതിൻെറ പ്രചാരണം വർദ്ധിച്ചതോടുകൂടി പത്രത്തെ കൂച്ചുചങ്ങലയ്ക്കിടുന്നതിനായി 1869-ൽ വെർനാകുലർ പ്രസ്സ് ആക്ട് നടപ്പിൽ വരുത്തി. എന്നാൽ ഇതു മുൻകൂട്ടി അറിഞ്ഞിരുന്നതിനാൽ ബംഗാളിയിൽ പ്രസിദ്ധീകരിച്ചിരുന്ന 'അമൃതബസാർ പത്രിക' വെർനാകുലർ പ്രസ് ആക്ടിൻെറ പരിധിയിൽ പെടാതിരിക്കുവാൻവേണ്ടി പിന്നീട് ഇംഗ്ലീഷിലാണു പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നത്. ആദർശനിഷ്ഠവും ധീരോദാത്തവുമായ ഇത്തരം പ്രവർത്തനങ്ങൾകൊണ്ട് ദേശീയ പ്രസ്ഥാനത്തിന് ഉണർവും ഉഷാറും നല്കി, 'അമൃത ബസാർ പത്രിക'. ഇതേ ആശയവും ലക്ഷ്യവും മുൻനിർത്തി ആരംഭിച്ച മറ്റൊരു പത്രമാണ് 1878-ൽ പുറത്തുവന്ന 'ദി ഹിന്ദു'. കടം വാങ്ങിയ ഒന്നേമുക്കാൽ രൂപകൊണ്ട് എൺപതു കോപ്പികൾ അച്ചടിച്ചാണ് ജി. സുബ്രഹ്മണ്യ അയ്യരും സുഹൃത്തുക്കളും ഈ വലിയ

വനവാസത്തിനൊരുങ്ങിയത്. ഇന്ത്യയുടെ സ്വാതന്ത്ര്യസമ്പാദനത്തിനു വേണ്ടിയുള്ള നിസ്വാർത്ഥ സേവനങ്ങൾക്ക് കലവറയില്ലാതെ പിന്തുണ നൽകിയിരുന്ന ദേശീയ പത്രമായി അതുവളർന്നത് പത്രലോകത്തെ വലിയ സംഭവമായി ഓർമ്മിക്കേണ്ടതാണ്.

19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമായി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നും പ്രസിദ്ധീകരിച്ചിരിക്കുന്ന വർത്തമാന മാസികകൾ നിരവധിയുണ്ട്.

### രാജ്യസമാചാരം

കേരളത്തിൽ പത്രപ്രവർത്തനം ആരംഭിക്കുന്നത് ക്രിസ്ത്യൻമിഷനറിമാരുടെ പ്രയത്നഫലമായിട്ടാണെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. 1845 ൽ ഭാഷാ പണ്ഡിതനും മിഷനറിയുമായ ഡോ. ഹെർമൻ ഗുണ്ടർട്ട് തലശ്ശേരി ഇല്ലിക്കുന്നിൽ സ്ഥാപിച്ച ലിത്തോ പ്രസ്സിൽനിന്നുമാണ് 'രാജ്യസമാചാരം' എന്ന മലയാളത്തിലെ പ്രഥമ ആനുകാലികം 1847-ൽ പ്രസിദ്ധീകരിച്ചത്. ക്രൈസ്തവ മതപ്രചാരണമായിരുന്നു 'രാജ്യസമാചാര'ത്തിന്റെ ഉദ്ദേശ്യം. കല്ലച്ചു പ്രസ്സിൽനിന്നാണ് ആറു പുറങ്ങളുമായി മലയാളത്തിലെ ആദ്യത്തെ ഈ ആനുകാലികം പുറത്തു വരുന്നത്. ഡോ. ഗുണ്ടർട്ടിന്റെ നേതൃത്വത്തിൽ ഉണ്ടായിരുന്ന നെട്ടൂരിലെ ബാസൽമിഷൻ സംഘക്കാരാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചിരുന്നത്. 'രാജ്യസമാചാര'ത്തിന്റെ ഉള്ളടക്കത്തെ നിരൂപിക്കുന്ന ആദ്യലക്കത്തിൽ ഇങ്ങനെ കാണാം. "...........ഓരോരോ രാജ്യങ്ങളിൽ അന്നന്നുണ്ടാകും വിശേഷങ്ങളെ ബോധിപ്പിക്കുന്നത് ഞങ്ങളുടെ അഭിപ്രായമല്ല മലയാള രാജ്യത്തിലെ പുതുമകളെ അറിയിപ്പാൻ പോകുന്നു എന്നു വിചാരിക്കേണ്ടതുമില്ല." നാട്ടു വിശേഷങ്ങളോ വാർത്താ പ്രാധാന്യമുള്ള മറ്റു ലൗകിക കാര്യങ്ങളോ അല്ല 'രാജ്യസമാചാരം' കൊണ്ട് ഉദ്ദേശിക്കുന്നത് എന്ന തുറന്ന പ്രസ്താവനയിൽനിന്നും ഈ ആനുകാലികത്തിന്റെ ആവശ്യം സ്വർഗ്ഗരാജ്യത്തെപ്പറ്റിയും ക്രിസ്തു ദേവനെക്കുറിച്ചും ആണെന്നു വ്യക്തം. "പ്രജകളുടെ സന്തോഷത്തിനും ആയി അറിയിക്കുന്നത് നന്നെന്ന് ഞങ്ങൾക്ക് തോന്നിയിരിക്കുന്നു. ദൈവാനുഗ്രഹം ഉണ്ടാവൂതാക!" പല സ്ഥലങ്ങളിൽ നടന്നുകൊണ്ടിരുന്ന മിഷനറി പ്രവർത്തനങ്ങളെക്കുറിച്ചുള്ള കത്തുകളും മതംമാറ്റം നടത്തിയവരുടെ അനുഭവങ്ങളെ ആസ്പദിച്ചുള്ള വിവരണങ്ങളും മിക്കവാറും എല്ലാ ലക്കങ്ങളിലും കാണാവുന്നതാണ്. 'രാജ്യസമാചാര'ത്തിന്റെ 42 ലക്കങ്ങൾ മാത്രമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. 1847-ജൂണിൽ തുടങ്ങിയ ഈ ആനുകാലികം 1850 ഡിസംബറിൽ പ്രസിദ്ധീകരണം നിലച്ചതായിട്ടാണു കാണുന്നത്.

## പശ്ചിമോദയം

നെട്ടൂർ ബാസൽമിഷൻ പ്രസ്സിൽനിന്ന് ഡോ. ഗുണ്ടർട്ടിന്റെ രക്ഷാകർതൃത്വത്തിൻകീഴിൽ തന്നെ പ്രസിദ്ധീകരണം ആരംഭിച്ച 'പശ്ചിമോദയം' ആണ് കേരളത്തിലെ രണ്ടാമത്തെ പത്രമാസിക. കെട്ടിലും മട്ടിലും 'രാജ്യസമാചാര'ത്തോട് സാമ്യപ്പെടുത്താം എന്നല്ലാതെ ഉള്ളടക്കത്തിൽ തീർത്തും വ്യത്യാസം പുലർത്തിയ മാസികയാണു 1847 ഒക്ടോബറിൽ ആരംഭിച്ച പശ്ചിമോദയം. ചരിത്രത്തെയും ശാസ്ത്രവിഷയങ്ങളെയും പുരസ്ക്കരിച്ച് വായനക്കാർക്ക് അല്പമായെങ്കിലും പരിജ്ഞാനം നല്കുകയെന്നതായിരുന്നു 'പശ്ചിമോദയ'ത്തിന്റെ ഉന്നം. ഇംഗ്ലണ്ടിലും മറ്റു യൂറോപ്യൻ രാജ്യങ്ങളിലും വികസിച്ചുകൊണ്ടിരുന്ന ശാസ്ത്രപരിജ്ഞാനം മലയാളി വായനക്കാർക്ക് എത്തിച്ചുകൊടുക്കുക എന്ന ധർമമാണ് 'പശ്ചിമോദയം' നടത്തുവാൻ ശ്രമിച്ചിട്ടുള്ളത്. സൂര്യൻ, ചന്ദ്രൻ, ഗോളങ്ങൾ തുടങ്ങിയവയെക്കുറിച്ച് സാധാരണക്കാർക്കുണ്ടായിരുന്ന സങ്കൽപങ്ങളെ ശാസ്ത്രീയ വെളിച്ചംകൊണ്ടു തിരുത്തുകയും ജ്യോതിശാസ്ത്രത്തിന്റെ നേട്ടങ്ങളെ വിശകലനം നടത്തുകയും ചെയ്തുകൊണ്ടിരുന്ന 'പശ്ചിമോദയം'ഒരർത്ഥത്തിൽ മലയാളത്തിലെ ആദ്യത്തെ ശാസ്ത്രമാസികയാണെന്ന് പറയുന്നതിൽ അപാകതയില്ല. കേരള ചരിത്രത്തിൽ പോർച്ചുഗീസ് ആഗമനം മുതലുള്ള വിവരണമായ കേരള പഴമ പ്രകാശിതമായതും 'പശ്ചിമോദയ'ത്തിലൂടെയാണ്.

## ജ്ഞാന നിക്ഷേപം

മലയാള ഭാഷയുടെ വളർച്ചയ്ക്കും ക്രൈസ്തവ മിഷനറി പ്രവർത്തനങ്ങളുടെ വ്യാപനത്തിനുമായി ഗുണ്ടർട്ടിനേപ്പോലെതന്നെ അക്ഷീണം യത്നിച്ച മറ്റൊരു മഹാശയനാണു റവ. ബെഞ്ചമിൻ ബെയിലി. അദ്ദേഹം കോട്ടയത്തു സ്ഥാപിച്ച സി. എം. എസ്സ്. പ്രസും (ചർച്ച് മിഷൻ സഭ) പ്രസിദ്ധീകരിച്ച 'ജ്ഞാനനിക്ഷേപം', 'വിദ്യാസംഗ്രഹം' എന്നിവയും ഭാഷാ വളർച്ചക്കു ഏറെ സഹായിച്ച ആദ്യകാല സ്ഥാപനങ്ങളാണ്. 'ജ്ഞാന നിക്ഷേപം' മലയാളത്തിൽ മൂന്നാമത്തെ മാസികയാണെങ്കിലും പല സവിശേഷതകളും ഇതിനുണ്ട്. 1848 നവംബറിൽ ആണ് പ്രഥമലക്കം പുറത്തിറങ്ങുന്നത്. ആദ്യകാല പത്രങ്ങളിൽ വലിയ മുടക്കം കൂടാതെ അടുത്തകാലം വരെ പ്രസിദ്ധീകരിക്കപ്പെട്ടിരുന്ന ഒന്നാണ് ജ്ഞാനനിക്ഷേപം. മറ്റൊരു പ്രത്യേകത 'ജ്ഞാനനിക്ഷേപം' കല്ലച്ചിനുശേഷം പെറുക്കി വയ്ക്കാവുന്ന മലയാള അക്ഷരങ്ങൾ ഉപയോഗിച്ച് അച്ചടിച്ച ആദ്യത്തെ മാസികയാണ് എന്നതാണ്. സംവിധാനത്തിലും കെട്ടിലും മട്ടിലും 'ജ്ഞാനനിക്ഷേപം' പുതുമ സൃഷ്ടിക്കുകയും ചെയ്തു. ആദ്യ

പുറംതാളുകളിൽ ഒരറ്റത്ത് ലക്കവും നമ്പറും മറ്റേഅറ്റത്ത് വിലയും കാണിച്ചുകൊണ്ട് ചുവടെ മധ്യത്തിൽ 'ദി ട്രഷറി ഓഫ് നോളജ്' എന്ന് ഇംഗ്ലീഷിലും 'ജ്ഞാനനിക്ഷേപം' എന്ന് മലയാളത്തിലും അച്ചടിച്ചിരുന്നു. അതിനു താഴെയായി ഉള്ളടക്കവും പ്രസിദ്ധീകരണ വർഷവും മാസവും തീയതിയും മുദ്രണം ചെയ്തിരുന്നു. ഉള്ളടക്കം എന്നതിന് അന്ന് ഉപയോഗിച്ചിരുന്നത് 'സംഗതി വിവരണങ്ങൾ' എന്നാണ്.

## വിദ്യാസംഗ്രഹം

റവ. ബെയിലിയുടെ പ്രസ്സിൽനിന്ന് 1864 ജൂലൈയിൽ പ്രസാധനം തുടങ്ങിയ ത്രൈമാസികയാണു 'വിദ്യാസംഗ്രഹം'. കേരളീയനായ ഒരാളുടെ പങ്കാളിത്തത്തോടെ ആദ്യമായി പുറത്തിറക്കുന്ന പ്രസിദ്ധീകരണമാണിത്. കോട്ടയം കോളജ് ക്വാർട്ടർലി മാഗസിൻ എന്ന് ഇംഗ്ലീഷിൽ നാമകരണം ചെയ്തുകൊണ്ടുമുള്ള 'വിദ്യാസംഗ്രഹം' ആദ്യത്തെ വിദ്യാഭ്യാസ പ്രസിദ്ധീകരണം കൂടിയാവുന്നു. വളരെ കുറച്ചുകാലമേ ഈ പ്രസിദ്ധീകരണം ഉണ്ടായിരുന്നുള്ളൂ എങ്കിലും ഭാഷയ്ക്കും വിദ്യാഭ്യാസ വിഷയങ്ങൾക്കും മഹത്തായ സംഭാവന നൽകുവാൻ ഇതിനു സാധിച്ചിട്ടുണ്ട്. വൈദിക വിഷയങ്ങൾ, ജീവചരിത്രം, ചരിത്രം എന്നിവക്ക് ഊന്നൽ കൊടുത്തിരുന്നതിനു പുറമെ സംസ്കൃത സാഹിത്യപരിചയം നടത്തുവാൻകൂടി ഈ ത്രൈമാസികത്തിലൂടെ ശ്രമം നടത്തിയതായി കാണാം.

## പശ്ചിമതാരക

1862-ൽ ബ്രിട്ടീഷ് കൊച്ചിയിൽ വാക്കർ സായിപ്പും, ദേവ്ജി ഭീമ്ജിയും, ചാത്യൻ റൈറ്ററും ചേർന്ന് സ്ഥാപിച്ച പ്രസ്സായിരുന്നു 'വെസ്റ്റേൺ സ്റ്റാർ'. ഒരു യൂറോപ്യനും രണ്ട് ഇന്ത്യാക്കാരും കൂട്ടായി നടത്തിയ ഈ സംരംഭം കേരളത്തിലുള്ള ആദ്യത്തെ പ്രവർത്തനമായിരുന്നു. പ്രസ്സിന്റെ പേരുതന്നെ സ്വീകരിച്ചുകൊണ്ട് ഇംഗ്ലീഷിൽ പ്രസാധനം ചെയ്ത മാസികയാണ് 'വെസ്റ്റേൺ സ്റ്റാർ'. കേരളത്തിലെ ആദ്യത്തെ വാർത്താമാസികയായിരുന്നു അത്. അക്കാലത്തെ തിരുവിതാംകൂർ ഭരണത്തെ വിമർശിക്കുവാൻ ധൈര്യം കാട്ടിയ ആദ്യത്തെ മാസികയും ഇതുതന്നെ. അന്ന് കോളജ് വിദ്യാർത്ഥിയായിരുന്ന ജി. പരമേശ്വരൻപിള്ള ഫ്രീ കോർസയർ എന്ന തൂലികാനാമത്തിൽ എഴുതിക്കൊണ്ടിരുന്ന വാർത്താ ലേഖനങ്ങൾ തിരുവിതാംകൂർ ഭരണാധികാരികളുടെ ശിക്ഷാനടപടികൾക്ക് വിധേയനാക്കി ജി. പി. യെയും സഹപാഠികളേയും കോളജിൽനിന്നും നിർബന്ധ വിടുതൽ സർട്ടിഫിക്കറ്റ് നൽകി തിരുവിതാംകൂറിൽനിന്നും ദേശഭ്രഷ്ടരായി പറഞ്ഞയക്കുകയാണു ചെയ്തത്. ഈ നാട്ടുരാജ്യത്ത് അഭിപ്രായ സ്വാതന്ത്ര്യത്തിനും പത്രപ്രവർത്തനത്തിനും എതിരെയുള്ള ആദ്യ

നടപടി. ഈ പ്രസ്സിൽനിന്നും കല്ലൂർ ഉമ്മൻ ഫിലിപ്പോസ് പത്രാധിപരായി 1865-ൽ പുറത്തിറക്കിയ 'പശ്ചിമതാരക'യാണ് ക്രൈസ്തവ വൈദികനല്ലാതെ ഒരു മലയാളി ആരംഭിക്കുന്ന ആദ്യത്തെ മാസിക. ഉദ്യോഗസ്ഥരുടെ കൈക്കൂലിയും സ്വജന പക്ഷപാതവും ഭയലേശമെന്യേ പുറത്തുകൊണ്ടുവരുവാൻ ശ്രമിച്ച 'പശ്ചിമ താരക' അഴിമതിക്കാരായ ഉദ്യോഗസ്ഥർക്ക് പേടി സ്വപ്നമായിരുന്നു. നാട്ടുവർത്തമാനങ്ങൾ, ഭരണകാര്യങ്ങൾ തുടങ്ങിയ സ്ഥിരം പംക്തികൾക്കു പുറമേ സാഹിത്യസംവാദങ്ങളും ഗ്രന്ഥനിരൂപണങ്ങളും ഇതിൽ പതിവായി പ്രസിദ്ധീകരിച്ചിരുന്നു.

മിഷനറികളുടേതല്ലാത്ത മറ്റൊരു മാസികയായിരുന്നു 1870-ൽ കൊച്ചിയിൽനിന്നു പ്രസിദ്ധീകരിച്ച 'കേരളപതാക'. കൊച്ചി അമരാവതിയിലെ മംഗലത്തു കുഞ്ഞുണ്ണി ആശാനായിരുന്നു പത്രാധിപർ. 1878 ആയപ്പോഴേക്കും 'പശ്ചിമതാരക'യും'കേരളപതാക'യും സംയോജിപ്പിച്ച് 'പശ്ചിമ താരക കേരള പതാക' എന്ന പേരിൽ പുറത്തിറങ്ങി. Western Standard and Malabar Standard എന്നായിരുന്നു അതിന് ഇംഗ്ലീഷിൽ കൊടുത്തിരുന്ന പേര്. കുറച്ചുകാലമേ ഇങ്ങനെ നടത്തുവാൻ സാധിച്ചുള്ളൂ. പിന്നീട് കേരളപതാക നിർത്തലാക്കുകയും പശ്ചിമതാരക മാത്രമായി തുടരുകയും ചെയ്തു. തിരുവിതാംകൂറിലെ പ്രധാന പട്ടണങ്ങളിൽ നിന്നെല്ലാം തന്നെ നാട്ടുവിശേഷങ്ങളും ഭരണവിമർശനങ്ങളും അടങ്ങുന്ന വാർത്തകളയയ്ക്കുവാൻ എഴുത്തുകാർ അണിനിരന്നിരുന്നു. ഔദ്യോഗിക തലങ്ങളിൽ നടമാടിയിരുന്ന എല്ലാത്തരം അഴിമതികളെയും തുറന്നു വിമർശിച്ചിരുന്നതിനാൽ ഈ പത്രം ഉദ്യോഗസ്ഥവൃന്ദത്തെ സംഭീതരാക്കി. രാഷ്ട്രീയ ഭരണ ചർച്ചകൾക്കു പുറമേ മത സാമുദായിക സംവാദവും ഇവർ നടത്തിയിരുന്നു.

### കേരളം

പ്രൊട്ടസ്റ്റൻറു മിഷനറിമാരായിരുന്നുവല്ലോ കേരളത്തിലെ ആദ്യകാല പത്രമാസികകളുടെ ഉപജ്ഞാതാക്കൾ. അവർ മറ്റു മതങ്ങളേയും സ്ഥാപനങ്ങളെയും വിമർശിച്ചിരുന്നതിനു പുറമെ ക്രിസ്തുമതത്തിലെ ഇതര വിഭാഗങ്ങളെയും വെറുതെവിട്ടിരുന്നില്ല. കത്തോലിക്കാ സഭയോട് ഇവർ നിരന്തരം നടത്തിയിരുന്ന കടന്നാക്രമണങ്ങളെ പ്രതിരോധിക്കുവാൻ വേണ്ടിയാണ് കത്തോലിക്കാ സഭയിൽനിന്ന് ഇക്കാലത്ത് പല പത്രങ്ങളും പുറത്തു വന്നത്. കത്തോലിക്കരെ ആക്ഷേപിക്കുന്നതിന് തക്കതായ മറുപടി നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി കൊച്ചിയിലെ മട്ടാഞ്ചേരിയിൽനിന്ന് ആരംഭിച്ചതാണ് 'കേരളം' എന്ന മാസിക. അത് 1866-ലായിരുന്നു. അന്തോണി അണ്ണാവി സ്വന്തമായി മരത്തിൻമേൽ കൊത്തിയുണ്ടാക്കിയ അക്ഷരങ്ങളും മരം കൊണ്ടുതന്നെയുണ്ടാക്കിയ പ്രസ്സുമാണ് തന്റെ

മാസികയ്ക്ക് ഉപയോഗപ്പെടുത്തിയത്. ഫുൾസ്കാപ്പ് വലിപ്പത്തിൽ പുറത്തിറക്കിയിരുന്ന ഈ മാസികയ്ക്ക് അധികകാലം പിടിച്ചു നിൽക്കാൻ കഴിഞ്ഞില്ല. ഒരു വയസ്സ് തികയുന്നതിനു മുൻപുതന്നെ അത് തിരോധാനം ചെയ്യുകയാണുണ്ടായത്.

## സന്ദിഷ്ടവാദി

കോട്ടയം സി. എം. എസ്സ്. പ്രസ്സിൽനിന്ന് 1867-ൽ 'ട്രാവൻകൂർ ഹെറാൾഡ്' എന്ന ഇംഗ്ലീഷ് മാസികയും അതിൻെറ അനുബന്ധമായി 'സന്ദിഷ്ടവാദി' എന്നൊരു മലയാള മാസികയും പ്രസിദ്ധീകരിച്ചിരുന്നു. ഡബ്ല്യു. എച്ച്. മൂർ ആയിരുന്നു പത്രാധിപർ. 'പശ്ചിമതാരക'യെപോലെ ഭരണവൈകല്യങ്ങളെ വിമർശിക്കുവാനും ഭരണാധിപന്മാരുടെ അനീതികൾക്കെതിരെ ശബ്ദമുയർത്തുവാനും 'സന്ദിഷ്ടവാദി'യും ചങ്കൂറ്റം കാട്ടിയിരുന്നു. ദിവാൻ മാധവരായരുടെ വിദ്യാഭ്യാസനയത്തെ രൂക്ഷമായി വിമർശിച്ചത് ഈ മാസികയുടെ നിലനില്പിനെത്തന്നെ ബാധിച്ചു. കേരള പത്രപ്രവർത്തന ചരിത്രത്തിൽ അധികാരികളുടെ കരാളഹസ്തം കഴുത്തു ഞെരിക്കിക്കൊന്ന വാർത്താമാധ്യമം 'സന്ദിഷ്ടവാദി'യാണ് എന്നതിനാൽ ഇത് പ്രത്യേകം ഓർമ്മിക്കേണ്ടതാണ്.

## കേരളോപകാരി

1847-ൽ 'രാജ്യസമാചാരം' പ്രസിദ്ധീകരിച്ചതിനുശേഷം മലബാറിൽ നിന്ന് ഇത്തരം മറ്റൊരു സംരംഭം നടക്കുന്നത് 1874-ൽ 'കേരളോപകാരി' യിലൂടെ മാത്രമാണ്. ഇതു മംഗലാപുരത്തുള്ള ബാസൽ മിഷൻ അച്ചുകൂടത്തിൽനിന്നാണെന്നു കരുതപ്പെടുന്നു. ഇതിൻെറ പിന്നിൽ സജീവമായി പ്രവർത്തിച്ചിരുന്നത് ഇന്ത്യാക്കാരനായ ലോറൻസ് പുത്തൂർ എന്ന പണ്ഡിതനാണ്. ബൈബിൾ പാഠങ്ങളും അവയുടെ അന്തർധാരകളും മനുഷ്യനന്മക്കായി പ്രചരിപ്പിക്കുകയും ചെയ്ത ഈ മാസികയിൽ സമൂഹത്തിൽ സദാചാര സന്മാർഗ നിഷ്ഠകൾ പ്രബലത്താകുംവിധം സാരോപദേശകഥകളും പ്രബന്ധങ്ങളും സ്ഥലം പിടിച്ചിരുന്നു. പഴഞ്ചൊല്ലുകളുടെ അർത്ഥവ്യാപ്തി കൂലംകഷമായി ചർച്ച ചെയ്തിരുന്ന ഒരു പ്രസിദ്ധീകരണമായിരുന്നു ഇത്. തവിട്ടു നിറത്തിലുള്ള കടലാസിൽ ബാസൽ മിഷനിൽനിന്നും ഭംഗിയായി അടിച്ചിറക്കിയതായിരുന്നു ഈ പത്രമാസിക.

## സത്യനാദ കാഹളം

കത്തോലിക്കാ സഭയെ ആരോപണമുക്തമാക്കുന്നതിനും സഭയുടെ യശസ്സ് നിലനിർത്തുന്നതിനുംവേണ്ടി കൂനമ്മാവിലെ അച്ചുകൂടത്തിൽ നിന്ന് 1876-ൽ തുടങ്ങിയ മാസികയാണു 'സത്യനാദ കാഹളം'. മൂന്നു

വർഷത്തിനുശേഷം ഇതിൻെറ ആസ്ഥാനം വരാപ്പുഴയിലേക്കു മാറ്റിയിരുന്നു. ഏകദേശം കാൽ നൂറ്റാണ്ടു കഴിഞ്ഞ് വരാപ്പുഴയിൽനിന്നു എറണാകുളത്തേക്കു മാറ്റി, അതിൻെറ പ്രസിദ്ധീകരണം. തുടർന്ന് 1926-ൽ 'സത്യനാദ കാഹളം' എന്ന പേരിലെ കാഹളം ഉപേക്ഷിച്ച് പേര് 'സത്യനാദം' എന്നാക്കി. അതുവരെ മാസികയായിരുന്നത് വാരികയാക്കുകയും ചെയ്തു. 1970 മുതൽ എറണാകുളത്തുനിന്നും അടുത്തിടവരെ പ്രസിദ്ധീകരിച്ചിരുന്ന 'കേരളാടൈംസി'ൻെറ ഞായറാഴ്ചപ്പതിപ്പായിരുന്നു ഇത്. ഇത്രയും കാലം മുടക്കമില്ലാതെ പ്രകാശിതമായിട്ടുള്ള വേറൊരു പത്രം കേരളത്തിലില്ല. മാത്രമല്ല കാത്തോലിക്കാ മതസംരക്ഷണം ആയിരുന്നു പ്രധാന ലക്ഷ്യമെങ്കിലും കേരളീയരെ മുഴുവൻ ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു ഈ പത്രത്തിൻെറ സംവിധാനം.

### കേരളമിത്രം

കേരളത്തിൻെറ ആദ്യത്തെ വർത്തമാന പത്രികയെന്നു പത്രപ്രവർത്തന ചരിത്രത്തെക്കുറിച്ച് എഴുതിയിട്ടുള്ളവർ എല്ലാംതന്നെ വിശേഷിപ്പിച്ചു പോരുന്ന കേരളമിത്രം 1881 ജനുവരി ഒന്നാം തീയതിയാണ് നിലവിൽ വന്നത്. എന്നാൽ അതിനു മുമ്പ് വേറെയും ചില പത്രികകൾ പ്രസിദ്ധീകരിച്ചിരുന്നതായി കാണുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ. 'കേരളദീപകം', 'മലയാളമിത്രം', 'തിരുവിതാംകൂർ അഭിമാനി' എന്നിവയാണ്. കൊച്ചിയിൽനിന്നും പ്രസിദ്ധീകരിച്ച കേരളദീപകം ആയിരിക്കാം മുസ്ലീംകൾ ഈ വേദിയിൽ നടത്തിയ ആദ്യസംരംഭം. ഇത് 1878-ൽ ആയിരുന്നു. പത്രത്തിൻെറ ഉടമസ്ഥൻ കാതൃസാഹാജിയായിരുന്നു. 'മലയാളമിത്രം' കോട്ടയത്തുനിന്നാണ് പ്രസിദ്ധീകരിച്ചിരുന്നത്. 'തിരുവിതാംകൂർ അഭിമാനി'യാകട്ടെ നാഗർകോവിൽനിന്നും. ഇവ രണ്ടും 1878-ൽ തന്നെയാണ് പ്രസാധനം ചെയ്യപ്പെട്ടത്. തിരുവനന്തപുരത്തുള്ള കേരളവിലാസം പ്രസ്സിൽനിന്ന് അച്ചടിച്ചു പ്രസിദ്ധീകരിച്ചിരുന്ന പത്രികയാണു 'കേരളചന്ദ്രിക'. 1879-ൽ ആരംഭിച്ച ഇതിൻെറ പത്രാധിപർ പി. ഗോവിന്ദപ്പിള്ളയായിരുന്നു. നല്ലൊരു തുടക്കമാണു നടത്തിയതെങ്കിലും പത്രികയിലൂടെ ഉദ്യോഗസ്ഥന്മാരുടെ അനീതികളെ വെളിപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ശക്തിയായ എതിർപ്പാണ് ഇതിന് നേരിടേണ്ടിവന്നത്. തന്മൂലം ചുരുക്കം മാസങ്ങൾക്കകം പത്രം നിലച്ചു.

ഗുജറാത്തുകാരനായ കൊച്ചിയിലെ ദേവ്ജി ഭീമ്ജി എന്ന വ്യാപാര പ്രമുഖൻെറ ഉടമസ്ഥതയിൽ തുടങ്ങിയതാണു 'കേരളമിത്രം' എന്ന പ്രസ്സും അതേപേരിൽ പ്രസിദ്ധീകരണം ആരംഭിച്ച പത്രികയും. 'കേരളമിത്രം' ആരംഭിക്കുന്നതിനു മുമ്പുതന്നെ പൗരാണിക ഹൈന്ദവ മതഗ്രന്ഥങ്ങൾ

പുസ്തകപ്രകാശനം ചെയ്തിരുന്നു. സദുദ്ദേശ്യത്തോടുകൂടി നടത്തിയ ഈ സാഹിതീ സേവനം സർക്കാർതലത്തിൽ അംഗീകരിക്കപ്പെട്ടില്ലെന്നു മാത്രമല്ല പ്രസിദ്ധീകരിച്ചവയും പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നവയുമായ ഗ്രന്ഥങ്ങൾ അധികാരികളുടെ മുമ്പിൽ സമർപ്പിച്ച് അവരുടെ അനുമതിയോടുകൂടി മാത്രമേ പ്രവർത്തിക്കുവാൻ പാടുള്ളൂ എന്ന് കൊച്ചി ഗവൺമെൻറ് കല്പനയിറക്കി. മാത്രമല്ല ഈ വ്യവസ്ഥകൾ അംഗീകരിച്ച് കരാർ എഴുതിക്കൊടുക്കണമെന്നും ശഠിച്ചു. ഈ നിയമനത്തിൽനിന്നു തന്നെ ഒഴിവാക്കണമെന്ന് ദേവ്ജി ഭീമ്ജി അപേക്ഷിച്ചപ്പോൾ അച്ചടിശാലയും വ്യാപാരകേന്ദ്രവും പൂട്ടി മുദ്രവയ്ക്കുകയാണുണ്ടായത്. തഹസീൽദാരുടെ അടുക്കൽ സങ്കടം ഉണർത്തിച്ചെങ്കിലും ഫലമില്ലെന്നു കണ്ടപ്പോൾ റസിഡൻറ് ഹെൻറി നെവിലിന് നിവേദനം നടത്തുകയുണ്ടായി. അങ്ങനെയാണ് കൊച്ചി സർക്കാരിൻെറ ഉത്തരവ് റദ്ദാക്കി അച്ചടിശാലയും മറ്റും കൈയിൽ കിട്ടിയത്. ഈ ധർമ്മയുദ്ധത്തിൽ നേടിയ വിജയമാണ് ഒരു വർത്തമാന പത്രിക പ്രസിദ്ധീകരിക്കുവാൻ അദ്ദേഹത്തിനുണ്ടായ പ്രേരണ.

‘കേരളമിത്ര’ത്തിൻെറ ആദ്യപത്രാധിപർ കണ്ടത്തിൽ വറുഗീസ് മാപ്പിളയായിരുന്നു. നാട്ടുവിശേഷങ്ങൾ, വിദേശവാർത്തകൾ, ഉദ്യോഗസ്ഥ ദുഷ്ചെയ്തികളെക്കുറിച്ചുള്ള വിവരണങ്ങൾ, സാഹിത്യസാംസ്കാരിക ഉപന്യാസങ്ങൾ, പുസ്തക വിമർശനം എന്നിവകൊണ്ട് ശ്രദ്ധപിടിച്ചു പറ്റുവാൻ കഴിഞ്ഞ വർത്തമാനപത്രികയായിരുന്നു ‘കേരളമിത്രം’. ചെറിയകാലം മാത്രമേ വറുഗീസ് മാപ്പിള പത്രാധിപത്യം വഹിച്ചിരുന്നുള്ളൂ എന്നാണു കാണുന്നത്. എന്നാൽ 1894 വരെ ‘കേരളമിത്രം’ പുറത്തിറങ്ങിയിരുന്നു. ‘കേരളമിത്രം’ തുടങ്ങി മൂന്നുനാലുവർഷം കഴിഞ്ഞപ്പോൾ 1884-ൽ ‘കേരളമിത്രോപപത്രം’ എന്നൊരു മാസികകൂടി ഭീമ്ജി പുറത്തിറക്കിയിട്ടുണ്ട്. ആയിടെ കൊച്ചിയിൽനിന്നുതന്നെ അദ്ദേഹം ഒരു മറാത്തി മാസികയും നടത്തിപ്പോന്നു. ‘കേരളകോകിലം’ എന്നായിരുന്നു ഇതിൻെറ പേര്. നാലു കൊല്ലത്തിനു ശേഷം 1890-ൽ ബോംബെ സ്വദേശിയായ ജനാർദന മഹാദേവ ഗുർജർക്ക് ഇത് കൈമാറ്റം ചെയ്തതോടെ ഇതിൻെറ പ്രസിദ്ധീകരണം ബോംബെയിലേക്കുമാറ്റി. ദേവ്ജി ഭീമ്ജിയെയും കേരളമിത്രത്തെയും വിലയിരുത്തിക്കൊണ്ട് ഏ. ഡി. ഹരിശർമ്മ പറയുന്നു: “ക്രിസ്തുമതവുമായി ബന്ധപ്പെട്ട പത്രികയല്ലാതെ മറ്റൊരു പ്രസിദ്ധീകരണവും കേരളത്തിൽ ഇല്ലാതിരുന്ന ആ പഴയകാലത്ത്, മാതൃഭാഷ മലയാളമല്ലാത്ത ഒരു ഗുജറാത്തിക്കാരന് അതുവരെ ഒരു മലയാളിക്കും തോന്നാത്തവിധം സ്വതന്ത്രമായ ഒരു വർത്തമാനപത്രം നടത്തണമെന്നു തോന്നിയത് അത്ഭുതാവഹമല്ലേ? ഇടയ്ക്കു മുടങ്ങാതെ പതിനഞ്ചുകൊല്ലം അദ്ദേഹം അതു നടത്തിക്കൊണ്ടുപോയത് അതിനേക്കാൾ അത്ഭുതജനകമാണ്.”

## വെസ്റ്റ് കോസ്റ്റ് സ്പെക്ടേറ്റർ

ഉല്പതിഷ്ണുവും വിദ്യാസമ്പന്നനുമായിരുന്ന പൂവാടൻ രാമൻ വക്കീൽ ആയിരുന്നു 1894-ൽ സ്പെക്ടേറ്റർ പ്രസ്സ് കോഴിക്കോടു സ്ഥാപിച്ചത്. അവിടെ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയ ഇംഗ്ലീഷ് വാരികയാണ് 'മലബാർ സ്പെക്ടേറ്റർ' എന്നും പിന്നീട് 'വെസ്റ്റ് കോസ്റ്റ് സ്പെക്ടേറ്റർ' എന്ന പേരിലും പ്രസിദ്ധിയാർജിച്ച പത്രിക. ഇംഗ്ലീഷ് ഭാഷാ പണ്ഡിതനായിരുന്ന ഡോ. കീസ്സ് എന്ന ധ്വരയെ തിരുവിതാംകൂറിൽനിന്ന് 1875-ൽ പുറത്താക്കിയിരുന്നു. പത്രം തുടങ്ങാൻ ഉദ്ദേശിച്ചപ്പോൾ ഇത്തരം ഒരാളെ കിട്ടിയത് ഭാഗ്യമായി കരുതി ഡോ. കീസ്സിനെ 'സ്പെക്ടേറ്ററി'ന്റെ അധിപനായി നിയമിക്കുകയാണു ചെയ്തത്. രാജ്യത്തിനും സമൂഹത്തിനും നന്മയും പുരോഗതിയും ഉണ്ടാക്കുവാൻ സഹായിക്കുന്ന എല്ലാ പ്രവൃത്തികൾക്കും ഈ പത്രിക പിന്തുണ നല്കിയിരുന്നു. ശാസ്ത്രം, ചരിത്രം, രാഷ്ട്രമീമാംസ, സാഹിത്യം എന്നിവയെ സംബന്ധിക്കുന്ന കനപ്പെട്ട ലേഖനങ്ങൾ ഇതിലൂടെ പ്രകാശിതമായിട്ടുണ്ട്. കേരളത്തിന്റെ, പ്രത്യേകിച്ച് മലബാറിന്റെ ഉന്നമനത്തിന് ഏറെ സഹായിച്ച പത്രികയായിരുന്നു 'വെസ്റ്റ് കോസ്റ്റ് സ്പെക്ടേറ്റർ'. ഭരണ വൈകല്യങ്ങളെ ചൂണ്ടിക്കാണിക്കുന്നതോടൊപ്പം സർക്കാർ നയങ്ങളെ ശക്തിയായി പിന്താങ്ങിയിരുന്ന പത്രവും കൂടിയായിരുന്നു ഇത്.

## വിദ്യാവിലാസിനി

മാസംതോറും 24 പേജുകളോടുകൂടി പ്രസിദ്ധീകരണം ആരംഭിച്ച സചിത്രമാസികയാണു 'വിദ്യാവിലാസിനി'. ഭാഷയിലെ ആദ്യത്ത സചിത്രമാസികയും ഇതുതന്നെ. 1881-ൽ തിരുവനന്തപുരം കേരളോദയം പ്രസ്സിൽനിന്നാണു ഇത് അച്ചടിച്ചിരുന്നത്. തദ്ദേശീയരുടെ വിജ്ഞാന വർദ്ധനവിന് പ്രാധാന്യം നല്കികൊണ്ടുള്ളതായിരുന്നു ഈ പ്രസിദ്ധീകരണം. വിദ്യാഭ്യാസ ഡയറക്ടർ എസ്. രാമരായരുടെ നേതൃത്വത്തിൽ മാസിക നടത്തിപ്പിനുവേണ്ടി ഉദ്യോഗസ്ഥ അനുദ്യോഗസ്ഥന്മാരുൾപ്പെട്ട ഒരു പൗരസഭയും രൂപീകരിച്ചുകൊണ്ടാണിത് ആരംഭിച്ചത്. സർക്കാർ സഹായവും പ്രേരണയും ഇതിന്റെ പ്രവർത്തനത്തിനുണ്ടായിരുന്നതായി കാണാം. തങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെയും പ്രതിപാദ്യ വിഷയങ്ങളെയും പുരസ്കരിച്ച് 'വിദ്യാവിലാസിനി'യിൽ കൊടുത്തിരുന്നത് ഇപ്രകാരമാണ്. "ഈ പത്രികയിൽ സാധാരണമായി എഴുതപ്പെടുന്നത് ഭാഷാചരിത്രം, മൃഗചരിത്രം, പ്രകൃത്യനുകരണങ്ങളായ ഭൂമിശാസ്ത്രം, വാണിജ്യ സംബന്ധമായ പ്രമാണങ്ങൾ, ശരീരസൗഖ്യത്തെ ഉദ്ദേശിച്ചുള്ള പ്രമേയങ്ങൾ, വൃക്ഷലതാദികളെ സംബന്ധമായ ശാസ്ത്രം, ഭിന്നങ്ങളായ

...ങ്ങൾ തമ്മിൽ ചേർന്നുണ്ടാകുന്ന ഭേദങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ...ശാസ്ത്രം ഇത്യാദി പ്രയോജനങ്ങളുള്ള വിഷയങ്ങളാകുന്നു.

"..........ഈ പത്രിക എല്ലാ ജനങ്ങളുടെയും അറിവു വർദ്ധിപ്പിക്കുന്നതിന് ഉപയോഗപ്പെടുത്തണമെന്നുള്ള ആഗ്രഹം നിമിത്തം പ്രസിദ്ധപ്പെടുത്തുന്ന വിഷയങ്ങൾ ലളിതമായും സുഗമമായും ഉള്ള ഭാഷാ രീതിയിൽ എഴുതപ്പെടുന്നവയായിരിക്കും.

"രാജനീതി സംബന്ധമായി ചെയ്യപ്പെടുന്ന നടപടികളെപ്പറ്റിയാകട്ടെ, സർക്കാർ ഉദ്യോഗസ്ഥൻമാരെ ഉദ്ദേശിച്ചാകട്ടെ യാതൊന്നും ഈ പത്രികയിൽ പ്രസ്താവിക്കുന്നതുമല്ല". വളരെ വിജ്ഞാന പ്രദങ്ങളായ ലേഖനങ്ങളും മഹാത്മാക്കളുടെ ജീവചരിത്രവും വിലപ്പെട്ട മറ്റു സാഹിത്യസംഭാവനകളുംകൊണ്ട് മലയാളികളെ പ്രബുദ്ധമാക്കിയിരുന്ന ഈ സാഹിത്യമാസിക രണ്ടു വർഷം തികയുന്നതിനു മുമ്പുതന്നെ തിരോധാനം ചെയ്യുകയാണുണ്ടായത്.

'വിദ്യാവിലാസിനി' എന്ന പേരിൽ രണ്ടു മാസികകൾ കൂടി 1897-ലും 1902-ലുമായി പ്രസിദ്ധീകരിച്ചിരുന്നതായി കാണുന്നുണ്ട്. കൊല്ലത്തുനിന്ന് വിളയത്തു കൃഷ്ണനാശാൻെറ പത്രാധിപത്യത്തിൽ തുടങ്ങിയതായിരുന്നു ആദ്യത്തേത്. കുമാരനാശാൻെറ ആദ്യകാല കവിതകളും ശ്രീനാരായണ ഗുരുവിൻെറ സദാശിവദർശനവും ഇതിലൂടെയാണു പ്രകാശം കണ്ടത്. ഈ മാസികയ്ക്കും കഷ്ടിച്ച് രണ്ടുവർഷമേ ആയുസുണ്ടായുള്ളൂ. 1902-ൽ കൊല്ലത്തുനിന്നു തന്നെ പ്രസിദ്ധീകരണം തുടങ്ങിയ 'വിദ്യാവിലാസിനി'യുടെ ഉടമസ്ഥൻ കരുവാ കൃഷ്ണനാശാനായിരുന്നു. അദ്ദേഹം കരുവായിൽ കേരളവർമാ വിദ്യാമന്ദിരം എന്നൊരു സ്ഥാപനം നടത്തിയിരുന്നു. ആ വിദ്യാമന്ദിരത്തിൻെറ പേരിലാണ് വിദ്യാവിലാസിനി മാസിക തുടങ്ങുന്നത്. കരുവ രാജരാജ വിലാസം പ്രസ്സിൽനിന്ന് ആയിരുന്നു അച്ചടി നിർവഹിച്ചിരുന്നത്. പ്രഗത്ഭ പണ്ഡിതന്മാരായിരുന്ന ഏ. ആർ. രാജരാജവർമ്മ, സി. വി. രാമൻ പിള്ള തുടങ്ങിയവരുടെ പഠനാർഹങ്ങളായ ലേഖനങ്ങൾ ഈ മാസികയിൽ പ്രസിദ്ധീകരിച്ചു കൊണ്ടിരുന്നു. കുമാരനാശാൻെറ 'ഭാഷാ മേഘസന്ദേശം' ഇതിലാണ് ആദ്യമായി പ്രസിദ്ധീകരിച്ചത്. ഭാഷയ്ക്കും സാഹിത്യത്തിനും വളരെ പ്രയോജനമുണ്ടാകുമായിരുന്ന ഈ 'വിദ്യാവിലാസിനി'യും അധികകാലം ജീവിച്ചില്ല.

## മലയാളി

തിരുവിതാംകൂറിലെ നായർ സമുദായത്തെ ഏകീകരിക്കുന്നതിനും ഉദ്ബുദ്ധരാക്കുന്നതിനുമായി സമുദായ പരിഷ്കർത്താവായിരുന്ന സി. കൃഷ്ണപിള്ള 1885-ൽ ഒരു സംഘടനയ്ക്കു രൂപം കൊടുത്തു. പ്രതീ

ക്ഷയിൽ കവിഞ്ഞ പിന്തുണയാണ് ഇതിനു ലഭിച്ചത്. അതിൻെറ ഫലമായി സംഘടനയുടെ പേര് മലയാളി സഭ എന്നാക്കുകയും ഇതിൻെറ കീഴിൽ 'മലയാളി' എന്നൊരു പത്രം ആരംഭിക്കുകയും ചെയ്തു. ഇത് 1886-ൽ ആയിരുന്നു. തുടക്കത്തിൽ പേട്ടയിൽ രാമൻ പിള്ള ആശാനായിരുന്നു പത്രാധിപർ. പ്രഗത്ഭനായ സി. വി. രാമൻ പിള്ള പത്രാധിപത്യം ഏറ്റ തോടെ മലയാളി പൂർവ്വോപരി വളർന്ന് പന്തലിച്ചു. സമുദായത്തിൽ ആചരിച്ചു പോന്നിരുന്ന മരുമക്കത്തായം, ബഹുഭർതൃത്വം, താലികെട്ടു കല്യാണം തുടങ്ങിയവ ഇല്ലാതാക്കുകയും അംഗങ്ങളിൽ സദാചാര - സന്മാർഗ്ഗബോധം അങ്കുരിപ്പിക്കുകയും ചെയ്യുക എന്നത് മലയാളിയുടെ പ്രഥമലക്ഷ്യമായിരുന്നു. സി. വി. രാമൻ പിള്ള പത്രത്തിലൂടെ നടത്തിയ പരിഷ്കരണ ശ്രമങ്ങൾക്കു പുറമെ തൻെറ സാഹിത്യസൃഷ്ടികളിലൂ ടെയും സാമൂഹിക നന്മയ്ക്കുവേണ്ടി അനവരതം ശ്രമിച്ചിട്ടുള്ള വ്യക്തി യാണല്ലോ. തിരുവിതാംകൂറിൽ ഉയർന്ന ഉദ്യോഗങ്ങളൊന്നും മലയാളി കൾക്കു ലഭിച്ചിരുന്നില്ല. മാമലക്കപ്പുറത്തുനിന്ന് ഇറക്കുമതി ചെയ്തിരുന്ന തമിഴ് ബ്രാഹ്മണൻമാരായിരുന്നു ഉന്നത പീഠങ്ങളിലൊക്കെ പരിലസിച്ചി രുന്നത്. മലയാളികളുടെ ഉദ്ഗതിക്ക് ഈ രീതി തടസ്സമാണെന്നതിനാൽ ഉദ്യോഗ പ്രാതിനിധ്യത്തിനുവേണ്ടി ശക്തമായി വാദിച്ച ജിഹ്വയാണു 'മലയാളി'. ഇതിൻെറ ഫലമായാണ് തിരുവിതാംകൂറിൽനടന്ന മലയാളി മെമ്മോറിയൽ, ഈഴവ മെമ്മോറിയൽ, നിവർത്തന പ്രസ്ഥാനം എന്നീ ബഹുജന പ്രക്ഷോഭണങ്ങൾ ഉടലെടുത്തത്. സി. വി. രാമൻ പിള്ളയുടെ ശക്തമായ തൂലിക സമുദായത്തിൻെറ അവകാശങ്ങൾക്കുവേണ്ടി നിർഭയം ചലിച്ചുകൊണ്ടിരുന്നു. ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിൻെറ ദുഷ്ചെയ്തി കളെ വിളംബരം ചെയ്യുകയും പതിവായി. ഇതേ തുടർന്ന് സർക്കാർ ഉദ്യോഗം വഹിക്കുന്നവരാരും പത്രങ്ങൾ നടത്തുകയോ അവയുമായി ബന്ധപ്പെടുകയോ ചെയ്യുന്നത് നിരോധിച്ചുകൊണ്ട് കല്പനയിറക്കിയി രുന്നു. അതിനാൽ സർക്കാർ ഉദ്യോഗസ്ഥനായ സി. വി. യ്ക്ക് 'മലയാളി'യു മായുള്ള ബന്ധം വിടർത്തേണ്ടിവന്നു.

പത്രം കുറെക്കാലം പ്രസിദ്ധീകരണം നിർത്തേണ്ടതായും വന്നു. ബ്രിട്ടീഷ് ഭരണത്തിലായിരുന്ന കൊല്ലത്തെ തങ്കശ്ശേരിയിൽനിന്നാണ് പിന്നീട് പത്രം പുനരാരംഭിക്കുന്നത്. സ്വദേശാഭിമാനി കെ. രാമകൃഷ്ണ പിള്ള 'കേരളൻ' എന്ന തൂലികാനാമത്തിൽ ഉദ്യോഗസ്ഥ ദുഷ്ചെയ്തി കളെ തുറന്നുകാട്ടി വിമർശിച്ചു തുടങ്ങിയതോടെ പത്രത്തിനു പ്രചാരം വർദ്ധിക്കുകയും അതേത്തുടർന്നു രാമകൃഷ്ണപിള്ളയെ പത്രാധിപരായി അവരോധിക്കുകയും ചെയ്തു. എന്നാൽ ഉദ്യോഗസ്ഥ ഭീഷണിക്കും സമ്മർദ്ദത്തിനും പത്രമുടമയായ ഉണ്ണിത്താൻ വിധേയനായതോടെ രാമകൃ

...ള്ള പത്രാധിപത്യം രാജിവച്ചു. 1911-ൽ 'മലയാളി' കുറെക്കാലം ദിനപത്രമായി നടത്തിയെങ്കിലും പിന്നീട് വാരികയായി തുടർന്നുപോന്നു.

തിരുവിതാംകൂർ ഉത്തരവാദിത്വ പ്രക്ഷോഭണത്തോടുകൂടി 'മലയാളി' നിന്നും തിരുവനന്തപുരത്തേക്കു ആസ്ഥാനം മാറ്റി. ദിനപത്രമായിരുന്ന 'മലയാളി'യുടെ പത്രാധിപർ എം. ആർ. മാധവവാരിയർ ആയിരുന്നു. ഉത്തരവാദ ഭരണപ്രക്ഷോഭണത്തിൽ സജീവമായ പങ്കാളിത്തം വഹിച്ച പത്രത്തിനും പത്രാധിപർക്കും ദിവാൻ സർ. സി. പി. യുടെ ക്രൂര ശിക്ഷകൾക്കു ഇരയാകേണ്ടി വന്നു. പത്രത്തിൻെറ ലൈസൻസ് റദ്ദാക്കുകയും ചെയ്തു. 1946-ൽ ആണ് 'മലയാളി' വീണ്ടും പ്രസിദ്ധീകരണം തുടങ്ങുന്നത്. 1960-ൽ ഇതിൻെറ ഉടമസ്ഥാവകാശം നായർ സർവീസ് സൊസൈറ്റി സമ്പാദിച്ചു. സമുദായ പത്രമെന്നനിലയിൽ കുറെക്കാലം തുടർന്നു പോന്നു എങ്കിലും താമസംവിനാ പത്രം നിലച്ചു.

## നസ്രാണി ദീപിക

സിറിയൻ ക്രിസ്ത്യാനികളുടെ മത സാംസ്കാരിക ഉദ്ഗതിക്ക് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുവാനും സഭാംഗങ്ങളെ തങ്ങളുടെ അവകാശാധികാരങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുവാനും വേണ്ടി ആരംഭിച്ച സാമുദായിക പത്രികയാണു 'നസ്രാണി ദീപിക'. കോട്ടയം സ്വദേശിയായ പുളിക്കപ്പറമ്പിൽ കുര്യൻ മാസ്റ്ററുടെ പത്രാധിപത്യത്തിൽ ആണ് 'നസ്രാണി ദീപിക'യുടെ ആദ്യലക്കം പുറത്തു വരുന്നത്. മാന്നാനം സെൻറ് ജോസഫ് പ്രസ്സിൽ നിന്നായിരുന്നു ഇത് അച്ചടിച്ചിരുന്നത്. പ്രഗത്ഭരായ മതമേധാവികൾ പത്രത്തിൻെറ രക്ഷാധികാരികളും നടത്തിപ്പുകാരുമായി വർത്തിച്ചിരുന്നു. ക്രിസ്തുമത പ്രചാരണവും സമുദായ ഉദ്ധാരണവുമായിരുന്നു ദീപികയുടെ ലക്ഷ്യമെങ്കിലും പ്രവൃത്തിയിൽ ഈ പത്രിക സമൂഹത്തിനാകമാനം വെളിച്ചം പകർന്നു. തങ്ങളുടെ അടിസ്ഥാന ലക്ഷ്യത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടു തന്നെ 'നസ്രാണി ദീപിക' നടത്തിയപ്രഖ്യാപനം ഇപ്രകാരമായിരുന്നു. "എല്ലാ കേരളീയരുടെയും ഭാരതീയരുടെയും അഖില ലോകവാസികളുടെയും ഉപകാരത്തിനായി പ്രവർത്തിക്കുന്നതാണ്." ഭാഷയ്ക്കും ഭാഷയുടെ വളർച്ചക്കും സാഹിത്യത്തിനും നസ്രാണി ദീപികയ്ക്ക് മഹത്തായ സേവനങ്ങളർപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നത് അവിതർക്കിതമാണ്. മലയാളി മെമ്മോറിയൽ, പൗരസമത്വവാദം, നിവർത്തന പ്രസ്ഥാനം, ഉത്തരവാദിത്ത ഭരണപ്രക്ഷോഭണം തുടങ്ങി നാടിനെയും ബഹുഭൂരിപക്ഷം ജനങ്ങളെയും പൊതുവെ ബാധിച്ചിരുന്ന കാലിക പ്രശ്നങ്ങളിലൊക്കെ മറ്റു സഹജീവികളോടൊപ്പം ധീരമായ നേതൃത്വം കൊടുക്കുവാൻ 'നസ്രാണി ദീപികയ്ക്ക്' കഴിഞ്ഞിരുന്നു. 1927-ൽദിനപത്രമാക്കിയെങ്കിലും മുന്നു കൊല്ലങ്ങൾക്കുശേഷം

വീണ്ടും വാരികയായിട്ടാണു നടത്തിപ്പോന്നത്. 1938-ൽ പ്രസിദ്ധീകരണം കോട്ടയത്തേക്കു മാറ്റിയതോടെ 'നസ്രാണി ദീപിക'യെന്നത് 'ദീപിക' എന്നാക്കുകയും വാരികയായിരുന്നത് ദിനപത്രമായി ഉയർത്തുകയും ചെയ്തു.കേരളത്തിലെ പ്രമുഖ പത്രങ്ങളിൽഒന്നായി 'ദീപിക' ഇന്നും പരിലസിക്കുന്നുണ്ട്.

## കേരളസഞ്ചാരി

'മലബാർ സ്പെക്ടേറ്റർ' ഉടമയായിരുന്ന വക്കീൽ പൂവാടൻ രാമൻ തന്നെയാണ് 'കേരളസഞ്ചാരി' എന്ന വാരികയും ആരംഭിച്ചത്. നാട്ടു വർത്തമാനങ്ങളും സാഹിത്യാദി കാര്യങ്ങളും സാധാരണക്കാർക്കു വേഗത്തിൽ ഗ്രഹിക്കുവാൻ സാധിക്കുക മാതൃഭാഷയിലൂടെ മാത്രമാണെന്ന ദ്ദേഹത്തിനറിയാമായിരുന്നു. കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരായിരുന്നു പ്രഥമ പത്രാധിപർ. 1887-ൽ കോഴിക്കോട്ടു സ്പെക്ടേറ്റർ പ്രസ്സിൽനിന്നാണ് അച്ചടിച്ചിറക്കിയത്. അഴിമതിക്കാരെ ജനതാമധ്യത്തിൽ തുറന്നു കാട്ടിയിരുന്ന കേരള സഞ്ചാരിയെ ഔദ്യോഗിക വൃന്ദം വല്ലാതെ ഭയപ്പെട്ടിരുന്നു. ഏറെ പ്രചാരവും അംഗീകാരവുമുണ്ടായിരുന്ന വാരികയായിരുന്നു കേരള സഞ്ചാരി. കേസരി ആറുമാസം മാത്രമേ പത്രാധിപ സ്ഥാനം വഹിച്ചിരുന്നുള്ളൂ. മൂർക്കോത്തു കുമാരൻ തുടങ്ങി പലരും അതിൻെറ പത്രാധിപരായി. പിൽക്കാലത്ത് ശ്രീ. സി. കൃഷ്ണൻ കേരള സഞ്ചാരി വിലയ്ക്കെടുക്കുകയും അതിനെ മിതവാദിയിൽ ലയിപ്പിക്കുകയും ചെയ്തു.

## വിദ്യാവിനോദിനി

ആദ്യകാല സാഹിത്യമാസികകളിൽ പ്രഥമഗണനീയമായതാണ് 'വിദ്യാവിനോദിനി'. അച്ചുകൂടത്തിൻെറ പേരും ഇതുതന്നെയായിരുന്നു. തൃശൂരിൽ നിന്നുമാണിത് 1889 നവംബർ മുതൽ പ്രസിദ്ധീകരിച്ചിരുന്നത്. പ്രസിദ്ധനായ സി. പി. അച്ചുതമേനോനാണ് ഇതിൻെറ പിന്നിൽ. സതീർഥ്യനായ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ കുറച്ചുകാലം സഹപത്രാധിപരായിരുന്നു. അക്കാലത്തെ പണ്ഡിത കവികളും ഉപന്യാസകർത്താക്കളും 'വിദ്യാവിനോദിനി'യിൽ തുടർച്ചയായി എഴുതിക്കൊണ്ടിരുന്നു. മലയാളം മാത്രം അറിയുന്നവർക്ക് സംസ്കൃതത്തിലെയും ഇംഗ്ലീഷിലെയും അറിവ് പകർന്നു കൊടുക്കുകയെന്നത് വിദ്യാവിനോദിനിയുടെ പ്രാഥമിക ലക്ഷ്യമായിരുന്നു. മാസത്തിലൊരിക്കൽ 32 പുറങ്ങളോടുകൂടി പ്രസിദ്ധീകരിച്ചിരുന്ന ഈ മാസികയെ രണ്ടുഭാഗമായി ആസൂത്രണം ചെയ്തിരുന്നു. ആദ്യഭാഗത്ത് മനുഷ്യോപകാരപ്രദമായ നാനാതരം വിഷയങ്ങളെ ആസ്പദിച്ചുള്ള ലേഖനങ്ങളും ഗ്രന്ഥനിരൂപണവും ജീവചരിത്രവും, കവിതകളും ഉൾപ്പെടുത്തിയിരുന്നു. രണ്ടാമത്തെ ഭാഗത്താകട്ടെ എഴുതപ്പെടുന്നവ

യെങ്കിലും പഴയതും പുതിയതുമായ ഗ്രന്ഥങ്ങൾ പ്രകാശനം നടത്തുക എന്നതായിരുന്നു ലക്ഷ്യം. 'വിദ്യാവിനോദിനി'യുടെ ഒന്നാം ലക്കത്തിൽ ഭാഷാ കവിത, കേരളോൽപത്തി, ആരോഗ്യരക്ഷ, കൂട്ടുപാഠകം എന്നിവയും ധനം, വില, പണം, മൂലധനം, ആദായം എന്നിവയെപ്പറ്റിയുള്ള സാമ്പത്തിക, ശാസ്ത്രീയ, സംഗ്രഹ, വിവരണവും, ഭൂമി, വായു എന്നിവയെക്കുറിച്ചുള്ള ശാസ്ത്രീയ ലേഖനവും ഉണ്ടായിരുന്നു. ആദ്യലക്കത്തിലെ തന്നെ ഉള്ളടക്കത്തിൽനിന്നും ഈ സാഹിത്യസംരംഭത്തിൻെറ അന്തസത്ത ഗ്രഹിക്കുവാൻ പ്രയാസമില്ലല്ലോ. അക്കാലത്തെ ഭാഷാ സ്നേഹികളും സാഹിത്യകുതുകികളും 'വിദ്യാവിനോദിനി'യുമായി ഗാഢസമ്പർക്കം പുലർത്തിപ്പോന്നിരുന്നു. ഭാഷയ്ക്കും സാഹിത്യത്തിനും ഏറെ സംഭാവനകൾ നല്കിയ ഈ സാഹിത്യമാസിക പന്ത്രണ്ടു വർഷം തുടർച്ചയായി നടത്തിപ്പോന്നു.

'മലയാള മനോരമ' പത്രം ആരംഭിക്കുന്നതിനു മുമ്പ് കേരളത്തിൻെറ നാനാ ഭാഗങ്ങളിലായി പത്രപ്രവർത്തനരംഗത്ത് നടന്ന സംരംഭങ്ങളെക്കുറിച്ചാണു മുകളിൽ വിവരിച്ചത്.

നമ്മുടെ പത്രപ്രവർത്തനചരിത്രം എഴുതിയിട്ടുള്ളവർ ആരുംതന്നെ ഗൗനിക്കാതെ പോയതും എന്നാൽ അവശ്യം അറിഞ്ഞിരിക്കേണ്ടതുമായ ഒരംശത്തെക്കൂടി പരാമർശിക്കട്ടെ. മലയാളത്തിലും അറബി മലയാളത്തിലുമായി ഒരുപാട് വാർത്താ പത്രികകൾ മുസ്ലീംകളുടേതായിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിലെ അവസാനപകുതിയിലാണ് മലയാളക്കരയിൽ വർത്തമാനപത്രങ്ങളും മാസികകളും പുറത്തുവരുവാൻ തുടങ്ങിയത്. സഹോദര സമുദായത്തിലുൾപ്പെട്ടവർ മലയാളവും ഇംഗ്ലീഷുമാണ് ഇവയുടെ മാധ്യമമായി ഉപയോഗിച്ചിരുന്നതെങ്കിൽ, മുസ്ലീംകൾ മലയാളത്തിലും അറബി മലയാളത്തിലുമായിട്ടാണ് അവരുടെ പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കിയത്. ഈ രംഗത്ത് മുസ്ലീംകളുടെ അഗ്രഗാമി കൊച്ചിയിലെ ഖാദിർ ഷാ ഹാജിയാണ്. അദ്ദേഹം 1878-ൽ 'കേരളദീപകം' എന്ന മാസിക ആരംഭിച്ച് സമുദായത്തിലെ ഉൽക്കർഷേച്ഛുക്കളുടെ ശ്രദ്ധ ഈ രംഗത്തേക്കു ക്ഷണിച്ചു. മലയാളി മുസ്ലീംകൾ പത്രപ്രവർത്തനരംഗത്ത് പ്രവേശിക്കുന്നതങ്ങനെയാണ്. 1899-ൽ കൊച്ചിയിൽനിന്നും ഖാദിർ ഷാ ഹാജി തന്നെയിറക്കിയ മറ്റൊരു പ്രസിദ്ധീകരണമാണ് 'സത്യപ്രകാശം.' ആ വർഷം തന്നെ മട്ടാഞ്ചേരിയിൽനിന്നും സി. സെയ്താലിക്കുട്ടി പത്രാധിപരായി അറബി മലയാളത്തിൽ 'റഫീക്ക് - ഉൽ - ഇസ്ലാം' 'സലാഹ് - ഉൽ - ഇഖ്വാൻ' എന്നീ മാസികകൾ കുളങ്ങരവീട്ടിൽ ഗുജായി മൊയ്തു മുസലിയാർ പ്രസാധനം ചെയ്തു. മലബാറിൽനിന്നും അറബി മലയാളത്തിൽ ഇറങ്ങിയ ആദ്യത്തെ പത്രം 'ഹിദായത്ത് - ഉൻ - ഇഖ്വാൻ'

ആണ്. മമ്പുറം സെയ്ത് അബ്ദുല്ലാ കോയ തങ്ങളായിരുന്നു ഇതിൻെറ ഉടമ.

എന്നാൽ സെയ്യിദ് സനാഉള്ള മക്തി തങ്ങൾ പുറത്തിറക്കിയ 'തുഹ്ഫത്തുൻ അഖിയാർ - വ - ഹിദായത്തുൽ അസ്റാർ എന്ന മാസികയാണ് കേരളത്തിൽ ആദ്യത്തെ അറബി മലയാളത്തിലുള്ള പ്രസിദ്ധീകരണം. ഇത് 1894-ലാണ്. ഇസ്ലാമിക പണ്ഡിതനും സമുദായോദ്ധാരകനുമായിരുന്ന മക്തി തങ്ങൾ കൊച്ചിയിൽനിന്നുതന്നെ പ്രസിദ്ധീകരിച്ച രണ്ട് മാസികകൾകൂടി അനുസ്മരിക്കേണ്ടതായുണ്ട്. അവ 'പരോപകാരി' എന്ന മാസികയും 'തുർക്കി സമാചാരം' എന്ന സായാഹ്നപത്രവുമാകുന്നു. 1909-ലാണ് 'തുർക്കി സമാചാരം' പ്രസിദ്ധീകരിച്ചത്.

കേരളത്തിലെ ആദ്യകാല പത്രങ്ങളെയും പത്രപ്രവർത്തനങ്ങളെയും കുറിച്ച് എഴുതിയിട്ടുള്ളവർ അനവധിയാണ്. ഗ്രന്ഥങ്ങളും ഈ വിഷയത്തിൽ കുറവല്ല. തന്മൂലം ആ വിഷയത്തെ അധികരിച്ച് ദീർഘമായി ഉപന്യസിക്കുക എന്നത് ആവർത്തന വിരസമായേക്കാം.

# 2
# മലയാള മനോരമയുടെ പിറവി

ഏതു രാജ്യത്തിന്റെ ചരിത്രത്തിലും എക്കാലവും ഓർമ്മിക്കപ്പെടുന്ന ചില വർഷങ്ങളുണ്ട്. കേരളചരിത്രത്തിൽ എ. ഡി. 1888 അത്തരം അവിസ്മരണീയമായ കൊല്ലമാണ്. സാമൂഹ്യമണ്ഡലത്തിൽ വിപ്ലവകരമായ വിസ്ഫോടനം ഉണ്ടാക്കിയ വർഷമായിരുന്നു അത്. ജാതിവ്യവസ്ഥയ്ക്കും അയിത്തത്തിനും അറുതി വരുത്തിക്കൊണ്ട് ദാർശനികപ്രഭുവായ ശ്രീനാരായണഗുരു 1888-ലെ ശിവരാത്രിദിവസം അരുവിപ്പുറത്ത് ശിവലിംഗപ്രതിഷ്ഠ നടത്തുന്നു. പ്രതിഷ്ഠ നടത്തുവാനോ സ്വന്തമായി ആരാധനാലയങ്ങൾ നിർമ്മിക്കുവാനോ അക്കാലത്തെ ഈഴവർ ഉൾപ്പെടെയുള്ള താണ ജാതിക്കാർക്ക് അനുവാദമുണ്ടായിരുന്നില്ല. പൗരോഹിത്യം ബ്രാഹ്മണർക്കുമാത്രം അവകാശപ്പെട്ടതാണ്. ഇതിന്റെ കൊടിയ ലംഘനമാണ് ഈഴവജാതിയിൽ ജനിച്ച ശ്രീനാരായണഗുരു അരുവിപ്പുറത്ത് നടത്തിയത്. ബ്രാഹ്മണ പൗരോഹിത്യത്തിന്റെ കടയ്ക്ക് കത്തി വയ്ക്കുക മാത്രമല്ല, അതിനെ അടിവേരോടുകൂടി പിഴുതെറിയുകയുമായിരുന്നു അരുവിപ്പുറം പ്രതിഷ്ഠയിലൂടെ ഗുരു നിർവ്വഹിച്ചത്. ഈ ധിക്കാരത്തെ സവർണ്ണർ ഒന്നടങ്കം ചോദ്യം ചെയ്തു. പക്ഷെ അക്ഷോഭ്യനായി വിനയപൂർവ്വം അദ്ദേഹം നൽകിയ മറുപടി താൻ ഈഴവശിവനെയാണു പ്രതിഷ്ഠിച്ചതെന്നായിരുന്നു.[1] കേരള സാമൂഹ്യനവോത്ഥാനത്തിന്റെ കാഹളം മുഴക്കിയ ഈ മഹാസംഭവമാണു ജാത്യാചാരങ്ങളോടും മനുഷ്യാവകാശലംഘനത്തോടും ശക്തമായി പ്രതികരിക്കുവാൻ മൃഗങ്ങളേക്കാൾ കഷ്ടതയിൽ കഴിഞ്ഞിരുന്ന ഏഴകളായ ജനങ്ങൾക്ക് ആത്മധൈര്യം പകർന്നത്. അധഃസ്ഥിതരായ ഈഴവസമൂഹം മാത്രമല്ല ഇതിൽനിന്നും പ്രചോദനംകൊണ്ട് മനുഷ്യാവകാശങ്ങൾക്കുവേണ്ടി സംഘടിക്കുകയും ശബ്ദമുയർത്തുകയും ചെയ്തത്. നീചജാതിക്കാരായി സമൂഹത്തിന്റെ പുറമ്പോക്കിൽ വർത്തിച്ചിരുന്ന പുലയരും പറയരും അരയന്മാരും ഈ പ്രചോദനധാരയിലൂടെ ഉയിർത്തെഴുന്നേല്ക്കുവാൻ ഭഗീരഥപ്രയത്നം ചെയ്തതിന്റെ ത്യാഗസുരഭിലമായ കഥകളാണ് കേരളസമൂഹത്തിൽ പിന്നീട് ചലനങ്ങൾ സൃഷ്ടിച്ചത്. മഹാനായ

അയ്യങ്കാളിയുടെ നേതൃത്വത്തിൽ ജാത്യാചാരങ്ങളെ പുച്ഛരിച്ചു തള്ളുവാൻ പുലയ-പറയ വിഭാഗങ്ങൾ സംഘടിതരായി മുന്നോട്ടു വന്നപ്പോൾ[2] മഹാകവി പണ്ഡിറ്റ് കറുപ്പന്റെ അശ്രാന്ത പരിശ്രമഫലമായി അധഃസ്ഥിതരിൽ അധഃസ്ഥിതരായിരുന്ന വാലന്മാരും അരയന്മാരും മനുഷ്യാവകാശങ്ങൾ നേടിയെടുക്കുവാൻവേണ്ടി അരങ്ങത്തെത്തി.[3] തിരുവിതാംകൂറിൽ അയ്യങ്കാളിയുടെ വീരസാഹസികതകൊണ്ട് ഉണ്ടായ സാമൂഹ്യ നവോത്ഥാനം കൊച്ചിയിലെ പുലയനേതാക്കളായ കൃഷ്ണാദിയാശാൻ, ചാഞ്ചൻ, വള്ളോൻ എന്നിവർക്ക് ആശയും ആവേശവും നൽകി. പണ്ഡിറ്റ് കെ. പി. കറുപ്പൻ മാസ്റ്റർ ഇവരെ തന്റെ ശിഷ്യന്മാരായി വളർത്തിക്കൊണ്ടുവരുകയും ചെയ്തു. ജാതിവ്യവസ്ഥയുടെ ക്രൂരതയ്ക്ക് ഏറ്റവും കൂടുതൽ പാത്രീഭവിച്ചിരുന്നവർ പുലയർ തുടങ്ങിയവരായിരുന്നുവല്ലോ. അവരെ വാങ്ങാനും വില്ക്കാനും തല്ലാനും കൊല്ലാനും എന്നുവേണ്ട എന്തുചെയ്യുവാനും ഉടയവർക്ക് അവകാശമുണ്ടായിരുന്നു. വളർത്തുമൃഗങ്ങൾക്കു പാത്രങ്ങളിൽ എറയത്തുവച്ചു ഭക്ഷണം കൊടുത്തിരുന്നപ്പോൾ ഏഴകൾക്ക് കരിക്കാടി നൽകിയിരുന്നത് വീടിന് അറുപത്തിനാലടി അകലെ കുഴി കുത്തി അതിൽ വാഴയില വച്ചിട്ടായിരുന്നു. ഇവരുടെ മോചനത്തിനുവേണ്ടി പ്രയത്നിക്കുന്നവർക്ക് അവരെ ബോധവാന്മാരാക്കുന്നതിനും തങ്ങൾ അനുഭവിക്കുന്ന പീഡനങ്ങളിൽനിന്ന് മുക്തി നേടുന്നതിനുമുള്ള മാർഗ്ഗം പറഞ്ഞു മനസ്സിലാക്കുന്നതിനുംവേണ്ടി ഒന്നിച്ചുകൂടുവാനൊരിടം അന്നു കൊച്ചി പ്രദേശത്തു ലഭിക്കുമായിരുന്നില്ല. കറുപ്പൻ മാസ്റ്റർ അതിനു നിർദ്ദേശിച്ച പോംവഴി പുലയരുടെ സമ്മേളനം കൊച്ചിക്കായലിൽ വള്ളങ്ങൾ കൂട്ടിക്കെട്ടി അതിൽവെച്ചാകാം എന്നായിരുന്നു.[4] അങ്ങനെ കൃഷ്ണാദിയാശാന്റെയും മറ്റും നേതൃത്വത്തിൽ വള്ളങ്ങൾ കൂട്ടിക്കെട്ടിയ ചങ്ങാടത്തിൽ നടത്തിയ സമ്മേളനമാണ് 'സമസ്ത കൊച്ചി പുലയ മഹാസഭയ്ക്ക്' രൂപംകൊടുത്തത്. അങ്ങനെ ശ്രീനാരായണ സന്ദേശങ്ങളുടെ ആത്മസത്ത സ്വാംശീകരിച്ച് സാമൂഹ്യ സമത്വത്തിനും മനുഷ്യസ്വാതന്ത്ര്യത്തിനുംവേണ്ടി ജീവൻപോലും പണയപ്പെടുത്തി പോർക്കളത്തിലിറങ്ങുവാൻ നിരവധി കർമ്മധീരർക്ക് ആത്മധൈര്യം നൽകിയ സംഭവമായിരുന്നു 1888ലെ അരുവിപ്പുറം പ്രതിഷ്ഠ.

ബ്രിട്ടീഷ് കൊളോനിയൽ വാഴ്ചയിൽ വീർപ്പുമുട്ടിക്കൊണ്ടിരുന്ന വിദ്യാസമ്പന്നരെയും ബുദ്ധിജീവികളെയും 'ഭാരതമഹാജനസഭ' എന്ന ഒരു സംഘടനയുടെ കീഴിൽ കൊണ്ടുവരുവാൻ 1885-ൽ ഏ. ഒ. ഹ്യൂം എന്ന ധ്വര നടത്തിയ ശ്രമമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് ബീജാവാപം ചെയ്തത്. ഇന്ത്യയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥപ്രമുഖരിൽ ഒരാളായിരുന്നു ഹ്യൂം. ബ്രിട്ടീഷ് ഭരണത്തിനെതിരായി സാമൂഹ്യരംഗത്ത് മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നപ്പോൾ അതൊരു വലിയ ബ്രിട്ടീഷ് വിരുദ്ധപ്രസ്ഥാ

നമായി തീരുന്നതിനുമുൻപ് അത്തരം വിപ്ലവത്തെ തടഞ്ഞുനിർത്തുവാനുള്ള സംരംഭമായിരുന്നു ഈ ദേശീയസംഘടനയുടെ ഉത്ഭവമെങ്കിലും ഭരണത്തിൽ ജനപങ്കാളിത്തം വേണമെന്നും അവരുടെ അഭിലാഷങ്ങൾ മാനിക്കപ്പെടണമെന്നുമുള്ള ജനകീയ ഉണർവിനെയാണ് ഇത് പ്രതിനിധാനംചെയ്തത്. ബ്രിട്ടീഷിന്ത്യയിൽ മാത്രമല്ല, നാട്ടുരാജ്യങ്ങളിൽപ്പോലും ഈ ജനകീയ ആവേശം പ്രകടമായിരുന്നു. ഭരണത്തിൽ ജനപങ്കാളിത്തത്തിനുവേണ്ടിയുള്ള അദമ്യമായ ഈ ആഗ്രഹം സംഘടിത സമരസന്നാഹമായി മാറുന്നതിനെ തടകെട്ടി നിർത്തുവാനുള്ള ഒരു ശ്രമമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലൂടെ ബ്രിട്ടീഷിന്ത്യയിൽ നിലനിർത്തിയിരുന്നതെങ്കിൽ ഇന്ത്യയുടെ തെക്കേ അറ്റമായ തിരുവിതാംകൂർ സ്റ്റേറ്റിൽ അന്നു രാജാവായിരുന്ന ശ്രീമൂലം തിരുനാൾ ക്രാന്തദർശിത്വത്തോടുകൂടി നടത്തിയ വലിയൊരു പരിഷ്കാരമായിരുന്നു ജനപ്രതിനിധികൾ അടങ്ങുന്ന ഒരു ലെജിസ്ലേറ്റീവ് കൗൺസിൽ രൂപീകരിച്ചത്. ഇന്ത്യയിൽ മറ്റൊരു സ്റ്റേറ്റിലും ഇല്ലാതിരുന്ന ഈ പരിഷ്കാരം നടപ്പാക്കുന്നത് 1888-ൽ തന്നെയായിരുന്നു. ദിവാൻ അധ്യക്ഷനായുള്ള ഈ കൗൺസിലിൽ എട്ടംഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിൽത്തന്നെ അനൗദ്യോഗിക അംഗങ്ങൾ മൂന്നുപേരും. മാത്രവുമല്ല ഇവരെയെല്ലാം സർക്കാർ നിർദ്ദേശിക്കുക എന്നതുമായിരുന്നു നടപടിക്രമം. ജനകീയ പ്രാതിനിധ്യസ്വഭാവം അങ്ങനെ പരിമിതമായിരുന്നു. എന്നാലും നിയമനിർമ്മാണത്തിലും ഭരണകാര്യങ്ങളിലും ജനപങ്കാളിത്തം താത്വികമായി അംഗീകരിക്കുന്ന പരിഷ്കരണമായിട്ടുതന്നെ വേണം ഇതിനെ കണക്കാക്കുവാൻ. പത്തുപതിനഞ്ചു വർഷം കഴിഞ്ഞിട്ടാണെങ്കിലും കൂടുതൽ ജനപ്രാതിനിധ്യത്തോടുകൂടി 1904-ൽ രൂപീകൃതമായ ശ്രീമൂലം അസംബ്ലിയുടെ മുന്നോടിയായി ഈ ലെജിസ്ലേറ്റീവ് കൗൺസിലിനെ ഗണിക്കാവുന്നതുമാണ്. രാജഭരണമായിരുന്നുവെങ്കിലും ജനങ്ങളെ പാടെ വിഗണിച്ചുകൊണ്ടുള്ള ഭരണം ശരിയല്ലെന്നുള്ള ബോധം ഭരണകർത്താക്കൾക്കുണ്ടാകുവാൻ തുടങ്ങി എന്നതിൻെറ നിദർശനവുംകൂടിയാണിത്. ജനങ്ങളുടെ രാഷ്ട്രീയ പ്രബുദ്ധതയുടെ അംഗീകാരമായി 1888-ലെ പരിഷ്കാരം പരിഗണിക്കുന്നതുകൊണ്ടാണ് ഭരണപരിഷ്കാരരംഗത്തു കേരളത്തിൽ ഈ വർഷത്തിനുള്ള പ്രാധാന്യം.

ഇവയെക്കാളൊക്കെ ഒട്ടും അപ്രധാനമല്ലാത്ത മറ്റൊരു മഹാപ്രസ്ഥാനത്തിനും 1888 ജന്മം നൽകി. കേരളത്തിലെ സാഹിത്യസാംസ്കാരികരംഗങ്ങളിൽ മഹത്തായ നേട്ടങ്ങൾകൊണ്ട് സാംസ്കാരിക കേരളത്തെ ധന്യമാക്കിയ 'മലയാള മനോരമ'യുടെ പിറവിക്കാധാരമായ മലയാള മനോരമക്കമ്പനിയുടെ ആവിർഭാവം യാദൃച്ഛികസംഭവമായിരുന്നില്ല. നീണ്ടകാലത്തെ ആലോചനയുടെയും മാനസിക സംഘർഷത്തിൻെറയും ഫലമാ

യിട്ടാണ് ഈ സാഹസികസംരംഭത്തിന് കണ്ടത്തിൽ വറുഗീസ് മാപ്പിള തുനിഞ്ഞത്. വാർത്താമാധ്യമത്തിനു സമൂഹത്തിൽ ചെലുത്താവുന്ന സ്വാധീനം ശരിക്കും മനസ്സിലാക്കുവാൻ കുറച്ചുകാലത്തെ പത്രാധിപജീവിതംകൊണ്ടുതന്നെ സാധിച്ചിരുന്ന അദ്ദേഹം ഈ രംഗത്ത് അർപ്പണമനോഭാവത്തോടെ ഇറങ്ങിച്ചെല്ലുകയായിരുന്നു. തൻെറ മനസ്സിനെ മഥിച്ചുകൊണ്ടിരുന്ന ഈ അഭിലാഷം സാക്ഷാത്കരിക്കുവാനുള്ള പ്രയത്നത്തിൻെറ പ്രാരംഭമായിരുന്നു മലയാള മനോരമക്കമ്പനിയുടെ രൂപീകരണം. ജന്മനാതന്നെ സാഹിത്യാഭിരുചിയും സാമൂഹ്യ സാംസ്കാരിക പ്രശ്നങ്ങളെ അചഞ്ചലമായി അഭിമുഖീകരിക്കുവാനുള്ള മനഃസ്ഥൈര്യവും കരഗതമാക്കിയിരുന്ന ഈ യുവസാഹസികന് തൻെറ ജീവിതനിയോഗം സഫലീകരിക്കണമെങ്കിൽ അധഃസ്ഥിതമായ സമൂഹത്തേയും അന്ധവിശ്വാസികളായ സമുദായത്തെയും മനുഷ്യരാക്കി ഉയർത്തിക്കൊണ്ടുവരണമെന്ന് അറിയാമായിരുന്നു. അതിനുള്ള പ്രായോഗിക പരിശീലനങ്ങളും വിദ്യാഭ്യാസവും അനുഭവങ്ങളും അദ്ദേഹത്തിന് കൂട്ടുണ്ടായിരുന്നു.

## കണ്ടത്തിൽ കുടുംബം

കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ അനിതരസാധാരണമായ സാമൂഹ്യപ്രതിബദ്ധതയും സ്വഭാവ വൈശിഷ്ട്യവും കുടുംബപൈതൃകമായി ലഭിച്ചവയായിരുന്നു. അദ്ദേഹത്തിനു ജന്മം കൊടുത്ത മധ്യതിരുവിതാംകൂറിലെ കണ്ടത്തിൽ തറവാട് കുലീനവും പ്രസിദ്ധിയാർജ്ജിച്ചതും ആയിരുന്നുവല്ലോ. പാരമ്പര്യമുള്ള കായങ്കുളത്ത് പരുത്തിമൂട്ടിൽ തറവാടാണ് കണ്ടത്തിൽ കുടുംബത്തിൻെറ മൂലസ്ഥാനം. യാബോർ, മാർ അപ്രേത്ത് എന്നീ കാദിശന്മാരുടെ നേതൃത്വത്തിൽ കൊടുങ്ങല്ലൂരിൽനിന്നും കായങ്കുളത്ത് എത്തിയവരിൽ പ്രമുഖരായ രണ്ടു കുടുംബക്കാർ കായങ്കുളം രാജാവിൻെറ ആശ്രിതരായി മാറുകയും അദ്ദേഹത്തിൻെറ സഹായത്തോടുകൂടി കായങ്കുളത്ത് കൊല്ലവർഷം 21-ാം ആണ്ടിൽ കാദിശപള്ളി നിർമ്മിക്കുകയും ചെയ്തു. ഈ പള്ളി പണികഴിപ്പിച്ച രണ്ടു കുടുംബങ്ങളുടെ പേര് പരുത്തിമൂട്ടിൽ എന്നും കിളിലേത്ത് എന്നുമായിരുന്നു.[5] പള്ളിയുടെ 'മാറാക്കൈ സ്ഥാനം' രണ്ടു നൂറ്റാണ്ടിൽ കൂടുതൽ ഈ കുടുംബക്കാരുടെ അവകാശമായിരുന്നുവത്രേ. പിന്നീട് പ്രാബല്യത്തിലെത്തിയ രണ്ടുമൂന്നു തറവാട്ടുകാർകൂടി പള്ളിയുടെ മേൽക്കോയ്മസ്ഥാനം ഏറ്റെടുത്തിരുന്നതായി കരുതിപ്പോരുന്നു. കാലക്രമത്തിൽ പരുത്തിമൂട്ടിൽ കുടുംബക്കാർ പല ശാഖകളിലും ഉപശാഖകളിലുമായി രൂപാന്തരപ്പെടുന്നുണ്ടെങ്കിലും അവർ മാറിപ്പോയി താമസമാക്കിയ സ്ഥലങ്ങളിൽ എല്ലാം

പരുത്തിമൂട്ടിൽ എന്ന കുടുംബപ്പേരാണ് സ്വീകരിച്ചിരുന്നത്. ഇതിനർത്ഥം പരുത്തിമൂട്ടിൽ തറവാടാണ് മൂലകുടുംബം എന്നത്രേ.

എന്നാൽ കണ്ടത്തിൽ തറവാടു രൂപംകൊള്ളുന്നതിന്റെ തായ്‌വേരു തേടി പോകുമ്പോൾ മല്ലപ്പള്ളി താലൂക്കിലെ കല്ലൂപ്പാറയിൽ നാമെത്തുന്നു. അവിടെ 'ആറുവീടന്മാർ' എന്ന പ്രശസ്തമായിരുന്നവരിൽ ഒരു കുടുംബക്കാരാണ് വലിയവീടന്മാർ. ഈ കുടുംബത്തിലെ പോത്തൻ എന്നയാൾക്ക് ഏലിയാമ്മ എന്നൊരു പുത്രി മാത്രമേ ഉണ്ടായിരുന്നുള്ളു. മകൾ പ്രായമായപ്പോൾ കായങ്കുളം പരുത്തിമൂട്ടിൽ കുടുംബത്തിൽപ്പെട്ട ഈപ്പനെക്കൊണ്ട് മകളെ വിവാഹം കഴിപ്പിച്ച് ഇയാളെ ദത്തുപുത്രനായി സ്വീകരിച്ചു. എന്നാൽ ദത്തെടുക്കലിനുശേഷം പോത്തന് രണ്ടു പുത്രന്മാർ ജനിച്ചു. എങ്കിലും പോത്തൻ തന്റെ സ്വത്ത് രണ്ടു പുത്രന്മാർക്കും ദത്തു പുത്രനായ ഈപ്പനും സമമായി വിഭജിക്കുകയാണുണ്ടായത്. ഇതാണ് കണ്ടത്തിൽ കുടുംബത്തിന്റെ പൂർവ്വചരിത്രത്തിൽ കായങ്കുളം പരുത്തി മൂട്ടിൽ കുടുംബത്തിന്റെയും കല്ലൂപ്പാറ വലിയവീടിന്റെയും പ്രാധാന്യം.

പരുത്തിമൂട്ടിൽ ഈപ്പനും ഭാര്യ ഏലിയാമ്മയ്ക്കും മൂന്നു പുത്രന്മാരുണ്ടായിന്നു. അവരിൽ മൂന്നാമത്തെയാളുടെ പേരും ഈപ്പൻ എന്നു തന്നെ. ഈപ്പനെ ഇടപ്പള്ളി രാജാവ് തന്റെ കുരുമുളകു മടിശ്ശീലക്കാരനായി നിയമിക്കുകയും തര്യൻ എന്ന സ്ഥാനപ്പേരു നൽകുകയും ചെയ്തു. അങ്ങനെ ഈപ്പൻ കൊച്ചീപ്പൻ തരകനായി അറിയപ്പെട്ടു. അദ്ദേഹത്തിന് ഒരു പുത്രിയും നാലു പുത്രന്മാരും ഉണ്ടായിരുന്നു. ആൺമക്കളിൽ മൂന്നാമനായ മാത്തുള്ളയാണ് കണ്ടത്തിൽ കുടുംബസ്ഥാപകനായ മാത്തുള്ള മാപ്പിള. 1918-ലാണ് കണ്ടത്തിൽ കുടുംബത്തിന്റെ ആവിർഭാവമെന്നു പറയാം. മാത്തുള്ള മാപ്പിള തിരുവല്ല കാഞ്ഞിരക്കാട്ട് കോടിയാട്ടു കുര്യന്റെ പുത്രി മറിയാമ്മയെ വിവാഹം ചെയ്ത്, 1819-ൽ വള്ളങ്കുളത്ത് കണ്ടത്തിൽ വീട്ടിലേക്ക് താമസം മാറ്റുന്നതോടെയാണ് കണ്ടത്തിൽ കുടുംബത്തിന്റെ ആരംഭം. തിരുവല്ലയിൽ പുകയിലയുടെ മൊത്തക്കച്ചവടം നടത്തിയിരുന്ന ഭാര്യവീട്ടുകാരുടെ സംരംഭത്തിൽ അദ്ദേഹവും പങ്കാളിയായി. തുടർന്ന് തിരുവിതാംകൂറിലെ പ്രധാന പുകയിലവ്യാപാരിയായി ഉയരാൻ അദ്ദേഹത്തിനു കഴിഞ്ഞു. കരിമ്പുകൃഷിയിലും പ്രഥമ ഗണനീയനായിമാറി.

1855-ൽ മാത്തുള്ള മാപ്പിള 61-ാം വയസ്സിൽ ഇഹലോകവാസം വെടിയുമ്പോൾ കണ്ടത്തിൽ കുടുംബം മധ്യതിരുവിതാംകൂറിലെ ഏറ്റവും സമ്പന്നമായ സന്തുഷ്ട തറവാടായി വളർന്നുകഴിഞ്ഞിരുന്നു. മൂത്ത പുത്രനായ കറത്താലിൽ ഈപ്പൻ മാപ്പിളയ്ക്ക് അന്ന് 39 വയസ്സായിരുന്നു. ഇക്കാലമായപ്പോഴേയ്ക്കും കണ്ടത്തിൽ തറവാട്ടിൽ ആറു ശാഖകളിലായി

ഏറെ അംഗസംഖ്യയുണ്ടായിരുന്നു. തികഞ്ഞ ഉത്പതിഷ്ണുവും പരിഷ്കർത്താവുമായിരുന്നു ഈപ്പച്ചൻ മാപ്പിള. തൻെറ പിതാവ് വെട്ടിത്തുറന്ന വിദ്യാഭ്യാസത്തിൻെറ വിജയപാതയിലൂടെ നിർവിശങ്കം സഞ്ചരിക്കുവാൻ അദ്ദേഹം സന്താനങ്ങൾക്ക് ഉത്തേജനം നൽകി.

കറത്താലിലെ വലിയ മുതൽപിടിക്കാരൻ എന്നപേരിൽ അദ്ദേഹം പ്രസിദ്ധനായിരുന്നു. തിരുവല്ല താലൂക്കിലെ മുതൽപിടിക്കാരനായി വളരെക്കാലം അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. സ്ഥലത്തെ കാര്യശേഷിയും പ്രമാണിത്വവും ഉള്ളവരെയാണ് മുതൽപിടിക്കാരായി അക്കാലത്ത് നിയമിച്ചിരുന്നത്. പൊതുകാര്യപ്രസക്തനും കാർഷിക വ്യാപാര മേഖലകളിൽ പ്രമുഖനുമായിരുന്ന ഈപ്പച്ചൻ മാപ്പിളയെ തിരുവല്ലയിൽ മുതൽപിടിക്കാരനാക്കുവാൻ തീരുമാനിച്ചുകൊണ്ട് അന്നത്തെ പേഷ്ക്കാരായിരുന്ന രാമരായർ തിരുവനന്തപുരത്തുവന്ന് തന്നെ കാണുവാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടിരുന്നു. ഈപ്പച്ചൻ മാപ്പിള മുതൽപിടിക്കാരൻ ആകുവാൻപോകുന്നു എന്ന വാർത്ത നാട്ടിൽ പരക്കുകയും ചെയ്തു. എന്നാൽ കല്പന അയയ്ക്കുന്നതിനു മുൻപ് ആംഗ്ലിക്കൻ സഭയിലെ ചില മിഷനറിമാരുടെ കടുത്ത ശുപാർശയ്ക്കുവിധേയനായ പേഷ്ക്കാർ മറ്റൊരാളെ നിയമിക്കുകയാണു ചെയ്തത്. സർക്കാർ ജോലിക്കു പോകുവാൻ താല്പര്യമുണ്ടായിരുന്നില്ലെങ്കിൽക്കൂടിയും തന്നെ വിളിച്ചുവരുത്തി അപമാനിച്ചതിൽ അദ്ദേഹത്തിന് ഏറെ കുണ്ഠിതംതോന്നി. പക്ഷെ ഈ അപമാനം അധികകാലം സഹിക്കേണ്ടിവന്നില്ല. കരിമ്പ് ആട്ടി നീരെടുക്കുന്നതിന് മരച്ചക്കുകൾക്കു പകരം ഇരുമ്പുചക്കുകൾ പ്രയോഗത്തിൽ കൊണ്ടുവന്നാൽ കൃഷിക്ക് ഏറെ പ്രോത്സാഹകമാകുമെന്ന് ദിവാൻ മാധവരായർക്കു തോന്നിയിരുന്നു. പക്ഷെ അത് ഉപയോഗിക്കുവാൻ സന്നദ്ധതയുള്ളവരെ അദ്ദേഹം തിരക്കിക്കൊണ്ടിരുന്ന അവസരത്തിലാണ് തിരുവല്ലയിൽനിന്ന് കണ്ടത്തിൽ ഈപ്പൻ എന്ന വലിയ ഒരു കരിമ്പുകൃഷിക്കാരൻ തിരുവനന്തപുരത്ത് എത്തിയിട്ടുണ്ടെന്നും അദ്ദേഹത്തെ ഏല്പിച്ചാൽ ദിവാൻജിയുടെ ഉദ്ദേശ്യം നടപ്പിൽ വരുത്താൻ സാധിക്കുമെന്നും ആരോ ദിവാൻജിയെ അറിയിച്ചത്. ഈപ്പച്ചൻ മാപ്പിളയെ വിളിച്ചുവരുത്തി കരിമ്പുകൃഷിയെയും യന്ത്രച്ചക്കിനെയുമെല്ലാംകുറിച്ച് സംസാരിച്ചപ്പോൾ, ഈപ്പച്ചൻ മാപ്പിളയുടെ തത്സംബന്ധമായ പരിജ്ഞാനവും പ്രവർത്തനപരിചയവും ദിവാനെ ഹഠാദാകർഷിച്ചു. യന്ത്രച്ചക്ക് വാങ്ങാൻ സന്നദ്ധനായ ഈപ്പച്ചനോട് തിരുവനന്തപുരത്ത് വരാനുണ്ടായ കാരണം ദിവാൻജി അന്വേഷിക്കുവാനിടയായി. മുതൽപിടിക്കാരൻെറ ജോലി തരാമെന്ന് പറഞ്ഞശേഷം മിഷനറിമാരുടെ ശുപാർശയ്ക്കു വിധേയനായി പേഷ്കാർ മറ്റൊരാളെ നിയമിച്ച കഥ അദ്ദേഹം ദിവാൻജിയെ ബോധിപ്പിച്ചു. രാജ്യകാര്യങ്ങളിൽ മിഷനറിമാരുടെ ഇടപെടൽ ശരിയല്ലെന്ന്

ബോധ്യമുണ്ടായിരുന്ന ദിവാൻ മാധവരായർ ഉടനെ ഒരു അപേക്ഷ എഴുതി വാങ്ങി മുതൽപിടിക്കാരനായി നിയമിച്ചുള്ള ഉത്തരവ് കൈയോടെ നൽകുകയും ചെയ്തു.[6] വളരെക്കാലം ഈപ്പച്ചൻമാപ്പിള ഈ ജോലിയിൽ വ്യാപൃതനായിരുന്നു. അങ്ങനെയാണ് കറത്താലിൽ വലിയമുതൽപിടിക്കാരൻ എന്ന അപരനാമധേയത്താൽ അദ്ദേഹം അറിയപ്പെടാൻ തുടങ്ങിയത്.

പുരോഗാമിയായ ഈപ്പച്ചൻ മാപ്പിള ഔദ്യോഗിക വിദ്യാഭ്യാസരംഗങ്ങളിലെന്നപോലെ കാർഷിക വ്യാപാരമേഖലകളിലും പരിഷ്കർത്താവായിരുന്നു. മാധവരായർ ദിവാൻജിയുടെ നിർദ്ദേശപ്രകാരം വാങ്ങിയ യന്ത്രച്ചക്കിനേക്കാൾ ആധുനികമായ കരിമ്പാട്ടുചക്കുകൾ മദ്രാസിൽ ഉണ്ടെന്ന് അറിഞ്ഞപ്പോൾ തന്റെ സഹോദരന്മാരോടും പുത്രന്മാരോടുമൊപ്പം മദ്രാസിൽപോയി ഏതാനും ചക്കുകൾ അദ്ദേഹം വിലയ്ക്കെടുക്കുകയും കണ്ടത്തിൽ കുടുംബത്തിലെ ഓരോ ശാഖയ്ക്കും പുതിയ ഓരോ യന്ത്രം നൽകുകയും ചെയ്തു. ക്രാന്തദർശിത്വം പല നല്ല സംരംഭങ്ങളിലും പങ്കുചേരുന്നതിന് അദ്ദേഹത്തിന് പ്രേരണ നൽകിയിരുന്നു. 1882-ൽ തിരുവിതാംകൂറിൽ കമ്പനി നിയമം പ്രാബല്യത്തിൽ വന്നപ്പോൾ അതിന്റെ അടിസ്ഥാനത്തിലാണ് പുനലൂരിൽ ഒരു പേപ്പർമിൽ തുടങ്ങുന്നതിനായി ക്യാമറൂൺ എന്ന സായ്പിന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചത്. കമ്പനി നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത ആദ്യത്തെ സംരംഭമായിരുന്നു പുനലൂർ പേപ്പർ മിൽ ലിമിറ്റഡ്. അക്കാലത്ത് പുതുമ തോന്നുന്നതും സഹകരിക്കുവാൻ പലർക്കും മടിതോന്നുന്നതുമായ നൂതനാശയമായിരുന്നു പ്രൈവറ്റ് കമ്പനി എന്നത്. വളരെപ്പേർ ഈ കമ്പനിയിൽ ഓഹരിയെടുക്കുവാൻ മടിച്ചു മാറിനിന്നപ്പോൾ കാര്യങ്ങൾ മുൻകൂട്ടി കാണാൻ കഴിഞ്ഞിരുന്ന ഈപ്പച്ചൻ മാപ്പിള പുനലൂർ പേപ്പർ മില്ലിന്റെ ഓഹരിയെടുക്കുകയും തന്റെ സഹോദരങ്ങളെക്കൊണ്ടെല്ലാം ഷെയർ വാങ്ങിപ്പിക്കുയും ചെയ്ത് മറ്റുള്ളവർക്ക് മാതൃക കാട്ടി.

---

*മലയാള മനോരമയുടെ ചരിത്രം*

# 3
# കണ്ടത്തിൽ വറുഗീസു മാപ്പിളയുടെ കർമപഥം

ഈപ്പച്ചൻ മാപ്പിളയുടെ നാല് ആൺമക്കളിൽ ഇളയ മകനായിരുന്നു വറീച്ചൻ എന്നു വിളിച്ചിരുന്ന കെ. ഐ. വറുഗീസ് മാപ്പിള (1857 - 1904). സംസ്കൃത ഭാഷാപഠനവും ഇംഗ്ലീഷ് വിദ്യാഭ്യാസവും ക്രിസ്ത്യാനികൾക്ക് അക്കാലത്ത് പതിവില്ലായിരുന്നു. ഹൈന്ദവപുരാണങ്ങളും സംസ്കൃത കാവ്യങ്ങളുംപോലും മതവിശ്വാസത്തെ ഇളക്കം തട്ടിക്കുന്നവയാണെന്നായിരുന്നു അക്കാലത്ത് ധരിച്ചിരുന്നത്. അതിനാൽ ഹൈന്ദവപുരാണങ്ങളോ ഇതിഹാസങ്ങളോ സംസ്കൃതസാഹിത്യമോ എന്തൊക്കെയെന്ന് അറിയുവാനുള്ള ശ്രമംപോലും ക്രൈസ്തവപക്ഷത്തുനിന്നുണ്ടായിരുന്നില്ല. എന്നാൽ സംസ്കൃതാഭ്യസനം തൻെറ സന്താനങ്ങൾക്കു നൽകുവാൻ സന്നദ്ധനായ ഈപ്പച്ചൻ മാപ്പിള വലിയ ഉത്പതിഷ്ണുത്വമാണു കാണിച്ചത്. അങ്ങനെ വറുഗീസ് മാപ്പിളയ്ക്ക് അക്കാലത്ത് ലഭിക്കാവുന്ന ശരിയായ വിദ്യാഭ്യാസം നേടുവാൻ കഴിഞ്ഞു. പണ്ഡിതനായിരുന്ന കുഞ്ഞനാശാൻ എന്ന ഗുരുവിൻെറ ശിക്ഷണത്തിലാണ് വറുഗീസ് മാപ്പിള തൻെറ പഠനങ്ങൾ ആരംഭിച്ചത്. അക്കാലത്ത് പാഠ്യപദ്ധതിക്കനുസൃതമായി നിലത്തെഴുത്ത്, അമരകോശം, സിദ്ധരൂപം, ശ്രീരാമോദന്തം, ശ്രീകൃഷ്ണവിലാസം എന്നിവ അഭ്യസിക്കാൻ കഴിഞ്ഞ അദ്ദേഹത്തിന് കുഞ്ചൻനമ്പ്യാരുടെ ഓട്ടൻതുള്ളലും തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻെറ കിളിപ്പാട്ടും ഹൃദിസ്ഥമാക്കുവാൻ സാധിച്ചിരുന്നു. കുഞ്ഞനാശാൻെറ കീഴിലുള്ള അഭ്യസനം ഹൈന്ദവകാവ്യപ്രപഞ്ചത്തെ അദ്ദേഹത്തിന് പരിചിതമാക്കി. ജന്മനാ കവിതാവാസനയും സാഹിതീകൗതുകവും ഉണ്ടായിരുന്ന വറുഗീസ് മാപ്പിള ബാല്യത്തിൽ തന്നെ സ്വയം രൂപപ്പെടുത്തിയെടുക്കുന്ന പാട്ടുകളും പദ്യങ്ങളും കൂട്ടുകാരെ പാടി കേൾപ്പിക്കുകയും ശീലിനൊത്ത് ചൊല്ലുകയും പതിവാക്കിയിരുന്നു. ഭാഷാപരിചയവും കാവ്യാസ്വാദനവും ആ ബാലമനസ്സിനെ സമ്പന്നമാക്കി.

നാട്ടാശാന്മാരുടെ കീഴിൽനിന്നും അഭ്യസിക്കാവുന്നവ ജിജ്ഞാസയോടുകൂടി പരിശീലിക്കുവാൻ സാധിച്ച അദ്ദേഹത്തിന് ഇതേകാലത്തുതന്നെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുള്ള സന്ദർഭവും സമാഗതമായി. ഹൈന്ദവ

സാഹിത്യദർശനങ്ങളും പുരാണേതിഹാസങ്ങളും എത്ര ശക്തിയോടെയാണോ യാഥാസ്ഥിതിക ക്രൈസ്തവവിഭാഗം വർജ്ജിച്ചിരുന്നത്, അതിനെക്കാൾ ഒട്ടും കുറയാത്ത ശക്തിയോടുകൂടിയ എതിർപ്പായിരുന്നു ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുന്നതിൽ സമുദായത്തിലുണ്ടായിരുന്നത്. സി. എം. എസ്. മിഷനറിമാരാണ് തിരുവിതാംകൂറിലും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻെറ പ്രാരംഭം കുറിച്ചവർ. കോട്ടയം കേന്ദ്രമാക്കി മിഷനറി പ്രവർത്തനം സുഗമമായി നടത്തിക്കൊണ്ടിരുന്ന അവർ തിരുവല്ലയ്ക്കു സമീപമുള്ള തോലശ്ശേരി ഉപകേന്ദ്രമാക്കിയിരുന്നു. അവിടെ മിഷനറിമാർക്ക് താമസത്തിനുള്ള കെട്ടിടത്തോട് അനുബന്ധമായി ഒരു ഇംഗ്ലീഷ് സ്കൂൾ തുറന്നു പ്രവർത്തിക്കുകയും ചെയ്തു. സുറിയാനിക്കാർ ആരും തന്നെ തങ്ങളുടെ കുട്ടികളെ സ്കൂളിൽ അയയ്ക്കാതിരുന്നതിനാൽ അവിടെ വിദ്യാർത്ഥികൾ വളരെ ദുർലഭമായിരുന്നു. ആംഗ്ലിക്കൻ സഭയിലേക്ക് യാക്കോബായക്കാരേയും മറ്റും ആകർഷിച്ചെടുക്കുന്നതിനുവേണ്ടിയുള്ള ഉപാധിയായിട്ടുമാത്രമാണ് ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തെ അവരത്രയും കരുതിപ്പോന്നിരുന്നത്. മതവിശ്വാസത്തിൻെറ പ്രശ്നമായിരുന്നതിനാൽ അതു ലംഘിക്കുവാനുള്ള ചങ്കൂറ്റം അധികംപേർക്ക് ഉണ്ടാകുമായിരുന്നില്ല. പള്ളിയിൽനിന്നുള്ള മുടക്കം മുതൽ സാമൂഹ്യബഹിഷ്കരണം വരെ ഉണ്ടാകുമെന്ന ഭീതികൊണ്ട് തങ്ങളുടെ സന്താനങ്ങളെ ഇംഗ്ലീഷ് പാഠശാലയിലയയ്ക്കുവാൻ ആരും ധൈര്യപ്പെട്ടതുമില്ല. ഈ സമീപനത്തെ ദൂരീകരിക്കുവാനുള്ള ശ്രമങ്ങൾ മിഷനറിമാരുടെ പക്ഷത്തുനിന്നും ആത്മാർത്ഥമായി നടത്തിക്കൊണ്ടിരുന്നു. ആംഗ്ലിക്കൻ സഭയിലെ പുരോഹിതന്മാരിൽ ഒരാളായ ഗീവർഗീസ് പാതിരിയുടെ കൂടെക്കൂടെയുള്ള ഉപദേശം ഇക്കാര്യത്തിലും ഉത്പതിഷ്ണുവായ ഈപ്പച്ചൻ മാപ്പിളയെ സ്വാധീനിച്ചു. വിദ്വാൻ എ. ഡി. ഹരിശർമ്മ, ഗീവർഗീസ് പാതിരിയുടെ ഡയറിക്കുറിപ്പിൽനിന്നും ഒരു ഭാഗം അദ്ദേഹത്തിൻെറ 'കണ്ടത്തിൽ വറുഗീസ് മാപ്പിള' എന്ന ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളതാണ് താഴെ കുറിക്കുന്നത്: "ഇന്ന് കണ്ടത്തിൽ ഈപ്പൻ അളിയനെ കണ്ടു. മക്കളുടെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തെക്കുറിച്ച് സംസാരിച്ചു. ലൗകികമായ ഉത്കർഷത്തിനും ജ്ഞാനസമ്പാദനത്തിനും കുഞ്ഞുങ്ങൾ ദൈവഭക്തിയോടുകൂടി വളർന്നുവരുന്നതിനും അവരെ ഇംഗ്ലീഷ് പഠിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന് ഞാൻ അളിയനെ നിർബന്ധിച്ചു. കുട്ടികളെ തോലശ്ശേരി പള്ളിക്കൂടത്തിൽ അയയ്ക്കാമെന്ന് അളിയൻ സമ്മതിച്ചു." നാട്ടുനടപ്പിനു വിപരീതമായി നാട്ടാശാന്മാരുടെ കീഴിൽ അഭ്യസിക്കുവാൻ തൻെറ കുട്ടികളെ പറഞ്ഞയച്ച ഈപ്പച്ചൻ മാപ്പിള യാഥാസ്ഥിതിക പൗരോഹിത്യത്തോടു കടുത്ത വെല്ലുവിളിയാണ് അക്കാലത്ത് നടത്തിയത്. അതുകൊണ്ട് കുട്ടികൾക്ക് ഗുണമേ ഉണ്ടായിട്ടുള്ളുവെന്ന് ബോധ്യപ്പെട്ടിരുന്ന അദ്ദേഹം ഇംഗ്ലീഷ് സ്കൂളിൽ പഠിക്കുന്നത്

ലൗകികമായ ഉത്കർഷത്തിനും ജ്ഞാനസമ്പാദനത്തിനും ആവശ്യമാണെന്ന ഗീവർഗീസ് കത്തനാരുടെ ഉപദേശം കേട്ടപ്പോൾ അത് സ്വീകരിക്കുവാൻ തയ്യാറായത് അദ്ദേഹത്തിനുണ്ടായിരുന്ന പുരോഗമനേച്ഛയുടെയും വലിയ മനസ്സിൻെറയും നിദർശനമാണ്. കറത്താലിൽ വലിയ മുതൽപിടിക്കാരൻ ഈപ്പച്ചൻ മാപ്പിള പ്രദർശിപ്പിച്ച ഈ ധൈര്യം മറ്റു ചിലർക്കുകൂടി ഇതേവിധം പ്രവർത്തിക്കുവാൻ ഉത്തേജകവുമായി.

അങ്ങനെയാണ് വറീച്ചൻ തോലശ്ശേരി പള്ളിക്കൂടത്തിൽ ആംഗ്ലേയ ഭാഷാഭ്യസനം ആരംഭിക്കുന്നത്. കൂടെ പഠിക്കുവാൻ മൂന്നുനാലുപേർ ഉണ്ടായിരുന്നു. ഇവിടുത്തെ പഠിപ്പ് തീർന്നതോടെ കോട്ടയം സി. എം. എസ്. ഹൈസ്കൂളിൽ വറീച്ചനും സഹോദരൻ ഈപ്പനും ചേർന്നു പഠനം തുടർന്നു. അവിടെനിന്ന് മെട്രിക്കുലേഷൻ പാസ്സായശേഷം തിരുവനന്തപുരത്ത് ഉന്നതപഠനത്തിനായി കോളജിൽ പോയി. കണക്കിൽ തീരെ മോശമായിരുന്നതുകാരണം എഫ്. ഏ. പരീക്ഷയ്ക്ക് രണ്ടുപ്രാവശ്യം പരാജയമടഞ്ഞു. എന്നാൽ കോളജ് ജീവിതകാലത്തും കവിതാരചന അഭംഗുരം നടത്തിക്കൊണ്ടിരുന്നതിനാൽ സഹപാഠികളത്രയും അദ്ദേഹത്തെ 'കവിതക്കാരൻ' എന്നാണു വിളിച്ചിരുന്നത്. അധ്യാപകന്മാരിൽ പലരും ഇതേ പേരുപറഞ്ഞ് അനുമോദിക്കുമായിരുന്നു. സാഹിത്യാഭിരുചിയോ ഭാഷാസ്വാധീനമോകൊണ്ടു മാത്രം എഫ്. ഏ. പരീക്ഷ കടന്നുകൂടുവാൻ കഴിയില്ലെന്നു ബോധ്യമായതോടെ കലാലയജീവിതം അവസാനിപ്പിച്ച് അദ്ദേഹം നാട്ടിലേക്കു മടങ്ങി.

കൃഷിയിലോ കച്ചവടത്തിലോ ഒട്ടും താല്പര്യമില്ലാതിരുന്ന അദ്ദേഹത്തിൻെറ മനസ്സ് തന്നിൽ കുടികൊള്ളുന്ന സാഹിത്യാഭിരുചിയെ പുഷ്ക്കലമാക്കുവാൻ പ്രേരിതമായി. ഇക്കാലത്താണു വിലപട്ടത്തു രാഘവൻ നമ്പ്യാരുടെ കീഴിൽ സംസ്കൃതം പഠിക്കുന്നത്. അതോടൊപ്പം അന്ന് കിട്ടാവുന്ന പുസ്തകങ്ങൾ വായിക്കുവാനും മനനം ചെയ്യുവാനും ഉത്സുകനായ ഈ സാഹിതീഭക്തന് കഴിഞ്ഞു. ഹൈന്ദവപുരാണകഥകളും പഞ്ചതന്ത്രവും മറ്റനവധി ഹൈന്ദവസാഹിത്യകൃതികളും അദ്ദേഹം വായിച്ചു പഠിച്ചിരുന്നു. അദ്ദേഹത്തിൻെറ സാഹിത്യാഭിരുചിയെ വികസ്വരമാക്കുവാൻ ഈ വായനയും പഠിപ്പും ഏറെ പ്രയോജനകരമായിത്തീർന്നു. കവിതാരചനയ്ക്ക് പുറമെ ഇക്കാലത്ത് അദ്ദേഹം വിരചിച്ച 'ദർപ്പവിച്ഛേദം' എന്ന ആട്ടക്കഥ വളരെ പ്രസിദ്ധമാണ്. അത്തരം ഒരാട്ടക്കഥ രചിച്ച് സ്വന്തം നേതൃത്വത്തിൽ അത് അരങ്ങേറ്റം നടത്താൻ അക്കാലത്ത് ഒരു ക്രിസ്ത്യാനി യുവാവ് ധൈര്യം കാണിച്ചുവെന്നതും അതിനുവേണ്ട സകല പ്രേരണയും നൽകുവാൻ സ്വന്തം പിതാവ് തയ്യാറായിയെന്നതും ഇന്നും ആശ്ചര്യത്തിനു വക നൽകുന്ന കാര്യങ്ങളാണ്.

ഹൈന്ദവപുരാണങ്ങൾ അറിയുന്നതും പഠിക്കുന്നതും നിഷിദ്ധമായി ക്രൈസ്തവ പൗരോഹിത്യം പ്രഖ്യാപിച്ചിരുന്ന ആ കാലഘട്ടത്തിൽ ഇവിടെ നടന്നത് വലിയൊരു വിപ്ലവംതന്നെയായിരുന്നു. മാലിയിൽ നാരായണപ്പണിക്കർ ഉൾപ്പെടെ തിരുവല്ലയിലുണ്ടായിരുന്ന കഥകളിയോഗക്കാരാണ് 'ദർപ്പവിച്ഛേദം' അഭിനയിച്ചത്. അതാകട്ടെ ഗ്രന്ഥകർത്താവിന്റെ വാസസ്ഥലത്തുവച്ചും. തീർത്തും ഹൈന്ദവപുരാണത്തിലധിഷ്ഠിതമായ ഇതിന്റെ ഇതിവൃത്തം ഇതാണ്: ശ്രീകൃഷ്ണന്റെ ഭാര്യ രുഗ്മിണിക്ക് താനാണ് മറ്റാരെക്കാളും സുന്ദരിയെന്ന ഭാവമുണ്ടായിരുന്നതുപോലെ മഹാവിഷ്ണുവിന്റെ വാഹനമായ ഗരുഡനും തന്നോളം ശക്തൻ ആരുമില്ലെന്ന ഗർവ്വം നിലനിന്നിരുന്നു. ഇവർ ഇരുവരുടെയും അഹന്ത ഇല്ലാതാക്കുന്നത് സത്യഭാമയും ഹനുമാനുമാണ്. കഥയുടെ കാതലായ അംശം അത് ഉദീരണം ചെയ്യുന്ന സാരോപദേശമാണ്. വറുഗീസ് മാപ്പിളയെ ഒരു പക്ഷെ ആകർഷിച്ചതും ഈ അംശം തന്നെയാകാനാണ് സാദ്ധ്യത. രചനയിലും സംവിധാനത്തിലും മറ്റേതൊരു കഥകളിയോടുമൊപ്പം നിൽക്കുവാനുള്ള ആർജ്ജവം ദർപ്പവിച്ഛേദത്തിന് ഉണ്ടായിരുന്നതായി തത്സംബന്ധമായി എഴുതിയിട്ടുള്ള എല്ലാവരുംതന്നെ പ്രശംസിച്ചിട്ടുള്ളതാണല്ലോ. ഇവിടെ ഊന്നിപ്പറയേണ്ട കാര്യം, ഇത്തരമൊരു ആട്ടക്കഥ നൂറു നൂറ്റിയിരുപതു കൊല്ലം മുൻപ് ഒരു ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനി വിരചിച്ചു എന്നതിലുപരി ദേവന്റെയും അസുരന്റെയും മറ്റു പുരാണ കഥാപാത്രങ്ങളുടെയും വേഷംകെട്ടി ചെണ്ട, മദ്ദളം തുടങ്ങിയവയോടുകൂടി സ്വവസതിയിൽ അരങ്ങേറ്റം നടത്തിയെന്നതാണ്.

ഇത്തരം സാഹിത്യപ്രവർത്തനങ്ങളിൽ പൂർണ്ണമായും മുഴുകിയിരുന്ന സന്ദർഭത്തിലാണ് കൊച്ചിയിൽനിന്നു പുതുതായി ആരംഭിക്കുവാൻ പോകുന്ന 'കേരളമിത്രം' പത്രത്തിന്റെ ആധിപത്യം സ്വീകരിക്കുവാനുള്ള ക്ഷണം അദ്ദേഹത്തിനു ലഭിക്കുന്നത്. ചെറുപ്രായത്തിൽ കൊച്ചിയിലെത്തിയ ഒരു ഗുജറാത്തി ബാലൻ സ്വപ്രയത്നംകൊണ്ട് വലിയൊരു വ്യാപാര പ്രമുഖനായി മാറുന്നു. ദേവജി ഭീമജിയെന്ന ഈ വ്യവസായിക്ക് മലയാളം അത്ര വശമായിരുന്നില്ലെങ്കിലും ഭാഷയിൽ പത്രം തുടങ്ങണമെന്ന ആഗ്രഹം കലശലായിരുന്നു. കൊച്ചിയിലെ പോസ്റ്റ് ഓഫീസിൽ ജോലിയുണ്ടായിരുന്ന കൊച്ചുവർക്കിയെന്ന തന്റെ സ്നേഹിതനോട് ഒരു മലയാള വർത്തമാനപത്രം തുടങ്ങിയാൽ കൊള്ളാമെന്നുള്ള അഭിലാഷം അറിയിക്കുകയും സമർത്ഥനായ ഒരാളെ പത്രാധിപരായി ലഭിക്കുവാൻ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. കൊച്ചുവർക്കി വറുഗീസ് മാപ്പിളയുടെ സഹപാഠിയും കോവൂർ കുടുംബാംഗവും ആയിരുന്നു. കവിതക്കാരനെന്നു പ്രസിദ്ധനായിരുന്ന വറീച്ചൻ പത്രാധിപസ്ഥാനത്തേയ്ക്ക് ഏറ്റവും പറ്റിയ ആളാണെന്ന് അദ്ദേഹം തന്റെ സുഹൃത്തായ

ദേവജി ഭീമജിയെ അറിയിച്ചു. പിന്നെ അധികം താമസമുണ്ടായില്ല. കൊച്ചുവർക്കിയുടെ നിർദ്ദേശം സ്വീകരിച്ച് വറുഗീസ് മാപ്പിളയെ പത്രാധിപരായി നിയമിച്ചു. പ്രതിവാരപത്രമായിട്ടാണ് 'കേരളമിത്രം' വിഭാവനം ചെയ്തിരുന്നത് 1881 ജനുവരി ഒന്നാംതീയതി മുതൽ കേരളമിത്രം വറുഗീസ് മാപ്പിളയുടെ ആധിപത്യത്തിൽ പുറത്തിറങ്ങി. വറുഗീസ് മാപ്പിള പത്രാധിപരാവുന്ന ആ കാലത്ത് ഒരുപത്രം നടത്തിക്കൊണ്ടുപോകുകയെന്നത് ഏറെ ദുഷ്കരമായിരുന്നു. വരിക്കാരുണ്ടാകണം. ലേഖകരെ ലഭിക്കണം. വർത്തമാനപ്ത്രത്തിന്റെ ആവശ്യത്തെപ്പറ്റി അറിയുന്നവർ ദുർലഭം. പത്രവായന പരക്കെ അംഗീകരിക്കപ്പെട്ടിരുന്നില്ല. വാർത്തകൾ ശേഖരിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. എഴുത്തുകാരെ കണ്ടുപിടിക്കണം. ഗദ്യമെഴുതുന്നവർ തീരെ ദുർലഭം. എല്ലാം പദ്യത്തിലായിരുന്നു കൈകാര്യം ചെയ്തിരുന്നത്; എഴുത്തുകൾപോലും. അല്പാല്പം വിദ്യാഭ്യാസം സിദ്ധിച്ചവരാകട്ടെ ഇംഗ്ലീഷ് പത്രങ്ങൾ വായിക്കുന്നതാണ് അന്തസ്സിനു യോജിച്ചതെന്ന് കരുതിയിരുന്നു. വായന തീരെ ഇല്ലാതിരുന്ന അത്തരം സാഹചര്യത്തിലാണ് വറുഗീസ് മാപ്പിള ഈ വെല്ലുവിളി സ്വീകരിച്ച് കേരളമിത്രത്തിന്റെ പത്രാധിപരാകുന്നത്.

പൊതുജനങ്ങളുടെയിടയിലെ അഭിപ്രായമെന്തെന്ന് മനസ്സിലാക്കി അതു ഭരണാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുവാനാണ് വറുഗീസ് മാപ്പിള 'കേരളമിത്ര'ത്തിലൂടെ ശ്രമിച്ചത്. ഭരണകാര്യങ്ങളെപ്പറ്റി പൊതുജനങ്ങൾക്കുള്ള അഭിപ്രായം തുറന്നുപറയുവാൻ കഴിയാതിരുന്ന സമയമായിരുന്നു അത്. സ്ഥലത്തെ പ്രമാണിമാരുടെ തീരുമാനങ്ങൾക്കനുകൂലമായിട്ടാണ് അവിടുത്തെ നാട്ടുകാരും തീരുമാനങ്ങൾ എടുത്തിരുന്നത്. ഇത്തരം സാഹചര്യത്തിൽ പൊതുജനങ്ങൾക്കിടയിൽ ഇറങ്ങിച്ചെന്ന് അവരുടെ വർത്തമാനങ്ങൾ ശേഖരിച്ചു പ്രസിദ്ധീകരിച്ചതിലും അവയിൽ ചിലത് ഭരണാധികാരികൾക്കു രസിക്കാത്തവയായിരുന്നതിനാലും ചിലരുടെ അപ്രീതിക്ക് പാത്രമാവേണ്ടിവന്നു. രാജ്യകാര്യവിമർശനങ്ങൾക്കുതന്നെയാണ് വറുഗീസ് മാപ്പിള 'കേരളമിത്ര'ത്തിൽ പ്രാധാന്യം നൽകിയിരുന്നത്. വാർത്തകൾ ശേഖരിക്കാൻ പത്രാധിപർ സ്വയം എറണാകുളത്തേയ്ക്കു പോയി. ഭാഷാപണ്ഡിതന്മാരായ തന്റെ സ്നേഹിതന്മാരോടു പത്രത്തിലേക്കു വേണ്ട പംക്തികൾ തയ്യാറാക്കി അയയ്ക്കുവാൻ നിർദ്ദേശിച്ചിരുന്നു. തെറ്റുകൂടാതെ വാർത്തകൾ പ്രസിദ്ധീകരിക്കുവാൻ പത്രാധിപർ പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു.

തീവ്രമായ പരിശ്രമംകൊണ്ടാണ് 'കേരളമിത്ര'ത്തെ പൊതുജനശ്രദ്ധ ആകർഷിക്കത്തക്കവിധം അദ്ദേഹം വളർത്തിയെടുത്തത്. ഭരണവൃത്താന്തം ശേഖരിച്ച് പ്രസിദ്ധപ്പെടുത്തിയതിലൂടെ ഭരണവൈകല്യങ്ങളെ ചൂണ്ടിക്കാണിക്കുകയും ആവശ്യമായ മാറ്റങ്ങൾക്കുവേണ്ടി അഭ്യർത്ഥിക്കു

കയും ചെയ്തു. ഉദ്യോഗസ്ഥന്മാരെ അന്യായമായി കുറ്റപ്പെടുത്തുന്ന പ്രവണതയെ അദ്ദേഹം നിരുത്സാഹപ്പെടുത്തി. അവർചെയ്യുന്ന ജനവിരുദ്ധ പ്രവൃത്തികളെ ചൂണ്ടിക്കാണിച്ച് അവയ്ക്ക് പരിഹാരം വേണമെന്ന് അപേക്ഷിക്കുകയാണ് അദ്ദേഹം ചെയ്തിരുന്നത്. ഉദ്യോഗസ്ഥന്മാരുടെ വിരോധം ഒഴിവാക്കുവാനും അതേസമയം അവരുടെ വീഴ്ചകളെ തിരുത്തുവാനും ഈ നയം സഹായകമായിത്തീർന്നു. വാർത്തകൾ ശേഖരിക്കുന്നതിനും ലേഖകന്മാരെ കണ്ടുപിടിക്കുന്നതിനുമായി പട്ടണങ്ങളിലും നാട്ടിൻപുറങ്ങളിലും അദ്ദേഹം നിരന്തരം സഞ്ചരിച്ചു. എഴുതാൻ കഴിയുന്നവരുമായി കണ്ടുമുട്ടുമ്പോഴൊക്കെ 'കേരളമിത്ര'ത്തിൽ എഴുതണമെന്നു ശാഠ്യമായി അദ്ദേഹം ആവശ്യപ്പെട്ടിരുന്നതിൻെറ ഫലമായി തുടക്കത്തിൽ അറച്ചറച്ചുനിന്നിരുന്ന പലരും പിന്നീട് പ്രസിദ്ധരായ എഴുത്തുകാരായിമാറിയിട്ടുണ്ട്. പദ്യത്തിലായിരുന്നു അന്ന് എല്ലാ സാഹിത്യരചനകളും നടത്തിയിരുന്നത്. ഗദ്യമെഴുതുന്നവർ തീരെ ഉണ്ടായിരുന്നില്ലെന്നുതന്നെ പറയാം. പത്രത്തിൻെറ പ്രചാരത്തിനും നിലനില്പിനും പദ്യകൃതികൾക്ക് പ്രാമുഖ്യം കൊടുക്കേണ്ടത് ആവശ്യമാണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. സമസ്യാപൂരണവും കവിതാമത്സരവും 'കേരളമിത്ര'ത്തിൽ സ്ഥലംപിടിച്ചത് അങ്ങനെയാണ്. കുഞ്ഞിക്കുട്ടൻ തമ്പുരാൻ തുടങ്ങി പലരുടെയും കവിതകൾ 'കേരളമിത്ര'ത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പുസ്തകനിരൂപണം ആദ്യമായി ആരംഭിച്ചത് 'കേരളമിത്ര'ത്തിലൂടെ വറുഗീസ് മാപ്പിളയാണ്. അക്കൂട്ടത്തിൽ സ്മരണീയമായിട്ടുള്ളത് കേരളവർമ്മ വലിയകോയിത്തമ്പുരാൻെറ ശാകുന്തളം തർജ്ജമയ്ക്ക് വറുഗീസ് മാപ്പിള നടത്തിയ വിമർശനം ആണ്. വറുഗീസ് മാപ്പിളയുമായി കേരളവർമ്മ പരിചയപ്പെടുന്നത് ഇതിലൂടെയാണ്. അവർ തമ്മിൽ ഉണ്ടായ അഭേദ്യമായ സൗഹൃദം ഭാഷയ്ക്കും സാഹിത്യത്തിനും എത്രമാത്രം ഉപകരിച്ചുവെന്ന് പിന്നീടുള്ള അവരുടെ കൂട്ടായ പ്രയത്നത്തിൽനിന്നും മനസ്സിലാക്കാം.

അക്കാലത്ത് തിരുവല്ലയിൽനിന്നു വള്ളത്തിൽ യാത്ര അപായകരവും ബുദ്ധിമുട്ടേറിയതുമായിരുന്നു. കൊച്ചിയിൽ ഓരോ പ്രാവശ്യം വന്നുപോകുമ്പോഴും വൃദ്ധയായ മാതാവിന് ഇത് ഏറെ ഉത്കണ്ഠ ഉണ്ടാക്കിയിട്ടുണ്ട്. കുടുംബസമേതം കൊച്ചിയിൽ വന്ന് താമസിക്കാൻ മതിയായ ശമ്പളം ഇല്ലാതിരുന്നതിനാൽ അടുപ്പിച്ചുള്ള യാത്ര ഒഴിവാക്കാനും അസാധ്യമായിരുന്നു. ഒരു വർഷത്തെ പത്രപ്രവർത്തനംകൊണ്ട് 'കേരളമിത്ര'ത്തിന് പൊതുജനമദ്ധ്യേ നല്ല പ്രചാരം നേടാൻ കഴിഞ്ഞിരുന്നു. ആത്മസംതൃപ്തിയോടുകൂടി ഒരു കൊല്ലത്തിനുശേഷം വറുഗീസ് മാപ്പിള പത്രാധിപസ്ഥാനമൊഴിഞ്ഞു നാട്ടിലേക്കു മടങ്ങുകയാണ് ചെയ്തത്. കഠിനശ്രമം നടത്തിയിട്ടാണെങ്കിലും താൻ ഏറ്റെടുത്ത ജോലി തൃപ്തികരമായി നടത്തുവാൻ

കഴിഞ്ഞത് പിന്നീട് പത്രപ്രവർത്തനരംഗത്ത് അദ്ദേഹത്തിന് മാർഗ്ഗദർശകമായി.

നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹത്തിൻെറ മനസ്സിൽ സ്വന്തമായി ഒരു പത്രം നടത്തണമെന്ന ആഗ്രഹം നാമ്പിട്ടുകഴിഞ്ഞിരുന്നു. ഈ ആഗ്രഹത്തോടെയിരിക്കുമ്പോഴാണ് താൻ തീരെ ഇഷ്ടപ്പെടാത്ത മുതൽപിടിക്കാരൻെറ ജോലി ഏറ്റെടുക്കേണ്ടതായിവരുന്നത്. പിതാവ് ഈപ്പച്ചൻ മാപ്പിളയുടെ നിർബന്ധത്തിനു വിധേയമായിട്ടാണ്, ചെങ്ങന്നൂരിൽ അക്കാലത്ത് ഒഴിവുവന്ന ഈ തസ്തിക അദ്ദേഹം സ്വീകരിച്ചത്. ഈ ജോലിയിലുള്ള അതൃപ്തി തൻെറ സ്നേഹിതന്മാരുമായുള്ള സംഭാഷണത്തിലും അവർക്കെഴുതിയിട്ടുള്ള കത്തുകളിലും വളരെ പ്രകടമായിരുന്നു.

"കൈകൊണ്ടോ മനസ്സുകൊണ്ടോ പണം എണ്ണുവാൻ ഇഷ്ടപ്പെടാത്ത ആളായിരുന്നു അദ്ദേഹം" എന്ന് കെ. എം. മാത്യു എഴുതിയിട്ടുള്ള പരമാർത്ഥം മനസ്സിലാക്കുമ്പോഴാണ് മുതൽപിടിക്കാരൻെറ പണി അദ്ദേഹത്തെ എത്രമാത്രം പ്രയാസപ്പെടുത്തിയിരിക്കണം എന്ന് മനസ്സിലാവുന്നത്. മാനസികമായ ഈ അങ്കലാപ്പിൽനിന്നും അദ്ദേഹം അഭയം തേടിയത് കാവ്യരചനയിലും ഗ്രന്ഥപാരായണത്തിലുമാണ്. ഇക്കാലത്തു തന്നെയാണ് ചെങ്ങന്നൂർ, പുത്തൻകാവ് തുടങ്ങിയ പ്രദേശങ്ങളിലെ ക്രൈസ്തവ യുവാക്കളെ ചേർത്ത് 'സദാചാര സാഹോദരസംഘം' എന്നൊരു സംഘടന രൂപീകരിച്ച് സാമൂഹ്യപ്രവർത്തനം നടത്തുന്നതിലും അദ്ദേഹം വ്യാപൃതനാവുന്നത്. യുവാക്കളിൽ ദൈവവിശ്വാസവും ധർമ്മബോധവും അങ്കുരിപ്പിക്കുക, അശരണരേയും അഗതികളേയും കാരുണ്യപൂർവ്വം സഹായിക്കുക, സന്മാർഗ്ഗ സദാചാര മൂല്യങ്ങൾക്കനുസൃതമായി ജീവിക്കുക, ഇവയ്ക്കുവേണ്ട പ്രബോധനങ്ങളും പ്രഭാഷണങ്ങളും നൽകി അംഗങ്ങളെ പ്രബുദ്ധരാക്കുക എന്നിവയൊക്കെയായിരുന്നു ഈ സംഘത്തിൻെറ പ്രധാന പ്രവർത്തനങ്ങൾ. സമുദായത്തിൽ ഇഴുകിച്ചേർന്നിരുന്ന അന്ധവിശ്വാസജടിലമായ അനാചാരങ്ങളെ ഉന്മൂലനം ചെയ്യുവാനുള്ള ശ്രമങ്ങളും വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കേണ്ടതിൻെറ അനിവാര്യതയുമെല്ലാം ബോധവത്കരണത്തിലൂടെ ഉളവാക്കുക, അംഗങ്ങളെ പ്രവർത്തനനിരതരാക്കുക ഇത്യാദി സാമൂഹ്യസേവനങ്ങൾ ഈ സംഘത്തിനും നേതൃത്വം കൊടുത്തുകൊണ്ട് അദ്ദേഹം നിർവ്വഹിച്ചിട്ടുണ്ട്. കൂട്ടായ ശ്രമഫലമായി സംഘത്തിന് ഒരു കെട്ടിടമുണ്ടാക്കുവാനും അതിൽ ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിക്കുവാനും സംഘത്തിനു സാധിച്ചു. ഈ സ്കൂളാണ് പിൽക്കാലത്ത് ചെങ്ങന്നൂർ ഇംഗ്ലീഷ് ഹൈസ്കൂളായിത്തീർന്നത്. സംഘാംഗങ്ങൾ എല്ലാവരുംതന്നെ പേരിനോടൊപ്പം മാപ്പിളയെന്ന സ്ഥാനപ്പേരുകൂടി ചേർക്കണമെന്ന് തീരുമാനിച്ചതിൻെറ ഫലമാ

യിട്ടാണ് 'മാപ്പിള' എന്ന സ്ഥാനപ്പേര് ഉപയോഗിക്കുവാൻ തുടങ്ങിയത് എന്നാണ് കരുതിപ്പോരുന്നത്.

സാഹിത്യപരവും വിദ്യാഭ്യാസപരവും സമുദായപരവുമായപ്രവർത്തനങ്ങൾ അദ്ദേഹത്തിന് ഏറെ സന്തോഷവും ആശ്വാസവും നൽകിയിരുന്നു. മുതൽപിടിക്കാരൻെറ ജോലിയിൽനിന്നും മനസ്സിനെ മോചിപ്പിക്കാനും ഉല്ലാസത്തിൻേറതായ ഇത്തരം രംഗത്തു കൂടുതൽ വിഹരിക്കുവാനുമാണ് അദ്ദേഹം ആഗ്രഹിച്ചത്. അപ്പോഴാണ് കോട്ടയം സി. എം. എസ്. ഹൈസ്കൂളിൽ മലയാളം മുൻഷിയുടെ തസ്തിക ഒഴിവുണ്ടെന്നറിഞ്ഞത്. അദ്ദേഹം അവിടെ ചേർന്നു. സ്വന്തമായി ഒരു പത്രം നടത്തുവാനുള്ള ഉൽക്കടമായ ആഗ്രഹം അദ്ദേഹത്തെ മാനസികസംഘർഷത്തിനു വിധേയനാക്കിയിരുന്നു. തൻെറ സുഹൃത്തുക്കളുമായി ഇതു സംബന്ധിച്ച് സംസാരിച്ചിട്ടുള്ളപ്പോഴൊക്കെ തന്നെ അവരത്രയും പ്രോത്സാഹകമായ സഹായ സഹകരണങ്ങൾ വാഗ്ദാനം ചെയ്യുകയുമുണ്ടായി. വരിക്കാരെ ഉണ്ടാക്കുന്നതിനും പത്രത്തിന് ആവശ്യമായ ഒരു പ്രസ്സ് സംഘടിപ്പിക്കുന്നതിനും സഹകരിക്കുവാൻ പലരും സന്നദ്ധരായി. പത്രം തുടങ്ങുന്നതിനു മുമ്പ് പ്രസ്സ് സ്വന്തമായുണ്ടായാൽ മാത്രമേ കാര്യങ്ങൾ മുന്നോട്ടുനീങ്ങൂയെന്ന് കുശാഗ്രബുദ്ധിയായ വറുഗീസ് മാപ്പിളയ്ക്ക് അറിയാമായിരുന്നു.

## മലയാള മനോരമയുടെ പിറവി

നൂതനമായ പ്രസ്ഥാനം എന്തുതന്നെയാണെങ്കിലും അതിന് നേതൃത്വം കൊടുത്തിട്ടുള്ള ക്രാന്തദർശികൾ വിജയിച്ചിട്ടുണ്ടെങ്കിൽ അതിന് അടിസ്ഥാനം നേതൃത്വത്തിൻെറ മഹിമതന്നെയാണ്. അതുവരെ ആരും ചിന്തിച്ചിട്ടുപോലുമില്ലാതിരുന്ന ഒരു പബ്ലിക്ക് ലിമിറ്റഡ് കമ്പനി രജിസ്റ്റർ ചെയ്ത് പൊതുജനസഹകരണത്തോടെ ഒരു പ്രസ്സും പത്രവും ആരംഭിക്കുവാനായി അദ്ദേഹം കാണിച്ച ചങ്കൂറ്റം ഇന്നുള്ളവർക്കു പെട്ടെന്നു മനസ്സിലാക്കുവാൻ പ്രയാസമാണ്. തിരുവിതാംകൂറിൽ കമ്പനിനിയമം നടപ്പിലാക്കുന്നതു തന്നെ 1882ലാണല്ലോ. അതാകട്ടെ സർക്കാർ സഹകരണത്തോടെ സ്ഥാപിക്കാൻ ഉദ്ദേശിച്ച പുനലൂർ പേപ്പർ മിൽ കമ്പനിയുടെ രജിസ്ട്രേഷനു വേണ്ടിയായിരുന്നു. കടലാസുണ്ടാക്കുന്നതിനുവേണ്ടി സ്ഥാപിച്ച ഈ കമ്പനിയുടെ നേതൃത്വം കാമറൂൺ എന്ന സായ്പാണ് ഏറ്റെടുത്തിരുന്നത്. കമ്പനി നിയമം അനുസരിച്ച് തിരുവിതാംകൂറിൽ രജിസ്റ്റർ ചെയ്ത ആദ്യത്തെ പബ്ലിക്ക് ലിമിറ്റഡ് കമ്പനിയായിരുന്നു ഇത്. ഓഹരി ഒന്നിനു നൂറു രൂപവീതം നൂറോഹരി വിറ്റ് പതിനായിരം രൂപ മൂലധനമുണ്ടാക്കുകയായിരുന്നു ലക്ഷ്യം. ഓഹരിവിലയായ നൂറുരൂപ ഇരുപത്തഞ്ചു രൂപവീതം നാലു ഗഡുക്കളായി അടച്ചാൽ മതിയെന്നായിരുന്നു നിശ്ചയം. പുനലൂർ

കമ്പനിയുടെ നിയമാവലി മാതൃകയാക്കിക്കൊണ്ടായിരുന്നു മലയാള മനോരമ കമ്പനിയുടെ നിയമാവലി തയ്യാറാക്കിയത്. കണ്ടത്തിൽ കുടുംബയോഗത്തിൻെറ പേരിൽ ആറ് ഓഹരികൾ പിതാവ് ഈപ്പച്ചൻ മാപ്പിളതന്നെ എടുത്തിരുന്നു. ഓഹരിയെടുത്തു സഹായിക്കുവാൻ മുന്നോട്ടു വന്നവരിൽ മാർ ദിവന്ന്യാസ്യോസ് മെത്രാപ്പോലീത്താ, മറിയപ്പള്ളി വലിയതമ്പുരാൻ തുടങ്ങിയവർ ഉൾപ്പെടുന്നു. ഓഹരി വിറ്റഴിക്കുവാൻ അധികം പ്രയാസം നേരിട്ടില്ല. തൽഫലമായി മലയാള മനോരമ ലിമിറ്റഡ് കമ്പനി 1888-ൽ രജിസ്റ്റർ ചെയ്യുവാൻ സാധിച്ചിരുന്നു. തിരുവിതാംകൂറിൽ രജിസ്റ്റർ ചെയ്യപ്പെട്ട രണ്ടാമത്തെ കമ്പനിയായിരുന്നു ഇത്. മലയാള മനോരമ കമ്പനിയെ ആസ്പദമാക്കി 1890 മേയ് 24-ാം തീയതി എഴുതിയ മുഖപ്രസംഗത്തിൽ ഇങ്ങനെ കാണാം: "തിരുവിതാംകൂർ പ്രജാക്ഷേമത്തെ ഉദ്ദേശിച്ച് കൂട്ടുകച്ചവടയോഗം റഗുലേഷൻ ഈ സംസ്ഥാനത്തു നടപ്പാക്കിയ ദിവാൻ രാമരായർ അവർകളുടെ പ്രവൃത്തിയുടെ ഒന്നാമത്തെ ഫലമായി പുറപ്പെട്ടത് പുനലൂർ സ്ഥാപിച്ചു നടത്തിവരുന്ന തിരുവിതാംകൂർ കടലാസ്സ് യന്ത്രകമ്പനിയും രണ്ടാമത്തേത് മലയാള മനോരമ കമ്പനിയുമാണ്.

"കടലാസുകമ്പനി, കമ്പനി ഏർപ്പാടുകളിൽ ധാരാളം പരിചയവും ഉത്സാഹവുമുള്ള ചില കച്ചവടക്കാരുണ്ടാക്കിയതും സംഗതിയുടെ ഗൗരവം കൊണ്ടും മറ്റും ഇതേവരെ വേല നടപ്പായിട്ടില്ലാത്തതുമാണ്. നമ്മുടെ കമ്പനിക്ക് സ്വയമായി ഏർപ്പെടുത്തിയതിൽ ഒന്നാമത്തേതാണെന്നുള്ള ഒരു യോഗ്യതയോടുകൂടി, നമ്മുടെ ഓഹരിക്കാരുടെയും യോഗ്യന്മാരായ ചില ആളുകളുടെയും പ്രബലമായ സഹായത്താൽ രണ്ടാമതു രജിസ്റ്റർ ചെയ്യപ്പെട്ടതാണെങ്കിലും ഒന്നാമതു വേല നടപ്പായിത്തുടങ്ങിയതെന്നു കൂടി ഒരു വിരുതു സിദ്ധിച്ചിരിക്കുന്നതിനെക്കുറിച്ചു സാമാന്യത്തിലധികം കൃതാർത്ഥതയുണ്ട്." പുനലൂർ പേപ്പർമിൽ ഒന്നാമതായി രജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും രണ്ടാമതു രജിസ്റ്റർ ചെയ്ത മലയാള മനോരമ കമ്പനിയ്ക്കാണ് ആദ്യമായി പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചത്. എന്നതിനാൽ മലയാള മനോരമ കമ്പനിയെ വേണമെങ്കിൽ തിരുവിതാംകൂറിൽ ആദ്യമായി പ്രവർത്തനത്തിലെത്തിയ ഒന്നാമത്തെ രജിസ്ട്രേഡ് കമ്പനിയെന്ന് വിശേഷിപ്പിക്കാവുന്നതാണ്.

കമ്പനി രജിസ്ട്രേഷൻ ആയതോടെ പ്രസ്സ് വാങ്ങുന്നതിനും പത്രം തുടങ്ങുന്നതിനും വേണ്ട പ്രാരംഭ പ്രവർത്തനങ്ങൾ അദ്ദേഹം നടത്തി. കേരളവർമ്മ വലിയകോയിത്തമ്പുരാനുമായും തൻെറ ഗുരുനാഥൻ വില്വട്ടത്തു രാഘവൻ നമ്പ്യാരുമായും അതുപോലെയുള്ള മറ്റ് അഭ്യുദയകാംക്ഷികളുമായും ചർച്ചകൾ നടത്തുകയും ഉപദേശങ്ങൾ ആരായുകയും

ചെയ്തുകൊണ്ടിരുന്നു. മലയാള മനോരമ എന്നപേരുതന്നെ കമ്പനിക്കും പത്രത്തിനും ഇടാമെന്ന അഭിപ്രായം വലിയകോയിത്തമ്പുരാൻേറതായിരുന്നെന്നും അതല്ല രാഘവൻ നമ്പ്യാരുടേതായിരിക്കാനാണു സാധ്യതയെന്നും രണ്ടഭിപ്രായമുണ്ട്. എങ്കിലും എല്ലാവരുംതന്നെ ഈ പേര് വളരെ സംതൃപ്തിയോടുകൂടി സ്വീകരിക്കുകയായിരുന്നു. പത്രത്തിൻെറ നയം, ഭാഷ, സംവിധാനം തുടങ്ങിയവയെപ്പറ്റി ഈ മഹാത്മാക്കളുമായി അദ്ദേഹം ചർച്ച നടത്തിയിട്ടുണ്ട്. പത്രം തുടങ്ങുന്നതിനു മുൻപുതന്നെ കേരളത്തെ മുഴുവൻ ഉൾക്കൊള്ളുംവിധം എല്ലാ സ്ഥലത്തുനിന്നുമുള്ള വാർത്തകളും ലേഖനങ്ങളും ലഭിക്കുന്നതിനുള്ള ഏർപ്പാട് അദ്ദേഹം ചെയ്തിരുന്നതായി കാണാം. അങ്ങനെ ആവശ്യമായ എല്ലാ മുൻകരുതലുകളോടുംകൂടിയാണ് പ്രഗല്ഭനായ ഈ പത്രാധിപർ മലയാള മനോരമയുടെ ആരംഭം കുറിച്ചത്. 1890 മാർച്ച് 22-ാം തീയതിയായിരുന്നു അത്. പ്രാരംഭത്തിൽ എല്ലാ ശനിയാഴ്ചയും നാലുപേജുകളോടുകൂടിയാണ് പ്രസിദ്ധീകരിച്ചിരുന്നത്. പിന്നീട് 1901 മുതൽ ആഴ്ചയിൽ രണ്ടുവീതം എല്ലാ ശനി, ബുധൻ ദിവസങ്ങളിൽ പത്രം തുടർന്നു നടത്തിയിരുന്നു. പിന്നീട് ആഴ്ചയിൽ മൂന്നു തവണ പ്രസിദ്ധീകൃതമാവുന്നത് 1918-ലാണ്; ചൊവ്വാ, വ്യാഴം, ശനി ദിവസങ്ങളിൽ 1928 ജനുവരിയോടെ മലയാള മനോരമ ദിനപത്രമായി വളർന്നു.

അച്ചടിയുടെയും പത്രസംവിധാനത്തിൻെറയും കാര്യത്തിൽ സൂക്ഷ്മതയും ആവിഷ്കാരഭംഗിയും ദീക്ഷിച്ചിരുന്ന വറുഗീസ് മാപ്പിള തൻെറ ഇക്കാര്യത്തിലുള്ള കഴിവുകൾ മനോരമയുടെ ഒന്നാം ലക്കം മുതൽ തന്നെ പ്രകടിപ്പിച്ചിരുന്നു. മനോരമപോലെയുള്ള ഒരു പത്രത്തിൻെറ ആവശ്യം ന്യായീകരിച്ചുകൊണ്ടുള്ളതായിരുന്നു ഒന്നാം ലക്കത്തിലെ സുദീർഘമായ പ്രസ്താവന. അതിലെ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം. "നാളിതുവരെ മലയാളമൊട്ടുക്കും ആഴ്ചതോറുമുള്ള പത്രങ്ങൾ മൂന്നും, മാസത്തിൽ മൂന്നു തവണയായുള്ളവ രണ്ടും, മാസത്തിൽ രണ്ടു തവണയായുള്ളവ മൂന്നും, മാസംതോറുമുള്ളവ നാലും ആകെ 12 വർത്തമാനപ്പത്രങ്ങൾ ഉള്ളതായി കാണുന്നു. ഇതിനാൽ മലയാളത്തിൽ വർത്തമാനപത്രങ്ങൾ ഒട്ടു ധാരാളമുണ്ടെന്നു ചിലർക്കു തോന്നിപ്പോകാമെങ്കിലും തിരുവിതാംകോട്ട് ഇവയിൽ മാസത്തിൽ രണ്ടുതവണയായി പ്രസിദ്ധപ്പെടുത്തുന്നവ രണ്ടും, മാസം തോറുമുള്ളവ ഒന്നും, ആകെ മൂന്നു പത്രങ്ങളേയുള്ളുവെന്നും ഈ മൂന്നും ഓരോ മതാധികാരികളുടെ വകയാണെന്നും ഉള്ള വാസ്തവംകൊണ്ട് കൊച്ചിശ്ശീമയോടുപോലും ഈ വിഷയത്തിൽ സമത്വമില്ലാതിരിക്കുന്നു."[7]

പ്രാദേശികവും സാമുദായികവുമായ അതിർവരമ്പുകൾക്കതീതമായി കേരളത്തെ ഒന്നായി കാണുന്നതും മലയാളികളുടെ ഒന്നാകെയുള്ള

അഭ്യുദയം കാംക്ഷിച്ചുകൊണ്ടുള്ളതുമായിരുന്നു മലയാള മനോരമയുടെ പത്രാധിപനയം. രാജ്യത്തു നടക്കുന്ന വിവിധ സംഭവങ്ങളിൽ ജനങ്ങൾക്കു താല്പര്യമുണ്ടാക്കുകയും പത്രവാർത്തകൾ അറിയുവാനുള്ള ഔത്സുക്യം സൃഷ്ടിക്കുകയും ചെയ്യണമെന്നായിരുന്നു വറുഗീസ് മാപ്പിള വിചാരിച്ചിരുന്നത്. പത്രമാസികകൾകൊണ്ട് ഉണ്ടാക്കാൻ സാധിക്കുന്ന പരിവർത്തനത്തെക്കുറിച്ച് ഏറെ ബോധവാനായിരുന്നു അദ്ദേഹം. മനോരമയുടെ ആദ്യലക്കത്തിലെ മുഖപ്രസംഗം പുലയരെ മാനുഷിക പരിഗണന നൽകി ഉദ്ധരിക്കേണ്ടതിൻെറ ആവശ്യകതയെ ചൂണ്ടിയുള്ളതായിരുന്നു. ആരുടെയും പരിഗണന ഇല്ലാതിരുന്ന ഈ ഏഴവർഗ്ഗത്തെക്കുറിച്ച് അക്കാലത്ത് പുതുതായി തുടങ്ങിയ ഒരു പത്രത്തിൻെറ ആരംഭം കുറിക്കുന്ന പതിപ്പിൽത്തന്നെ എഴുതിയെന്നതു മാനവികമായ ധർമ്മബോധം മാത്രംകൊണ്ടാണെന്ന് മനസ്സിലാക്കാം. പത്രത്തിന് അതുകൊണ്ടുണ്ടാകാവുന്ന ലാഭനഷ്ടം കണക്കുകൂട്ടിക്കൊണ്ടായിരുന്നില്ല ഈ പ്രസ്താവന. അന്ന് പുലയരാദി വർഗ്ഗങ്ങളുടെ മനുഷ്യാവകാശങ്ങളെക്കുറിച്ചു വാദിക്കുന്നവർക്ക് സമൂഹത്തിലെ മറ്റെല്ലാ വിഭാഗങ്ങളിൽനിന്നും എതിർപ്പാണ് ഉണ്ടാകുക. അതേസമയം അക്കാലത്ത് പുലയസമുദായത്തിലാരും ഇതു വായിക്കാൻ കഴിയുന്നവരോ ഇതിനെക്കുറിച്ച് അറിയുന്നവരോ ആയി ഉണ്ടായിരുന്നില്ല. തന്മൂലം അവരിൽനിന്നുള്ള പിന്തുണ പ്രതീക്ഷിച്ചാണ് ഇങ്ങനെ ചെയ്തിരിക്കുക എന്നു വിചാരിക്കുവാനും നിവൃത്തിയില്ല. അവശ - ദുർബല വിഭാഗങ്ങളെ ഉയർത്തിക്കൊണ്ടു വരികയെന്നതായിരുന്നു മലയാള മനോരമയുടെ തുടക്കം മുതലുള്ള മുഖമുദ്ര. ഈ നയം അവഗണിക്കപ്പെട്ട എല്ലാ ജനവിഭാഗങ്ങളുടെ കാര്യത്തിലും ഒരുപോലെ അനുവർത്തിച്ചുപോന്നതിൻെറ ആദരണീയമായ കഥയാണ് മനോരമയുടേതെന്നു പിന്നീടുള്ള അതിൻെറ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ ബോധ്യമാവും.[8]

ഏതു പത്രത്തിൻെറയും പ്രഥമലക്കത്തിലാണ് അതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രകാശിതമാവുന്നത്. 'മനോരമ'യുടെ കാര്യത്തിൽ ഇത് ഏറെ സ്പഷ്ടവുമാണ്. തിരുവിതാംകൂറിൽ ഉണ്ടായിരുന്ന മൂന്നു പത്രങ്ങളും ക്രൈസ്തവ മിഷനറിമാരുടെ മതപ്രചാരണോപാധികളായിരുന്നു. അതുകൊണ്ടുതന്നെ സമൂഹത്തിലെ മറ്റു വിഭാഗങ്ങൾ ആരും അവ ശ്രദ്ധിക്കപോലും ചെയ്തിരുന്നില്ല. 'മനോരമ'യുടെ ആദ്യലക്കത്തിൽ കൊടുത്ത പ്രസ്താവനയിൽ ഇക്കാര്യം പരാമർശിച്ചുകൊണ്ട് "ഒരു പൊതുവർത്തമാനപത്രികയ്ക്കു വേണ്ട കൃത്യങ്ങളെ കഴിയുന്നിടത്തോളം നിർവ്വഹിക്കുവാൻ ശ്രമിക്കാം" എന്ന് തറപ്പിച്ചുപറഞ്ഞിരുന്നു. ഏതെങ്കിലും സമുദായത്തിൻെറയോ പ്രദേശത്തിൻെറയോ മാത്രമായിരിക്കുകയില്ല എന്നും പ്രസ്താവനയിലുണ്ട്. എന്നിട്ടും ആദ്യമാദ്യം മറ്റു ക്രൈസ്തവ പത്രങ്ങളോ

---

ടുള്ള സമീപനംതന്നെയായിരുന്നു അക്കാലത്ത് ഉത്കർഷം പ്രാപിച്ചിരുന്ന സവർണ്ണ ഹിന്ദുക്കളിൽനിന്നുമുണ്ടായത്. അതിനെ ചൂണ്ടി എ. ഡി. ഹരിശർമ്മ പറയുന്നതിങ്ങനെയാണ്: "ക്രൈസ്തവ മതാദ്ധ്യക്ഷന്മാരുടെ വകയായിട്ടല്ലാതെ അതുവരെ തിരുവിതാംകൂറിൽ ഒരു പത്രവും ഇല്ലാതിരുന്നതുകൊണ്ടും, കോട്ടയത്തു ക്രൈസ്തവർക്കിടയിൽ തെക്കുംഭാഗക്കാരെന്നും വടക്കുംഭാഗക്കാരെന്നും രണ്ടു വിഭാഗമുണ്ടായിരുന്നതിൽ, വടക്കുംഭാഗക്കാർക്ക് വേറെ പത്രമൊന്നും ഇല്ലാതിരുന്നതുകൊണ്ടും, മനോരമ കമ്പനി രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനും മറ്റും മാർ ദീവന്ന്യാസ്യോസ് മെത്രാപ്പോലീത്താ ആത്മാർത്ഥമായി സഹകരിച്ചിരുന്നതുകൊണ്ടും, വടക്കുംഭാഗക്കാരിൽപ്പെട്ട വറുഗീസ് മാപ്പിള 'മനോരമ' ആരംഭിച്ചപ്പോൾ അതും മതവിഷയകമായ ഒരു പത്രമായിരിക്കുമെന്നാണ് ഹിന്ദുക്കൾ സ്വാഭാവികമായി വിചാരിച്ചുപോയത്."[9] ഇങ്ങനെ ഒരു തോന്നൽ കാലേകൂട്ടി മനസ്സിലാക്കിയിട്ടാണ് 'മനോരമ' ആദ്യലക്കത്തിൽ തന്നെ നടത്തിയ ഒരു നയപ്രഖ്യാപനവും അതിൽ ചേർത്തിരുന്ന ദേശീയവും രാജ്യാന്തരവുമായ വാർത്താശകലങ്ങളും. 'മലയാള മനോരമ' ഒരു പൊതു വാർത്താപത്രമാണെന്ന നയപ്രഖ്യാപനം തീർത്തും ശരിയാണെന്ന് ഉദ്ഘോഷിക്കുന്നവയായിരുന്നു ഒന്നാം ലക്കത്തിലെതന്നെ വാർത്താസംഗ്രഹം. 'വിശേഷങ്ങൾ' എന്ന ശീർഷകത്തിൽ കൊടുത്ത ചില കാര്യങ്ങൾ ശ്രദ്ധിക്കുക. ഒന്ന്: കോട്ടയംപട്ടണത്തിൻെറ വികാസത്തിനനുസൃതമായി അവിടെ ഒരു മുനിസിപ്പാലിറ്റി ഉണ്ടാകണം. രണ്ട്: സുരേന്ദ്രനാഥ ബാനർജിയോടുകൂടി പ്രമുഖരായ ചില ഭാരതീയ പൗരന്മാർ ഇവിടത്തെ യഥാർത്ഥ സ്ഥിതി ഇംഗ്ലണ്ടിൽ അറിയിക്കുവാൻ ബിലാത്തിയിലേക്ക് പുറപ്പെടുന്നു. മൂന്ന്: മധ്യസംസ്ഥാനത്ത് ഒരു ചീഫ് കമ്മീഷണറെയും അയാളുടെ വെയ്പുകാരനെയും നരഭോജിയായ ഒരു നരി പിടിച്ചുകൊണ്ടുപോയിരിക്കുന്നു. ഈ നരിയെ കൊല്ലുന്നവർക്ക് 200 രൂപ സർക്കാർ ഇനാം പ്രഖ്യാപിച്ചിട്ടുണ്ട്. നാല്: ജർമ്മനിയിൽ കഴിഞ്ഞ വർഷം വിവാഹിതരായവരിൽ 4730 ഭാര്യമാർക്ക് ഭർത്താക്കന്മാരേക്കാൾ കൂടുതൽ പ്രായമുണ്ടത്രേ. അതിൽ 301 പേർ പത്തു മുതൽ മുപ്പതു വയസ്സുവരെ ഭർത്താക്കന്മാരേക്കാൾ പ്രായമുള്ളവരാണ്.

മറ്റൊരു ഉപശീർഷകം 'സ്ഥലചെയ്തികൾ' എന്നാകുന്നു. ഒന്ന്: ഹജൂർ സെക്രട്ടറി വാട്സ് സായ്പിന് നൂറുറുപ്പികയുടെ ശമ്പളക്കയറ്റം അനുവദിച്ചിട്ടുണ്ട്. രണ്ട്: ഇന്ദുലേഖ-കോഴിക്കോട് കലക്ടർ ഡ്യൂമർഗ് സായ്പ് വിവർത്തനം ചെയ്തത് അച്ചടിച്ചുകൊണ്ടിരിക്കുന്നുണ്ട്. 'മറ്റു ചെയ്തികൾ' എന്ന ശീർഷകത്തിൽ സ്ത്രീമോഷണം, കൊലപാതകം, കോട്ടയം പോലീസ്, സെമിനാരിക്കാര്യം എന്നീ വാർത്തകൾ ചേർത്തിരിക്കുന്നു. പിന്നെയുള്ള ഉപശീർഷകം 'സംക്ഷിപ്ത വാർത്തകൾ'. ഇതിൽ

സുൽത്താൻ ബത്തേരിയിലെ തെങ്ങുകൾ കായ്ക്കാത്തതിനെപ്പറ്റിയും കോട്ടയം താലൂക്കിൽ നടന്ന ഒരു ആത്മഹത്യയെക്കുറിച്ചും വാർത്ത കളുണ്ട്. വെടിമരുന്നിനു തീപിടിച്ച് പാലക്കാട് ഒരാൾ മരിച്ചുവെന്നു മറ്റൊരു റിപ്പോർട്ടിൽ കാണാം.

ഒരു പൊതുവാർത്താപത്രികയ്ക്ക് അവശ്യംവേണ്ട എല്ലാ ഉപകരണ ങ്ങളും 'മലയാള മനോരമ'യുടെ പ്രഥമ ലക്കം മുതൽ അണിനിരത്തിയി രുന്നു. ഈ രീതി തുടർന്നുവന്നതിൻെറ ഫലമായി ആലപ്പുഴ, കൊല്ലം, തിരു വനന്തപുരം, തലശ്ശേരി, കോഴിക്കോട്, പാലക്കാട്, കൊച്ചി തുടങ്ങിയ പ്രധാന സ്ഥലങ്ങളിൽനിന്നൊക്കെ തദ്ദേശീയർക്ക് ഏറെ താല്പര്യവും പ്രയോജനവും ചെയ്യുന്ന റിപ്പോർട്ടുകൾ നിരന്തരം പ്രസിദ്ധീകരിക്കുവാൻ സാധിച്ചു. കേരളത്തെ ഒന്നായി കാണുകയെന്ന ലക്ഷ്യം പ്രാവർത്തികമാ ക്കിയതിൻെറ ഫലമായിട്ടാണ് ഐക്യകേരളമെന്ന ആശയം വിദ്യാ സമ്പന്നരിൽ വേരൂന്നുവാൻ ഇടയായത് എന്നകാര്യം കൃതജ്ഞതയോടു കൂടി നമുക്കിവിടെ ഓർക്കാം. ഈ ആശയം സഫലീകരിക്കുകയായിരുന്നു കവിസമാജത്തിലൂടെയും 'ഭാഷാപോഷിണി'യിലൂടെയും 'മലയാള മനോരമ' നടത്തിയ ശ്രമം. സാഹിത്യസംബന്ധമായി അല്പം എന്തെങ്കിലും എഴുതിയിരുന്നവരത്രയും കവികൾ മാത്രമായിരുന്നു. 'കേരളമിത്ര'ത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന അനുഭവം കൈമുതലാക്കിക്കൊണ്ട് കവികൾ ക്കുവേണ്ടി 'മനോരമ'യിൽ ഒരു പ്രത്യേക പംക്തി നീക്കിവച്ചതായി ആദ്യ ലക്കത്തിൽ വറുഗീസ് മാപ്പിള വിളംബരം ചെയ്തിരുന്നു. അത് ഇപ്രകാര മാണ്: "മലയാള ഭാഷയുടെ അഭിവൃദ്ധിക്കായി തങ്ങളുടെ വാസനാ വൈഭവത്തെ സരസമായി ഉപയോഗപ്പെടുത്തുന്ന കവികൾ അവിഹി തമല്ലാത്ത ഏതെങ്കിലും പ്രകൃതത്തെക്കുറിച്ച് ഉണ്ടാക്കി അയയ്ക്കുന്ന ഒറ്റ ശ്ലോകങ്ങളും സമസ്യകൾ മുതലായവയും അപ്പഴപ്പോൾ നോക്കി യുക്തം പോലെ പ്രസിദ്ധപ്പെടുത്തുന്നതിനായി വേണ്ടിവന്നാൽ ഒരു പ്രത്യേക പംക്തിതന്നെ വിട്ടുകൊടുക്കാവുന്നതാണ്. ഈ ലക്കത്തിൽ നാലാം പേജിൽ ചേർത്തിട്ടുള്ള മൂന്നു സമസ്യകളിലേക്ക് കവികളുടെ ശ്രദ്ധ പ്രത്യേകം ക്ഷണിച്ചുകൊള്ളുകയും ചെയ്യുന്നു."[10] തുടർന്നുള്ള എല്ലാ ലക്കങ്ങളിലും സമസ്യകളും പൂരണങ്ങളും പതിവായി ചേർത്തിരുന്നതും കാണാം. 'മനോരമയുടെ' നാലാംപേജ് പൂർണ്ണമായും കവിതയ്ക്കും കവി കൾക്കുമായി മാറ്റിവയ്ക്കുകയും ചെയ്തു. അക്കാലത്ത് വാദപ്രതിവാ ദങ്ങളും ആശയവിനിമയവും എഴുത്തുകുത്തുകളുമെല്ലാംതന്നെ കവിതാ രൂപത്തിലാണു നടത്തിയിരുന്നത്. കവികൾ തമ്മിലുള്ള കത്തുകൾ പലതും 'മനോരമ'യിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ ആശയങ്ങളും വസ്തുതകളും കവിതകൾക്ക് ആധാരമാക്കണമെന്ന് വറുഗീസ് മാപ്പിള കവികളോടു നടത്തിയ അഭ്യർത്ഥനയുടെ ഫലമായി

ട്ടാണ് പരമ്പരാഗത രീതി വിട്ട് പുതിയ സമ്പ്രദായം ആവിർഭവിച്ചത്. ചാലക്കുടിപ്പുഴയെപ്പറ്റി നടുവത്തച്ഛൻ നമ്പൂതിരി വസന്തതിലക വൃത്തത്തിൽ പ്രസിദ്ധീകരിച്ച പത്തു ശ്ലോകങ്ങൾ ഇതിനുദാഹരണമാണ്. ഇതു വലിയൊരു മാറ്റത്തിന്റെ സൂചനയായിരുന്നു. പുരാണ കഥാപാത്രങ്ങളോ സംഭവങ്ങളോ മാത്രമായിരുന്നുവല്ലോ അതുവരെ കവികൾ അവലംബിച്ചിരുന്ന ഇതിവൃത്തം. കവികളെയും സാഹിതീഭക്തന്മാരെയും 'മനോരമ'യുടെ കവിതാ പംക്തികളിലേക്ക് ആകർഷിക്കുവാൻ തന്മൂലം അധികം സമയമെടുത്തില്ല. എന്നാൽ ഈ കവികൾക്ക് അന്യോന്യം പരിചയപ്പെടുവാനോ സമ്പർക്കം പുലർത്തുവാനോ മറ്റു മാർഗ്ഗങ്ങളൊന്നുമുണ്ടായിരുന്നില്ല. 'മനോരമ' ആരംഭിച്ച് ഒരു വർഷം കഴിയുന്നതോടുകൂടി കേരളത്തിലെ മിക്കവാറും പ്രശസ്തരും അപ്രശസ്തരുമായ കവികളെ 'മനോരമ'യുടെ പംക്തികളിലൂടെ പുറത്തുകൊണ്ടുവരുവാൻ കഴിഞ്ഞിരുന്നു. ഇവരെയെല്ലാം ഒരു സംഘടനയുടെ കീഴിൽ അണിനിരത്തുവാൻ സാധിച്ചാൽ ഭാഷയുടെ വളർച്ചയ്ക്കും സാഹിത്യപ്രവർത്തകരുടെ ഒരുമയ്ക്കും അത് ഏറെ സഹായകമായിരിക്കുമെന്ന് വറുഗീസ് മാപ്പിളയ്ക്കു തോന്നി. തന്റെ അടുത്ത സുഹൃത്തുക്കളുമായും ഇക്കാര്യം അദ്ദേഹം ചർച്ച ചെയ്തിരുന്നു. ആരും എതിരഭിപ്രായം പറഞ്ഞില്ലെന്നുമാത്രമല്ല, ഭാഷാപോഷണത്തിന് ഇത്തരം സംരംഭം വളരെ നന്നായിരിക്കും എന്നായിരുന്നു അവരുടെയൊക്കെ അഭിപ്രായം. പക്ഷെ കൂടുതൽ പേരുടെ പ്രതികരണങ്ങൾ അറിയുന്നതിനായി കുമരമംഗലത്ത് നീലകണ്ഠൻ നമ്പൂതിരിയെക്കൊണ്ട്'മലയാള മനോരമ'യിൽ 1066 ഇടവം 32-ാം തീയതി ഒരു ലേഖനം എഴുതിക്കുകയുണ്ടായി. കവികളും സാഹിതീകുതുകികളും ഒരു സഭയുടെ കീഴിൽ ഒന്നിച്ചുകൂടിയാൽ അവർ തമ്മിൽ പരിചയപ്പെടുവാനും സ്നേഹബന്ധം പുലർത്തുവാനും സാധിക്കും എന്നത് ഇത്തരം സമാജങ്ങളുടെ പ്രധാന ഗുണമാണ്. ഇതിലുപരി കേരളത്തിലെ ഓരോ സ്ഥലത്തും വശമാക്കിക്കൊണ്ടിരുന്ന ഭാഷയുടെ പ്രാദേശികശൈലി അന്യപ്രദേശക്കാർക്കു ശരിക്കും മനസ്സിലാക്കുവാൻ സാധിക്കാത്തവിധം ദുഷ്കരമായിരുന്നു. ഇത്തരം പാകപ്പിഴകൾ പരിഹരിക്കുവാൻ കവികൾ ഒന്നിച്ചുകൂടുകയും ഭാഷാസംബന്ധമായ വൈകല്യങ്ങൾ ദൂരീകരിക്കേണ്ട ശ്രമങ്ങൾ നടത്തുകയും വേണം. അതിന് ഇത്തരം ഒന്നിക്കൽ പ്രയോജനപ്പെടും എന്നൊക്കെയായിരുന്നു ആ ലേഖനത്തിൽ പ്രതിപാദിച്ചിരുന്നത്. ഉന്നതശീർഷരായ പണ്ഡിതകവികൾ തുടങ്ങി വളരെ അധികംപേർ ഈ ആശയത്തോട് അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. കേരളവർമ്മ വലിയകോയിത്തമ്പുരാൻ ഈ സംരംഭത്തെ ആത്മാർത്ഥമായി പിന്തുണച്ചു എന്നു മാത്രമല്ല വറുഗീസ് മാപ്പിളയും മലയാള മനോരമയും ഇത് പ്രാവർത്തികമാക്കുവാൻ മുൻകൈയെടുക്കണമെന്ന് പ്രേരിപ്പിക്കു

കയും ചെയ്തു. തൽഫലമായി 1892-ൽ കവിസമാജം സംഘടിപ്പിക്കുന്നതിൻെറ പ്രാഥമിക പ്രവർത്തനത്തിനായി ഒരു കമ്മറ്റി രൂപീകരിച്ചു. മറിയപ്പിള്ളി വലിയതമ്പുരാൻെറ അദ്ധ്യക്ഷതയിൽ 'മലയാള മനോരമ' ഓഫീസിൽ വച്ചായിരുന്നുയോഗം കൂടിയത്.[11] കമ്മിറ്റിയുടെ അദ്ധ്യക്ഷസ്ഥാനവും അദ്ദേഹത്തിനുതന്നെ നൽകി. സി. കൃഷ്ണപിള്ളയെ കാര്യദർശിയായും വറുഗീസ് മാപ്പിളയെ സഹകാര്യദർശിയായും തെരഞ്ഞെടുത്തു. ചിരട്ടമൺ മൂസ്സ്, നിധീരിക്കൽ മാണിക്കത്തനാർ, കോട്ടയത്തു തമ്പുരാൻ തുടങ്ങിയവരായിരുന്നു പ്രവർത്തകസമിതിയംഗങ്ങൾ.[12] വൈക്കത്തഷ്ടമി കഴിഞ്ഞയുടനെ സംഘടനയുടെ വിപുല യോഗം വിളിച്ചുകൂട്ടുമെന്നും ഇവയുടെയെല്ലാം പ്രവർത്തനത്തിനായി ആയിരം രൂപയെങ്കിലും പിരിച്ചുണ്ടാക്കണമെന്നും നിശ്ചയിച്ചാണു യോഗം പിരിഞ്ഞത്.

കമ്മറ്റിയുടെ കാര്യദർശിസ്ഥാനം വറുഗീസ് മാപ്പിളയ്ക്ക് നൽകണമെന്നുള്ള അഭിപ്രായമാണു പൊതുവെ ഉണ്ടായിരുന്നതെങ്കിലും നായർ സമാജത്തിൻെറയും അദ്ധ്യാപകരുടെയും നേതൃസ്ഥാനമുണ്ടായിരുന്ന കൃഷ്ണപിള്ളയുടെ പേരു നിർദ്ദേശിച്ചത് വറുഗീസ് മാപ്പിളതന്നെയായിരുന്നു. 1892-ൽ കോട്ടയത്ത് മുന്നു ദിവസം നീണ്ടുനിന്ന ആദ്യത്തെ അഖിലകേരള സമ്മേളനം വളരെ വിജയകരമായി നടന്നു. കേരളത്തിൻെറ നാനാഭാഗത്തുനിന്നും എത്തിച്ചേർന്ന ഈ സഹൃദയസദസ്സ് മലയാള ഭാഷയ്ക്കും സാഹിത്യത്തിനും അഭൂതപൂർവ്വമായ ഓജസ്സാണു പ്രദാനം ചെയ്തത്. യോഗത്തിൽ സംബന്ധിച്ച ഏവർക്കും ആവേശം പകർന്ന സാഹിതീസദസ്സുകളായിരുന്നു ഇവ. മഹാകവി കെ. സി. കേശവപിള്ള കവിസമാജത്തെപ്പറ്റി പ്രകീർത്തിച്ചുകൊണ്ടെഴുതിയ 'കവിസമാജം യാത്രാശതകം' അക്കാലത്ത് വളരെ പ്രസിദ്ധമായിരുന്നു. സമ്മേളനത്തിനു കൊഴുപ്പുകൂട്ടുന്നവയായിരുന്നു കവിസമാജത്തിൽ ഭാഗഭാക്കായവരെ ഉദ്ദേശിച്ച് നടത്തിയ കവിതാ സാഹിത്യമത്സരങ്ങൾ. ഇവയിൽ കവിതാചാതുര്യപരീക്ഷയ്ക്ക് ഗദ്യം, പദ്യം, സമസ്യാപൂരണം, ഭാഷാന്തരം എന്നിവ ഉൾപ്പെട്ടിരുന്നു. നാടകനിർമ്മാണത്തിന് അഞ്ചു മണിക്കൂർ സമയമാണു നൽകിയിരുന്നത്. നാലങ്കങ്ങളിലായി 'ഗംഗാവതരണം' കഥ നൂറിൽ കുറയാത്ത പദ്യത്തിലാക്കി നാടകരൂപത്തിൽ ആവിഷ്കരിക്കുക. ഈ മത്സരത്തിൽ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനാണു വിജയിച്ചത്. അതുപോലെ സ്രഗ്ദ്ധരാ വൃത്തത്തിൽ സദാചാരത്തെപ്പറ്റി ഒരു മണിക്കൂർകൊണ്ട് ഇരുപതു പദ്യങ്ങൾ ഉണ്ടാക്കണമെന്നായിരുന്നു വ്യവസ്ഥ. നാല്പത്തിയഞ്ചു മിനിറ്റുകൊണ്ട് ഇതു പൂർത്തിയാക്കിയ കെ. സി. കേശവപിള്ള എല്ലാവരുടെയും അഭിനന്ദനം പിടിച്ചുപറ്റി. തുടർന്നു നടന്ന കവിതാചാതുര്യ പരീക്ഷയിലും വിജയം കൈവരിച്ചത് കേശവപിള്ള തന്നെയായിരുന്നു.

ഈവക മത്സരങ്ങളോടൊപ്പം സാഹിത്യസംവാദങ്ങളും നടന്നു. ഭാഷയ്ക്ക് ഐക്യരൂപ്യമുണ്ടാവേണ്ട ആവശ്യകത, സാഹിത്യോത്കർഷത്തിനുള്ള വിവിധ മാർഗ്ഗങ്ങൾ, ഗുണനിലവാരമുള്ളതും ഭാഷാ-സാഹിത്യത്തിന് മുതൽക്കൂട്ടാവുന്നതുമായ നല്ല ഗ്രന്ഥങ്ങളുടെ നിർമ്മാണം തുടങ്ങിയ സജീവപ്രശ്നങ്ങൾ ചർച്ചയ്ക്കുവന്നു. ഏ. ആർ. രാജരാജവർമ്മ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, പുന്നശ്ശേരി നീലകണ്ഠശർമ്മ എന്നിവരാണ് സാഹിത്യസദസ്സിൽ മുഖ്യപങ്കാളിത്തം വഹിച്ചവർ. ഇംഗ്ലീഷ് ഭാഷ പഠിക്കുന്നവർക്ക് മാതൃഭാഷയോടുള്ള അവജ്ഞയ്ക്കും ഭാഷാപ്രയോഗത്തിൽ ഇംഗ്ലീഷ്പദങ്ങൾ പ്രയോഗിച്ച് മലയാളത്തെ അലങ്കോലപ്പെടുത്തുന്ന ദുഷ്പ്രവണതയ്ക്കും എതിരായി പലരും ശക്തിയായി പ്രതികരിച്ചു. ഭാഷാപഠനം സുഗമമാകുവാനും പ്രാദേശികശൈലികൾ കൊണ്ടുണ്ടാകുന്ന ഭാഷാവൈകല്യങ്ങൾ ദുരീകരിക്കുവാനും നാടിന്റെ നാനാദിക്കുകളിൽനിന്നുമെത്തിയ സാഹിതീഭക്തന്മാർക്ക് കഴിയട്ടെ എന്നു പലരും ആശംസിക്കുകയും ചെയ്തു. സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിക്കാമെന്ന് ഏറ്റിരുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാൻ പ്രസംഗം എഴുതി കൊടുത്തയയ്ക്കുകയാണു ചെയ്തത്. അതിൽ അദ്ദേഹം അടിവരയിട്ടു പറഞ്ഞിരുന്ന കാര്യം "ഒരു ദേശത്തിൽ പരിഷ്കാരമുണ്ടാകുന്നത് തദ്ദേശഭാഷാമൂലമായിട്ടാണ്. അതിനാൽ ഈ സമാജത്തിന്റെ മുഖ്യോദ്ദേശ്യങ്ങളിൽ ഒന്നായ മലയാളഭാഷാപരിഷ്കാരത്തിനുള്ള ഉദ്യമത്തെ വാസ്തവത്തിൽ മറ്റനേകം പരിഷ്കാരങ്ങൾക്ക് ഒരു ഉപോദ്ഘാതമായി വിചാരിക്കാം."[13] അങ്ങനെ മലയാളഭാഷയുടെ ഐകരൂപ്യം സംജാതമാക്കുവാനും സാഹിത്യത്തെ പുഷ്കലമാക്കുവാനും ഉള്ള പ്രതിബദ്ധത ഏറ്റെടുത്തുകൊണ്ടാണ് കവിസമാജത്തിൽ സംബന്ധിച്ചവരത്രയും പിരിഞ്ഞത്.

എന്നാൽ ഇത്തരം ഒരു സാഹിതീസംഗമത്തിലും അന്നത്തെ ഉച്ചനീചസങ്കല്പത്തിന്റെ അപശബ്ദങ്ങൾ ഉണ്ടാകാതിരുന്നില്ല. ദ്രുതകവിതാമത്സരം നടത്തുന്നതിനെ വയ്സകരമൂസ് തുടങ്ങിയവർ ആരംഭത്തിൽ എതിർത്തിരുന്നുവെങ്കിലും ഭൂരിപക്ഷം ആളുകളും വറുഗീസ് മാപ്പിളയുടെ അഭിപ്രായത്തെ അനുകൂലിക്കുകയാണു ചെയ്തത്. കവിസമാജം ഏറെ വിജയകരമായി നടത്തിക്കൊണ്ടിരുന്ന അവസരത്തിലും കുറെ കവികളെ പ്രോത്സാഹിപ്പിക്കാനുള്ള കഥയില്ലാത്ത കൂത്താണു നടക്കുന്നതെന്നും "സ്വന്തത്തിൽപ്പെട്ട ചിലരെ കവികളാക്കുന്നതിനുവേണ്ടി പത്രാധിപർ കാട്ടിക്കൂട്ടുന്ന വിദ്യയാണിതെന്നും" ചിലർ അപസ്വരം മുഴക്കിയിരുന്നു. അവർ കവിസമാജമെന്ന പേരുതന്നെ മാറ്റണമെന്നു ശഠിക്കുകയും ചെയ്തു. സംഘടനയുടെ പേര് എന്തായാലും പ്രവർത്തനലക്ഷ്യങ്ങൾ

നന്നായിരുന്നാൽ മതിയെന്നു വിശ്വസിച്ചിരുന്നതിനാൽ വറുഗീസ് മാപ്പിളയും കൂട്ടരും പേരു മാറ്റുന്നതിൽ ഭിന്നാഭിപ്രായം പ്രകടിപ്പിച്ചില്ല. സമ്മേളനത്തിൻെറ ഒന്നാംദിവസം ഏ. ആർ. രാജരാജവർമ്മയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽവച്ചുതന്നെ പുന്നശ്ശേരി നീലകണ്ഠശർമ്മയെക്കൊണ്ട് സമാജത്തിൻെറ പേര് 'ഭാഷാപോഷിണി' എന്നാക്കി പ്രഖ്യാപിപ്പിക്കുയും ചെയ്തു.[14] കോട്ടയം സമ്മേളനത്തിൽ വലിയകോയിത്തമ്പുരാനു സംബന്ധിക്കുവാൻ സാധിച്ചിരുന്നില്ല. ആ കുറവു പരിഹരിക്കുന്നതിനുവേണ്ടിയാണ് തിരുവനന്തപുരത്ത് പരപ്പനാട്ടു രാമവർമ്മ വലിയതമ്പുരാൻെറ അധ്യക്ഷതയിൽ ഒരു സമ്മാനദാനച്ചടങ്ങ് സംഘടിപ്പിച്ചത്. ഭാഷാപോഷിണി സഭയുമായി വലിയകോയിത്തമ്പുരാന് നേരിട്ടുള്ള ബന്ധം ഉറപ്പിക്കുക എന്നതുകൂടിയായിരുന്നു ഈ സമ്മേളനം നടത്തുവാൻ കാരണം. ഭാഷാപോഷിണിസഭയുടെ ദ്വിതീയസമ്മേളനം തൃശ്ശൂരിൽ നടത്തുന്നതിന് പന്ത്രണ്ടുദിവസം മുമ്പ് മാത്രമായിരുന്നു ഈ ചടങ്ങ് തിരുവനന്തപുരത്ത് സംഘടിപ്പിച്ചത് എന്നത് പ്രത്യേകം ഓർക്കേണ്ടതുണ്ട്. സാഹിത്യമത്സരങ്ങളിൽ വിജയികളായവർക്കുള്ള പുരസ്കാരംകേരളവർമ്മ വലിയകോയിത്തമ്പുരാനെക്കൊണ്ടുതന്നെ കൊടുപ്പിക്കാനും യോഗത്തിൽ കാര്യമാത്രപ്രസക്തമായ ഒരു പ്രസംഗം അദ്ദേഹത്തെക്കൊണ്ടു ചെയ്യിക്കുവാനും സാധിച്ചത് വറുഗീസ് മാപ്പിളയുടെ നയചാതുരിയുടെ നിദർശനമായി കരുതാവുന്നതാണ്. സഭയുടെ അദ്ധ്യക്ഷനായി കേരളവർമ്മ വലിയകോയിത്തമ്പുരാനെയും കാര്യദർശിയായി വറുഗീസ് മാപ്പിളയേയും ഐകകണ്ഠ്യേന തെരഞ്ഞെടുക്കുകയും ചെയ്തു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനും വെൺമണി മഹൻ നമ്പൂതിരിപ്പാടും ഭാഷാപോഷിണിസഭയുടെ ദ്വിതീയസമ്മേളനം തൃശ്ശൂർവച്ചു നടത്തുവാൻ ക്ഷണിച്ചതനുസരിച്ച് 1067 മേടം 28, 29, 30 തീയതികളിൽ സമ്മേളനം അവിടെ കൂടി. ഈ സമ്മേളനത്തിൽവച്ചാണ് സഭയുടെ നിയമാവലി അംഗീകരിച്ചതും 'ഭാഷാപോഷിണി' എന്നൊരു മാസിക സഭയുടെ പേരിൽ നാലു മാസത്തിൽ ഒരിക്കൽ വീതം പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചതും. പതിവുപോലെ കവിതാമത്സരവും നടന്നു. സഭവകയായി ഗ്രന്ഥകാരന്മാർക്ക് സമ്മാനം നൽകുന്നതിനായി ഓരോ വർഷവും അഞ്ഞൂറു രൂപ മാറ്റിവയ്ക്കേണ്ടതാണെന്നും തീരുമാനിച്ചു.[15] കേരളത്തിൻെറ നാനാഭാഗത്തുനിന്നും എത്തിച്ചേർന്ന കവികളും സാഹിതീഭക്തരും അന്യോന്യം സ്നേഹബന്ധം പുതുക്കുകയും ആശയവിനിമയം ചെയ്യുകയും ഉണ്ടായപ്പോൾ ഭാഷാപോഷണസംബന്ധമായി ഏറെ മുൻപോട്ടു പോകുവാൻ സാധിച്ചു. ഭാഷയെ സ്നേഹിക്കുന്ന ഏവർക്കും അത് ആവേശവും ഉണർവ്വും നൽകിയിരുന്നു. കേരളമെന്ന ദേശത്തിന് ഏകമായ ഒരു ഭാഷ വളർന്നുവരേണ്ടത് അനിവാര്യമാണെന്ന് ഏവർക്കും ബോധ്യ

പ്പെട്ടു. അതിനായി ആത്മാർത്ഥതയോടുകൂടി കഴിവതും പരിശ്രമിക്കണമെന്ന ബോധം ഈ സാഹിത്യസാംസ്കാരിക പ്രവർത്തകരിൽ രൂഢമൂലമാകുകയും ചെയ്തു.

ഭാഷാ - സാഹിത്യരംഗങ്ങളിൽ അതിദ്രുതം നടന്ന ഈ ചലനത്തിന് കാരണം 'മലയാള മനോരമ'യും ഭാഷാപോഷിണിസഭയുമാണെന്ന് അറിയാവുന്നവർ എല്ലാംതന്നെ വറുഗീസ് മാപ്പിളയെ പ്രകീർത്തിക്കുവാൻ മടിച്ചില്ല. വറുഗീസ് മാപ്പിളയ്ക്ക് ഉണ്ടായ വർദ്ധമാനമായ പ്രശസ്തി അസൂയാലുക്കളെ വിമർശനങ്ങളുമായി രംഗത്തിറങ്ങുവാൻ പ്രേരിപ്പിക്കുകയാണു ചെയ്തത്. വീഴ്ചകൾ പൊക്കിപ്പിടിച്ച് കുറ്റം പറയുവാൻ ഒന്നും ഇല്ലാതിരുന്നപ്പോൾ, അപക്വമനസ്സുമായി വികൃതവും വിചിത്രവുമായ ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ടാണ് അവർ പ്രത്യക്ഷപ്പെട്ടത്. വറുഗീസ് മാപ്പിള ഭാഷാപോഷിണിസഭയും മാസികയും നടത്തുന്നത് സ്വസമുദായത്തിൽപ്പെട്ട ചിലർക്ക് സാഹിത്യകാരന്മാരുടെ മേൽവിലാസമുണ്ടാക്കിക്കൊടുക്കുവാനാണെന്ന് ദുഷ്പ്രചരണം നടന്നുകൊണ്ടിരുന്നു. ഒരു കാര്യം തീർച്ച. അഹിന്ദുക്കൾക്കും സവർണ്ണരൊഴികെയുള്ള ഹൈന്ദവവിഭാഗങ്ങൾക്കും സാഹിതീക്ഷേത്രത്തിൽ ദർശനം അനുവദിക്കുവാൻ ഇഷ്ടമില്ലാത്ത ഭൂരിപക്ഷത്തോടുകൂടിയ ഒരു സമൂഹമായിരുന്നു അക്കാലത്തുണ്ടായിരുന്നത്. അതു തീർത്തും മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് വറുഗീസ് മാപ്പിള മനോരമയുടെയും ഭാഷാപോഷിണിസഭയുടെയും നയം ആവിഷ്കരിച്ചിരുന്നത് എന്നതാണ് പ്രധാനം. സവർണ്ണരായ ഫ്യൂഡൽ തമ്പുരാക്കന്മാരെ അത്രയും മുൻപന്തിയിൽ നിർത്തിക്കൊണ്ട് അവരുടെ മനസ്സമ്മതത്തോടുകൂടിയാണ് അദ്ദേഹവും അതുപോലെയുള്ള അവർണ്ണവിഭാഗങ്ങളും ഈ സമാജവുമായി സജീവപങ്കാളിത്തത്തിന് ഒരുങ്ങിയതുതന്നെ. വിരുദ്ധ ശക്തികളെ ആദർശലക്ഷ്യങ്ങളുടെ ബലത്തിൽ ബന്ധിപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. സാഹിത്യസംബന്ധമായി മാത്രമല്ല, മറ്റെല്ലാ മണ്ഡലങ്ങളിലും ഈ സമന്വയത്തിൻെറ തത്വശാസ്ത്രമാണ് 'മനോരമ' വിജയകരമായി കൈകാര്യം ചെയ്തിരുന്നത് എന്നുകാണാം.

വിമർശനങ്ങളും വിവാദങ്ങളും കൊടുമ്പിരികൊണ്ടിരിക്കുമ്പോഴാണ് ക്ഷമാശീലനും വിനയാന്വിതനുമായ വറുഗീസ് മാപ്പിള മദ്രാസിലെ മലയാളി സുഹൃത്തുക്കൾ നൽകിയ സ്വീകരണച്ചടങ്ങിൽ പൊട്ടിത്തെറിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞത്. "കുറ്റം പറയാൻ ഒരു കൂട്ടരും അതിനു വിഷയമായിട്ടുള്ള പ്രവൃത്തി ചെയ്യാൻ മറ്റൊരു കൂട്ടരും എന്നുള്ള പതിവ് ഈവക കാര്യങ്ങളിലും അനുഭവമായി വന്നത് വളരെ വ്യസനിക്കത്തക്കതുതന്നെ. പ്രസംഗം പ്രധാനമായിട്ടുള്ള ആളുകൾ പ്രായേണ പ്രവൃത്തിയിൽ

പിന്നോക്കമായിട്ടേ ഇവിടങ്ങളിൽ കാണാറുള്ളൂ എന്നുള്ളതു അറിഞ്ഞിരുന്നതുകൊണ്ട് സഭയുടെ ഭാരവാഹികൾക്ക് ഇക്കാര്യത്തിൽ വലിയ ഇച്ഛാഭംഗമുണ്ടായില്ല. തങ്ങളുടെ ബുദ്ധിയിൽ എത്തിയതുപോലുള്ള മാർഗ്ഗത്തിൽക്കൂടിയാണെങ്കിലും പ്രശംസനീയമായിട്ടുള്ള ഒരു ഉദ്ദേശ്യത്തെ സാധിക്കുന്നതിലേക്കാണ് തങ്ങളുടെ പ്രയത്നമെന്ന് അവർക്ക് നിശ്ചയമുള്ളതിനാൽ, ഉത്സാഹത്തിൽ സ്ഥിരമായിരുന്നാൽ കാലക്രമേണ തങ്ങൾക്ക് സഹകരണത്തിന് ആളുകൾ ഉണ്ടാകാതെ ഇരിക്കയില്ലെന്നുള്ള വിശ്വാസവും ആശ്വാസവും പ്രവർത്തകന്മാർക്കുണ്ട്. കവികൾക്ക് സമാജമോ സമാജത്തിന് കവികളോ കൂടുതൽ ഗുണകരമായി പ്രവർത്തിച്ചതെന്ന് സൂക്ഷ്മമായി പറഞ്ഞുകൂടാത്തവിധത്തിൽ മലയാളത്തിൽ പൊതുവെ അടുത്തകാലത്തുണ്ടായിട്ടുള്ള ഭാഷാപരിഷ്കാരഭ്രമത്തിൽ നിന്ന് ജനിച്ചിട്ടുള്ള ഭാഷാപോഷിണിസഭയെ ആളുകളുടെ അവസ്ഥാഭേദമോ, മതഭേദമോ, ജാതിഭേദമോകൊണ്ടുള്ള മത്സരബുദ്ധിയും സൗന്ദര്യപ്പിണക്കവുംകൂടാതെ എല്ലാ കേരളീയനും ഒരുപോലെ രക്ഷിച്ചു നിലനിർത്തുവാൻ ശ്രമിക്കുന്നപക്ഷം, അതു നമുക്കും നമ്മുടെ സന്തതികൾക്കും സംഖ്യയില്ലാതെയുള്ള ഗുണങ്ങൾക്ക് കാരണമായിത്തീരും എന്നുള്ളത് നിസ്സംശയമാണ്."[16] നിസ്വാർത്ഥമായി സേവനം ചെയ്തുകൊണ്ടിരിക്കുന്ന നിഷ്കളങ്കനായ ഒരു സാഹിതീഭക്തൻെറ വ്രണിതഹൃദയത്തിൽനിന്നും നൈസർഗികമായി ഉതിർന്നുവീണ വാക്കുകളാണിവ. എതിർപ്പുകളെ പുഞ്ചിരികൊണ്ടു സ്വാഗതം ചെയ്തിരുന്ന പക്വമതിയായിരുന്നു അദ്ദേഹമെങ്കിലും ജാതിയുടെയും മതത്തിൻെറയും പേരിൽ തൻെറ ഉദ്ദേശ്യശുദ്ധി ചോദ്യം ചെയ്യപ്പെട്ടപ്പോൾ ആ മനസ്സ് വേദനിച്ചു.

ഈവക പിറുപിറുക്കലുകളും ശകാരങ്ങളും പരസ്യമായും രഹസ്യമായും തൻെറമേൽ പതിച്ചുകൊണ്ടിരുന്നപ്പോഴും കർമ്മനിരതനായ ആ ആദർശശാലി താൻ നല്ലതെന്ന് ആത്മാർത്ഥമായി വിശ്വസിച്ചിരുന്നവയ്ക്കുവേണ്ടി ഇടറുകയോ പതറുകയോ ചെയ്യാതെ അക്ഷീണം പ്രയത്നിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇതിനിടയിലാണ് 1069 തുലാം 25, 26, 27 തീയതികളിൽ ഭാഷാപോഷിണിസഭയുടെ മൂന്നാം സമ്മേളനം ആഘോഷിക്കപ്പെടുന്നത്. കോഴിക്കോട് സാമൂതിരി കോവിലകത്തെ ഏറാൾപാട് തമ്പുരാനും പി. സി. മാനവിക്രമ ഏട്ടൻ തമ്പുരാനുമായിരുന്നു യോഗങ്ങളിൽ ആദ്ധ്യക്ഷം വഹിച്ചിരുന്നത്. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കടത്തനാട്ട് ഉദയവർമ്മ തമ്പുരാൻ, വെങ്കിടേശ്വര ശാസ്ത്രി, കരിമ്പറ്റ കൃഷ്ണമേനോൻ, കണ്ണമ്പ്ര രാമുണ്ണി നായർ എന്നിവർ ഭാഷാപോഷിണി സഭയ്ക്ക് ആധാരമാക്കേണ്ട പ്രധാന വിഷയങ്ങളെക്കുറിച്ച് ആദ്യദിവസം പ്രഭാഷണം നടത്തി. രണ്ടാംദിവസം ശ്രദ്ധേയമായ രണ്ടു വിഷയങ്ങൾ അവതരിപ്പിച്ചത് പുന്നശ്ശേരി നീലകണ്ഠശർമ്മയും കോടതി

ഭാഷ കെ. സി. നാരായണൻ നമ്പ്യാരുമായിരുന്ന (വടക്കേമലയാളത്തിലെ ഭാഷാപരിഷ്കാരസ്ഥിതി). രണ്ടാംദിവസത്തെ സമ്മേളനത്തിൽ സജീവചർച്ചയ്ക്ക് വിധേയമായ മറ്റൊരു വിഷയം കെ. സി. കേശവപിള്ളയുടെ 'ഭാഷാനാരായണീയ'ത്തിന് സഭയുടെ പാരിതോഷികം നൽകിയതിൽ സമ്മാനനിർണ്ണയ കമ്മിറ്റി അംഗംകൂടിയായിരുന്ന കൊച്ചുകുഞ്ഞുമേനോൻ നടത്തിയ പ്രതിഷേധപ്രകടനമാണ്. മത്സരത്തിനെത്തിയ പുസ്തകങ്ങൾ പരിശോധിച്ചത് മാനവിക്രമ ഏട്ടൻ തമ്പുരാൻ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കടത്തനാട്ട് ഉദയവർമ്മ തമ്പുരാൻ, വയസ്കരമൂസ്സ്, ജി. കൊച്ചുകുഞ്ഞ് മേനോൻ എന്നിവരായിരുന്നു. ഇതിൽ കൊച്ചുകുഞ്ഞുമേനോൻ ഒഴിച്ച് മറ്റു നാലുപേരും 'ഭാഷാനാരായണീയ'ത്തിന് സാഹിത്യപുരസ്കാരം നൽകണമെന്ന് അഭിപ്രായപ്പെട്ടിരുന്നവരാണ്. ഭൂരിപക്ഷത്തിൻെറ അഭിപ്രായത്തെ മാനിക്കുന്നതിനു പകരം തൻെറ അഭിപ്രായം മാത്രമാണ് ശരിയെന്ന രീതിയിലാണ് അദ്ദേഹം ഈ കോലാഹലമൊക്കെ ഉണ്ടാക്കിയത്. 'മനോരമ'യുടെയും അതിൻെറ മഹത്സന്തതിയായി പിറന്ന ഭാഷാപോഷിണി സഭയുടെയും ഇവയുടെയെല്ലാം കാർമ്മികത്വം വഹിക്കുന്ന പത്രാധിപർ വറുഗീസ് മാപ്പിളയുടെയും പേരും പ്രശസ്തിയും ദൈനംദിനം വർദ്ധിച്ചുകൊണ്ടിരുന്നത് വളരെയേറെ അസൂയാലുക്കളെയും ശത്രുക്കളെയും ഉണ്ടാക്കുവാനാണു സഹായിച്ചത്. അതിൻെറ പ്രതിഫലനമായിരുന്നു കോഴിക്കോടു സമ്മേളനത്തിലും പിന്നീടു നടന്ന സമ്മേളനങ്ങളിലും കാണാൻ കഴിഞ്ഞത്. തെക്കൻദിക്കുകളിലെ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനും ദക്ഷിണകേരളത്തിൻെറ ആധിപത്യം ഭാഷയിലും സാഹിത്യത്തിലും ഉറപ്പിക്കുന്നതിനും വേണ്ടിയുള്ള കുത്സിത ശ്രമമാണ് സഭയുടെ കാര്യദർശിയായ വറുഗീസ് മാപ്പിളയുടെ നേതൃത്വത്തിൽ നടക്കുന്നതെന്നും സ്വസമുദായത്തിൽനിന്നും കവികളെയും സാഹിത്യകാരന്മാരെയും ഉണ്ടാക്കുക എന്ന നിഗൂഢോദ്ദേശ്യമാണ് വറുഗീസ് മാപ്പിളയ്ക്കുള്ളതെന്നുമുള്ള ദുഷ്പ്രചാരണങ്ങൾ ഇവർ നടത്തിക്കൊണ്ടിരുന്നു. സഭയുടെ നിർവ്വാഹകസമിതിയിൽ ഉത്തരകേരളത്തിന് അർഹമായ പ്രാതിനിധ്യം നല്കാതിരിക്കുന്നതു ദുരുദ്ദേശ്യപൂർവ്വമാണെന്ന് അവർ ആരോപിച്ചു. തനിക്കു കിട്ടിയ അവസരങ്ങളിലൊക്കെ മിതമായ ഭാഷയിൽ ആരെയും പ്രകോപിപ്പിക്കാതെതന്നെ ഈ ആരോപണങ്ങൾക്കു മറുപടി പറയുവാൻ 'മനോരമ'യിലൂടെ വറുഗീസ് മാപ്പിള ശ്രമങ്ങൾ നടത്തിയിട്ടുള്ളതായി കാണാം. കോഴിക്കോട് സമ്മേളനത്തിൻെറ മൂന്നാം ദിവസം മത്സരപരീക്ഷകളിൽ ജയിച്ചവർക്ക് സമ്മാനം നൽകിയതിനു പുറമെ ഭാഷാഭിവൃദ്ധിക്കും ഭാഷയുടെ ഐകരൂപ്യത്തിനും ഉതകുംവിധം വിവിധവിഷയങ്ങളെ ആസ്പദിച്ച് ഗ്രന്ഥരചനകൾ നടത്തുന്നതിനായി എട്ട് ഉപസമിതികൾ രൂപീകരിക്കുകയും ചെയ്തിരുന്നു. ഓരോ ഉപസമിതിയിലും

പത്തും ഇരുപത്തഞ്ചും അംഗങ്ങൾ വീതം ഉണ്ടായിരുന്നതായും കാണാം. കമ്മിറ്റികളിലും സഭയുടെ മറ്റ് സ്ഥാനങ്ങളിലും കയറിപ്പറ്റുവാൻ മത്സരബുദ്ധ്യാ എല്ലാവരും ശ്രമിച്ചിരുന്നു എന്നർത്ഥം. പ്രവർത്തനപദ്ധതികൾ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും ഇവയെത്രത്തോളം പ്രായോഗികമായിരിക്കും എന്ന കാര്യത്തിൽ വറുഗീസ് മാപ്പിളയ്ക്ക് ആശങ്കയുണ്ടായിരുന്നു. എങ്കിലും തന്നിലർപ്പിതമായിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുവാൻ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നതായി കാണാം. പുതിയ പുസ്തകങ്ങൾക്കു സമ്മാനംകൊടുക്കുക, ഇതിനായി നിർദ്ദിഷ്ട വിഷയങ്ങളിൽ പുസ്തകങ്ങൾ ക്ഷണിക്കുക, സഭാകാര്യങ്ങൾ നിഷ്കൃഷ്ടമായി നടത്തുക, 'ഭാഷാപോഷിണി' മാസിക വൈജ്ഞാനിക പഠനങ്ങളോടുകൂടി ആകർഷകമായി കൃത്യസമയത്തെത്തിക്കുക, സാഹിത്യകാരന്മാരെ വിഷയങ്ങൾ കൊടുത്ത് എഴുതുവാൻ പ്രേരിപ്പിക്കുക തുടങ്ങി ചെയ്യാവുന്ന നല്ല കാര്യങ്ങളൊക്കെ അദ്ദേഹം നടത്തിക്കൊണ്ടിരുന്നു. അക്കാലത്ത് ഭാഷാപോഷിണി സഭയിൽ ഉണ്ടായിട്ടുള്ള വിവാദങ്ങളിൽ സഭയുടെ വളർച്ചയ്ക്ക് ഒത്തൊരുമിച്ച് ചെയ്യേണ്ട പ്രവർത്തനങ്ങളെയും ഒക്കെക്കുറിച്ച് 'മലയാള മനോരമ'യുടെ മുഖപ്രസംഗങ്ങളിലൂടെ പല പ്രാവശ്യം എഴുതിയിട്ടുള്ളതായി കാണാം.

'മനോരമ'യും 'ഭാഷാപോഷി'ണിയും വറുഗീസ് മാപ്പിളയും ആയിരുന്നു കേരളത്തിലെ ഏതു സ്ഥലത്തുവച്ചു കണ്ടുമുട്ടുന്ന സാഹിത്യകാരന്മാരുടെ സംഭാഷണവിഷയങ്ങളിലൊന്ന്. അതുവരെ ആർക്കും അർഹിക്കുവാനോ അവകാശപ്പെടുവാനോ കഴിഞ്ഞിട്ടില്ലാത്ത പ്രസിദ്ധിയായിരുന്നു ഇത്. തന്മൂലം അസൂയാലുക്കളുടെ എതിർപ്പ് ഒളിഞ്ഞും തെളിഞ്ഞും പുറത്തുവന്നുകൊണ്ടിരുന്നു. ഇതൊക്കെ മനസ്സിലാക്കിയിട്ടും കോഴിക്കോട് സമ്മേളനത്തിൽ കാര്യദർശി സ്ഥാനത്തേക്ക് മൂന്നാംവട്ടവും തൻെറ പേരു നിർദ്ദേശിച്ചപ്പോൾ വിനയാന്വിതനായി അദ്ദേഹം തന്നെ ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുകയായിരുന്നു. മാനവിക്രമ ഏട്ടൻ തമ്പുരാൻെറയും ഉന്നതശീർഷരായ മറ്റംഗങ്ങളുടെയും നിർബന്ധത്തിനു വിധേയനായിട്ടാണ് ആ പദവിയിൽ തുടരാമെന്ന് അദ്ദേഹം സമ്മതിച്ചത്.

എന്നാൽ സാഹിത്യമണ്ഡലത്തിൽ കാർമേഘം ഉരുണ്ടുകൂടിക്കൊണ്ടിരിക്കുകയായിരുന്നു. ഭാഷാപോഷിണി സഭയുടെ കാര്യദർശിസ്ഥാനവും മാസികയുടെ പത്രാധിപസ്ഥാനവും കൈക്കലാക്കിയാൽ പ്രസിദ്ധിയാർജ്ജിക്കുവാൻ പ്രയാസമുണ്ടാവുകയില്ല എന്നായിരുന്നു ധാരണ. തന്മൂലം വറുഗീസ് മാപ്പിളയെ പുകച്ചു ചാടിക്കുവാൻ സി. പി. അച്യുതമേനോൻെറ പത്രമായ 'വിദ്യാവിനോദിനി'യിലൂടെ 'മനോരമ'യ്ക്കും 'ഭാഷാപോഷിണി സഭ'യ്ക്കും എതിരായുള്ള ഒളിയമ്പുകൾ തൊടുത്തുവിട്ടുകൊണ്ടിരുന്നു.

'ബൃഹസ്പതി' എന്ന തൂലികാനാമത്തിൽ 'വിദ്യാവിനോദിനി'യിൽ പ്രസിദ്ധീകരിച്ച ലേഖനം 'മലയാള മനോരമ'യേയും സഭാപ്രവർത്തനങ്ങളെയും 'ഭാഷാപോഷിണി' മാസികയെയും നിർദ്ദാക്ഷിണ്യം വിമർശിക്കുന്ന ഒന്നായിരുന്നു. സഭയ്ക്ക് ഭാഷാപോഷണത്തിന് കാര്യമായി ഒന്നും ചെയ്യുവാൻ കഴിയുന്നില്ലെന്നും ചെയ്യുന്നവയാകട്ടെ ദോഷമായി തീരുന്ന പ്രവൃത്തികളാണെന്നും ഒക്കെയായിരുന്നു ഈ വിമർശനം. അഖിലകേരള അടിസ്ഥാനത്തിൽ രൂപീകൃതമായ ഭാഷാപോഷിണിസഭയുടെ ആസ്ഥാനം കേരളത്തിൻെറ മദ്ധ്യഭാഗത്ത് എവിടെയെങ്കിലും ആയിരിക്കണമെന്നും ചിലർ അഭിപ്രായപ്പെട്ടുകൊണ്ടിരുന്നു. പല സ്ഥാപനങ്ങളുടെയും ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്ന ഒരാൾതന്നെ ഭാഷാപോഷിണി സഭയുടെ കാര്യദർശി സ്ഥാനവും അതിൻെറ മാസികയുടെ പത്രാധിപത്യവും വഹിക്കുന്നതുകൊണ്ട് കാര്യമായ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കാതെവരുന്നുവെന്നും പത്രങ്ങളിൽ പലരും പല പേരിൽ എഴുതിക്കൊണ്ടിരുന്നു. 'മനോരമ'യുടെ പത്രാധിപത്യം, കോട്ടയത്തെ എം. ഡി. സെമിനാരി ഹൈസ്കൂളിൻെറ മാനേജ്മെൻറ്, ഒന്നുരണ്ടു ഭാഗ്യക്കുറികളുടെ ഉത്തരവാദിത്വം എന്നിവയ്ക്കുപുറമെ കുടുംബപരവും സാംസ്കാരികവുമായ ബഹുമുഖ പ്രവർത്തനങ്ങളും നിഷ്കർഷയോടുകൂടി നിർവ്വഹിച്ചുകൊണ്ടിരുന്ന അവസരത്തിൽ തന്നെയായിരുന്നു 'ഭാഷാപോഷിണി'മാസികയുടെ പത്രാധിപത്യവും അദ്ദേഹം ഭംഗിയായി നടത്തിക്കൊണ്ടിരുന്നത് എന്ന വസ്തുത വിസ്മയജനകമാണ്. ആർക്കും അത്ഭുതമുണ്ടാക്കുന്ന അനന്യസാധാരണമായ കർമ്മകുശലതയായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്.

ഇങ്ങനെ സാഹിത്യാന്തരീക്ഷം കലുഷമായിക്കൊണ്ടിരുന്ന സന്ദർഭത്തിലാണ് 1070 കന്നി 18, 1൯, 20 തീയതികളിൽ തിരുവനന്തപുരത്ത് സഭയുടെ നാലാം വാർഷികാഘോഷം വിളിച്ചുകൂട്ടുന്നത്. പരപ്പനാട്ട് രാമവർമ്മ തമ്പുരാൻ, ഏ. ആർ. രാജരാജവർമ്മ, തിരുവിതാംകൂർ റസിഡൻറായിരുന്ന ഗ്രീൻ സായ്പ് എന്നിവരായിരുന്നു യോഗാദ്ധ്യക്ഷന്മാർ. യോഗം പൂർവ്വാധികം ഭംഗിയായി നടന്നുകൊണ്ടിരുന്നു. ഗ്രീൻ സായ്പ് ഭാഷാപോഷിണി സഭയുടെ ഉത്ഭവത്തെയും അതിന് കാർമ്മികത്വം നൽകിയ 'മലയാള മനോരമ'യേയും അതിൻെറ പത്രാധിപരായ വറുഗീസ് മാപ്പിളയെയും അങ്ങേയറ്റം പ്രശംസിച്ചു. പ്രഭാഷകരായി എത്തിയവരൊക്കെതന്നെ 'മലയാള മനോരമ'യോടും വറുഗീസ് മാപ്പിളയോടും അകംനിറഞ്ഞ കൃതജ്ഞത പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. അദ്ധ്യക്ഷപ്രസംഗത്തിൽ പരപ്പനാട്ടു വലിയതമ്പുരാൻ അസന്ദിഗ്ധമായി പ്രസ്താവിച്ചത് ഇപ്രകാരമാണ്: "ഭാഷാപോഷിണിസഭയുടെ പ്രഥമ പ്രവർത്തകൻ 'മലയാള

നോരമ' പത്രാധിപരായ കണ്ടത്തിൽ വറുഗീസ് മാപ്പിളയാണെന്നുള്ളത് എല്ലാവർക്കും അറിയാമല്ലോ. ആ ഒരാളുടെ ക്ഷീണിക്കാത്ത ഉത്സാഹം ഒന്നിനെ മാത്രം അടിസ്ഥാനമാക്കിയാണ് ഇപ്പോൾ ഈ സഭ നിലനില്ക്കുന്നത്."[17] ഇതൊക്കെക്കൂടിയായപ്പോൾ പ്രതിയോഗികളുടെ സഹിക്കാൻ സാധിക്കാത്തവിധം രോഷം പുറത്തുചാടി. ഈ ഗൂഢാലോചന ഏറെക്കുറെ മനസ്സിലാക്കിയ വറുഗീസ് മാപ്പിള തക്കസമയത്ത് അതിനുള്ള പ്രതിവിധി ചെയ്യുകയുണ്ടായി. 'ഭാഷാപോഷിണി' ചെയ്യുന്ന സേവനം തന്നെയാണ് 'വിദ്യാവിനോദിനി' നടത്തുന്നത് എന്നതിനാൽ രണ്ട് പ്രസിദ്ധീകരണങ്ങൾ ആവശ്യമില്ലെന്നും ഭാഷാപോഷിണിസഭയുടെ മുഖപത്രമായി 'വിദ്യാവിനോദിനി' മാത്രം മതിയെന്നുമായിരുന്നു 'ഭാഷാപരിഷ്കാരം' എന്ന പ്രബന്ധത്തിൽ സി. പി. അച്യുതമേനോൻ തറപ്പിച്ച് ആവശ്യപ്പെട്ടത്. ഇത്രയുമായപ്പോഴാണ് തിരശ്ശീലയ്ക്കുപിന്നിൽ നടന്നുകൊണ്ടിരിക്കുന്ന ഗൂഢാലോചന വറുഗീസ് മാപ്പിളയ്ക്ക് ബോധ്യമായത്. ഉടൻതന്നെ അദ്ദേഹം കാര്യദർശി സ്ഥാനം രാജിവച്ചുകൊണ്ട് ഒരു പ്രസ്താവന ചെയ്തു. "എല്ലാവരുടേതുമായ ഈ സഭയുടെ കാര്യദർശിസ്ഥാനം ഭംഗിയായി നടത്തുവാൻ കഴിവുള്ള പലരും നമുക്കിപ്പോൾ ഭാഗ്യവശാൽ ലഭ്യമാണ് എന്നതുകൊണ്ട് ഒരാൾ തന്നെ ആ പദവിയിലിരിക്കുന്നതു ശരിയല്ല. അതുകൊണ്ട് ആ സ്ഥാനമൊഴിയുവാൻ ഉള്ള എന്റെ ആഗ്രഹം എല്ലാവരും സന്മനസ്സോടെ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു." അപ്രതീക്ഷിതമായുള്ള ഈ പിന്മാറ്റം സഭയോടു കൂറും ഭാഷയോടു സ്നേഹവുമുള്ളവരെയൊക്കെ ഏറെ വേദനിപ്പിച്ചു. രാജി പിൻവലിക്കുവാൻ അവരത്രയും സമ്മർദ്ദം ചെലുത്തിയെങ്കിലും വറുഗീസ് മാപ്പിള തീരുമാനത്തിൽ ഉറച്ചുനിന്നു. തന്മൂലം കാര്യാലോചന യോഗത്തിൽ വളരെ വേദനയോടുകൂടി വറുഗീസ് മാപ്പിളയുടെ രാജി സ്വീകരിക്കുകയും പകരം സി. പി. അച്യുതമേനോനെ കാര്യദർശിയായി നിയമിക്കുകയും ചെയ്തു. 'ഭാഷാപോഷിണി' 'വിദ്യാവിനോദിനി'യുമായി സംയോജിപ്പിച്ച് സഭയുടെ വകയായി പ്രസിദ്ധീകരിക്കണമെന്നും പത്രത്തിന്റെ സുഗമമായ നടത്തിപ്പ് ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ, വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, കണ്ടത്തിൽ വറുഗീസ് മാപ്പിള എന്നിവരുടെ സഹായത്തോടുകൂടി സെക്രട്ടറിയുടെ ചുമതലയിൽ നടത്തണമെന്നുമായിരുന്നു തീരുമാനങ്ങൾ. സമ്മേളനാനന്തരം 'മലയാള മനോരമ'യിൽ വറുഗീസ് മാപ്പിളയെഴുതിയ മുഖപ്രസംഗത്തിന്റെ പ്രസക്തഭാഗമാണു താഴെ ചേർക്കുന്നത്. "തിരുവനന്തപുരം യോഗത്തിൽവച്ച് സഭാകാര്യം സംബന്ധിച്ച് നടന്നിട്ടുള്ള ഒരു പ്രധാനസംഗതി സെക്രട്ടറിയുടെ മാറ്റമാണ്. ഇതോടുകൂടി ഭാഷാപരിഷ്കാരത്തെ മാത്രം ഉദ്ദേശിച്ച് അനന്യസാധാരണമായ

*മലയാള മനോരമയുടെ ചരിത്രം*

സാമർത്ഥ്യത്തോടുകൂടി ഈ മാസിക പുസ്തകം നടത്തിവരുന്നയാൾ ഈ സഭയുടെ ആരംഭത്തിൽതന്നെ ഈ സ്ഥാനത്ത് അർഹനായിരുന്നു എന്നുള്ളതിന് സംശയമില്ല. തിരുവിതാംകൂർ, കൊച്ചി, മലബാർ ഈ മൂന്നു രാജ്യത്തെയും ആളുകൾ യോജിച്ച് നടത്തേണ്ടതായ ഒരു സഭയുടെ പ്രധാനഭാരം, മൂന്നു ശീമകളിലും യോഗ്യന്മാരായ അനേകം സ്നേഹിതന്മാരും മദ്ധ്യസ്ഥാനത്ത് സ്ഥിരതാമസവും ഉള്ള ഒരാൾ വഹിക്കുന്നതുതന്നെ സഭയുടെ അഭിവൃദ്ധിക്ക് വളരെ ഉപയോഗപ്പെടുന്നതാണല്ലോ. അച്യുതമേനോൻ അവർകൾക്കും കൃത്യാന്തരഭാരം ഒട്ടും കുറവല്ലാ എങ്കിലും ഏറ്റസ്ഥിതിക്ക് എങ്ങനെയും സമയമുണ്ടാക്കും എന്നുള്ളതിനു സംശയമില്ല."[18] പ്രതിയോഗികൾ ഉന്നയിച്ചിരുന്ന ആരോപണങ്ങൾക്കെല്ലാം വളരെ സൗമ്യമായി മറുപടി കൊടുക്കുകയാണ് ഈ മുഖപ്രസംഗത്തിലൂടെ. 'ഭാഷാപോഷിണി', 'വിദ്യാവിനോദിനി'യിൽ ലയിപ്പിക്കണം എന്നും സഭയുടെ ആസ്ഥാനം കേരളത്തിൻെറ മദ്ധ്യസ്ഥലത്തായിരിക്കണമെന്നും ഉത്തരവാദപ്പെട്ട പല സ്ഥാനങ്ങളും വഹിക്കുന്ന ഒരാൾ തന്നെ സഭയുടെ കാര്യദർശി സ്ഥാനത്ത് തുടരുന്നതു ശരിയല്ലെന്നുമുള്ള വാദവും ആയിരുന്നുവല്ലോ എതിരാളികൾ ഉന്നയിച്ചിരിക്കുന്നത്. ഇവയുടെ അർത്ഥശൂന്യത വെളിവാക്കുന്നതും ദുരുദ്ദേശ്യങ്ങളെ പുറത്തുകൊണ്ടുവരുന്നതും എത്ര തന്മയത്വത്തോടുകൂടിയാണ് വറുഗീസ് മാപ്പിള നിർവ്വഹിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. നിർവ്വാഹകസമിതിയുടെ തീരുമാനം അനുസരിച്ച് 'ഭാഷാപോഷിണിസഭവക' എന്ന തലക്കുറിപ്പോടുകൂടി 'വിദ്യാവിനോദിനി' 1070 തുലാമാസത്തിൽ പുറത്തുവന്നു. ഇതോടെ 'ഭാഷാപോഷിണി' മാസിക നിർത്തലാക്കുകയും ചെയ്തു.

സ്വന്തംപേരിലും തൂലികാനാമത്തിലും ഭാഷാപരിഷ്കാരത്തെക്കുറിച്ച് വാചാലരായിരുന്നവരുടെ കൈയിൽ സഭ ചെന്നെത്തിയപ്പോഴാണ് വാക്കും പ്രവൃത്തിയും ഏകോപിപ്പിക്കുവാൻ അസാധ്യമാണെന്ന് ഇക്കൂട്ടർക്ക് മനസ്സിലായത്. തന്മൂലം സഭയുടെ പ്രവർത്തനങ്ങൾ നിശ്ചലമായി. 'വിദ്യാവിനോദിനി'യാകട്ടെ ഭാഷാപോഷിണിസഭ വകയെന്ന തലക്കുറിപ്പോടുകൂടി ആദ്യമാദ്യം പ്രസിദ്ധീകരിച്ചിരുന്നെങ്കിലും പിന്നീട് ഈ തലക്കുറിപ്പുപോലും ഇല്ലാതെയാണ് അവസാനം പുറത്തുവന്നത്. ഭാഷയെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്ന ഒരു സഭയുടെയും 'ഭാഷാപോഷിണി'യുടെയും പ്രവർത്തനങ്ങളിൽ അതീവ തൽപരരുമായിരുന്ന സഹൃദയർ സഭയുടെ കാര്യദർശിസ്ഥാനം വറുഗീസ് മാപ്പിളയെ ഏല്പിച്ചാൽ മാത്രമേ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുകയുള്ളൂവെന്നും 'ഭാഷാപോഷിണി' പുനഃപ്രകാശനം ചെയ്താൽ മാത്രമേ ഭാഷയ്ക്കും സാഹിത്യത്തിനും ഉത്ക്കർഷം ലഭിക്കുകയുള്ളൂവെന്നും പരാതിപ്പെടുവാൻ

തുടങ്ങി. ഭാഷാപോഷിണി സഭവക എന്ന തലക്കുറിപ്പോടുകൂടി ഒരു കൊല്ലത്തോളം നടത്തിയശേഷം വിദ്യാവിനോദിനിയിൽ ഈ തലക്കെട്ട് അപ്രത്യക്ഷമായതിനെപ്പറ്റിയും വാദപ്രതിവാദങ്ങൾ നടന്നുകൊണ്ടിരുന്നു. അതുവരെ നിശ്ശബ്ദനായിരുന്ന വറുഗീസ് മാപ്പിള 1071 കുംഭം 18-ാം തീയതി മനോരമയിൽ സുദീർഘമായ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. അത് ഉപസംഹരിക്കുന്നത് ഇപ്രകാരമാണ്.[19] "വിദ്യാവിനോദിനിയെ അതിന്റെ ഉടമസ്ഥൻ സഭയ്ക്ക് വിട്ടുകൊടുത്തിരിക്കുന്നതായി പ്രസ്താവിക്കുകയും അതനുസരിച്ച് ആ യോഗത്തിൽ ചെയ്ത നിശ്ചയം വിദ്യാവിനോദിനി പ്രസിദ്ധപ്പെടുത്തുകയും 'ഭാഷാപോഷിണിസഭവക' എന്ന മേലെഴുത്തോടുകൂടി ഒരു കൊല്ലത്തോളം അതു നടത്തുകയും ചെയ്തതിനു ശേഷം, ആരോടും ചോദിക്കാതെയും ആരും അറിയാതെയും ഈ മേലെഴുത്ത് നീക്കിക്കളഞ്ഞിരിക്കുന്നതിനെക്കുറിച്ച് 'സന്തോഷിക്കേണ്ടിയിരിക്കുന്നു' എന്നു പറയുന്നൊരു പത്രം കേരളത്തിനു പൊതുവെ മിത്രമായിരുന്നതിനാലും സഭയ്ക്ക് ശത്രുവെന്നല്ലാതെ വിചാരിക്കുവാൻ വഴികാണുന്നില്ലെന്നും പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു." ഇതിന് ന്യായമായ മറുപടി പറയാൻ സാധിക്കാതെവന്നപ്പോൾ സി. പി. അച്യുതമേനോൻ വീണിടത്തു കിടന്നുരുണ്ടത് ഇങ്ങനെ പറഞ്ഞായിരുന്നു: "ഒരു കൊല്ലം കൊണ്ട് നാനൂറു രൂപ നഷ്ടംവന്നതിനാലാണ് വിദ്യാവിനോദിനിയിലെ മേലെഴുത്ത് വെണ്ടെന്നുവച്ചത്." ഇതൊക്കെക്കൂടി സഹൃദയരിൽ ശക്തമായ പ്രതിഷേധം ഉണ്ടാക്കി. അവർ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ അടുക്കൽ 'ഭാഷാപോഷിണി' മാസിക പുനരാരംഭിക്കണമെന്നും സഭയുടെ കാര്യദർശി സ്ഥാനം വറുഗീസ് മാപ്പിളയെ വീണ്ടും ഏല്പിക്കണമെന്നും നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. കവികളും സാഹിത്യകാരന്മാരും ഈ അഭിപ്രായംതന്നെ പ്രകടിപ്പിച്ചു. വലിയകോയിത്തമ്പുരാൻ ഉൾപ്പെടെയുള്ള ഉന്നതശീർഷരുടെ സമ്മർദ്ദത്തിനു വിധേയനായി വറുഗീസ് മാപ്പിള വീണ്ടും കാര്യദർശിസ്ഥാനം ഏറ്റെടുത്തു. 'ഭാഷാപോഷിണി' 1072-ൽ മാസികയായി പുനഃപ്രകാശനം നടത്തുകയും ചെയ്തു. തുടർന്ന് 1073 തുലാം മാസത്തിൽ സഭയുടെ അഞ്ചാം സമ്മേളനം കോട്ടയത്തു നടന്നു.

• വലിയകോയിത്തമ്പുരാനായിരുന്നു സഭാദ്ധ്യക്ഷൻ. മൂന്നു വർഷം മുമ്പ് തിരുവനന്തപുരത്തുവച്ച് ഗംഭീരമായി നടത്തിയ സമ്മേളനത്തിനുശേഷം സഭയുടെ പ്രവർത്തനങ്ങൾ തീരെ മന്ദീഭവിച്ചുപോയതിൽ വ്യസനം രേഖപ്പെടുത്തിക്കൊണ്ടായിരുന്നു അദ്ധ്യക്ഷൻ പ്രസംഗം ആരംഭിച്ചത്. ഇതിനു കാരണമായ സംഭവങ്ങളെ സസൂക്ഷ്മം വിശകലനം ചെയ്തശേഷം അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു. "ആരംഭം മുതൽക്കേ സഭയുടെ ജീവനായിരുന്ന ആൾ ഇതിനോടുള്ള സംബന്ധത്തെ വിട്ടപ്പോൾ ഇതു

കഥാവശേഷമായിത്തീർന്നതും, പിന്നീട് അയാൾ ഇതിനോടു ചേർന്നപ്പോൾ ഇത് പുനശ്ചസജീവമായിത്തീർന്നതും എനിക്ക് ഒട്ടും ആശ്ചര്യമായി തോന്നുന്നില്ല." ഹ്രസ്വമായ ഈ പ്രതികരണത്തിൽ എല്ലാം അടങ്ങിയിട്ടുണ്ടായിരുന്നു. കാര്യദർശിസ്ഥാനം ഏറ്റെടുത്ത വറുഗീസ് മാപ്പിള സഭയുടെ പ്രവർത്തനങ്ങൾക്ക് പുതുജീവൻ നൽകുവാനുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തത്. മൂന്നുകൊല്ലത്തെ നിശ്ശബ്ദതയ്ക്കുശേഷം സഭ വീണ്ടും ഉയിർത്തെഴുന്നേറ്റ പ്രതീതിയുണ്ടായി. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽനിന്നുമുള്ള യഥാർത്ഥ ഭാഷാസ്നേഹികളുടെ ഒരു പ്രവർത്തനസമിതി രൂപീകരിക്കാൻ സാധിച്ചതാണ് ഈ സമ്മേളനത്തിന്റെ പ്രധാന നേട്ടം. അൻപത് അംഗങ്ങളാണ് ഈ സമിതിയിൽ ഉണ്ടായിരുന്നത്. ഇവരുടെ ഏകോപിത പരിശ്രമംകൊണ്ട് ഭാഷാപോഷിണി സഭയെയും മാസികയെയും സജീവമാക്കാനായിരുന്നു ഉദ്ദേശ്യം. നിർഭാഗ്യവശാൽ വറുഗീസ് മാപ്പിള രോഗാതുരനായി കുറെക്കാലം ചികിത്സയിൽ കഴിയേണ്ടിവന്നു. വിചാരിച്ചതുപോലെ കാര്യങ്ങൾ ഉഷാറാക്കുവാൻ കഴിഞ്ഞില്ലെങ്കിലും 'ഭാഷാപോഷിണി' നല്ലനല്ല ലേഖനങ്ങളോടുകൂടി കൃത്യമായി പ്രസിദ്ധീകരിക്കുവാൻ സാധിച്ചിരുന്നു. സാഹിത്യകാരന്മാരെയും സാഹിത്യകൃതികളെയും പലവിധത്തിലും പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനവും തുടർന്നുപോന്നു. തർജ്ജമകൾക്കുംലേഖനങ്ങൾക്കും പ്രതിഫലം നൽകുന്ന സമ്പ്രദായം നടപ്പിലാക്കിയതു സാഹിത്യപ്രവർത്തനത്തിന് ഏറെ ഉത്തേജനം നൽകിയ കാര്യമാണ്. സഭയുടെ ആറാമത്തെ സമ്മേളനം തിരുവനന്തപുരത്താണ് നടത്തിയത്. കോട്ടയം സമ്മേളനം ഇതിനു രണ്ടു വർഷം മുമ്പാണു നടന്നിരുന്നത്. സമ്മേളന സ്വാഗതസംഘത്തിന്റെ അദ്ധ്യക്ഷൻ ജസ്റ്റിസ് ദിവാൻ ബഹദൂർ ഏ. ഗോവിന്ദപ്പിള്ളയും ഖജാൻജി ഉള്ളൂർ എസ്. പരമേശ്വര അയ്യരുമായിരുന്നു. വളരെ ആഘോഷാർഭാടങ്ങളോടുകൂടിയാണു സമ്മേളനം സമാപിച്ചത്. ഇംഗ്ലീഷ്‌വിദ്യാഭ്യാസം ലഭിച്ചവർ മാതൃഭാഷയോട് കാണിക്കുന്ന അലംഭാവം നിർത്തണമെന്നും വിദ്യാസമ്പന്നരായ അവർ ആത്മാർത്ഥമായി മാതൃഭാഷാസ്നേഹികളായി മാറിയാൽ മാത്രമേ ഭാഷയ്ക്ക് ഉത്കർഷം പ്രാപിക്കുവാൻ സാധിക്കുകയുള്ളൂവെന്നും തന്മൂലം ഇവരത്രയും മലയാള ഭാഷാപോഷണത്തിനു നടത്തുന്ന ശ്രമങ്ങളിൽ സഹകരിക്കണമെന്നും എല്ലാവരും ആവശ്യപ്പെട്ടിരുന്നു. സഭയുടെ അതുവരെയുള്ള പ്രവർത്തനത്തിന്റെ വിവരണത്തോടുകൂടി കാര്യദർശി സമർപ്പിച്ച റിപ്പോർട്ടിൽ അനാരോഗ്യംമൂലം തനിക്ക് വിചാരിച്ചപോലെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ കഴിയാതെപോയതിൽ ഖേദം പ്രകടിപ്പിക്കുകയും തന്റെ ആരോഗ്യം പൂർവ്വസ്ഥിതിയിൽ എത്തുന്നതുവരെയെങ്കിലും ഉത്തരവാദപ്പെട്ട കാര്യദർശിസ്ഥാനത്തുനിന്നു തന്നെ ഒഴിവാക്കണമെന്ന് അഭ്യർത്ഥി

ക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ ഭാരപ്പെട്ട ജോലി ആത്മവിശ്വാസത്തോടുകൂടി ഏറ്റെടുക്കുവാൻ ആരും തയ്യാറായില്ലെന്നു മാത്രമല്ല വറുഗീസ് മാപ്പിള തന്നെ കാര്യദർശിയായി തുടരണമെന്ന് ഏകകണ്ഠമായി അഭിപ്രായപ്പെടുകയുമാണ് ചെയ്തത്.

നാലുവർഷം പിന്നിട്ടതിനുശേഷമാണ് 1079 ചിങ്ങം 26, 27 തീയതികളിൽ തലശ്ശേരി ബ്രണ്ണൻ കോളജിൽവച്ച് വളരെ ആഘോഷപൂർവ്വം ഭാഷാപോഷിണിസഭയുടെ ഏഴാമത്തെ സമ്മേളനം നടക്കുന്നത്. ആരോഗ്യം തീരെയില്ലാതിരുന്നിട്ടും 'ഭാഷാപോഷിണി' കൃത്യമായി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയും സാഹിത്യകാരന്മാരെയും അവരുടെ കൃതികളെയും സർവ്വവിധേന സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ജോലിയാണ് മുഖ്യമായും ഈ നാലു വർഷം അദ്ദേഹം നടത്തിക്കൊണ്ടുപോന്നത്. തൻെറ അഭ്യുദയകാംക്ഷികളും സതീർത്ഥ്യരും നിർബന്ധമായി കാര്യദർശിസ്ഥാനം തുടരണമെന്നു ശഠിച്ചപ്പോൾ സ്നേഹസൗഹൃദങ്ങളുടെ പ്രേരണകൊണ്ട് അദ്ദേഹം അതു സമ്മതിക്കുകയാണു ചെയ്തത്. പക്ഷെ പഴയതുപോലെ ഓടിനടന്നു കാര്യങ്ങൾ നടത്തുവാനുള്ള ശാരീരികാവസ്ഥ അദ്ദേഹത്തിനുണ്ടായിരുന്നില്ല. എന്നിട്ടും എവിടെയെങ്കിലുമിരുന്നു നിർവ്വഹിക്കാവുന്ന പണികളത്രയും അദ്ദേഹം നിർവിഘ്നം നടത്തിപ്പോന്നിരുന്നു. തലശ്ശേരി സമ്മേളനത്തിൻെറ നടത്തിപ്പിനായി അൻപതു പേർ അടങ്ങിയ സ്വാഗതസംഘം കടത്തനാട്ട് ഉദയവർമ്മ തമ്പുരാൻെറ അദ്ധ്യക്ഷതയിൽ രൂപീകരിക്കപ്പെട്ടു. കഴിഞ്ഞ ഏതു സമ്മേളനത്തെക്കാൾ അന്തസ്സും പ്രൗഢിയും പ്രദർശിപ്പിച്ച മഹാസമ്മേളനമായിരുന്നു അവിടെ നടന്നത്. നാനാഭാഗത്തുനിന്നും എത്തുന്ന പ്രതിനിധികളെ സ്വീകരിക്കുവാൻ റയിൽവേ സ്റ്റേഷനിൽ കുതിരവണ്ടികളുമായി വോളൻറിയർമാർ നിന്നിരുന്നു. സമ്മേളനത്തിൽ സംബന്ധിക്കുന്നവരെ സ്വീകരിക്കുവാനും അവരുടെ താമസം, ഭക്ഷണം തുടങ്ങിയ എല്ലാ കാര്യങ്ങളും ഭംഗിയായി നടത്തുവാനും ശ്രദ്ധാപൂർവ്വമായ സജ്ജീകരണങ്ങളുണ്ടായിരുന്നത് ഇതിൽ സംബന്ധിച്ചവർക്കൊക്കെ ആഹ്ലാദം പകർന്ന കാര്യമാണ്.

ചിറയ്ക്കൽ ഇളയതമ്പുരാനായിരുന്നു രണ്ടുദിവസത്തെയും സമ്മേളനാദ്ധ്യക്ഷൻ. കടത്തനാട് ഉദയവർമ്മതമ്പുരാൻ, എം. ശേഷഗിരിപ്രഭു, മൂർക്കോത്തു കുമാരൻ, വള്ളത്തോൾ നാരായണമേനോൻ എന്നിവരൊക്കെ സമ്മേളനത്തെ അഭിസംബോധന ചെയ്തവരാണ്. കലാലയങ്ങളിൽ മലയാള വ്യാകരണം പലതരത്തിൽ പഠിപ്പിച്ചുപോരുന്നതിനെ ഏകീകരിക്കുന്നതിനായി ഏ. ആർ രാജരാജവർമ്മ തമ്പുരാൻെറ 'കേരളപാണിനീയവും' 'ശബ്ദശോധിനി'യും പ്രാമാണികഗ്രന്ഥങ്ങളായി അംഗീകരിക്കണമെന്ന് സർവ്വകലാശാലയോട് ആവശ്യപ്പെടുന്ന പ്രമേയം

എം. ശേഷഗിരി പ്രഭു അവതരിപ്പിക്കുകയും വറുഗീസ് മാപ്പിള അതിനെ പിന്താങ്ങുകയും ചെയ്തു. എന്നാൽ അന്നുണ്ടായിരുന്ന എല്ലാ വ്യാകരണ ഗ്രന്ഥങ്ങളും പരിശോധിച്ച് വിദഗ്ധാഭിപ്രായം ഉന്നയിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിക്കണമെന്ന അഭിപ്രായത്തിനാണ് മുൻതൂക്കം കിട്ടിയത്. ഇതനുസരിച്ച് കടത്തനാട് ഉദയവർമ്മരാജ, മാനവിക്രമ ഏട്ടൻ തമ്പുരാൻ, ടി. കെ. രാമകൃഷ്ണമേനോൻ, പുന്നശ്ശേരി നമ്പി, ടി. സക്കറിയാസ്, ഒ. എം. ചെറിയാൻ തുടങ്ങിയവരുൾപ്പെട്ട പന്ത്രണ്ടംഗ കമ്മിറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തു.[20]

പത്രറിപ്പോർട്ട് വിശ്വസിക്കാമെങ്കിൽ ഇതുപോലെ ജനബാഹുല്യമുണ്ടായിരുന്ന സമ്മേളനം വടക്കേമലബാറിൽ അതിനുമുൻപ് ഒരിക്കലും നടന്നിട്ടില്ലായിരുന്നു.[21] കോളജു ഹാളും പരിസരവും നിറഞ്ഞു തിങ്ങി ജനങ്ങളുണ്ടായിരുന്നുവത്രേ. ഉദയവർമ്മതമ്പുരാൻെറ അതിരറ്റ ഔദാര്യവും സൽക്കാരപ്രിയവും എല്ലാവരുടെയും പ്രശംസയ്ക്ക് പാത്രമായിരുന്നു. അദ്ദേഹം ഈ രംഗത്തുവന്നത് വറുഗീസ് മാപ്പിളയുടെ അപാര കഴിവുകൊണ്ടുമാത്രമാണ്. സമ്മേളനാനന്തരം അവിടെ സന്നിഹിതരായിരുന്ന സാഹിത്യകാരന്മാരെയല്ലാം കടത്തനാട്ടേയ്ക്കു ക്ഷണിച്ചുകൊണ്ടുപോയി അവിടെ ഹൃദ്യമായ സൽക്കാരം നൽകുകയും ഓരോരുത്തർക്കും യഥോചിതം സമ്മാനങ്ങൾ കൊടുത്ത് ആശീർവദിക്കുകയും ചെയ്തു. വറുഗീസ് മാപ്പിളയ്ക്ക് വിലയേറിയ രണ്ടുജോഡി ഉടയാടകൾ സമ്മാനിച്ചുകൊണ്ട് സ്നേഹാർദ്രതയോടുകൂടി അദ്ദേഹത്തോടിങ്ങനെ പറഞ്ഞു. "ഭാഷയ്ക്കു വേണ്ടിയെങ്കിലും ദേഹം നല്ലവണ്ണം സൂക്ഷിക്കണം." വറുഗീസ് മാപ്പിള യാത്ര പറഞ്ഞു പിരിയുമ്പോൾ അദ്ദേഹമുൾപ്പെടെ അവിടെയുണ്ടായിരുന്ന എല്ലാവരുടെയും കണ്ണുകളിൽ സ്നേഹാശ്രുക്കൾ നിറഞ്ഞു. അത് അവസാനത്തെ യാത്രപറയലായിരിക്കുമെന്ന് ആരുംതന്നെ കരുതിയിരുന്നില്ല.[22] തലശ്ശേരി സമ്മേളനം കഴിഞ്ഞ് പത്തു മാസം തികയുന്നതിനു മുമ്പ് വറുഗീസ് മാപ്പിള 1079 മിഥുനം 23-ാം തീയതി (1904 ജൂലായ് 6) തൻെറ 47-ാമത്തെ വയസ്സിൽ ഈ ലോകത്തോടുതന്നെ യാത്ര പറഞ്ഞു.

ഭാഷാപോഷിണിസഭയുടെ അടുത്ത സമ്മേളനം തിരുവനന്തപുരം ജൂബിലി ഹാളിൽ 1081 മകരം നാലാം തീയതി സമ്മേളിച്ചതായി കാണുന്നുണ്ട്. വറുഗീസ് മാപ്പിള മരിച്ചിട്ട്, രണ്ടു വർഷം കഴിഞ്ഞതിനു ശേഷമാണിത്. 'കേരളപാണിനീയം' കലാശാലാതലത്തിൽ അംഗീകൃത വ്യാകരണഗ്രന്ഥമായി അംഗീകരിച്ച് പഠിപ്പിക്കണമെന്ന് ഒ. എം. ചെറിയാൻ ചെയ്ത പ്രസംഗത്തിൽ ശക്തിയായി ആവശ്യപ്പെട്ടിരുന്നു. ശുദ്ധമലയാളത്തിലുള്ള പാഠപുസ്തകങ്ങൾ രചിക്കുകയും അതിനൊരുമ്പെടുന്നവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്ന് യോഗം നിർദ്ദേശിച്ചു. ഭാഷാസം

ബന്ധമായുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കുകയും പാരിതോഷികം നൽകി അംഗീകരിക്കുകയും വേണം. എം. രവിവർമ്മ തമ്പുരാൻ, ഗോവിന്ദപ്പിള്ള തുടങ്ങിയവർ ഭാഷയുടെ വളർച്ചയ്ക്കും ഐകരൂപ്യത്തിനും ഉതകുന്നവിധം പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കണമെന്ന് അവരുടെ പ്രസംഗങ്ങളിൽ ഊന്നിപ്പറഞ്ഞിരുന്നു. 1906 ജനുവരി 17-ാം തീയതിയിലെ 'മലയാള മനോരമ' എഴുതിയ മുഖക്കുറിപ്പിൽ ഇങ്ങനെ പ്രസ്താവിച്ചിരുന്നതായി കാണാം. "ഗൗരവാവഹമായ ഗൃഹകാര്യം പ്രമാണിച്ച് സ്വദേശം വിടുന്നതിന് തൽക്കാലം കെ. സി. നാരായണൻ നമ്പ്യാർക്ക് അവസരം വന്നതിനാൽ തിരുവനന്തപുരം യോഗം മുഴുവൻ കെ. സി. മാമ്മൻ മാപ്പിളയുടെയും തിരുവനന്തപുരത്തുള്ള പല സഹൃദയന്മാരുടെയും ഉത്സാഹത്താലാണ് നടക്കാനിടയായിട്ടുള്ളത്. ഗണനീയന്മാരായ വിദ്വാന്മാരുടെ സംഖ്യാധിക്യം യോഗ്യന്മാരുടെ ജാതിമാതാദിഭേദം കൂടാതെയുള്ള സുഖസമ്മേളനം തിരുവിതാംകൂർ വലിയതമ്പുരാൻ തിരുമനസ്സിലെ അനുഗ്രഹവിശേഷം എന്നിവകൊണ്ട് ഈ സഭായോഗം ജൂബിലിഹാളിൽ അടുത്ത കാലത്തുണ്ടായിട്ടുള്ള എല്ലാ യോഗങ്ങളേയും അതിശയിപ്പിക്കുന്നുണ്ടെന്ന് നിസ്സംശയം അഭിപ്രായപ്പെടാം."[23] തിരുവനന്തപുരത്ത് നടന്ന ഈ സമ്മേളനം എ. ഡി. ഹരിശർമ്മയോ പ്രൊഫ. പി. സി. ദേവസ്യയോ അറിഞ്ഞിരുന്നതായി അവരുടെ ഗ്രന്ഥത്തിൽനിന്നു മനസ്സിലാവുന്നില്ല. ഹരിശർമ്മ ഭാഷാപോഷിണി സഭയുടെ തലശ്ശേരിയിൽ നടന്ന ഏഴാമതു സമ്മേളനം വിവരിച്ചശേഷം ഉപസംഹരിക്കുന്നത് ഇപ്രകാരമാണ്. "ഇതിനുശേഷം 1086 കന്നി 17-ാം തീയതി (ചരിത്രനായകൻ മരിച്ച് ഏഴുകൊല്ലം കഴിഞ്ഞ്) വൈക്കത്തുവച്ച് ഭാഷാപോഷിണി സഭയുടെ ഒരു സമ്മേളനം അഥവാ അവസാന സമ്മേളനം കൂടി നടന്നതായി കാണുന്നുണ്ട്. അതോടുകൂടി ആ സഭ നാമാവശേഷമായിത്തീർന്നു."[24] ദേവസ്യ പറയുന്നതാകട്ടെ, "വറുഗീസ് മാപ്പിളയുടെ നിര്യാണത്തിനു ശേഷം ഭാഷാപോഷിണിസഭയുടെ ഒരു സമ്മേളനം മാത്രമേ നടന്നിട്ടുള്ളു. അത് വൈക്കത്തുവച്ചും കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ അദ്ധ്യക്ഷതയിലുമായിരുന്നു."[25] മുകളിൽ ഉദ്ധരിച്ച മലയാള മനോരമയുടെ 1906 ജനുവരി 17-ലെ മുഖപ്രസംഗം തിരുവനന്തപുരം സമ്മേളനം നടന്നിട്ടുണ്ടെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം സ്പഷ്ടമാക്കുന്നുണ്ടല്ലോ.

പിന്നെയും അഞ്ചുകൊല്ലത്തിനുശേഷമാണ് സഭയുടെ അവസാന സമ്മേളനം 1086 കന്നി 17, 18 തീയതികളിൽ വൈക്കത്തുകൂടുന്നത്.[26] കേരളവർമ്മ വലിയകോയിത്തമ്പുരാൻ നടത്തിയ അദ്ധ്യക്ഷപ്രസംഗം സാഹിതീകുതുകികളെയാകമാനം ഉദ്ബുദ്ധരാക്കുംവിധം അർത്ഥഗർഭമായിരുന്നു. അന്ന് അദ്ദേഹത്തിനു സന്നിവേശിപ്പിക്കുവാൻ കഴിഞ്ഞ ഭാഷാ

സ്നേഹവും സാഹിത്യബോധവും സഹൃദയ സദസ്സിനെയാകമാനം കോരിത്തരിപ്പിച്ചുവെന്നാണ് 1910 ഒക്ടോബർ അഞ്ചിലെ 'മലയാള മനോരമ' എഴുതിയത്. സമ്മേളനം വളരെ ഭംഗിയായും പ്രയോജനകരമായും നടന്നു. ഈ യോഗത്തിൽ എടുത്തുപറയാവുന്ന കാര്യം ടി. സി. കല്ല്യാണിയമ്മയുടെ സാരവത്തായ പ്രസംഗമായിരുന്നു. സഭയുടെ ഇതപര്യന്തമുള്ള സമ്മേളനങ്ങളിലൊന്നിലും ഒരു വനിതയും ഇതിനു മുൻപ് പ്രസംഗകയായി പ്രത്യക്ഷപ്പെട്ടിരുന്നില്ലയെന്നത് ഈ സമ്മേളനത്തിനു മാറ്റുകൂട്ടിയ വസ്തുതയാണ്. വൈക്കം സമ്മേളനം സാഹിതീകൗതുകവും ഭാഷാ പ്രേമവും ഒക്കെ സംഘടനാരൂപത്തിൽ ഏകീകൃതമാക്കുവാൻ സാധിച്ചില്ല എന്നതു നിർഭാഗ്യകരമാണ്. വറുഗീസ് മാപ്പിളയുടെ അകാലനിര്യാണത്തോടുകൂടിത്തന്നെ സഭയുടെ സംഘടനാശേഷി മിക്കവാറും ഇല്ലാതായിത്തീർന്നു. വൈക്കം സമ്മേളനം മൂന്നു വർഷം തികയുന്നതിനു മുൻപുതന്നെ സഭയുടെ സ്ഥിര അദ്ധ്യക്ഷനും സാഹിതീഭക്തരുടെയൊക്കെ രക്ഷാധികാരിയുമായിരുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാനും തിരോധാനം ചെയ്തു. പിന്നെ ഭാഷാപോഷിണിയെ സംഘടിപ്പിക്കുവാനോ നിയന്ത്രിക്കുവാനോ ആരുമില്ലാതെ അനാഥമായി തീർന്നു. അങ്ങനെ ഭാഷാപോഷിണിസഭയും നാമാവശേഷമായി.[27]

'മലയാള മനോരമ'യും വറുഗീസ് മാപ്പിളയും ഭാഷാപോഷിണി സഭയിലൂടെയും മാസികയിലൂടെയും നടത്തിയ വിലയേറിയ സേവനങ്ങൾ ഭാഷാസാഹിത്യചരിത്രത്തിൽ അവിസ്മരണീയമായ ഭാഗമാണ്. ഇവയിലൂടെ കേരളവും കേരളീയരും നേടിയ നേട്ടങ്ങളാണ് കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നീ മൂന്ന് സംസ്ഥാനങ്ങളായി കിടന്നിരുന്ന കേരളത്തെ വൈകാരികവും വൈചാരികവുമായി ഏകോപിപ്പിക്കുവാൻ ഉതകിയതും.

ഭാഷാപോഷിണിസഭയും 'മലയാള മനോരമ'യുമാണ് ഐക്യകേരളം എന്ന ആശയം ആദ്യമായി സാമൂഹ്യചേതനയിൽ അങ്കുരിപ്പിച്ചത്. കവികളെയും സാഹിത്യസാംസ്കാരിക പ്രവർത്തകരെയും സഭയുടെ മഹാസമ്മേളനങ്ങളിൽ ഒന്നിപ്പിക്കുവാനും പരസ്പരസമ്പർക്കത്തിനു വഴിയൊരുക്കുവാനും നടത്തിയ ശ്രമങ്ങൾ തന്നെയാണ് ഇതിൻെറ തുടക്കം.

സമസ്ത കേരള സാഹിത്യപരിഷത്തിൻെറ ആവിർഭാവം 1927ലാണ് . കേരളത്തിലെ സാഹിതീ പ്രതിഭകളെ ഒന്നിപ്പിച്ച് സാഹിത്യവിഷയങ്ങളും ഭാഷാപ്രശ്നങ്ങളും കൂട്ടായി ചിന്തിക്കുവാനും പരിഹാരം കാണുവാനുമുള്ള അദമ്യമായ ആഗ്രഹം സഫലീകൃതമായതായിരുന്നു 'സമസ്ത കേരള സാഹിത്യപരിഷത്തിൻെറ' ഉദ്ഭവത്തിനു നിദാനം. എന്നാൽ സാഹിത്യചരിത്രം അറിയുന്നവർക്ക് പരിഷത്തിൻെറ വേര് ആണ്ടിറങ്ങിക്കിടക്കുന്നത് 'മലയാള മനോരമ'യുടെയും ഭാഷാപോഷിണി സഭയു

ടേയും അക്ഷീണ യത്നത്തിൻെറ ഫലഭൂയിഷ്ഠമായ വിളനിലത്തിലാണെന്ന് തിരിച്ചറിയുവാൻ പ്രയാസം നേരിടുകയില്ല. സാഹിത്യമത്സരങ്ങളിലൂടെയും സമസ്യാപൂരണങ്ങളിലൂടെയും ആകർഷകമായ പുരസ്കാരങ്ങളിലൂടെയും എഴുതാൻ അറിയുന്നവരെയൊക്കെ രംഗത്തുകൊണ്ടുവരുവാൻ സാധിച്ചത് അക്കാലത്തെ മറക്കാനരുതാത്ത വിസ്മയമായി അവശേഷിക്കുന്നു. പദ്യമാകട്ടെ, ഗദ്യമാകട്ടെ എഴുതാൻ വാസനയുള്ളവരെ തേടിപ്പിടിച്ച് അവരെക്കൊണ്ടു നിർബന്ധിച്ചെഴുതിച്ചുകിട്ടുന്ന രചനകൾ പ്രസിദ്ധീകരിക്കത്തക്കവിധം തേച്ചു മിനുക്കി, തെറ്റു തിരുത്തി മനോരമയിലൂടെയും ഭാഷാപോഷിണിയിലൂടെയും പ്രകാശിപ്പിച്ച കണ്ടത്തിൽ വറുഗീസ് മാപ്പിളയാണ്, ആരുമറിയാതെ മൺമറഞ്ഞുപോകുമായിരുന്ന ഒട്ടനേകം പ്രതിഭകളെ കേരളത്തിനു സമ്മാനിച്ചതെന്ന വസ്തുത തുറന്നു പറഞ്ഞിട്ടുള്ളവരാണ് വള്ളത്തോളും ഉള്ളൂരും മൂലൂരും കട്ടക്കയവും മൂർക്കോത്തു കുമാരനുമൊക്കെ. അങ്ങിനെ സ്വന്തമായി എഴുതുക മാത്രമല്ല, അതിനെക്കാളേറെ സഹൃദയരെക്കൊണ്ട് എഴുതിക്കുവാനുള്ള ശ്രമങ്ങളാണ് മലയാള മനോരമ വഴി വറുഗീസ് മാപ്പിള നിർവ്വഹിച്ചത്.

അക്കാലത്ത് സമൂഹത്തിൽ നടമാടിയിരുന്ന ജാതീയമായ ഉച്ചനീചഭേദം സാഹിത്യസാംസ്കാരിക മണ്ഡലങ്ങളേയും പൂർണ്ണമായും ആവരണം ചെയ്തിരുന്നു. സവർണ്ണ വരേണ്യവർഗ്ഗത്തിൻെറ കുത്തകയായിരുന്നു സാഹിതീ ക്ഷേത്രം. 'മനോരമ' ചെയ്ത ഏറ്റവും വലിയ സേവനം ഈ സവർണ്ണകുത്തകയെ വലിയ എതിർപ്പൊന്നും വിളിച്ചുവരുത്താതെ തന്നെ കുറേശ്ശെ കുറേശ്ശെയായി തകർത്തുതരിപ്പണമാക്കിയെന്നതാണ്. ഒരു നൂറ്റാണ്ടു മുൻപുണ്ടായിരുന്ന ജാത്യാചാരങ്ങൾ അല്പമെങ്കിലും അറിയാൻ ശ്രമിക്കുന്നവർക്ക് 'മനോരമ'യിലൂടെ വറുഗീസ് മാപ്പിളയും മറ്റും നടത്തിയ ഈ സാംസ്കാരിക വിപ്ലവത്തെ അതിശയത്തോടുകൂടിയേ കാണുവാൻ സാധിക്കൂ. മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ 'കവിഭാരതം' പ്രസിദ്ധീകരിച്ചപ്പോൾ ഒറ്റ അഹിന്ദുവോ അവർണ്ണനോ കവികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തപ്പെട്ടിരുന്നില്ലായെന്നതു മാത്രം മതി അന്നത്തെ അസ്പൃശ്യത എത്രത്തോളമെന്ന് ഊഹിക്കുവാൻ. ഇതുകണ്ട് മനംനൊന്ത മൂലൂർ എസ്. പത്മനാഭപ്പണിക്കർ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഒഴിവാക്കിയിരുന്നവരെ ഉൾപ്പെടുത്തി 'കവിരാമായണം' രചിച്ചത് ഏവർക്കും അറിയാവുന്നതാണല്ലോ. അവർണ്ണവിഭാഗത്തിലെ ഭാഷാകവികളിൽ പരവൂർ കേശവനാശാൻ, കോമത്ത് കുഞ്ഞിപ്പണിക്കർ, വാരണപ്പള്ളി ഗോവിന്ദപ്പണിക്കർ, കായംകുളം കെ. സി. കുഞ്ഞൻ വൈദ്യൻ, വേളശ്ശേരി കുഞ്ഞികൃഷ്ണപ്പണിക്കർ, മൂലൂർ എസ്. പത്മനാഭപ്പണിക്കർ, പെരുന്നെല്ലി വി. കെ. കൃഷ്ണപ്പണിക്കർ, അമ്പലത്തിൽ വീട്ടിൽ കൃഷ്ണശൗണ്ഡികൻ,

സി. വി. കുഞ്ഞുരാമൻ, വി. ടി. കൃഷ്ണൻ വൈദ്യർ, വെളുത്തേരിൽ കേശവൻ വൈദ്യർ, മൂർക്കോത്ത് കുമാരൻ, മലബാർ സുകുമാരൻ ഇത്യാദി സാഹിതീകുതുകികളെ അറിയപ്പെടുന്ന ഗദ്യ-പദ്യ രചയിതാക്കളാക്കി ഉയർത്തിക്കൊണ്ടുവന്നത് 'മലയാള മനോരമ'യിലൂടെയും 'ഭാഷാപോഷിണി'യിലൂടെയും കണ്ടത്തിൽ വറുഗീസ് മാപ്പിളയെന്ന മഹാനാണെന്ന കാര്യത്തിൽ സംശയമില്ല.

അതുപോലെതന്നെ സ്വസമുദായത്തിൽ വാസനാസമ്പന്നരും, വിവരമുള്ളവരുമായ എത്രയോ മനീഷികളെയാണ് എതിർപ്പുകളെയൊക്കതൃണവൽഗണിച്ചുകൊണ്ട് അദ്ദേഹം കവികളും ഗദ്യകാരന്മാരുമായി ചിരപ്രതിഷ്ഠ നേടിക്കൊടുത്തത്. അക്കൂട്ടത്തിൽ ഐ. സി. ചാക്കോ, ഒ. എം. ചെറിയാൻ, കൊച്ചീപ്പൻ തരകൻ, കെ. വി. സൈമൺ, സി. അന്തപ്പായി, കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള തുടങ്ങിയവർ ഓർമ്മിക്കപ്പെടേണ്ടവരാണ്. കുറെ ക്രിസ്ത്യാനികളെ കവികളും സാഹിത്യകാരന്മാരുമാക്കുവാനുള്ള ശ്രമമാണ് വർഗീസ് മാപ്പിള നടത്തുന്നതെന്ന ആക്ഷേപം പലപ്പോഴുമുണ്ടായിട്ടുണ്ട്. അത് മൂർദ്ധന്യത്തിലെത്തിയപ്പോൾ സഭയുടെ കാര്യദർശി സ്ഥാനവും മാസികയുടെ പത്രാധിപത്യവും അദ്ദേഹം രാജിവച്ചതുമൊക്കെ നേരത്തെ പരാമർശിച്ചിട്ടുള്ളതാണല്ലോ. എന്നാൽ അനുരഞ്ജനത്തിൻെറ ഭാഷയിലൂടെ എതിർപ്പുകളെ ലഘൂകരിക്കുകയാണ് അദ്ദേഹം ചെയ്തത്. ജാതിമതഭേദമില്ലാത്ത സാഹിതീയ അന്തരീക്ഷം സൃഷ്ടിക്കുകയായിരുന്നു മഹാമനസ്കനായ ആ പ്രതിഭാശാലിയുടെ ശൈലി. അവർണ്ണനേയും സവർണ്ണനേയും അഹിന്ദുവിനേയും വൈകാരികമായ ഉദ്ഗ്രഥനം നടത്തി സാംസ്കാരിക മേഖലയിലെ സമന്വയത്തിനു സാക്ഷിയായി വർത്തിക്കുകയാണ് അദ്ദേഹം ചെയ്തത്. കട്ടക്കയം ചെറിയാൻ മാപ്പിളയെ തൂത്തെറിയാൻ പറ്റുകയില്ലെന്നു കരുതിയവർ അദ്ദേഹത്തെ പലതരത്തിലും അപഹസിച്ച് നിരുത്സാഹപ്പെടുത്തുവാനാണു ശ്രമിച്ചത്. അക്കാലത്തെ കുപ്രസിദ്ധമായ ഒരു ശ്ലോകം ഇതാണ്.

"തട്ടിൻപുറത്താശുമൃഗാധിരാജൻ
പൊട്ടക്കുളത്തിൽ പുളവൻ ഫണീന്ദ്രൻ
കാട്ടാളരിൽ കാപ്പിരി കാമദേവൻ
കട്ടക്കയം ക്രൈസ്തവ കാളിദാസൻ."

ഈ പ്രവണതയെ ചൂണ്ടി എ. ഡി. ഹരിശർമ്മ തറപ്പിച്ചുപറയുന്നതിങ്ങനെയാണ്. "മലയാള മനോരമയിൽ കവിതാപംക്തി ആരംഭിച്ച കാലത്ത് നമ്പൂതിരിയും തമ്പുരാനും മേനോനും പിള്ളയും നമ്പ്യാരും വാര്യരും മറ്റുമാണ് അധികം പ്രത്യക്ഷപ്പെട്ടിരുന്നത്. കാലക്രമത്തിൽ മാപ്പിളമാരും ശൗണ്ഡികന്മാരും ധാരാളമായി ആ പംക്തിയിൽ കടന്നു വിഹരിച്ചുതുടങ്ങി. വറുഗീസ് മാപ്പിള പത്രാധിപരായതുകൊണ്ട് മാത്രമാണ് ഇത്

സാധിച്ചത്. ഒരു സവർണ്ണനാണ് അന്ന് പത്രം നടത്തിയിരുന്നതെങ്കിൽ ഈ അവർണ്ണരേയും അഹിന്ദുക്കളേയും കവിതാപംക്തിയിൽ നമുക്കൊരിക്കലും കാണാൻ സാധിക്കയില്ലായിരുന്നു."[28]

അതേസമയം ഇതൊക്കെ അറിഞ്ഞിരുന്നിട്ടുകൂടി സവർണ്ണവരേണ്യവർഗ്ഗത്തെ അദ്ദേഹം ആദരവോടുകൂടിയാണ് 'മനോരമ'യിലും 'ഭാഷാപോഷിണി'യിലും സൃഷ്ടികളെഴുതാൻ സ്വാഗതം ചെയ്തത്. കേരളവർമ്മ വലിയകോയിത്തമ്പുരാനുമായുള്ള അദ്ദേഹത്തിൻെറ ഉറ്റ സമ്പർക്കമാണ് ഭാഷയ്ക്കും സാഹിത്യത്തിനും ഉത്കർഷം നേടിക്കൊടുത്തത്. ഭാഷാപോഷിണിസഭയുടെ സ്ഥിരാദ്ധ്യക്ഷനായിരുന്നുവല്ലോ അദ്ദേഹം. ശ്രീമൂലം മഹാരാജാവിനെ ഭക്ത്യാദരപുരസ്സരം അദ്ദേഹം ബഹുമാനിച്ചിരുന്നു. രാജാവാകട്ടെ തൻെറ വത്സലപ്രജയായി അദ്ദേഹത്തെ അംഗീകരിച്ചിരുന്നതായും കാണാം. മലയാള മനോരമയ്ക്കും ഭാഷാപോഷിണി സഭയ്ക്കും പല ആനുകൂല്യങ്ങളും അദ്ദേഹം നല്കിയിട്ടുണ്ട്. ഓരോ വർഷവും ഒരു പവൻവീതം വറുഗീസ് മാപ്പിളയ്ക്കു സമ്മാനമായി നല്കുവാനും അദ്ദേഹം മറന്നിരുന്നില്ല. ഒന്നിലധികം പ്രാവശ്യം ഓണപ്പുടവയും ഒരിക്കൽ രത്നഖചിതമായ സ്വർണ്ണമോതിരവും മറ്റൊരിക്കൽ ഒരു വീരശൃംഖലയും മഹാരാജാവ് സമ്മാനിച്ചിരുന്നു.[29] "എൻെറ വലതുകൈ അറ്റുപോയിരിക്കുന്നു" എന്നാണ് കേരളവർമ്മ വലിയകോയിത്തമ്പുരാൻ വറുഗീസ് മാപ്പിളയുടെ അകാലനിര്യാണത്തിൽ വിലപിച്ചുകൊണ്ട് ഉറക്കെ പറഞ്ഞത്. അത്രമാത്രം അടുത്ത സൗഹൃദബന്ധം അവർ തമ്മിലുണ്ടായിരുന്നു. അതുപോലെ അദ്ദേഹവുമായി സ്നേഹസമ്പർക്കത്തിൽ കഴിഞ്ഞിരുന്നവരും 'മലയാള മനോരമ'യിലും 'ഭാഷാപോഷിണി'യിലും തുടർച്ചയായി എഴുതിക്കൊണ്ടിരുന്നവരുമായ എത്രയോ സവർണ്ണസുഹൃത്തുക്കളെ നിലനിർത്തിപ്പോന്നിട്ടുണ്ട്. അവരുടെ ലിസ്റ്റ് വളരെ ദീർഘമാണ്. എങ്കിലും അതിവിടെ കുറെയെങ്കിലും എടുത്തുപറയാതെ നിർവ്വാഹമില്ല. ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൊച്ചുണ്ണിത്തമ്പുരാൻ, വെൺമണി നമ്പൂതിരിപ്പാട്, കോടശ്ശേരി കുഞ്ഞൻ തമ്പാൻ, കോട്ടയത്ത് തമ്പുരാൻ, ചങ്ങനാശ്ശേരി രവിവർമ്മ കോയിത്തമ്പുരാൻ, വയസ്കര മൂസത്, വില്വട്ടത്ത് രാഘവൻ നമ്പ്യാർ, മുരിഞ്ഞൂർ പോറ്റി, കല്ല്യാണിക്കുട്ടിയമ്മ, കുന്നത്ത് സുബ്രഹ്മണ്യൻ പോറ്റി, വള്ളത്തോൾ നാരായണമേനോൻ, പി. കെ. നാരായണപിള്ള, ഉള്ളൂർ പരമേശ്വര അയ്യർ, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, ഇക്കാവമ്മ, കെ. സി. കേശവപിള്ള, കെ. സി. നാരായണൻ നമ്പ്യാർ, സി. മാധവൻ പിള്ള, ഏ. ഗോവിന്ദപ്പിള്ള, വേലുപ്പിള്ള, ശേഷഗിരിപ്രഭു, കൊട്ടാരത്തിൽ ശങ്കുണ്ണി, കവിയൂർ രാമൻ നമ്പ്യാർ, അമ്പലപ്പുഴ മാധവപ്പൊതു

വാൾ, മാടശ്ശേരി മാധവവാര്യർ, കുമാരമംഗലത്ത് നമ്പൂതിരിപ്പാട്, പി. മാനവിക്രമൻ ഏട്ടൻ രാജ, കടത്തനാട്ട് വിജയവർമ്മൻ രാജ, നടുവത്ത് നമ്പൂതിരിമാർ, പന്തളത്ത് കേരളവർമ്മ രാജ, ഒറവങ്കര രാജാ, ആർ. ഈശ്വരപിള്ള, കെ. ആർ. കൃഷ്ണപിള്ള, എം. രാജരാജവർമ്മ, കുണ്ടൂർ നാരായണ മേനോൻ, പുന്നശ്ശേരി നീലകണ്ഠ ശർമ്മ, സി. എസ്. സുബ്രഹ്മണ്യൻ പോറ്റി, കടത്തനാട്ട് ഉദയവർമ്മൻ തമ്പുരാൻ, ചിറക്കൽ ഇളയതമ്പുരാൻ, കോഴിക്കോട് സാമൂതിരി രാജാക്കൻമാർ, പരപ്പനാട് രാമവർമ്മ വലിയ തമ്പുരാൻ, പി. സി. മാനവിക്രമൻ ഏട്ടൻ തമ്പുരാൻ എന്നിവരൊക്കെയാണ് സാഹിത്യവിഹായസ്സിലെ അക്കാലത്തെ സവർണ്ണ നക്ഷത്രങ്ങൾ. ഇവരിൽ കടുത്ത യാഥാസ്ഥിതികർപോലും 'മലയാള മനോരമ'യിലൂടെ സർഗശക്തി തെളിയിച്ച അവർണ്ണരും അഹിന്ദുക്കളുമായ എഴുത്തുകാരെ അംഗീകരിക്കുവാൻ നിർബന്ധിതരായിത്തീർന്നുവെന്നു മാത്രമല്ല പല വേദികളും ഇവരിൽ പലരുമായി പങ്കുവയ്ക്കേണ്ടതായും വന്നു. അങ്ങിനെ ജാതിമതാടിസ്ഥാനത്തിലുള്ള അകൽച്ച സാഹിത്യ - സാംസ്കാരിക വേദികളിൽനിന്നെങ്കിലും കുറെയൊക്കെ ദൂരീകരിക്കുവാൻ അക്കാലത്ത് കഴിഞ്ഞുവെന്നതിനെ എത്ര പ്രശംസിച്ചാലും മതിയാവുകയില്ല.

കവികളേയും, ഗദ്യകാരന്മാരേയും 'മനോരമ'യും വർഗീസ് മാപ്പിളയും ഏതെല്ലാം നിലകളിലാണ് പ്രോത്സാഹിപ്പിച്ചിരുന്നത് എന്ന് വിവരിക്കുക എളുപ്പമല്ല. സംസ്കൃത കാവ്യങ്ങളും നാടകങ്ങളുമൊക്കെ മലയാളത്തിലേക്ക് പരിഭാഷ നടത്തിക്കുകയും വിഷയങ്ങൾ നല്കി എഴുതിക്കുകയും ചെയ്തിരുന്ന അദ്ദേഹം ഭാഷാസാഹിത്യത്തിന് നല്കിയ മുതൽക്കൂട്ട് എല്ലാവരാലും പ്രകീർത്തിക്കപ്പെട്ടിട്ടുള്ളതാണ്. അദ്ദേഹംതന്നെ മറ്റുള്ളവർക്ക് മാതൃകയാകത്തക്കവണ്ണം ധാരാളം കൃതികൾ വിരചിച്ചു. 'ദർപ്പവിച്ഛേദനം' എന്ന ആട്ടക്കഥ നാം നേരത്തെ പരാമർശിച്ചിട്ടുണ്ടല്ലോ. 'എബ്രായക്കുട്ടി' (നാടകം), 'കലഹിനീദമനകം' (നാടകം), 'സച്ചരിതശതകം', 'വിസ്മയജനനം', 'പത്തുവൃത്തം' തുടങ്ങിയ കവിതകൾക്കു പുറമെ അൻപത്തൊന്നു ഗാനങ്ങളുടെ സമാഹാരമായ 'കീർത്തനമാല' അക്കാലത്ത് ക്രൈസ്തവവീടുകളിലൊക്കെ നിത്യേന ആലപിച്ചുപോരത്തക്കവിധം ഏറെ പ്രചാരമുള്ളതായിരുന്നു. ബൈബിൾകഥയെ ആസ്പദമാക്കി എഴുതിയ 'എബ്രായക്കുട്ടി' എന്ന നാടകം ഏറെ അഭിനന്ദനത്തിന് പാത്രമായതാണ്. ഷേക്സ്പിയറുടെ 'Taming of the Shrew' എന്ന നാടകത്തിന്റെ അനുകരണമാണ് 'കലഹിനീദമനകം'. ഷേക്സ്പിയറുടെ ആശയാവിഷ്കരണരീതി മലയാളികൾക്ക് ആദ്യമായി മനസ്സിലായത് ഈ നാടകകൃതിയിലൂടെയാണ്. നാടകങ്ങൾ രചിക്കുക മാത്രമല്ല, അവ അഭിനയിച്ച് സഹൃദയരെ രസിപ്പിക്കുന്നതിനായി നാടകക്കമ്പനി

ഉണ്ടാക്കുകയും ചെയ്തു. സോദ്ദേശമായ കൃതിയാണ് 'സച്ചരിതശതകം'. യേശുദേവൻെറ ജീവചരിത്ര സംക്ഷേപമാണ് ഈ ഗ്രന്ഥം. ഇതിനു പുറമെ അദ്ദേഹമെഴുതിയിട്ടുള്ള സമസ്യാപൂരണങ്ങളും ശ്ലോകങ്ങളും നൂറു കണക്കിന് ഉണ്ടായിരുന്നു. ഒരുപക്ഷേ തൻെറ കഴിവ് മുഴുവൻ സാഹിത്യ പ്രവർത്തനത്തിൽ മാത്രമായൊതുക്കി നിർത്തിയിരുന്നുവെങ്കിൽ നമ്മുടെ ഉന്നതശീർഷരായ പ്രതിഭാധനന്മാരിൽ പ്രധാനിയായി അദ്ദേഹം മാറുമായിരുന്നു. അദ്ദേഹത്തിൻെറ സർഗ്ഗാത്മക സിദ്ധിയും രചനാത്മക വൈഭവവും, പദ്യത്തിൽ മാത്രമല്ല ഗദ്യത്തിലും തനതായ ശൈലിയോടുകൂടിയ വ്യക്തിമുദ്ര പതിപ്പിച്ചവയാണ്. അദ്ദേഹം എഴുതിയിട്ടുള്ള മുഖപ്രസംഗങ്ങളും ലേഖനങ്ങളും മലയാള ഗദ്യപരിപോഷണത്തിന് ഏറെ സഹായിച്ചിട്ടുണ്ട്.

സാഹിത്യപ്രവർത്തനം എന്നത് പദ്യരചന മാത്രമായിരുന്ന അക്കാലത്ത് ഗദ്യമെഴുതുവാൻ കഴിവുള്ളവർ തീരെ ഉണ്ടായിരുന്നില്ല. 'മലയാള മനോരമ'യിലും 'ഭാഷാപോഷിണി'യിലും പ്രസിദ്ധീകരിച്ചിരുന്ന ലേഖനങ്ങളും പഠനങ്ങളുമാണ് മലയാള ഗദ്യത്തെ പരിപോഷിപ്പിച്ചത്. എഴുതുവാൻ കഴിവുള്ളവരെ കണ്ടുപിടിച്ച് അവരെക്കൊണ്ട് ഗദ്യരചന നടത്തിക്കുകയും 'ഭാഷാപോഷിണി'യിൽ വരുന്ന ലേഖനങ്ങൾക്ക് പ്രതിഫലം നൽകുകയും ചെയ്തുകൊണ്ടാണ് ഗദ്യസാഹിത്യത്തിന് പ്രചാരമുണ്ടാക്കിയത്. എഴുത്തുകാർക്ക് പ്രതിഫലം കൊടുക്കുകയെന്നതിനു തുടക്കം കുറിച്ചത് വറുഗീസ് മാപ്പിളതന്നെയായിരുന്നു. ഗദ്യപദ്യരചനകൾ പ്രാദേശികമായും, സാമുദായികമായും ഏറെ വൈജാത്യം സൃഷ്ടിച്ചിരുന്ന സന്ദർഭമായിരുന്നു അത്. തെക്കരുടെയും വടക്കരുടെയും ഭാഷാപ്രയോഗങ്ങൾ അന്യോന്യം മനസ്സിലാക്കുവാൻ വിഷമമായിരുന്നു. ഇതു ഭാഷയുടെ ഏകീകരണത്തിനും സാഹിതീസമന്വയത്തിനും ഏറെ പ്രതിബന്ധമായി നിന്നു. സംസാരഭാഷ എന്തുതന്നെയായാലും സാഹിത്യഭാഷ ഏതു പ്രദേശക്കാർക്കും അനായാസേന ഗ്രഹിക്കാനാവുന്നതാകണം എന്ന ത്വരയോടുകൂടി നിരന്തരം ശ്രമിച്ചതിൻെറ ഫലമായിട്ടാണ് ഭാഷയ്ക്ക് ഐകരൂപ്യവും പൊതുവായ ശൈലിയും സംജാതമായത്. ചുരുക്കത്തിൽ വള്ളത്തോൾ പറഞ്ഞതുപോലെ വെടിപ്പും ഉറപ്പുമുള്ള ഒരു ഗദ്യരീതിയെ സൃഷ്ടിച്ചത് 'മലയാള മനോരമ' തന്നെ. പാതിരിമലയാളം എന്ന പേരിൽ അറിയപ്പെട്ടിരുന്ന സാഹിത്യം അവയുടെ ഭാഷാശൈലികൊണ്ടുതന്നെ അധികംപേർക്ക് ഗ്രഹിക്കുവാൻ പറ്റുന്നതായിരുന്നില്ല. 1890 ഏപ്രിൽ 12-ാം തീയതി 'മലയാള മനോരമ'യിലെ മുഖപ്രസംഗത്തിൽ ഈ ഭാഷാവൈകൃതത്തെ ചൂണ്ടി എഴുതിയിരുന്നത് ഇപ്രകാരമാണ്: "മംഗലാപുരത്തുള്ള ക്രിസ്ത്യാനികളുടെ മലയാളവും അഭിപ്രായങ്ങളും - തിരുവനന്തപുരത്തെ ഹിന്ദുക്കളിലും മറിച്ചും വ്യാപരിക്കുന്നതിനാൽ മലയാളഭാഷയ്ക്ക്

പ്രത്യേകം പരിഷ്കാരത്തിൻെറ ആരംഭം മാത്രമായിരിക്കുന്ന ഈ കാലത്ത് ദിക്കുകളുടെയും സമുദായങ്ങളുടെയും അകലവും, ഭേദവും മറ്റും കൊണ്ടുള്ള ഗ്രാമ്യാദി ദോഷങ്ങൾ തീർന്ന് എല്ലാവരാലും ആദരിക്കപ്പെടുവാൻ തക്കതായ ഒരുത്തമഭാഷ സ്ഥിരപ്പെടുത്തുന്നതിന് വർത്തമാനപ്പത്രങ്ങളുടെ പ്രചാരത്താലല്ലാതെ മറ്റൊന്നുകൊണ്ടും കഴിയുന്നതല്ല."[30] ഭാഷാപരിഷ്കരണത്തിനും ശൈലീസമന്വയത്തിനും പത്രങ്ങൾക്ക് ചെയ്യാൻ സാധിക്കുന്ന സേവനം മഹത്തരമാണെന്ന് ഓർമ്മപ്പെടുത്തുകയാണ് ഇവിടെ അദ്ദേഹം ചെയ്യുന്നത്. 'മലയാളത്തിലെ വർത്തമാനപത്രങ്ങളിലെ ചില സംഗതികൾ' എന്ന തലക്കെട്ടിൽ 1893 ഫെബ്രുവരി 11-ാം തീയതി എഴുതിയ സുദീർഘമായ മുഖപ്രസംഗത്തിൽ കേരളത്തിലെ പല ഭാഗത്തുനിന്നുമായി ഓരോ ക്രൈസ്തവസഭകളും പ്രസിദ്ധീകരിക്കുന്ന പത്രങ്ങളെക്കുറിച്ച് നിരൂപിച്ചശേഷം ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ട്. "ഇതുകളിൽ (ക്രൈസ്തവപത്രങ്ങളിൽ) ഉപയോഗപ്പെടുത്തുന്ന മലയാളവാചകങ്ങൾ സാധാരണ മലയാള ഭാഷമാത്രം അഭ്യസിച്ചിട്ടുള്ളവർക്ക് ധാരാളം മനസ്സിലാകുന്നവയല്ലെന്നുള്ള വാസ്തവം പറഞ്ഞാൽ, ഒരു കൂട്ടക്കാർക്ക് ബോധിക്കുമെന്ന് തോന്നുന്നില്ല. ഇംഗ്ലീഷ്, സുറിയാനി, ലാറ്റിൻ, ഈ ഭാഷകളിൽക്കൂടി പരിചയം ഉണ്ടായാലും പേരാ, കോട്ടയത്ത്, അടുത്ത സ്ഥലങ്ങളിലേക്കും, നസ്രാണികളുടെ ഇടയിൽ മാത്രവും നടപ്പുള്ള ചില ദേശഭാഷാപ്രയോഗങ്ങളും നല്ലവണ്ണം വശമാക്കിയിട്ടുള്ളവർക്കല്ലാതെ ഇതുകളിൽ ഓരോ എഴുത്തുകാർ പ്രയോഗിക്കുന്ന പൊടിക്കൈകൾ എന്നുപോയിട്ട് തടിക്കൈകൾപോലും മനസ്സിലാക്കാൻ പ്രയാസം."[31] ഭാഷാസ്നേഹിയായ വറുഗീസ് മാപ്പിള അക്ഷീണം നടത്തിയ പരിശ്രമത്തിൻെറ ഫലമായിട്ടാണ് ആധുനിക ഗദ്യസാഹിത്യം നിലവിൽ വന്നതെന്ന കാര്യത്തിൽ തർക്കമില്ല. ഭാഷാപോഷിണിസഭയുടെ ലക്ഷ്യങ്ങളിൽ പ്രധാനമായത് ഭാഷയിൽ പദ്യത്തിനും ഗദ്യത്തിനും സാർവ്വത്രികമായ ഐകരൂപ്യം വരുത്തുക, പ്രയോജനപ്രദങ്ങളായ ഉത്തമഗ്രന്ഥങ്ങൾ കഴിവതും ഗദ്യകൃതികളായി പ്രസിദ്ധപ്പെടുത്തുക, പഴയ ഗ്രന്ഥങ്ങൾ ശേഖരിക്കുകയും അവയിൽ ഉപയോഗപ്രദമായ നല്ല കൃതികൾ പ്രസിദ്ധീകരിക്കുകയും ചെയ്യുക എന്നിവയൊക്കെയായിരുന്നു. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി നടത്തിയ ശ്രമങ്ങളാണ് നാം കുറെയെങ്കിലും വിവരിക്കുവാൻ ശ്രമിച്ചത്. പാഠ്യപദ്ധതികളിൽ ഏകീകൃതസ്വഭാവം ഉണ്ടാക്കുന്നതിനുവേണ്ടി ആദ്യമായി പാഠപുസ്തകരചന നടത്തിയത് വറുഗീസ് മാപ്പിളയായിരുന്നു. കലാലയങ്ങളിലും സ്കൂളുകളിലും മലയാളവ്യാകരണവും അലങ്കാരവും ഐകരൂപ്യത്തോടുകൂടി പ്രാവർത്തികമാക്കുന്നതിനായി ഏ. ആർ. രാജരാജവർമ്മ തമ്പുരാൻെറ 'കേരള പാണിനീയവും' 'ഭാഷാഭൂഷണവും' അംഗീകൃത പാഠപുസ്തകങ്ങളായി സ്വീകരിക്കണമെന്ന് യൂണി

വേഴ്സിറ്റിയോട് ഭാഷാപോഷിണിസഭയിലൂടെ ആവശ്യപ്പെട്ടത് ഭാഷയ്ക്ക് സാർവ്വത്രികമായ സമന്വയം ഉണ്ടാക്കുന്നതിനുവേണ്ടിയാണ്. 1890 ജൂൺ 14-ാം തീയതി മനോരമയിലെഴുതിയ മറ്റൊരു മുഖപ്രസംഗത്തിൽ ഭാഷയോടു സർക്കാർ കാണിക്കുന്ന ചിറ്റമ്മനയത്തെ രൂക്ഷമായി വിമർശിക്കുന്നുണ്ട്. സർക്കാരിലേക്ക് നൽകുന്ന നിവേദനങ്ങളും അവയ്ക്കു ലഭിക്കുന്ന മറുപടിയും മലയാളത്തിലല്ലെങ്കിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഇതിൽ എടുത്തുകാട്ടിയിട്ടുണ്ട്. സർക്കാർ വകുപ്പുകളിൽ മലയാളം ഔദ്യോഗികഭാഷയാക്കണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം അതല്ലാതെയുള്ള സ്ഥിതിയെ വിവരിച്ചുകൊണ്ട് മുഖപ്രസംഗം ഉപസംഹരിക്കുന്നതിപ്രകാരമാണ്: "സകലമാനജനങ്ങളുടെയും അറിവിനായിട്ടെന്നുപറഞ്ഞ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന എത്രയും ഗൗരവാവഹങ്ങളായ സംഗതികളും തർജ്ജമയുടെ കുഴപ്പംകൊണ്ട് ഒരുത്തർക്കും അറിവാൻ പാടില്ലാതെയും കോടതികളിൽ പരസ്യമായി പ്രസ്താവിക്കുന്ന വിധികൾ കക്ഷികൾക്കും, ചിലപ്പോൾ വക്കീലന്മാർക്കും അവരവരുടെ ആഗ്രഹത്തിന് അനുകൂലമായി മനസ്സിലാകുന്നതും ചില്ലറ കുഴപ്പങ്ങൾ അല്ലല്ലോ. ഇതിന് അനവധി ദൃഷ്ടാന്തങ്ങൾ പറയാവുന്നതുമാകയാൽ സർക്കാർ ഇനിയുമെങ്കിലും സ്വഭാഷയെ നിന്ദിക്കാതെയും അന്യഭാഷയെ ആവശ്യത്തിലധികം ആശ്രയിക്കാതെയും ഇരിക്കുന്നതിന് ഉദ്യോഗസ്ഥന്മാരെ ശട്ടം കെട്ടാത്തപക്ഷം പ്രജകൾക്കും ഇതൊരു പീഡനം ആയിരിക്കുമെന്നു മാത്രം ഇപ്പോൾ പറഞ്ഞവസാനിപ്പിച്ചുകൊള്ളുന്നു."[32] മലയാളം ഔദ്യോഗിഭാഷയാക്കണമെന്ന ആവശ്യം ആദ്യമായി ഉന്നയിച്ചത് 'മലയാള മനോരമ'യും വറുഗീസ് മാപ്പിളയുമാണ്. ഇതിൻെറയൊക്കെ ഫലമായിട്ടാണ് വളരെ കഴിഞ്ഞിട്ടാണെങ്കിലും മലയാളം ഔദ്യോഗികഭാഷയാക്കണമെന്ന മുറവിളി എല്ലാ ഭാഷാസ്നേഹികളിൽനിന്നും ഉയരുവാൻ ഇടയായതും ഔദ്യോഗിക ഭാഷാകമ്മീഷനെ നിയമിക്കുവാൻ സർക്കാർ നിർബന്ധിതരായതും. മലയാളം ഔദ്യോഗികഭാഷയായി അംഗീകരിച്ചിട്ടുണ്ടെങ്കിലും കോടതികളിലും ഭരണതലത്തിലും ഇന്നും ഇംഗ്ലീഷിനാണ് പ്രാമുഖ്യം എന്നതുകൂടി നമുക്കിവിടെ ഓർക്കാം. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം ഒരു നൂറ്റാണ്ട് മുൻപ് 'മലയാള മനോരമ'യിലൂടെ വറുഗീസ് മാപ്പിള നടത്തിയ പ്രയത്നങ്ങൾ വിലയിരുത്തുവാൻ.

അതുപോലെതന്നെ മലയാളലിപി പരിഷ്കരണത്തിനും ആദ്യമായി മുറവിളി കൂട്ടിയതും ഈ ഭാഷാസ്നേഹിതന്നെയാണ്. അച്ചടിയേയും അച്ചുകൂടത്തേയുംകുറിച്ച് സാങ്കേതിക പരിജ്ഞാനമുണ്ടായിരുന്ന അപൂർവ്വം ചിലരിൽ ഒരാളായിരുന്നു വറുഗീസ് മാപ്പിള. നിലവിലുണ്ടായിരുന്ന മലയാളം ടൈപ്പുകൾ പരിഷ്കരിക്കുവാൻ ഊന്നിക്കൊണ്ട് 1893 ഡിസംബർ 23ലെ 'മനോരമ'യിൽ അദ്ദേഹമെഴുതി. "മലയാളഭാഷയിൽ

മറ്റുഭാഷകളിൽ ഉള്ളതുപോലെ ഇത്ര അക്ഷരം വേണമെന്ന് ഒരു നിബന്ധന ഉണ്ടായിരിക്കേണ്ടത് ആവശ്യമല്ലേ? ഇപ്പോൾ എത്ര അക്ഷരങ്ങൾ വേണമെന്ന് ചോദിച്ചാൽ സമാധാനം പറയാൻ വല്ലവരേയുംകൊണ്ടു കഴിയുമോ? അതിനാൽ അച്ചടിക്കാർക്ക് ഉപകരിക്കത്തക്കവണ്ണം ഒരു അക്ഷരപ്പട്ടികയെ, വല്ല ഉപായവും പറഞ്ഞ് തഞ്ചത്തിൽ നില്ക്കാതെ, ഉണ്ടാക്കിവരുന്ന 'ഭാഷാപോഷിണി' സഞ്ചികയിലോ, ഈ പത്രത്തിൽ തന്നെയോ അയച്ച് പ്രസിദ്ധം ചെയ്യിക്കുവാൻ സവിനയം ആവശ്യപ്പെടുന്നു."[33] 'പല ഉപായവും പറഞ്ഞ് തഞ്ചത്തിൽ നില്ക്കാതെ' എന്ന പ്രയോഗം അച്ചടിപരിഷ്കാരത്തെ എതിർത്ത കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തുടങ്ങിയവരോടുള്ള മറുപടിയായിരുന്നു. കൂട്ടക്ഷരങ്ങൾ പിരിച്ച്, ഒന്നിൻെറ ചുവട്ടിൽ ഒന്നെന്നമട്ടിലല്ലാതെ വലതുവശത്തു ചേർക്കുന്ന സമ്പ്രദായമായിരുന്നു ഈ പരിഷ്കാരത്തിൻെറ കാതൽ. അച്ചുനിരത്തുകാർക്ക് സൗകര്യവും അക്ഷരങ്ങളുടെ ബാഹുല്യത്തിന് പരിമിതിയും ഇതുമൂലമുണ്ടാകുമെന്ന് വറുഗീസ് മാപ്പിള 'മനോരമ'യിലൂടെ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുള്ളതായി കാണാം. ചെറുതും വലുതുമായി 52 അക്ഷരങ്ങളുണ്ടെങ്കിൽ ഇംഗ്ലീഷിലെ അച്ചടി നടത്താൻ സാധിക്കും. മലയാളത്തിൻെറ സ്ഥിതിയാകട്ടെ അതല്ല. നാനാവിധങ്ങളായ കൂട്ടക്ഷരങ്ങളും, ഉകാരം, ഊകാരം ഋകാരം മുതലായവയുടെ ചിഹ്നങ്ങളോടുകൂടിയ ലിപികളും ഉൾപ്പെടെ 600 അക്ഷരങ്ങൾ മലയാളത്തിൽ വേണ്ടിയിരിക്കുന്നു. വിഷമം പിടിച്ച കൂട്ടക്ഷരങ്ങളെല്ലാം വാർക്കാൻ തുടങ്ങിയാൽ 200 അക്ഷരങ്ങൾ വേറെയും വേണ്ടിവരും. അത്രത്തോളം അക്ഷരങ്ങൾ വാർത്തെടുക്കുക, അച്ചു നിരത്തുക, അത്ര അധികം കള്ളികളിൽ വേഗത്തിൽ കയ്യോടിച്ച് അച്ചുനിരത്തുക, ഇതെല്ലാം ഒരുപോലെ വിഷമം പിടിച്ച ജോലികളാണ്. മലയാള അച്ചടിയിൽ ദൃശ്യമാകുന്ന തെറ്റുകൾ ഈ അക്ഷരബാഹുല്യംകൊണ്ടുതന്നെയാണ് സംഭവിക്കുന്നതെന്ന് വറുഗീസ് മാപ്പിള ഭാഷാസ്നേഹികളെ ഓർമ്മപ്പെടുത്തി. കൂട്ടക്ഷരങ്ങൾ ചന്ദ്രക്കലയിട്ടു വേർതിരിച്ചെഴുതുന്നതും അച്ചുകൾ കുറയ്ക്കുവാനുള്ള മാർഗ്ഗമായി അദ്ദേഹം നിർദ്ദേശിച്ചിരുന്നു. ഭാഷാപോഷിണിയുടെ 1893 ഓഗസ്റ്റ് രണ്ടാം വാല്യത്തിലെ രണ്ടാം ലക്കത്തിൽ വറുഗീസ് മാപ്പിള 'മലയാളമച്ചടി' എന്ന ശീർഷകത്തിലെഴുതിയ സുദീർഘമായ ലേഖനത്തിൽ ലിപി പരിഷ്കരണത്തിൻെറ വിവിധ വശങ്ങളെ ശരിക്കും വിവരിക്കുന്നുണ്ട്. മലയാള മനോരമയുടെ ആദ്യലക്കത്തിൽ തന്നെ ദാർഢ്യം, നിഷ്കളങ്കത, നിഷ്പക്ഷം, തസ്കരൻ എന്നിങ്ങനെ കൂട്ടക്ഷരങ്ങൾ പിരിച്ച് അച്ചടിച്ചിട്ടുള്ളതായി കാണാം. എന്നാൽ പെട്ടെന്ന് ഈ പരിഷ്കാരം സ്വീകരിക്കുവാൻ കേരളം തയ്യാറായിരുന്നില്ല. ഒരു നൂറ്റാണ്ടു മുൻപ് വിഭാവനം ചെയ്ത ഈ പരിഷ്കാരങ്ങൾ എത്രയോ ദശാബ്ദങ്ങൾക്കുശേഷമാണ് കേരളം നടപ്പി

ലാക്കിയത് എന്ന കാര്യം ഓർക്കുമ്പോഴാണ് കാലത്തിനെത്രയോ മുൻപേ സഞ്ചരിച്ച പുരോഗാമിയായിരുന്നു ഈ ഭാഷാസ്നേഹിയെന്ന് മനസ്സിലാക്കുക.

ഭാഷയേയും സാഹിത്യത്തേയും പുഷ്ടിപ്പെടുത്തുവാനും സാംസ്കാരിക ഉത്കർഷം നേടുവാനും വേണ്ട പ്രധാന ഉപാധി എല്ലാ വിഭാഗം ജനങ്ങൾക്കും ആധുനിക വിദ്യാഭ്യാസം ഉണ്ടാക്കുകയെന്നതാണല്ലോ. അക്കാലത്ത് ക്രൈസ്തവരും സവർണ്ണ ഹിന്ദുക്കളും മുസ്ലിംകളും ഇംഗ്ലീഷുകാരാൽ സ്ഥാപിതമായ സ്കൂളുകളിൽ താന്താങ്ങളുടെ സന്തതികളെ ചേർത്തു പഠിപ്പിക്കുവാൻ ഒരുക്കമില്ലാത്തവരായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോട് പുറംതിരിഞ്ഞുനില്ക്കുവാൻ അവരെയൊക്കെ പ്രേരിപ്പിച്ചത് ആംഗ്ലിക്കൻ സ്കൂളുകളിൽ ചേരുന്ന വിദ്യാർത്ഥികളെല്ലാംതന്നെ സ്വന്തം മതത്തോടും സമുദായത്തോടും വെറുപ്പുള്ളവരായി മാറുമെന്നും തങ്ങളുടെ വിശ്വാസവും മതവും അങ്ങനെ തകർക്കപ്പെടുമെന്നുമുള്ള ചിന്തയായിരുന്നു. ഈ അന്ധവിശ്വാസം തകർത്ത് വിദ്യാഭ്യാസപരമായി സ്വസമുദായത്തേയും സഹോദരസമുദായങ്ങളേയും തത്പരരാക്കി മാറ്റുക എന്നതായിരുന്നു മനോരമ പത്രം ആരംഭിക്കുന്നതിനു മുൻപേ തന്നെ വറുഗീസ് മാപ്പിള നടത്തിയിരുന്ന പ്രവർത്തനങ്ങൾ. മുതൽപിടിക്കാരൻ എന്ന വിരസമായ ജോലിയിൽ അസന്തുഷ്ടനായി ചെങ്ങന്നൂരിൽ ദിവസങ്ങൾ തള്ളിനീക്കിയിരുന്ന അദ്ദേഹം അവിടെയും സമീപ പ്രദേശങ്ങളിലുമുള്ള ക്രൈസ്തവയുവാക്കളെ സംഘടിപ്പിച്ച് 'സദാചാര സഹോദരസംഘം' രൂപീകരിച്ചിരുന്നു. അതുവഴി സമുദായത്തിൻെറയും സമൂഹത്തിൻെറയും ഉദ്ഗതിക്കുവേണ്ടി യത്നിച്ചതും നാം നേരത്തെ പറഞ്ഞുപോയതാണ്. അതിവിടെ ആവർത്തിക്കുന്നില്ല. എന്നാൽ ഇവിടെ പ്രസക്തമായിട്ടുള്ളത് ഈ സംഘടനയിലൂടെ അദ്ദേഹം ഉണ്ടാക്കിയ വിദ്യാഭ്യാസ സാംസ്കാരിക നേട്ടങ്ങളാണ്; ചെങ്ങന്നൂരിൽ ഈ സംഘടനയുടെ ശ്രമഫലമായി ഒരു ഇംഗ്ലീഷ് പാഠശാല സ്ഥാപിച്ചതോടെയാണ് വിദ്യാഭ്യാസരംഗത്ത് തൻെറ കർമ്മപദ്ധതികൾ പ്രാവർത്തികമാക്കുവാൻ അദ്ദേഹത്തിനു സാധിച്ചത്. അന്നു സ്ഥാപിച്ച പ്രൈമറി സ്കൂൾ പ്രശസ്തമായ ഒരു ഹൈസ്കൂളായി ഇന്നും പ്രവർത്തിച്ചുവരുന്നു. മുതൽപിടിക്കാരൻെറ പണി വേണ്ടെന്നുവച്ച് കുറെ കഴിഞ്ഞ് മലയാള മനോരമയും പ്രസ്സും ആരംഭിച്ചതോടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാൻ അദ്ദേഹത്തിനു സാധിച്ചു. കോട്ടയം എം. ഡി. സെമിനാരി ഹൈസ്കൂൾ പടുത്തുയർത്തി പ്രവർത്തനനിരതമാക്കിയത് വറുഗീസ് മാപ്പിളയുടെ അക്ഷീണയത്നത്തിൻെറ ഫലമായിട്ടാണ്. സ്കൂൾ കെട്ടിടം പൂർത്തിയാക്കുവാനാവശ്യമായ പണം ലഭിക്കാതെവന്നപ്പോൾ ശ്രീമൂലം തിരുനാൾ മഹാരാജാവിനെ നേരിട്ടുകണ്ട് സ്കൂൾ ഫണ്ടിലേക്ക് ധന

ശേഖരണാർത്ഥം ഒരു ലക്ഷം രൂപ സമ്മാനമുള്ള ഒരു ലോട്ടറി നടത്തുവാൻ അനുവാദം സമ്പാദിച്ചാണ് അദ്ദേഹം സ്കൂളിനുവേണ്ട പണം സ്വരൂപിച്ചത്. ഇതേപോലെതന്നെ തിരുവല്ലായിൽ ദേഹാസ്വാസ്ഥ്യംമൂലം വിശ്രമത്തിനെത്തിയ അദ്ദേഹം ഒരു ബാലികാമഠം തിരുമൂലപുരത്ത് ആരംഭിച്ചു. ഈ ബാലികാമഠത്തിൻെറ നിർമ്മാണത്തിനും പ്രവർത്തനത്തിനുമായി അദ്ദേഹം സഹിച്ച കഷ്ടപ്പാടുകൾ വിവരണാതീതമാണ്. ഒടുവിൽ നിവൃത്തിയില്ലാതെവന്നപ്പോൾ ശ്രീമൂലം തിരുനാൾ മഹാരാജാവിനെ തന്നെ ശരണം പ്രാപിക്കുകയാണ് അദ്ദേഹം ചെയ്തത്. 'ശ്രീമൂലവിലാസം ഷോഡതി' എന്ന പേരിൽ ഒരു ലക്ഷം രൂപ പുരസ്കാരം നേടുന്ന മറ്റൊരു ലോട്ടറിയുംകൂടി നടത്തുവാൻ അദ്ദേഹം മഹാരാജാവിൽനിന്നും ഉത്തരവ് വാങ്ങി. അങ്ങിനെയാണ് ഈ ബാലികാമഠത്തിൻെറ പണി പൂർത്തിയാക്കി വമ്പിച്ച ഒരു സദസ്സിൽവച്ച് കേരളവർമ്മ വലിയകോയിത്തമ്പുരാനെക്കൊണ്ട് ഇത് ഉദ്ഘാടനം ചെയ്യിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞത്. കേരളത്തിൽ പെൺകുട്ടികൾക്കായുള്ള ആദ്യത്തെ പബ്ലിക് സ്കൂളാണിത്. തിരുവല്ല എം. ജി. എം. ഹൈസ്കൂളിൻെറ സ്ഥാപനത്തിലും പ്രവർത്തനങ്ങളിലും അദ്ദേഹം നല്കിയ സംഭാവന വിലയേറിയതാണ്.

അദ്ദേഹത്തിൻെറ നേതൃത്വത്തിൽ സ്ഥാപിതമായ പാഠശാലകളുടെ വളർച്ചയും അവയിൽ പഠിച്ച് പുറത്തുവന്നിരുന്ന വിദ്യാർത്ഥികളുടെ ഉൽകൃഷ്ടസിദ്ധികളും മറ്റുള്ളവർക്കു മാതൃകയായി വർത്തിച്ചതിൻെറ ഫലമായിട്ടാണ് വ്യക്തികളും സമുദായങ്ങളും വിദ്യാഭ്യാസമേഖലയിൽ പുതിയ പുതിയ ഉദ്യമങ്ങൾ ആരംഭിച്ചത് എന്ന കാര്യത്തിൽ സംശയമില്ല. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുണ്ടായിരുന്ന എതിർപ്പ് ഏറെക്കുറെ ഇല്ലാതാക്കുവാനും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കുറവ് പരിഹരിക്കുവാനും ഇടവരുത്തിയത് വറുഗീസ് മാപ്പിളയുടെ നിസ്വാർത്ഥ സേവനമാണ്. 'മലയാള മനോരമ'യിലൂടെ നടത്തിയിട്ടുള്ള ഉൽബോധനങ്ങളും നിർദ്ദേശങ്ങളുമൊക്കെ എല്ലാവിഭാഗം ജനങ്ങളെയും വിദ്യാഭ്യാസത്തിൻെറ പ്രകാശധാരയിലേക്ക് ആകർഷിക്കുന്നവയായിരുന്നു. 'തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും ദൃഷ്ടിയിൽപെട്ടാലും കുറ്റമുള്ള'വരുമായ പുലയർ തുടങ്ങിയ ഏഴകളെ ഉയർത്തിക്കൊണ്ടുവരേണ്ടതിൻെറ ഉത്തരവാദിത്വം സർക്കാരിലും ജന്മികളിലും നിക്ഷിപ്തമാണെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടുള്ളതായിരുന്നു 1890 മാർച്ച് 22-ലെ 'മലയാള മനോരമ'യുടെ പ്രഥമലക്കത്തിലെ 'തിരുവിതാംകോട്ടു സംസ്ഥാനത്തിലെ പുലയരുടെ വിദ്യാഭ്യാസം' എന്ന മുഖപ്രസംഗം. ഈ ഏഴജാതികൾക്ക് വിദ്യാഭ്യാസം നൽകിയാൽ രാജ്യക്ഷേമത്തിന് അത് അത്യന്തം ഉപയുക്തമാകുമെന്ന് അദ്ദേഹം തറപ്പിച്ച് പറയുകയും ചെയ്തിരുന്നു. 1892 ജൂൺ 3-ാം തീയതി 'കേരളത്തിലെ കീഴ്ജാതികൾ' എന്ന തലക്കെട്ടിൽ 'മനോരമ'

എഴുതിയ മുഖലേഖനവും, പുലയർ തുടങ്ങിയുള്ള നീചജാതികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനും അവർക്ക് മനുഷ്യാവകാശങ്ങൾ നേടിക്കൊടുക്കുന്നതിനുവേണ്ടിയുള്ള ആത്മാർത്ഥമായ നിവേദനങ്ങളായിരുന്നു. തരിശായി കിടക്കുന്ന സർക്കാർ സ്ഥലങ്ങൾ ഇവർക്ക് പതിച്ചുകൊടുക്കുകയാണെങ്കിൽ സ്വന്തം സ്ഥലത്ത് പ്രയത്നിച്ച് അവ ഫലഭൂയിഷ്ഠമാക്കുവാൻ കെല്പുള്ളവരായി അവർ മാറാതിരിക്കുകയില്ല. അതോടെ സ്വന്തം കാലിൽ നില്ക്കുവാനുള്ള സ്വാതന്ത്ര്യം കരഗതമാകുകയും ചെയ്യും. ഇങ്ങനെ കീഴ്ജാതിക്കാരുടെ സാമൂഹ്യവളർച്ചയ്ക്കും സ്വതന്ത്രമായ നിലനില്പിനും ആവശ്യമായ ഘടകങ്ങൾ എന്തൊക്കെയെന്നു വിവരിച്ച ശേഷം ആ മുഖപ്രസംഗം അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്. "തിരുവിതാംകൂർ സർക്കാരിൽനിന്നും പുലയരുടെ വിദ്യാഭ്യാസം വകയ്ക്ക് പ്രത്യേക സംഖ്യ അനുവദിക്കുകയും ഇതിൻപ്രകാരം പല ദിക്കിലും പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നത് രാമരായർ ദിവാൻജി അവർകൾ തന്റെ ഭൂതദയപ്രധാനമായ സ്വഭാവത്തിന് അനുരൂപമായി ചെയ്തിട്ടുള്ള പല ഏർപ്പാടുകളിൽ ഒന്നാണല്ലോ. മിഷണറി സായിപ്പന്മാർ വളരെക്കാലമായി ഇവിടങ്ങളിൽ ചെയ്തുവരുന്ന പ്രയത്നത്തിന്റെയും പ്രധാനഫലം കീഴ്ജാതിക്കാർക്കാണല്ലോ സിദ്ധിക്കുന്നത്.... ഈ ദേശത്തിലെ കീഴ്ജാതിക്കാരുടെ സ്ഥിതി ആകപ്പാടെ നോക്കിയാൽ മറ്റു ദേശങ്ങളിലേതിനെക്കാൾ പലതുകൊണ്ടും നന്നായിരിക്കുന്നുവെങ്കിലും, ഇനിയും വളരെ നന്നാകുവാനുള്ളതുകൊണ്ട് പരോപകാരനിരതന്മാരും സമശീർഷന്മാരോട് സ്നേഹമുള്ളവരുമായ എല്ലാ സ്വദേശികളും ഇതിലേക്ക് അനുകൂലികളായിരിക്കേണ്ടതാണ്...."[34]

വിദ്യാഭ്യാസത്തിന് ഇവിടെ ഊന്നൽ നൽകുന്നത് അതുകൊണ്ടുണ്ടാകുന്ന സാമൂഹ്യോത്കർഷത്തെ മുന്നിൽ കണ്ടുകൊണ്ടാണ്. ജാത്യാചാരങ്ങളും സാമൂഹ്യ ഉച്ചനീചത്വങ്ങളും കുറെയെങ്കിലും ദൂരീകരിക്കുവാൻ സാധിക്കുക വിദ്യാഭ്യാസം നേടുന്നതുകൊണ്ടുമാത്രമാണ്. അതിനാൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കാലോചിതമായ വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകതയെ ഊന്നി നിരവധി മുഖപ്രസംഗങ്ങളും ലേഖനങ്ങളും പ്രസിദ്ധീകരിച്ചിരുന്നു. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ നാമധേയത്തിൽ 'കേരളവർമ്മകീർത്തിമുദ്ര' എന്ന സ്വർണ്ണപ്പതക്കം മദ്രാസ് യൂണിവേഴ്സിറ്റിയിൽ മലയാളം ബി. എയ്ക്ക് ഒന്നാം റാങ്കു കിട്ടുന്ന വിദ്യാർത്ഥിക്കു നല്കുവാൻ ഏർപ്പാടുണ്ടാക്കിയത് വറുഗീസ് മാപ്പിളയായിരുന്നു. വിദ്യാഭ്യാസ പ്രോത്സാഹനാർത്ഥമായ ഇത്തരം മെഡലുകളും പുരസ്കാരങ്ങളും നല്കുന്ന സമ്പ്രദായം ആദ്യമായി കൊണ്ടുവന്നത് അദ്ദേഹമാണ്.

വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും ഉണ്ടാകുന്നതോടുകൂടി സമൂഹത്തിൽ ആണ്ടിറങ്ങിക്കിടന്നിരുന്ന ഉച്ചനീചഭേദങ്ങളും അന്ധവിശ്വാസങ്ങളും ഇല്ലാതാകുമെന്നും അദ്ദേഹത്തിനറിയാമായിരുന്നു. തന്മൂലം കീഴ്ജാതിക്കാരുടെ അവശതകൾ പരിഹരിക്കുന്നതിനായി പ്രവർത്തിച്ചിരുന്നതോടൊപ്പം മേൽജാതിക്കാരിലുണ്ടായിരുന്ന അനാചാരങ്ങളെ ഉന്മൂലനം ചെയ്യുവാനുള്ള മാർഗ്ഗങ്ങളും നിർദ്ദേശങ്ങളും 'മലയാള മനോരമ'യിലൂടെ നിരന്തരം ഉന്നയിച്ചുകൊണ്ടിരുന്നതായി കാണാം. നായന്മാരുടെ മരുമക്കത്തായ സമ്പ്രദായത്തെയും ബഹുഭർതൃത്വത്തെയും അവസാനിപ്പിക്കുവാനായി മദ്രാസ് നിയമസഭയിൽ ചേറ്റൂർ ശങ്കരൻ നായർ മലയാള വിവാഹബിൽ അവതരിപ്പിച്ചിരുന്നു. 1891 മെയ് 16-ാം തീയതിയിലെ 'മലയാള മനോരമ'യിൽ ശങ്കരൻ നായർ അവതരിപ്പിച്ച ബില്ലിൻെറ മുഴുവൻ ഭാഗവും പ്രസിദ്ധീകരിച്ചിരുന്നതിനു പുറമെ ഈ സമുദായ പരിഷ്കരണത്വരയെ ആത്മാർത്ഥമായി പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ ബില്ലിനെക്കുറിച്ചു പൊതുജനാഭിപ്രായം ആരായുകയും അവ നിരന്തരം പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അങ്ങിനെ നായന്മാരുടെയും നമ്പൂതിരിമാരുടെയും സമുദായ പരിഷ്കരണപ്രവർത്തനങ്ങൾക്കു ഊർജ്ജവും ശക്തിയും നൽകുവാൻ 'മനോരമ' മുൻപന്തിയിലുണ്ടായിരുന്നതായി കാണാം.[35] 1899 ജൂലൈ 8-ാം തീയതി എഴുതിയ മുഖപ്രസംഗത്തിൽ നമ്പൂതിരിമാരുടെ വേളിയേയും വേഴ്ചകളേയും അതുമൂലം നമ്പൂതിരിസമുദായത്തിനു സംഭവിച്ചുകൊണ്ടിരിക്കുന്ന തകർച്ചയേയും തുറന്നുകാട്ടുന്നുണ്ട്. നമ്പൂതിരി കുടുംബങ്ങളിൽ മൂത്തമകൻ മാത്രമാണ് സ്വസമുദായത്തിൽനിന്നും വേളി കഴിച്ചിരുന്നത്. ഇളയ സഹോദരന്മാർ എത്ര പേരുണ്ടെങ്കിലും ശരി അവർ അബ്രാഹ്മണസവർണഗൃഹങ്ങളിൽ സംബന്ധം നടത്തി കഴിഞ്ഞുകൂടുകയാണു പതിവ്. ഇത് സാമൂഹ്യസംവിധാനത്തിൽ സൃഷ്ടിച്ച വൈകല്യങ്ങൾ നമ്പൂതിരിമാരെ മാത്രമല്ല നായർ സമുദായത്തെയും ബാധിച്ചു.[36] അവരുടെയിടയിൽ മരുമക്കത്തായവും ബഹുഭർതൃത്വവും അഭംഗുരം തുടരുവാൻ ഉണ്ടായ പ്രേരണ നമ്പൂതിരിമാരുടെ സംബന്ധമായിരുന്നു. നമ്പൂതിരി സ്ത്രീകളിൽ കുറെപേരെങ്കിലും ബാലവൈധവ്യമോ സപത്നിത്വത്തിൻെറ യാതനകളോ ഭർത്താവിൻെറ അവഗണനയോ അനുഭവിച്ചുകൊണ്ട് അകത്തളങ്ങളിൽ ജീവിതം തുലച്ചിട്ടുള്ളവരാണ്. ഇത് മാറ്റണമെന്നും കാലാനുസൃതമായ വിദ്യാഭ്യാസവും പരിഷ്കാരവും സവർണ്ണസമുദായങ്ങളിൽ ഉണ്ടാവേണ്ടതാണെന്നും ശക്തിയുക്തം 'മലയാള മനോരമ' ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്നതായി കാണാം. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോട് ഈ സമുദായങ്ങൾക്കുണ്ടായിരുന്ന വൈമുഖ്യം മാറ്റേണ്ടതിൻെറ ആവശ്യകത അറിയിക്കുന്നതും അത്തരം പരിഷ്കാരങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നവർക്ക്

പ്രചോദനം നല്കുകയെന്നതും 'മലയാള മനോരമ'യുടെ വിശ്വാസപ്രമാണവും പ്രവർത്തനശൈലിയുമായിരുന്നു.

മുസ്ലിംകളുടെ വിദ്യാഭ്യാസപരമായ ശോച്യാവസ്ഥയും അവരുടെയിടയിൽ നടമാടിയിരുന്ന അനാചാരങ്ങളും വിവരിച്ചുകൊണ്ടുള്ള ലേഖനം 'മനോരമ' പ്രസിദ്ധീകരിച്ചു. തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറം എന്ന സ്ഥലത്ത്നിന്നും സമുദായ പരിഷ്കർത്താവായ ഒരു മുസ്ലിം എഴുതിയതായിരുന്നു ഈ ലേഖനം. അതിനെ ആസ്പദമാക്കി 1892 മെയ് 30-ാം തീയതി 'മനോരമ' പ്രസിദ്ധീകരിച്ച മുഖപ്രസംഗത്തിൻെറ പ്രസക്തഭാഗമാണിവിടെ ചേർക്കുന്നത്. "ഇവിടത്തെ മുഹമ്മദീയ സമുദായക്കാരുടെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ച് വളരെ വ്യസനസൂചകമായ ഒരു ലേഖനം മുൻപ് പള്ളിപ്പുറത്തുനിന്ന് ഒരു മുഹമ്മദീയൻ എഴുതി അയച്ചിരുന്നു. മുഹമ്മദീയർക്കും ശേഷംസമുദായക്കാർക്കും തമ്മിൽ, വിദ്യാഭ്യാസം മുതലായ വിഷയങ്ങളിൽ വളരെ അന്തരമുണ്ടെന്നുള്ളത് രണ്ടുപക്ഷം ഇല്ലാത്ത ഒരു സംഗതിയാകുന്നു. വിദ്യാഭ്യാസം ഇവരുടെയിടയിൽ വേണ്ടുംവണ്ണം എന്നല്ല, ഒട്ടുംതന്നെയില്ലാത്തതാണ് ഈ സമുദായക്കാരിൽ ഇപ്പോൾ കാണുന്ന സകല ദോഷങ്ങളുടെയും കാരണം എന്നു പറയേണ്ടതില്ലല്ലോ. ഇതുവരെയും മുഹമ്മദീയരുടെ വിദ്യാഭ്യാസക്കാര്യത്തിൽ തിരുവിതാംകൂർ സർക്കാറിൽനിന്ന് പ്രത്യേകം ഏർപ്പാടുകളൊന്നും ചെയ്തിട്ടില്ലാത്തത്, ഈ സംഗതിയെ മുഹമ്മദീയർ ഗവൺമെൻറിനെ അറിയിക്കുകയും, പ്രത്യേക സഹായത്തിന് അപേക്ഷിക്കുകയും ചെയ്തിട്ടില്ലായ്കകൊണ്ടാണെന്ന് വിചാരിക്കുന്നതായിരിക്കും യാഥാർത്ഥ്യം. ആയതുകൊണ്ട് സ്വജനസ്നേഹിയായ ഈ ലേഖകൻ തൻെറ സമുദായക്കാരുടെ ഇപ്പോഴത്തെ സ്ഥിതി വിശദമായി തിരുവിതാംകൂർ കൊച്ചി ഗവൺമെൻറുമാരെ അറിയിക്കുമെന്നും ഗവൺമെൻറ് ഈ കാര്യത്തിൽ പ്രത്യേകം ദൃഷ്ടിവച്ച് മുഹമ്മദീയരുടെ വിദ്യാഭ്യാസസംബന്ധമായ ഇപ്പോഴത്തെ സ്ഥിതിയിൽനിന്നും അവരെ ഉയർത്തുന്നതിനുവേണ്ട ഏർപ്പാടുകൾചെയ്യുമെന്നും വിശ്വസിക്കുന്നു."[37]

'മലയാള ബ്രാഹ്മണരുടെ ഔദാസീന്യം' എന്ന ശീർഷകത്തിൽ എഴുതിയ മുഖപ്രസംഗം നമ്പൂതിരിമാരുടെ വിദ്യാഭ്യാസപരവും സാമൂഹികവുമായ കുറവുകളെ ചൂണ്ടിക്കാണിക്കുന്ന ഒന്നാണ്. മലയാള ബ്രാഹ്മണരിൽ ഇംഗ്ലീഷ്വിദ്യാഭ്യാസമുള്ളവർ തീരെയില്ലെന്നുമാത്രമല്ല, അതിനു തയ്യാറുള്ളവർ വിരളവുമാണ്. അതേസമയം സംസ്കൃത പാണ്ഡിത്യം ഉള്ളവരും ഏറെയൊന്നുമില്ല. ഈ പരിതാപകരമായ സ്ഥിതി വിവരിച്ചുകൊണ്ട് വറുഗീസ് മാപ്പിള എഴുതി: "വിദ്യാഭ്യാസം ചെയ്ത് അറിവ് സമ്പാദിക്കുകയെന്നത് എല്ലാവർക്കും വേണ്ടതാകുന്നു. എങ്കിലും ഇതിൻെറ ആവശ്യകത ബ്രാഹ്മണനെപ്പോലെ മറ്റാർക്കുമില്ല എന്നാണ് തോന്നുന്നത്.

കേരളത്തിൽ എല്ലാംകൊണ്ടും ഉത്കൃഷ്ടത ബ്രാഹ്മണർക്കാണെന്നാണ് വച്ചിരുന്നത്. അതിനാൽ അവർ എല്ലാ വിഷയത്തിലും, അന്യർക്കൊരു മാതൃകയായിരിക്കേണ്ടതാണ്. അതില്ലെങ്കിലും അവരിൽനിന്നു കണ്ടുപഠിക്കേണ്ടതായ അന്യന്മാർ യഥാക്രമം വിദ്യാഭ്യാസം ചെയ്യുകയും അറിവിലും ഐശ്വര്യത്തിലും യശസ്സിലും ഉയർന്ന പദവിയെ പ്രാപിക്കുകയും ചെയ്യുന്നതു കണ്ടാൽക്കൂടി ഇവർ ഔദാസീന്യത്തെ തന്നെ അവലംബിച്ചുകൊണ്ടിരിക്കുന്നത് അത്യത്ഭുതം എന്നല്ലാതെ എന്തുപറയും. ഇംഗ്ലീഷ് പഠിച്ച് പരീക്ഷ പാസ്സാകുന്നത് ഉദ്യോഗത്തിന് മാത്രമേ ആവശ്യമുള്ളൂ എന്നു കരുതുന്നത് ശരിയല്ല. തങ്ങളുടെ ജന്മവസ്തുക്കളെ നോക്കി നടത്താനും കൈകാര്യം ചെയ്യാനും, അഭിവൃദ്ധിപ്പെടുത്തുവാനും ഇന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസം സഹായിക്കുന്നുവെന്ന് മാത്രമല്ല, അത് അത്യാവശ്യവുമാണ്. ഗവൺമെൻറ് ചട്ടങ്ങൾ ദിനംപ്രതി മാറിക്കൊണ്ടിരിക്കുകയാണ്. അവ തങ്ങളെ എങ്ങനെ ബാധിക്കുന്നു എന്നു മനസ്സിലാക്കി പ്രവർത്തിക്കുവാൻ ഇംഗ്ലീഷ് വിദ്യാഭ്യാസം വേണം.... എന്നാൽ ഏതെങ്കിലും ഒരു ബില്ലിനെപ്പറ്റി ഏതെങ്കിലുമൊരു ഘട്ടത്തിൽ ഗുണദോഷ വിചാരണം ചെയ്ത് ഒരഭിപ്രായം ഗവൺമെൻറിനെ അറിയിക്കുവാൻ തക്കവണ്ണം അറിവുള്ളവരായിട്ട് മലയാള ബ്രാഹ്മണരിൽ അധികംപേരെ കാണുമെന്നു തോന്നുന്നില്ല. മലയാള ബ്രാഹ്മണരുടെ പ്രാതിനിധ്യത്തോടുകൂടി നിയമനിർമ്മാണസഭയിൽ ഒരാളെ നിയമിക്കണമെന്നുദ്ദേശിച്ചാൽപോലും അതിനു തക്ക യോഗ്യതയുള്ള ഒരാളെ ചൂണ്ടിക്കാണിച്ചുകൊടുക്കുവാൻ കാണുന്നില്ല. പിന്നെന്തുചെയ്യാം? മറ്റുള്ള സംഘക്കാർ തങ്ങളുടെ പ്രതിനിധികൾ നിയമസഭയിൽ ഉണ്ടായിരിക്കണമെന്നാവശ്യപ്പെട്ട്, കാര്യം സാധിക്കുന്നു. അത് കണ്ടിട്ടുപോലും ഇവർക്ക് യാതൊരു ഇളക്കവുമില്ല."[38] ഇങ്ങനെ പോകുന്നു ആ മുഖപ്രസംഗം.

സമൂഹത്തിലെ എല്ലാ ജാതിമത വിഭാഗങ്ങളിലും നടമാടിയിരുന്നവയും പരിഹരിക്കപ്പെടേണ്ടവയുമായ ആചാര വൈകൃതങ്ങളെ നിശിതമായി വിമർശിക്കുവാൻ 'മലയാള മനോരമ'യും വറുഗീസ് മാപ്പിളയും നിരന്തരം പരിശ്രമിച്ചിട്ടുള്ളതായി കാണാം. ക്രിസ്ത്യാനികളുടെ ഇടയിൽ ഉണ്ടായിരുന്ന വർണ്ണാചാരത്തെ ഇല്ലായ്മ ചെയ്യണമെന്ന് കാര്യകാരണസഹിതം ക്രൈസ്തവമതവിഭാഗങ്ങളെ ഓർമ്മപ്പെടുത്തുവാനും 'മനോരമ' മടിച്ചില്ല. 'ക്രിസ്ത്യാനികളുടെ വർണ്ണാചാരം' എന്ന തലക്കെട്ടിൽ വന്ന മുഖലേഖനത്തിൽ ഇക്കാര്യം വിശദീകരിക്കുന്നതിങ്ങനെയാണ്. "ഈ നാട്ടിലും ഇംഗ്ലീഷ് മിഷനറിമാരുടെ പ്രയത്നത്തിൽ കീഴ്ജാതികളിൽനിന്ന് വലിയ സംഖ്യകളായി ക്രിസ്ത്യാനികൾ ഉണ്ടായിത്തുടങ്ങിയപ്പോൾ ഇവിടെയും വർണ്ണാചാരം പ്രത്യക്ഷപ്പെട്ടു. ഇവിടങ്ങളിൽ കീഴ്ജാതി ക്രിസ്ത്യാനികൾ പ്രധാനമായിട്ടുള്ളതും പുലയരാണ്. അപ്പഴപ്പോൾ അവർ ഇവിടങ്ങളിലുള്ള

ക്രിസ്ത്യാനികളോട് ചേർന്നുപോയിരുന്നുവെങ്കിൽ ഇപ്പോൾ അവരുടെ സാമൂഹ്യസ്ഥിതി ഉയർത്തുവാൻ സ്ഥലത്തെ മിഷനറിമാർ ചെയ്യുന്ന പ്രയത്നം ആവശ്യമുണ്ടാകുകയില്ലായിരുന്നു.... മിഷനറിമാർ നസ്രാണികളിൽനിന്ന് ആളുകളെ ചേർത്ത് തങ്ങളുടെ സഭയെ വർദ്ധിപ്പിക്കാതെയിരുന്നുവെങ്കിലും, പുലയരെ ഉയർത്തുവാൻ ഇതിൽ പകുതി പ്രയാസം നേരിടുകയില്ലായിരുന്നു. പുലയക്രിസ്ത്യാനികളെ ആദ്യം മുതൽ പ്രത്യേകം പള്ളികളും, പള്ളിക്കൂടങ്ങളും മറ്റും കെട്ടിച്ചുകൊടുത്ത് വേറെ തന്നെയായി സൂക്ഷിക്കുകയാണ് ഇവിടങ്ങളിൽ മിഷനറിമാർ ചെയ്തിരുന്നത്. വളരെക്കാലം അന്യോന്യം അസാധാരണമായ രണ്ട് സമുദായങ്ങളായി കഴിഞ്ഞിരുന്ന ആളുകൾ പെട്ടെന്ന് ഒന്നാകണമെന്ന് പറഞ്ഞാൽ വലിയ മത്സരം ഉണ്ടാകുന്നത് സ്വാഭാവികമാണ്. കോട്ടയത്തെ ചർച്ച് മിഷനറിമാർ ദീർഘകാലമായി നടത്തിവരുന്ന രണ്ട് പ്രധാന പാഠശാലകളിൽ ഒന്നിലെങ്കിലും ഇതേവരെ ഒരു പുലയക്രിസ്ത്യാനിയെ ചേർത്തു പഠിപ്പിക്കുവാൻ ഇവർക്കു കഴിഞ്ഞിട്ടില്ല. ഇതിനു കാരണം ഇവയിൽ പഠിച്ചുവരുന്ന നസ്രാണി വിദ്യാർത്ഥികളുടെയും അവരുടെ രക്ഷിതാക്കളുടെയും വിരോധമാണെന്നാണ് പറയുന്നത്. ഇത് വാസ്തവമായിരിക്കാം. എങ്കിലും പാഠശാലകളുടെ ആരംഭം മുതൽ മിഷനറിമാർ ഈ വിരോധത്തെ ഒരു വിധം ആദരിച്ചുവന്നതാണ് ഇപ്പോഴും ഇത് ബലപ്പെട്ടു നില്ക്കാനുള്ള കാരണം എന്നു തോന്നുന്നു. എത്രയുംവേഗം ഈ സമ്പ്രദായം നിർത്തലാക്കേണ്ടതാണെന്നുള്ളതിൽ ഞങ്ങൾക്ക് സംശയമില്ല."[39]

ഇങ്ങിനെ ഏതു സമുദായത്തിൻെറ പ്രശ്നമായാലും അത് പുറത്തുകൊണ്ടുവരുവാനും, പരിഹാരം നിർദ്ദേശിക്കുവാനും 'മനോരമ' ശ്രമിച്ചിട്ടുണ്ട്.

സാമൂഹികവും, സാമുദായികവുമായ എല്ലാത്തരം ഉച്ചനീചഭേദങ്ങൾക്കുമെതിരായി സന്ധിയില്ലാത്ത സമരമനോഭാവമാണ് 'മലയാള മനോരമ' ആദ്യം മുതൽ കൈക്കൊണ്ടുപോരുന്നതെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. സമൂഹത്തിൻെറ നന്മയും രാജ്യത്തിൻെറ ഉത്കർഷവും പത്രത്തിൻെറ പൊതുജനതാല്പര്യവും മാറ്റിവയ്ക്കാൻ പറ്റാത്ത ലക്ഷ്യമായിട്ടാണ് വറുഗീസ് മാപ്പിള വിശ്വസിച്ചുപോന്നിരുന്നത്. അതിൻെറ ഫലമായി നാട്ടിൽ നടമാടിയിരുന്ന കൈക്കൂലി, സ്വജനപക്ഷപാതം, നീതിനിർവ്വഹണത്തിൽ സംഭവിച്ചിരുന്ന വീഴ്ചകൾ, ഉദ്യോഗസ്ഥന്മാരുടെ അലംഭാവം, പൊലീസിൻെറ അതിക്രമങ്ങൾ ഇവയൊക്കെ 'മലയാള മനോരമ'യുടെ നിശിതമായ വിമർശനത്തിന് വിഷയമായിട്ടുള്ള പ്രശ്നങ്ങളായിരുന്നു. കോടതികളിൽനിന്നും സാധാരണക്കാർക്ക് നീതി ലഭിക്കുവാൻ ഏറെ പ്രയാസങ്ങൾ നേരിടുന്നതിനെ ചൂണ്ടി 1890 ഓഗസ്റ്റ് 30-ാം തീയതി 'മലയാള മനോരമ' ഉന്നയിച്ച ആവശ്യം ഇങ്ങനെയായിരുന്നു. "ചില

കോടതി ഉദ്യോഗസ്ഥന്മാർ, കൈക്കൂലി വാങ്ങിയും മറ്റും നടത്തിയും നടത്തിച്ചും വരുന്ന ന്യായരഹിതമായ വിധികളെ പരിഷ്കരിപ്പാൻ തക്കവണ്ണം ഓരോ താലൂക്കുകളിൽ മാന്യന്മാരും വിദ്യാസമ്പന്നരും ഈശ്വര സ്മരണയോടുകൂടിയിരിക്കുന്നവരും ഉദ്യോഗസ്ഥന്മാരോട് ശരി ഇരുപ്പിന് യോഗ്യരുമായ ഒന്നോ അതിലധികമോ ആളുകളെ അസസ്സർമാരായി നിയമിക്കേണ്ടതാണ്. അങ്ങിനെ ചെയ്താൽ വിസ്താരങ്ങളിൽ ന്യായരഹിതമായ ഏതെങ്കിലും പ്രവൃത്തികൾ കാണപ്പെട്ടാൽ ആയത് ഡയറിയിൽ ചേർക്കുന്നതിനും, പ്രതികളെ ശിക്ഷിക്കേണ്ടതോ, അല്ലയോ യെന്ന് അഭിപ്രായപ്പെടുന്നതിനും സംഗതിയായേനേ."[40] നീതിനിർവ്വഹണത്തിൽ സംഭവിച്ചുകൊണ്ടിരുന്ന വീഴ്ചകൾ പരിഹരിക്കുന്നതിനും, കോടതികളിൽ ഉണ്ടായിരുന്ന ന്യായരഹിതമായ പ്രവർത്തനങ്ങളെ അധികൃതരുടെ മുൻപിൽ അവതരിപ്പിക്കുന്നതിനുംവേണ്ടി നടത്തിയ ധീരമായ പരിശ്രമങ്ങൾ ഇന്നുപോലും നമ്മുടെ മാധ്യമങ്ങൾ ഭയപ്പാടോടുകൂടി മാത്രം ചെയ്യുന്ന കാര്യങ്ങളാണല്ലോ. എന്നാൽ ഔദ്യോഗികതലത്തിൽ ഉന്നതന്മാർ തുടങ്ങി കീഴ്ജീവനക്കാർ വരെയുള്ള ആരായിരുന്നാലും വരും വരായ്കകൾ നോക്കാതെ സാമൂഹ്യനന്മ മാത്രം ലക്ഷ്യംവച്ചുകൊണ്ട് ഏത് അഴിമതിയെപ്പറ്റിയും തുറന്നെഴുതുവാൻ 'മലയാള മനോരമ' തുടക്കം മുതൽ ശ്രമിച്ചിട്ടുള്ളതായി കാണാം. 1890 നവംബർ 2-ാം തീയതിയിലെ മുഖപ്രസംഗം 'പോലീസിൻെറ ശല്യം' എന്ന തലക്കെട്ടോടുകൂടിയായിരുന്നു. അതിലെ പ്രസക്തഭാഗങ്ങളാണ് ചുവടെ ചേർക്കുന്നത്. "ജനസമുദായത്തിൽ സമാധാനത്തെ രക്ഷിക്കുന്നതിനായി പോലീസ് സൈന്യം പരിഷ്കാരമുള്ള എല്ലാ രാജ്യങ്ങളിലുമുണ്ട്. എങ്കിലും പലവക നടപടി ദോഷങ്ങളെക്കൊണ്ടും മറ്റും ഇവർ മിക്കസ്ഥലങ്ങളിലും ജനോപദ്രവം തൊഴിലാക്കിയിരിക്കയാണ്. സാമാന്യത്തിലധികം നന്നായി ഭരിക്കപ്പെടുന്നു എന്ന് സമ്മതിക്കപ്പെട്ടിരിക്കുന്ന ബ്രിട്ടീഷിന്ത്യയിലും പോലീസുകാരുടെ ശല്യം വളരെയനുഭവിക്കുന്നുണ്ട്.... തിരുവിതാംകോട്ട് 1889 ജൂലൈ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരം 1615 പോലീസ് ഉദ്യോഗസ്ഥന്മാർ ഉള്ളതിൽ 196 പേർ ക്രിമിനൽ ചാർജിന്മേൽപ്പെടുകയും 34 പേർ ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പോലീസുകാരുടെ മേലുള്ള ചാർജ്ജുകൾ മുന്നാണ്ടത്തേതിൽ ഇരട്ടിയായിട്ടാണ് കാണുന്നത്. ജനങ്ങളുടെ ഭീരുത്വവും ബലഹീനതയുംകൊണ്ട് പോലീസുകാർ തന്നത്താൻ ഉണ്ടാക്കിത്തീർക്കുന്ന കേസുകൾതന്നെയും എത്രയോ എണ്ണം വെളിയിൽ വരാതെപോകുന്നു. ചങ്ങനാശ്ശേരിയിൽപോലും ഓരോ സ്ഥലങ്ങളിലെ പോലീസിൻെറ പ്രസിദ്ധമായ അയോഗ്യതയേയും രോഗപീഡനതല്പരതയേയും വിശേഷിച്ചു വിവരിക്കേണ്ടതില്ലല്ലോ. ഇത്രയൊക്കെയായിട്ടും മേലാവിൽനിന്ന് ചിലപ്പോൾ ഇത് അറിഞ്ഞിട്ടില്ലെന്ന് തോന്നിപ്പോവാൻതക്കവണ്ണം ഇരിക്കുന്നതിൻെറ ഉദ്ദേശ്യം എന്തായിരിക്കും?[41]

"കൊച്ചി സംസ്ഥാനത്ത് ഈ അവസ്ഥ മിക്കവാറും വെളിവായിട്ടു തന്നെ ഇരിക്കുന്നു എന്നാണ് ചില സംഗതികൾകൊണ്ട് അനുമാനിക്കേണ്ടത്. മഴവഞ്ചേരി മാത്യു എന്ന കനാൽകുത്തകക്കാരനെ എത്രയും പരസ്യമായി അനേകമാളുകൾകൂടി കുത്തി കൊന്നാറെ, അതിലെ പ്രതികളെ പിടിക്കുന്നതിനും ശേഷം നടപടികൾ നടത്തുന്നതിനും ആ രാജ്യത്തെ പോലീസ് സൈന്യം കാണിക്കുന്ന മനഃപൂർവ്വമായ ഉപേക്ഷയും അതിനെക്കുറിച്ച് ഗവൺമെൻറിൻെറ ഉദാസീനതയും കണ്ടാറെ, അധികകാലതാമസം കൂടാതെ ജനങ്ങൾ തങ്ങളുടെ രക്ഷയ്ക്കായി തന്നത്താൻ ഒരു സൈന്യമായി ചമയുകയല്ലാതെ നിവൃത്തിയില്ലെന്നു തോന്നുന്നു."[42] സർക്കാറിൻെറ നീതിപാലകർ വഴിതെറ്റിയാൽ അവരെ ശരിക്കു നിർത്തിയില്ലെങ്കിൽ മർദ്ദിതവിഭാഗം സംഘടിതമായി തന്നെ ചെറുത്തു നില്ക്കാൻ നിർബദ്ധരായിത്തീരും എന്ന മുന്നറിയിപ്പു നൽകുവാനുള്ള ധൈര്യം കാണിക്കുവാൻ അധികമാളുകളും തയ്യാറായെന്നുവരില്ല. പ്രത്യേകിച്ച് സ്വേച്ഛാധിപത്യ ഭരണത്തിൻകീഴിലുള്ള നാട്ടുരാജ്യങ്ങളിൽ. സത്യസന്ധമായി കാര്യങ്ങൾ തുറന്നുപറയുന്നതിൽ 'മലയാള മനോരമ' ഒരിക്കലും പേടിച്ചു പുറകോട്ടുപോയിട്ടില്ലെന്നർത്ഥം.

ഉദ്യോഗസ്ഥന്മാർ കൈക്കൂലി ലഭിക്കാതെ ന്യായമായ കാര്യങ്ങൾ പോലും ചെയ്യുന്നില്ലെന്നു പരാതിപ്പെട്ടുകൊണ്ട് 'കൈക്കൂലി' എന്ന ശീർഷകത്തിൽ വന്ന മുഖലേഖനം ഏതെല്ലാം വിധത്തിലാണ് ഈ അഴിമതി നടമാടുന്നതെന്ന് വിവരിക്കുന്നുണ്ട്. "കൈക്കൂലി പല പ്രകാരമുണ്ട് (1) നേരു പറഞ്ഞ് പണംതന്നെ വാങ്ങിക്കുക. (2) സാമാനങ്ങൾ വാങ്ങി വില കൊടുക്കാതിരിക്കുകയോ കുറച്ചുകൊടുക്കുകയോ ചെയ്യുക. (3) തൻെറ അധികാരത്തിൻകീഴിലുള്ള കുട്ടികളോടും ജീവനക്കാരോടും കടം വാങ്ങി തിരികെ കൊടുക്കാതിരിക്കുക. (4) കീഴ്ജീവനക്കാർ ശമ്പളത്തിൽ ഇന്നവീതം കൊടുക്കണമെന്ന് നിശ്ചയിക്കുക. (5) വീതം വാങ്ങി വേലകൾ കൂടുതൽ തുകയ്ക്ക് ഉടമ്പടി കൊടുക്കുക. (6) തനത് മനുഷ്യരുടെ പേരുവച്ച് കമ്മീഷൻ ഉത്തരവുകൾ കൊടുക്കുക. (7) ദേവസ്വത്തിൻെറ ഊട്ടിലും നിന്ന് ചേലവിനു വേണ്ടുന്ന നെല്ലും പണവും സാമാനവും എടുത്തുകൊള്ളുക. (8) വല്ലതും കള്ളം പറഞ്ഞ് ഒരു സദ്യയും കഴിച്ച് എല്ലാവരേയും ക്ഷണിച്ചുവരുത്തി വരിയിട്ട് പണം പിരിച്ചെടുക്കുക. ഇനിയും പലതുമുണ്ട്. എല്ലാം എന്തിനു പറയുന്നു!"[43] അക്കാലത്ത് ഔദ്യോഗികതലത്തിൽ യഥേഷ്ടം കളിയാടിയിരുന്ന ഇത്തരം അഴിമതികളെ എണ്ണിയെണ്ണി അക്കമിട്ട് സർക്കാരിൻെറ ശ്രദ്ധയിൽ കൊണ്ടുവരികയെന്നത് ഏറെ അപകടംപിടിച്ച പണിയാണ്. ഇത് കുറെയെങ്കിലും അവസാനിപ്പിക്കുവാനുള്ള ഏക മാർഗ്ഗവും പറയുന്നു: "ഗവൺമെൻറിൽനിന്നുതന്നെ സൂക്ഷ്മാവസ്ഥകളെ അന്വേഷിച്ചും, അറിഞ്ഞും

ചിലരെ കഠിനമായി ശിക്ഷിക്കുകയും പലരെ മാറ്റുകയും ചെയ്തെങ്കിൽ മാത്രമേ ഇതു നില്ക്കയുള്ളൂ." കാരണം പരാതിയുമായി ആരും മുന്നോട്ടുവരിക പ്രയാസമാണ്. "അധികാരമുള്ള ഉദ്യോഗസ്ഥനു വിരോധമായി അദ്ദേഹത്തിൻെറ ഭരണത്തിൻകീഴിലുള്ളവരാണല്ലോ സാക്ഷി പറയേണ്ടത്. കുറ്റം തെളിഞ്ഞാൽ നാലു ദിവസത്തെ സസ്പെൻഷനോ, ഒരു താക്കീതോ മാത്രമായിരിക്കും അയാൾക്കുള്ള ശിക്ഷ. തെളിഞ്ഞില്ലെങ്കിൽ ഉദ്യോഗസ്ഥൻെറയും കൂട്ടുകാരുടെയും വിരോധമായിരിക്കും ഇയാൾക്കുള്ള സമ്പാദ്യം. ഇങ്ങിനെ മഹാ അപകടസ്വഭാവമുള്ള ക്രിമിനൽ കേസ് ചുമന്നുകൊണ്ടു നടക്കാൻ ഒരുമ്പെടുന്നവരാര്? അവന് സാക്ഷികളേത്? കൊടുത്തവൻ ശിക്ഷയേല്പാനായി സാക്ഷിയാവുമോ? ഈ രാജ്യത്തിൽ ഏത് ഉദ്യോഗസ്ഥനെ കൈക്കൂലിക്കു ശിക്ഷിച്ചിട്ടുണ്ട്? കൈക്കൂലിക്കാര്യത്തിൽ മഹാപ്രസിദ്ധന്മാരായി എത്ര വലിയ ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു? ഇപ്പോൾ ആരും ഇല്ലയോ? അതുകൊണ്ട് ആവലാതിയിന്മേൽ ഈ പിശാചിനെ ഒഴിപ്പിക്കാൻ ഗവൺമെൻറ് കാത്തിരിക്കണമെന്നില്ല." ഇത്തരം വസ്തുസ്ഥിതി കഥനത്തിനുശേഷം ആ മുഖപ്രസംഗം അവസാനിപ്പിക്കുന്നത്, 'ഈ കാര്യത്തിൽ ഗവൺമെൻറിൻെറ ജാഗ്രതയെ ഉപയോഗിപ്പാനുള്ള കാലം, അതിക്രമിച്ചിരിക്കുന്നു" എന്ന മുന്നറിയിപ്പോടുകൂടിയാണ്.[44]

രാജ്യത്തിനും ജനങ്ങൾക്കും പുരോഗതിയുണ്ടാകണമെങ്കിൽ പൊതുമരാമത്തുവകുപ്പിൻെറ പ്രവർത്തനം ഏറെ സൂക്ഷ്മതയും ഊർജ്ജസ്വലതയും ഉള്ളതായിരിക്കണം. ഈ താല്പര്യത്തെ മുന്നിൽ കണ്ടുകൊണ്ട് 'മനോരമ' ഉന്നയിച്ചിട്ടുള്ള അടിയന്തിരാവശ്യങ്ങൾ ഏറെയായിരുന്നു. തിരുവനന്തപുരം മുതൽ വടക്കൻ പറവൂർ വരെയുള്ള കായലുകളിൽ യാത്രയും ചരക്കുകയറ്റുമതിയും സുഗമമാക്കുന്നതിനായി ബോട്ട് സർവ്വീസ് ആരംഭിക്കണമെന്നായിരുന്നു 1890 ഏപ്രിൽ 12-ാം തീയതിയിലെ 'മലയാള മനോരമ'യിലെ മുഖക്കുറിപ്പ്. തീബോട്ടുകൾക്ക് അനായാസേന സഞ്ചരിക്കുവാൻ പറ്റുംവിധം, കായലിൽ മട വീണുകിടക്കുന്ന സ്ഥലങ്ങൾ മണ്ണും ചെളിയും വാരി യാത്രയ്ക്കു പറ്റുംവിധമാക്കണമെന്ന് ഈ മുഖപ്രസംഗത്തിൽ ആവശ്യപ്പെട്ടിരുന്നു.[45] സർക്കാരിനോ വ്യക്തികൾക്കോ ഒറ്റയൊറ്റയായി ഇത്തരം വലിയ പദ്ധതികൾ നടപ്പാക്കുവാൻ അസാദ്ധ്യമാണെങ്കിൽ ഷെയർ അടിസ്ഥാനത്തിലുള്ള കൂട്ടുകമ്പനികൾ മുഖേന ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് പണം സ്വരുക്കൂട്ടുവാൻ സാധിക്കുമെന്ന് നിരവധി ഉദാഹരണങ്ങൾ നിരത്തിക്കൊണ്ട് 1890 ഏപ്രിൽ 19-ാം തീയതി മറ്റൊരു മുഖപ്രസംഗത്തിൽ സമർത്ഥിച്ചിട്ടുണ്ട്.[46] തിരുവിതാംകൂറിലെയും കൊച്ചിയിലെയും ജനങ്ങൾക്ക് മലബാറിലുള്ളതുപോലെ തീവണ്ടി

സൗകര്യം ഏർപ്പെടുത്തണമെന്ന് 1890 ഒക്ടോബർ 18നും 1891 ഏപ്രിൽ 18നും എഴുതിയ മുഖക്കുറിപ്പുകളിലൂടെ നിവേദനം നടത്തിയതായി കാണാം.[47] അങ്ങനെ രാജ്യത്തിൻെറ പൊതു നന്മയെ ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ 'മലയാള മനോരമ'യുടെ ആരംഭം മുതൽ തന്നെ നടത്തിപ്പോന്നിരുന്നു. ഒരു പട്ടണമായി ഉയർത്തിയാൽ ആ സ്ഥലത്തിനു വിശേഷവിധിയായി പല സൗകര്യങ്ങളും നൽകുക സാധാരണയാണ്. എന്നാൽ വർഷങ്ങൾ പലതു കഴിഞ്ഞിട്ടും കോട്ടയം പട്ടണത്തിൻെറ മുഖച്ഛായയ്ക്ക് അല്പംപോലും വ്യത്യാസം വന്നിട്ടില്ലായെന്നും കൂടുതൽ ദോഷങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്നും പരാതിപ്പെട്ടുകൊണ്ട്, 1890 സെപ്റ്റംബർ 13-ലെ 'മനോരമ'യിൽ 'കോട്ടയം പട്ടണം' എന്ന തലക്കെട്ടോടുകൂടി ഒരു മുഖക്കുറിപ്പ് പ്രസിദ്ധീകരിച്ചിരുന്നു.[48] ഇതുപോലെ 'ചീഫ് എൻജിനീയർ ദൃഷ്ടിവയ്പാൻ' എന്ന ശീർഷകത്തിൽ 1890 ജൂലൈ 19-ാം തീയതി എഴുതിയ 'മനോരമ'യിലെ മുഖലേഖനം തിരുവിതാംകൂറിൻെറ സമഗ്രമായ ഉത്കർഷത്തെ ഉന്നംവച്ചുകൊണ്ടുള്ളതാണ്. അതിലെ പ്രസക്തഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം. "......എന്നാൽ ജനങ്ങളെ പൊതുവെ സംബന്ധിക്കുന്നവയായ പണികൾ നടത്തുവാൻ പലതുമുണ്ടെങ്കിലും ഒന്നുമാത്രമേ ഇപ്പോൾ പറയണമെന്ന് വിചാരിക്കുന്നുള്ളൂ....... തിരുവനന്തപുരം മുതൽ വടക്കോട്ട് അങ്കമാലിക്കപ്പുറം സംസ്ഥാനത്തിൻെറ അതിർത്തിവരെ 165 മൈൽ നീളത്തിൽ കിടക്കുന്ന റോഡിന് പ്രധാനപ്പെട്ട മദ്ധ്യറോഡ് എന്നു പേരുകൊടുത്തിട്ടുള്ളത് ഈ ഉദ്യോഗസ്ഥന്മാർതന്നെയാണല്ലോ..... ഈ റോഡിൽ തിരുവനന്തപുരം കൂടാതെ എട്ട് താലൂക്കുകച്ചേരികളും, ഇതിൽ പലയിടത്തും മുൻസിഫ് കോടതി മുതലായ മറ്റു കച്ചേരികളും ഒരു ഡിവിഷൻ കച്ചേരിയും, ഡിപ്പാർട്ടുമെൻറുകാരുടെ ഉപയോഗത്തിന് കിട്ടിയിട്ടുള്ള ചില്ലറ ബംഗ്ലാവുകൾ കൂടാതെ അഞ്ചു മുസാവരി ബംഗ്ലാവുകളാണ്. സംസ്ഥാനത്തിൻെറ പല ഭാഗങ്ങളിലേക്കും ചെന്നെത്തുന്നതിനായിട്ടു പതിനാലു റോഡുകൾ വരെ ഇതിനോടു ചേർന്നിട്ടുമുണ്ട്.[49] "ഇതുകൂടാതെ ഈ റോഡ് തിരുവനന്തപുരം, വാമനപുരം, കല്ലട, പന്തളം, റാന്നി, വരട്ടാറ്, മണിമല, കണ്ണംപേരൂർ, കോടിമത, കോട്ടയം, നീലിമംഗലം, മൂവാറ്റുപുഴ, പെരിയാർ ഇങ്ങനെ പന്ത്രണ്ട് ആറുകൾ കടന്നാണ് പോയിരിക്കുന്നത്. ഇവറ്റിൽ വാമനപുരം, കണ്ണംപേരൂർ, കോടിമത, കോട്ടയം, നീലിമംഗലം ഇങ്ങനെ ആറു സ്ഥലങ്ങളിൽ മാത്രമേ പാലം ഇട്ടിട്ടുള്ളൂ. ശേഷമുള്ള സ്ഥലങ്ങളിലെല്ലാം കടത്തുവള്ളങ്ങളും ചങ്ങാടങ്ങളും മാത്രമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. അതിനാൽ യാത്രക്കാർക്കു നേരിടുന്ന ബുദ്ധിമുട്ട് എല്ലാവരും ഏറെക്കുറെ അനുഭവിച്ച് അറിഞ്ഞിട്ടുള്ളതായിരിക്കുമല്ലോ. കല്ലടയാറ്റു കടവിൽനിന്ന് 11-ാം മൈലിങ്കൽ പന്തളത്തും അവിടെനിന്നും 10-ാം മൈലിങ്കൽ

ചെങ്ങന്നൂർ, റാന്നിയാറ്റിലും അവിടെനിന്നും രണ്ടുമൈലിനകത്ത് വരട്ടാറ്, മണിമല ഇങ്ങനെ രണ്ടു കടവുകളിലും, കടത്തുകൾ കടന്ന് സഞ്ചരിക്കുന്നതിന് പതിവിൽ പതിന്മടങ്ങ് താമസവും അസൗകര്യവുമുള്ളതാണ്. വെള്ളം പൊങ്ങിക്കിടക്കുന്ന സമയങ്ങളിൽ ചീഫ് എൻജിനീയർ അല്ല മഹാരാജാവുതന്നെ എഴുന്നള്ളിയാലും പ്രാണഭയംകൊണ്ട് ഏതെങ്കിലും ഒരു കരയ്ക്ക് പാർക്കയേ നിവൃത്തിയുള്ളൂ.[50]

"റോഡുകൾകൊണ്ട് രാജ്യത്ത് കച്ചവടത്തിന് അധികസൗകര്യം ഉണ്ടാകണമെന്നുള്ളത് പ്രധാനപ്പെട്ട ഉദ്ദേശ്യങ്ങളിൽ ഒന്നാണെന്ന് പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. ഈ ഉദ്ദേശ്യത്തിന് നേരെ വിപരീതമായി ഈ റോഡിൽ പാലങ്ങൾ ഇല്ലാത്തതിനാൽ കച്ചവടത്തിന് വളരെ തടസ്സമാണ് കണ്ടുവരുന്നത്. പാണ്ടിയിൽനിന്നും പലവക ചരക്കുകൾ കയറ്റിവരുന്ന വണ്ടികൾ കായംകുളത്ത് നിഷ്പ്രയാസമായി വരികയും ചങ്ങനാശ്ശേരി, കോട്ടയം, തിരുവല്ല, ചെങ്ങന്നൂർ ഈ ചന്തകളിലേക്ക് ഈവക ചരക്കുകൾ ആവശ്യപ്പെട്ടാൽ കായംകുളത്തുനിന്നും വള്ളങ്ങളിൽ വന്നുചേരുകയുമാണ് പതിവ്. പാണ്ടിക്കയയ്ക്കുവാനുള്ള വെട്ടുപാക്ക് മുതലായ ചരക്കുകൾ ഏറെക്കുറെ ഈവിധത്തിൽ കയറ്റിയിറക്കുകയാണു നടപ്പ്. നേരെ മറിച്ച് ചെങ്ങന്നൂർ, പന്തളം, വരട്ടാറ്, മണിമല ഈ ആറുകളിൽ പാലമുണ്ടായിരുന്നാൽ പാണ്ടിച്ചരക്കുകൾ കോട്ടയം ചന്തവരെ വരുന്നതിന് യാതൊരു തടസ്സവും ഇല്ലാത്തതും ധാരാളമായി വരുന്നതും ഇങ്ങനെ കച്ചവടം വളരെ വർദ്ധിക്കുന്നതുമാകുന്നു."[51]

"ചെങ്ങന്നൂർ മുതൽ മണിമലയാർ വരെ മൂന്നു മൈലിനകം, മൂന്നു കടവുകൾ കടക്കുവാനുള്ളതാണ്. ഇതിലൊക്കെയും അധികമായി ആരെയും അന്ധാളിപ്പിക്കുന്നത് ഇവറ്റിൽ മദ്ധ്യേയുള്ള വരട്ടാറ് തീരെ ചെറിയതാകയാൽ ഇവിടെയൊരു പാലം വളരെയെളുപ്പത്തിൽ ഇടാവുന്നതുമാണ്. പന്തളംമുതലുള്ള നാലു പാലങ്ങൾക്കുംകൂടി മൂന്ന് അല്ലെങ്കിൽ മൂന്നര ലക്ഷം രൂപയിൽ അധികം വരുന്നതുമല്ല. അതിനാൽ തിരുവനന്തപുരത്ത് കുഴൽവെള്ളം നടപ്പാക്കുന്നതിനായി ചെയ്യാമെന്നുവച്ചിരിക്കുന്ന ചെലവിൻെറ ഒരംശം അതിനേക്കാൾ ഏറ്റവും അത്യാവശ്യപ്പെട്ടിരിക്കുന്ന ഈവകയ്ക്ക് ചെയ്യുകയും മറ്റേത് സാവകാശത്തിൽ നടത്തുവാനായി നീക്കിവയ്ക്കുകയുമല്ലയോ വേണ്ടതെന്ന് മാത്രമേ ചോദിക്കുന്നുള്ളു. തങ്ങളുടെ പ്രവൃത്തികൾകൊണ്ട് യശസ്സും ബഹുജനോപകാരവും ഒരുമിച്ച് സാധിക്കണമെന്ന് മോഹമുള്ള ഉദ്യോഗസ്ഥന്മാർ ചെയ്യേണ്ടതും ഈവകയല്ലയോ."[52]

തുടക്കത്തിൽ വിശദീകരിച്ചതുപോലെ 19-ാം നൂറ്റാണ്ടിൻെറ അവസാന ദശാബ്ദം കേരള സമൂഹത്തിൽ നവോത്ഥാനത്തിൻെറ മാറ്റത്തിനു സഹാ

യകമായ ഘടകങ്ങൾ ഉരുത്തിരിഞ്ഞ കാലമായിരുന്നു. ഭരണത്തിൽ ജനപങ്കാളിത്തം ഉണ്ടാകണമെന്ന രാഷ്ട്രീയ ദർശനം താത്വികമായി അംഗീകരിക്കുന്നതാണ് 1888-ൽ തിരുവിതാംകൂറിൽ രൂപീകൃതമായിരുന്ന ലജിസ്ലേറ്റീവ് കൗൺസിൽ. എട്ടംഗങ്ങൾ മാത്രമുണ്ടായിരുന്ന ഈ കൗൺസിലിൽ അനൗദ്യോഗിക അംഗങ്ങൾ മൂന്നുപേർ മാത്രമാണുണ്ടായിരുന്നത്. എങ്കിലും ഒരു തുടക്കം എന്ന നിലയ്ക്ക് ജനകീയാഭിലാഷം മാനിക്കപ്പെടുന്നു എന്ന പ്രതീതിയുളവാക്കുവാൻ ഇതു സഹായിച്ചു. ജനങ്ങളിൽ രാഷ്ട്രീയ പ്രബുദ്ധത വളർന്നുകൊണ്ടിരുന്നു. ഓരോ സമുദായവും അവകാശസംരക്ഷണങ്ങൾക്കുവേണ്ടി സംഘടനകൾ രൂപീകരിച്ച് വിലപേശുവാനും തുടങ്ങി. തിരുവിതാംകൂറിൽ ഭരണതലത്തിൽ പരദേശി ബ്രാഹ്മണർക്കായിരുന്നു ആധിപത്യം. ഉയർന്ന ഉദ്യോഗങ്ങളത്രയും അവർ കുത്തകയാക്കി വച്ചിരുന്നു. എന്നു മാത്രമല്ല സർവ്വീസിൽ വരുന്ന ഒഴിവുകളധികവും അവരുടെ ഉറ്റവരേയും സ്വന്തക്കാരേയുംകൊണ്ട് നിറയ്ക്കുന്ന പതിവും നിലനിന്നുരുന്നു. വിദ്യാഭ്യാസവും യോഗ്യതയും നേടിയിരുന്ന കേരളീയർക്ക് സർക്കാർ സർവ്വീസിൽ കടന്നുകൂടുവാൻ ഏറെ കടമ്പകൾ ചാടണമായിരുന്നു. ഈ ദുഃസ്ഥിതിക്കു പരിഹാരം കാണുവാൻ സി. വി. രാമൻപിള്ള, ബാരിസ്റ്റർ ജി. പി. പിള്ള, ഡോ. പല്പു, കെ. പി. ശങ്കരമേനോൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഒറ്റയായും കൂട്ടായും ശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു. സർക്കാർ തലത്തിൽ മലയാളികൾക്ക് പ്രാതിനിധ്യം നേടിയെടുക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ഇതിനായി മഹാരാജാവു സമക്ഷം സമർപ്പിക്കുന്നതിനായി ഒരു ഭീമഹർജി തയ്യാറാക്കി. അതാണ് 'മലയാളി മെമ്മോറിയൽ' എന്നു പ്രസിദ്ധമായത്. 1891 ജനുവരി 11-നാണ് ശ്രീമൂലം തിരുനാൾ രാമവർമ്മ രാജാവിന് ഇതു സമർപ്പിക്കുന്നത് ഈ നിവേദനത്തിൽ എല്ലാ സമുദായങ്ങൾക്കും ജനസംഖ്യാടിസ്ഥാനത്തിൽ ഉദ്യോഗനിയമനം വേണമെന്നുകൂടി കൂട്ടിച്ചേർക്കുവാൻ വർഗീസ് മാപ്പിള അവരെ പ്രേരിപ്പിക്കുകയും അതിൻെറ ഫലമായി സർക്കാർ ഉദ്യോഗങ്ങളിൽ നാനാജാതിമതസ്ഥർക്കും അർഹമായ സ്ഥാനങ്ങൾ നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. മലയാള മനോരമ പല മുഖലേഖനങ്ങളിലൂടെയും ഈ അവകാശവാദത്തെ സമർത്ഥമായും ന്യായീകരിച്ചുകൊണ്ടുമിരുന്നു. 'മലയാളി മെമ്മോറിയലിൽ' പ്രതിപാദിക്കപ്പെട്ടിരുന്ന പ്രധാനകാര്യങ്ങളത്രയും ഉൾക്കൊള്ളിച്ചുകൊണ്ടും 1891 ജനുവരി 24-ാം തീയതി മനോരമ എഴുതിയത് ഇപ്രകാരമാണ്:

"ഫുൾസ്ക്യാപ്പ് താളിൻെറ ഒൻപതു വശങ്ങളിലായി ഇംഗ്ലീഷിൽ അച്ചടിച്ചിട്ടുള്ളതും പ്രകൃതത്തെ എത്രയും വ്യക്തമായി മനസ്സിലാക്കാൻതക്കവണ്ണം അനേകം സംഗതികൾ അടങ്ങിയിട്ടുള്ളതും സർക്കാർ

ഉദ്യോഗസ്ഥന്മാരും വസ്തു ഉടമസ്ഥന്മാരും മറ്റുമായി 10,028 ആളുകൾ ഒപ്പിട്ടിട്ടുള്ളതുമാണ്. ഇതിൽ കാണുന്ന ചില വിവരങ്ങൾ താഴെ എഴുതുന്നു. 1889-ലെ സർക്കാർ പഞ്ചാംഗപ്രകാരം പത്തു രൂപയും അതിനു മുകളിലും ശമ്പളമുള്ളവരായി 3170 ഉദ്യോഗങ്ങളുണ്ട്. ഇവയെ വഹിക്കുന്നവരിൽ വാസ്തവലേശികളായ മലയാള ശൂദ്രർ 1575, നാഞ്ചിനാടു ശൂദ്രർ 75, നസ്രാണികൾ 76, ഈഴവർ പൂജ്യം, മറ്റു ജാതിക്കാർ പൂജ്യം ഇങ്ങനെയാണു കാണുന്നത്. പരദേശ ഹിന്ദുക്കൾ വഹിക്കുന്നവയായി 1444 ഉദ്യോഗങ്ങളുള്ളവയിൽ 1000 വും ബ്രാഹ്മണരാണ്. ഇതുപോലെ പരദേശ ക്രിസ്ത്യാനികൾ അനുഭവിക്കുന്നവയായിട്ടും 200 ഓളമുണ്ട്. ഇതുകൂടാതെ അൻപതു രൂപയും അതിനുമേലും ശമ്പളമുള്ള 246 ഉദ്യോഗങ്ങളിൽ 55 മലയാള ശൂദ്രരും, 5 നാഞ്ചിനാടു ശൂദ്രരും, 87 പരദേശി ബ്രാഹ്മണരും, 34 പരദേശി ശൂദ്രരും, 16 നസ്രാണികളും, 49 മറ്റു ക്രിസ്ത്യാനികളുമാണ് അനുഭവിക്കുന്നത്. ഈഴവർ മുതലായവർ ഇതിലും അശേഷംപെട്ടിട്ടില്ല. ഓരോ സമുദായങ്ങളുടെ ജനസംഖ്യപ്രകാരം ഈ ഉയർന്നതരം ഉദ്യോഗം പരദേശി ബ്രാഹ്മണരിൽ 289-ൽ ഒരാൾക്കും, മലയാള ശുദ്രരിൽ ഇതിൻെറ 29 മടങ്ങിൽ ഒരാൾക്കും നസ്രാണികളിൽ 62 മടങ്ങിൽ ഒരാൾക്കും മാത്രമേ ഉള്ളുവെന്നും കാണുന്നു. ........ഹൈക്കോർട്ട് ജഡ്ജിമാരിലാകട്ടെ, ഡിവിഷൻ പേഷ്കാരന്മാരിലാകട്ടെ ഒരാൾപോലും ഇല്ലാതിരിക്കുന്ന അവസ്ഥയും എങ്ങനെ വന്നുകൂടി എന്നറിയില്ല........"[53]

മഹാരാജാവിനു സമർപ്പിച്ച നിവേദനത്തിന് മൂന്നു മാസത്തിനുശേഷം ലഭിച്ച മറുപടിയിൽ തങ്ങളുടെ അവകാശത്തെ സംബന്ധിച്ച് നേരിട്ടു സംസാരിപ്പാൻ നിവേദനക്കാരുടെ ആറു പ്രതിനിധികളെ സ്വീകരിക്കുവാൻ തയ്യാറായിരിക്കുന്നുവെന്ന വസ്തുതയും 1891 മെയ് 16ലെ 'മനോരമ'യിൽ പ്രസ്താവിച്ചിരുന്നു. ഇതിനെത്തുടർന്നുള്ള സംഭവവികാസങ്ങൾ 'മലയാള മനോരമ'യിലൂടെത്തന്നെയാണ് നാം മനസ്സിലാക്കുന്നത്. നിവേദകരുടെ പ്രതിനിധികളായിപോയവർ മദ്രാസ് ഹൈക്കോടതി വക്കീൽ ശങ്കരമേനോൻ, ജഡ്ജി പത്മനാഭപിള്ള, നിയമനിർമ്മാണസഭയിലെ സാമാജികരായ കാവാലം നീലകണ്ഠപ്പിള്ള, ശിവൻപിള്ള, നിധീരിക്കൽ കുരുവിള, പരമേശ്വരൻപിള്ള എന്നിവരായിരുന്നു. പ്രതിനിധിസംഘവുമായി ചർച്ച ചെയ്യുവാൻ ദിവാൻജിയോടൊപ്പം സെക്രട്ടറി വാട്ട്സ് സായ്പും ഡപ്യൂട്ടി പേഷ്കാർ താണുപിള്ളയുമുണ്ടായിരുന്നു. പ്രതിനിധികളുടെ ആവശ്യങ്ങൾ ഓരോന്നോരോന്നായി അവർ വിവരിച്ചു. ഇവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ അവർ നിർദ്ദേശിക്കുകയും ചെയ്തു. തങ്ങളുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന ശുഭപ്രതീക്ഷയോടുകൂടിയാണവർ തിരിച്ചുപോന്നത്.[54] 1891 ജൂൺ 4-ാം തീയതിയിലെ 'മനോരമ'യിൽ 'തിരു

വിതാംകൂർ ഉദ്യോഗാവകാശം' എന്ന കുറിപ്പിലാണ് ഈ വിവരങ്ങൾ അടങ്ങിയിരിക്കുന്നത്. അതോടൊപ്പം മറ്റൊരുവാർത്ത കൊടുത്തിട്ടുള്ളത് ഹർജിക്കാരുടെ പ്രതിനിധികളായി 12 ആളുകൾ വലിയതമ്പുരാൻ തിരുമനസ്സിനെ മുഖംകാണിച്ചിരിക്കുന്നുവെന്നും തിരുമനസ്സുകൊണ്ടു പ്രതിനിധികളുടെമേൽ പ്രത്യക്ഷമായ തിരുവുള്ളം കാണിച്ചുവെന്നുമാണ്.

അങ്ങനെ മലയാളികളുടെ ആദ്യത്തെ അവകാശപ്രഖ്യാപനത്തിന് അതർഹിക്കുന്ന പ്രാധാന്യം 'മനോരമ' നിരന്തരം നൽകിക്കൊണ്ടിരുന്നതായി കാണാം. സർക്കാർ ഉദ്യോഗം വെറും ഒരു ഉപജീവനമാർഗ്ഗമായിട്ടല്ല 'മനോരമ' വീക്ഷിച്ചിരുന്നത്. ഭരണത്തിൽ എല്ലാ സമുദായത്തിനും പങ്കാളിത്തമുണ്ടായാൽ മാത്രമേ പ്രജാധിപത്യം സഫലീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്നും ദേശസ്നേഹപ്രേരിതമായിട്ടാണ് ഈ ആവശ്യങ്ങൾ ഉന്നയിക്കുന്നതെന്നും 'മനോരമ' അടിവരയിട്ടുപ്രസ്താവിച്ചിരുന്നു. എന്നാൽ 'മലയാളി മെമ്മോറിയൽ'കൊണ്ട് നായർസമുദായത്തിനു മാത്രമാണ് പരിഗണന ലഭിച്ചത്. എങ്കിലും സഹോദര സമുദായങ്ങളിൽ സ്വന്തം അവകാശങ്ങളെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കുവാൻ ഇതു പ്രയോജനപ്പെട്ടു എന്ന കാര്യത്തിൽ സംശയമില്ല. ഇതിനെത്തുടർന്ന് തങ്ങളുടെ അവശതകളെ എണ്ണിയെണ്ണി പറഞ്ഞുകൊണ്ടും അവയ്ക്കു പരിഹാരമുണ്ടാക്കണമെന്നു അപേക്ഷിച്ചുകൊണ്ടും 1896 ഒക്ടോബർ 17-ാം തീയതി 13,176 പേർ ഒപ്പിട്ട മറ്റൊരു മെമ്മോറിയൽ ഈഴവ നേതാവായ ഡോ. പല്പുവിൻെറ ഉത്സാഹത്തിലും ബാരിസ്റ്റർ ജി. പി. പിള്ളയുടെ പ്രോത്സാഹനത്തിലും മഹാരാജാവിനു സമർപ്പിക്കുകയുണ്ടായി. ഇതിനെയാണ് 'ഈഴവമെമ്മോറിയൽ' എന്നു പറഞ്ഞുപോരുന്നത്. ഈ ഒപ്പിട്ടവരുടെകൂട്ടത്തിൽ 5,555 നികുതിദായകരും ഉൾപ്പെട്ടിരുന്നു. മതം മാറിയാൽ ലഭിക്കുന്ന ആനുകൂല്യങ്ങളെങ്കിലും ഈഴവാദി അവർണ്ണവിഭാഗക്കാർക്ക് അനുവദിക്കണമെന്ന് ഈ മെമ്മോറിയലിൽ അപേക്ഷിച്ചിരുന്നു.[55] വിചാരിച്ച ഫലം ഇതുകൊണ്ടൊന്നും ഉണ്ടായില്ലെങ്കിൽക്കൂടി സംസ്ഥാനത്തെ ഉത്തരവാദഭരണപ്രക്ഷോഭണത്തിന് പശ്ചാത്തലമൊരുക്കുവാൻ ഇവയ്ക്ക് സാധിച്ചു എന്നതു പ്രത്യേകം ഓർക്കേണ്ടതാണ്.

തിരുവിതാംകൂർ നിയമനിർമ്മാണസഭയിൽ ജനസംഖ്യയിൽ നല്ലൊരു ശതമാനം വരുന്ന ക്രിസ്ത്യാനികൾക്ക് ഒരു പ്രതിനിധിയെപ്പോലും നൽകിയിട്ടില്ലെന്ന പരാതിയാണ് 1893 മെയ് 23-ലെ മനോരമയിലൂടെ നടത്തിയിട്ടുള്ളത്. കൃഷി, വാണിജ്യം എന്നിവയിൽ വ്യാപൃതരായിരിക്കുന്ന ക്രിസ്ത്യൻ സമുദായഅംഗങ്ങളാണ് രാജ്യത്തിൻെറ മുതൽക്കൂട്ടിൽ നല്ലൊരംശം നൽകുന്നതെന്ന് പ്രസ്താവിച്ചുകൊണ്ട് 'പ്രാതിനിധ്യം ഇല്ലാതെ നികുതി ചുമത്തുവാൻ പാടില്ല' (No taxation without representation) എന്ന അമേരിക്കൻ സ്വാതന്ത്ര്യസമരസേനാനികളുടെ മുദ്രാവാക്യത്തെ

അനുസ്മരിപ്പിക്കുമാറ് തൻെറ ന്യായവാദങ്ങൾ വെറും സാമുദായിക പ്രശ്നമല്ലെന്നും ദേശീയ താല്പര്യസംരക്ഷണത്തിന് അനിവാര്യമാണെന്നും ബോധ്യപ്പെടുത്തുകയാണ് ഇതിലൂടെ ചെയ്യുന്നത് ഇതു വെറും സാമുദായിക വാദമായിരുന്നില്ല. ജനായത്തസമ്പ്രദായത്തിൻെറ അടിത്തറ ശക്തമാകണമെങ്കിൽ ഖജനാവിലേക്ക് മുതൽക്കൂട്ട് ഉണ്ടാക്കുന്ന എല്ലാ വിഭാഗം ജനങ്ങളുടെയും പ്രാതിനിധ്യം നിയമനിർമ്മാണസഭകളിൽ വേണമെന്നായിരുന്നു വാദം. ഇങ്ങിനെ രാജ്യത്തെ വിവിധങ്ങളായ എല്ലാ വ്യവഹാരരംഗങ്ങളിലും സാരവത്തായ നിർദ്ദേശങ്ങൾ അപ്പോഴപ്പോൾ സമർപ്പിക്കുവാൻ മലയാള മനോരമയിലൂടെ വറുഗീസ് മാപ്പിള നടത്തിയ അക്ഷീണയത്നങ്ങൾ അവിസ്മരണീയമാണ്.

'മനോരമ'യുടെയും 'ഭാഷാപോഷിണി'യുടെയും പത്രാധിപത്യം, താൻ മുന്നിൽ നിന്നു പടുത്തുയർത്തിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേൽനോട്ടം, അവയ്ക്ക് ധനശേഖരണത്തിന് വിജയപൂർവ്വം നടത്തിയ രണ്ടു ലോട്ടറികളുടെ നടത്തിപ്പ് ഭാഷാപോഷിണി സഭയുടെ സെക്രട്ടറി എന്ന നിലയിൽ ഭാഷയ്ക്കും സാഹിത്യത്തിനുംവേണ്ടി സമർപ്പിച്ച നിസ്തുലമായ സാരഥ്യം, എന്തിന് പൊതുജനതാല്പര്യവും പ്രജായത്ത സമ്പ്രദായവും പരിപോഷിപ്പിക്കുന്നതിനായി അവിശ്രമം ചെയ്തിരുന്ന പരിശ്രമങ്ങൾ എല്ലാം ഒരു മനുഷ്യന് അയാൾ എത്രതന്നെ ശക്തനാണെങ്കിലും ഒറ്റയ്ക്ക് താങ്ങാൻ കഴിയാത്ത ഭാരപ്പെട്ട ചുമടായിരുന്നു. ഈ ഭാരവുംപേറിക്കൊണ്ടാണ്, രോഗം കരണ്ടുതിന്നുകൊണ്ടിരുന്നപ്പോഴും കണ്ടത്തിൽ വറുഗീസ് മാപ്പിള നാടിനും നാട്ടുകാർക്കുംവേണ്ടി അർപ്പിതചേതസ്സായി പ്രയത്നിച്ചത്. ഭാഷയേയും കേരള സംസ്കാരത്തെയും കരുപ്പിടിപ്പിക്കുവാൻ ഉലയൂത്ത് നടത്തിക്കൊണ്ടിരുന്ന ആ പ്രതിഭാധനൻ 1904 ജൂലൈ ആറാം തീയതി തൻെറ 47-ാമത്തെ വയസ്സിൽ ആകസ്മികമായി മരണമടയുകയാണുണ്ടായത്.

അദ്ദേഹം കൈവച്ച എല്ലാ സംരംഭങ്ങളും കൂടുതൽ കൂടുതൽ ഉത്തേജിതമാകുകയും ഉത്ക്കർഷം പ്രാപിക്കുകയും ചെയ്തു. അന്നു വിതച്ച സാമൂഹ്യ-സാംസ്കാരിക നവോത്ഥാനത്തിൻെറ വിത്തു വീണത് ഊഷരഭൂമിയിലുമായിരുന്നില്ല. കേരളത്തിൻെറ ഫലഭൂയിഷ്ഠമായ മണ്ണിൽ ആ വിത്തുകൾ മുളയ്ക്കുകയും വളർന്നു പന്തലിക്കുകയും ചെയ്തു. അവയ്ക്ക് വളവും ഊർജ്ജവും നൽകി ഫലസമൃദ്ധമാക്കുകയെന്ന ഭാരിച്ച ചുമതലയാണ് വറുഗീസ് മാപ്പിളയുടെ പ്രഗല്ഭനായ പിൻഗാമി കെ. സി. മാമ്മൻ മാപ്പിളയ്ക്കു നിർവ്വഹിക്കാനുണ്ടായിരുന്നത്. തന്നിലർപ്പിതമായ കർത്തവ്യം പരിപൂർണ്ണമായും ഫലസിദ്ധിയിലെത്തിക്കുവാൻ വിസ്മയജന്യമാംവിധം അദ്ദേഹത്തിനു കഴിഞ്ഞു എന്നതാണ് മാമ്മൻ മാപ്പിളയുടെ മഹത്വത്തിനു നിദാനം.

ബഹുമുഖ പ്രതിഭാധനനായ അദ്ദേഹം 1904 മുതൽ 1954 വരെയുള്ള പഞ്ചദശകങ്ങളിൽ 'മലയാള മനോരമ'യുടെ സാരഥ്യം വഹിച്ച കാലം കേരള പത്രപ്രവർത്തനരംഗത്ത് അതിശയകരമായ മാറ്റങ്ങളാണ് സൃഷ്ടിച്ചത്. പൊതുജനപ്രീതിയുള്ള ഒരു പത്രത്തിന് സാമൂഹ്യമാറ്റങ്ങൾക്കും രാഷ്ട്രീയ പുരോഗതിക്കും എത്രമാത്രം ചാലകചൈതന്യമായി വർത്തിക്കുവാൻ കഴിയുമെന്ന് അനിഷേധ്യമായി തെളിയിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. കേരളത്തിൽ പൊതുവെയും തിരു-കൊച്ചി പ്രദേശങ്ങളിൽ പ്രത്യേകമായും ഈ അരനൂറ്റാണ്ടിൽ നടന്ന സാമൂഹ്യ നവോത്ഥാനത്തിലും കാർഷിക-വ്യാവസായിക ഉന്നമനത്തിലും രാഷ്ട്രീയ പരിവർത്തനത്തിലുമുണ്ടായ മാറ്റങ്ങളിലേറെയും 'മനോരമ'യുടെയും മാമ്മൻ മാപ്പിളയുടെയും അനിതരസാധാരണമായ ബഹുമുഖ പ്രവർത്തനങ്ങളുടെ ഫലമായിട്ടായിരുന്നുവെന്നതാണ് വസ്തുത. തൻെറയും താൻ അധിപതിയായ പത്രത്തിൻെറയും ചരിത്രം നാടിൻെറയും നാട്ടുകാരുടെയും ഗതിവിഗതികളുടെ ചരിത്രമായി മാറ്റാൻ സാധിച്ചു എന്നതാണ് ഈ കാലയളവിൽ ഉണ്ടായ അത്ഭുതകരമായ നേട്ടങ്ങൾ. ഈ സംഭവവികാസങ്ങളാണ് തുടർന്നുള്ള പ്രതിപാദ്യവിഷയം.

## സൂചിക


1. ശ്രീനാരായണ പ്രസ്ഥാനവും മലയാള മനോരമയും, എഡിറ്റർ ജി. പ്രിയദർശനൻ, ഗവേഷണവേദി, മൂങ്ങോട് പി. ഒ. വർക്കല, ലേഖനം: ഡോ. കെ. എം. തരകൻ, നവോത്ഥാനനായകന്മാർ, പുറം: 24
2. ടി. എച്ച്. പി. ചെന്താരശ്ശേരി, അയ്യങ്കാളി, പ്രഭാത് ബുക്ക് ഹൗസ് തിരുവനന്തപുരം, 1979, പുറം: 16
3. ടി. എം. ചുമ്മാർ, കവിതിലകൻ കെ. പി. കറുപ്പൻ, 1974, എൻ. ബി. എസ്. കോട്ടയം, പുറങ്ങൾ 18, 19.
4. ഡോ. സി. കെ. കരീം, കേരള മുസ്ലീം ചരിത്രം, സ്ഥിതിവിവരക്കണക്ക് ഡയറക്ടറി, വാല്യം ഒന്ന്, കേരളത്തിൻെറയും കേരള മുസ്ലിംകളുടെയും ചരിത്രം, 1997 ചരിത്രം പബ്ലിക്കേഷൻസ്, ഇടപ്പള്ളി, പുറം: 590.
5. കണ്ടത്തിൽ കുടുംബം, എഡിറ്റർ കെ. ജോർജ് മാത്യു, കണ്ടത്തിൽ കുടുംബ ചരിത്ര കമ്മിറ്റി. 1974. പുറം: 5
6. കെ.സി. മാമ്മൻ മാപ്പിള, ഉദ്ധരണി. ഏ. ഡി. ഹരിശർമ്മ, കണ്ടത്തിൽ വറുഗീസ് മാപ്പിള, പുറങ്ങൾ: 5, 6
7. മലയാള മനോരമ, ഒന്നാം ലക്കം, 1890, മാർച്ച് 22
8. അതുതന്നെ.
9. ഏ. ഡി. ഹരിശർമ്മ, കണ്ടത്തിൽ വറുഗീസ് മാപ്പിള, ദീപം പ്രസ്സ്, എറണാകുളം, 1951, പുറം: 44
10. മലയാള മനോരമ, മുഖപ്രസംഗം, ഒന്നാം ലക്കം 1890, മാർച്ച് 22

11. കുമാരമംഗലത്ത് നീലകണ്ഠൻ നമ്പൂതിരിപ്പാട്, ഭാഷാ കവിസമാജം, ലേഖനം, മലയാള മനോരമ, 1066, ഇടവം 32
12. ഏ. ഡി. ഹരിശർമ്മ, കണ്ടത്തിൽ വറുഗീസ് മാപ്പിള, ദീപം പ്രസ്സ്, എറണാകുളം, 1951, പുറം: 49
13. മുന്നുദ്ധരിച്ചത് പുറം: 53 - 55
14. മൂർക്കോത്തു കുഞ്ഞപ്പ, മലയാള മനോരമ, സംസ്കാരതരംഗിണി, 1952, രണ്ടാം പതിപ്പ്, പുറം: 239
15. ഏ. ഡി. ഹരിശർമ്മ, കണ്ടത്തിൽ വറുഗീസ് മാപ്പിള, ദീപം പ്രസ്സ്, എറണാകുളം, 1951, പുറം:62
മൂർക്കോത്തു കുഞ്ഞപ്പ; മലയാള മനോരമ സംസ്കാരതരംഗിണി രണ്ടാംപതിപ്പ്, 1982, പുറം: 243
16. കണ്ടത്തിൽ വറുഗീസ് മാപ്പിള മദ്രാസിലെ മലയാള സുഹൃത്തുക്കൾ നൽകിയ സ്വീകരണച്ചടങ്ങിൽ നടത്തിയ പ്രസംഗം. വിദ്വാൻ ഏ. ഡി. ഹരിശർമ്മ, മുന്നു ദ്ധരിച്ചത്, പുറങ്ങൾ: 65, 66
17. ഏ. ഡി. ഹരിശർമ്മ മുന്നുദ്ധരിച്ചത്
18. മലയാള മനോരമ, മുഖപ്രസംഗം, 1070, കന്നി 21
19. മലയാള മനോരമ, ലേഖനം; കണ്ടത്തിൽ വറുഗീസ് മാപ്പിള, 1071 കുംഭം 18
20. ഏ. ഡി. ഹരിശർമ്മ, കണ്ടത്തിൽ വറുഗീസ് മാപ്പിള, 1951, ദീപം പ്രസ്സ്, എറണാ കുളം, പുറം: 99
21. മലയാള മനോരമ, റിപ്പോർട്ട്, 1079, ചിങ്ങം 27
22. ഉള്ളൂർ എസ്. പരമേശ്വര അയ്യർ, കേരള സാഹിത്യ ചരിത്രം, വാല്യം നാല്, രണ്ടാം പതിപ്പ്, 1964, കേരള യൂണിവേഴ്സിറ്റി പ്രസിദ്ധീകരണ വകുപ്പ്, പുറം: 481
23. മലയാള മനോരമ, മുഖപ്രസംഗം, 1906, ജനുവരി 17
24. ഏ. ഡി. ഹരിശർമ്മ, മുന്നുദ്ധരിച്ചത്, പുറം: 102
25. പ്രൊഫ. പി. സി. ദേവസ്യ, ഭാഷാപോഷിണി സഭയും മാസികയും, ഉപന്യാസം, മലയാള മനോരമ, കണ്ടത്തിൽ വറുഗീസ് മാപ്പിള ഒരു പഠനം, പുറം: 96
26. മലയാള മനോരമ, മുഖപ്രസംഗം, 1910, ഒക്ടോബർ 5.
27. പി. വി. കൃഷ്ണവാര്യർ, ആദ്യത്തെ സാഹിത്യസംഘടന, ഉപന്യാസം, മനോരമ സ്മരണകൾ, 1988, മലയാള മനോരമ, കോട്ടയം, പുറം: 100
28. ഏ. ഡി. ഹരിശർമ്മ, മുന്നുദ്ധരിച്ചത്, പുറങ്ങൾ: 106, 107
29. കൊട്ടരത്തിൽ ശങ്കുണ്ണി, മനോരമക്കമ്പനി, ഉപന്യാസം, മനോരമ സ്മരണകൾ, 1988, കോട്ടയം, പുറം:16
30. വർത്തമാനപ്പത്രങ്ങൾ, കേരള നവോത്ഥാനം, കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ മുഖപ്രസംഗങ്ങൾ, 1997, കോട്ടയം, പുറം:3
31. മലയാള മനോരമ, മുഖപ്രസംഗം, 1893, ഫെബ്രുവരി 13
32. മലയാള മനോരമ, മുഖപ്രസംഗം, 1890, ജൂൺ 14
33. മലയാള മനോരമ, മുഖപ്രസംഗം, 1893, ഡിസംബർ 23
34. മലയാള മനോരമ, മുഖപ്രസംഗം, 1892, ജൂൺ 3
35. മലയാള മനോരമ, മുഖപ്രസംഗം, 1891, മെയ് 16
36. മലയാള മനോരമ, മുഖപ്രസംഗം, 1899, ജൂലൈ 8
37. മലയാള മനോരമ, മുഖപ്രസംഗം, 1892, മെയ് 30

38. മലയാള മനോരമ, മുഖപ്രസംഗം, 1899, ജൂലൈ 8
39. മലയാള മനോരമ, മുഖപ്രസംഗം, 1893, ഓഗസ്റ്റ് 5
40. മലയാള മനോരമ, മുഖപ്രസംഗം, 1890, ഓഗസ്റ്റ് 30
41. മലയാള മനോരമ, മുഖപ്രസംഗം, 1890, നവംബർ 2
42. അതുതന്നെ
43. മലയാള മനോരമ, മുഖപ്രസംഗം, 1890, ഓഗസ്റ്റ് 16
44. അതുതന്നെ
45. മലയാള മനോരമ, മുഖപ്രസംഗം, 1890, ഏപ്രിൽ 12
46. മലയാള മനോരമ, മുഖപ്രസംഗം, 1890, ഏപ്രിൽ 19
47. മലയാള മനോരമ, മുഖപ്രസംഗം, 1890, ഒക്ടോബർ 18
    മലയാള മനോരമ, മുഖപ്രസംഗം, 1891, ഏപ്രിൽ 18
48. മലയാള മനോരമ, മുഖപ്രസംഗം, 1890, സെപ്റ്റംബർ 13
49. മലയാള മനോരമ, മുഖപ്രസംഗം, 1890, ജൂലൈ 19
50. അതുതന്നെ
51. അതുതന്നെ
52. അതുതന്നെ
53. മലയാള മനോരമ, മുഖപ്രസംഗം, 1891. ജനുവരി 24
54. മലയാള മനോരമ, മുഖപ്രസംഗം, 1891, ജൂൺ 4
55. ഉത്തരവാദ ഭരണ പ്രക്ഷോഭണങ്ങൾ, കേരള ചരിത്രം വാല്യം ഒന്ന്, കേരള ഹിസ്റ്ററി അസോസ്സിയേഷൻ, കൊച്ചി 11, പുറം: 772

# 4
# കെ. സി. മാമ്മൻ മാപ്പിളയുടെ സാരഥ്യം

കണ്ടത്തിൽ വറുഗീസ് മാപ്പിള 1904 ജൂലൈ ആറാം തീയതി മരണമടഞ്ഞു. അതേ തുടർന്ന് മലയാളമനോരമയുടെ സാരഥ്യം അർപ്പിതമായത് കെ. സി. മാമ്മൻ മാപ്പിള(1873 - 1953)യുടെ ചുമലിലാണ്. ഇത് ഒരു നിയോഗംപോലെ യാദൃച്ഛികമായിട്ടായിരുന്നു. മനുഷ്യൻ വിചാരിക്കുന്നതും ആസൂത്രണം ചെയ്യുന്നതുപോലെയും ആയിരിക്കണ മെന്നില്ലല്ലോ ദൈവനിശ്ചയം. Man Proposes, God disposses എന്നു പറയുന്നതുപോലെയാണു മാമ്മൻ മാപ്പിളയ്ക്ക് സംഭവിച്ചത്. അദ്ദേഹം ആശിച്ചതും ഉദ്ദേശിച്ചതും മറ്റു ചില ജീവിതമാർഗ്ഗങ്ങളായിരുന്നു.

അക്കാലത്ത് ബുധനാഴ്ചയും ശനിയാഴ്ചയുമായി ആഴ്ചയിൽ രണ്ടു വീതം പ്രസിദ്ധീകരിച്ചിരുന്ന 'മലയാള മനോരമ'യ്ക്ക് ആറുപുറങ്ങൾ മാത്രമാണുണ്ടായിരുന്നത്. വരിക്കാരാകട്ടെ 1000 ൽ താഴെയും. വാർഷിക വരിസംഖ്യ ആറു രൂപയായിരുന്നു. എന്നിട്ടും പത്രത്തിനുവേണ്ടി ആ തുക പോലും ചിലവഴിക്കുവാൻ വളരെ ദുർലഭം പേരെ ഉണ്ടായിരുന്നുള്ളൂ. പ്രാഥമിക പാഠശാല അദ്ധ്യാപകന് രണ്ടു രൂപ മാത്രം പ്രതിഫലം കിട്ടിയിരുന്ന അക്കാലത്ത്, ആറുരൂപ വാർഷിക വരിസംഖ്യ അടച്ചു പത്രം വാങ്ങുന്നവർ കുറഞ്ഞതിൽ അതിശയിക്കുവാനില്ലല്ലോ. അല്പസ്വല്പം ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ചവരാകട്ടെ മലയാളത്തിനുപകരം ഇംഗ്ലീഷ് വാരികകളെ ആശ്രയിക്കുകയായിരുന്നു പതിവ്. അത് അന്തസ്സിൻെറ ഭാഗമായി കണക്കാക്കിയുമിരുന്നു. ഇന്നത്തെപ്പോലെ വാർത്തകൾ അറിയുവാനും സാഹിത്യപരമായ നേട്ടങ്ങൾ ഉണ്ടാക്കുവാനും ഔത്സുക്യം കാണിച്ചിരുന്നവർ തുലോം തുച്ഛരവും. അക്ഷരാഭ്യാസം ലഭിച്ചിരുന്നവർ തന്നെ ജനങ്ങളിൽ അഞ്ചു ശതമാനംപോലും ഉണ്ടായിരുന്നില്ല. വായനാ താൽപര്യമുള്ളവരാകട്ടെ കാശുമുടക്കി പത്രം വാങ്ങാനുള്ള കഴിവോ സന്നദ്ധതയോ ഇല്ലാത്തവരുമായിരുന്നു. അത്തരം പ്രതികൂല പരിതസ്ഥിതിയിൽ പത്രം അടിച്ചിറക്കുക എന്ന ശ്രമകരമായ പ്രവൃത്തി സാമ്പത്തികപരാധീനതകൾ വിളിച്ചുവരുത്തുമെന്നതു തീർച്ചതന്നെ. പത്രത്തിൻെറ വരുമാനംകൊണ്ടു ജീവിച്ചു പോകാൻ സാധിക്കുമെന്ന് അക്കാലത്ത് ആരും

കരുതിയിരുന്നില്ല. ജീവിതംകൊണ്ടുള്ള ഒരു പന്താട്ടമായിരുന്നു പത്ര പ്രവർത്തനരംഗം. അത്തരം വെല്ലുവിളിയെ സുധീരം നേരിടുവാൻ തയ്യാറാവുക ആദർശനിഷ്ഠമായ അർപ്പണബുദ്ധികൾക്കു മാത്രമേ സാധ്യമാകുകയുള്ളൂ. ഫലം അനിശ്ചിതവും അസ്ഥിരവുമായ ഈ യജ്ഞത്തിനു തയ്യാറാവാൻ ആദർശ പ്രേരിതവും കർമ്മോന്മുഖവുമായ മനഃസ്ഥിതിയുള്ളവർക്കേ കഴിയുമായിരുന്നുള്ളൂ. മാമ്മൻ മാപ്പിളയുടെ മനസ്സ് നൂറുശതമാനവും അത്തരത്തിലുള്ളതായിരുന്നു.

കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ ജ്യേഷ്ഠ സഹോദരനായ കെ. ഐ. ചെറിയാൻെറയും, സഹധർമ്മിണി മറിയാമ്മയുടെയും സീമന്തപുത്രനാണ് മാമ്മൻ മാപ്പിള. വറുഗീസ് മാപ്പിളയുടെ ഏകപുത്രൻ ഉണ്ണൂണ്ണി എന്നുവിളിച്ചിരുന്ന കെ.വി. ഈപ്പൻ 1890-ലാണു ജനിക്കുന്നത്. വറുഗീസ് മാപ്പിള മരിക്കുമ്പോൾ ഉണ്ണൂണ്ണിക്ക് 14 വയസ്സ് കഴിഞ്ഞിട്ടേയുണ്ടായിരുന്നുള്ളൂ. താനാരംഭം കുറിച്ച മഹാപ്രസ്ഥാനത്തിന് താങ്ങും തണലുമായി വറുഗീസ് മാപ്പിള കണ്ടിരുന്നത് മാമ്മൻ മാപ്പിളയെയായിരുന്നു എന്നതിനാലാണ് ജ്യേഷ്ഠ പുത്രനെ പത്രത്തിൻെറ പ്രവർത്തനങ്ങളുമായി ഇണക്കിച്ചേർക്കുവാൻ വറുഗീസ് മാപ്പിള ശ്രമിച്ചത്. അതിനുള്ള പരിശീലനങ്ങൾ അദ്ദേഹം നേരത്തെ നല്കിത്തുടങ്ങിയിരുന്നു. അതു സഫലീകരിക്കുവാൻ സ്വന്തം അഭിലാഷങ്ങൾക്കെതിരായിട്ടുപോലും മാമ്മൻ മാപ്പിളക്ക് പത്രാധിപപദവി ഏറ്റെടുക്കേണ്ടതായി വന്നു.

അന്നൊക്കെ സാമ്പത്തികശേഷിയുള്ള സിറിയൻ ക്രിസ്ത്യൻ കുടുംബങ്ങളിൽ ഭൂസ്വത്തും കുടുംബകാര്യങ്ങളും നോക്കിനടത്തുവാനുള്ള ചുമതലയാണ് മൂത്തമകനിൽ അർപ്പിതമായിരിക്കുന്നത്. അതിനുള്ള പരിശീലനവും പരിചയവും നേടുകയായിരുന്നു പതിവ്. ഇളയമക്കൾ കഴിവും വാസനയുമനുസരിച്ച് വിദ്യാഭ്യാസം ചെയ്യുക എന്നതുമാത്രമായിരുന്നു സാധാരണ കുടുംബരീതി. തന്മൂലം മാമ്മൻ മാപ്പിള പഠിക്കാൻ പോകേണ്ട ആവശ്യമില്ലെന്നായിരുന്നു കുടുംബാംഗങ്ങൾ നിശ്ചയിച്ചത്. എന്നാൽ തൻെറ പിതൃസഹോദരനായ വറുഗീസ് മാപ്പിളയും തൻെറ തന്നെ സഹോദരനും ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്യുന്നതു കണ്ടപ്പോൾ ഏതുവിധേനയും ആധുനിക വിദ്യാഭ്യാസം കരസ്ഥമാക്കുന്നതിനുള്ള അഭിനിവേശം അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു. കുടുംബരീതിക്കെതിരായി സീമന്തപുത്രനും വിദ്യാഭ്യാസത്തിനായി ഒരുങ്ങുന്നതു കുടുംബാംഗങ്ങൾക്ക് ഇഷ്ടമായിരുന്നില്ല. ഈ എതിർപ്പിനെ മാമ്മൻ മാപ്പിള മറികടന്നത് ഇത്തരത്തിലായിരുന്നു. പുരോഗമനേച്ഛുവായ തൻെറ പിതാമഹൻ കറുത്താലിൽ ഈപ്പൻ മാപ്പിളവഴി പിതാവിൻെറ സമ്മതം അദ്ദേഹം സമ്പാദിച്ചു. അങ്ങനെയാണ് നിരണത്തുനിന്നും അഞ്ച്, ആറ് മൈൽ അകലെ തിരുവല്ലയിലുള്ള സർക്കാർ സ്കൂളിൽ പ്രവേശനം വാങ്ങുന്നത്. മൂന്നര

വർഷത്തെ അവിടുത്തെ പഠിപ്പിനുശേഷം അദ്ദേഹം കോട്ടയം സി. എം. എസ്. ഹൈസ്കൂളിൽ ചേർന്നു. ഇക്കാലത്ത് വറുഗീസ് മാപ്പിളയാകട്ടെ മുതൽപിടിക്കാരൻെറ ജോലി വേണ്ടെന്നുവച്ച് ആ സ്കൂളിൽ തന്നെ മലയാളം മുൻഷിയായി ജോലിചെയ്യുകയുമായിരുന്നു. മാമ്മൻ മാപ്പിളയുടെ താമസം വറുഗീസ് മാപ്പിളയുടെ കൂടെയും.

കൊച്ചിയിൽനിന്നും പ്രസിദ്ധീകരിക്കുന്ന 'കേരള മിത്ര'ത്തിൻെറ പത്രാധിപരായി ഒന്നൊന്നരക്കൊല്ലം സമർത്ഥമായി പ്രവർത്തിച്ച വറുഗീസ് മാപ്പിള മലയാളം മുൻഷിയുടെ ജോലിയിലിരിക്കുമ്പോൾ തന്നെ സ്വന്തമായി ഒരു പത്രം തുടങ്ങുന്നതിനെപ്പറ്റിയുള്ള ആലോചനയിലായിരുന്നു. 'കേരള മിത്ര'ത്തിലെ തൻെറ അനുഭവങ്ങളും അതുവഴി ലഭിച്ച സുഹൃത്ത് സമ്പത്തും പലപ്പോഴും വീട്ടിൽ ചർച്ചാവിഷയമായിരുന്നു. സാഹിത്യസംവാദങ്ങളും പത്രങ്ങൾക്ക് ജനമധ്യത്തിൽ ഉണ്ടാക്കാവുന്ന സ്വാധീനതയുമൊക്കെയായിരുന്നു പ്രധാന സംസാരവിഷയം. ഇവ സശ്രദ്ധം കേട്ടുകൊണ്ടിരിക്കുന്ന വിദ്യാർത്ഥിയായ മാമ്മൻ മാപ്പിളക്ക് ഭാഷയോടും സാഹിത്യത്തോടും പത്രപ്രവർത്തനത്തോടും കൗതുകവും അവയെപ്പറ്റി ജിജ്ഞാസയും തോന്നിത്തുടങ്ങിയത് തന്നെയാണ്. വായിക്കുവാനും അറിയുവാനുമുള്ള ആസക്തിക്ക് സംതൃപ്തി നല്കുവാൻ പര്യാപ്തമായിരുന്ന നല്ല ഒരു ഗ്രന്ഥശേഖരം അവിടെത്തന്നെ ഉണ്ടായിരുന്നു. അങ്ങനെ ലഭ്യമായിരുന്ന ഗ്രന്ഥങ്ങൾ ഓരോന്നും അദ്ദേഹം വായിക്കുവാൻ തുടങ്ങി. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള പുസ്തകങ്ങൾ ആ ബാലൻ കഴിവതും ഹൃദിസ്ഥമാക്കുകയും ചെയ്തു. അതേസമയം പാഠ്യവിഷയങ്ങളിൽ പ്രാവീണ്യം നേടുവാൻ വിമുഖത കാട്ടിയതുമില്ല. പഠിക്കുവാനുള്ള സാമർത്ഥ്യം തൻെറ പരീക്ഷകളിലൂടെ അദ്ദേഹം തെളിയിക്കുകയും ചെയ്തു. ആ അവസരത്തിലാണ് ഹൈസ്കൂൾ കോഴ്സ് മുഴുവൻ കഴിഞ്ഞിട്ടില്ലാത്ത വിദ്യാർത്ഥികൾക്കും മദ്രാസ് മെട്രിക്കുലേഷൻ പരീക്ഷ സ്വകാര്യമായി പഠിച്ച് പരീക്ഷക്കിരിക്കാമെന്ന നിയമം നടപ്പിൽ വന്നത്. മാമ്മൻ മാപ്പിള സമയം ഒട്ടുംകളയാതെ മെട്രിക്കുലേഷൻ പരീക്ഷ എഴുതി പാസാവുകയും ചെയ്തു. എട്ടുവർഷം കൊണ്ട് മാത്രം പൂർത്തിയാക്കുവാൻ സാധിക്കുന്ന മെട്രിക്കുലേഷൻ അഞ്ചരവർഷംകൊണ്ട് പാസാകുവാൻ തന്മൂലം അദ്ദേഹത്തിന് കഴിഞ്ഞു. ഉപരിപഠനം നടത്തിയത് തിരുവനന്തപുരത്തും മദ്രാസിലുമായാണ്. ബി. എ. ജയിച്ച അദ്ദേഹം ബി. എൽ. കോഴ്സിനു ചേർന്നു വക്കീലാകുവാനാണ് ആഗ്രഹിച്ചിരുന്നത്. അപ്പോഴാണ് മൈസൂർ സിവിൽ സർവീസ് പരീക്ഷ എഴുതി തങ്ങളെപ്പോലെ ഉയർന്ന ഉദ്യോഗത്തിൽ വരണമെന്ന് സ്നേഹിതന്മാരായ കെ. ചാണ്ടിയും കെ. മാത്തനും നിർബന്ധപൂർവം അദ്ദേഹത്തെ ഉപദേശിച്ചത്. ഇതിനാവശ്യമായ ഗ്രന്ഥങ്ങളും മറ്റും അവർ അയച്ചു കൊടുക്കുകയും ചെയ്തു.

ഒരു വഴിത്തിരിവിലെത്തി എങ്ങോട്ടാണു തിരിയേണ്ടതെന്ന് നിശ്ചയമില്ലാത്ത ഒരു സഞ്ചാരിയുടെ സ്ഥിതിയാണ് അദ്ദേഹത്തിനനുഭവപ്പെട്ടത്. ഏതായാലും ഇക്കാര്യത്തിൽ വറുഗീസ് മാപ്പിളയുടെ സുചിന്തിതമായ അഭിപ്രായം ആരാഞ്ഞുകൊണ്ട് അദ്ദേഹം ഒരു കത്തെഴുതി. അതിനുകിട്ടിയ മറുപടി സിവിൽ സർവീസ് പഠിക്കണമെങ്കിൽ മദ്രാസിൽതന്നെ താമസിക്കണമെന്നില്ലെന്നും കോട്ടയത്താണെങ്കിലും ചെയ്യാവുന്നതേയുള്ളൂ എന്നുമായിരുന്നു. ഇത് ഉളവാക്കിയ മനസംഘർഷം മാമ്മൻ മാപ്പിളയുടെ ഭാഷയിൽത്തന്നെ അവതരിപ്പിക്കുന്നതാണ് ഉചിതം.

"ഈ എഴുത്ത് എനിക്ക് അനല്പമായ നൈരാശ്യവും കണ്ഠിതവുമുളവാക്കി. പക്ഷെ, മനുഷ്യൻ വിചാരിക്കുന്നതൊന്ന്, അനുഭവപ്പെടുന്നത് മറ്റൊന്ന് എന്ന് ഞാൻ സമാധാനിച്ച് കോട്ടയത്തേക്ക് പുറപ്പെട്ടു. അവിടെ അധികം താമസിച്ചില്ല. നിരണത്ത് മാതാപിതാക്കന്മാരുടെ സന്നിധിയിലെത്തി. പിതാവിന് സങ്കടനിവേദനവും അർപ്പിച്ചു. രണ്ടു വാചകങ്ങൾ പറഞ്ഞു കഴിഞ്ഞില്ല, അതിനുമുൻപേ നിരോധനാജ്ഞ പുറപ്പെട്ടു കഴിഞ്ഞു. 'നിൻെറ ഭാവിയൊന്നും ആലോചിച്ച് നീ ക്ലേശിക്കേണ്ടതില്ല. അതെല്ലാം കൊച്ചുവറീതിന് (വറുഗീസ് മാപ്പിളക്ക്) വേണ്ടപോലെ അറിയാം. അവൻ പറയുന്നതുപോലെയൊക്കെ ചെയ്താൽമതി.' ഞാൻ കോട്ടയത്തേക്കുതന്നെ തിരികെ പുറപ്പെട്ടു. അവിടെയെത്തിയപ്പോഴാണ് കാര്യങ്ങൾ വിശദമായി മനസ്സിലായത്.

"മനോരമയുടെ പത്രാധിപത്യത്തിനു പുറമേ എം. ഡി. സെമിനാരിയുടെ മാനേജ്മെൻറുംകൂടി വഹിച്ചിരുന്ന വർഗീസ് മാപ്പിളയ്ക്ക് ഞാൻ കോട്ടയത്ത് വന്നു താമസിച്ചാൽ രണ്ടു കാര്യങ്ങളിലും അദ്ദേഹത്തിന് സഹായമായിത്തീരും എന്നുള്ള അഭിപ്രായമാണ് ഉണ്ടായിരുന്നത്. എൻെറ ഗുണകാംക്ഷികളായ മറ്റു ചിലർ ഈ അഭിപ്രായത്തോട് യോജിച്ചില്ല. എൻെറ ഉദ്ഗതിക്ക് ഇതൊരു തടസ്സമായിത്തീരും എന്നായിരുന്നു അവരുടെ അഭിപ്രായം." എന്നാൽ വറുഗീസ് മാപ്പിള തൻെറ സഹോദരപുത്രനിൽ ആത്മാർത്ഥതയുള്ള ഒരു ആദർശശാലിയെ കണ്ടിരുന്നു. തൻെറ ആശയത്തിനനുസൃതമായി പത്രത്തെ വികസിപ്പിച്ചെടുക്കുവാനും സമർപ്പണ മനോഭാവത്തോടുകൂടി ഇതൊരു തപസ്യയാക്കുവാനും മാമ്മൻ മാപ്പിളയ്ക്ക് മാത്രമേ സാധിക്കുകയുള്ളൂവെന്ന് ക്രാന്തദർശിയായ അദ്ദേഹത്തിനറിയാമായിരുന്നു. ആധുനിക വിദ്യാഭ്യാസത്തോടൊപ്പം ഭാഷാസാഹിത്യ പ്രവർത്തനങ്ങളിലും അപ്പോഴേക്കും സാമർത്ഥ്യം തെളിയിച്ചു കഴിഞ്ഞ ഈ അനുഗൃഹീത യുവാവു തന്നെ, തൻെറ പിൻഗാമിയാകണമെന്ന് അദ്ദേഹംആഗ്രഹിച്ചത് സ്വാർത്ഥമോഹം കൊണ്ടായിരുന്നില്ല, ഭാഷയോടും സാഹിത്യത്തോടും, താൻ ആരംഭിച്ച പ്രസ്ഥാനത്തോടുമുള്ള പ്രതിബദ്ധത ഒന്നുകൊണ്ടു മാത്രമായിരുന്നു. മാമ്മൻ

മാപ്പിളയാകട്ടെ ഇതു ദൈവനിശ്ചയമായി കരുതി മനോരമയുടെ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്തു.

അതുകൊണ്ടാണ് കാലങ്ങൾക്കുശേഷം പുറകോട്ടു തിരിഞ്ഞുനോക്കി തന്റെ 'ജീവിതസ്മരണ'കളിൽ അദ്ദേഹം പ്രസ്താവിച്ചത്; "എന്തുമാകട്ടെ ഞാൻ വറുഗീസ് മാപ്പിളയുടെ ഹിതത്തിന് പരിപൂർണമായി കീഴടങ്ങുകയാണ് ചെയ്തത്. അതേപ്പറ്റി ഒരുകാലത്തും എനിക്ക് പശ്ചാത്തപിക്കേണ്ടി വന്നിട്ടില്ല." മാമ്മൻ മാപ്പിള വളരെ കാലത്തിനുശേഷം 'ഞാൻ പത്രാധിപരായത്' എന്ന ശീർഷകത്തിലെഴുതിയ ഒരു ലേഖനം അവസാനിപ്പിക്കുന്നതിങ്ങനെയാണ്. "ഇങ്ങനെ ഞാൻ എം. ഡി. സെമിനാരി ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററായി നിയമിക്കപ്പെട്ടു. ആ കാലത്ത് വറുഗീസ് മാപ്പിള അവർകൾക്ക് നേരിട്ട ശരീരാസ്വാസ്ഥ്യം നിമിത്തം 'മനോരമ'യിലും ഒരു പ്രധാന ചുമതല നിർവ്വഹിണ്ടേതായി വന്ന ഞാൻ, എന്റെ സ്വന്തം ആഗ്രഹപ്രകാരമുള്ള ഭാവിപരിപാടികളെല്ലാം ഉപേക്ഷിച്ച് വറുഗീസ് മാപ്പിളയുടെ ഹിതത്തിന് പൂർണമായി കീഴ്പെട്ടു. 'മനോരമ'യുടെ പത്രാധിപത്യം എന്റെ ജീവിതവൃത്തിയായി തിരഞ്ഞെടുത്തതിനെപ്പറ്റി എനിക്ക് പിന്നീടൊരിക്കലും പശ്ചാത്തപിക്കുവാൻ ഇടയായിട്ടില്ല. 'മനോരമ'യ്ക്ക് ഇന്നുള്ള പ്രചാരവും വളർച്ചയും ആദ്യകാലത്ത് എന്നല്ല പിന്നീടുള്ള കാൽശതാബ്ദകാലത്തുപോലും സ്വപ്നേപി പ്രതീക്ഷിച്ചിരുന്നതല്ല. എങ്കിലും ഞാൻ മൈസൂർ സിവിൽ സർവീസിൽ ചേരുകയും അവിടെ കെ. ചാണ്ടിയും, കെ. മാത്തനും ലഭിച്ചതുപോലെയുള്ള ഉദ്യോഗകയറ്റങ്ങൾ കിട്ടുകയും ചെയ്യുകയോ, അഥവാ ബി. എൽ. ജയിച്ച് തിരുവിതാംകൂർ ജ്യുഡീഷ്യൽ സർവീസിൽ അങ്ങേയറ്റം ഒരു ഹൈക്കോടതി ജഡ്ജിയായിത്തീരുകയോ, (അതുതന്നെ എത്ര ചുരുക്കം പേർക്കു മാത്രമേ സാധിക്കുന്നുള്ളൂ) ചെയ്തിരുന്നുവെങ്കിൽത്തന്നെ എനിക്ക് കിട്ടുമായിരുന്നതിനേക്കാൾ അനേക മടങ്ങ് വരുമാനവും സ്വാധീന ശക്തിയും പിന്നീട് ലഭിക്കാനിടയായതിനുള്ള പ്രധാന കാരണം, ഞാൻ 'മനോരമ'യിൽ ചേരാൻ ഇടയായതാണെന്ന് ഞാൻ എപ്പോഴും കൃതജ്ഞതാപൂർവം അഭിമാനിക്കുന്നു."

'മലയാള മനോരമ'യുമായി തുടക്കം മുതൽ ബന്ധപ്പെടുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. സി. എം. എസ്സ്. ഹൈസ്കൂളിൽ പഠിക്കുന്ന കാലത്താണ് 'മനോരമ' പത്രം പുറത്തുവരുന്നത്. "അതിന്റെ ഒന്നാമത്തെ ലക്കം (1065 മീനം 10 - 1890 മാർച്ച് 22) പുറത്തിറങ്ങിയപ്പോൾ ഒരു വിദ്യാർത്ഥിയായിരുന്ന ഞാനും കൂടെചേർന്ന് പത്രത്തിന്റെ ഒന്നാം ലക്കം അത്യുത്സാഹത്തോടുകൂടി തയ്യാറാക്കിയത് ഇന്നെന്നപോലെ ഞാനോർക്കുന്നു." പിന്നീട് മദ്രാസിൽ ബി. എ. പഠിച്ചുകൊണ്ടിരിക്കുമ്പോൾ സഹപാഠികളോടുകൂടി ഒഴിവുകാല വിനോദത്തിനായി ഫ്രഞ്ച് അധീനതയിലാ

യിരുന്ന പുതുശ്ശേരി സന്ദർശിക്കുവാൻ പോയിരുന്നു. മടങ്ങിവന്നശേഷം പുതുശ്ശേരിയെ സംബന്ധിച്ച് ഒരു യാത്രാവിവരണം തയ്യാറാക്കി അദ്ദേഹം 'മനോരമ'യിലേക്ക് അയച്ചുകൊടുത്തു. വറുഗീസ് മാപ്പിള ലേഖനത്തിന് അത്യാവശ്യംവേണ്ട മിനുക്കു വേലകളൊക്കെ ചെയ്ത് 'മനോരമ'യിലതു പ്രസിദ്ധീകരിച്ചു. മാമ്മൻ മാപ്പിളയെ അഭിനന്ദിച്ചുകൊണ്ട് പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ആദ്യമായി അച്ചടിച്ചുവന്ന ഈ ലേഖനം മാമ്മൻ മാപ്പിളയെ ആഹ്ലാദഭരിതനാക്കിയെന്നു മാത്രമല്ല കൂടുതൽ എഴുതുവാനുള്ള പ്രചോദനവുമായി. വിവിധ വിഷയങ്ങളെക്കുറിച്ച് പലപ്പോഴായി അദ്ദേഹം എഴുതിക്കൊണ്ടിരുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിച്ച് വറുഗീസ് മാപ്പിള അദ്ദേഹത്തെ ഉത്സാഹിപ്പിച്ചുകൊണ്ടുമിരുന്നു. ഇതൊക്കെ വൈകാരികമായി അദ്ദേഹത്തെ 'മനോരമ'യോട് ബന്ധിപ്പിക്കാൻ സഹായിച്ച കാര്യങ്ങളാണ്.

വറുഗീസ് മാപ്പിളയുടെ ഉപദേശം സ്വീകരിച്ച് കോട്ടയത്ത് അദ്ദേഹത്തോടൊപ്പം താമസമാക്കിയ മാമ്മൻ മാപ്പിള എം. ഡി. സെമിനാരി ഹൈസ്കൂളിൽ അദ്ധ്യാപകനായതോടെ 'മലയാള മനോരമ'യുടെ പ്രവർത്തനങ്ങളുമായി നിതാന്ത സമ്പർക്കത്തിൽപ്പെടുകയും ചെയ്തു. വറുഗീസ് മാപ്പിളയുടെ വലംകൈയായി പ്രവർത്തിച്ചിരുന്ന അദ്ദേഹം പത്രപ്രവർത്തനരംഗത്ത് അത്യാഹ്ലാദപൂർവം കൂടുതൽ കൂടുതൽ ആമഗ്നനായി. ആത്മകഥാകഥനത്തിൽ അദ്ദേഹം എഴുതുന്നു. "പത്രപ്രവർത്തനം എൻെറ വാസനയ്ക്കുനുകൂലമായ ഒരു ജോലിയായിരുന്നതിനാൽ ഞാൻ എൻെറ സർവ്വ ശ്രദ്ധയും, കഴിവുകളും അതിൽ ചെലുത്തി. സ്കൂളിലെ ജോലി ഒരു ഉപജോലി എന്നമട്ടിൽ മാത്രമേ ഞാൻ കരുതിയുള്ളൂ."

അധികകാലം കഴിയുന്നതിനുമുമ്പ് സ്കൂളിലെ ഹെഡ്മാസ്റ്ററായി അദ്ദേഹം നിയമിതനായി. ഒരു ദശാബ്ദം അദ്ധ്യാപകവൃത്തിയിൽ സമർത്ഥമായി ജോലി നിർവ്വഹിച്ച മാമ്മൻ മാപ്പിള തൻെറ സഹപ്രവർത്തകരുടെയും, വിദ്യാർത്ഥികളുടെയും ബഹുമാനാദരവുകൾ പിടിച്ചു പറ്റിയിരുന്നു. എന്നാൽ ഹെഡ്മാസ്റ്ററായിരിക്കെ മറ്റു ജോലിയിൽ വ്യാപൃതനാകുന്നതു വിദ്യാഭ്യാസ ചട്ടമനുസരിച്ച് കുറ്റകരമായിരുന്നതിനാൽ അക്കാലത്ത് പരോക്ഷമായിട്ടാണ് പത്രവുമായി ബന്ധം പുലർത്തിയിരുന്നത്.

മരിക്കുന്നതിന് ഒരു വർഷം മുമ്പുതന്നെ വറുഗീസ് മാപ്പിളയുടെ ആരോഗ്യം ക്ഷയിച്ചു തുടങ്ങി. ആ സന്ദർഭത്തിലെല്ലാം 'മലയാള മനോരമ' യുടെയും 'ഭാഷാ പോഷിണി'യുടെയും നടത്തിപ്പ് ഏറെക്കുറെ മാമ്മൻ മാപ്പിളയ്ക്ക് അണിയറയിലിരുന്ന് ചെയ്യേണ്ടതായി വന്നിട്ടുണ്ട്. പത്രപ്രവർത്തന പരിശീലനം തൻെറ പിതൃസഹോദരൻെറ കീഴിലും അദ്ദേഹത്തിൻെറ വിദഗ്ദ്ധ ഉപദേശങ്ങൾക്കനുസൃതമായിട്ടും ആയി

രുന്നതിനാലാണ് വറുഗീസ് മാപ്പിളയുടെ മരണാനന്തരം പത്രത്തിൻെറ പൂർണ്ണമായ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതായിവന്നപ്പോൾ അത്ര പ്രയാസം കൂടാതെ ഭാരമേറിയ ആ ചുമതല അദ്ദേഹത്തിന് നിറവേറ്റുവാൻ സാധിച്ചത്.

'മലയാള മനോരമ'യുടെ പത്രാധിപരാകുന്നത് മാമ്മൻ മാപ്പിളയ്ക്ക് 31 വയസ്സുള്ളപ്പോഴാണ്. ഏതു വെല്ലുവിളിയെയും സധൈര്യം നേരിടുവാനുള്ള കരുത്തും ഊർജ്ജസ്വലതയും മുറ്റിനിന്ന പ്രായമായിരുന്നുവല്ലോ അത്. നാട്ടുകാരെ അക്ഷരപ്രേമികളാക്കി മലയാള ഭാഷാപ്രചരണം നടത്തുകവഴി മാത്രമേ പത്രങ്ങൾ വായിക്കുവാൻ ആളുകളെ കിട്ടുകയുള്ളൂവെന്ന് അറിയാമായിരുന്ന കണ്ടത്തിൽ വറുഗീസ് മാപ്പിള തൻെറ പത്രം ഭാഷയുടെയും സാഹിത്യത്തിൻെറയും ഉദ്ഗതിക്കായി സമർപ്പിക്കുകയാണു ചെയ്തിരുന്നത്. ഭാഷാജ്ഞാനികൾക്കു സാഹിതീകൗതുകം ഉണ്ടാക്കുകയും മലയാള സാഹിത്യത്തെ പുഷ്ക്കലമാക്കുകയും ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിൻെറ കർമ്മപരിപാടികളിൽ പ്രമുഖം. സാമൂഹ്യ നവോത്ഥാനത്തിനും സാമുദായികോദ്ധാരണത്തിനും വിദ്യാഭ്യാസ പുരോഗതിക്കും അദ്ദേഹം കഴിവതു പരിശ്രമിച്ചിട്ടുണ്ട്. കൃഷി സംബന്ധമായും വ്യവസായ പ്രചാരണാർത്ഥവും അദ്ദേഹം ഏറെ പ്രയത്നിച്ചിട്ടുണ്ട്. അങ്ങിനെ പൊതുകാര്യ പ്രസക്തനായി പ്രശോഭിച്ചിരുന്നു. വറുഗീസ് മാപ്പിളയെങ്കിലും അദ്ദേഹത്തിൻെറ പ്രഥമവും, പ്രധാനവുമായ പരിഗണന ഭാഷയേയും സാഹിത്യത്തേയും വളർത്തിക്കൊണ്ടു വരികയെന്നതായിരുന്നുവല്ലോ. അദ്ദേഹത്തിൻെറ മഷിയും മനീഷയും ഇവയ്ക്കു വേണ്ടിയാണു വിനിയോഗിച്ചത്. അതിനുള്ള ഉപാധിയായിട്ടാണ് 'മലയാള മനോരമ', 'ഭാഷാ പോഷിണി', കവി സമാജം എന്നിവയെ പ്രയോജനപ്പെടുത്തിയിരുന്നത്. തൻെറ ആയുസ്സും, ആരോഗ്യവും മലയാള ഭാഷയ്ക്കും സാഹിത്യത്തിനും വേണ്ടി ബലിയർപ്പിക്കുകയാണ് വറുഗീസ് മാപ്പിള ചെയ്തത്. എന്നാൽ ഈ വക കാര്യങ്ങളൊക്കെ ബോധപൂർവം പിൻപറ്റി അവയെ കൂടുതൽ ശാസ്ത്രീയമായി പരിപോഷിപ്പിക്കുവാൻ മാമ്മൻ മാപ്പിളയ്ക്ക് സാധിച്ചു. ഭാഷാസാഹിത്യ പ്രോത്സാഹനത്തോടൊപ്പം തന്നെ കാർഷിക-വ്യാവസായിക പ്രശ്നങ്ങളിലും രാഷ്ട്രീയ - സാമൂഹിക പരിവർത്തനങ്ങളിലും ഊന്നിനിന്നുകൊണ്ടുള്ളതായിരുന്നു മാമ്മൻ മാപ്പിളയുടെ പ്രവർത്തന ശൈലി. 1904 മുതൽ 1954 വരെയായിരുന്നല്ലോ മാമ്മൻ മാപ്പിള മലയാള മനോരമയുടെ ചുക്കാൻ പിടിച്ചിരുന്നത്. 20-ാം നൂറ്റാണ്ടിൻെറ ഈ ആദ്യപകുതി കേരളത്തിലോ, ഇൻഡ്യയിലോ മാത്രമല്ല, ലോകത്താകമാനം വിപ്ലവകരമായ പരിവർത്തനത്തിനു വിധേയമായ സുപ്രധാന സന്ദർഭമായിരുന്നു. കഴിഞ്ഞ പല നൂറ്റാണ്ടു

കളിലും ഉണ്ടായിട്ടുള്ള സംഭവങ്ങളെ ഒരുമിച്ചെടുത്താലും ഈ അരനൂറ്റാണ്ടിലെ മാറ്റങ്ങളോടു കിടപിടിക്കുകയില്ല. അത്രവലിയ വിസ്ഫോടനങ്ങളാണു വ്യവഹാര രംഗങ്ങളിലെല്ലാം ഈ കാലയളവിൽ സംഭവിച്ചത്.

ലോകം മുഴുവൻ മാറ്റങ്ങളിലേക്കു പ്രവേശിക്കുകയായിരുന്നു. 1911-ൽ ചൈനയുടെ ജനകീയ വിപ്ലവത്തിൻെറ വിജയത്തോടെ റിപ്പബ്ലിക്കായി മാറിയ ചൈനയുടെ ആദ്യപ്രസിഡൻറായി സൺയത്സെൻ അധികാര മേറ്റു. 1914 ജൂലൈ 28-ന് ആരംഭിച്ച ഒന്നാം ലോകമഹായുദ്ധം 1918-ലാണ് അവസാനിച്ചത്. 1917 നവംബർ ഏഴിന് പ്രസിദ്ധമായ ഒക്ടോബർ വിപ്ലവം ഫാസിസ്റ്റ് ഏകാധിപത്യത്തെ തൂത്തെറിഞ്ഞ് റഷ്യയിൽ ജനകീയ ഭരണം സ്ഥാപിച്ചു. 1939 ജനുവരിയിൽ ജർമനിക്കെതിരെ ബ്രിട്ടനും ഫ്രാൻസും യുദ്ധപ്രഖ്യാപനം നടത്തി. രണ്ടാം ലോകമഹായുദ്ധത്തിനു തുടക്കം കുറിച്ചു. നിഷ്ഠൂരമായ യുദ്ധക്കെടുതികളുടെ കഥ ലോകമറിയുകയായിരുന്നു.

1947 ഓഗസ്റ്റ് 15-ന് ഇന്ത്യ സ്വാതന്ത്ര്യം നേടി. പാകിസ്ഥാനും. ഇന്ത്യയുടെ സ്വാതന്ത്ര്യം ഒരു ജനത അവരുടെ ജീവിതംകൊണ്ടു നടത്തിയ സമർപ്പിതസമരത്തിൻെറ ഫലശ്രുതിയായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിൻെറ ചരിത്രം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൻെറ ചരിത്രമായും മാറി. മഹാത്മാഗാന്ധി 1915-ലാണ് ഇന്ത്യയിലെത്തി കോൺഗ്രസ് നേതൃത്വം ഏറ്റെടുത്തത്. 1929-ൽ ലാഹോറിൽ നടന്ന കോൺഗ്രസ് സമ്മേളനം 'പൂർണസ്വരാജ്' പ്രമേയം പാസാക്കിയതോടെ ബ്രിട്ടീഷ് സാമ്രാജ്യത്വം അടിപതറാൻ തുടങ്ങി. പിറ്റേവർഷം ഉപ്പുസത്യാഗ്രഹവും ആരംഭിച്ചു. 1942-ലെ ക്വിറ്റിന്ത്യാ സമരം ഇന്ത്യയെ ആകമാനം പിടിച്ചു കുലുക്കിയിരുന്നു. നീണ്ട ആ സമരകാലത്തിനുശേഷം, മൗണ്ട് ബാറ്റൺ പ്രഭു ആവിഷ്കരിച്ച പദ്ധതിയനുസരിച്ച് 1947 ഓഗസ്റ്റിൽ ഇന്ത്യയും പാകിസ്ഥാനും വെവ്വേറെ സ്വതന്ത്ര രാഷ്ട്രങ്ങളായി. സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടന 1951 ജനുവരി 26-ന് പ്രാബല്യത്തിൽ വന്നതോടെ ഇന്ത്യ ഒരു റിപ്പബ്ലിക്കായിത്തീർന്നു.

മദ്രാസ് പ്രസിഡൻസിയുടെ ജില്ലകളിലൊന്നായിരുന്ന മലബാറിലും നാട്ടുരാജാക്കന്മാരാൽ ഭരിക്കപ്പെട്ടിരുന്ന കൊച്ചി - തിരുവിതാംകൂർ പ്രദേശങ്ങളിലും ഇന്ത്യയിൽ പ്രകടമായിക്കൊണ്ടിരുന്ന ദേശീയ ആവേശത്തിൻെറ അലയടി ആദ്യം മുതൽതന്നെ അനുഭവപ്പെട്ടിട്ടുണ്ട്. നാട്ടുരാജ്യങ്ങളിൽ കോൺഗ്രസ്സ് പ്രവർത്തനം നടത്തേണ്ടതില്ലെന്നായിരുന്നു 1920 വരെയുള്ള തീരുമാനം. എന്നാൽ മലബാറിൽ 1910 -ൽ തന്നെ ജില്ലാ കോൺഗ്രസ്സ് കമ്മറ്റി ഉടലെടുത്തിരുന്നു. കെ. പി. കേശവമേനോനായിരുന്നു കമ്മറ്റിയുടെ സെക്രട്ടറി. ഇന്ത്യയുടെ സ്വാതന്ത്ര്യം ലക്ഷ്യമാ

ക്കിക്കൊണ്ട് ആനിബസൻറ് എന്ന മദാമ്മ സംഘടിപ്പിച്ച 'ഹോംറൂൾ ലീഗി'ൻെറ മലബാർ ജില്ലാകമ്മറ്റി സെക്രട്ടറിയും അദ്ദേഹമായിരുന്നു. ഓരോ വർഷവും ജില്ലാ സമ്മേളനങ്ങൾ നടത്തി പ്രമേയങ്ങൾ പാസാക്കു കയും നിവേദനങ്ങൾ നടത്തുകയുമായിരുന്നു രണ്ട് പാർട്ടികളുടെയും പ്രധാന പ്രവർത്തനം. മലബാറിൽ ദേശീയസമ്മേളനം ആദ്യമായി നടക്കുന്നത് 1916-ൽ പാലക്കാട്ടു ചേർന്ന ജില്ലാ കോൺഗ്രസ്സ് വാർഷികാ ഘോഷത്തോടു കൂടിയായിരുന്നു. എന്നാൽ ഹോംറൂൾ പ്രവർത്തനം യുദ്ധപരിശ്രമങ്ങളെ തടസ്സപ്പെടുത്തുന്നു എന്നാരോപിച്ച് ആ വർഷം ആനി ബസൻറിനെയും മറ്റും ഗവൺമെൻറ് തടവിലാക്കി. ഇതിൽ പ്രതിഷേധിച്ച് കോഴിക്കോട്ടും, മറ്റിടങ്ങളിലും പ്രതിഷേധ പ്രകടനങ്ങളും പൊതുയോ ഗങ്ങളും നടന്നിരുന്നു. അടുത്ത കോൺഗ്രസ്സ് ജില്ലാസമ്മേളനം 1919-ൽ വടകരയിൽ വച്ചാണ് നടന്നത്. എന്നാൽ 1920ലെ മഞ്ചേരി സമ്മേളന ത്തിൽ കോൺഗ്രസ്സിൽ മിതവാദികളെന്നും, തീവ്രവാദികളെന്നുമുള്ള ചേരി തിരിവ് മറനീക്കി പുറത്തുവന്നു.

മലബാറിൽ നടന്ന കോൺഗ്രസ്സ് സമ്മേളനങ്ങളിൽ ഏറ്റവും പ്രാധാ ന്യമർഹിക്കുന്ന ഒന്നായിരുന്നു 1921 ഏപ്രിലിൽ ഒറ്റപ്പാലത്തു നടന്ന മഹാ സമ്മേളനം. ഈ സമ്മേളനംകഴിഞ്ഞ് 4 മാസം തികയുന്നതിനു മുമ്പാണ് ബ്രിട്ടീഷ് ആധിപത്യത്തെ ആകമാനം പിടിച്ചുകുലുക്കിയ മാപ്പിള ലഹള യെന്ന് ഇംഗ്ലീഷുകാർ വിശേഷിപ്പിക്കുന്ന 1921-ലെ ഖിലാഫത്ത് വിപ്ലവം അരങ്ങേറിയത്.

നാട്ടുരാജ്യങ്ങളായ കൊച്ചിയുടെയും തിരുവിതാംകൂറിൻെറയും രാഷ്ട്രീയ ഭാഗധേയം നിർണ്ണയിക്കപ്പെട്ടത് ഉത്തരവാദഭരണ പ്രക്ഷോഭണ ങ്ങളോടു കൂടിയാണ്. എന്നാൽ ഉദ്യോഗപ്രാതിനിധ്യം, നിയമസഭാ പ്രവേശനം, അയിത്തോച്ചാടനം തുടങ്ങിയവയ്ക്കുവേണ്ടി നടന്ന പ്രക്ഷോ ഭണങ്ങൾ പൗരാവകാശങ്ങൾക്കുവേണ്ടിയുള്ള ജനകീയ സമരങ്ങളായി രുന്നു. 1891-ലെ മലയാളി മെമ്മോറിയലും 1896-ലെ ഈഴവ മെമ്മോറി യലും ഔദ്യോഗിക തലത്തിലുണ്ടാക്കിയ ചലനങ്ങൾ നാം നേരത്തെ പറഞ്ഞു പോയതാണ്. 1921-ൽ തിരുവനന്തപുരത്തുനടന്ന ആദ്യത്തെ വിദ്യാർത്ഥിപ്രക്ഷോഭണവും അയിത്തോച്ചാടനത്തിനും സഞ്ചാര സ്വാത ന്ത്ര്യത്തിനും വേണ്ടി 1924-ൽ ആരംഭിച്ച വൈക്കം സത്യാഗ്രഹവും തിരു വിതാംകൂറിലെ ബഹുജന പ്രക്ഷോഭണങ്ങളായിരുന്നു. തിരുവിതാംകൂറിൽ റവന്യൂ വകുപ്പിൻെറ കൂടെയായിരുന്നു ദേവസ്വം ഡിപ്പാർട്ട്മെൻറ്. തന്മൂലം അയിത്തജാതികൾക്കും, അഹിന്ദുക്കൾക്കും ഈ ഡിപ്പാർട്ട്മെൻറിൽ പണി കൊടുക്കുവാൻ ജാത്യാചാരപ്രകാരം സാധ്യമാകുമായിരുന്നില്ല. നിയമ സഭയിലും, ഔദ്യോഗിക തലത്തിലും ജനസംഖ്യാനുപാതികമായി പ്രതി

നിധ്യം നേടിയെടുക്കുവാൻ ക്രിസ്ത്യാനികളും, ഈഴവരും, മുസ്ലീംകളും സംയുക്തമായി സംഘടിപ്പിച്ചതായിരുന്നു 1932-ൽ രൂപീകൃതമായ 'സംയുക്ത രാഷ്ട്രീയസമരം'. പ്രാതിനിധ്യം നിഷേധിക്കപ്പെട്ട ഈ സമുദായങ്ങൾ ഏകോപിതമായി സമര സന്നദ്ധരായി. അതിൻെറ ഭാഗമായിട്ടാണ് ശ്രീമൂലം അസംബ്ലിയിലേക്ക് തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ 'സംയുക്ത രാഷ്ട്രീയ സമിതി' ബഹിഷ്ക്കരണവുമായി മുന്നോട്ടു വന്നത്. ഇതിനെ 'നിവർത്തന പ്രസ്ഥാനം' എന്നു നാം പറഞ്ഞുപോരുന്നു. സംയുക്ത രാഷ്ട്രീയ സമിതി'യുടെ അവകാശങ്ങൾ ഓരോന്നോരോന്നായി അന്ന് തിരുവിതാംകൂർ ദിവാനായിരുന്ന സർ മുഹമ്മദ് ഹബിബുള്ള അംഗീകരിച്ചതോടുകൂടി സാമൂഹ്യതലത്തിൽ വമ്പിച്ച പരിവർത്തനമുണ്ടായി.

തിരുവിതാംകൂറിൽ രാജാവിൻെറ ഉപദേഷ്ടാവായിരുന്ന സർ. സി. പി. രാമസ്വാമി അയ്യർ 1935-ൽ ദിവാൻ ഹബിബുള്ള സ്ഥാനം ഒഴിഞ്ഞതോടുകൂടി ആ പദവിയിലേക്കുയർത്തപ്പെട്ടു. 'സംയുക്ത രാഷ്ട്രീയ സമിതി' യിൽനിന്ന് ഈഴവ സമുദായങ്ങളെയും മറ്റ് അധഃസ്ഥിത വർഗ്ഗങ്ങളെയും അടർത്തിയെടുക്കുവാനുള്ള തന്ത്രവും കൂടിയായിരുന്നു 1936-ൽ അദ്ദേഹത്തിൻെറ ഗവൺമെൻറ് പ്രഖ്യാപിച്ച ക്ഷേത്രപ്രവേശന വിളംബരം. അസംബ്ലിയിലും ഔദ്യോഗിക തലത്തിലും പ്രാതിനിധ്യം ഉറപ്പാക്കുകയും, ക്ഷേത്രപ്രവേശനം കരഗതമാവുകയും ചെയ്തതോടെ 'സംയുക്ത രാഷ്ട്രീയ സമിതി'യുടെ പ്രസക്തി ഏറെക്കുറെ നഷ്ടപ്പെട്ടിരുന്നു. തത്ഫലമായി പ്രബുദ്ധ സമുദായമായിരുന്ന നായന്മാരെയുംകൂടി ഉൾപ്പെടുത്തി ഉത്തരവാദ ഭരണത്തിന് ശ്രമിക്കണമെന്ന ആശയം പ്രബലമായിതീർന്നതിൻെറ ഫലമായിട്ടാണ് എല്ലാ സമുദായങ്ങളും ഉൾക്കൊള്ളുന്ന 'തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സ് ' രൂപീകൃതമാകുന്നത്. ഉത്തരവാദിത്ത പ്രക്ഷോഭണം അമർച്ച ചെയ്യുവാൻ സർ. സി. പി. നടത്തിയ ഭീകര വാഴ്ചയിൽ മനോരമയ്ക്കും, പത്രാധിപർ മാമ്മൻ മാപ്പിളയ്ക്കും അഭിമുഖീകരിക്കേണ്ടതായി വന്ന കെടുതികളൊക്കെ വിശദമായി പിന്നീട് വിവരിക്കുന്നതാണ്. മലയാള മനോരമയും പ്രസ്സും കണ്ടുകെട്ടുകയും, മാമ്മൻ മാപ്പിളയും, മകനും, സഹോദരനും. തടവിലാക്കപ്പെടുകയും ചെയ്തതിനുശേഷം തിരുവിതാംകൂറിനെ ആകമാനം ഞെട്ടിച്ച ഭയാനക സംഭവമായിരുന്നു 1946-ൽ നടന്ന വയലാർ - പുന്നപ്ര സമരം. സി. പി.യുടെ സ്വതന്ത്ര തിരുവിതാംകൂർ വാദവും, അമേരിക്കൻ മോഡൽ ഭരണവും ഇന്ത്യയിലാകമാനം തീക്ഷ്ണമായ പ്രതിഷേധത്തിന് ഇടവരുത്തിയവയാണ്. ഇതിനെതിരായി തിരുവിതാംകൂറിലും കൊച്ചിയിലും നടന്ന രാഷ്ട്രീയ പ്രക്ഷോഭണങ്ങളും അവയെ നേരിടുവാൻ കൈക്കൊണ്ട കിരാത മർദ്ദനങ്ങളുമൊക്കെ വിസ്തൃത പ്രതിപാദനാർഹമായതുകൊണ്ട് ഇവിടെ വിശദീകരി

ക്കുന്നില്ല. വെടിവയ്പ്പും ലാത്തിച്ചാർജും നിത്യസംഭവമായി മാറിയിരുന്ന സംഘർഷാവസ്ഥ നിലനിൽക്കുമ്പോഴാണ് സ്വാതിതിരുനാൾ സംഗീത അക്കാദമിയിൽ പാട്ടു കച്ചേരിക്കെത്തിയ സ്വേച്ഛാധിപതിയായ സി. പി.യെ ആസൂത്രിത പദ്ധതിയനുസരിച്ച് 1947 ജൂലൈ 28-ന് കെ. സി. എസ്. മണി വെട്ടി മുഖത്തു പരുക്കേല്പിച്ചത്. അധികം താമസിയാതെ 1947 ഓഗസ്റ്റ് 19-ാം തീയിതി അദ്ദേഹം തിരുവിതാംകൂറിൽനിന്നും രക്ഷപെട്ടു.

'ഭൂകമ്പങ്ങളുടെ കാലം' എന്നു മൂർക്കോത്ത് കുഞ്ഞപ്പ വിശേഷിപ്പിക്കുന്ന സുദീർഘമായ അരനൂറ്റാണ്ടിന്റെ വെല്ലുവിളികളെ സധൈര്യം അഭിമുഖീകരിക്കുക എന്ന ദൗത്യം സന്തോഷപൂർവം ഏറ്റെടുക്കുവാൻ തയ്യാറായ മാമ്മൻ മാപ്പിള തന്റെ സുചിന്തിതമായ ആശയങ്ങളും വൈജ്ഞാനിക സിദ്ധികളുംകൊണ്ട് മലയാള മനോരമയെ പ്രബുദ്ധ കേരളത്തിന്റെ ജിഹ്വയാക്കി മാറ്റി. "പത്രപ്രവർത്തനം അവികസിതമായിരുന്ന കാലത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസം കൊണ്ട് സിദ്ധിച്ച വിജ്ഞാനവും, സ്വന്തം പ്രതിഭാ വിലാസവും മാമ്മൻ മാപ്പിളയെ അന്നത്തെ ഒരു മികച്ച ജേർണലിസ്റ്റാക്കിത്തീർത്തു" എന്നാണ് കെ. എ. ദാമോദരമേനോൻ പറയുന്നത്. രാഷ്ട്രീയ-സാമൂഹ്യ മണ്ഡലങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ ശരിക്കും ഉൾക്കൊള്ളാൻ കഴിവുള്ള മനസ്സിന്റെ ഉടമയ്ക്കു മാത്രമേ ലക്ഷ്യബോധത്തോടെ നടത്തുന്ന ഒരു പത്രത്തിന്റെ സാരഥ്യം അക്കാലത്ത് കയ്യാളാൻ സാധിക്കുമായിരുന്നുള്ളൂ. ലോകത്തിന്റെ വിവിധ കോണുകളിൽ മനുഷ്യശ്രദ്ധയെ പിടിച്ചു പറ്റുന്ന നിരവധി സംഭവങ്ങൾ നിത്യേനയെന്നോണം നടന്നുകൊണ്ടിരുന്നു. ഇവയുടെ കാര്യകാരണങ്ങൾ ശരിയാംവണ്ണം വിശകലനം ചെയ്ത് വായനക്കാരുടെ മുമ്പിൽ അവർക്ക് താൽപര്യം ജനിപ്പിക്കും വിധം ഭംഗിയായി അവതരിപ്പിക്കുക എളുപ്പമുള്ള കാര്യമായിരുന്നില്ല. ഇവ സമർത്ഥമായി നിർവ്വഹിക്കണമെങ്കിൽ 'മലയാള മനോരമ'യിൽ അതുവരെ അനുവർത്തിച്ചുപോന്ന രീതികൾക്കു കാലാനുസൃതമായ പരിഷ്ക്കാരങ്ങൾ ആവശ്യമാണെന്ന് മാമ്മൻ മാപ്പിള മനസ്സിലാക്കി. മലയാളമനോരമയുടെ സ്ഥാപക പത്രാധിപരായ കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ പ്രഖ്യാപിതനയം ഭാഷയെയും സാഹിത്യത്തെയും പുഷ്ക്കലമാക്കുക എന്നതായിരുന്നുവല്ലോ. മാമ്മൻ മാപ്പിള പത്രാധിപരായതോടുകൂടി 'മലയാള മനോരമ'യുടെ സംവിധാനത്തിലും നടത്തിപ്പിലും കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തുകയാണു ചെയ്തത്. ഭാഷയെയും, സാഹിത്യത്തെയും തിരസ്ക്കരിച്ചുകൊണ്ടുള്ളതായിരുന്നില്ല ആ പ്രവർത്തന ശൈലി. ദേശീയവും പ്രാദേശികവുമായ സംഭവവികാസങ്ങൾ വായനക്കാരിൽ എത്തിക്കുക പത്രത്തിന്റെ പ്രാഥമിക ചുമതലയായി അദ്ദേഹം കരുതി. തദനുസൃതം വാർത്താ പ്രാധാന്യമുള്ള കാര്യങ്ങൾ എവിടെ നടന്നതായാലും അവ തന്റെ വായനക്കാരെ

അറിയിച്ച് അവരിൽ പത്രവായനാശീലവും വിജ്ഞാന തൃഷ്ണയും വളർത്തുവാനുള്ള ശ്രമങ്ങളാണദ്ദേഹം നടത്തിയത്. പഠനാർഹങ്ങളും, വിജ്ഞാനപ്രദങ്ങളുമായ മുഖപ്രസംഗങ്ങളിലൂടെയും ശാസ്ത്രം, ചരിത്രം, തത്വശാസ്ത്രം, കൃഷിശാസ്ത്രം തുടങ്ങിയവയെ ആധാരമാക്കിയുള്ള ലേഖനങ്ങളിലൂടെയും, കേരളത്തെയും, കേരളീയരെയും, പ്രബുദ്ധരാക്കുക എന്ന ദൗത്യമാണ് അദ്ദേഹം നിർവ്വഹിച്ചത്.

ഏകദേശം ഒരു നൂറ്റാണ്ടുമുമ്പ് ഏതു വിധമാണ് പത്രം നടത്തിയിരുന്നതെന്ന് ഊഹിക്കുവാൻ പോലും ഇന്നത്തെ പത്ര സംവിധാനങ്ങൾ മാത്രം കണ്ടുപരിചിതരായിട്ടുള്ളവർക്കു സാധ്യമാവുകയില്ല. ജേർണലിസത്തിൻെറ ഓരോ അംശങ്ങളിലും പ്രത്യേക പരിശീലനം നേടിയ വിദഗ്ദ്ധരുടെ കൂട്ടായ്മയാണല്ലോ, ഓരോ പത്ര സ്ഥാപനങ്ങളിലും ഇന്നുള്ളത്. ഈ സ്പെഷ്യലിസ്റ്റുകളുടെ സംഘടിത പ്രവർത്തനവും അച്ചടിയിൽ അത്ഭുതകരമായി വികാസം കൊണ്ട സാങ്കേതിക നൈപുണ്യവും ഇന്ന് ഓരോ പത്രത്തിൻെറയും പുറകിലുമുണ്ട്. പത്രത്തിൻെറ നയരൂപീകരണവും മേൽനോട്ടവും മറ്റ് ക്രമീകരണങ്ങളുമാണ് ഇന്ന് മുഖ്യ പത്രാധിപന്മാർക്ക് പ്രധാനമായും നിർവ്വഹിക്കുവാനുള്ളത്. ഇന്നത്തെപ്പോലെ സാങ്കേതിക സൗകര്യമോ സമർത്ഥരായ പത്രപ്രവർത്തകരോ ഇല്ലാതിരുന്നതും പത്രത്തിൻെറ സർവ്വത്ര കാര്യങ്ങളും പത്രാധിപരുടെ ചുമതലയിൽ അർപ്പിതമായിരുന്നതുമായ കാലത്താണ് ഈ ഭാരം തലയിലേറ്റാൻ മാമ്മൻ മാപ്പിള ധൈര്യപ്പെട്ടത്. അതു നിഷ്പ്രയാസം വിജയകരമാക്കാൻ സാധിച്ചു എന്നതുകൊണ്ടാണ് പത്രപ്രവർത്തന രംഗത്ത് അതുല്യപ്രഭാവനായി വിരാജിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞതും. നിരന്തരമായ വായനയിലൂടെ ആർജിച്ച അറിവ് നിസ്തുലമായ പാണ്ഡിത്യത്തിൻെറ ഉടമയാക്കി അദ്ദേഹത്തെ മാറ്റിയിരുന്നു. ജീവിതത്തിലെ ഏറ്റവും വലിയ ആനന്ദം നല്ല നല്ല പുസ്തകങ്ങൾ വായിക്കുന്നതിലാണെന്ന് അദ്ദേഹം പറഞ്ഞിരുന്നു. എന്നുമാത്രമല്ല, അദ്ദേഹത്തെ അറിയാവുന്ന എല്ലാവരും തന്നെ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. വായിക്കുന്ന വിഷയങ്ങളെക്കുറിച്ച് വിമർശനബുദ്ധ്യാ അപഗ്രഥിക്കുവാനുള്ള അദ്ദേഹത്തിൻെറ സാമർത്ഥ്യം അപാരമായിരുന്നു താനും. ഏതു സങ്കീർണ്ണ വിഷയമായിരുന്നാലും അവയെ വായനക്കാർക്കു മനസ്സിലാകുംവിധം ലളിതമായ ഭാഷയിൽ പുനരാവിഷ്ക്കരിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

വിശ്വസാഹിത്യവും ദർശനങ്ങളും ലോകചരിത്രവും രാഷ്ട്രമീമാംസയും ഹൃദിസ്ഥമാക്കുവാൻ സാധിച്ചിരുന്ന അദ്ദേഹത്തിന് പാർലമെൻററി സമ്പ്രദായത്തെക്കുറിച്ചും ജീവശാസ്ത്രം, കൃഷിശാസ്ത്രം, ആരോഗ്യശാസ്ത്രം തുടങ്ങിയ വിജ്ഞാനശാഖകളെക്കുറിച്ചും നല്ല പരിചയമുണ്ടായിരുന്നു. കേരളത്തിൻെറ പൊതുവെയും തിരു-കൊച്ചിയുടെ പ്രത്യേ

കമായും ഈ അരനൂറ്റണ്ടിൻെറ ചരിത്രം മാമ്മൻ മാപ്പിളയുടെ സുദീർഘമായ ജീവിത സംഭാവനകളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. തൻെറ ദീർഘദൃഷ്ടിയോടുകൂടിയുള്ള ആസൂത്രണങ്ങൾക്കും പ്രവർത്തന പദ്ധതികൾക്കും ആവിഷ്ക്കാര മാധ്യമമായി മലയാള മനോരമയെ അദ്ദേഹം കരുപ്പിടിപ്പിച്ചു. കെ. സി. മാമ്മൻ മാപ്പിള എന്ന പത്രാധിപരിലൂടെയാണ് 'മലയാള മനോരമ' കൂടുതൽ യശസ്സിലേക്കുയർന്നത്.

'മനോരമ'യുടെ ആരംഭത്തിൽത്തന്നെ കേരളത്തെ ഏകമായ ഒരു സംസ്ഥാനമായി കണ്ടുകൊണ്ട് മലബാർ , കൊച്ചി, തിരുവിതാംകൂർ എന്നീ സ്ഥലങ്ങളിലെ വാർത്തകൾ വറുഗീസ് മാപ്പിള പ്രസിദ്ധീകരിച്ചിരുന്നു. ഇത് കൂടുതൽ വ്യാപകമാക്കുക മാത്രമല്ല, ലോകത്ത് എവിടെ നടക്കുന്ന വാർത്താ പ്രാധാന്യമുള്ള സംഭവങ്ങളത്രയും ഉൾക്കൊള്ളിക്കുകയും ചെയ്തു. 1904-ൽ ആരംഭിച്ച റഷ്യ-ജപ്പാൻ യുദ്ധത്തിൻെറ ഗതിവിഗതികൾ 'മനോരമ'യിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. റഷ്യയുടെ മേൽ ജപ്പാൻ നേടിയ വിജയംമൂലം പൂർവ്വേഷ്യൻ രാജ്യങ്ങൾക്ക് പുത്തനായുണ്ടായ ഉണർവു നിസാരമായിരുന്നില്ല. ഇവയെല്ലാം വേണ്ടുംവിധം വായനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തുക വഴി രാജ്യാന്തര വാർത്തകളോട് കേരളീയർക്ക് പ്രതിപത്തിയുണ്ടാക്കുവാൻ ഏറെ യത്നിച്ചിട്ടുണ്ട്. പൗരസ്ത്യദേശത്തെ ചെറിയ ഒരു രാജ്യത്തിന് റഷ്യയെപ്പോലുള്ള ഒരു വൻശക്തിയെ പരാജയപ്പെടുത്തുവാൻ കഴിഞ്ഞത് ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾക്കാകമാനം ആവേശജനകമായിരുന്നു. കേരളീയർക്കും ഈ ആവേശത്തിൽ പങ്കുചേരാൻ സാധിക്കണമെങ്കിൽ യുദ്ധത്തെക്കുറിച്ചുള്ള വാർത്തകൾ വായനക്കാർക്ക് യഥാസമയം ലഭിക്കണം. വിദേശരാജ്യങ്ങളിൽ നടക്കുന്ന പലതും കേരളീയർ അറിയേണ്ടവയാണെന്നും അവയിലേക്കാകർഷിക്കപ്പെട്ടാൽ ജനം കൂടുതൽ വിദേശ വിഷയങ്ങളറിയുവാൻ താല്പര്യം പ്രകടിപ്പിക്കുമെന്നും അങ്ങനെ വന്നാൽ മാത്രമേ വിശാലമായ ഒരു വായനാസംസ്കാരം നാട്ടിൽ ഉണ്ടാകുകയുള്ളൂവെന്നും ബോദ്ധ്യമുണ്ടായിരുന്ന മാമ്മൻ മാപ്പിള പത്രത്തിലൂടെ നടത്തിയിരുന്ന അത്തരം പൊടിക്കൈകൾ ഏവരുടെയും ശ്രദ്ധപിടിച്ചുപറ്റുന്നവയായിരുന്നു. 1905 ജനുവരി 25-ാം തീയതിയിലെ മനോരമയിൽ കാണുന്ന ചില വിദേശ വാർത്തകൾ ആണ് താഴെക്കൊടുക്കുന്നത്. "മൊറോക്കോയിലെ ചെറുപ്പക്കാരനായ സുൽത്താൻെറ ഭാര്യമാരിൽ എല്ലാ വർണ്ണത്തിലുമുള്ള സ്ത്രീകൾ ഉണ്ട്. നല്ല വെള്ള നിറമുള്ള സർക്കേഷ്യൻ സ്ത്രീകളും നൈഗറിലെ കരിക്കട്ടപോലെയുള്ള സ്ത്രീകളും സുൽത്താൻെറ ഭാര്യമാരാണ്. ഇവരുടെ ഭക്ഷണത്തിനും, വസ്ത്രധാരണത്തിനും മറ്റും വേണ്ടതിലധികം സുഗന്ധദ്രവ്യങ്ങൾക്ക് തനിച്ച് ചെലവുണ്ടത്രേ." മറ്റൊന്ന് "മെക്സിക്കോയിലെ ഒരു പാവപ്പെട്ട ആട്ടിടയൻെറ ഭാര്യയായ മെൻസി ഡിസ്ലോപ്പസ് എന്നു പേരായ സ്ത്രീ

യുടെ തലമുടി ഏറ്റവും അസാധാരണമായിട്ടുള്ളതാണ്. ഈ സ്ത്രീക്ക് അഞ്ചടി ഉയരമുണ്ട്. എങ്കിൽ ഇവൾനിന്ന് മുടി അഴിച്ചാൽ നിലത്ത് മുടി നാലടി എട്ടിഞ്ച് വീണു കിടക്കും. മുടിക്ക് നീളം മാത്രമല്ല നല്ല ഘനവും ധാരാളതയും ഉണ്ട്. ഇത് ക്ഷണത്തിൽ വളരുന്നതിനാൽ ഈ സ്ത്രീ നാലുമാസം കൂടുമ്പോൾ മുടി മുറിച്ച് കളയാറുണ്ട്." ഇതുപോലെ വേറൊരു വാർത്ത അന്നത്തെ പത്രത്തിൽതന്നെ ചേർത്തിട്ടുള്ളതിതാണ്. "ഭൂലോകത്തുള്ള തീവണ്ടിപ്പാതകളിൽ ഏറ്റവും വളവുള്ളത് ബോഡ്വൻ എന്ന സ്ഥലത്തുനിന്ന് ഫ്രിഡൻസ് എന്ന സ്ഥലത്തേക്കുള്ളതാണ്. ഈ രണ്ടു സ്ഥലങ്ങൾ തമ്മിൽ ആകെ അഞ്ച് മൈൽ ദൂരമേയുള്ളൂവെങ്കിലും തീവണ്ടിപ്പാതയ്ക്ക് ഏകദേശം20 മൈൽ നീളമുണ്ട്. 1905 ജനുവരി 28-ലെ 'മനോരമ' നൽകുന്ന വിവരം "റഷ്യയിൽ ആകെ അറുപത് ഭാഷകൾ നടപ്പുണ്ട്" എന്നാണ്. അതിൻെറ പിറ്റേദിവസത്തെ പത്രത്തിൽ പറയുന്നത് "ജപ്പാൻെറ ഡോക്ടർമാർ പ്രതിഫലത്തിനായി രോഗികൾക്ക് ബിൽ അയക്കുന്ന പതിവില്ലായിരുന്നു. സ്വമനസ്സാലെ വല്ലതും കൊടുത്താൽ അതു വാങ്ങും." എന്നാകുന്നു. മറ്റൊരു രസകരമായ വാർത്ത 1905 ഫെബ്രുവരി നാലാം തീയതിയിലെ 'മനോരമ'യിൽ ഉള്ളതിതാണ്. "ഹംഗറിയിൽ ആദ്യത്തെ ഭാര്യജീവിച്ചിരിക്കുമ്പോൾ രണ്ടാമത് വിവാഹം ചെയ്യുന്നവരെ ശിക്ഷിക്കുന്നതിന് വളരെ രസകരമായ ഒരു വിദ്യ കണ്ടുപിടിച്ചിട്ടുണ്ട്. ഇത് മറ്റൊന്നുമല്ല ഈ കുറ്റം ചെയ്യുന്നവർ തങ്ങളുടെ രണ്ട്ഭാര്യമാരോടുകൂടി ഒരു വീട്ടിൽതന്നെ താമസിക്കണമെന്നുള്ളതാകുന്നു."

ബുധനാഴ്ചയും ശനിയാഴ്ചയുമായി ആഴ്ചയിൽ രണ്ടുപ്രാവശ്യം ആറ് പേജുകളോടും ഓരോ പേജിലും അഞ്ച് കോളങ്ങളോടും കൂടി പുറത്തുവന്നുകൊണ്ടിരുന്ന 'മലയാള മനോരമ' സ്വദേശ വാർത്തകളോടൊപ്പം വിദേശ വാർത്തകളും കൈകാര്യം ചെയ്തിരുന്നത് വായനക്കാരിൽ വിശാലമനസ്ഥിതി സംജാതമാക്കുവാൻ ഏറെ സഹായിച്ചിട്ടുണ്ട്. ഇവയോടൊപ്പം കാർഷിക കേരളത്തിൻെറ അഭിവൃദ്ധിയെ ലക്ഷ്യംവച്ചുകൊണ്ട് കായൽ കൃഷി, റബ്ബർ കൃഷി, പ്ലാൻേറഷൻ തുടങ്ങിയവയെക്കുറിച്ചുള്ള പരോപകാരപ്രദമായ ലേഖനങ്ങൾ മനോരമ മുടങ്ങാതെ പ്രകാശിപ്പിച്ചിരുന്നു. ബാങ്കിംഗ് , ചിട്ടികൾ, കുറികൾ, തോട്ടം കൃഷി, വ്യവസായങ്ങൾ എന്നിവക്ക് സ്ഥിരം പംക്തികൾ ഒരു പത്രത്തിൽ ആദ്യമായി ആരംഭിച്ചത് മനോരമയാണ്. ജനങ്ങൾക്കാവശ്യമുള്ളതും, പത്രത്തിൽ വരണമെന്ന് അവർ ആഗ്രഹിക്കുന്നതുമായ പല സ്ഥിരം പംക്തികളും സ്ഥലം പിടിച്ചത് മാമ്മൻ മാപ്പിളയുടെ കാലത്തായിരുന്നു. ഓരോ ആഴ്ചയിലും അവശ്യസാധനങ്ങളുടെ കമ്പോള നിലവാരം മനോരമയിൽ പ്രസിദ്ധീകരിക്കുക പതിവായിരുന്നു. ആലപ്പുഴയും, കൊച്ചിയുമായിരുന്നല്ലോ അക്കാലത്തെ പ്രധാന വ്യാപാര കേന്ദ്രങ്ങൾ. ഈ രണ്ടു സ്ഥലത്തെയും നെല്ല്, അരി,

കൊപ്ര, വെളിച്ചെണ്ണ, കുരുമുളക്, കയർ തുടങ്ങിയവയുടെ തരം തിരിച്ചുള്ള 'വിലനിലവാരം' 'കച്ചവടക്കാര്യം' എന്ന ശീർഷകത്തിൽ മുടങ്ങാതെ കൊടുത്തുകൊണ്ടിരുന്നത് കച്ചവടക്കാരെയും വ്യാപാരികളേയും പത്രവുമായി ബന്ധിപ്പിക്കുവാൻ കൂടുതൽ സഹായിച്ചിട്ടുണ്ട്. അതുപോലെ വിവാഹങ്ങളെയും, മരണങ്ങളെയും കുറിച്ചുള്ള വാർത്തകളും ജനശ്രദ്ധയെ ആകർഷിച്ചവയാണ്.

ഇന്ന് എല്ലാ പത്രങ്ങളും ഒരുപോലെ സ്ഥിരം പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നവയാണല്ലോ ഉദ്യോഗനിയമനങ്ങളും, പ്രമോഷനുകളും സ്ഥലം മാറ്റങ്ങളുമൊക്കെ. വായനക്കാർക്ക് താൽപര്യമുള്ള ഇത്തരം കാര്യങ്ങൾക്ക് തുടക്കം കുറിച്ചത് മലയാള മനോരമയിലാണെന്നുള്ള വസ്തുത നമുക്കിവിടെ ഓർക്കാം. ഇന്ന് ഇതൊന്നും അത്രവലിയ കാര്യമല്ലെങ്കിലും അക്കാലത്ത് ഇവയ്ക്കുണ്ടായിരുന്ന പ്രാധാന്യം വിസ്മരിക്കാവുന്നതല്ല. പ്രാദേശിക വാർത്തകളിൽ ഉൾക്കൊള്ളിച്ചിരുന്ന വൈവിധ്യമാർന്ന വാർത്താശകലങ്ങൾ പ്രാധാന്യമർഹിക്കുന്നവയാണ്. അതുപോലെ കോട്ടയം പട്ടണത്തെക്കുറിച്ചും തലസ്ഥാനത്ത് നടക്കുന്ന സംഭവങ്ങളെപ്പറ്റിയും വാർത്തകൾ മാത്രമല്ല, ദീർഘമായ ഉപന്യാസങ്ങളും മുഖലേഖനങ്ങളും മനോരമയിൽ നിരന്തരം പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. കോടതി നടത്തിപ്പുകളെക്കുറിച്ചും ഉദ്യോഗസ്ഥന്മാരുടെ അഴിമതിളെയും അനാസ്ഥകളെയും സംബന്ധിച്ചും മാമ്മൻ മാപ്പിള മുഖപ്രസംഗങ്ങളിൽ ദീർഘമായി പ്രതിപാദിച്ചിട്ടുണ്ട്. സർക്കാരിൻെറ നീരസം ഉണ്ടായേക്കാവുന്ന കാര്യങ്ങളാണെങ്കിൽ കൂടിയും അവ വെട്ടിത്തുറന്നു പറയുവാൻ അദ്ദേഹം മടികാണിച്ചില്ല. അതുകൊണ്ടാണ് ഏതു സംഗതിയിലും 'മനോരമ'യുടെ അഭിപ്രായമെന്താണെന്നറിയുവാൻ എല്ലാ ആളുകളും ആകാംക്ഷയോടെ കാത്തിരുന്നത്. വായനക്കാർക്ക് പത്രത്തോടുള്ള താല്പര്യം നിലനിർത്തുവാനാവശ്യമായ വിധമായിരുന്നു 'പൗരനിവേദനങ്ങൾ' എന്ന പംക്തി സംവിധാനം ചെയ്തിരുന്നത്. ഇന്ന് പത്രാധിപർക്കുള്ള കത്തുകളിലൂടെയാണല്ലോ വായനക്കാർ പ്രതികരിച്ചുകൊണ്ടിരിക്കുന്നത്. ഇതിൻെറ തുടക്കം കുറിച്ചതും 'മലയാള മനോരമ'യാണ്. 'പൗരനിവേദനങ്ങൾ' എന്ന പംക്തിയിലൂടെ നാട്ടിൽ ആവശ്യമുള്ള പരിഷ്ക്കാരങ്ങളെക്കുറിച്ചും നിലവിലിരുന്ന പോരായ്മകളെ സംബന്ധിച്ചും അധിരകാരികളെ ഉണർത്തുവാൻ ഈ പംക്തി പ്രയോജനപ്പെട്ടു. അതുപോലെ നാടിൻെറയും ജനങ്ങളുടെയും അടിയന്തിരാവശ്യങ്ങളെ അധികാരി വർഗ്ഗത്തിൻെറ മുൻപിലവതരിപ്പിക്കാനും പ്രശ്നങ്ങൾക്കു പരിഹാരം കാണുവാനും ഏറെ ഉപകരിച്ചവയാണ് മാമ്മൻ മാപ്പിളയുടെ മുഖക്കുറിപ്പുകളും വാർത്താ സംവിധാനങ്ങളും.

നമ്മുടെ ആനുകാലിക പ്രസിദ്ധീകരണങ്ങളിലൊക്കെ വളരെ പ്രാധാന്യം തുടർക്കഥകൾക്കും നോവലുകൾക്കുമുണ്ടല്ലോ. വാരികകളും

പത്രങ്ങളും തുടർച്ചയായി വായിക്കുവാനുള്ള ഔത്സുക്യം വർദ്ധിപ്പിക്കുക എന്നതാണ് ഇതിൻെറ ലക്ഷ്യംഏതു പത്രത്തിൻെറ പ്രചാരണത്തിനും ഇതൊക്കെ വളരെ സഹായകവുമാണ്. വായനക്കാരെ പത്രവുമായി കൂടുതൽ ബന്ധിക്കുവാൻ ഉതകുന്ന ഇത്തരം വിഷയങ്ങളുടെ പ്രസിദ്ധീകരണങ്ങൾക്ക് ഹരിശ്രീ കുറിച്ചതും 'മലയാള മനോരമ'തന്നെ. കണ്ടത്തിൽ വറുഗീസ് മാപ്പിള തുടങ്ങിവച്ച ഈ രീതി ഏറെ ഫലവത്താക്കുകയാണ് മാമ്മൻ മാപ്പിള ചെയ്തത്. നോവലുകൾ ഖണ്ഡശഃ മനോരമയിൽ പ്രത്യക്ഷപ്പെട്ടു. ഇന്നത്തെപ്പോലെ നോവലെഴുത്തുകാർ അത്രയൊന്നുമില്ലാതിരുന്ന ആ കാലത്ത് ഇംഗ്ലീഷ് നോവലുകളുടെ വിവർത്തനങ്ങൾ പ്രസിദ്ധീകരിച്ചാണ് മാമ്മൻ മാപ്പിള ആ കുറവ് പരിഹരിച്ചത്. തുളസീദാസിൻെറ 'രാമചരിത മാനസം', വെണ്ണിക്കുളം ഗോപാലക്കുറുപ്പിനെക്കൊണ്ട് തർജ്ജമ ചെയ്യിച്ചു മനോരമയിൽ പ്രസിദ്ധീകരിച്ചത് മാമ്മൻ മാപ്പിളയുടെ ശ്രമഫലമായിട്ടാണ്. മാമ്മൻ മാപ്പിളയുടെ നിരന്തരമായ സമ്മർദ്ദവും തുടർച്ചയായ പ്രോത്സാഹനവും കൊണ്ടായിരുന്നു കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ 'ഐതിഹ്യമാല'വെളിച്ചം കണ്ടത്. ഇത് ക്രോഡീകരിച്ച് എട്ട് വാള്യങ്ങളായി പ്രസിദ്ധീകരിച്ചതും അദ്ദേഹം തന്നെയായിരുന്നു. അതുപോലെ സഹൃദയർക്കൊക്കെ വളരെ താൽപര്യം ഉണ്ടാക്കത്തക്കവിധം പൊതു പ്രാധാന്യമുള്ള വിഷയങ്ങൾ ഏതുതന്നെയായാലും അവയെപ്പറ്റി അനുകൂല-പ്രതികൂല പ്രതികരണങ്ങൾ പ്രകാശിപ്പിക്കുവാൻ അദ്ദേഹം സന്നദ്ധനായിരുന്നു. 'മനോരമ'യുടെ അഭിപ്രായത്തിന് വിരുദ്ധമായിട്ടുള്ളവയാണെങ്കിൽ കൂടിയും ആനുകാലിക പ്രശ്നങ്ങളെ സംബന്ധിച്ചുള്ള വാദപ്രതിപാദങ്ങൾക്കു സ്ഥലമനുവദിക്കുവാൻ 'മനോരമ' പിശുക്കു കാണിച്ചിരുന്നില്ല. 1909-ൽ അന്നത്തെ സാഹിതീഭക്തന്മാർ രണ്ടു ചേരിയിലായിനിന്ന് ദ്വിതീയാക്ഷര പ്രാസത്തെ സംബന്ധിച്ച് നടത്തിയ വാദപ്രതിവാദങ്ങൾ ഭാഷാ സാഹിത്യത്തിൽ എന്നും ഓർമ്മിക്കപ്പെടുന്നതാണ്. 1908-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ വച്ച് ഭാഷാ കവിതയെന്ന വിഷയത്തെ ആസ്പദമാക്കി കെ. സി. കേശവപിള്ള ചെയ്ത പ്രസംഗമായിരുന്നു ഈ വിവാദത്തിന് ഹേതുവായത്. കേശവപിള്ള, ഏ. ആർ. രാജരാജവർമ്മ, ഉള്ളൂർ. എസ് പരമേശ്വരയ്യർ തുടങ്ങിയവർ നേതൃത്വം കൊടുത്ത ഈ വാദകോലാഹലം സജീവമായ ചർച്ചക്കു വിഷയീഭവിച്ചിട്ടുണ്ടല്ലോ. മറ്റു പത്രങ്ങളൊന്നും പ്രസിദ്ധീകരിക്കുവാൻ തയ്യാറില്ലായിരുന്ന സന്ദർഭത്തിൽ ഒരു നിഷ്പക്ഷമതിയുടെ നിസ്സംഗതയോടുകൂടി മാമ്മൻ മാപ്പിള ഈ തർക്കം തൻെറ 'ഭാഷാപോഷിണി' മാസികയിൽ തുടർച്ചയായി പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. 'ഭാഷാപോഷിണി'ക്കും തദ്വാര 'മലയാള മനോരമ'യ്ക്കും സഹൃദയ സമക്ഷം കൂടുതൽ മാന്യതയും അംഗീകാരവും നേടിക്കൊടുത്ത സംഭവമായിരുന്നു അത്. ഏതു വിഷയവും വായനക്കാ

രുടെ അഭിരുചി മനസ്സിലാക്കി പ്രചാരണം കൊടുക്കുകയെന്നത് പത്രധർമ്മമായി അദ്ദേഹം കരുതി. കേരളത്തിലെ പ്രമുഖ സാഹിത്യകാരൻമാരുടെയും, ദേശസ്നേഹികളുടെയും സംഭാവനകളും അവരുടെ സ്വഭാവവിശേഷങ്ങളും ജീവിതകഥകളും 'മഹച്ചരിത്രങ്ങൾ' എന്ന പരമ്പരയിലൂടെ 'മലയാള മനോരമ' പ്രാധാന്യം നല്കി പ്രകാശനം ചെയ്തിട്ടുണ്ട്. ഇതൊക്കെ കൂടുതൽ വായനക്കാരെ സൃഷ്ടിക്കുവാൻ കാരണമായി. ജനങ്ങളെ പത്രവുമായി ബന്ധിപ്പിച്ച് അതിന് കൂടുതൽ പ്രചാരം ഉണ്ടാക്കുകയെന്നലക്ഷ്യം സഫലീകൃതമായി എന്നതാണ് മനോരമയുടെ വരിക്കാരുടെ വർദ്ധനവു കാണിക്കുന്നത്.

ആരോഗ്യ സംബന്ധമായി എഴുതിയിരുന്ന ലേഖനങ്ങൾക്ക് പുറമേ കായിക കേരളത്തെ ബലിഷ്ഠമാക്കുവാൻ സഹായിക്കുന്നവയായിരുന്നു ക്രിക്കറ്റ് ,ഹോക്കി, ബാഡ്മിൻറൺ, ഫുട്ബോൾ, നാടൻ പന്തുകളി, ചതുരംഗം തുടങ്ങിയ വിനോദങ്ങളെക്കുറിച്ചുള്ള വാർത്തകളും വിശദീകരണങ്ങളും. ഒരു കാലത്ത് ഇന്ത്യയിലെ പ്രത്യേകിച്ച്, കേരളത്തിലെ പ്രഭുവർഗ്ഗത്തിൻെറ ഏറ്റവും വലിയ വിനോദമായിരുന്ന ചതുരംഗം കളി ഇവിടെനിന്ന് കുറേശ്ശെക്കുറേശ്ശയായി തിരോഭവിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റിയും, അമേരിക്കയും റഷ്യയും ആ സ്ഥാനത്തേക്കു വളർന്നുകൊണ്ടിരിക്കുന്നതിനെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ ഒരു സ്ഥിരം പംക്തിതന്നെ 'മലയാള മനോരമ' തുടങ്ങിയിരുന്നു. ഹോക്കി, ക്രിക്കറ്റ്, ബാഡ് മിൻറൺ, ടെന്നീസ് മുതലായ കളികളുടെ പ്രാധാന്യം മുൻകൂട്ടിക്കണ്ട് കേരളീയർ ഇവയിൽ പിന്നോക്കം പോകരുതെന്ന് ആശിച്ച മാമ്മൻ മാപ്പിള അവയെക്കുറിച്ച് 'മനോരമ'യിലൂടെ ആവശ്യമായ അറിവ് നല്കിക്കൊണ്ടിരുന്നു. നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ ആളുകളെ ആകർഷിക്കുന്ന വിനോദങ്ങളാണല്ലോ ഇന്ന് ക്രിക്കറ്റും ടെന്നീസും ഹോക്കിയുമൊക്കെ. അവയെന്താണെന്നുപോലും അറിയാതിരുന്ന കാലത്താണ് തത്സംബന്ധമായി വിജ്ഞാനപ്രദമായ വിവരണങ്ങൾ വായനക്കാരുടെ സവിധത്തിൽ അദ്ദേഹം എത്തിച്ചുകൊണ്ടിരുന്നത്.

കുട്ടികളെയും സ്ത്രീകളെയും പത്രപാരായണത്തിൽ ഉത്സുകരാക്കാനുള്ള ശ്രമവും വിജയകരമായി അദ്ദേഹം നടത്തി. ഇതിന് ഉതകുംവിധമായിരുന്നു 'ബാലപംക്തി'യും 'മഹിളാ പംക്തി'യും 'മനോരമ'യിൽ ആരംഭിച്ചത്. 1910 ഏപ്രിൽ 16-ാം തീയതിയിലെ മനോരമയിൽ 'ചെറിയ കുട്ടികളും പത്രപാരായണവും' എന്നൊരു ലേഖനം മാമ്മൻ മാപ്പിള എഴുതിയിരുന്നു. 'ബാലപംക്തി' ആരംഭിച്ചത് ഇതോടുകൂടിയാണ്. കുട്ടികൾക്ക് വായനാശീലം ഉണ്ടാക്കുന്നതിനുള്ള ഉപാധികളും അതുകൊണ്ടുണ്ടാകുന്ന ഗുണഗണങ്ങളും വിശദമായി വിവരിച്ച ശേഷം ലേഖനം തുടരുന്നത്

ഇങ്ങനെയാണ്. "കുട്ടികൾക്കായി ഒരു പത്രം തുടങ്ങിയാൽ അതിനെ വിലയിരുത്തിക്കിട്ടുവാൻ ഒരു തലമുറ കാലതാമസം വേണ്ടി വരും. അതിനാൽ ബാലാരിഷ്ടതകൾ കഴിഞ്ഞ ഏതെങ്കിലും പത്രത്തിൽ - അതായത് മനോരമയിൽ തന്നെ-പരീക്ഷണാർത്ഥം കുട്ടികൾക്കായി കുറെ സ്ഥലമനുവദിച്ചു കൊടുക്കുവാൻ ഈ ലക്കം മുതൽ ഒരു തുടക്കമിട്ടിട്ടുണ്ട്.

"വായനക്കാരോരോരുത്തരും തങ്ങളുടെ സംരക്ഷണത്തിലുള്ള കുട്ടികളുടെ ശ്രദ്ധ ഇതിലേക്കായി പ്രത്യേകം ക്ഷണിക്കണമെന്ന് അപേക്ഷിച്ചു കൊള്ളുന്നു.

"കൂട്ടിവായിക്കുവാൻ പ്രായമായിട്ടില്ലാത്ത കുട്ടികൾക്ക് ഈ ഭാഗങ്ങൾ അവരുടെ രക്ഷകർത്താക്കൾ - പ്രത്യേകം മാതാക്കൾ - തുടരെ വായിച്ച് പ്രയാസമുള്ള ഭാഗങ്ങളുടെ അർത്ഥം പറഞ്ഞു കൊടുത്ത് ഇതിൽ രസിപ്പിക്കണമെന്ന് പ്രത്യേകം അപേക്ഷിക്കുന്നു. ഇതിലേക്കായി എപ്പോഴും കഥകൾ മാത്രം ഉപയോഗിക്കണമെന്ന് വിചാരിച്ചിട്ടില്ല.

"കുട്ടികളിലൊരു ലോക താൽപര്യം വളരുന്നതിനായി വായിക്കാൻ പ്രയാസമില്ലാത്തതായ ഒരു പ്രസിദ്ധകഥയുടെ ചുരുക്കം പറഞ്ഞു കൊണ്ടാണ് ആരംഭിച്ചിരിക്കുന്നത്."

"ഈ കഥ അവസാനിക്കുമ്പോൾ കുട്ടികൾക്ക് രസകരമായ മറ്റുവല്ലതും ഖണ്ഡശഃപ്പെടുത്തുന്നതായിരിക്കും."

"കുറെ കഴിയുമ്പോൾ ചില ചോദ്യങ്ങളും പരീക്ഷകളും നടത്തി ചില ചില്ലറ സമ്മാനങ്ങൾ കൊടുക്കുവാൻ ഉദ്ദേശ്യവുമുണ്ട്."

തങ്ങളുടെ കുട്ടികൾ മത്സരത്തിൽ പങ്കെടുത്ത് ജയിക്കണമെന്നും സമ്മാനങ്ങൾ വാങ്ങിയാൽ അതുവളരെ പ്രോത്സാഹനജനകമായിരിക്കുമെന്നും രക്ഷകർത്താക്കൾക്കു തോന്നുവാനുള്ള ആകർഷകമായ ഓഫറായിരുന്നു ഇത്. മാത്രവുമല്ല കുട്ടികളെ ഏതു വിധേനയെങ്കിലും അക്ഷരങ്ങളുടെ ലോകത്തേക്ക് ആനയിക്കുവാനുള്ള അദമ്യമായ അഭിലാഷവും ഈ അഭ്യർത്ഥനയിൽ തുടിച്ചുനിൽക്കുന്നുണ്ടല്ലോ. പത്രം വായിക്കുവാൻ തയ്യാറാവുന്ന കുട്ടികൾക്ക് വായനാശീലം സ്വായത്തമാകുമെന്ന് മാമ്മൻ മാപ്പിളക്ക് നിശ്ചയമുണ്ടായിരുന്നു. കുട്ടികൾക്കു പറ്റുന്ന വിധമുള്ള കഥകളും രസകരവും ലളിതവുമായ കൊച്ചുകൊച്ചു ലേഖനങ്ങളും വായിക്കുവാൻ തുടങ്ങിയാൽപ്പിന്നെ പത്രം വരുന്ന ദിവസവും നോക്കി ആർത്തിയോടുകൂടി അവർ കാത്തിരിക്കുമെന്ന് ഇംഗ്ലണ്ടിലും മറ്റും കുട്ടികൾക്കു വേണ്ടി പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന മാസികകളുടെ ചരിത്രം പറഞ്ഞു കൊണ്ട് അദ്ദേഹം മാതാപിതാക്കളെ ഉണർത്തിക്കൊണ്ടിരുന്നു. അദ്ദേഹത്തിൻെറ ക്രാന്തദർശിത്വം പുഷ്പിച്ച് ഫലത്തിലെത്തിയത് അദ്ദേഹത്തിനുശേഷം മനോരമയുടെ ചീഫ് എഡിറ്ററായിരുന്ന അദ്ദേഹത്തിൻെറ

പ്രഗല്ഭനായ പുത്രൻ കെ. എം. ചെറിയാൻ കുട്ടികൾക്കായി 1972-ൽ 'ബാലരമ' എന്നൊരു മാസിക ആരംഭിച്ചതോടു കൂടിയാണ്. 1973-ൽ കെ. എം. ചെറിയാൻെറ മരണശേഷം അദ്ദേഹത്തിൻെറ സഹോദരനും മനോരമയുടെ മുഖ്യ പത്രാധിപരും ആയ കെ. എം. മാത്യുവാണ് 1984-ൽ 'ബാലരമ' ദ്വൈവാരികയാക്കിയത് 1999ൽ വാരികയുമാക്കി. ബാല മാസികകളിൽ ഏറ്റവും പ്രചാരമുള്ള വാരികയാണ് 'ബാലരമ'. 'ബാലരമ'യുടെ ഡസ്ക്കിൽനിന്നുതന്നെ പ്രകാശനം ചെയ്യുന്ന പ്രസിദ്ധീകരണങ്ങളാണ് 'കളിക്കുടുക്ക'യും 'അമർ ചിത്രകഥയും' 'മാജിക് പോട്ടും' (ഇംഗ്ലീഷ്). അതുപോലെ മനോരമയുടെ കീഴിൽ സംഘടിപ്പിക്കപ്പെട്ട 'ബാലജനസഖ്യം' എന്ന കൂട്ടായ്മയിലൂടെ വളർന്ന് വിവിധ വേദികളിൽ ശോഭിക്കുന്ന എത്രയോ ആളുകൾ മനോരമയുമായി വൈകാരിക ബന്ധം പുലർത്തുന്നവരായുണ്ട്.

മാമ്മൻ മാപ്പിള ആരംഭിച്ച വനിതാ പംക്തിയും വളരെ വിജയകരമായ വളർച്ചയിലെത്തി. 'സ്ത്രീധനം', 'സ്ത്രീ വിദ്യാഭ്യാസം' 'സ്ത്രീകളുടെ പരാധീനതകൾ' 'സ്ത്രീകളുടെ പൗരാവകാശങ്ങൾ' തുടങ്ങിയ ശീർഷകങ്ങളിൽ അദ്ദേഹം കൂടെക്കൂടെ 'മനോരമ'യിൽ എഴുതിക്കൊണ്ടിരുന്ന ലേഖനങ്ങളും വനിതാ പംക്തിയിൽ പ്രകാശിതമായിരുന്നവയും അക്ഷരാഭ്യാസം നേടിയ സ്ത്രീകളെ 'മനോരമ'യിലേക്ക് ആകർഷിച്ചിരുന്നു. ഇത് വളർച്ചയിൽ എത്തിയപ്പോൾ 'മനോരമ' പത്രാധിപർ കെ. എം. മാത്യു 1975-ൽ 'വനിത' എന്ന പേരിൽ സ്ത്രീകളുടെ ഒരു മാസികയ്ക്ക് രൂപം കൊടുത്തു. മിസ്സിസ്സ് കെ. എം. മാത്യുവാണ് വനിതയുടെ മുഖ്യപത്രാധിപ. 1987 ഏപ്രിൽ മുതൽ മാസത്തിൽ രണ്ടു വീതമാക്കി'വനിത' യുടെ പ്രസിദ്ധീകരണം . വനിതാ മാസികകളിൽ ഉള്ളടക്കത്തിലും പ്രചാരത്തിലും മുൻപന്തിയിൽ നില്ക്കുന്ന മാസികയാണ് 'വനിത'. ഇപ്പോൾ ഹിന്ദിയിലും വനിത പ്രസിദ്ധീകരിക്കുന്നു.

ആഴ്ചയിൽ രണ്ടു വീതമായിരുന്നു മാമ്മൻ മാപ്പിള പത്രാധിപത്യം ഏറ്റെടുക്കുമ്പോഴുള്ള മനോരമയുടെ സ്ഥിതി. അദ്ദേഹം നടത്തിയ പരിഷ്ക്കാരങ്ങൾ സമൂഹത്തിലെ വിവിധ ശ്രേണികളിൽപ്പെട്ടവർക്കൊക്കെ താല്പര്യം ജനിപ്പിക്കുന്ന വാർത്തകളും മുഖപ്രസംഗങ്ങളും, ലേഖനങ്ങളുമായിരുന്നുവല്ലോ. ഇവ വായനക്കാരുടെയും തദ്വാരാ വരിക്കാരുടെയും വർദ്ധനവുണ്ടാക്കി. പലരും ആഴ്ചയിൽ മൂന്നു ദിവസമെങ്കിലും പത്രം ഇറക്കണമെന്ന ശാഠ്യക്കാരായിരുന്നു. ഇതു സംബന്ധിച്ച് മാമ്മൻ മാപ്പിള എഴുതിയ സുദീർഘമായ മുഖലേഖനം 1910 മാർച്ച് 12 ലെ മനോരമയിൽ കാണാം. "ഏകദേശം400ഓളം ആളുകൾ മനോരമ മൂന്നുവീതമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട് ഇതൊട്ടും ചെറിയ സംഖ്യയല്ലെന്നും ഞങ്ങളുടെ എഴുത്തിന് യാതൊരു മറുപടി അയച്ചിട്ടില്ലാത്ത പലരും പത്രം ആഴ്ചയിൽ

മൂന്നുവീതമാക്കിയാലും എടുക്കാതിരിക്കയില്ലെന്നും ഞങ്ങളെ ഗുണദോഷിച്ചിട്ടുണ്ട്. ഞങ്ങൾ ഇതിനായി ഉദ്യമിച്ചത് ചില സഹൃദയരുടെ പ്രേരണമൂലമാണെന്ന് മേൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആയിരത്തിൽ കുറയാത്ത ആളുകൾ സമ്മതിക്കുന്ന പക്ഷമേ ഞങ്ങൾ ഇതിനു പുറപ്പെടുകയുള്ളൂ എന്നായിരുന്നു ഞങ്ങൾ തമ്മിലുള്ള കരാർ...........

"എങ്കിലും ഞങ്ങൾ ഉദ്ദേശിച്ചിരുന്നിടത്തോളം ആളുകളുടെ വാഗ്ദാനം ഉണ്ടാകാതെ പത്രം മൂന്നാക്കുന്നതല്ലെന്നും അത് സാധിക്കാത്ത പക്ഷം പത്രത്തിന്റെ വലിപ്പം വർദ്ധിപ്പിക്കുമെന്നും ആരംഭം മുതൽക്കുതന്നെ വ്യക്തമായി പറഞ്ഞിരുന്നു. അതനുസരിച്ച് പത്രത്തിന്റെ വലിപ്പം കൂട്ടാനാണ് നിശ്ചയിച്ചിട്ടുള്ളത്.......അതിനാൽ പത്രത്തിൽ സാധാരണ കാണാറുള്ള വർത്തമാനക്കത്തുകൾ, പ്രസംഗങ്ങൾ മുതലായവ ഒഴിച്ച് മറ്റു ചില സംഗതികൾ അടങ്ങിയ ഒരു അവശേഷം ഈ പ്രാവശ്യം മുതൽ പ്രസിദ്ധപ്പെടുത്തി തുടങ്ങിയിട്ടുള്ളത് വാങ്ങാൻ മനസ്സോ, ശക്തിയോ ഇല്ലാത്തവർ ഉടനെ വിവരം ഞങ്ങളെ അറിയിച്ചുതന്നാൽ അവർക്ക് അവശേഷം കൂടാതെ പത്രം അയച്ചുകൊണ്ടിരിക്കുയും പഴയ രീതിയിലുള്ള വരിസംഖ്യമാത്രം അവരിൽനിന്നു വസൂലാക്കുകയും ചെയ്യുന്നതാണ്.

"അവശേഷം എടുക്കണമെന്ന് ഞങ്ങളാരെയും നിർബന്ധിക്കുന്നില്ല. ഒരു മാസത്തേക്കു കൂടി എല്ലാവരും അവശേഷം കൂടി വായിച്ച് നോക്കിയശേഷം അഭിപ്രായം ഞങ്ങളെ അറിയിച്ചുതരണമെന്നേ ഞങ്ങൾക്ക് അപേക്ഷയുള്ളൂ."

'മലയാള മനോരമ'യുടെ രജതജൂബിലിയോടുനുബന്ധിച്ച് 1915 മാർച്ച് 24ന് എഴുതിയ മുഖപ്രസംഗത്തിൽ പത്രത്തിന്റെ പ്രചാരത്തെ സംബന്ധിച്ച് എഴുതിയത് ഇപ്രകാരമാകുന്നു. "മനോരമയ്ക്ക് ഇപ്പോഴുള്ള വരിക്കാരുടെ സംഖ്യ വിചാരിച്ചാൽ ധാരാളം പ്രോത്സാഹജനകമായിട്ടാണ് കാണുന്നത്........ 'മലയാള മനോരമ' ആരംഭിച്ചിരുന്ന കാലത്ത് മലയാളികളുടെ ഇടയിൽ പത്രപാരായണമെന്നൊരു ശീലം ഉണ്ടായിരുന്നില്ലെന്നു തന്നെ പറയാം. മനോരമ തുടങ്ങി വളരെക്കാലത്തേക്ക് ഒരായിരം വരിക്കാരെ സ്ഥിരമായി കിട്ടിയാൽ അത്രയും വലിയ സംഗതിയായി ഞങ്ങൾ വിചാരിച്ചിരുന്നു. എന്നാൽ ഇപ്പോൾ അതിൽ അഞ്ചുമടങ്ങ് വരിക്കാരുണ്ടായിട്ടുണ്ടെന്ന് മാത്രമല്ല പത്രത്തിന്റെ എണ്ണം വർദ്ധിപ്പിക്കാൻ തരമില്ലാത്തതിനാൽ ഞങ്ങൾ പത്രത്തിന്റെ മുമ്പോട്ടുള്ള ഗതിയെ പിടിച്ചു നിർത്തിക്കൊണ്ടിരിക്കുകയാണ്." 1910-ൽ 1000 വരിക്കാരുണ്ടെങ്കിൽ ആഴ്ചയിൽ മൂന്നാക്കാമെന്നു പറഞ്ഞിരുന്നിട്ടുപോലും നാനൂറ് ആളുകളേ ഇതിനെ അനുകൂലിച്ചിരുന്നുള്ളൂ. അഞ്ചുവർഷം കഴിയുമ്പോഴേക്കും അയ്യായിരത്തിൽപ്പരം വരിക്കാരുണ്ടാവുകയും എന്നാൽ കൂടുതൽ വരി

ക്കാരെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നതായാണ് നാം കാണുന്നത്. 1914-ൽ ആരംഭിച്ച ലോകമഹായുദ്ധം നാട്ടിൽ ക്ഷാമവും സാമ്പത്തിക പരാധീനതകളും കടലാസ് ഉൾപ്പെടെയുള്ള ആവശ്യവസ്തുക്കൾക്ക് ദൗർലഭ്യവും വിലക്കയറ്റവും ഉണ്ടാക്കിയിരുന്നു. പത്രം അച്ചടിച്ചിറങ്ങുവാൻ ഭഗീരഥ പ്രയത്നം നടത്തേണ്ടതായി വന്നുകൂടി. അതേസമയം പത്രവാർത്തകൾ അറിയുവാൻ, പ്രത്യേകിച്ച് യുദ്ധവിശേഷങ്ങൾ മനസ്സിലാക്കുവാൻ ജനങ്ങൾക്കാകമാനം ആകാംക്ഷയുമുണ്ടായിരുന്നു. എന്നിട്ടും 'മനോരമ' ആഴ്ചയിൽ മൂന്നാക്കുവാൻ സാധിക്കാതിരുന്നത് കനത്ത സാമ്പത്തിക നഷ്ടം വിളിച്ചുവരുത്തേണ്ടെന്നു കരുതിയിട്ടാണ്.

എന്നാൽ അതിവേഗതയോടെ മാറിക്കൊണ്ടിരിക്കുന്ന സംഭവഗതികൾ അറിയുവാനുള്ള വായനക്കാരുടെ തീവ്രദാഹം അല്പമെങ്കിലും ശമിപ്പിക്കേണ്ട ധർമ്മം നടത്തുകയായിരുന്നു, 1918 ജൂലൈ 2 മുതൽ 'മനോരമ' ആഴ്ചയിൽ മൂന്നാക്കുകവഴി. യുദ്ധാനന്തരലോകത്തു ഉണ്ടായിക്കൊണ്ടിരുന്ന മാറ്റങ്ങൾ പത്രത്തിന് ഉൾക്കൊള്ളാൻ സാധിക്കണമെങ്കിൽ 'മനോരമ' ദിനപ്പത്രമാക്കണമെന്ന ബോധ്യം വന്നതോടെ മാമ്മൻ മാപ്പിളയുടെ ചിന്ത ആ വഴിക്കായി. കടലാസിൻെറ വിലക്കയറ്റവും, ക്ഷാമവും നാട്ടിലാകമാനമുണ്ടായ സമ്പത്തികതകർച്ചയും പത്രത്തിൻെറ നടത്തിപ്പിനെ എങ്ങനെ ബാധിക്കുമെന്ന ആശങ്കയോടു കൂടിയാണ് രണ്ടും കല്പിച്ച് ഈ സാഹസത്തിനദ്ദേഹം ഒരുങ്ങിയത്. എന്നാൽ വിചാരിച്ച ഭീഷണിയൊന്നും ഉണ്ടായില്ലെന്നു മാത്രമല്ല വരിക്കാരും വായനക്കാരും കൂടുതൽ ആവേശം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. അങ്ങനെ ധൈര്യം അവലംബിച്ച് 1928 ജനുവരി 16ന് 'മലയാള മനോരമ' ദിനപ്പത്രമായി പുറത്തു വന്നു. ഭാഷയിലെ ആദ്യത്തെ ദിനപ്പത്രമെന്ന അപൂർവ്വ ഖ്യാതിക്ക് 'മനോരമ' അങ്ങനെ പാത്രീഭവിക്കുകയും ചെയ്തു.

ദിനപ്പത്രത്തിൻെറ പിറവി സഹൃദയ കേരളം വളരെ ആനന്ദത്തോടുകൂടിയാണ് ദർശിച്ചത്. പ്രതീക്ഷയിൽ കവിഞ്ഞതായിരുന്നു കേരളത്തിൻെറ നാനാഭാഗത്തുനിന്നും ലഭിച്ച അഭിനന്ദനങ്ങളും ആശംസകളും. വരിക്കാരുടെയോ വായനക്കാരുടെയോ, ദൗർലഭ്യം ഉണ്ടായില്ലെന്നു മാത്രമല്ല, അവരുടെ എണ്ണം കൂടുകയും ചെയ്തു. ഈ പ്രതികരണം മാമ്മൻ മാപ്പിളയെയും സഹപ്രവർത്തകരെയും ഉത്സാഹഭരിതരാക്കി. തലശ്ശേരിയിൽ നിന്നു സാഹിത്യ സാംസ്കാരിക പ്രതിഭയായ മൂർക്കോത്ത് കുമാരൻ, അക്കാലത്തെ സാഹിത്യനായകന്മാരായിരുന്ന രാമവർമ്മ അപ്പൻ തമ്പുരാൻ, മഹാകവി ഉള്ളൂർ. എസ്. പരമേശ്വരയ്യർ, കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി, സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള, അമ്പലപ്പുഴ മഹാദേവശർമ്മ തുടങ്ങിയവർ 'മനോരമ'യ്ക്ക് ഭാവുകങ്ങൾ ആംശംസിച്ചവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. അന്ന് പ്രസിദ്ധീകരിച്ചി

രുന്ന 'സർവ്വീസ് ', 'ഭാരതതാരക', 'മാതൃഭൂമി' തുടങ്ങിയ എല്ലാ പത്രങ്ങളും മനോരമയ്ക്ക് ഭാവുകങ്ങൾ അർപ്പിച്ചിരുന്നു. എട്ട് പുറങ്ങളോടുകൂടി പുറത്തിറങ്ങിയ 'മനോരമ' ദിനപ്പത്രത്തിൻെറ ആദ്യലക്കത്തിൽ തന്നെ ഉണ്ടായിരുന്നവരിൽ മഹാകവി വള്ളത്തോൾ, ഒ. എം. ചെറിയാൻ, ഇ. വി. കൃഷ്ണപിള്ള, ചിത്രമെഴുത്ത് കെ. എം. വർഗീസ് എന്നിവർ പ്രമുഖരാണ്. രാമവർമ്മ അപ്പൻ തമ്പുരാൻെറയും ഉള്ളൂർ എസ്. പരമേശ്വരയ്യരുടെയും, കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെയും സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ളയുടെയും, അമ്പലപ്പുഴ മഹാദേവശർമ്മയുടെയും ആശംസകൾ പത്രത്തിൽ സ്ഥലം പിടിച്ചിരുന്നു.

മുഖപ്രസംഗം നാലാം പേജിലാണ് നൽകിയിരുന്നത്. അതിലും അഞ്ചാം പേജിലുമായിട്ടാണ് വിദേശ വാർത്തയും, ദേശീയ വാർത്തയും കൊടുത്തിരുന്നത്. ആറാം പേജ് പൂർണ്ണമായും പ്രാദേശിക വാർത്തകൾക്കായി മാറ്റി വയ്ക്കുകയും ചെയ്തിരുന്നു. വിജ്ഞാന പ്രദങ്ങളായ ലേഖനങ്ങൾക്കു പുറമേ രസകരമായ വാർത്താ ശകലങ്ങളും പത്രത്തെ മോടി പിടിപ്പിച്ചു. അന്നത്തെ മുഖലേഖനത്തിൽ പത്രത്തിൻെറ സംവിധാനത്തെയും ഉള്ളടക്കത്തെയും സംബന്ധിച്ച് തൻെറ മനസ്സിലുള്ള ആശയങ്ങൾ ഏതേതൊക്കെയെന്ന് മാമ്മൻ മാപ്പിള പ്രസ്താവിച്ചിരുന്നു. അദ്ദേഹം നൽകുന്ന വിവരം ഇവയൊക്കെയാണ്. "അപ്പോഴപ്പോൾ സ്വരാജ്യത്തിലും, വിദേശങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന സംഗതികളിൽ അത്യന്തം ആകർഷകമായവയെപ്പറ്റി യഥാശക്തി ഒരു ജ്ഞാനം വായനക്കാർക്കുണ്ടാക്കിക്കൊടുക്കുവാൻ ചില കുറിപ്പുകളും ഉപന്യാസങ്ങളും പ്രസിദ്ധീകരിക്കും. ഉദ്യോഗവഴക്ക്, സർക്കാർ ഉദ്യോഗസ്ഥന്മാരെ മര്യാദപഠിപ്പിക്കൽ, സമുദായ വഴക്ക് മുതലായവയ്ക്ക് നിവൃത്തിയുള്ളിടത്തോളം പത്രസ്ഥലം വിനിയോഗിക്കാതിരിക്കും.

"കേരളത്തിലെ പ്രധാന രാജ്യവിഭാഗങ്ങളിൽനിന്നും, പ്രധാന സ്ഥലങ്ങളിൽനിന്നും ലേഖനങ്ങളും വർത്തമാനക്കത്തുകളും പതിവായി അയ്ക്കുവാൻ സുസമ്മതരായ ഏതാനും ആളുകളെ ഏർപ്പാട്ചെയ്തിട്ടുണ്ട്. സമുദായ വഴക്കിനും, ഉദ്യോഗവഴക്കിനും പ്രാധാന്യം കൊടുക്കുന്നതല്ലെന്നിരുന്നാലും കേരളത്തിലെ ഓരോ പ്രധാനപ്പെട്ട സമുദായങ്ങളുടെ ആഭ്യന്തര കാര്യങ്ങളെപ്പറ്റിയും മറ്റും ഇതര സമുദായങ്ങൾക്ക് അസുഖകരമല്ലാത്ത വിധത്തിൽ മാസത്തിലൊരിക്കലോ മറ്റോ ഓരോ ഉപന്യാസങ്ങളെഴുതി അയക്കുവാനായി അതതു സമുദായങ്ങളിലുൾപ്പെട്ട മാന്യന്മാരെ ചുമതലപ്പെടുത്തിയിരുന്നു. രസകരങ്ങളും വിജ്ഞാനപ്രദങ്ങളുമായ ഓരോ വിഷയങ്ങളെപ്പറ്റിയും അതതു വിഷയങ്ങളിൽ വിദഗ്ധരായ ആളുകൾ എഴുതിയിട്ടുള്ള ഉപന്യാസങ്ങൾ യഥാവസരം പ്രസിദ്ധ

പ്പെടുത്തും" ഇതര വർത്തമാനപ്പത്രങ്ങളിൽ നിന്നു ശ്രദ്ധേയമായ കുറിപ്പും മിക്കവാറും അന്നന്ന് ഓഫീസിൽ തന്നെ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തും. ഇപ്പറഞ്ഞ കാര്യങ്ങൾക്കു പുറമെ പൗരനിവേദനങ്ങൾ, വനിതാ പംക്തി, ബാലപംക്തി തുടങ്ങിയ സ്ഥിരം പംക്തികളും 'മനോരമ'യിൽ സ്ഥലം പിടിച്ചിരുന്നു.

പത്രത്തിന് പ്രചാരം വർദ്ധിച്ചതോടുകൂടി അച്ചടി യന്ത്രത്തിനും ഓഫീസ് കാര്യങ്ങളിലും ഏറെ പണച്ചിലവുള്ള പരിഷ്ക്കാരങ്ങൾ നടത്തിക്കൊണ്ടാണു മാമ്മൻ മാപ്പിള ദിനപ്പത്രവുമായി മുന്നോട്ട് പോയത്. പക്ഷെ, അദ്ദേഹം വിചാരിച്ചിരുന്നതിനേക്കാൾ എത്രയോ ആശാവഹമായ വളർച്ചയാണു പത്രത്തിനുണ്ടായത്.

മുഖ്യപത്രാധിപരായിരിക്കെ പിൻഗാമിയെ കണ്ടെത്തി പത്രത്തിന്റെ പ്രവർത്തനവുമായി സഹകരിപ്പിക്കുക എന്ന പാരമ്പര്യം 'മനോരമ' ഇന്നു വരെ പുലർത്തിപ്പോരുന്നുണ്ട്. അതാണ് പ്രഗത്ഭമതികളുടെ തിരോധാനം സംഭവിച്ചാലും സ്ഥാപനത്തിന് കോട്ടം തട്ടാതെ തുടർന്നും മുന്നോട്ട് പോകുവാൻ സഹായിച്ചിരുന്ന വസ്തുത. 1917-ൽ മാമ്മൻ മാപ്പിളയുടെ സഹോദരൻ കെ. സി. മാത്യു, 'മനോരമ'യുടെ സഹപത്രാധിപരായിരുന്നു. മാമ്മൻ മാപ്പിളയുടെ പുത്രനായ കെ. എം. വറുഗീസ് മാപ്പിള 1924-ൽ 'മനോരമ'യുടെ മാനേജരായി പ്രവർത്തിക്കുകയും ചെയ്തു. 1947 നവംബറിൽ മലയാള മനോരമ പുനഃപ്രസിദ്ധീകരണം തുടങ്ങിയപ്പോൾ മാമ്മൻ മാപ്പിളയുടെ സീമന്ത പുത്രനായ കെ. എം. ചെറിയാനാണ് പത്രത്തന്റെ മാനേജിംഗ് എഡിറ്റർ ആയത്. മാമ്മൻ മാപ്പിളയുടെ മരണശേഷം 1954-ൽ അദ്ദേഹം മനോരമയുടെ പ്രധാന പത്രാധിപരായിത്തീരുകയും ചെയ്തു. കെ. എം. ചെറിയാന്റെ സഹായിയായി 1955 മുതൽ പത്രപ്രവർത്തനരംഗത്ത് അവശ്യംവേണ്ട പരിശീലനങ്ങൾ നേടിയിരുന്ന അദ്ദേഹത്തിന്റെ സഹോദരനും ഇപ്പോഴത്തെ ചീഫ് എഡിറ്ററുമായ കെ. എം. മാത്യു 1958 മുതൽ പത്രത്തിന്റെ മാനേജിംഗ് എഡിറ്റർ ആയിരുന്നു. പിന്നീട് 1973 മാർച്ച് 14-ാം തീയതി ചീഫ് എഡിറ്റർ കെ. എം. ചെറിയാൻ നിര്യാതനായതോടുകൂടിയാണ് ഇപ്പോഴത്തെ മുഖ്യപത്രാധിപരായ കെ. എം. മാത്യു ആ സ്ഥാനം അലങ്കരിക്കുന്നത്. ഇപ്പോൾ കെ. എം. മാത്യുവിന്റെ മകൻ മാമ്മൻ മാത്യു 'മലയാള മനോരമ'യുടെ എഡിറ്ററായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നുണ്ട്.

നേരത്തെ വിവരിച്ചതുപോലെ കണ്ടത്തിൽ വറുഗ്ഗീസ് മാപ്പിളയുടെ ഏകപുത്രൻ കെ. വി. ഈപ്പൻ (ഉണ്ണൂണ്ണി) 1889-ൽ ആണല്ലോ ജനിച്ചത്. മനോരമ പ്രസിദ്ധീകരണം ആരംഭിച്ചപ്പോൾ അദ്ദേഹത്തിന് ഒരു വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ. വറുഗീസ് മാപ്പിളയുടെ ഏക പുത്രനെന്ന

നിലയിൽ മലയാള മനോരമ കമ്പനിയുടെ പ്രധാന ഓഹരിയുടമയും, ഡയറക്ടറുമായിരുന്നു അദ്ദേഹം. എന്നാൽ 1920-നോടു കൂടി ഈപ്പൻ കുടുംബസമേതം കോട്ടയത്തേക്കു താമസം മാറ്റിയിരുന്നു. നിയമബിരുദധാരിയായിരുന്ന അദ്ദേഹം അവിടെ പ്രാക്ടീസ് ആരംഭിക്കുകയും ചെയ്തു. ഇക്കാലത്ത് മനോരമ ആഴ്ചയിൽ മൂന്നു വീതം പ്രസിദ്ധീകരിക്കാൻ ആരംഭിച്ചിരുന്നുവെങ്കിലും സാമ്പത്തികമായി ഏറെഞെരുക്കത്തിൽ തന്നെയായിരുന്നു നടത്തിക്കൊണ്ടിരുന്നത്. അതേസമയം വക്കീൽ പണി തിരുവിതാംകൂറിൽ സാമാന്യം മെച്ചപ്പെട്ട ധനാഗമമാർഗ്ഗവുമായിരുന്നു. അങ്ങനെയാണ് കോട്ടയത്ത് സ്ഥിരതാമസമാക്കിയ കെ. വി. ഈപ്പൻ മനോരമയിൽ തനിക്കുണ്ടായിരുന്ന ഓഹരികൾ കുടുംബാംഗങ്ങളുടെ തീരുമാനപ്രകാരം വില്ക്കാൻ സന്നദ്ധനായത്. മാമ്മൻ മാപ്പിളയാണ് അവ വാങ്ങിയത്. തിരുവിതാംകൂർ നാഷണൽ ബാങ്കിലെ ഓഹരികളും അദ്ദേഹം ഇതേ സമയം വിറ്റു; ദിവാൻ ബഹദൂർ കെ. മാത്തനും സഹോദരന്മാർക്കും. 1925 മെയ് 26-ാം തീയതി കെ. വി. ഈപ്പൻ 36-ാമത്തെ വയസ്സിൽ അകാലചരമമടയുകയും ചെയ്തു.

1928-ൽ ദിനപ്പത്രമായിത്തീർന്ന 'മനോരമ'യുടെ വളർച്ച അതിശീഘ്രമായിരുന്നു. എല്ലാ എതിർപ്പുകളെയും അതിജീവിച്ചുകൊണ്ടു അത് വികാസം കൊണ്ടു. നേരത്തെ സൂചിപ്പിച്ചതുപോലെ 'ബാലപംക്തി'യിലൂടെ കൊച്ചു കുട്ടികളെ വായനയിലേക്കാകർഷിച്ച 'മലയാള മനോരമ' 1929-ൽ 'ബാലജനസഖ്യം' എന്നൊരു കൂട്ടായ്മയ്ക്ക് തുടക്കം കുറിച്ചു.'ബാലജന സംഖ്യം' കേരളത്തിലെ ബാലികാ ബാലന്മാരുടെ സാംസ്കാരികവും, കായികവുമായ കേളീരംഗമായി പരിലസിക്കുന്നുണ്ടല്ലോ. 1930-ൽ 'മനോരമ'യുടെ വളർച്ചയുടെ പ്രതീകമായി അതിൻെറ ആദ്യത്തെ വാർഷികപ്പതിപ്പ് പുറത്തിറക്കുകയുണ്ടായി. ഹാസ്യസമ്രാട്ടായ ഇ. വി. കൃഷ്ണപിള്ളയുടെ പത്രാധിപത്യത്തിൽ 1937 ഓഗസ്റ്റ് 8-ാം തീയതി മുതൽ 'മനോരമ' ആഴ്ചപ്പതിപ്പും പ്രസിദ്ധീകരിച്ചുതുടങ്ങി. എന്നാൽ 1938-ൽ സർ. സി. പി. യുടെ കരാള ഹസ്തം 'മലയാള മനോരമ'യെ ഗ്രസിച്ചപ്പോൾ പത്രത്തോടൊപ്പം ആഴ്ചപ്പതിപ്പിൻെറയും പ്രസിദ്ധീകരണം നിലച്ചു. പിന്നീട് 'മനോരമ'യുടെ പുനഃപ്രസിദ്ധീകരണത്തിനുശേഷം 1948-ലാണ് ആഴ്ചപ്പതിപ്പ് പുനഃരാരംഭിക്കുന്നത്. കെ. പി. കൃഷ്ണപിള്ളയായിരുന്നു പത്രാധിപർ. എന്നാൽ1949 ഫെബ്രുവരിയോടുകൂടി ആഴ്ചപ്പതിപ്പ് നിർത്തലാക്കേണ്ടിവന്നു. വറുഗീസ് കളത്തിലിൻെറ പത്രാധിപത്യത്തിൽ 1956 ഫെബ്രുവരിയിലാണ് ആഴ്ചപ്പതിപ്പ് കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും പുതിയ രീതികൾ ആവിഷ്ക്കരിച്ചുകൊണ്ട് പുനഃപ്രസിദ്ധീകരണം നടന്നത്. ഇന്ത്യൻ യൂണിയൻ പ്രസിഡൻറായിരുന്ന ഡോ.രാജേന്ദ്രപ്രസാദ് ഉദ്ഘാടനം ചെയ്ത 'മലയാള മനോരമ'യുടെ വജ്രജൂബിലിയാഘോഷം

1951-ൽ വിജയകരമായികൊണ്ടാടി. 'മനോരമ'യുടെ മുന്നോട്ടുള്ള പ്രയാണത്തിൽ ഒരു നാഴികക്കല്ലായിരുന്നു അത്. ഇപ്പോൾ പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്ന 'ഇലക്ഷൻ ഗൈഡ്' 1952-ലെ പൊതു തെരഞ്ഞെടുപ്പോടുകൂടിയാണ് ആംരംഭം കുറിച്ചത്. 1955-നോടു കൂടി 'ബാലജന സഖ്യ'ത്തിൻെറ രജതജൂബിലി കൊണ്ടാടുകയും കുട്ടികളുടെ വിശേഷാൽ പ്രതി പ്രസിദ്ധീകരിച്ചു തുടങ്ങുകയും ചെയ്തു. കെ. എം. ചെറിയാൻെറ നേതൃത്വത്തിൽ ആ വർഷം തന്നെയാണ് 'മലയാള മനോരമ'യുടെ ഷീറ്റ് കലണ്ടറും പ്രകാശിപ്പിച്ചത്. പിറ്റേവർഷം മുതൽ മലയാള മനോരമ സൺഡേ സപ്ലിമെൻറ് ആരംഭിച്ചു. ഇന്ന് ഏറെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ള 'മനോരമ ഇയർബുക്ക്' 1959 മുതൽ തടുർച്ചയായി പ്രസിദ്ധീകരിച്ചുവരുന്നു. അതുപോലെ റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് 1965 മുതൽ എല്ലാ വർഷവും മനോരമയുടെ റിപ്പബ്ലിക്ക് പതിപ്പ് പ്രകാശനം ചെയ്തിരുന്നു. ആ വർഷം തന്നെയാണ് 'മനോരമ ഇയർബുക്ക്' മലയാളത്തിനു പുറമേ ഇംഗ്ലീഷിലും പ്രസിദ്ധീകരണം ആരംഭിച്ചത്. 1990 ൽ തമിഴിലും ഹിന്ദിയിലും 1996-ൽ ബംഗാളിയിലും ഇയർ ബുക്ക് പ്രസിദ്ധീകരിച്ചു തുടങ്ങി. 1982-ൽ 'അഖില കേരള ബാലജനസംഖ്യ'ത്തിൻെറ സുവർണ്ണ ജൂബിലി ഇന്ത്യൻ യൂണിയൻ പ്രസിഡൻറ് സഞ്ജീവ റെഡ്ഡിയാണ് ഉദ്ഘാടനം ചെയ്തത്. ആ വർഷം തന്നെയാണ് 'ദ് വീക്ക്' എന്ന ഇംഗ്ലീഷ് വാരികയുടെ ആരംഭവും.'കർഷകശ്രീ', 'തൊഴിൽ വീഥി', 'വിജയവീഥി' എന്നിവ മറ്റു പ്രസിദ്ധീകരണങ്ങളാണ്. കോഴിക്കോട് 1966ലും കൊച്ചിയിൽ 1979ലും തിരുവനന്തപുരത്ത് 1987 ലും മലയാള മനോരമ യൂണിറ്റുകൾ പ്രവർത്തന നിരതമായി. ഇന്ന് കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശൂർ, കൊച്ചി, കോട്ടയം, കൊല്ലം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ നിന്നായി എട്ട് എഡിഷനുകൾ ഉള്ള മലയാള മനോരമ 12 ലക്ഷത്തോളം വരിക്കാരുമായി പുതിയ സഹസ്രാബ്ദത്തിൻെറ തുടക്കത്തിൽ ഇന്ത്യയിലെ പത്രങ്ങളിൽ ഏറ്റവും മുൻപന്തിയിൽത്തന്നെ നിൽക്കുന്നു.

## സാഹിത്യസാംസ്കാരിക വേദികളിൽ

"മനോരമ സാഹിത്യസംരക്ഷണത്തിനുവേണ്ടി മാത്രമായാരംഭിച്ച പത്രമാണ്. ലോകത്തിൽ മറ്റേതെങ്കിലുമൊരു പത്രം സാഹിത്യത്തിനു വേണ്ടി തുടങ്ങിയിട്ടുണ്ടോ എന്ന് സംശയമാണ്"[1] ഈ അഭിമുഖത്തോടു കൂടിയാണ് പി. സി. കുട്ടികൃഷ്ണൻ എന്ന ഉറൂബ്, 'ബഹുമുഖപ്രതിഭ' എന്ന ശീർഷകത്തിൽ കെ. സി. മാമ്മൻ മാപ്പിളയെപ്പറ്റി എഴുതുന്നത്. സ്ഥാപക പത്രാധിപരായ കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ കാലത്ത് മലയാള ഭാഷയും സാഹിത്യവും ശൈശവ ദശയിലായിരുന്നു. ഇവയെ വളർത്തിക്കൊണ്ടു വരിക എന്നതായിരുന്നു അദ്ദേഹത്തിൻെറ ജീവിതവ്രതം.

---

*മലയാള മനോരമയുടെ ചരിത്രം*

അദ്ദേഹത്തിൻെറ അക്ഷീണ പ്രയത്നത്തിൻെറ ഫലമായിട്ടാണ് മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ പ്രദേശങ്ങളിൽ സമാനമായ ഒരു സാഹിത്യഭാഷ ഉടലെടുത്തത്. പ്രാദേശിക - സാമുദായിക വൈജാത്യങ്ങളാൽ ക്ലിഷ്ടമായിരുന്നു സംസാര ഭാഷ. ഈ സ്ഥിതി മാറ്റിയാലേ കേരളത്തിന് ഐകരൂപ്യമുള്ള ഒരു ഭാഷയും സാഹിത്യവും ഉണ്ടാകുകയുള്ളൂ എന്ന് അറിയാമായിരുന്ന അദ്ദേഹം അതിനുവേണ്ടി ചെയ്ത സേവനങ്ങൾ ഏതൊക്കെയെന്ന് മുമ്പ് വിവരിച്ചിട്ടുണ്ടല്ലോ. ഉറൂബിൻെറ അഭിപ്രായം മാമ്മൻ മാപ്പിളയെ സംബന്ധിച്ചിടത്തോളം നൂറ് ശതമാനവും യോജിച്ചു പോകുന്നുണ്ട്. 'മനോരമ' തുടങ്ങി പത്ത് പതിനഞ്ച് കൊല്ലം കഴിഞ്ഞതോടുകൂടി സാഹിത്യസംബന്ധമായ സംവാദങ്ങളും ലിപി ഉൾപ്പെടെയുള്ള ഭാഷാപരിഷ്ക്കരണങ്ങളും ഏറെ വ്യാപകമായി. "കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ പത്രപ്രവർത്തനം സാഹിത്യപ്രധാനവും, സാമൂഹ്യപരിഷ്ക്കരണവ്യഗ്രവുമായിരുന്നെങ്കിൽ, മാമ്മൻ മാപ്പിളയുടേത് സാമ്പത്തിക - കാർഷിക പ്രശ്നങ്ങളിലും രാഷ്ട്രീയ - സാമൂഹിക പരിവർത്തനങ്ങളിലും ഊന്നി നിന്നുകൊണ്ടുള്ളതായിരുന്നു." എന്ന് കെ. എ. ദാമോദര മേനോൻ അഭിപ്രായപ്പെടുവാൻ കാരണം അതാണ്.[2] കെ. സി. മാമ്മൻ മാപ്പിള പത്രാധിപരായതോടുകൂടി ഭാഷാ സാഹിത്യപോഷണം അഭംഗുരം നടത്തിയിരുന്നതിനു പുറമേ കാർഷികവും വ്യാവസായികവും സാമ്പത്തികവുമായ രംഗങ്ങളിൽ വിലപ്പെട്ട സംഭാവനകൾ നൽകുകയും ചെയ്തിരുന്നു. ഈ രംഗങ്ങളിൽ അദ്ദേഹം നൽകിയ സ്തുത്യർഹങ്ങളായ സേവനങ്ങൾ മറ്റൊരദ്ധ്യായത്തിൻെറ വിഷയമായിരുന്നതുകൊണ്ട് അവ ഇവിടെ പ്രസക്തമല്ല. വറുഗീസ് മാപ്പിളയ്ക്കുശേഷം സാഹിത്യ- സാംസ്കാരിക പ്രവർത്തനങ്ങൾ എന്തൊക്കെയാണ് നടന്നതെന്ന് ഒരു ഹ്രസ്വാവലോകനം നടത്തുകയാണിവിടെ.

ഭാഷാപോഷിണിയുടെ ഏഴാമത് സമ്മേളനം തലശ്ശേരി ബ്രണ്ണൻ കോളേജിൽ വച്ചായിരുന്നുവല്ലോ സാഘോഷം കൊണ്ടാടിയത്. തലശ്ശേരി സമ്മേളനം കഴിഞ്ഞ് പത്തുമാസം തികയുന്നതിനുമുമ്പ് 1904 ജൂലൈ 6-ാം തീയതി, വറുഗീസ് മാപ്പിള 47-ാമത്തെ വയസ്സിൽ വിടപറഞ്ഞു. ഭാഷാപോഷിണി സഭയുടെ എട്ടാമത് സമ്മേളനം രണ്ട്വർഷത്തിനുശേഷം തിരുവനന്തപുരം ജൂബിലി ടൗൺ ഹാളിൽ ചേരുകയുണ്ടായി. വറുഗീസ് മാപ്പിളയ്ക്കുശേഷം സെക്രട്ടറി സ്ഥാനം ഏറ്റെടുത്തിരുന്ന കെ. സി. നാരായണൻ നമ്പ്യാർ കുടുംബാവശ്യാർത്ഥം സ്വദേശത്തുനിന്ന് മാറിപ്പോകേണ്ടി വന്നതിനാൽ സമ്മേളനകാര്യങ്ങൾ മുഴുവൻ സമർത്ഥമായി നടത്തിപ്പോന്നത് കെ. സി. മാമ്മൻ മാപ്പിളയായിരുന്നു. 1906 ജനുവരി 17-ാം തീയതിയിലെ 'മനോരമ'യുടെ മുഖക്കുറിപ്പിൽനിന്നുമാണ് തിരുവനന്തപുരം സമ്മേളനത്തെപ്പറ്റിയുള്ള വിവരങ്ങൾ നമുക്ക് ലഭിക്കുന്നത്.[3] പിന്നെയും

അഞ്ച് കൊല്ലത്തിനുശേഷമാണ് സഭയുടെ മറ്റൊരു സമ്മേളനം വൈക്കത്തുവെച്ച് കൂടിയത്. സമ്മേളനം വളരെ ഭംഗിയായും വിജയകരമായും നടന്നു എന്നാണ് 1910 ഒക്ടോബർ 5-ലെ 'മലയാള മനോരമ' റിപ്പോർട്ട് ചെയ്തിട്ടുള്ളത്.[4] വൈക്കം സമ്മേളനമാണ് ഭാഷാപോഷിണിസഭ അവസാനമായി നടത്തിയത്. സഭയുടെ സെക്രട്ടറിയായി ജീവിതാവസാനംവരെ പ്രവർത്തനനിരതനായിരുന്ന വറുഗീസ് മാപ്പിള തിരോധാനം ചെയ്തതോടുകൂടിത്തന്നെ സഭയുടെ സംഘടനാശേഷി തകർന്നിരുന്നു. വൈക്കം സമ്മേളനം കഴിഞ്ഞ് മൂന്നു വർഷം തികയുന്നതിനു മുൻപ് തന്നെ സഭയുടെ സ്ഥിരാദ്ധ്യക്ഷനും സഹൃദയ കേരളത്തിൻെറ രക്ഷാപുരുഷനുമായിരുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാനും കാലയവനികക്കുള്ളിൽ മറഞ്ഞു. അതോടെ ഭാഷാപോഷിണിസഭയെ സംഘടിപ്പിക്കുവാനോ, പ്രവർത്തനങ്ങളെ ഏകീകരിക്കുവാനോ ആരുമില്ലാതെ സഭ അനാഥമായിത്തീർന്നു. എന്നാൽ അവസാനം വരെയും ഭാഷാപോഷിണിസഭയുടെ എല്ലാ പ്രവർത്തനങ്ങളുമായും 'മലയാള മനോരമ'യും മാമ്മൻ മാപ്പിളയും ആത്മാർത്ഥമായി സഹകരിച്ച് പ്രോത്സാഹിപ്പിച്ചു പോന്നിരുന്നതായി കാണാം.

പിന്നീട് മലയാള സാഹിത്യനവോത്ഥാനത്തിനും സാഹിതീഭക്തന്മാരുടെ കൂട്ടായ്മക്കും കളമൊരുക്കിയത് 1927-ൽ സ്ഥാപിതമായ സമസ്ത കേരള സാഹിത്യപരിഷത്തായിരുന്നു. അതിൻെറ ആരംഭം കുറിച്ച ഇടപ്പള്ളി സമ്മേളനം മുതൽ പ്രധാനപ്പെട്ട എല്ലാ പരിഷത്ത് സമ്മേളനങ്ങളിലും മാമ്മൻ മാപ്പിള സാന്നിധ്യംകൊണ്ട് പ്രവർത്തകർക്ക് കൂടുതൽ ആവേശവും ഊർജ്ജവും നൽകി. സമ്മേളനത്തിൽ ഓരോ പ്രാവശ്യവും നടന്നിട്ടുള്ള സാംസ്കാരിക നായകന്മാരുടെ പ്രസംഗങ്ങളും സമ്മേളന നടപടിയും 'മനോരമ' വിശദമായിത്തന്നെ പ്രസിദ്ധീകരിച്ചിരുന്നതായി കാണാം. ഇത് ഓർമ്മിച്ചുകൊണ്ട് വളരെക്കാലം പരിഷത്തിൻെറ പ്രസിഡൻറ് സ്ഥാനം അലങ്കരിച്ചിരുന്ന മഹാകവി ജി. ശങ്കരക്കുറുപ്പ് എഴുതിയിട്ടുള്ളത് "അദ്ദേഹവും അദ്ദേഹത്തിൻെറ പത്രവും നീട്ടിയ സഹായഹസ്തം കേരളത്തിലെ സാഹിത്യകാരന്മാർക്ക് ഒരിക്കലും മറക്കുവാൻ സാധിക്കുകയില്ല. എല്ലാവർക്കും ജീവിതത്തിൽ അഭിമാനിക്കാനുള്ള ഒരവസരം ഉണ്ടായിരിക്കുന്നു." എന്നാണ്[5]. സാഹിത്യപരിഷത്തിനുവേണ്ടി സംഭാവന പിരിക്കാൻ അലഞ്ഞു നടന്നിരുന്ന ഒരവസരത്തെ അനുസ്മരിച്ചുകൊണ്ട് അദ്ദേഹം എഴുതുന്നത്, മാമ്മൻ മാപ്പിള അദ്ധ്യക്ഷത വഹിച്ചിരുന്ന ഒരു കുടുംബ സമ്മേളനത്തിൽ താൻ യാദൃച്ഛികമായെത്തിയെന്നും തന്നെ സൽക്കരിച്ചു സ്വീകരിച്ച മാമ്മൻ മാപ്പിള യാത്രപറയുമ്പോൾ ഒരു തുക പരിഷത്ത് ഫണ്ടിലേക്ക് നൽകിയെന്നുമാണ്.[6]

---

പരിഷത്തിലെ തിരുവനന്തപുരം സമ്മേളനങ്ങളിലൊന്നിൽ അദ്ധ്യക്ഷത വഹിച്ചത് മാമ്മൻ മാപ്പിളയായിരുന്നു. ഭാഷയുടെയും സാഹിത്യത്തിൻെറയും ശ്രേയസ്കരമായ വളർച്ചക്ക് കേരളത്തിലെ സാഹിത്യകുതുകികൾ എത്ര മാത്രമാണ് മനോരമയോടും 'ഭാഷാപോഷിണി' മാസികയോടും 'മനോരമ' ആഴ്ചപ്പതിപ്പിനോടും ഇവയുടെ പത്രാധിപരായ മാമ്മൻ മാപ്പിളയോടും കടപ്പെട്ടിട്ടുള്ളതെന്ന് സമ്മേളനത്തിൽ സംസാരിച്ച പലരും മുക്തകണ്ഠം പ്രശംസിച്ചിരുന്നു. മഹാകവി ഉള്ളൂർ പരിഷത്തിൻെറ പ്രസിഡൻറായിരുന്ന കാലത്ത് കനത്ത സാമ്പത്തിക ഞെരുക്കത്താൽ പരിഷത്തിൻെറ പ്രവർത്തനവും പരിഷത്ത് ത്രൈമാസികയുടെ പ്രസിദ്ധീകരണവും നിലച്ചുപോകുമെന്ന ഘട്ടത്തിലെത്തി. ആ അവസ്ഥയെപ്പറ്റി മഹാകവിയുടെ മകൻ ഉള്ളൂർ പി. മഹാദേവൻ എഴുതിയിട്ടുള്ളതിങ്ങനെയാണ്. "ആ വിപത്സന്ധിയിൽ പരിഷത്തിൻെറയും ത്രൈമാസികയുടെയും രക്ഷയ്ക്കെത്തിയത് സ്നേഹനിധിയായ മാമ്മൻ മാപ്പിള ഒരാൾ മാത്രമായിരുന്നു. പരോക്ഷമായി പറയുകയാണെങ്കിൽ ഉള്ളൂരിൻെറ അഭിമാനം കാത്തുസൂക്ഷിക്കാൻ അദ്ദേഹത്തിൻെറ 'മാമ്മൻ' മുന്നോട്ടുവന്നു എന്നർത്ഥം. മാമ്മൻ മാപ്പിളയുടെ സമ്മതപ്രകാരം പരിഷത്തിൻെറ ഖജാൻജിയായി കെ. സി. മാത്യുവും (മാമ്മൻ മാപ്പിളയുടെ സഹോദരൻ) തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് അദ്ദേഹം ത്രൈമാസികത്തിൻെറ പത്രാധിപരുമായി. ത്രൈമാസികത്തിൻെറ അച്ചടി മനോരമ ഏറ്റെടുത്തു. മൂന്നുനാലു കൊല്ലം അങ്ങനെ കഴിഞ്ഞു. പിന്നീട് ബുദ്ധിമുട്ടുകൾ അവസാനിപ്പിക്കുവാൻ മാമ്മൻ മാപ്പിളയും കൂടെ ഉത്സാഹിച്ച് വരിക്കാരെ സമ്പാദിക്കുകയും വേറെ കുറച്ചു പിരിവ് നടത്തുകയും ചെയ്യാനുള്ള ശ്രമത്തിൽ പരിഷത്ത് ഭാരവാഹികൾ വിജയിച്ചു. പരിഷത്തിനെ സംബന്ധിച്ചിടത്തോളം ഏറ്റവും മുന്തിയ ഔദാര്യവും രക്ഷകർത്തൃത്വാഭിനിവേശവും വ്യഗ്രതയും ആയിരുന്നു മാമ്മൻ മാപ്പിളയുടെ സന്ദർഭോചിതമായ സഹായസഹകരണങ്ങൾ.' 1957-ൽ കോട്ടയത്തു നടന്ന സാഹിത്യപരിഷത്തിൻെറ സമ്മേളനങ്ങളുടെ അഭൂതപൂർവ്വമായ വിജയത്തിൻെറ മുഖ്യശില്പി 'മനോരമ' പത്രാധിപർ കെ. എം. ചെറിയാനായിരുന്നു. സമ്മേളന മൈതാനത്തിന് നാമകരണം ചെയ്തിരുന്നത് വറുഗീസ് മാപ്പിള നഗർ എന്നായിരുന്നു. സാഹിത്യ അക്കാദമി പ്രവർത്തനങ്ങളിലും കെ. എം. ചെറിയാൻ ഉത്സാഹപൂർവം പങ്കെടുത്തിട്ടുണ്ട്. കുറെക്കാലം അതിൻെറ വൈസ് പ്രസിഡൻറ് സ്ഥാനവും അദ്ദേഹം അലങ്കരിച്ചിരുന്നു. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ 1966 മാർച്ച് 22-ന് നടത്തിയ 'വറുഗീസ് മാപ്പിള സിമ്പോസിയം' അവിസ്മരണീയമായ സാഹിതീ സംഗമമായിരുന്നു. അന്നത്തെ മാനേജിംഗ് എഡിറ്ററായി പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിൻെറ സഹോദരനും ഇന്നത്തെ ചീഫ് എഡിറ്ററുമായ കെ. എം. മാത്യു 'ഭാഷാപോ

ഷിണി' മാസിക പുനഃപ്രസിദ്ധീകരണം നടത്തുമെന്ന് പ്രഖ്യാപിച്ചതും ഈ സമ്മേളനത്തിൽ വച്ചാണ്. കെ. എം. ചെറിയാൻെറ കാലത്തുതന്നെയാണ് 'വിശ്വദീപം' മഹാകാവ്യത്തിൻെറയും 'കാവ്യസങ്കീർത്തന'ത്തിൻറയും പ്രകാശനം 'മനോരമ' അങ്കണത്തിൽവച്ച് സാഘോഷംകൊണ്ടാടിയത്.[8] 'മലയാള മനോരമ'യുടെ പ്ലാറ്റിനം ജൂബിലിയാഘോഷം 1966 ജൂലൈ 27-ാം തീയതി ഇന്ത്യൻ യൂണിയൻ പ്രസിഡൻറ് ഡോ. രാധാകൃഷ്ണൻെറ അദ്ധ്യക്ഷതയിൽ നടന്നു. 'മലയാള മനോരമ'യുടെ പുനഃപ്രസിദ്ധീകരണത്തിൻെറ രജതജൂബിലി 1972 ൽ കെ. എം. ചെറിയാൻെറ നേതൃത്വത്തിൽ തന്നെ ഭംഗിയായി ആഘോഷിച്ചു.

കെ. എം. മാത്യു, ചീഫ് എഡിറ്ററായി സ്ഥാനമേറ്റ് അധികം കഴിയുന്നതിനു മുമ്പാണ് 1973 മെയ് 10-ാംതീയതി കെ. സി. മാമ്മൻ മാപ്പിളയുടെ ജന്മശതാബ്ദി സിമ്പോസിയം കോട്ടയത്ത് മാമ്മൻ മാപ്പിള സ്മാരക ടൗൺഹാളിൽ നടന്നത്. പ്രമുഖ സാഹിത്യകാരന്മാരും സാംസ്കാരിക നായകന്മാരും അന്നു നടന്ന സിമ്പോസിയത്തിൽ സജീവമായി പങ്കെടുത്തിരുന്നു. കെ. എം. മാത്യുവിൻെറ സാരഥ്യം മനോരമ കുടുംബത്തിൽ പല പുതിയ പ്രസ്ഥാനങ്ങൾക്കും ജന്മം നല്കിയിട്ടുണ്ട്. ഭാഷാപോഷിണി മാസിക പുനഃപ്രസിദ്ധീകരണം 1977-ലാണ് തുടങ്ങിയത്. 1982-ൽ ബാലജനസഖ്യത്തിൻെറ സുവർണ്ണജൂബിലി ആഘോഷിച്ചതും അദ്ദേഹത്തിൻെറ രക്ഷാകർതൃത്വത്തിൻ കീഴിലാണ്. സമ്മേളനം ഉദ്ഘാടനം ചെയ്തത് അന്നത്തെ ഇന്ത്യൻ യൂണിയൻ പ്രസിഡൻറ് സഞ്ജീവ് റെഡ്ഢിയായിരുന്നു. ആ വർഷത്തെ മറ്റൊരു പ്രധാനസംഭവം 'ദ് വീക്ക്' എന്ന വാരികയുടെ ആരംഭമാണ്. 1982 ഡിസംബർ 26-ാം തീയതി വീക്കിൻെറ ആദ്യലക്കം പുറത്തിറങ്ങി. ചീഫ് എഡിറ്റർ കെ. എം. മാത്യുവിൻെറ സംഭാവനകൾ ആണ് ഇവ. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ നടന്നിട്ടുള്ള പല സമ്മേളനങ്ങളുമുണ്ട്. 1988-ൽ മനോരമയുടെ ശതാബ്ദി ആഘോഷം ഒരു വർഷം നീണ്ടുനിന്ന പരിപാടികളോടുകൂടി സാഘോഷം കൊണ്ടാടിയിരുന്നു.

'മനോരമ'യുടെ പ്രസിദ്ധീകരണാലയം തുടക്കംമുതലേ പല അപൂർവ്വ ഗ്രന്ഥങ്ങൾ പുനഃപ്രകാശനം ചെയ്യുകയും പുതുതായി എഴുതുന്നവ പ്രസിദ്ധീകരിക്കുകയും ചെയ്തുകൊണ്ടിരുന്നതിൻെറ ഒരേകദേശരൂപം മുൻ അദ്ധ്യായങ്ങളിലായി വിവരിച്ചിട്ടുണ്ട്. ആ പാരമ്പര്യം ഇന്നും അഭംഗുരം നിലനിർത്തിപ്പോരുന്നു. ഇന്നത്തെ ചീഫ് എഡിറ്റർ കെ. എം. മാത്യുവിൻെറ ആശീർവാദത്തോടെ 'മലയാള മനോരമ'യെയും അതിൻെറ പത്രാധിപന്മാരെയും കുറിച്ചറിയുവാനും പഠിക്കുവാനും പ്രയോജനപ്പെടുന്ന നിരവധി ഗ്രന്ഥങ്ങൾ പുറത്തുവന്നിട്ടുണ്ട്.

---

തുടക്കം മുതൽ സാഹിത്യസംഘടനകളും സാഹിത്യകാരന്മാരുമായി 'മനോരമ'യ്ക്ക് ഏറിയ അടുപ്പമാണ്. മഹാകവി കുമാരനാശാനും മാമ്മൻ മാപ്പിളയുമായുള്ള ഗാഢബന്ധത്തിൻെറ വ്യക്തമായ ചിത്രം 1949 ജനുവരി 17-ാം തീയതിയിലെ മലയാള മനോരമയിൽ മാമ്മൻ മാപ്പിളയെഴുതിയ കുമാരനാശാനെക്കുറിച്ചുള്ള അനുസ്മരണത്തിൽ വരച്ചുകാട്ടുന്നുണ്ട്.[9] അതിലെ ചില ഭാഗങ്ങളാണ് താഴെ കൊടുക്കുന്നത്. "മഹാകവി കുമാരനാശാനും ഞാനും തമ്മിൽ വളരെയടുത്ത പരിചയമുണ്ടായിരുന്നു. ദൃഢപരിചിതരെന്നു മാത്രമല്ല, ഞങ്ങൾ തമ്മിൽ ഗാഢസുഹൃത്തുക്കളെന്ന നിലയിലാണ് കഴിഞ്ഞുകൂടിയിരുന്നത്. അക്കാലത്ത് ഞങ്ങളിരുവരും ശ്രീമൂലം പ്രജാസഭയിലെയും, ടെസ്റ്റ്ബുക്ക് കമ്മറ്റിയിലെയും മെമ്പർമാരായിരുന്നുവെന്നാണ് എൻെറ ഓർമ്മ. ആ നിലയിൽ പലപ്പോഴും കൂടുതൽ അടുത്ത് പെരുമാറാനും സുദീർഘങ്ങളായ സുഹൃത്സംഭാഷണങ്ങൾ മുഖേന ആശയവിനിമയം ചെയ്യാനും ഞങ്ങൾക്ക് അവസരം ലഭിച്ചിട്ടുണ്ട്. അക്കാലത്ത് ഞാൻ പല കാര്യവശാൽ പലപ്പോഴും തിരുവനന്തപുരത്ത് പോകുന്ന വേളയിൽ മാർഗമദ്ധ്യേ തോന്നയ്ക്കലുള്ള ആശാൻെറ വസതിയിൽ കയറാറുണ്ടായിരുന്നു. ഒരിക്കൽ തോന്നയ്ക്കലുള്ള ആശാൻെറ വസതിയിൽ ഞാൻ ചെന്നപ്പോൾ അദ്ദേഹം തനിക്ക് അന്നത്തെ വെയിൽസ് രാജകുമാരൻെറ പക്കൽനിന്ന് ബഹുമതി സൂചകമായി കിട്ടിയ വിലയേറിയ സാൽവ തൻെറ സ്വതസിദ്ധമായ വിനോദസാരസ്യത്തോടെ പുതച്ച് എന്നെ കാണിച്ചു....... ആശാൻെറ തോന്നയ്ക്കലുള്ള ഭവനം ആശാൻ വാങ്ങാനിടയായ കഥ സന്ദർഭവശാൽ ഈ അവസരത്തിൽ ഓർമ്മ വരുന്നു. അന്ന് വിദ്യാഭ്യാസവകുപ്പിലെ ഡപ്യൂട്ടി ഡയറക്ടറായിരുന്നത് മഹാ സമർത്ഥനും നല്ല തൻേറടക്കാരനുമായിരുന്ന പി. രാമസ്വാമി അയ്യർ എന്നദേഹമായിരുന്നു. അദ്ദേഹം എൻെറയും ആശാൻെറയും ഒരു പൊതുസുഹൃത്തായിരുന്നു....... അങ്ങനെയിരിക്കെ അതിസമർത്ഥനായ രാമസ്വാമി അയ്യർ കഠിനമായ ചില സാമ്പത്തിക പ്രാരാബ്ധങ്ങളിൽ ചെന്നുപെടാനിടയായി. അദ്ദേഹത്തിൻെറ സാമ്പത്തിക ക്ലേശങ്ങൾ ലഘൂകരിക്കാൻ ചില വസ്തുക്കൾ വില്ക്കേണ്ടതാവശ്യമായി വന്നു. തോന്നയ്ക്കലുള്ള ആശാൻെറ വസതി അന്ന് രാമസ്വാമി അയ്യരുടെ വകയായിരുന്നു....... രാമസ്വാമി അയ്യർക്ക് വന്നുകൂടിയ ഈ വിഷമസന്ധിയിൽ അദ്ദേഹത്തെ സഹായിക്കുവാനുള്ള മാർഗ്ഗം എന്താണെന്ന് അദ്ദേഹവും ഞങ്ങളിൽ പലരും, കൂടിയാലോചിച്ചു. ഒടുവിൽ രാമസ്വാമി അയ്യരുടെ വകയായി തോന്നയ്ക്കലുള്ള ഭവനം കുമാരനാശാന് വില്ക്കാമെന്നും ആശാനത് വാങ്ങാമെന്നുമാണ് തീരുമാനിച്ചത്."[10]

ആശാൻെറ 'വീണപൂവ്' 'മിതവാദി'യിൽ പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും അത്രയധികം പ്രചാരം കിട്ടാതെയിരുന്ന സന്ദർഭത്തിലാണ് സി. എസ്.

സുബ്രഹ്മണ്യംപോറ്റിയുടെ അവതാരികയോടുകൂടി 'ഭാഷാപോഷിണി' യിൽ പ്രസിദ്ധീകരിച്ചത്. 'വീണപൂവി'ൻെറ ഈ പുനർജനനം മലയാള കാവ്യപ്രപഞ്ചത്തിലുണ്ടാക്കിയ ചലനം സുവിദിതമാണല്ലോ."മാമ്മൻ മാപ്പിള ആവശ്യപ്പെട്ടതനുസരിച്ചാണ് ആശാൻ 'സിംഹപ്രസവം' രചിച്ചത്. അതും 'ഭാഷാപോഷിണി'യിൽ പ്രസിദ്ധീകരിച്ചു."[11] 1928 ജനുവരി 26 ന് 'മനോരമ'പത്രത്തിൽ വന്ന ഒരു പരസ്യമാണ് താഴെ കൊടുക്കുന്നത്. "പരേതനായ മഹാകവി കുമാരനാശാനെപ്പറ്റിയും അദ്ദേഹത്തിൻെറ കൃതികളെപ്പറ്റിയും മനോരമയുടെ മൂന്നു കോളത്തിൽ കൂടാത്തതും മകരം മുപ്പതാം തീയതിക്കകം ഇവിടെ കിട്ടുന്നതുമായ വിമർശനങ്ങളിൽവെച്ച് ഏറ്റവും നല്ലതെന്ന് ഞങ്ങൾ നിയമിക്കുന്ന പരിശോധകന്മാർ തീരുമാനിക്കുന്നൊരു ഉപന്യാസത്തിന് 15 ക സമ്മാനം കൊടുക്കുന്നതാണ്. ബാക്കി വിമർശനങ്ങളിൽവെച്ച് നല്ലതെന്ന് കാണുന്നവയ്ക്ക് കോളത്തിന് 2 കയിൽ കൂടാത്ത പ്രതിഫലം കൊടുത്ത് മനോരമയിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ഞങ്ങൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതുമാകുന്നു."[12] ആശാൻെറ കാവ്യപ്രപഞ്ചവുമായി യുവസാഹിത്യകാരന്മാരെ ബന്ധിപ്പിക്കുവാനുള്ള ഉദ്ദേശ്യമാണ് ഇതിൻെറ പിന്നിലുണ്ടായിരുന്നത്. മാമ്മൻ മാപ്പിളയുടെ സാഹിതീസേവയ്ക്ക് ഉത്തമോദാഹരണമാണല്ലോ ഇത്. ആകസ്മികമായി മരണമടഞ്ഞ മഹാകവിക്ക് ഉചിതമായ ഒരു സ്മാരകം ഏർപ്പെടുത്തണമെന്നും അതിൻെറ ഉത്തരവാദിത്വം എസ്. എൻ. ഡി. പി. ഏറ്റെടുക്കണമെന്നും 1924 ഫെബ്രുവരി 19-ലെ 'മനോരമ'യിൽഉദ്ബോധിപ്പിച്ചിരുന്നു.[13] കുമാരനാശാൻെറ 25-ാം ചരമവാർഷികദിനത്തിൽ മുഖപ്രസംഗത്തിലൂടെ വീണ്ടും മനോരമ ആശാനൊരു സ്മാരകം ഇതുവരെ ഉണ്ടായിട്ടില്ലെന്നത് ഖേദകരമാണെന്നും ആ കുറവ് ഉടൻ പരിഹരിക്കണമെന്നും പറഞ്ഞിരുന്നു.[14]

തുടക്കം മുതൽ 'മനോരമ'യിൽ എഴുതിത്തെളിഞ്ഞ് പേരെടുത്ത ഒരാളായിരുന്നു സി. വി. കുഞ്ഞുരാമൻ. പ്രഗത്ഭനായ ആ മഹാശയൻ തുറന്നു പറയുന്നത് "എന്നെ ആരെങ്കിലും പ്രോത്സാഹിപ്പിച്ചിട്ടുണ്ടെങ്കിൽ അത് വറുഗീസ് മാപ്പിള തന്നെ" എന്നാകുന്നു.[15] 1952-ൽ ഇറങ്ങിയ 'കേരള കൗമുദി' വിശേഷാൽ പതിപ്പിൽ മാമ്മൻ മാപ്പിള എഴുതിയ 'സി. വി. കുഞ്ഞുരാമൻ ചില സുഹൃത്സ്മരണകൾ' എന്ന ലേഖനം അദ്ദേഹവും സി. വി. കുഞ്ഞുരാമനും തമ്മിലുണ്ടായിരുന്ന ദൃഢബന്ധത്തിൻെറ ചുരുൾ അഴിച്ചുവിടുന്നുണ്ട്. അദ്ദേഹം എഴുതുന്നത് നോക്കുക. "സി. വി. കുഞ്ഞുരാമനും ഞാനും മിക്കവാറും സമപ്രായക്കാരായിരുന്നു. മലയാള മനോരമ പത്രത്തിൻെറ ആരംഭകാലത്ത് കുഞ്ഞുരാമൻ അതിലേക്ക് പലപ്പോഴും പലതും എഴുതി അയയ്ക്കാറുണ്ടായിരുന്നു. ഞാൻ ചെറുപ്പം മുതലേ മനോരമയുമായി ബന്ധപ്പെട്ടിരുന്നതിനാൽ മനോരമ പത്രം ഞങ്ങൾ ഇരുവരെയും

തമ്മിലടുപ്പിച്ചു....... ജയിൽ മുക്തനായ സി. കേശവന് സ്വീകരണം നൽകാൻ ആലപ്പുഴയിൽ ഒരു മഹായോഗം കൂടി 'കേശവചന്ദ്രോദയം കണ്ട മനുഷ്യമഹാസമുദ്രം' എന്നായിരുന്നു ആ സമ്മേളനത്തെപ്പറ്റി മനോരമയിൽ റിപ്പോർട്ട് ചെയ്തിരുന്നത്......... ആ യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചത് ഞാനായിരുന്നു..... ഈ മഹായോഗത്തിലെ പ്രാസംഗികന്മാരിലൊരാൾ ശ്രീ. കുഞ്ഞുരാമനായിരുന്നു. തിരുവിതാംകൂറിലെ ജനങ്ങളുടെയിടയിൽ രാഷ്ട്രീയ പ്രബുദ്ധതയും സമുദായ പരിഷ്കാരങ്ങളുംകൈവരുത്തുന്നതിനായി മലയാള മനോരമപ്പത്രം ആരംഭം മുതൽ അഭംഗമായി അനുഷ്ഠിച്ചുപോന്ന സേവനങ്ങളെ അദ്ദേഹം മുക്തകണ്ഠം പ്രശംസിച്ചതായി ഞാൻ ഓർക്കുന്നു. തിരുവിതാംകൂറിൻെറ രാഷ്ട്രീയവും സാമുദായികവുമായ വളർച്ചയിൽ മനോരമ നൽകിയിട്ടുള്ള നേതൃത്വത്തിന് അദ്വിതീയവും അവിസ്മരണീയവുമായ ഒരു സ്ഥാനമുണ്ടെന്നും മറ്റും ആ സദസ്സിൽ അദ്ദേഹം തുടർന്ന് പ്രസ്താവിച്ചു. അതിനകം നിവർത്തനപ്രക്ഷോഭണത്തിൽ ശ്രീ. കുഞ്ഞുരാമനും സർവ്വാത്മനാ സഹകരിച്ചുകൊണ്ടിരുന്നു. അതുസംബന്ധിച്ച് പലപ്പോഴും ആ കാലഘട്ടത്തിൽ അദ്ദേഹം കോട്ടയത്ത് വരികയും അപ്പോഴെല്ലാം എന്നോടൊന്നിച്ച് താമസിക്കുകയും ചെയ്തിരുന്നു. അങ്ങനെയിരുന്നപ്പോൾ ഒരു സന്ദർഭത്തിൽ മനോരമയുടെ ചരിത്രമെഴുതാമോ എന്ന് ഞാൻ അദ്ദേഹത്തോട് ചോദിക്കുകയും അദ്ദേഹം ആ ചുമതല കൈയേല്ക്കാമെന്ന് സസന്തോഷം മറുപടി പറയുകയും ചെയ്തു."[16] എന്നാൽ അത് സാക്ഷാത്കരിക്കപ്പെട്ടില്ല. ഉത്തരവാദിത്ത പ്രക്ഷോഭണത്തോടുകൂടി മാമ്മൻ മാപ്പിളയ്ക്കും 'മലയാള മനോരമ'യ്ക്കും സംഭവിച്ച അത്യാഹിതമായിരുന്നിരിക്കണം അത് ഫലവത്താകാതിരിക്കാൻ കാരണം. സി. വി. കുഞ്ഞുരാമൻ രോഗശയ്യയിലായിരിക്കുമ്പോൾ മാമ്മൻ മാപ്പിള അദ്ദേഹത്തെ സന്ദർശിക്കുക പതിവായിരുന്നു. സി. വിയുടെ ദേഹവിയോഗത്തിൽ ദുഃഖിതനായ അദ്ദേഹം എഴുതിയ അനുസ്മരണമാണ് മുകളിൽ ഉദ്ധരിച്ചത്. സമകാലികരായ ഒരുവിധം എല്ലാ സാഹിത്യപ്രതിഭകളും മാമ്മൻമാപ്പിളയുടെയും മനോരമയുടെയും നിസ്സീമമായ സ്നേഹാദരവുകൾ അനുഭവിച്ചവരാണ്.

മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ് തൻെറ ചില അനുഭവങ്ങൾ വിവരിക്കുന്നതിൽ ഇങ്ങനെ പറയുന്നുണ്ട്. "ഞാനൊരു നോവലെഴുതി. അതച്ചടിക്കുവാൻവേണ്ട ധനസൗകര്യം എനിക്കുണ്ടായിരുന്നില്ല. അക്കാലത്ത് നോവൽ എഴുതിയാൽ മഷിയും കടലാസും ചെലവഴിക്കുക മാത്രമായിരിക്കും ഫലം..... ഞാൻ നോവലിൻെറ കൈയെഴുത്തുപ്രതിയുമായി ശ്രീ. മാമ്മൻ മാപ്പിളയെ കണ്ട് വിവരം പറഞ്ഞു. അദ്ദേഹം താമസിയാതെ അത് മനോരമയിൽ പ്രസിദ്ധീകരിക്കുകയും പ്രതിഫലമായി നൂറു രൂപയുടെ ഒരു ചെക്ക് അയച്ചുതരികയും ചെയ്തു. അന്ന് നൂറു രൂപ ഒരു

വലിയ സംഖ്യയാണെന്ന് പറയേണ്ടതില്ലല്ലോ. മറ്റൊന്ന് എനിക്ക് കിട്ടിയ ഒരിടക്കാല ആശ്വാസത്തിൻെറ കഥയാണ്. ഉൽക്കർഷത്തിന് മാർഗ്ഗമില്ലാതിരുന്ന അദ്ധ്യാപകവൃത്തിയിൽ മനസ്സ് മടുത്തപ്പോൾ ഞാൻ ശമ്പളമില്ലാതെ ഒരു കൊല്ലത്തെ അവധിയെടുത്ത് സർക്കാരുദ്യോഗത്തിനുവേണ്ടി ശ്രമിച്ചു. അത്രവേഗം കിട്ടുന്നതല്ലല്ലോ അക്കാലത്ത് സർക്കാരുദ്യോഗം. ഈ വിവരം എങ്ങനെയോ അറിഞ്ഞ മാമ്മൻ മാപ്പിള ഒരു കാര്യം സംസാരിക്കാനുണ്ടെന്ന് എനിക്കെഴുതി. ഞാൻ കോട്ടയത്ത് ചെന്ന് അദ്ദേഹത്തെ കണ്ടു. അപ്പോൾ ഏഴോ എട്ടോ താളുകളുള്ള ഒരു ചെറിയ പുസ്തകം (നിത്യപ്രാർത്ഥനയ്ക്കുള്ളത്) എടുത്ത് കാണിച്ച് അതിലെ ഭാഷയൊന്ന് നന്നാക്കണമെന്നും സൗകര്യമുള്ള ശനിയാഴ്ചയെല്ലാം കോട്ടയത്ത് ചെല്ലണമെന്നും ജോലി പതുക്കെ ചെയ്താൽ മതിയെന്നും പറഞ്ഞു. യാത്ര പറഞ്ഞപ്പോൾ ഒരു കടലാസ്പൊതി കൈയിൽ തന്നു. ഓരോ ശനിയാഴ്ചയും അതാവർത്തിച്ചു. ഏകദേശം ആറ് മാസത്തോളം ജോലിയില്ലാത്ത ഈ ജോലി തുടർന്നു. ആഴ്ചതോറും അതിന് പ്രതിഫലം 15 ക. മനോരമയിൽ പ്രസിദ്ധപ്പെടുത്തുന്ന കവിതകൾക്ക് പ്രതിഫലം വേറെയും. അനപേക്ഷിതമായ ഇത്തരം സഹായങ്ങൾ വളരെപ്പേർക്ക് അദ്ദേഹം ചെയ്തുകൊടുത്തിട്ടുണ്ടെന്നും എനിക്കറിയാം."[17] 'മനോരമ'യിൽ ഖണ്ഡശഃപ്രസിദ്ധീകരിക്കുവാൻ വെണ്ണിക്കുളത്തിനെക്കൊണ്ട് നോവലെഴുതിക്കുകയും തർജ്ജമ നടത്തിക്കുകയും മാമ്മൻ മാപ്പിള ചെയ്തിരുന്നു. "വംഗദേശകവികുല ശിരോലങ്കാരമായ തുളസീദാസൻെറ 'രാമചരിതമാനസം' വെണ്ണിക്കുളം തർജ്ജമ ചെയ്യാൻ ആലോചിക്കുകപോലും ചെയ്യുമായിരുന്നില്ല മാമ്മൻ മാപ്പിളയുടെ പ്രോത്സാഹനം ലഭിച്ചിരുന്നില്ലെങ്കിൽ" എന്നാണ് ഉള്ളൂർ പി. മഹാദേവൻ പറയുന്നത്.[18] അതുപോലെ "മൂർക്കോത്ത് കുമാരനെ മലയാളത്തിൻെറ പ്രതിഭാശാലിയായ ഗദ്യകാരനായും വിമർശകവജ്രസൂചിയായും വളർത്തിയെടുത്തത് മാമ്മൻ മാപ്പിളയുടെ കരങ്ങൾ ആയിരുന്നു. ഈ അടുക്കിൽ അടുത്ത കണ്ണിയത്രേ സി. എസ്. സുബ്രഹ്മണ്യൻ പോറ്റി. കഴിഞ്ഞ പുരുഷാന്തരത്തിലെ മറ്റൊരു പ്രമുഖ ഗദ്യകാരനായ ചിത്രമെഴുത്ത് വർഗ്ഗീസിനെ പ്രശസ്തനാക്കിയതും തരവത്ത് അമ്മാളുവമ്മയ്ക്ക് പ്രസിദ്ധി സമ്പാദിച്ചുകൊടുത്തതും മാമ്മൻ മാപ്പിളയായിരുന്നു" എന്നാണ് അദ്ദേഹം തുടർന്നെഴുതുന്നത്.[19]

മഹാകവി വള്ളത്തോൾ മാമ്മൻ മാപ്പിളയുമായും 'മനോരമ'യുമായും ഏറെ സൗഹൃദത്തിൽ കഴിഞ്ഞിരുന്നു. 'മനോരമ' ആഴ്ചപ്പതിപ്പിൻെറ ആദ്യലക്കത്തിൽ വള്ളത്തോളിൻെറ 'കൊച്ചുസീത' പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാമ്മൻ മാപ്പിളയുടെ സഹായം പലപ്പോഴും മഹാകവിക്ക് ആശ്വാസം നൽകിയിരുന്നു. "വള്ളത്തോളിൻെറ പുസ്തകങ്ങളുടെ വില്പനവരെ അക്കാലത്ത് മനോരമ ഏറ്റെടുത്തിരുന്നു. മാത്രമല്ല വള്ളത്തോളിന് പണം

ആവശ്യമുള്ളപ്പോഴൊക്കെ വന്നു ചോദിക്കുകയും മാമ്മൻ മാപ്പിള കൊടുക്കുകയും ചെയ്തിരുന്നു. 'മഗ്ദലനമറിയം' എന്ന ഖണ്ഡകാവ്യം രചിക്കുന്നതിന് വള്ളത്തോളിനെ പ്രേരിപ്പിച്ചത് മാമ്മൻ മാപ്പിളയാണ്. 'മഗ്ദലന മറിയം' എന്ന പേര് ഈ ഖണ്ഡകാവ്യത്തിനിടണമെന്ന് സൂചിപ്പിച്ചത് മാമ്മൻ മാപ്പിളയാണെന്നാണ് പറയപ്പെടുന്നത്."[20] 'മലയാള മനോരമ'യുടെ പുനഃപ്രസിദ്ധീകരണവേളയിൽ വള്ളത്തോൾ അയച്ച സന്ദേശത്തിൽ ഇങ്ങനെ കാണുന്നു. "ധർമ്മരാജ്യത്തിന്റെ അധർമ്മങ്ങളെ വെളിപ്പെടുത്താൻ ശ്രമിച്ചതിന് നൽകപ്പെട്ട വീരശൃംഖലയായിരുന്നുവല്ലോ 'മനോരമ' പത്രത്തിന് കിട്ടിയ കൈയാമം. അഹോ, ഒരു കരുത്തേറിയ സ്വേച്ഛാഭരണത്തോട് പൊരുതുകയാൽ പോർക്കളത്തിൽ മൃതപ്രായനായി നിലംപൊത്തിയ ധീരഭടൻ, ഇതാ, ഉല്പതിഷ്ണുക്കളായ യുവജനങ്ങളെ, വീണ്ടും മൂർച്ഛയിൽനിന്നും എഴുന്നേറ്റ് നിങ്ങളെ സഹായിക്കാനായി വന്നുചേർന്നിരിക്കുന്നു. ഈ 1123 വൃശ്ചികം 13-ാം തീയതി നമുക്കെല്ലാവർക്കും ഒരു പുണ്യദിനംതന്നെ......"[21]

ഇടപ്പള്ളി കവികളായ രാഘവൻ പിള്ളയെയും ചങ്ങമ്പുഴ കൃഷ്ണപിള്ളയെയും മനോരമയാണ് കൂടുതൽ പ്രശസ്തിയിലേക്ക് ഉയരുവാൻ സഹായിച്ചത്. "ഒരിക്കൽ ഇ. വി. കൃഷ്ണപിള്ള ചങ്ങമ്പുഴയെ മാമ്മൻ മാപ്പിളയ്ക്കു പരിചയപ്പെടുത്തിക്കൊടുത്തു. നല്ലപോലെ കവിതയെഴുതുന്ന ആളാണ്. ഒരു കവിത ചൊല്ലുവാൻ ആവശ്യപ്പെട്ടതനുസരിച്ച് ചങ്ങമ്പുഴ ഒരു കവിത വായിച്ചുകേൾപ്പിച്ചു. യാത്ര പറയുമ്പോൾ നല്ലൊരു സംഖ്യ ചങ്ങമ്പുഴയ്ക്ക് കൊടുക്കുകയും ചെയ്തു."[22] 'മനോരമ' ആഴ്ചപ്പതിപ്പിൽ ചങ്ങമ്പുഴയുടെ കവിതകൾ സ്ഥിരമായി പ്രസിദ്ധീകരിച്ചിരുന്നു. കവികൾക്കും സാഹിത്യപ്രതിഭകൾക്കും 'മനോരമ'യോടും കെ. സി. മാമ്മൻ മാപ്പിളയോടും മറ്റും ഉണ്ടായിരുന്ന വൈകാരികബന്ധം എത്രമാത്രമാണെന്നു തുറന്നുപറഞ്ഞിട്ടുള്ള ധാരാളം മഹാത്മാക്കൾ ഉണ്ട്. "ശ്രീ. മാമ്മൻ മാപ്പിളയുടെ ഔദാര്യംകൊണ്ടും സമ്പർക്കംകൊണ്ടും മറ്റുമാണ് എന്നെപ്പോലെയുള്ള ആളുകൾക്ക് ഈ കൊച്ചുകേരളത്തിൽ വളർന്നുവരുവാൻ സാധിച്ചത്" എന്നാണ് മഹാകവി ജി. ശങ്കരക്കുറുപ്പ് എഴുതിയിട്ടുള്ളത്.[23] ഇ. എം. കോവൂർ പറയുന്നതാകട്ടെ "ഒരെഴുത്തുകാരനാകുവാൻ എന്നെ ഏറ്റവും കൂടുതൽ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തത് മാമ്മൻ മാപ്പിളയാകുന്നു" എന്നാണ്.[24]

മലയാളത്തിൽ ഗദ്യസാഹിത്യം വളർന്ന് ഉൽകർഷം പ്രാപിച്ചത് 'മലയാള മനോരമ'യിലൂടെയായിരുന്നുവല്ലോ. 'ആധുനിക മലയാള ഗദ്യസാഹിത്യത്തിന്റെ പിതാവ്' കണ്ടത്തിൽ വറുഗീസ് മാപ്പിളയാണെന്നാണ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി എഴുതുന്നത്.[25] ചെറുകഥ, നോവൽ, ശാസ്ത്രസാഹിത്യം, കൃഷി, ജീവശാസ്ത്രം തുടങ്ങിയവയെക്കുറിച്ചുള്ള

പഠനങ്ങൾ 'മനോരമ'യിലും, 'ഭാഷാപോഷിണി'യിലും സ്ഥിരം പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. ഓരോ വിഷയത്തിലും പ്രാഗല്ഭ്യം നേടിയിട്ടുള്ള വ്യക്തികളെയാണ് ഇതിനായി ഭാരമേല്പിച്ചിരുന്നത്. മലയാള ഗദ്യശൈലീവല്ലഭനായ മൂർക്കോത്ത് കുമാരൻ പല സദസ്സുകളിലും ആവർത്തിച്ചു പറയാറുണ്ടായിരുന്നത് "വറുഗീസ് മാപ്പിള അവർകളുടെ പ്രോത്സാഹനം ഇല്ലായിരുന്നുവെങ്കിൽ ഞാൻ ഭാഷാസാഹിത്യത്തിൽ പ്രവേശിച്ച് പ്രവർത്തിക്കുവാൻ സംഗതി വരികയില്ലെന്ന പരമാർത്ഥം അറിഞ്ഞുകഴിഞ്ഞാൽ എത്രമേൽ കൃതജ്ഞതയോടുകൂടിയാണ് അദ്ദേഹത്തെ ഞാൻ ഓർക്കുന്നതെന്ന് നിങ്ങൾക്ക് മനസ്സിലാവും" എന്നാണ്.[26] എൻ. രാജരാജവർമ്മ, മാവേലിക്കര ഉദയവർമ്മ, ഐ. സി. ചാക്കോ തുടങ്ങിയ പണ്ഡിതകുലപതികളെയാണ് ശാസ്ത്രസംബന്ധമായ വിഷയങ്ങൾ എഴുതുവാൻ ഏല്പിച്ചിരുന്നത്. 'ഭാഷാപോഷിണി'യിലും 'മനോരമ'യിലുമായി പ്രസിദ്ധീകരിച്ചിരുന്ന അത്തരം ലേഖനങ്ങൾ നമ്മുടെ വൈജ്ഞാനിക സമ്പത്ത് വർദ്ധമാനമാക്കുവാൻ ഏറെ സഹായിച്ചവയാണ്. പി. ഒ. ഏബ്രഹാം, മഹാകവി പുത്തൻകാവ് മാത്തൻതരകൻ എന്നിവർ പയറ്റി ത്തെളിഞ്ഞത് 'മനോരമ'യിലൂടെയും 'ഭാഷാപോഷിണി'യിലൂടെയുമാണല്ലോ. "താൻ കഥയെഴുതി പഠിച്ചത് മാമ്മൻ മാപ്പിളയുടെ നിരന്തരമായ പ്രോത്സാഹനം മൂലമാണ്" എന്ന് എൻ. പി. ചെല്ലപ്പൻ നായർ തന്നോട് പല പ്രാവശ്യം പറഞ്ഞിരുന്നതായി ഉള്ളൂർ പി. മഹാദേവൻ അനുസ്മരിക്കുന്നു.[27] അതുപോലെ പണ്ഡിറ്റ് കറുപ്പൻ, പള്ളത്ത് രാമൻ, മൂലൂർ എസ്. പദ്മനാഭപ്പണിക്കർ, കൊച്ചീപ്പൻ മാപ്പിള, ഇടയാറന്മുള സൈമൺ തുടങ്ങി എത്രയോ സാഹിത്യകാരന്മാർ മലയാള മനോരമയോട് കടപ്പെട്ടവരായിട്ടുണ്ട്. ഹാസ്യസാഹിത്യ നിപുണന്മാരായിരുന്ന പി. ഒ. ഏബ്രഹാം, ഇ. വി. കൃഷ്ണപിള്ള, എൻ. പി. ചെല്ലപ്പൻ നായർ, സഞ്ജയൻ എന്ന എം. ആർ. നായർ എന്നിവരൊക്കെ മാമ്മൻ മാപ്പിളയുടെ സഹായസഹകരണങ്ങൾ അനുഭവിച്ചിട്ടുള്ളവരാണ്.

1937-ൽ 'മലയാള മനോരമ' ആഴ്ചപ്പതിപ്പ് ആരംഭിച്ചപ്പോൾ ഹാസ്യസാഹിത്യപ്രതിഭയായ ഇ. വി. കൃഷ്ണപിള്ളയെയാണ് പത്രാധിപരായി നിയമിച്ചിരുന്നത്. 'മനോരമ' പത്രവും പ്രസ്സും കണ്ടുകെട്ടുന്നതുവരെ മാത്രമേ ഇ. വി. പത്രാധിപരായുള്ള ആഴ്ചപ്പതിപ്പ് നിലനിന്നിരുന്നുള്ളുവെങ്കിലും, ഏറ്റവും നല്ല സാഹിത്യപ്രസിദ്ധീകരണമായി ആഴ്ചപ്പതിപ്പ് സാർവ്വത്രികാംഗീകാരം നേടിയിരുന്നു. ഇതിനെച്ചൂണ്ടി 'കൗമുദി' ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായിരുന്ന കെ. ബാലകൃഷ്ണൻ എഴുതുന്നതിപ്രകാരമാണ്. "ഒരു പത്രാധിപരും ഒരു പത്രമുതലാളിയും ഇതുവരെ ചെയ്തിട്ടില്ലാത്ത ഒരുകാര്യം ശ്രീ. കെ. സി. മാമ്മൻ മാപ്പിള ചെയ്തു. മനോരമയ്ക്ക് ഒന്നാം കിടയിലുള്ള ഒരു ആഴ്ചപ്പതിപ്പുണ്ടാക്കി. അതിന്റെ

പൂർണ്ണമായ ചുമതലയും സാമ്പത്തികനേട്ടങ്ങളും ഇ. വിക്ക് വിട്ടുകൊടുത്തു. പുതുതായി ഒരു പത്രം തുടങ്ങുന്നതിന് ഒരാൾക്കുണ്ടാകേണ്ടിയിരുന്ന ചെലവുകളും മറ്റും മനോരമ വഹിക്കുകയും ചെയ്തു. ഒരു സ്ഥലത്തും സ്ഥിരമായി ഉറയ്ക്കാതെ ബഹുമുഖങ്ങളായ പ്രവർത്തനങ്ങളിൽ സദാ വ്യാപൃതനായിരുന്ന ഇ. വിയെ ഒരു പത്ര ഓഫീസിലിരുന്ന് പത്രത്തിൻെറ വിജയത്തിനുവേണ്ടി ഇടതവില്ലാതെ പണിയെടുപ്പിക്കുവാൻ സ്നേഹം നിറഞ്ഞ പ്രേരണ ചെലുത്താൻ കഴിഞ്ഞു എന്നുള്ളത് ഒരു പത്രാധിപരുടെ അദ്ഭുതകരമായ നേട്ടമായാണ് എനിക്കു തോന്നുന്നത്. ഒരു തികഞ്ഞ കലാകാരനെ സാമ്പത്തികനേട്ടങ്ങൾ കാണിച്ച് അദ്ദേഹത്തിന് അതിലെത്രത്തോളം ആഗ്രഹമുണ്ടായിരുന്നാലും കർമ്മോന്മുഖനാക്കുക നിസ്സാരമായി സാധിക്കുന്ന ഒരു കാര്യമല്ല. ഇ. വി.യുടെ പേര്വെച്ചും സങ്കല്പ നാമങ്ങളിലും ഒട്ടേറെ കലാശില്പങ്ങൾ മനോരമവഴി പുറത്തുവന്നിട്ടുണ്ട്. ഇ. വി. എഴുതിയതെല്ലാം മനോരമയ്ക്കും മാമ്മൻ മാപ്പിളയ്ക്കും ഇഷ്ടപ്പെട്ട കാര്യങ്ങളായിരിക്കണമെന്നില്ല. കലാകാരൻെറ സ്വാതന്ത്ര്യത്തെപ്പറ്റി ഇന്നും വാദപ്രതിവാദങ്ങളും പ്രസംഗങ്ങളും നടക്കുന്നുണ്ട്. ഒരു കലാകാരന് നിരങ്കുശമായ സ്വാതന്ത്ര്യം നല്കുന്ന കാര്യത്തിൽ ശ്രീ. മാമ്മൻ മാപ്പിളയോളം വിശാലമനസ്കത പ്രകടിപ്പിച്ചിട്ടുള്ള പത്രാധിപന്മാർ മലയാളത്തിൽ വളരെയുണ്ടായിട്ടുണ്ടെന്ന് തോന്നുന്നില്ല."[28] എം. ആർ. നായരെന്ന സഞ്ജയനാണ് പ്രോത്സാഹനാർഹനായ മറ്റൊരു ഹാസ്യസാഹിത്യകാരൻ. 'രാക്ഷസൻ' എന്ന ഗുപ്തനാമത്തിൽ ആരോ മഹാകവി വള്ളത്തോളിൻെറ 'കൊച്ചുസീത'യെ പുച്ഛരിച്ചെഴുതിയ നിരൂപണത്തിന് 'രാക്ഷസമദാപഹരണം' എന്ന ശീർഷകത്തിൽ സഞ്ജയൻ എഴുതിയ ചുട്ട മറുപടിയിലൂടെയാണ് സാഹിത്യരംഗത്തദ്ദേഹം ഏറെ ശ്രദ്ധിക്കപ്പെട്ടത്. പിന്നീട് അദ്ദേഹത്തിൻെറ ഹാസ്യലേഖനങ്ങളും കവിതകളും 'മനോരമ'യിലും 'ഭാഷാപോഷിണി'യിലും സ്ഥിരം പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. 'മലയാള മനോരമ'യും കൊട്ടാരത്തിൽ ശങ്കുണ്ണിയും തമ്മിലുള്ള അഭേദ്യമായ ബന്ധം നേരത്തെ എഴുതിയിട്ടുണ്ടല്ലോ. അദ്ദേഹത്തിൻെറ 'ഐതിഹ്യമാല' 'മനോരമ'യിൽ പ്രസിദ്ധീകരിച്ചുവെന്നു മാത്രമല്ല, അവയെല്ലാം ക്രോഡീകരിച്ച് എട്ട് വാല്യങ്ങളിലായി പുസ്തകമാക്കിയിറക്കിയതും മാമ്മൻ മാപ്പിളതന്നെയാണ്. ഒരു കാര്യം തീർച്ച. മാമ്മൻ മാപ്പിളയും 'ഭാഷാപോഷിണി'യും 'മനോരമ' പുസ്തകാലയവും ഉണ്ടായിരുന്നില്ലെങ്കിൽ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഇന്നും മലയാളത്തിൻെറ മുതൽക്കൂട്ടായി പ്രശോഭിക്കുന്ന 'ഐതിഹ്യമാല' വെളിച്ചം കാണുമായിരുന്നില്ല. ഇതിനെ ആധാരമാക്കി ഡോ. കെ. ഭാസ്കരൻ നായർ എഴുതുന്നത് ഇപ്രകാരമാകുന്നു: "കേരളത്തിൻെറ മണവും സംസ്കാരവുമുൾ

ക്കൊള്ളുന്ന ആധുനിക കാലത്തെ ഒരു ഗദ്യഗ്രന്ഥം തെരഞ്ഞെടുക്കാൻ എന്നോട് പറഞ്ഞാൽ ഐതിഹ്യമാലയായിരിക്കും ഞാൻ തെരഞ്ഞെടുക്കുക. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ പ്രസ്തുത ഗ്രന്ഥം രൂപംകൊള്ളുന്നതിന് കാരണക്കാരനായ മാമ്മൻ മാപ്പിളയെ ഭാഷയുള്ള കാലത്തോളം ആർക്കും സ്മരിക്കാതിരിക്കാൻ കഴിയുകയില്ല."[29]

ഇങ്ങനെ എത്രയെത്ര പേർ സാഹിത്യനഭസ്സിൽ പ്രോജ്ജ്വലതാരങ്ങളായി പ്രശോഭിച്ചു. അവയുടെ വിവരണം ഇനിയും നീട്ടിക്കൊണ്ടുപോകുന്നില്ല. ഇന്നു നമ്മോടൊപ്പമില്ലാത്ത വൈക്കം മുഹമ്മദ് ബഷീറും തകഴി ശിവശങ്കരപ്പിള്ളയും ഒരു ദശാബ്ദത്തിനു മുമ്പ് നടത്തിയ അനുസ്മരണം ഓർമ്മിക്കാതിരിക്കുന്നത് അനുചിതമാണ്. 1988 മാർച്ച് 23-ലെ 'മലയാള മനോരമ' ശതാബ്ദി വിശേഷാൽ പതിപ്പിൽ ബഷീർ തന്റെ സ്വതസിദ്ധമായ ശൈലിയിൽ എഴുതുന്നതിങ്ങനെയാണ് "മലയാള മനോരമ വീക്ക്ലി ഇറങ്ങിയപ്പോൾ ആദ്യലക്കത്തിൽ 'വൈക്കം മുഹമ്മദ് ബഷീറിന്റെ ഒരു ദിവസം' ഉണ്ടായിരുന്നു. ഞാൻ ഉറക്കം ഉണരുന്നത്, പല്ലുതേപ്പ്, ഷേവ്, കുളി, പുതുവസ്ത്രമണിയൽ, ചായകുടി, ബീഡിവലി, ചാരുകസേരയിലിരുന്ന് വിശ്വസാഹിത്യം കാച്ചൽ.......... 'ബാല്യകാലസഖി' യെപ്പറ്റി മനോരമ എന്തൊക്കെയോ എഴുതിയിരുന്നു. എഴുതിയത് മാമ്മൻ മാപ്പിളയാണോ? അതോ വർഗീസ് കളത്തിലിലോ? ഏതായാലും അത് എന്റെ പക്കലില്ല. പുസ്തകാഭിപ്രായങ്ങളും എഴുത്തുകളും സൂക്ഷിച്ചു വയ്ക്കുന്ന പതിവുണ്ടായിരുന്നില്ല. 'മുച്ചീട്ടുകളിക്കാരന്റെ മകൾ' മലയാള മനോരമയുടെ ഏതോ വിശേഷാൽപ്രതിയിലാണ് അച്ചടിച്ചത്..... മാമ്മൻ മാപ്പിള ഒരുകൊട്ടക്കാശ് തന്നു. വലിയ കൊട്ടയല്ല, ചെറിയ കൊട്ട. എന്നാലും, അത്രയധികം കാശ് ഒരു കഥയ്ക്ക് ആദ്യമായാണെനിക്കു കിട്ടുന്നത്."[30] ഇത്തരം ഉദാരതയുടെ ഉദാഹരണങ്ങളാണ് തകഴി ശിവശങ്കരപ്പിള്ളയ്ക്കും പറയാനുള്ളത്. ശ്രദ്ധിക്കുക "യശശ്ശരീരനായ ഇ. വി. കൃഷ്ണപിള്ള മനോരമ ആഴ്ചപ്പതിപ്പിന്റെ ചുമതലയേറ്റകാലം. ഇ. വി. എനിക്കൊരു ജ്യേഷ്ഠ സഹോദരനെപ്പോലെയായിരുന്നു. അദ്ദേഹം എന്നെ ഒരനുജനായും കണക്കാക്കിയിരുന്നു. ഇ. വി. എന്നോട് കർശനമായി നിർദ്ദേശിച്ചു, മനോരമ വീക്ക്ലിയിലേക്ക് ഒരു കഥയെഴുതിക്കൊടുക്കണമെന്ന്. ഒട്ടും താമസിച്ചില്ല, ഞാനൊരു കഥയെഴുതി. എന്റേതാണെന്ന് ഏതാണ്ട് നല്ലപോലെ അറിയപ്പെടുന്ന കഥയാണ് 'മാഞ്ചുവട്ടിൽ' കഥ അയച്ചുകൊടുത്തു. നാലഞ്ച് ദിവസത്തിനകം ചിരസ്മരണീയനായ മാമ്മൻ മാപ്പിളയുടെ കൈപ്പടയിലെഴുതിയ ഒരു മറുപടി എനിക്കു കിട്ടി. എന്നെ ഹൃദയം തുറന്നഭിനന്ദിച്ചും പ്രോത്സാഹിപ്പിച്ചുമുള്ള ഒരു കത്തായിരുന്നു അത്. കത്ത് യഥാർത്ഥത്തിൽ എന്നെ ഉത്തേജിപ്പിച്ചു. നൂറ് കഥാവസ്തുക്കൾ മനസ്സിൽ തിക്കിത്തിരക്കി അണിനിരന്നു. അതിലൊക്കെയു

പരി അടുത്ത ദിവസം 125 രൂപയുടെ ചെക്ക് കിട്ടിയപ്പോഴാണ് കഥയെഴുത്ത് ഒരു ജീവിതവൃത്തിയായിത്തന്നെ സ്വീകരിക്കണമെന്നു തോന്നിയത്. ഇത് മനോരമയുടെ നൂറാം പിറന്നാളിനുവേണ്ടി ചായക്കൂട്ട് കൂടുതലായി കലർത്തി വരയ്ക്കുന്നൊരു ചിത്രമാണെന്ന് ധരിക്കേണ്ട. അതിനു മുമ്പ് അപൂർവ്വമായെ എനിക്ക് പ്രതിഫലം കിട്ടിയിട്ടുള്ളൂ. നല്ലതെന്ന് ഇന്നും പൊതുജനങ്ങൾ പറയുന്ന പല പല കഥകളും അക്കാലത്തിനുമുമ്പു തന്നെ എഴുതി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അന്ന് വലിയ സംഖ്യയാണെങ്കിലും അഞ്ച് രൂപയിൽ കൂടുതൽ പ്രതിഫലം കിട്ടിയിട്ടില്ല. അതും വല്ലപ്പോഴും. മിക്കപ്പോഴും പ്രതിഫലം കിട്ടാറേയില്ല. അന്നത്തെ 125 രൂപ ഇന്നത്തെ 1500 രൂപയാണ്. ഞാനിന്ന് താമസിക്കുന്ന ശങ്കരമംഗലത്തെ വീടിരിക്കുന്ന ഭാഗം അക്കൊല്ലമോ, അടുത്ത കൊല്ലമോ എന്ന് നിശ്ചയമില്ല 128 രൂപ വിലകൊടുത്ത് വാങ്ങിയതാണ്. 28 സെൻറ്. അപ്പോൾ 28 സെൻറുള്ള പുരയിടം വാങ്ങാനുള്ള പണം 'മാഞ്ചുവട്ടിൽ' എന്ന കഥ കൊണ്ടുണ്ടായി. ആരാണ് പിന്നെ തുടർന്ന് കഥയെഴുതാതിരിക്കുന്നത്..... ആഴ്ചപ്പതിപ്പിൽ ഇ. വി.യുടെ മരണശേഷവും ഞാൻ കഥകൾ എഴുതിയിരുന്നു. യശശ്ശരീരനായ പി. ഒ. ഏബ്രഹാം പത്രാധിപരായിരുന്ന കാലത്താണ്. അക്കാലത്ത് മനോരമ പത്രാധിപസമിതിയിലെ എല്ലാവരും തന്നെ എൻെറ ആത്മസുഹൃത്തുക്കളായിരുന്നു..... കഷ്ടിച്ച് എഴുത്തുകൊണ്ട് ജീവിക്കാമെന്ന ധൈര്യമായി. ഇതിനു മുന്നോടിയായി ചില വിദേശരാജ്യങ്ങൾ സന്ദർശിക്കുവാനുള്ള ആഗ്രഹമുണ്ടായി. മലയായിലും സിംഗപ്പൂരിലും എൻെറ വളരെ അടുത്ത ബന്ധുക്കൾ കുറെപ്പേരുണ്ടായിരുന്നു. അവിടെ എത്തിച്ചേർന്നാൽ രണ്ടുമൂന്നു മാസം അവിടെ കഴിയാം. ജപ്പാൻ എന്നും എൻെറ ഒരു സ്വപ്നഭൂമിയായിരുന്നു...... മലയായിൽനിന്ന് എങ്ങനെയും ജപ്പാനിലെത്തുക, സയാം കാണുക. ഇന്തോനേഷ്യ സന്ദർശിക്കുക. എല്ലാംകൂടി ഒരു പദ്ധതി ഞാൻ തയ്യാറാക്കി. യശശ്ശരീരനായി കെ. എം. ചെറിയാനെ യാദൃച്ഛികമായി അന്നൊരിക്കൽ കോട്ടയത്തുവച്ച് കാണാനിടയായി. അദ്ദേഹം ആയിടയ്ക്കാണ് ജപ്പാനിൽനിന്നും മടങ്ങിവന്നത്. ഞാനെൻെറ മനസ്സിലിരുപ്പ് അദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹം എനിക്കുവേണ്ട ഒത്താശകൾ ചെയ്തുതരാമെന്ന് വാഗ്ദത്തം ചെയ്തു. മദ്രാസിൽനിന്നും സിംഗപ്പൂർ വരെയുള്ള വിമാനടിക്കറ്റ് മനോരമയുടെ വകയാകട്ടെ എന്നദ്ദേഹം നിർദ്ദേശിച്ചു....... എനിക്ക് മനോരമയങ്കണത്തിൽവെച്ച് ഗംഭീരമായ ഒരു യാത്രയയപ്പ് നല്കി. ആ യോഗത്തിൽവെച്ച് വിമാനടിക്കറ്റും, ഒരു പണക്കിഴിയും കെ. എം. ചെറിയാൻ എനിക്കു തന്നു..... ഓർമ്മയിൽ ഇത്രയും കാര്യം തെളിഞ്ഞുവന്നു. അതെഴുതി. എന്നെന്നും മനോരമയുമായുള്ള ബന്ധം മധുരതരമായിരുന്നു. ഒരിക്കലും അപസ്വരമുണ്ടായിട്ടില്ല. മനോരമയിൽ ചെല്ലുമ്പോൾ പത്രാധി

പസമിതിയിലുള്ളവർ മാത്രമല്ല, എല്ലാവരും ഒരു ബന്ധു കയറിച്ചെല്ലുന്നതു പോലെയാണ് എന്നോട് പെരുമാറുക."[31]

അവസരം കിട്ടുമ്പോഴൊക്കെ സാഹിത്യപ്രതിഭകളെ ആദരിക്കുവാനും അനുമോദിക്കുവാനും 'മലയാള മനോരമ'യുടെ പത്രാധിപന്മാർ ഉപേക്ഷ വിചാരിച്ചിട്ടില്ല. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ കുട്ടികൃഷ്ണമാരാരെയും ബാലാമണിയമ്മയെയും വലിയൊരു സഹൃദയ സദസ്സിൽവച്ച് മനോരമ സല്ക്കരിച്ചാദരിച്ചു. ജ്ഞാനപീഠ പുരസ്കാരം നേടിയ ജി. ശങ്കരക്കുറുപ്പിനെ അനുമോദിക്കുവാൻ കെ. എം. ചെറിയാൻ ഒരു വിശേഷാൽ സമ്മേളനം നടത്തിയിരുന്നു. അതുപോലെ പി. കേശവദേവ്, പൊൻകുന്നം വർക്കി എന്നിവരെയും ബഹുമാനിക്കുവാൻ 'മനോരമ' അങ്കണത്തിൽ വലിയൊരു സദസ്സ് സംഘടിപ്പിച്ചിരുന്നു. സാഹിത്യ സാംസ്കാരിക നായകന്മാരെയെന്നതുപോലെ സമൂഹത്തിലെ ഉന്നത സ്ഥാനീയരായ ഏവരെയും ആദരിക്കുവാനും അഭിനന്ദനങ്ങൾ അർപ്പിക്കുവാനും 'മനോരമ'യും അതിന്റെ മഹാത്മാക്കളായ സാരഥികളും എന്നും ശ്രമിച്ചിട്ടുള്ളതായി കാണാം.

## സൂചിക


1. മാമ്മൻ മാപ്പിള ഒരുപഠനം, കോട്ടയം, 1988, ലേഖനം - പി. സി. കുട്ടികൃഷ്ണൻ, ബഹുമുഖപ്രതിഭ, പുറം - 73
2. അതുതന്നെ, ലേഖനം, കെ. എ. ദാമോദരമേനോൻ, അതുല്യനായ പത്രാധിപർ, പുറങ്ങൾ - 25, 26
3. മലയാള മനോരമ, 1906 ജനുവരി 17
4. അതുതന്നെ, 1910 ഒക്ടോബർ 5
5. മാമ്മൻ മാപ്പിള ഒരു പഠനം, ലേഖനം, ജി. ശങ്കരക്കുറുപ്പ്, അകൃത്രിമ സൗഹൃദം, പുറം - 19
6. അതുതന്നെ, പുറം - 20
7. അതുതന്നെ, ലേഖനം, ഉള്ളൂർ, പി. മഹാദേവൻ, സാഹിത്യരക്ഷാധികാരി, പുറങ്ങൾ - 66, 67
8. കെ. എം. ചെറിയാൻ സ്മരണിക, രണ്ടാം പതിപ്പ്, 1988, കോട്ടയം, ലേഖനം, പ്രൊഫ. കെ. എം. തരകൻ, സംസ്കാര ദർശനവും, മതദർശനവും, പുറങ്ങൾ - 128, 133
9. കെ. സി. മാമ്മൻ മാപ്പിള, മഹാകവി കുമാരനാശാൻ, ചില പൂർവ്വ സ്മരണാകിരണങ്ങൾ, മലയാള മനോരമ, 1949, ജനുവരി 17
10. അതുതന്നെ
11. ശ്രീനാരായണപ്രസ്ഥാനവും, മലയാള മനോരമയും, എഡിറ്റർ ജി. പ്രിയദർശനൻ, വർക്കല, 1988, ലേഖനം, എം. ശ്രീധരൻ, ശ്രീനാരായണപ്രസ്ഥാനവും മലയാള മനോരമയും, പുറം - 31

12. മലയാള മനോരമ, 1928 ജനുവരി 26
13. മലയാള മനോരമ, 1924 ഫെബ്രുവരി 19
14. മലയാള മനോരമ, 1949 ജനുവരി 17
15. ശ്രീനാരായണ പ്രസ്ഥാനവും മലയാള മനോരമയും, മുൻ ഉദ്ധരിച്ചത്, പുറം - 37
16. കേരള കൗമുദി വിശേഷാൽ പതിപ്പ്, 1952, ലേഖനം, കെ. സി. മാമ്മൻ മാപ്പിള, സി. വി. കുഞ്ഞുരാമൻ ചില സുഹൃദ് സ്മരണകൾ
17. മാമ്മൻ മാപ്പിള ഒരു പഠനം, ലേഖനം, മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, സംസ്കാര കുബേരൻ, പുറം - 127
18. അതുതന്നെ, ലേഖനം, ഉള്ളൂർ പി. മഹാദേവൻ, സാഹിത്യരക്ഷാധികാരി, പുറം - 70
19. അതുതന്നെ
20. അതുതന്നെ, ലേഖനം, പൊൻകുന്നം വർക്കി, തലമുറകളെ കൂട്ടിയിണക്കി, പുറം - 78
21. മൂർക്കോത്ത് കുഞ്ഞപ്പ, സംസ്കാര നവോത്ഥാനം, 1988, കോട്ടയം, പുറം - 185
22. മാമ്മൻ മാപ്പിള ഒരു പഠനം, ലേഖനം, പൊൻകുന്നം വർക്കി, തലമുറകളെ കൂട്ടിയിണക്കി, പുറം - 80
23. അതുതന്നെ, ലേഖനം, മഹാകവി ജി. ശങ്കരക്കുറുപ്പ്, അകൃത്രിമസൗഹൃദം, പുറം - 19
24. അതുതന്നെ, ലേഖനം, ഇ. എം. കോവൂർ, മനുഷ്യത്വത്തികവ്, പുറം - 102
25. കണ്ടത്തിൽ വറുഗ്ഗീസ് മാപ്പിള ഒരു പഠനം, 1988, കോട്ടയം, ലേഖനം, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, കണ്ടത്തിൽ വറുഗ്ഗീസ് മാപ്പിള - ആധുനിക മലയാള ഗദ്യ സാഹിത്യത്തിൻെറ പിതാവ്, പുറം - 195
26. ശ്രീനാരായണപ്രസ്ഥാനവും മലയാള മനോരമയും മുൻ ഉദ്ധരിച്ചത്, ലേഖനം, കെടാകുളം കരുണാകരൻ, മലയാള മനോരമയും ഗദ്യസാഹിത്യവും, പുറം - 64
27. മാമ്മൻ മാപ്പിള ഒരു പഠനം, മുൻ ഉദ്ധരിച്ചത്, ഉള്ളൂർ പി. മഹാദേവൻ, സാഹിത്യ രക്ഷാധികാരി, പുറം - 70
28. കെ. ബാലകൃഷ്ണൻ, കൗമുദി ആഴ്ചപ്പതിപ്പ്, 1954 ജനുവരി 8
29. മാമ്മൻ മാപ്പിള ഒരു പഠനം, മുൻ ഉദ്ധരിച്ചത് ലേഖനം, ഡോ. കെ. ഭാസ്കരൻ നായർ, വ്യക്തമായ ലക്ഷ്യബോധം, പുറം- 124
30. മലയാള മനോരമ ശതാബ്ദി വിശേഷാൽ പതിപ്പ്, 1988 മാർച്ച് 23, ലേഖനം, വൈക്കം മുഹമ്മദ് ബഷീർ, 'എന്നേക്കാൾ രണ്ട് വയസ്സിന് ഇളപ്പം.'
31. അതുതന്നെ, ലേഖനം, തകഴി ശിവശങ്കരപ്പിള്ള, 'മനോരമയും ഞാനും.'

# 5
# സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയരംഗങ്ങൾ

## സാമ്പത്തികരംഗം

കാർഷിക സമ്പദ്ഘടനയിൽ ഗ്രാമ്യസംവിധാനമായിരുന്നുവല്ലോ ഇവിടെ നിലവിലിരുന്നത്. ഉപജീവനത്തിനുള്ള കൃഷിമാത്രം നടത്തുക എന്നതായിരുന്നു സാധാരണ പതിവ്. ഇടതൂർന്ന വനങ്ങളും, കായലുകളും, പൊയ്കകളും, ചതുപ്പുസ്ഥലങ്ങളും ധാരാളമായി ഉണ്ടായിരുന്ന ഇവിടെ കൃഷിക്കനുയോജ്യമാംവിധം ശാസ്ത്രീയോപാധികളോടുകൂടി പ്രവർത്തിച്ചാൽ മാത്രമേ കാർഷിക വികസനം സാധ്യമാകുകയുള്ളുവെന്ന് മനസ്സിലാക്കിയിരുന്നവർ 19ാം നൂറ്റാണ്ടിൻെറ തുടക്കത്തിൽ വളരെ ദുർലഭമായിരുന്നു. എന്നാൽ അക്കാലം മുതൽ കാർഷികാഭിവൃദ്ധിക്കുവേണ്ടി പരിശ്രമിച്ച പാരമ്പര്യമാണ് കണ്ടത്തിൽ കുടുംബത്തിൻേറത്. കണ്ടത്തിൽ കുടുംബ സ്ഥാപകനായ മൂത്തേടത്ത് കൊച്ചീപ്പൻ മാപ്പിളയുടെ മൂന്നാമത്തെ പുത്രനായ മാത്തുള്ള മാപ്പിളയെ വള്ളംകുളം എന്ന സ്ഥലത്തേക്ക് പുതുതായി കെട്ടിയുണ്ടാക്കിയ കണ്ടത്തിൽ പുരയിടത്തിലേക്ക് മാറ്റി താമസിപ്പിച്ചു. മാത്തുള്ള മാപ്പിള, പുകയില, അടയ്ക്ക, ശർക്കര എന്നിവയുടെ മൊത്തവ്യാപാരത്തിലൂടെ ആർജ്ജിച്ച നേട്ടമായിരുന്നു കണ്ടത്തിൽ കുടുംബത്തിൻെറ വ്യാപാരരംഗത്തുണ്ടായ ആദ്യസംരംഭം. ശർക്കരയുടെ ഉത്പാദനവും വിപണനവും സുഗമമാക്കുന്നതിനായി കൂടുതൽ സ്ഥലത്തു സ്വന്തമായി കരിമ്പു കൃഷി വ്യാപകമാക്കിയതോടുകൂടിയും കരിമ്പ് ആട്ടിയെടുക്കുവാനുള്ള ചക്കുകൾ സ്വന്തമാക്കിയതോടുകൂടിയും ഈ രംഗത്ത് അദ്ദേഹത്തെ വെല്ലുവാൻ വേറെ ആളില്ല എന്നു വന്നു. അദ്ദേഹത്തിൻെറ മൂത്തമകനായ കറത്താലിൽ ഈപ്പൻ മാപ്പിളക്ക് സ്വപിതാവിൻെറ വ്യാപാരങ്ങളിൽ സഹായിച്ചും സഹകരിച്ചും പരിചയമുണ്ടായിരുന്നതിനാൽ പിതാവിൻെറ മരണശേഷം ആ വ്യാപാരങ്ങൾ തുടർന്ന് നടത്തുന്നതിന് ഭംഗം നേരിട്ടില്ല. ഇംഗ്ലീഷ് വിദ്യാഭ്യാസം ഉണ്ടായിരുന്ന ഈപ്പൻമാപ്പിളയെ തിരുവല്ല താലൂക്കിലെ മുതൽ പിടിക്കാരനായി നിയമിച്ചിരുന്നു. അന്നത്തെ ദിവാനായിരുന്ന മാധവരായർ കരിമ്പ് ആട്ടുന്നതിന്

പരിഷ്കൃതരീതിയിൽ ഉള്ള ഏതാനും ഇരുമ്പ് ചക്കുകൾ വരുത്തി പ്രധാന കൃഷിക്കാരുടെയിടയിൽ വിതരണം ചെയ്യുവാൻ നിശ്ചയിച്ചു. അന്വേഷണത്തിൽ പ്രധാന കരിമ്പുകൃഷിക്കാരനെന്ന നിലയ്ക്കും കരിമ്പുകൃഷിയെ സംബന്ധിച്ച് പരിചയസമ്പത്തുള്ള ആൾ എന്ന നിലയ്ക്കും ഈപ്പൻ മാപ്പിളയെ ദിവാൻ ക്ഷണിച്ചു വരുത്തി. സംസാരത്തിൽ, കരിമ്പുകൃഷിയെപ്പറ്റി ഈപ്പൻ മാപ്പിളക്ക് അറിയാൻ പാടില്ലാത്തതായി ഒന്നുമില്ലെന്ന് ദിവാൻജിക്ക് ബോധ്യവുമായി. അദ്ദേഹത്തിൻെറ നിർദ്ദേശപ്രകാരം ഒരു ഇരുമ്പു ചക്ക് ഈപ്പൻ മാപ്പിള അപ്പോൾത്തന്നെ വിലക്കു വാങ്ങി. ഏത് പരിഷ്കൃത സംരംഭത്തിലും ഭാഗഭാക്കാകുവാൻ തയ്യാറുള്ള പുരോഗാമിയായിരുന്നു ഈപ്പൻ മാപ്പിള. പുനലൂരിൽ ഒരു പേപ്പർമിൽ ആരംഭിക്കുവാൻ കാമറൂൺ എന്ന സായ്പ് കമ്പനി ഷെയറുകൾ വില്പന തുടങ്ങിയപ്പോൾ ഈപ്പൻ മാപ്പിള നല്ല ഒരു തുകക്ക് ഓഹരിയെടുക്കുകയും തൻെറ സഹോദരൻമാരെക്കൊണ്ട് ഓഹരിയെടുപ്പിക്കുകയും ചെയ്തു. കൂട്ടുകമ്പനികൾ കൊണ്ടുണ്ടാകാവുന്ന നേട്ടങ്ങളെക്കുറിച്ച് മുൻകൂട്ടി മനസ്സിലാക്കാൻ സാധിച്ച അദ്ദേഹം ഓഹരിയടിസ്ഥാനത്തിൽ കണ്ടത്തിൽ കുടുംബയോഗക്കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനവും നടത്തി.

കാർഷിക വ്യാപാരമണ്ഡലങ്ങളിൽ കണ്ടത്തിൽ പൂർവ്വികന്മാർ ചെയ്ത പ്രവർത്തനങ്ങളാണ് മറ്റ് പിൻഗാമികളെ ഈ രംഗങ്ങളിൽ പ്രശോഭിക്കുവാൻ ഇടവരുത്തിയത്. കറത്താലിൽ ഈപ്പൻ മാപ്പിളയുടെ നാലാമത്തെ പുത്രനായ വറുഗീസ് മാപ്പിള തൻെറ പ്രവർത്തനമണ്ഡലം ഭാഷ-സാഹിത്യ-പത്ര പ്രവർത്തനങ്ങൾക്കായിട്ടാണ് ചെലവഴിച്ചിരുന്നതെങ്കിലും നാടിൻെറ അഭിവൃദ്ധിക്കായി കാർഷിക-വ്യാവസായിക വളർച്ചക്ക് വേണ്ടിയും പ്രവർത്തിക്കുവാൻ സമയം കണ്ടെത്തിയിരുന്നു. പുനലൂർ പേപ്പർമിൽ ലിമിറ്റഡ് കമ്പനിയുടെ മാതൃക സ്വീകരിച്ചുകൊണ്ടായിരുന്നുവല്ലോ 1888ൽ മലയാള മനോരമ കമ്പനി രജിസ്റ്റർ ചെയ്തത്. 1890 മാർച്ചിൽ മലയാള മനോരമ പത്രം പുറത്തിറക്കുകയും ചെയ്തു. പത്രത്തിൻെറ തുടക്കം മുതൽതന്നെ കാർഷികസംരംഭങ്ങളിലും വ്യാപാരപ്രവർത്തനങ്ങളിലും കൂട്ടുകച്ചവടക്കമ്പനികളുടെ കാര്യത്തിലും ജനങ്ങളെ ബോധവൽക്കരിക്കുവാൻ പത്രത്തിലൂടെ അദ്ദേഹം കഴിവത് ശ്രമിച്ചിട്ടുള്ളതായി കാണാം. നവീനാശയങ്ങളും പരിഷ്കാരങ്ങളും സ്വീകരിക്കുവാൻ മടികാണിക്കരുതെന്ന് നാട്ടുകാരോട് ആഹ്വാനം ചെയ്യുന്നവയായിരുന്നു അദ്ദേഹത്തിൻെറ മുഖപ്രസംഗങ്ങൾ.

'കൂട്ടുകച്ചവടയോഗങ്ങൾ', എന്ന തലക്കെട്ടിൽ 1890 ഏപ്രിൽ 19-ാം തീയതി അദ്ദേഹം എഴുതിയ മുഖലേഖനം പുതിയ പുതിയ വ്യാപാരസംരംഭങ്ങളിൽ ഒന്നിച്ചു കൂടുവാൻ ജനങ്ങളെ ഉപദേശിക്കുന്നതാണ്. ഈ വിഷയത്തിൽ എത്രമാത്രം ആഴത്തിൽ അദ്ദേഹം ചിന്തിച്ചിരുന്നു എന്നത്

ഈ ലേഖനം സ്പഷ്ടമാക്കുന്നതാണ്. അതിവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. "കമ്പനികൂടി, കാര്യങ്ങൾ സാധിക്കുന്നതിനെക്കുറിച്ച് നമ്മുടെ കഴിഞ്ഞലക്കത്തിൽ തീബോട്ടിനെപ്പറ്റിയുള്ള പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്ന വകക്ക് ഈ കമ്പനി അല്ലെങ്കിൽ കൂട്ടുകച്ചവടയോഗങ്ങൾ എന്നു പറയുന്നതിൻെറ സ്വഭാവാദികൾ കൂടി നമ്മുടെ വായനക്കാരായ ബഹുജനങ്ങളെ മനസ്സിലാക്കേണ്ടത് ആവശ്യമെന്നു തോന്നുന്നു. ധനശക്തിയുടെയോ ധൈര്യത്തിൻെറയോ കുറവുകൊണ്ട് ഒരുവന് തന്നത്താൻ ചെയ്യുവാൻ സൗകര്യമില്ലാത്ത വലിയ ഏർപ്പാടുകൾ മറ്റാളുകളെക്കൂടി പങ്കാളികളാക്കുക നാട്ടുകാരുടെയിടയിലും ഏറെക്കുറെ നടപ്പില്ലെന്നില്ല. എങ്കിലും ശരിയായ നിയമങ്ങളും അതുകൾക്ക് അനുസരണമായി ഉത്തമവിശ്വാസത്തിന് ഉതകുംവണ്ണമുള്ള പ്രവൃത്തികളും ഇല്ലാതെ മിക്കവാറും കുഴപ്പത്തിൽ അവസാനിക്കുകയാണ് പതിവ്. ഈ സമ്പ്രദായം വെടിഞ്ഞ് യോജിച്ച് പരിശ്രമങ്ങളിൽ ഉത്സാഹവും നല്ല നടപടിയും വന്നുകൂടുന്നതുവരെ നാട്ടുകാർക്ക് കാലത്തിന് തക്കവണ്ണമുള്ള ഐശ്വര്യവും ഉണ്ടാക്കുവാൻ പ്രയാസമാണ്.......

"ഇന്ത്യാഗവൺമെൻറിൽനിന്നും കൂട്ടുകച്ചവടങ്ങളുടെ അഭിവൃദ്ധിക്കു വേണ്ടി നടപ്പാക്കിയിരുന്ന 1882 ലെ ആറാംനമ്പർ ആക്റ്റ് ഇതിലേക്ക് എന്തുമാത്രം സൗകര്യത്തെ വർദ്ധിപ്പിച്ചിരിക്കുന്നു എന്നുള്ളത് അറിഞ്ഞിട്ട് നമ്മുടെ തിരുവിതാംകൂർ സർക്കാരും ഇതിനെ ഈ സംസ്ഥാനത്ത് 1063-ലെ ഒന്നാം റഗുലഷേനായി അംഗീകരിച്ചിരിക്കുന്നു. ഈ റഗുലേഷൻ പ്രകാരം ഏഴ് പേരിൽ കുറയാതെ കൂടുന്ന കച്ചവടയോഗങ്ങളൊക്കെയും ഇതിലേക്കായി പ്രത്യേകം നിയമിക്കപ്പെട്ടിരിക്കുന്ന രജിസ്ട്രാറുടെ ആഫീസിൽ ബാധ്യത ക്ലിപ്തപ്പെടുത്തിയോ അല്ലാതെയോ രജിസ്റ്റർ ചെയ്ത് ഏകാംഗമാക്കി തീർക്കാമെന്നതും ഇങ്ങനെ ഏകാംഗമാക്കുന്ന കമ്പനികളെ മുതലിലും ചെലവിലും തന്നത്താൻ ഉത്തരവാദിയാക്കുന്ന ഒരാളെയെന്നപോലെ വിചാരിക്കപ്പെടുന്നതുമാകുന്നു. വെറുതെയുള്ള പങ്കച്ചവടങ്ങളിൽ കൊടുക്കൽ വാങ്ങലുകൾക്ക് പങ്കുകാരുടെ സമാധികാരസ്ഥിതി നിമിത്തം ഉണ്ടാകുന്ന കുഴപ്പങ്ങൾ ഒന്നും ഇതിൽ വരുവാൻ പാടില്ല. വാങ്ങുന്നതിനും കൊടുക്കുന്നതിനും മറ്റും കമ്പനിക്ക് എന്നു പറഞ്ഞാൽ കമ്പനിയാൽ അധികൃതനായ ഏതെങ്കിലും ആളിന് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതും കമ്പനിയുടെ കടങ്ങൾക്കും ബാധ്യതകൾക്കും കമ്പനിയുടെ സ്വത്ത് തന്നെ ഉത്തരവാദം ചെയ്യുന്നതല്ലാതെ കമ്പനിയിൽ ഉൾപ്പെട്ടിട്ടുള്ള യാതൊരംഗവും അവരുടെ സ്വത്തിൽനിന്നും ഒരിക്കലും ഉത്തരം പറയേണ്ടതായി വരുന്നതുമല്ല. ഈയൊരു സൗകര്യം കൊണ്ട് എത്രമേൽ പ്രയാസമുള്ള സംഗതികൾക്കായും കൂടുന്ന കമ്പനികളിലും ഓഹരിക്കാരായി വില്ക്കുന്നതിന് അശേഷം ഭയം വേണ്ട............

"ജ്യേഷ്ഠാനുജന്മാർ തമ്മിൽ ഭാഗം ചെയ്തിട്ടും മറ്റ് കാരണങ്ങൾ കൊണ്ടും ഒരിക്കലും ദ്രവ്യസമൃദ്ധി ഒരിടത്തായിരിപ്പാൻ ഇടവരാതെയിരിക്കുന്നതിനാൽ പല ജനസമുദായങ്ങൾക്കും നേരിടുന്ന ഒരു വലിയ ന്യൂനതയെ പരിഹരിക്കാൻ കമ്പനികൂടുന്നതിനോളം ഉചിതമായി മറ്റൊന്നുമില്ല. ഓരോരുത്തർക്ക് തനിച്ച് ചെയ്യുവാൻ ശക്തിയില്ലാത്ത എന്തെല്ലാം കാര്യങ്ങൾ ചെയ്യേണ്ടതായിട്ടും, ചെയ്താൽ ഏറ്റവും പരോപകാരവും ആദായവും ഉണ്ടാകുന്നതായിട്ടാണ് ഇന്ത്യമുഴുവൻ മറ്റനേകം സ്ഥലങ്ങളിലും തീവണ്ടി ഓടിക്കുകയും ഭൂഗോളം ചുറ്റി തീക്കപ്പലോടിക്കുകയും ചെയ്യുന്നതെല്ലാം കമ്പനിക്കാരാണ്. നമ്മുടെ സംസ്ഥാനത്തും തീവണ്ടിപ്പാത ഏർപ്പെടുത്തുന്നതിന് ബിലാത്തിയിൽ നിന്നല്ലേ ഒരു കമ്പനിക്കാർ വരുവാൻ വട്ടംകൂട്ടുന്നതായി പറഞ്ഞത്. എത്രയോ മഹാരാജാക്കന്മാരുടെ ഗവൺമെൻറുകളാൽ കഴിയാത്ത കാര്യങ്ങൾ ഇങ്ങനെയുള്ള കമ്പനികൾ നിഷ്പ്രയാസമായി കഴിക്കുന്നു....."

കച്ചവടവും വ്യാപാരവും സുഗമമാക്കുവാൻ സാധിക്കണമെങ്കിൽ കയറ്റിയിറക്കുമതി സൗകര്യങ്ങളും ചരക്കുകൾ പ്രയാസമില്ലാതെ കൊണ്ടുപോകുന്നതിനും കൊണ്ടുവരുന്നതിനും ഉപയോഗപ്പെടുന്ന റോഡുകളും മറ്റ് ഗതാഗതസൗകര്യങ്ങളും ഏർപ്പെടുത്തണമെന്ന് അദ്ദേഹം 'മനോരമയിലൂടെ' നിരന്തരം നിവേദനം നടത്തിക്കൊണ്ടിരുന്നു. 'ചീഫ് എഞ്ചിനീയർ ദൃഷ്ടിവെപ്പാൻ' എന്ന ശീർഷകത്തിലുള്ള മുഖലേഖനം 'മനോരമ'യുടെ 1890 ജൂലൈ 19ന് എഴുതിയിരുന്നത് നാം നേരത്തെ ഉദ്ധരിച്ചിട്ടുണ്ട്. തിരുവിതാംകൂറിലെ പ്രദേശങ്ങളിൽ കൂടി ആവിയന്ത്രങ്ങൾ പിടിപ്പിച്ച ബോട്ടുകൾവഴി ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് 1890 ഏപ്രിൽ 18-ാം തീയതി 'മനോരമ' എഴുതിയത് ഇപ്രകാരമാണ്. "സർക്കാറിൽ നിന്നും തിരുവനന്തപുരം മുതൽ പറവൂർവരെയുള്ള ഏകദേശം 145 മൈൽ ദൂരത്ത് ബോട്ടു ചാലുകൾ താഴ്ത്തുകയും വീതികൂട്ടുകയും നേരയൊക്കുകയും ചെയ്യുന്നവകക്കായിട്ട് മാത്രം ലക്ഷത്തി പതിനായിരം രൂപ അനുവദിച്ചിട്ട് ഇപ്പോൾ ഒരു കൊല്ലം കഴിഞ്ഞിരിക്കുന്നു. തീബോട്ട് നടത്തുന്നതിന് ഉടമ്പടിക്കാരായി സ്വദേശികൾ ഉണ്ടായാൽ കൊള്ളാമെന്നുകൂടി സർക്കാർ പരസ്യത്തിലുണ്ടായിരുന്നു......... നമ്മുടെ വിചാരത്തിൽ മാത്രം മഹാക്ഷേമമായിരിക്കുന്ന ഈ സംഖ്യമുടക്കി ഒരു വ്യാപാരം സ്വയമായി ചെയ്യുവാൻ ശക്തിയും ധൈര്യവുമുള്ളവർ സ്വദേശികളിലില്ല. വളരെ ഉപയോഗപ്പെടുന്ന കൂട്ടുകച്ചവടയോഗം വക റഗുലേഷൻ നാട്ടിൽ നടപ്പായിരിക്കുന്ന ഈ കാലത്ത് പണച്ചുരുക്കത്തെക്കുറിച്ച് അശേഷം ഗണിപ്പാനില്ലെന്ന് തന്നെ നമ്മുടെ അഭിപ്രായം. എത്ര വലിയ സംഖ്യയായിരുന്നാലും കമ്പനികൂടി സാധിപ്പാനൊരു പ്രയാസവുമില്ല. ഇതിലേക്ക് ഉത്സാഹിക്കാനും പണമുള്ളവരെ പറഞ്ഞ് സമ്മതിപ്പിച്ച് ഓഹരി എടുപ്പിക്കുവാനും

ഒരാൾ ഉണ്ടായാൽ മതിയാവും. ഇങ്ങനെയുണ്ടാകുന്ന ഏർപ്പാടുകൾക്ക് വേണ്ട സഹായങ്ങൾ ചെയ്യുന്നതിന് ഇപ്പോഴത്തെ ഗവൺമെൻറും എന്തു മാത്രം തയ്യാറായിരിക്കുന്നു എന്നുള്ളതിന് അനേകദൃഷ്ടാന്തങ്ങൾ ഉള്ളതിനാൽ ഇവിടെ വിശേഷിച്ച് പറയണമെന്നില്ല" കൊച്ചിയും തിരുവിതാംകൂറുമായി ബന്ധിപ്പിക്കുന്ന തീവണ്ടിപ്പാതകളെ സംബന്ധിച്ച് 'മനോരമ'യിൽ വറുഗീസ് മാപ്പിള പല മുഖപ്രസംഗങ്ങളും എഴുതിയിരുന്നു. 1890 ഒക്ടോബർ 18 ലെയും, 1891 ഏപ്രിൽ 18 ലെയും മുഖപ്രസംഗങ്ങൾ വളരെ ശ്രദ്ധാർഹങ്ങളാണ്. തീവണ്ടിപ്പാതകൾ ഏത് പ്രദേശത്ത്‌വന്നാലും രാജ്യത്തിൻെറ പൊതുവായ സാമ്പത്തികവളർച്ചക്ക് സഹായിക്കുന്ന പ്രധാനഘടകങ്ങളാണെന്നും അവ വരുന്നതിന് മുമ്പുതന്നെ എന്തെങ്കിലും കാരണം പറഞ്ഞ് എതിർത്ത് പദ്ധതി ഉപേക്ഷിക്കാൻ ഇടവരുത്തുന്നത് ആപൽകരമാണെന്നും അദ്ദേഹം ഇവയിലൂടെ ഉദ്ബോധിപ്പിക്കുന്നുണ്ട്. ഷൊർണ്ണൂരിൽ നിന്ന് കൊച്ചിയിലേക്ക് തീവണ്ടി ഓടിക്കുവാനുള്ള ആവശ്യാർത്ഥം സർവ്വേ നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ച മദ്രാസ് ഗവർണ്ണറെ അഭിനന്ദിക്കുവാനും അദ്ദേഹം തൻെറ മുഖലേഖനം ഉപയോഗപ്പെടുത്തിയിരുന്നു.

വ്യവസായ അഭിവൃദ്ധിയുടെ മറ്റൊരു അവശ്യഘടകമാണല്ലോ ബാങ്ക്. ബാങ്കിംഗ് വ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാനുള്ള എല്ലാ ശ്രമങ്ങളും 'മനോരമ' നടത്തിയിട്ടുണ്ട്. മദ്രാസ് ബാങ്കിൻെറ ഒരു ശാഖ ആലപ്പുഴയിൽ പ്രവർത്തിച്ചിരുന്നതാണ്. എന്നാൽ പണമിടപാട് നടത്തിയിരുന്നവരിലധികവും കടമെടുത്ത സംഖ്യ കുടിശ്ശിക വരുത്തിയതുകൊണ്ട് ബാങ്ക് പൂട്ടേണ്ടതായി വന്നു. പിന്നീട് 1892-ൽ അതു പുനരാരംഭിക്കുവാനുള്ള ശ്രമം നടന്നപ്പോൾ വറുഗീസ്മാപ്പിള എഴുതിയ മുഖക്കുറിപ്പിലെ ഒരു ഭാഗമാണ് താഴെ കൊടുക്കുന്നത്. "കച്ചവടം മുതലായവകൊണ്ട് രാജ്യത്തിൽ ആകപ്പാടെ വർദ്ധനവ് ഉണ്ടാകുന്നതിന് ധാരാളമായും വിശ്വാസയോഗ്യമായും പണവ്യാപാരം ചെയ്യുന്ന ഒരു ബാങ്ക് അത്യാവശ്യമാണ്. ഇതിന് മദ്രാസ് ബാങ്കിനേക്കാൾ നന്നായിട്ട് ഒന്നും ഇതേവരെ ഇവിടെ ഇല്ലതാനും." കൃഷി, കച്ചവടം, കൈത്തൊഴിൽ തുടങ്ങിയവ ക്രമപ്രവൃദ്ധമായാൽ മാത്രമേ രാജ്യത്ത് സാമ്പത്തിക ഉത്ക്കർഷം ഉണ്ടാവുകയുള്ളുവെന്നും കച്ചവടം മുതലായവ ചെയ്യുന്നത് താഴ്ന്നജോലിയാണെന്ന ധാരണ നീക്കണമെന്നും കൃഷി-വാണിജ്യങ്ങളിൽ ധാരാളംപേർ സ്വമനസ്സാലെ പ്രവൃത്തിയെടുക്കാൻ സന്നദ്ധരായാൽ മാത്രമേ നാട്ടിൽ സാമ്പത്തികസമൃദ്ധി ഉണ്ടാവുകയുള്ളുവെന്നും ഉദ്ബോധിപ്പിക്കുന്നതായിരുന്നു 1893 സെപ്റ്റംബർ 1-ലെ മനോരമയുടെ മുഖലേഖനം. പുരോഗമനപരമായ ഏത് പുതിയ സംരംഭത്തിലും ഭാഗഭാക്കാകുവാൻ അദ്ദേഹം ജനങ്ങളോടും ഗവൺമെൻറിനോടും ആവശ്യപ്പെട്ടിരുന്നതായി കാണാം. ഇന്ത്യാഗവൺമെൻറ് പുനെയിൽ ഒരു കാർഷിക കോളേജ് സ്ഥാപിച്ചപ്പോൾ അതുപോലെ ഒന്ന്

തിരുവിതാംകൂറിലും ഉണ്ടായാലുള്ള ഗുണങ്ങളെ വിവരിച്ചുകൊണ്ട് മാർച്ച് 3-ാം തീയതി വറുഗീസ് മാപ്പിള 'മനോരമ'യിൽ എഴുതിയിരുന്നു.

കാർഷിക-വ്യവസായ രംഗങ്ങളിൽ ഉണ്ടാകുന്ന വളർച്ചക്ക് നിദാനമായിട്ടാണ് സമൂഹത്തിന്റെ പുരോഗതിയും നാടിന്റെ അഭിവൃദ്ധിയും നിലനില്ക്കുന്നതെന്ന് ബോദ്ധ്യമുണ്ടായിരുന്ന കെ. സി. മാമ്മൻമാപ്പിളയുടെ അരനൂറ്റാണ്ട് കാലത്തെ പ്രവർത്തനങ്ങളാണ് കേരളത്തിന്റെ സമ്പദ്ഘടനയെ ചലനാത്മകമാക്കിയത്. കൃഷി, വ്യവസായം, ബാങ്കിംഗ്, ഇൻഷുറൻസ്, കൂട്ടുകമ്പനി, പ്ലാന്റേഷൻസ് തുടങ്ങിയ കാർഷിക-വ്യാപാര മേഖലകളെ ചൈതന്യവത്താക്കുവാൻവേണ്ടി 'മലയാള മനോരമ' ഇക്കാലത്ത് എഴുതിയിട്ടുള്ള ലേഖനങ്ങളും മുഖപ്രസംഗങ്ങളും വളരെ വിലപ്പെട്ടവയാണ്. പത്രത്തിലൂടെ നാട്ടുകാരെ ഉദ്ബുദ്ധരാക്കുകയും ഒരു വ്യാപാര സംസ്കാരത്തിന്റെ അവബോധം അവരിൽ അങ്കുരിപ്പിക്കുകയും ചെയ്യുക അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നു. സ്വന്തമായും കൂട്ടുകമ്പനികൾ മുഖാന്തിരവും നിരവധി കൃഷി വ്യാപാര പ്രവർത്തനങ്ങളിൽ പണം മുടക്കി അദ്ദേഹം തന്നെ മറ്റുള്ളവർക്ക് മാതൃക കാണിച്ചിട്ടുമുണ്ട്. ഏത് സംരംഭമായാലും അത് സമൂഹത്തിന് പൊതുവെ പ്രയോജനപ്പെടണമെന്നും അഭ്യസ്തവിദ്യരും അല്ലാത്തവരുമായ നാട്ടുകാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ പ്രഖ്യാപിത ലക്ഷ്യം. അതുകൊണ്ടാണ് "വ്യക്തിക്ക് ഉപരിയായി സമൂഹത്തെയും ലാഭത്തിന് ഉപരിയായി പ്രയോജനത്തെയും മുൻനിർത്തിക്കൊണ്ട് പ്രവർത്തിച്ച ഒരു ദീർഘദർശിയായിരുന്നു ശ്രീ. മാമ്മൻ മാപ്പിള", എന്ന് പി. എസ്. ജോർജ്ജ് എഴുതുന്നത്.[1]

കൃഷിയാകട്ടെ, വ്യവസായമാകട്ടെ അവ ശാസ്ത്രീയാടിസ്ഥാനത്തിൽ നിർവ്വഹിച്ചാൽ ഉണ്ടാകുന്ന നേട്ടങ്ങൾ ഏതേതൊക്കെയെന്ന് ശരിക്കും വിശകലനം ചെയ്തുകൊണ്ടുള്ള മാമ്മൻ മാപ്പിളയുടെ ലേഖനങ്ങൾ നാട്ടുകാരെ ഈ വേദികളിലേക്ക് വളരെയേറെ ആകർഷിച്ചിട്ടുണ്ട്. കരിമ്പുകൃഷിയെ ഏതുവിധം ലാഭകരമാക്കാമെന്ന് വിശദീകരിച്ചുകൊണ്ട് 1921 സെപ്റ്റംബർ 28-ാം തീയതിയിലെ 'മനോരമ'യിൽ അദ്ദേഹം ഇപ്രകാരം എഴുതി. "കേരളത്തിൽ കരിമ്പ് ആദായകരമായി കൃഷി ചെയ്യാവുന്നതാണ്. ആ കൃഷിയിൽ ഏർപ്പെട്ടാൽ ജാഫ്ന മുതലായ രാജ്യങ്ങളിലേക്ക് ഒഴുകുന്ന ഇന്ത്യയിലെ പണം കേരളത്തിലേക്ക് തിരിച്ച് വിടുവാൻ സാധിക്കും. ഗവൺമെന്റ് ഇക്കാര്യത്തിൽ നൽകുന്ന പ്രോത്സാഹനം ജനങ്ങൾ ഉപയോഗപ്പെടുത്തണം."[2] കരിമ്പ് കൃഷി വ്യാപകമായാൽ ശർക്കരയുടെ ഉല്പാദനവും വിപണനവും വഴി ധാരാളം കർഷകർക്ക് ധനാർജ്ജനമാർഗ്ഗം സുഗമമാകും. കരിമ്പ് ആട്ടുന്നതിന് പരമ്പരാഗതമരച്ചക്കുകൾക്ക് പകരം ആധുനിക രീതിയിലുള്ള ഇരുമ്പു ചക്കുകൾ ഉപയോഗി

ക്കണമെന്ന് ആവശ്യപ്പെടുക മാത്രമല്ല, സ്വന്തമായി അത്തരം ചക്കുകൾ വാങ്ങുകയും കരിമ്പ്കൃഷിയെയും തദ്വാരാ ശർക്കരവ്യാപാരത്തെയും അഭിവൃദ്ധിപ്പെടുത്തുവാൻ അദ്ദേഹം സ്വയം ശ്രമിക്കുകയും ചെയ്തിട്ടുണ്ട്.

കായൽ കൃഷി ചെയ്യുന്നവർക്ക് നേരിട്ടുകൊണ്ടിരിക്കുന്ന വമ്പിച്ച പണനഷ്ടത്തെ പരാമർശിച്ചും അതിനുള്ള പരിഹാരങ്ങൾ നിർദ്ദേശിച്ചും അദ്ദേഹം 1913 സെപ്റ്റംബർ 14 ലെ 'മലയാള മനോരമ'യിൽ എഴുതിയത് താഴെ കൊടുക്കുന്നു. "തിരുവിതാംകൂറിൻെറ കുട്ടനാടൻ പ്രദേശങ്ങളിലുള്ള പ്രധാനതൊഴിൽ പുഞ്ചകൃഷിയാണല്ലോ. ഇതിനായി ആ ദിക്കിലുള്ളവർ ഒട്ടുവളരെ പണം ചെലവിടുകയും, കഷ്ടപ്പാടുകൾ സഹിക്കുകയും പതിവാണെങ്കിലും ഇതിൽനിന്നുള്ള ആദായം മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ ചുരുങ്ങിയാണ് വരുന്നതെന്നുള്ളതിന് സംശയമില്ല. ഈസ്ഥലങ്ങളിലെ വളക്കുറവുകൊണ്ടും കാലപ്പഴക്കംകൊണ്ടും പുതിയ സമ്പ്രദായങ്ങൾ സ്വീകരിച്ച് കൃഷിചെയ്യുവാനുള്ള വിമുഖതയും അലസതയുംകൊണ്ടും പത്തോ ഇരുപതോ കൊല്ലങ്ങൾക്ക് ശേഷം ഈ നിലങ്ങളിൽ നിന്ന് ആദായം കിട്ടാതാവുകയും ചെയ്യുന്നതുകൊണ്ട് കൃഷിയുടമകൾ ഈ നിലങ്ങൾ ഉപേക്ഷിച്ച് സമീപത്തുള്ള വേമ്പനാട് കായൽ മുതലായ ജലാശയങ്ങളിൽ വരമ്പിട്ട് കൃഷിചെയ്തു തുടങ്ങി. അഗാധമായ കായലുകളിൽ വരമ്പിടുന്നതിനും കൃഷിചെയ്യുന്നതിനുമുള്ള കഷ്ടപ്പാടുകളും ധനവ്യയവും നിമിത്തവും ഏറ്റക്കൂടുതൽ കൊണ്ടുണ്ടാകുന്ന മടവീഴുന്നതിനാലും ഇതിനായിട്ട് ശ്രമിക്കുന്നവരിൽ ഒട്ടുമുക്കാലെ അരക്കാൽ വീതമാളുകളും ഭഗ്നോത്സാഹരായി മടങ്ങുകയാണ് പതിവ്. എന്നാൽ അന്നത്തെ ഗവൺമെൻറ് കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കരത്തിൻെറ സംഗതികളിലും മറ്റും വളരെ വിട്ടുവീഴ്ചകൾ ചെയ്തു പോന്നു. ഇതുനിമിത്തം ജനങ്ങൾ കുറേശ്ശെ കുറേശ്ശെ കായൽ കുത്തി എടുക്കുന്നതിന് മുമ്പോട്ടുവരുന്നുണ്ട്. ഇപ്പോൾ തറവില പതിനഞ്ചിൽ നിന്നും ഇരുപത്തിയഞ്ച് രൂപയാക്കിയിരിക്കുന്നു. പ്രജാസഭയിലും മറ്റും തുടരെത്തുടരെ ചെയ്ത നിവേദനത്തിൻെറ ഫലമായി ദിവാൻകൂടിയാലോചന നടത്തി കോട്ടയത്ത് പഴുക്കാനില വിളക്കുമരം തൊട്ട് ആലപ്പുഴ ആര്യാട്ട് വിളക്കുമരം വരെ ഒരു ലൈനിട്ട് സിമൻറ് കുറ്റികൾ നാട്ടി അതിനകമുള്ള ആറായിരം ഏക്കർ നിലം ഏക്കറൊന്നിന് മുപ്പതുരൂപ തറവില നിശ്ചയിച്ച്, ഈ വസ്തുക്കളെ പന്ത്രണ്ടാം തരമാക്കി ഒരു പറ വിത്തുപാട് നിലത്തിന് ഒരു പറ നെല്ല് കരവും നിശ്ചയിച്ച് പതിച്ചുകൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. പക്ഷേ, ഈ തറവിലയും കരത്തിൻെറ നിരക്കും വളരെ ദുർവഹമാണ്......"[3]

പള്ളാത്തുരുത്തിയാറിൻെറ തീരത്ത് മാമ്മൻ മാപ്പിള വാങ്ങിയ മുന്നൂറ് പറ നിലവും തെങ്ങ് വെച്ചുപിടിപ്പിച്ചിട്ടുള്ള ഒരു ചിറയും പഴയ നാലുകെട്ടും

---

*മലയാള മനോരമയുടെ ചരിത്രം*

അടങ്ങുന്ന കുപ്പപ്പുറത്ത് അദ്ദേഹം ശാസ്ത്രീയമായ രീതിയിൽ കൃഷി പരീക്ഷണം നടത്തിനോക്കി. അത് ഏറെ ആദായകരവും സംതൃപ്തിജനകവുമായിരുന്നു. ഇതിനെ പുരസ്കരിച്ച് അദ്ദേഹം ഓർക്കുന്നത് ഇപ്രകാരമാണ്. "പല പരിഷ്കാരങ്ങളും വരുത്തി ശരിക്ക് കൃഷി ചെയ്യാൻ തുടങ്ങിയപ്പോൾ 30,000-40,000 പറയോളം നെല്ലുണ്ടായിരുന്നു. പ്രതിവർഷം പത്ത് പന്തീരായിരം തേങ്ങ കിട്ടി. കൂടാതെ പത്ത് നാല്പത് കന്നുകാലികൾക്ക് ആണ്ടോടാണ്ട് തീറ്റിക്കുള്ള മെതികച്ചിയും കൃഷിയിൽനിന്ന് കിട്ടി. ആകപ്പാടെ കുപ്പപ്പുറത്തെ എന്റെ താമസം എല്ലാവിധത്തിലും ഐശ്വര്യപ്രദമായി അനുഭവപ്പെട്ടു. കായൽത്തീരത്തുള്ള താമസം സവിശേഷവും ആനന്ദകരവുമായിരുന്നു. ധാരാളം നല്ലയിനം പശുക്കൾ, കാളകൾ, കോഴി, താറാവ് മുതലായവയെ ഞങ്ങളിവിടെ വളർത്തി. പാലും, തൈരും, വെണ്ണയും, മത്സ്യമാംസങ്ങളും ഞങ്ങളും കുട്ടികളും, എല്ലാവരും ആവോളം കഴിച്ചാലും വളരെയധികം മിച്ചം വരത്തക്കവണ്ണം അവിടെ സുലഭമായി കിട്ടിയിരുന്നു."[4] കുപ്പപ്പുറത്തെ കൃഷി അസൂയാർഹമാംവിധം വിജയകരമായിരുന്നു. അതിൽ അസൂയ മൂത്ത് നിസ്സാരകാരണങ്ങൾ പൊക്കിക്കാട്ടി പലരും പ്രജാസഭയിൽപ്പോലും വിമർശനം നടത്തിയിരുന്നതായികാണാം.

അന്നത്തെ ചർച്ചയുടെ പ്രസക്തഭാഗങ്ങളാണ് താഴെ കൊടുക്കുന്നത്. "കെ. പരമേശ്വരൻപിള്ള (കൃഷി-ഫിഷറീസ ഡയറക്ടർ): ചില ഭാഗങ്ങളിൽ വർഷംതോറും മറ്റ് ചില ഭാഗങ്ങളിൽ രണ്ട് വർഷത്തിൽ ഒരിക്കലുമാണ് കുട്ടനാട്ടിൽ കൃഷിയിറക്കുന്നത്. കൃഷിവകുപ്പിന് ഇതിൽ ചെറിയ ഭാഗത്ത് പരീക്ഷണകൃഷി ഇറക്കിക്കൂടേ എന്ന് ചില കൃഷിക്കാർ ഞങ്ങളോട് ചോദിച്ചു. ഇതിനെത്തുടർന്ന് ഞങ്ങൾ 30 ഏക്കർനിലം ഇതിന് തെരഞ്ഞെടുത്തു."

"കെ. സി. മാമ്മൻമാപ്പിള: (വാണിജ്യ-വ്യവസായമണ്ഡലം): സർ, എനിക്ക് വ്യക്തിപരമായ ഒരു വിശദീകരണം നൽകാനുണ്ട്. ഞാൻ വർഷംതോറും അവിടെ കൃഷി ഇറക്കുന്ന ആളാണ്. എനിക്കവിടെ മുന്നൂറോളം ഏക്കർ ഉണ്ട്. എന്റെ മുപ്പതോളം ഏക്കറിൽ പരീക്ഷണാർത്ഥം കൃഷി നടത്തിനോക്കാൻ ഞാൻ ഡോ. കുഞ്ഞൻ പിള്ളയോട് അഭ്യർത്ഥിച്ചു. പരമേശ്വരൻ പിള്ളക്ക് (ഡയറക്ടർ) മുഴുവൻ കാര്യങ്ങളും അറിയാം. അദ്ദേഹം സ്ഥലം സന്ദർശിച്ചിരുന്ന ആളാണ്. ഈ പരീക്ഷണം കാരണം എനിക്ക് വൻഗുണമുണ്ടായതായി പരക്കെ ധാരണയുണ്ട്. അത് ശരിയല്ല. കൃഷിവകുപ്പ് നിർദ്ദേശിച്ച വളം വാങ്ങി ഓരോവർഷവും മുന്നൂറും നാന്നൂറും രൂപ എനിക്ക് നഷ്ടമേ ഉണ്ടായിട്ടുള്ളു. എന്നാൽ കുട്ടനാട് മണ്ണിലെ പുളിരസം ഇല്ലാതാക്കാൻ കുമ്മായം നല്ലതാണെന്ന ഡോ. കുഞ്ഞൻപിള്ളയുടെ ഉപദേശത്തിൽനിന്ന് എനിക്കേറെ നേട്ടമുണ്ടായി."

"അദ്ധ്യക്ഷൻ: ഇപ്പോൾ താങ്കൾ ഓരോവർഷവും കൃഷിയിറക്കുന്നില്ലേ?"

"കെ. സി. മാമ്മൻമാപ്പിള: അതെ, പക്ഷേ അത് ഞാൻ കൂടുതൽ പണമിറക്കുകയും അയല്ക്കാരെക്കാൾ മെച്ചപ്പെട്ടരീതിയിൽ ഉഴതുകയും ജലസേചനം നടത്തുകയും ചെയ്തതുകൊണ്ടാണ്. ഞാൻ സർക്കാർ ചെലവിൽ വമ്പിച്ച നേട്ടമുണ്ടാക്കിയെന്ന് പരക്കെയുള്ള ധാരണ അസന്ദിഗ്ദമായി നിഷേധിക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കട്ടെ. അഞ്ച് വർഷത്തിനുശേഷം ഡോ: കുഞ്ഞൻപിള്ളയുടെ സമ്മതത്തോടെ വളം ഉപയോഗിക്കൽ ഞാൻ നിർത്തി എന്നുകൂടെ പറഞ്ഞോട്ടെ. ഈ വളങ്ങൾ തുടരുന്നതിൽ കാര്യമില്ലെന്ന തീരുമാനത്തിൽ ഞാനെത്തി."[5]

കൃഷികാര്യങ്ങളാകട്ടെ, വ്യാപാരസംരംഭങ്ങളാകട്ടെ അവ ലാഭകരമായി വളർന്നിട്ടുണ്ടെങ്കിൽ അവയോടൊപ്പം അസൂയാലുക്കളുടെ ശക്തമായ എതിർപ്പ് പ്രകടമായിരുന്നു.

കൃഷി-വ്യാപാരകാര്യങ്ങളിൽ മാമ്മൻ മാപ്പിളക്കുണ്ടായ തിരിച്ചടികളും വിമർശനങ്ങളും ഇതിൻെറ ഫലമായിട്ടായിരുന്നു. അദ്ദേഹം കൈവെയ്ക്കാത്ത വ്യവസായങ്ങൾ വളരെ ദുർലഭമായിരുന്നു അക്കാലത്ത്. തിരുവിതാംകൂർ നാഷണൽ ആൻറ് ക്വയ്ലോൺ ബാങ്ക്, ഗാർഡിയൻ ഇൻഷുറൻസ് കമ്പനി, മദ്രാസ് റബർഫാക്ടറി, ഗോവയിലെ റബർ ഫാക്ടറി, ആലപ്പുഴയിലെ സി. പി. കമ്പനി തുടങ്ങിയവ പലതും അദ്ദേഹം തുടങ്ങിവെച്ച സ്ഥാപനങ്ങൾ ആണ്. യംഗ് ഇന്ത്യ ഏജൻസീസിൻെറ പേരിൽ നടത്തിവന്ന റബ്ബർ, തേയില, കോഫി, ഏലം, കശുമാവ് മുതലായ തോട്ടം വ്യവസായങ്ങളും അദ്ദേഹം കേരളത്തിലും ഇതരസംസ്ഥാനങ്ങളിലും നടത്തിപ്പോന്നു. അപ്പോഴെല്ലാം തന്നെ തൽപ്പരകക്ഷികളുടെ എതിർപ്പ് സഹിക്കേണ്ടതായും വന്നിട്ടുണ്ട്.

പീരുമേട്ടിൽ പുള്ളിക്കാനത്ത് ഉണ്ടായിരുന്ന തേയിലത്തോട്ടങ്ങളിൽ നിന്നും അനധികൃതമായി മരംവെട്ടിയെന്ന് ആരോപിച്ചുകൊണ്ട് പ്രജാസഭയിൽ രൂക്ഷമായ വിമർശനങ്ങൾ നടന്നു. വനംവകുപ്പ് കൺസർവേറ്റർ 1,26,000 രൂപ പിഴയടക്കാൻ തോട്ടം ഉടമയായ മാമ്മൻമാപ്പിളക്ക് നോട്ടീസയച്ചു. പിഴ അടക്കുന്നില്ലെങ്കിൽ 150 ഓളം ഏക്കർ തേയിലത്തോട്ടം മാത്രമല്ല, മറ്റ്സ്ഥാവരജംഗമസ്വത്തുക്കളും കണ്ടുകെട്ടുമെന്നു വനംവകുപ്പ് കൺസർവേറ്റർ രാമൻമേനോൻ മാമ്മൻ മാപ്പിളക്ക് നൽകിയ നോട്ടീസിൽ മുന്നറിയിപ്പ് നൽകുകയും ചെയ്തു. ഇതിനെതിരായി ദിവാൻ രാഘവയ്യയുടെ അടുക്കൽപരാതി ബോധിപ്പിച്ചതിൻെറ അടിസ്ഥാനത്തിൽ പിഴസംഖ്യയിൽ ഇളവ് നൽകി. 1927 ഡിസംബർ 5-ാം തീയതി പ്രജാസഭയിൽ വനംവകുപ്പിനെ സംബന്ധിച്ച് നടന്ന ചർച്ചയിൽ വിമർശനങ്ങൾക്ക് മറുപടി

പറഞ്ഞുകൊണ്ട് മാമ്മൻമാപ്പിള നടത്തിയ പ്രസ്താവന ഇങ്ങനെയായിരുന്നു. "10,000 രൂപ അടക്കാമോ എന്ന് ദിവാൻ എന്നോടാരാഞ്ഞു. ഞാനതിന് വഴങ്ങിയില്ല. വിശദമായ അന്വേഷണം വേണമെന്ന് ഞാൻ ആവശ്യപ്പെട്ടു. അവസാനം ഒരു കമ്മറ്റിയെ നിയോഗിച്ചു. മരം ഉണ്ടായിരുന്ന ഓരോ ഏക്കറിനും പരമാവധി ചുമത്താവുന്ന തുക എന്നിൽനിന്നും ഈടാക്കണമെന്ന് കമ്മറ്റി ശുപാർശ ചെയ്തു. അത് ആറായിരം രൂപയായി നിശ്ചയിച്ചു. അപ്പോഴാണ് ഇന്നത്തെ കൺസർവേറ്റർ വനംവകുപ്പിന്റെ തലവനായി ഉയർത്തപ്പെട്ടത്. പക്ഷേ 4,000 രൂപ കൂടി ഞങ്ങൾ അടക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കെട്ടിടം പണിയാൻമരം മുറിച്ചതിനാണത്. പക്ഷേ, 4,000 രൂപ കൂടി അവശ്യപ്പെടുന്നത് അസംബന്ധമാണെന്ന് കോട്ടയം ദിവാൻപേഷ്കാർ അവസാനം റിപ്പോർട്ട് നൽകി."[6] ഏതെങ്കിലും തരത്തിൽ അദ്ദേഹത്തെ തകർക്കണമെന്നായിരുന്നു ഇതിനു പിന്നിൽ പ്രവർത്തിച്ചവരുടെ ചേതോവികാരം. പ്ലാന്റേഷൻ രംഗത്ത് ഒരുപാട് പണവും പ്രയത്നവും മുതല് മുടക്കിയതിന് കിട്ടിയ സമ്മാനങ്ങൾ ആണിവ! വഞ്ചിപ്പുഴ തമ്പുരാന്റെ നൂറു കണക്കിന് ഏക്കർ റബ്ബർത്തോട്ടവും ഷൊർണ്ണൂർ നെന്മേനി-പന്തല്ലൂർ തോട്ടങ്ങളും നിലമ്പൂർ കോവിലകത്ത് നിന്നും വാങ്ങിയ വിസ്തൃതമായ തോട്ടവും മൈസൂരിലെ റബ്ബർ കാപ്പിത്തോട്ടങ്ങളും അദ്ദേഹത്തിന്റെ സ്വശ്രമത്താൽ തഴച്ചു വളർന്നവയാണ്.

കുട്ടനാട്ടിൽ വെള്ളം വറ്റിക്കുവാനുള്ള കോൺട്രാക്റ്റ് പണി നടത്തിയതും, കാർത്തികപ്പള്ളിയിൽ വൻതോതിൽ ചകിരി പിരിക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്തതും ഇവയ്ക്കു പുറമേയാണ് കോയമ്പത്തൂരിൽ ഗോൾഡ് ലീഫ് സിഗററ്റിന്റെ നിർമ്മാണവും മൈസൂറിലെ ബലൂൺ ഫാക്ടറി ആരംഭിച്ചതും അദ്ദേഹം നടത്തിയ വ്യാപാരപ്രവർത്തനങ്ങളിൽ പെടുന്നവയാണ്.[7] ഇവയിൽ പലതും ഏറെ നഷ്ടത്തിൽ കലാശിച്ചവയാണ്. റബർ പ്ലാന്റേഷനും റബർ ഫാക്ടറികളുമാണ് ഒരർത്ഥത്തിൽ സാമ്പത്തികമായി നേട്ടങ്ങൾ ഉണ്ടാക്കിയ സ്ഥാപനങ്ങൾ. റബർ തോട്ടങ്ങൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകതയെയും അതിനാൽ ഉണ്ടാകുന്ന ലാഭത്തെയും കർഷകർക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ മനോരമ അതിന്റെ മുഖപ്രസംഗങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും കഠിനയത്നം നടത്തിയിട്ടുണ്ട്. 1905 ഡിസംബർ 2 നും, 1910 ഏപ്രിൽ 9നും ഇടക്ക് റബർ കൃഷിയെയും റബർ ഫാക്ടറികളെയും പുരസ്കരിച്ച് പതിമൂന്ന് പ്രാവശ്യം മലയാളമനോരമ മുഖക്കുറിപ്പിലൂടെ ഈ സംരംഭങ്ങളിൽ ഇറങ്ങുന്നവർക്കു വേണ്ട ഉപദേശ നിർദ്ദേശങ്ങളും റബർതോട്ടം തുടങ്ങുന്നതിന് പ്രേരിപ്പിക്കത്തവിധം റബർകൃഷി ഉല്പാദനത്തിൽ നിന്നും ലഭിച്ചു കൊണ്ടിരുന്ന ആദായത്തെ വിവരിച്ചും നിരന്തരം എഴുതി.

1905 ഡിസംബർ 2നും 1907 ഫെബ്രുവരി 13 നും വന്ന മുഖലേഖനങ്ങളിൽ റബർത്തോട്ടങ്ങൾക്കായി യുറോപ്യൻ കമ്പനികൾ കാണിക്കുന്ന ആവേശത്തിന്റെ നേരിയ ഒരംശം പോലും നാട്ടുകാരിൽ ഇല്ലാത്തതിൽ ഖേദിക്കുകയും സ്വർണ്ണഖനികളേക്കാൾ ലാഭം റബറിൽ നിന്നുണ്ടാകുന്നതാണെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തിരുന്നു.[8] 1909 ഓഗസ്റ്റ് 14-ാം തീയതിയിലെ 'മനോരമ'യുടെ മുഖലേഖനത്തിൽ നാട്ടുകാരെ റബർ കൃഷിയിലേക്ക് ആഹ്വാനം ചെയ്തുകൊണ്ട് എഴുതിയിരുന്നതാണ് താഴെ കൊടുക്കുന്നത്. "റബറിൽനിന്നും അഞ്ചാംവർഷമെത്തുമ്പോൾ കറയെടുക്കാൻ തുടങ്ങാം. അതേവരെയുള്ള സകല ചെലവുകളും ഒരാണ്ടിലെ ആദായംകൊണ്ടുതീർന്ന് ബാക്കി വരുമെന്നാണറിയുന്നത്. പിന്നീട് ആദായം കൂടിക്കൊണ്ട് തന്നെയിരിക്കും. ഒരേക്കർ തോട്ടത്തിൽനിന്നും 150 പവൻ ആദായം കിട്ടാനിടയുണ്ട്. റബർ കൊണ്ടുള്ള ആവശ്യം ക്രമേണ വർദ്ധിച്ചു കൊണ്ടിരിക്കുമെന്നതിനാൽ അടുത്ത കാലത്തെങ്ങും വിലയ്ക്ക് വലിയ ഇടിവുണ്ടാകുകയില്ലെന്നാണ് പറയുന്നത്. ഇത്ര ആദായകരമായ തൊഴിൽ യൂറോപ്യന്മാരെക്കാൾ വളരെ ആദായകരമായവിധത്തിൽ നടത്താൻ നമുക്ക് കഴിയുമെന്നിരുന്നാലും ഈ രാജ്യവാസികൾ ഇതിൽ പ്രവേശിച്ചു കാണാത്തതിനെപ്പറ്റി പലരും അദ്ഭുതപ്പെട്ടുവരുന്നു."[9] 1910 മാർച്ച് 2 ന് 'മനോരമ'യിലെ മുഖക്കുറിപ്പിന്റെ ശീർഷകം 'റബർ ഭ്രാന്ത്' എന്നാണ്. യൂറോപ്യൻമാർ റബർ പ്ലാൻേറഷനുവേണ്ടി കാണിക്കുന്ന അമിതജ്വരം ചൂണ്ടിക്കാണിച്ചുകൊണ്ടും അതെന്തുകൊണ്ടാണെന്ന് വിശദീകരിച്ചുകൊണ്ടും ഉള്ളതായിരുന്നു ഈ ലേഖനം. "ഒരു റാത്തൽ റബറിന് എല്ലാ ഇനങ്ങളിലും കൂടി ഒരു രൂപ കൂടിയാൽ ചെലവ് വരുമെന്നും അഞ്ച് രൂപ മുതൽ ആറ് രൂപവരെ ഇപ്പോഴത്തെ നിലക്ക് ഇതിൽ ആദായം കിട്ടുന്നുണ്ടെന്നും കാണുമ്പോൾ ആളുകൾ ഭ്രാന്തൻമാരായിത്തീരുന്നതിൽ അത്ഭുതപ്പെടാനില്ല. സ്വർണ്ണഖനികളിൽ നിന്നും സ്വർണ്ണം വെട്ടിയെടുത്താൽ ഇത്രമാത്രം ആദായം കിട്ടുന്നതല്ല.", മുഖപ്രസംഗം ഉപസംഹരിക്കുന്നത് ഇങ്ങനെയാണ്.[10]

'മലയാള മനോരമ' നിരന്തരം നടത്തിയ ഈ പ്രവർത്തനങ്ങളുടെ ഫലമായി 1910 ൽ 'മലങ്കര റബർ ആൻഡ് പ്രൊഡ്യൂസേർസ് കമ്പനി' രൂപം കൊണ്ടു. അതായിരുന്നു കേരളീയരുടേതായ ആദ്യത്തെ റബർ കമ്പനി.[11] മുപ്പത്രൂപ വിലയുള്ള 15,000 ഷെയറുകളാണ് ഈ കമ്പനിക്ക് ഉണ്ടായിരുന്നത്. മലങ്കര റബർ കമ്പനി രൂപീകരിച്ചതിനെ അഭിനന്ദിച്ചുകൊണ്ടും കൂടുതൽ ഇത്തരം കമ്പനികൾ ഉണ്ടാകട്ടെ എന്നാശംശിച്ചുകൊണ്ടും 1910 ഏപ്രിൽ 27-ാം തീയതി മലയാള മനോരമ ഒരു മുഖക്കുറിപ്പ് പ്രസിദ്ധീകരിച്ചിരുന്നു.[12] 1910 ആയതോടെ മാർത്തോമ്മ റബർ കമ്പനി, കുട്ടനാട് റബർ

കമ്പനി, ദി ട്രാവൻകൂർ കമേഴ്സ്യൽ റബർ കമ്പനി എന്നീ മൂന്ന് കമ്പനികൾകൂടി നിലവിൽവന്നു. ആദ്യത്തേതിൻെറ ഓഹരി മൂലധനം 3,00000 രൂപയും രണ്ടാമത്തേതിൻെറയും മൂന്നാമത്തേതിൻെറയും 2,00000 രൂപ വീതവും ആയിരുന്നു.[13] ഈ വലിയ കമ്പനികൾക്കു പുറമെ ചെറുകിട കൃഷിക്കാരും ഈ രംഗത്ത് എത്തി. 1910 മെയ് 11 ന് 'മലയാള മനോരമ' യുടെ മുണ്ടക്കയം ലേഖകൻേറതായി വന്ന റിപ്പോർട്ടിൽ ഇങ്ങനെ കാണുന്നുണ്ട്. "റബറിനെ സംബന്ധിച്ച് മനോരമ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ നാട്ടുകാരുടെ ശ്രദ്ധയെ ആകർഷിച്ചിരിക്കുന്നതിൽ എനിക്ക് അമിതമായ സന്തോഷമുണ്ട്. നാലും-അഞ്ചും, പത്തും-പന്ത്രണ്ടും ഏക്കർ സ്ഥലങ്ങളിൽ റബർകൃഷി നടത്തുവാൻ ചെറുകിട കൃഷിക്കാരിൽ പലരും മുന്നോട്ട് വന്നിട്ടുണ്ട്. മി. പി. ടി. തോമസ് വക്കീൽ 50 ഏക്കർ സ്ഥലത്ത് തോട്ടം ആരംഭിച്ചുകഴിഞ്ഞു. ഇദ്ദേഹത്തിന് ലക്ഷത്തിൽപ്പരം കുരു പാകിയ നഴ്സറിയുമുണ്ട്. കെ. ടി. ഡൊമിനിക് വക്കീൽ റബർ കൃഷിക്കായി 30 ഏക്കർ സ്ഥലം വെട്ടിനിരത്തി തയ്യാറാക്കിക്കൊണ്ടിരിക്കുന്നുമുണ്ട്. പുറമേ കുടമാളൂരുള്ള ഒരു നമ്പൂതിരി കൊച്ചിശീമയിൽ വടക്കാഞ്ചേരിക്കടുത്തുള്ള തൻെറ മലയിൽ 50 ഏക്കർ സ്ഥലത്ത് റബർ കൃഷി ആരംഭിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ ശമ്പളക്കാർ ഇവിടെവന്ന് 20,000 റബർ തൈ ശട്ടം കെട്ടിയിരിക്കുന്നു. ഇതിനും പുറമേ ദേവികുളത്തുള്ള തലയാർ മലയിൽ ജോൺ ആൻറണി 40ഏക്കർ സ്ഥലത്ത് റബർകൃഷി ആരംഭിച്ചു കഴിഞ്ഞിട്ടുമുണ്ട്."[14] അയൽസ്റ്റേറ്റായ കൊച്ചിയിൽ വാണിയംപാറ റബർ കമ്പനി 1911-ൽ സ്ഥാപിച്ചു. വനത്തോട് ചേർന്ന സ്ഥലം റബർ കൃഷിക്കായി പതിച്ചുകൊടുക്കാമെന്ന് കൊച്ചിയിലെ ഗവൺമെൻറ് തീരുമാനിച്ചിരുന്നു. അതിൻെറ ഫലമായി തൃശ്ശൂർ താലൂക്കിൽ ഈ കമ്പനിക്ക് 1000 ഏക്കർ (405 ഹെക്ടർ) സ്ഥലം ലഭിക്കുകയുണ്ടായി. അവർ ഷെയർ വില്പനയിൽ ഉണ്ടാക്കിയ നിബന്ധന കൊച്ചിയിൽ ഉള്ളവർക്ക് മാത്രമേ ഓഹരികൾ വില്ക്കുകയുള്ളു എന്നത് ആയിരുന്നു.[15]

1910 ഏപ്രിൽ 27-ാം തീയതിയിലെ മനോരമയിൽ റബർ വാർന്നെടുക്കുവാൻ വൈദഗ്ദ്യം നേടുന്നതിനായി തൊളിലാളികളെ സിലോണിലേക്ക് അയച്ചിരുന്നുവെന്നും ഒരേക്കർ സ്ഥലത്ത് 250 റബർ മരങ്ങൾ വെച്ചുപിടിപ്പിക്കാമെന്നും നാലുവർഷത്തേക്ക് ഇവയുടെ വളത്തിനും ശുശ്രൂഷയ്ക്കുമായി മൊത്തം വരുന്ന തുക 400 രൂപയിൽ കവിയില്ലെന്നും പ്രസ്താവിക്കുന്നുണ്ട്.[16]

മുണ്ടക്കയത്തും അതിനു ചുറ്റുമുള്ള പ്രദേശങ്ങളിലും 1910 ആയപ്പോഴേക്കും തോട്ടം തൊളിലാളികളായി 8000-ൽപ്പരം പേർ ഉണ്ടായിരുന്നുവെന്നും പുരുഷന്മാർക്ക് 6 അണയും സ്ത്രീകൾക്ക് 4 അണയുമായിരുന്നു

ദിവസക്കൂലിയെന്നും ഡോ. വി. ഹരിദാസൻ തന്റെ പ്രസിദ്ധീകരണത്തിൽ പ്രസ്താവിക്കുന്നു. ഇക്കാലത്ത് റബറിന്റെ വില റാത്തലിന് 9 രൂപവരെയായി.[17] എന്നാൽ 1913 ആയപ്പോഴേക്കും വില രണ്ട് രൂപയായി താഴുകയും ചെയ്തു. ഈ വിലയിടിവ് പ്രധാനമായും കൃത്രിമ റബർ ഉല്പാദനം കൊണ്ടായിരുന്നു. സിന്തറ്റിക് റബറിനെപ്പറ്റി ആദ്യമായി ലഭിക്കുന്ന വിവരം 1910 മെയ് 25 ലെ മനോരമയിൽനിന്നാണ്[18] വിവിധ സ്ഥലങ്ങളിൽ തൽ സംബന്ധമായി നടക്കുന്ന ഗവേഷണങ്ങളെക്കുറിച്ച് 1912 സെപ്റ്റംബർ 4നും, 1913 ജനുവരി 4നും മനോരമ മുന്നറിയിപ്പ് നൽകിയിരുന്നു.[19] റബർ മരങ്ങൾക്ക് മഞ്ഞപ്പും, മറ്റു രോഗങ്ങളും പടർന്നുകൊണ്ടിരിക്കുന്നതായി മനോരമയുടെ മുണ്ടക്കയം ലേഖകൻ 1910 ഡിസംബർ 21 ന് എഴുതിയിരുന്നു. കൃഷിവകുപ്പ് ഡയറക്ടറുടെ ശ്രദ്ധ ഇതിലേക്ക് തിരിയണമെന്നും ഈ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ ഉടൻ ഉണ്ടാകണമെന്നും ഈ റിപ്പോർട്ടിൽ പറയുന്നുണ്ട്.[20]

തന്റെ വ്യവസായ സ്ഥാപനങ്ങളുടെയെല്ലാം ആത്യന്തികമായ ലക്ഷ്യം അഭ്യസ്തവിദ്യരും അല്ലാത്തവരുമായ നൂറുകണക്കിന് നാട്ടുകാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക വഴി രാജ്യത്തിനും സമൂഹത്തിനും സാമ്പത്തികോൽകർഷം ഉണ്ടാക്കുക എന്നതായിരുന്നു. ഗാർഡിയൻ ഇൻഷുറൻസ് കമ്പനി വഴിയായും തന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരുന്ന ബാങ്കുകളുടെ പ്രവർത്തനംകൊണ്ടും നൂറുകണക്കിന് ചെറുകിട കർഷകർക്കും വ്യാപാരികൾക്കും വായ്പാസൗകര്യങ്ങളും, അഭ്യസ്തവിദ്യർക്ക് തൊഴിലവസരങ്ങളും ഉണ്ടാക്കിക്കൊടുത്തു. ഗാർഡിയൻ ഇൻഷ്വറൻസ് കമ്പനി ഗവൺമെൻറ് ഏറ്റെടുത്തതിന്റെ ഫലമായി കേരളത്തിലെയെന്നല്ല, ദക്ഷിണേന്ത്യയിലെതന്നെ എത്രയോ ആളുകൾക്ക് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ സ്ഥിരജീവനക്കാരായി പ്രവേശിക്കുവാൻ സാധിച്ചു എന്നതോർക്കേണ്ടതാണ്. ഗാർഡിയൻ ഇൻഷ്വറൻസ് കമ്പനി ഇല്ലായിരുന്നുവെങ്കിൽ ഇൻഷ്വറൻസ് രംഗത്തിൽ കേരളത്തിനുള്ള പങ്ക് പൂജ്യമാകുമായിരുന്നു. 'വ്യവസായരംഗത്തെ അഗ്രഗാമി' എന്ന ലേഖനത്തിൽ പി. എസ്. ജോർജ്ജ് എഴുതുന്നത്, "വ്യവസായവൽകരണത്തിന് ഏറ്റവും ആവശ്യമായ മൂലധന സംഭരണം ദുസ്സാധ്യമല്ല, അസാധ്യമെന്നുതന്നെ കരുതിയിരുന്ന ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടത്തിലാണ് ശ്രീ. മാമ്മൻ മാപ്പിള വ്യവസായ രംഗത്തേക്ക് കടന്നുവന്നത്. ജോയിൻറ് സ്റ്റോക്ക് കമ്പനി നിയമം പ്രദാനം ചെയ്ത അവസരങ്ങൾ ശരിയായി വിനിയോഗിച്ച് ബാങ്കിംഗ്, ഇൻഷ്വറൻസ് മുതലായ പ്രസ്ഥാനങ്ങൾ വഴി അദ്ധ്വാനവും, മിതവ്യയവും ജനതാമദ്ധ്യേ പ്രോത്സാഹിപ്പിച്ച് ധനസമ്പാദനത്തിന് സഹായിച്ചു. ചെറുകിടക്കാരെങ്കിലും അനേകശതം വ്യവസായികളെ കേരളത്തിൽ സൃഷ്ടിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു."[21]

അമിതപലിശക്ക് ഹ്രസ്വകാലത്തേക്ക് വായ്പനൽകിക്കൊണ്ടിരുന്ന ഹുണ്ടിക വ്യാപാരികൾ ആണ് കേരളത്തിലെ പണമിടപാടുകൾ നടത്തിയിരുന്നത്. ഇവരിൽ അധികവും തമിഴ്നാട് ബ്രാഹ്മണർ ആയിരുന്നു. ഇവരുടെ മേൽക്കോയ്മ അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കണ്ടത്തിൽ ഈപ്പൻ വക്കീലും, പോത്തച്ചനുംകൂടി ഒരു ബാങ്ക് ആരംഭിക്കുന്നത്. 'ട്രാവൻകൂർബാങ്ക്' എന്ന പേരിൽ തുടങ്ങിയ ഈ സ്ഥാപനമാണ് യഥാർത്ഥത്തിൽ ആധുനികരീതിയിലുള്ള ബാങ്കിന്കേരളത്തിൽ ജന്മം കൊടുത്തത്. ഓഹരിയുടമകൾ പലരും ബാങ്കിൻെറദൈനംദിനപ്രവർത്തനങ്ങളിൽ കൈകടത്തുവാൻ തുടങ്ങി. ബാങ്കിംഗ് നടത്തിപ്പിൽ ഒട്ടും പരിചയമില്ലാത്തവരുടെ നുഴഞ്ഞുകയറ്റം ഉണ്ടായതോടുകൂടി സ്ഥാപനം നടത്തിക്കൊണ്ടു പോകുക ദുഷ്കരവുമായി. തൻമൂലം ഈപ്പൻവക്കീൽ നിക്ഷേപകരുടെ പണം തിരിച്ചുകൊടുക്കുകയും ഓഹരിക്കാർക്ക് ബാക്കിയുള്ളത് വീതിച്ചുകൊടുക്കുകയും ചെയ്തു. ബാങ്കിൻെറ പ്രവർത്തനം വേണ്ടെന്നുവച്ചു. ഇതിനുശേഷം മാമ്മൻമാപ്പിളയുടെ പിതാവ് കെ. ഐ. ചെറിയാൻ മാപ്പിളയാണ് ഈ രംഗത്തേക്ക് കടന്നുവന്നത്. അദ്ദേഹമാരംഭിച്ച തയ്യിൽ ബാങ്കിനും ദീർഘായുസ്സ് ഉണ്ടായില്ല. അദ്ദേഹത്തിൻെറ മരണശേഷം ഓഹരിയുടമകൾ തമ്മിലുള്ള കിടമത്സരവും മറ്റുമായി സ്വയം തകരുകയാണ് ചെയ്തത്. അപ്പോഴും ഓഹരിയുടമകളുടെ പണം മടക്കിക്കൊടുക്കുന്നിൽ ജാഗ്രത കാണിച്ചിരുന്നതായി കാണാം. ആലപ്പുഴയിൽ നടത്തിയിരുന്ന പലചരക്ക് കച്ചവടത്തിൽനിന്നും കിട്ടിയിരുന്ന ലാഭംകൊണ്ടാണ് നിക്ഷേപകരുടെ മുതലും പലിശയും മാമ്മൻ മാപ്പിള തിരിച്ചുകൊടുത്തത്. മറ്റൊരു ബാങ്കിംഗ് സംരംഭവുംകൂടി മാമ്മൻ മാപ്പിളയുടെ പിതാവ് നടത്തി. 1891 ൽ കുടുംബയോഗകമ്പനി വകയായി തുടങ്ങിയ ഈ ബാങ്ക് വളരെക്കാലം നല്ല നിലയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും കുടുംബാംഗങ്ങളുടെ സംഖ്യ അധികരിച്ചതോടുകൂടി അഭിപ്രായഐക്യം നഷ്ടപ്പെട്ടു. അതിൻെറ ഫലമായി കുടുംബസ്വത്ത് വിറ്റാണ് നിക്ഷേപകരുടെ സംഖ്യ മടക്കിക്കൊടുത്തത്.

ആദ്യകാലശ്രമങ്ങൾ ഒരു പരീക്ഷണമെന്നനിലക്ക് വിജയമായിരുന്നെങ്കിലും സാമ്പത്തികമായി വലിയ ബാധ്യത ഉണ്ടാക്കിയവയാണ്. ഇവയുടെയെല്ലാം പ്രവർത്തനം നിലച്ചുപോയപ്പോഴും ഓഹരി ഉടമകളുടെ പണം നഷ്ടപ്പെടാതിരുന്നതുകൊണ്ട് ജനങ്ങളുടെ വിശ്വാസ്യത നേടുവാൻ കഴിഞ്ഞു എന്നുള്ളതാണ് ട്രാവൻകൂർ നാഷണൽ ബാങ്കിനും പിന്നീടത് ട്രാവൻകൂർ നാഷണൽ ആൻറ് ക്വയ്ലോൺ ബാങ്ക് ആയി വളർന്നപ്പോഴും ജനങ്ങളുടെ സഹായവും, സഹകരണവും ലഭിക്കുവാൻ കാരണമായത്. പുതിയ ബാങ്ക് തുടങ്ങിയതിനെ സംബന്ധിച്ച് മാമ്മൻ മാപ്പിള അനുസ്മരിക്കുന്നത് ഇപ്രകാരമാണ്. "ഒരു പുതിയ ബാങ്ക് തുടങ്ങുന്നതിൽ സഹകരി

ക്കാൻ കലയക്കാട്ടിൽ തൊമ്മകത്തനാർ അവർകളും കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ ഏകപുത്രൻ കെ. വി. ഈപ്പനുംകൂടി എന്നെ സമീപിച്ചു. അപ്പോൾ എൻെറ അനുജൻ കെ. സി. ഈപ്പനെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ഞാൻ അഭിപ്രായപ്പെടുകയും അവരത് സമ്മതിക്കുകയും ചെയ്തു. അങ്ങനെ തിരുവിതാംകൂർ നാഷണൽബാങ്ക് രൂപമെടുത്തു. കലയക്കാട്ടിൽ തൊമ്മക്കത്തനാർ ബാങ്കിൻെറ മാനേജരായും കെ. സി. ഈപ്പൻ അതിൻെറ സെക്രട്ടറിയായും നിയമിക്കപ്പെട്ടു.[22] ബാങ്കിൻെറ ശൈശവദശയിൽ ഏറെ ബുദ്ധിമുട്ടുകളും കുറച്ച് പണനഷ്ടവുമുണ്ടായി. പ്രതീക്ഷിച്ചവണ്ണം ലാഭം കിട്ടാൻ ഏറെ കഷ്ടപ്പെടേണ്ടിവരുമെന്ന് സ്ഥാപകാംഗങ്ങൾക്കു തന്നെ ബോധ്യമായിരുന്നു. കോടതിയിൽ വക്കീൽപ്പണിക്കു പോകുവാനുള്ള ഉദ്ദേശ്യത്തോടുകൂടി കുടുംബസമേതം കോട്ടയത്തേക്ക് സ്ഥലംമാറിയ കെ. വി. ഈപ്പൻ ബാങ്കിലെ തൻെറ ഓഹരികൾ ദിവാൻ ബഹദൂർ കെ. മാത്തനും, അദ്ദേഹത്തിൻെറ സഹോദരൻമാരായ കെ. ജോർജിനും ഡോ. കെ. കുരുവിളക്കും കൈമാറി. 'മനോരമ' യിലെ തൻെറ ഓഹരിയാകട്ടെ, മാമ്മൻമാപ്പിളക്ക് വിൽക്കുകയും ചെയ്തു. പിന്നീട് ബാങ്കിൻെറ മാനേജരും, സെക്രട്ടറിയുമായി കെ. സി. ഈപ്പനെ നിയമിക്കുകയാണ് ചെയ്തത്. മാമ്മൻ മാപ്പിള ബാങ്കിൻെറ ചെയർമാൻ ആവുകയും ജനറൽ മാനേജരുടെ ചുമതല മാമ്മൻ മാപ്പിളയുടെ മകൻ കെ. എം. ഈപ്പനു നൽകുകയും ചെയ്തതോടുകൂടിയാണ് ട്രാവൻകൂർ നാഷണൽ ബാങ്ക് ഉയിർത്തെഴുന്നേറ്റത്. തുടർന്ന് ബാങ്കിൻെറ ശാഖകൾ തിരുവനന്തപുരത്തും, മദിരാശിയിലും ആരംഭിച്ചതോടുകൂടി ബാങ്കിൻെറ മുന്നോട്ടുള്ള കാൽവെയ്പ് സുഗമമായിത്തീർന്നു. കാൽനൂറ്റാണ്ടിൻെറ പ്രവർത്തനങ്ങൾകൊണ്ട് അസൂയാർഹമായ വളർച്ചയുണ്ടായിരുന്ന സന്ദർഭത്തിലാണ് പതിനെട്ട് വർഷത്തെ അനുഭവസമ്പത്തുള്ള ക്വയ് ലോൺ ബാങ്കുമായി 1937 സെപ്റ്റംബർ 10 ന് ട്രാവൻകൂർ നാഷണൽ ബാങ്ക് സംയോജനം നടത്തുന്നത്. കേരളത്തിനകത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ധാരാളം ശാഖകൾ ഉണ്ടായിരുന്ന ഈ രണ്ട് ബാങ്കുകൾ ഒന്നിച്ച് ട്രാവൻകൂർ നാഷണൽ ആൻഡ് ക്വയ്ലോൺ ബാങ്ക് ആയിത്തീർന്നു.[23] കെ. സി. മാമ്മൻമാപ്പിള ചെയർമാനും, കെ. സി. ഈപ്പൻ ഡെപ്യൂട്ടി ചെയർമാനുമായിരുന്നു. സി. പി. മാത്തൻ മാനേജിംഗ് ഡയറക്ടറും, കെ. എം. ഈപ്പൻ ജോയിൻറ് ഡയറക്ടറും,മാനേജർ എന്ന പദവിയും അലങ്കരിക്കുകയും ചെയ്തു. ഇവർക്കുപുറമേ ഡയറക്ടർ ബോർഡിൽ പതിനാല് അംഗങ്ങൾകൂടി ഉണ്ടായിരുന്നു.

ബാങ്കിൻെറ അഭൂതപൂർവമായ വളർച്ച പലരുടെയും അസൂയയ്ക്ക് ഇട നൽകി. 1912-ൽ ട്രാവൻകൂർ നാഷണൽ ബാങ്കിൻെറ മൂലധനം 33,000 രൂപയായിരുന്നുവെങ്കിൽ 1937 ആയപ്പോഴേക്കും 4 കോടിയായി.

മാപ്പൻമാപ്പിള എഴുതുന്നു: "പ്രാരംഭഘട്ടത്തിൽ ട്രാവൻകൂർ നാഷണൽ ബാങ്ക് നിക്ഷേപകർക്ക് ഒമ്പത് ശതമാനം പലിശ കൊടുത്തുപോന്നിരുന്നു. എന്നാൽ ചിലപ്പോൾ നിക്ഷേപകരെ ആകർഷിക്കുവാൻ വേണ്ടി പന്ത്രണ്ട് ശതമാനം പലിശ കൊടുത്തിട്ടുണ്ട്. സംയോജനത്തിനുശേഷം ഒരു വലിയ ബാങ്കിൻെറ നിലയിലേക്ക് ഉയർന്നു എന്ന മട്ടായപ്പോൾ പലിശനിരക്ക് വലിയ ബാങ്കുകളുടെ സമ്പ്രദായത്തിന് അനുസൃതമായി അഞ്ച് ശതമാനം കുറക്കുകയും അല്പം കഴിഞ്ഞ് കുറച്ച്കൂടി കുറവ് വരുത്തുകയും ചെയ്തു....[24] ഇത് നിക്ഷേപകരിൽ അതൃപ്തി ഉളവാക്കിയെന്നു മാത്രമല്ല, പലരും കൂടുതൽ പലിശ കിട്ടുന്ന ചെറുകിട ബാങ്കുകളിലക്കേ് നിക്ഷേപത്തുക പിൻവലിക്കുകയും ചെയ്തു. "ഈ നിക്ഷേപം പിൻവലിക്കൽ പ്രസ്ഥാനം സി. പി. യുടെ ദൃഷ്ടിയിൽപ്പെട്ടപ്പോൾ ബാങ്കിനെ എങ്ങനെയെങ്കിലും തകർക്കാൻ കാത്തിരുന്ന അദ്ദേഹം മറമാറ്റി മുന്നോട്ടിറങ്ങി ആ സന്ദർഭത്തെ ശരിക്കും ഉപയോഗിച്ചു." എന്നാണ് മാമ്മൻമാപ്പിള തുറന്നെഴുതുന്നത്.[25]

ബാങ്ക് പൂട്ടുമ്പോൾ 1938 ജൂൺ 21 ന് ധനസ്ഥിതി ഭദ്രമായിരുന്നുവെന്നാണ് ഡയറക്ടർ ബോർഡിൻെറ അഭിപ്രായം. എന്നാൽ ബാങ്കിൻെറ ധനസ്ഥിതി മോശമായിരുന്നു എന്ന് വരുത്തിത്തീർക്കാൻ ബാങ്കിൻെറ ആസ്തികൾ മനഃപൂർവ്വം നിസ്സാരവിലയ്ക്ക് ലിക്വിഡേറ്റർ വിറ്റു. മാമ്മൻ മാപ്പിള ഇക്കാര്യം അനുസ്മരിക്കുന്നത് ഇങ്ങനെയാണ്: "ബാങ്കിൻെറ വിലപിടിച്ച വസ്തുക്കളും കെട്ടിടങ്ങളും നാമമാത്രമായ വിലവെച്ച് അന്യാധീനപ്പെടുത്തി. അഞ്ചുലക്ഷത്തിൻെറ കൊല്ലം കെട്ടിടവും മൂന്ന് ലക്ഷത്തിൻെറ ആലപ്പുഴ കെട്ടിടവും 20,000 രൂപയ്ക്കാണ് വിറ്റു കളഞ്ഞത്. നല്ല നല്ല വസ്തുക്കൾ ഓരോരുത്തർ ലിക്വിഡേറ്ററെ പാട്ടിലാക്കി ചുരുങ്ങിയ വിലയ്ക്ക് സ്വന്തമാക്കി."[26] ഇതൊക്കെയാണെങ്കിൽകൂടിയും നിക്ഷേപകർക്ക് രൂപക്ക് 13 അണ വരെ മടക്കിക്കൊടുക്കുവാൻ ലിക്വിഡേറ്റർക്ക് കഴിഞ്ഞിരുന്നു.

'മലയാള മനോരമ' പത്രം 1938 സെപ്റ്റംബർ 10-ാം തീയതി നിരോധിക്കുകയും പ്രസ്പൂട്ടി സീൽവയ്ക്കുകയും ചെയ്തിരുന്നുവല്ലോ. അപ്പോൾ പത്രാധിപരായ മാമ്മൻ മാപ്പിള കേരളത്തിനു പുറത്തായിരുന്നു. ഉത്തരവാദ പ്രക്ഷോഭണ വാർത്തകളും, പോലീസ് ലാത്തിചാർജ്ജ്, വെടിവെയ്പ് തുടങ്ങിയവയെപ്പറ്റി 'മനോരമ' പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളുമാണ് പത്രത്തെ നിരോധിക്കുവാൻ കാരണമെന്ന് കല്പനയിൽ എണ്ണിയെണ്ണി പറഞ്ഞിട്ടുണ്ട്. എന്നാൽ പത്രാധിപർ മാമ്മൻ മാപ്പിളയെയും, അനുജൻ കെ. സി. ഈപ്പൻ, പുത്രൻ കെ. എം. ഈപ്പൻ, സി. പി. മാത്തൻ, കെ. വി. വർഗ്ഗീസ് തുടങ്ങിയവരെയും 1938 ഒക്ടോബർ 22-ാം തീയതി മദ്രാ

സിൽവെച്ച് അറസ്റ്റ് ചെയ്തത് ബാങ്ക് കേസ് സംബന്ധമായിട്ടാണെന്ന് പ്രചരിപ്പിക്കുവനായിരുന്നു. സി. പി. തന്ത്രപൂർവ്വം നടത്തിയ ശ്രമം. ബാങ്കി നെതിരായി കേസുകൾ നിലനിന്നിരുന്നു എന്നത് വാസ്തവമാണ്. അത് ഉപാധിയാക്കി തന്റെ രാഷ്ട്രീയ എതിരാളിയെയും അദ്ദേഹത്തിന്റെ സ്ഥാപനങ്ങളെയും തകർക്കുക എന്നതായിരുന്നു സി. പി. യുടെ ലക്ഷ്യം എന്നത് പകൽ വെളിച്ചംപോലെ പരമാർത്ഥമാകുന്നു. തിരുവിതാംകൂറിലെ സവർണ്ണവിഭാഗത്തിന്റെ പിന്തുണ ലഭിക്കത്തക്കവിധം നായർ-ക്രൈസ്തവ സാമുദായികവഴക്കുകൾ മുതലെടുത്ത് ക്രൈസ്തവ വിഭാ ഗത്തിന്റെ മുന്നോട്ടുള്ള പ്രയാണം ഇല്ലാതാക്കുക എന്നതിനു കൂടിയാ യിരുന്നു 'മനോരമ' പൂട്ടിച്ചതും ബാങ്ക് നശിപ്പിച്ചതും. സുറിയാനി ക്രിസ്ത്യാ നികളോട് സർ. സി. പിക്ക് ഉണ്ടായിരുന്ന വിദ്വേഷം കൊണ്ടാണ് ഇവയൊ ക്കെ സംഭവിച്ചതെന്നും അദ്ദേഹത്തെ ദിവാൻജിയായി തുടരാൻ അനുവദി ച്ചാൽ സാമുദായിക കലാപങ്ങൾ ഉണ്ടാക്കാൻ മുതിരുമെന്നും കാണിച്ച് വൈസ്രോയിയുടെ പൊളിറ്റിക്കൽ ഡിപ്പാർട്ട്മെന്റ് ജോയിന്റ് സെക്രട്ടറി സി. ഡി. ഹെർബർട്ടിന് 1938 ജൂൺ 24-ാം തീയതി തന്നെ തിരുവിതാം കൂറിൽനിന്നും നിവേദനം ലഭിച്ചിരുന്നു.[27] ബാങ്ക് പൂട്ടിക്കുന്നത് ജൂൺ 21ന് ആയിരുന്നുവല്ലോ. വീണ്ടും ജൂൺ 28-ാം തീയതി സി. ഡി. ഹെർബർട്ടിന് കിട്ടിയ പരാതിയിൽ ഇത് ആവർത്തിച്ചിരുന്നതായി കാണാം.[28]

തന്റെ നീചപ്രവൃത്തികൾക്ക് ഏതെങ്കിലും വിഭാഗത്തിന്റെ പിന്തുണ നേടുക എന്നതായിരുന്നു സി. പി. കളിച്ച തന്ത്രം. ഇത് ഏറെക്കുറെ മനസ്സി ലാക്കിയ വൈസ്രോയിയും മറ്റുള്ളവരും തനിക്കെതിരെ നീക്കങ്ങൾ നടത്തി ക്കൊണ്ടിരിക്കുന്നുവെന്നും ഈ കളി തീക്കളിയാകുമെന്നും രഹസ്യ റിപ്പോർട്ട് ലഭിച്ചപ്പോൾ തന്റെ മഹാമനസ്കത വെളിപ്പെടുത്തുവാനെ ന്നോണം മാമ്മൻമാപ്പിളയേയും മറ്റും ജയിൽ വിമുക്തരാക്കുകയാണ് ചെയ്തത്. മാമ്മൻ മാപ്പിളക്കും മറ്റെല്ലാവർക്കും ജയിലിൽ സ്പെഷൽ ക്ലാസ് അനുവദിച്ചിരുന്നു എന്നുള്ളത് പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ബാങ്ക് കേസിന്റെ അടിസ്ഥാനത്തിലാണ് അറസ്റ്റും ശിക്ഷയും നടത്തി യിരുന്നതെങ്കിൽ ക്രിമിനൽ പുള്ളികൾക്ക് കൊടുക്കുന്ന സൗകര്യം മാത്രമേ ജയിലിൽ ഇവർക്ക് ലഭിക്കുമായിരുന്നുള്ളൂ. ഈ ഒറ്റക്കാര്യം മാത്രം മതി മറ്റു തരത്തിൽ ദുഷ്പ്രചരണം നടത്തുന്നവരുടെ വായ്മൂടിക്കെട്ടുവാൻ. മാമ്മൻമാപ്പിളയുടെ സഹോദരൻ കെ. സി. ഈപ്പൻ, മാമ്മൻ മാപ്പിളയോ ടൊപ്പം ജയിലിൽ കഴിയുമ്പോഴാണല്ലോ മരണമടയുന്നത്.

ആ രംഗത്തിന് ദൃക്സാക്ഷിയായിരുന്ന പുതുപ്പള്ളി രാഘവൻ തന്റെ ഓർമ്മയുടെ ചുറ്റ് അഴിക്കുന്നത് ഇപ്രകാരമാണ്: "തിരുവനന്തപുരം പൂജപ്പു ര സെൻട്രൽ ജയിലിലെ സിവിൽ വാർഡിലെ വിചാരണത്തടവുകാരുടെ

ലോക്കപ്പ് മുറി. ചുറ്റും ഇരുട്ടുപോലെയെത്തിയ മരണത്തിൻെറ കറുപ്പ്. അവിടെയൊരിറ്റു ശ്വാസം കഴിക്കാൻ വിഷമിച്ച് കടുത്ത ആസ്തമ പിടി പെട്ട് എൻെറ കൈയിൽ പിടഞ്ഞ ഈപ്പൻ. മാമ്മൻമാപ്പിളയുടെ അനുജനായിരുന്ന ഈപ്പനും ഞാനും അന്ന് ഒരു മുറിയിലായിരുന്നു. ഈപ്പൻെറ മരണവെപ്രാളത്തിനുമുന്നിൽ നിസ്സഹായനായ എൻെറ കൈത്തലങ്ങൾ മാത്രം. ഒരിറ്റു വെള്ളംപോലും കുടിക്കാതെ ആരുടെയും ശുശ്രൂഷകൾ അനുഭവിക്കാതെ ഈപ്പച്ചൻെറ ജീവൻ എൻെറ കൈത്തലങ്ങളിൽ ചേതനയറ്റു. മരണത്തിൻെറ തണുപ്പ് എൻെറ ശരീരത്തിലേക്ക് പടർന്നു കയറുന്നത് ഞാനറിഞ്ഞു. അന്ന് മാമ്മൻമാപ്പിള തൊട്ടടുത്ത മുറിയിലായിരുന്നു. ഈപ്പച്ചന് അസുഖമുള്ള വിവരം അദ്ദേഹത്തിനുമറിയാം. രാത്രിയുടെ ഏതോയാമങ്ങളിൽ മാമ്മൻമാപ്പിള നേർത്തസ്വരത്തിൽ വിളിക്കും ഈപ്പച്ചാ.... ദീനമായ സ്വരത്തിൻെറ മറുപടി സെഗ്രിഗേഷൻ സെല്ലിൻെറ നാല്ചുവരുകളിൽനിന്നും പുറത്തുവന്നില്ല. രാത്രി അധികമാകും മുമ്പായിരുന്നു ഈപ്പച്ചൻെറ മരണം. അടുത്തമുറിയിൽക്കിടന്ന ജ്യേഷ്ഠനെപ്പോലും ഒന്നു കാണാതെ അന്ത്യശ്വാസം വലിച്ച ഈപ്പൻെറ മൃതദേഹം 12 മണിക്കൂറിലേറെ ലോക്കപ്പുമുറിയിൽകിടന്നു. വൈകിട്ട് 5 ന് ജയിൽ പൂട്ടിയാൽ പുലർച്ചെ 5 നേ തുറക്കൂ."[29]

## സൂചിക


1. മാമ്മൻമാപ്പിള ഒരു പഠനം, കോട്ടയം 1988, ലേഖനം. പി. എസ്. ജോർജ്, വ്യവസായരംഗത്തെ അഗ്രഗാമി, പുറം-52
2. മലയാള മനോരമ, 1921 സെപ്റ്റംബർ 28
3. മലയാള മനോരമ 1913 സെപ്റ്റംബർ 14
4. മാമ്മൻമാപ്പിള, ജീവിതസ്മരണകൾ, മൂർക്കോത്ത് കുഞ്ഞപ്പ, 1977 കോഴിക്കോട് പുറം-166
5. പ്രജാസഭാ രേഖകൾ, നെൽകൃഷി വികസന ചർച്ച, 1924 ജനുവരി 18, പുറങ്ങൾ -625-627.
6. പ്രജാസഭാ രേഖകൾ, പ്രൊസീഡിംഗ്സ് 1929 ഡിസംബർ 7, പുറം - 279
7. എം. പി. നാരായണപിള്ള, കേരളത്തിൻെറ സാമ്പത്തിക പുരോഗതിയിൽ മനോരമയുടെ പങ്ക്, മലയാള മനോരമ ശതാബ്ദി വിശേഷാൽ പതിപ്പ്, 1988 മാർച്ച് 23 ബുധൻ.
8. മലയാള മനോരമ, 1905 ഡിസംബർ 2, 1907 ഫെബ്രുവരി 13
9. മലയാള മനോരമ, 1909 ഓഗസ്റ്റ് 14
10. മലയാള മനോരമ, 1910 മാർച്ച് 2
11. Dr. V. Haridasan, Management of Plantations, A Study of Rubber, Rubber Board, Kottayam, p-36.
12. മലയാള മനോരമ, 1910 ഏപ്രിൽ 27.

13. Dr. V. Haridasan, Management of Plantations, A Study of Rubber Rubber Board, Kottayam, p.-37
14. മലയാള മനോരമ, 1910 മെയ് 11.
15. Dr. V. Haridasan, Management of Plantations, A Study of Rubber, Rubber Board, Kottayam, p-47
16. മലയാള മനോരമ, 1910 ഏപ്രിൽ 27.
17. Dr. V. Haridasan, Management of Plantations, A Study of Rubber, Rubber Board, Kottayam, p-47
18. മലയാള മനോരമ, 1910 മെയ് 25
19. മലയാള മനോരമ, 1912 സെപ്റ്റംബർ 4, 1913 ജനുവരി 4
20. മലയാള മനോരമ, 1910 ഡിസംബർ 21
21. മാമ്മൻ മാപ്പിള ഒരു പഠനം, രണ്ടാം പതിപ്പ്, മാർച്ച് 1988, കോട്ടയം, പി. എസ്. ജോർജ്, ലേഖനം, വ്യവസായരംഗത്തെ അഗ്രഗാമി, പുറം - 54
22. കെ. സി. മാമ്മൻ മാപ്പിള, ജീവിതസ്മരണകൾ, പുറങ്ങൾ - 144, 145
23. Travancore National and Quilon Bank Ltd, Report for the year ending 31st December 1937 - p - 3
24. മാമ്മൻ മാപ്പിള ജീവിതസ്മരണകൾ, ബാങ്കും ഇൻഷ്വറൻസും, പുറം - 158
25. അതുതന്നെ
26. അതുതന്നെ അദ്ധ്യായം 36, ലിക്വിഡേഷൻ, പുറം - 353
27. National Archives, D. O. No. 22, 29, P - 38
28. ibid, D. O. Letter No. C/36/38
29. കെ. സി. മാമ്മൻ മാപ്പിള ഹാൾ, കോട്ടയം. ഉദ്ഘാടന സപ്ലിമെൻറ്, 1997, ലേഖനം, പുതുപ്പള്ളിരാഘവൻ, ജയിൽ ജീവിതത്തിലെ ദുഃഖസ്മൃതികൾ.

# സാമൂഹ്യ നവോത്ഥാനം

ഒരു നൂറ്റാണ്ടുമുമ്പ് കേരളത്തിൽ നടമാടിയിരുന്ന സാമൂഹിക അസമത്വങ്ങളും ഉച്ചനീചത്വങ്ങളും ഏതെല്ലാം തരത്തിലായിരുന്നു എന്ന് ഊഹിക്കാൻപോലും ഇന്നത്തെ തലമുറയ്ക്ക് അസാദ്ധ്യമാണ്. നമ്പൂതിരി മുതൽ സാമൂഹ്യചട്ടക്കൂടിൻെറ അടിത്തട്ടിൽ അമർന്നടിഞ്ഞുകിടന്നിരുന്ന പുലയർ, പറയർ തുടങ്ങിയിട്ടുള്ള അയിത്തജാതികൾ ഉൾപ്പെടെ എല്ലാവരുടെയും ജീവിതവും വിശ്വാസാചാരങ്ങളും ഏറെ പ്രാകൃതവും മനുഷ്യത്വരഹിതവുമായിരുന്നു. അവരത്രയും അന്ധമായി വിശ്വസിച്ചുപോന്നിരുന്നതു ജാതിനിയമങ്ങളെയും ജാത്യാചാരങ്ങളെയുമാണ്. അവയുടെ ലംഘനം ദൈവകോപത്തിനിരയാക്കുമെന്നു കരുതുകയും ചെയ്തിരുന്നതിനാൽ ഓരോ ജാതിക്കാരും തങ്ങളുടെ വിശ്വാസാചാരങ്ങൾക്ക് അനുസൃതമായി മാത്രം ജീവിച്ചുപോന്നു. അപ്പോഴും ഓരോ ജാതിയിലും ഒറ്റയൊറ്റയായിട്ടാണെങ്കിലും ഈ ആചാരവൈകൃതങ്ങളിൽ വീർപ്പുമുട്ടിക്കൊണ്ടിരുന്ന അല്പം ചിലരെങ്കിലും ഉണ്ടായിരുന്നു. 1888ൽ അരുവിപ്പുറത്ത് ഗുരുസ്വാമികൾ നടത്തിയ ശിവപ്രതിഷ്ഠ കേരളത്തിലെ അധഃസ്ഥിത വർഗ്ഗത്തിൻെറ ഉയിർത്തെഴുന്നേല്പിന് നിദാനമായി ഭവിച്ച മഹാവിപ്ലവമായിരുന്നുവല്ലോ. അതിൽനിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് നമ്പൂതിരി മുതൽ പുലയർ വരെയുള്ള ജാതികളെല്ലാം സാമൂഹ്യനവോത്ഥാനത്തിനുവേണ്ടി പുതിയ വേദികൾ സൃഷ്ടിച്ചു മുന്നോട്ടു വന്നത്. ഗുരുസ്വാമികളുടെ പ്രതിഷ്ഠാവിപ്ലവത്തോടൊപ്പം ഉദ്ഭവിച്ച മലയാള മനോരമ കമ്പനിയും അതിൻെറ പത്രവും ഇവയോടൊപ്പം നവോത്ഥാനത്തിൻെറ ചരിത്രത്തിൽ അനശ്വരമായ സ്ഥാനം നേടിയെടുക്കുവാൻ പ്രാപ്തരാകുകയും ചെയ്തു. കേരളത്തിൽ അന്നും അതിനുശേഷവുമായി ഉണ്ടായ അനവധി പത്രങ്ങളിൽനിന്നു മലയാള മനോരമയെ വേറിട്ടുനിർത്തുന്നത് ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിനുമുമ്പു മുതൽ സാമൂഹ്യരംഗത്തു മൊട്ടിട്ട നവോത്ഥാനപ്രസ്ഥാനങ്ങളോടൊപ്പം പ്രവർത്തിച്ച ഏക പത്രം എന്ന നിലയാണ്. വ്യത്യസ്ത സമുദായങ്ങളും നിരവധി ജാതികളും ഉപജാതികളും വേറെ വേറെയായി കഴിഞ്ഞിരുന്ന അക്കാലത്ത് എല്ലാ മതസ്ഥരെയും എല്ലാ ജാതിക്കാരെയും ഏകസമൂഹമായി കണ്ടുകൊണ്ട് കേരളീയരുടെ കൂട്ടായുള്ള ഉത്ഗതിക്കുവേണ്ടി പ്രവർത്തിച്ചതിൻെറ തുടക്കം കുറിച്ചത് മനോരമയാണ് എന്നതത്രെ ഇവിടെ പ്രധാനം.

മലയാള മനോരമയുടെ പ്രഥമലക്കം പുറത്തിറങ്ങിയത്1890 മാർച്ച് 22-ാം തീയതി ആയിരുന്നുവല്ലോ. അതിൽതന്നെ 'തിരുവിതാംകോട്ട് സംസ്ഥാനത്തിലെ പുലയരുടെ വിദ്യാഭ്യാസം' എന്ന ശീർഷകത്തിൽ എഴു

തിയ മുഖപ്രസംഗം പരാമർശിക്കാത്തവരായി ആരുംതന്നെയില്ല. അക്കാലത്ത് ഒരു പത്രവും ഈ ഏഴജാതികളുടെ വിദ്യാഭ്യാസപ്രശ്നം ഉരിയാടാൻ ധൈര്യപ്പെടുമായിരുന്നില്ല. ഇവിടെ ആദ്യലക്കത്തിൽ തന്നെയാണ് പുലയരുടെ വിദ്യാഭ്യാസത്തെക്കുറിച്ച് വറുഗീസ് മാപ്പിള ആദർശനിഷ്ഠയോടുകൂടി ഉപന്യസിക്കുന്നത്. സ്വമതക്കാർ ഉൾപ്പെടെ മേൽ ജാതിക്കാർ എല്ലാവരുംതന്നെ ഇതു നീരസത്തോടെ മാത്രം വീക്ഷിക്കുമായിരുന്നിട്ടു കൂടിയും സോദ്ദേശ്യപ്രേരിതനായ ആ നവോത്ഥാന നായകൻ അതിനു തുനിഞ്ഞത് പുലയരാദികളിൽനിന്നും കുറെ വരിക്കാരെ കിട്ടുമെന്നുള്ള മൂഢസ്വപ്നംകൊണ്ടായിരിക്കാനും തരമില്ല. എഴുത്തും വായനയും നിഷിദ്ധമാക്കപ്പെട്ടിരുന്ന ഈ താഴ്ന്ന ജാതിക്കാരിൽ ഒന്നോ രണ്ടോ പേർ അക്ഷരം ശീലിച്ചിട്ടുണ്ടെങ്കിൽതന്നെയും പണം കൊടുത്ത് പത്രം വാങ്ങുവാനുള്ള സ്ഥിതി അവർക്കില്ലായിരുന്നുവല്ലോ. ഇത്തരം അവസ്ഥയിൽ പുതുതായി തുടങ്ങിയ ഈ പത്രവും പത്രാധിപരും എന്തിനീ നഷ്ടക്കച്ചവടത്തിന് ഒരുമ്പെട്ടുവെന്ന് അന്വേഷിക്കുമ്പോഴാണ് മഹാമേരുവോളം ഉയർന്നുനില്ക്കുന്ന ആദർശപ്രൗഢിയുടെ പ്രാഗത്ഭ്യം ദർശിക്കുവാൻ കഴിയുക. സമൂഹം വളരണമെങ്കിൽ അതിലെ അവാന്തരവിഭാഗങ്ങൾ എല്ലാംതന്നെ ഉയിർത്തെഴുന്നേറ്റാൽ മാത്രമേ സാദ്ധ്യമാകൂ എന്ന് വറുഗീസ് മാപ്പിളയ്ക്ക് അറിയാമായിരുന്നു. രാഷ്ട്രശരീരത്തിലെ ഏതെങ്കിലും ഒരവയവം തളർന്നാൽ മതി ശരീരത്തെ ആകമാനം അത് ബാധിക്കുവാൻ. ഈ ഉദാത്ത ആദർശനിഷ്ഠയെ ചൂണ്ടി ചരിത്രകാരനായ ഡോ. ടി. കെ. രവീന്ദ്രൻ എഴുതുന്നതിങ്ങനെയാണ്. "അധഃസ്ഥിതരെ തല്ലുന്നത് സാധാരണ ധർമ്മമായി എണ്ണി നായരോടൊപ്പം ക്രിസ്ത്യാനിയും മുന്നിൽ നിന്ന്പ്രവർത്തിച്ച കാലമായിരുന്നു അത്. അവർക്കുവേണ്ടി ശബ്ദമുയർത്തുന്നത് തന്റെ പത്രധർമ്മമാക്കി മാറ്റിയ കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ ഹൃദയവിശാലതയും ദീനാനുകമ്പയും മാമ്മൻ മാപ്പിളയിലൂടെയും കെ. എം. ചെറിയാനിലൂടെയും, കെ. എം. മാത്യുവിലൂടെയും വളർന്ന് ഇന്നും ജനതതിയെ സന്തോഷിപ്പിക്കുകയും സമാശ്വസിപ്പിക്കുകയും ചെയ്യുന്നു."[1]

പുലയ വിദ്യാഭ്യാസത്തെക്കുറിച്ച് 1890-ൽ എഴുതിയ ഈ മുഖക്കുറിപ്പ് കേരളത്തിലെ സാമൂഹ്യനവോത്ഥാനത്തിന്റെ ചരിത്രം അറിയുവാൻ ശ്രമിക്കുന്ന ആരെയും ആവേശംകൊള്ളിക്കുന്നതാണ്. അതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടാണ് പ്രസക്തഭാഗങ്ങൾ ഇവിടെ ആവർത്തിക്കുന്നത്. "മലയാളമൊട്ടുക്കും നീചജാതിക്കാരെന്ന് പറയപ്പെട്ടുവരുന്നവരിൽ ജനസംഖ്യകൊണ്ട് പ്രാധാന്യം പുലയർക്കത്രേ. ഇവർ കേവലം മൃഗപ്രായന്മാരെങ്കിലും ഇവരുടെ മനുഷ്യസാമാന്യതയെപ്പറ്റി സംശയി

---

*മലയാള മനോരമയുടെ ചരിത്രം*

ക്കുന്നവർ ഇപ്പോൾ വളരെ ചുരുക്കമാണല്ലോ. ഇതിന് ഇവരുടെ വിദ്യാഭ്യാസത്തെക്കുറിച്ച് സർക്കാരിലേക്ക് ഈയിടെ ഉണ്ടായിരിക്കുന്നതായിക്കാണുന്ന ശ്രദ്ധതന്നെ ലക്ഷ്യം.

"എങ്കിലും ഇവരെക്കൊണ്ട് കുറഞ്ഞ കൂലിക്ക് വേലയെടുപ്പിച്ച് കാലക്ഷേപം ചെയ്യുന്ന കൃഷിക്കാർ ഉൾപ്പെട്ട ആളുകളിൽ പലരും ഇതിന് വിരോധികളാണെന്ന് കാണുന്നതിൽ വളരെ വ്യസനമുണ്ട്. വേലയ്ക്ക് കൂലി കൂടുതലായി ആവശ്യപ്പെടുന്നത് സ്വാഭാവികമാണെന്നും ഇതിനുതക്കവണ്ണം വിളകളും വിളകൾക്ക് വിലയും ഉയർന്നുവരുന്നതാണെന്നും വേല നിറവേറ്റാനുള്ളവർ സുശീലന്മാരും വിവരമുള്ളവരും ആയിരുന്നാൽ അന്യോന്യം ഉത്തമ വിശ്വാസത്തോടുകൂടി പ്രവർത്തിക്കാൻ തക്ക സ്ഥിതി വന്നുകൂടുന്നതാകയാൽ പല പ്രകാരത്തിലും തങ്ങൾക്ക് ആദായം അധികപ്പെടുവാനേ ഇടയുള്ളുവെന്നും അവർക്ക് തോന്നാത്തത് ആശ്ചര്യം തന്നെ. കൂടുതൽ വിലയും അധികം ചെലവുമുള്ള തീറ്റയും കൊടുത്ത് നല്ല കാളകളെക്കൊണ്ട് പണിയിക്കാൻ പല കൃഷിക്കാർക്കും സമ്മതമുള്ള സ്ഥിതിക്ക് ഇതിനെക്കുറിച്ച് അവർ അന്യഥാ വിചാരിക്കുന്നത് കേവലം ആലോചനക്കുറവുകൊണ്ട് എന്നുതന്നെ വന്നുകൂടുന്നു.

"കന്നുകാലികൾക്ക് തങ്ങളെ പലവക ചെലവുകളും ചെയ്ത് പോറ്റുന്ന ഉടമസ്ഥനെക്കുറിച്ച് ഒരു പുലയനോളം അറിവുണ്ടായിരുന്നു എങ്കിൽ അവനെക്കൊണ്ട് പണിചെയ്യിക്കുന്നതിനും മറ്റുമായി എല്ലാ കൃഷിക്കാരും ഇന്നത്തേതിൽ കൂടുതൽ ചെലവ് ചെയ്യുമായിരുന്നു.

"എന്നാൽ എല്ലാ കൃഷിക്കാരും സദാ വിനിമയിച്ചുവരുന്ന ഏറിയൊരു പുലയരുടെ കൂലി ലാഭമാക്കുകയാൽ കേവലം കന്നുകാലികളുടെ സമത്തിലും തീറ്റി മുതലായവ നൽകുന്ന കാര്യത്തിൽ ഇവയെക്കാൾ വളരെ താഴ്ചയിലും ഇരിക്കുന്ന പുലയരെ പരിഷ്കരിച്ച് തങ്ങളുടെ യജമാനന്മാരുടെ ഒട്ടടുത്ത് വരുന്നത് വാസ്തവത്തിൽ വളരെ നന്നായിരിക്കയില്ലയോ എന്ന് അവർ സാവധാനമായി ആലോചിച്ചുനോക്കട്ടെ." ഇക്കാര്യത്തിൽ ആയിടയ്ക്കായി തിരുവിതാംകൂർ സർക്കാർ എടുത്തിട്ടുള്ള നടപടികൾ ഈ സമുദായങ്ങളുടെ ഉദ്ഗതിക്ക് എത്രത്തോളം പ്രയോജനപ്പെടുന്നുണ്ട് എന്നു തീർച്ചപ്പെടുത്താൻ ആവശ്യമായ അന്വേഷണം നടത്തിക്കൊണ്ടിരിക്കണമെന്നും ഈ ലേഖനം ഉദ്ബോധിപ്പിക്കുന്നുണ്ട്. രാജ്യക്ഷേമത്തിന് അത്യന്തം ഉപയുക്തമായ പുലയരുടെ വിദ്യാഭ്യാസം വകയ്ക്ക് സർക്കാരിൽനിന്നും ചെലവാക്കുന്ന പണം പരമാർത്ഥത്തിൽ അതിലേക്കുതന്നെ ചെല്ലുന്നുണ്ടോ എന്ന് അന്വേഷിച്ചുകൊണ്ടിരിക്കുന്നതിന് മേലുദ്യോഗസ്ഥന്മാരെ പ്രത്യേകം ഓർമ്മപ്പെടുത്തിക്കൊണ്ടാണ് ഈ മുഖലേഖനം സമാപിക്കുന്നത്. ഇതിൽനിന്ന് ഉരുത്തിയിരുന്ന

സാമൂഹ്യപ്രശ്നങ്ങൾ ഒരു കാലഘട്ടത്തിൻെറ സ്വഭാവസവിശേഷതകൾ തുറന്നുതരുന്നുണ്ടല്ലോ. അധഃസ്ഥിതവർഗ്ഗങ്ങളിൽ ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ളവരാണ് പുലയർ. എന്നാൽ മൃഗങ്ങളെക്കാൾ കഷ്ടതരമാണ് അവരുടെ ജീവിതം. ഒരുകാലത്ത് ഇവർ ആരുംതന്നെ മനുഷ്യരായിരുന്നുവെന്ന് സമൂഹത്തിലെ മേലേത്തലപ്പിലുള്ളവർ അംഗീകരിച്ചിരുന്നില്ല. ലേഖനത്തിൽ "ഇവരുടെ മനുഷ്യസമാന്യതയെപ്പറ്റി സംശയിക്കുന്നവർ ഇപ്പോൾ വളരെ ചുരുക്കമാണല്ലോ" എന്ന് എഴുതിയിരിക്കുന്നതിൽനിന്നും ഊഹിക്കാവുന്നത് അതാണ്. അതുപോലെ ഈ ഏഴജാതികളെ വിദ്യ അഭ്യസിപ്പിച്ച് ഉദ്ധരിക്കുന്ന കാര്യത്തിൽ മറ്റുള്ളവർക്ക് ആർക്കുംതന്നെ താല്പര്യമില്ലെന്നു മാത്രമല്ല, അവരത്രയും അതിനെതിരാണെന്നും വ്യക്തമാക്കുന്നുണ്ട്. ഇങ്ങനെ സാമൂഹ്യ പുരോഗതിക്ക് എതിരായി നില്ക്കുന്നവരോട് ലേഖകൻ തൻെറ ദുഃഖം രേഖപ്പെടുത്തുകയും ചെയ്യുന്നു. ജോലി ചെയ്യുന്നവനു തൃപ്തികരമായി ഭക്ഷണവും കൂലിയും നൽകുന്നുവെങ്കിൽ അത് കൃഷിയുടെ വർദ്ധനവിനു സഹായമാകും. കാരണം വേലക്കാർ ആത്മാർത്ഥമായി അദ്ധ്വാനിക്കുമെങ്കിൽ അതിൻെറ ഫലം ഉണ്ടാകുമല്ലോ. ആടുമാടുകൾക്ക് കൂടുതൽ തീറ്റയും സംരക്ഷണവും നൽകുമ്പോഴാണല്ലോ അവയിൽനിന്നും കൂടുതൽ പാലും മറ്റു വരായ്കകളും ലഭിക്കുക. അതുപോലെ കൃഷിപ്പണിക്കിറങ്ങുന്നവരോട് ഈ മൃഗങ്ങളോട് കാണിക്കുന്ന താല്പര്യമെങ്കിലും മേലാളന്മാർക്ക് ഉണ്ടാകണമെന്ന് ഈ മുഖപ്രസംഗം ആവശ്യപ്പെടുന്നുണ്ട്. കൃഷിക്കാരുടെ കഴിവിനെ പരിപോഷിപ്പിക്കുവാൻ അവന് വിദ്യാഭ്യാസം നൽകുകയാണു പ്രധാനമായും വേണ്ടത്.[2]

1890-ൽ ഇതെഴുതുമ്പോൾ പുലയ-പറയാദികളുടെ ക്ലേശകരമായ ജീവിതം എന്തായിരുന്നുവെന്ന് ഇന്നുള്ളവർക്ക് ഒരേകദേശരൂപമെങ്കിലും ഉണ്ടാവാൻ ഇടയില്ല. 1893-ൽ ആണ് അധഃസ്ഥിതരുടെ പടനായകനായ അയ്യങ്കാളി ഒരു വില്ലുവണ്ടിയുമായി പൊതുനിരത്തിലൂടെ സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി സമരാഹ്വാനം നടത്തുന്നത്. പിന്നെയും എത്രയോ വർഷങ്ങൾക്കുശേഷമാണ് പുലയക്കിടാങ്ങൾക്ക് സർക്കാർ സ്കൂളുകളിൽ പ്രവേശനം വാങ്ങിയെടുക്കുവാൻ തീവ്രസമരങ്ങൾ നടത്തേണ്ടതായിവന്നത്. 1911-ൽപോലും പുലയരുടെ ഒരു യോഗം കൂടുവാൻ കൊച്ചിപ്രദേശത്ത് സ്ഥലം ലഭിക്കുമായിരുന്നില്ല. പണ്ഡിറ്റ് കറുപ്പൻെറ ഉപദേശപ്രകാരം കൃഷ്ണാദി ആശാൻെറ നേതൃത്വത്തിൽ വള്ളങ്ങൾ കൂട്ടിക്കെട്ടി കായലിൽവെച്ചായിരുന്നു പുലയരുടെ ഒരു യോഗം കൂടുന്നത്. മനുഷ്യാവകാശങ്ങൾ എല്ലാംതന്നെ നിഷേധിക്കപ്പെട്ടിരുന്ന ഈ ജാതിക്കാരുടെ വിദ്യാഭ്യാസത്തെക്കുറിച്ചാണ് 1890 ആദ്യത്തിൽ 'മലയാള മനോരമ'

യുടെ പ്രഥമലക്കം തറപ്പിച്ചെഴുതിയതെന്ന കാര്യം ഏതു സാമൂഹ്യശാസ്ത്രജ്ഞൻെറയും കണ്ണ് തുറപ്പിക്കുവാൻ പര്യാപ്തമാണ്.

അക്കാലത്ത് മദ്രാസ് സംസ്ഥാനത്തിലെ കീഴ്ജാതിക്കാരുടെ സ്ഥിതിയും കേരളത്തിലേതുമായി താരതമ്യപ്പെടുത്തിക്കൊണ്ടുള്ള പഠനവും 1892 ജൂൺ 3-ാം തീയതി 'മനോരമ' പ്രകാശിപ്പിച്ചു. 'കേരളത്തിലെ കീഴ്ജാതികൾ' എന്ന ശീർഷകത്തിൽ പ്രസിദ്ധീകൃതമായ ഈ മുഖലേഖനം മുൻ ഉദ്ധരിച്ച 'പുലയരുടെ വിദ്യാഭ്യാസം' എന്ന ലേഖനവുമായി ചേർത്തു വായിക്കുമ്പോൾ ചിത്രം വളരെ വ്യക്തമാവുന്നതാണ്. "ചില മാസങ്ങൾക്കു മുമ്പിൽ 'മദ്രാസ് മെയിൽ' പത്രത്തിൽ ആ പ്രസിഡൻസിയിൽ ഉൾപ്പെട്ട പറയരെക്കുറിച്ച് ഓരോ ലേഖകൻമാരും പത്രാധിപന്മാരുമായി ചില ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയാൽ ഇവരുടെ നികൃഷ്ടാവസ്ഥയെക്കുറിച്ച് പലർക്കും പര്യാലോചനയ്ക്ക് സംഗതിയുണ്ടായി. ഇവരുടെ അവസ്ഥയെ നന്നാക്കുന്നതിലേക്ക് പലരും പല മാർഗ്ഗങ്ങളും പറഞ്ഞിട്ടുള്ളതിൽ എല്ലാവരെയും ക്രിസ്ത്യാനിമതത്തിൽ ചേർക്കണമെന്ന് ചില യോഗ്യന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളകൂട്ടത്തിൽ മദ്രാസ് പ്രസിഡൻസിയിൽ കഴിഞ്ഞ നാല്പത് സംവത്സരം കൊണ്ടുണ്ടായിട്ടുള്ള അഭിവൃദ്ധിയെക്കുറിച്ച് ഗവൺമെൻറിൻെറ ആവശ്യപ്രകാരം അതിവിശേഷമായ ഒരു പുസ്തകം എഴുതി ഈയിടെ പ്രസിദ്ധപ്പെടുത്തിയ ദിവാൻ ബഹദൂർ ശ്രീനിവാസയ്യങ്കാരവർകളും വളരെ ബലമായി ചേർന്ന് പറഞ്ഞിട്ടുണ്ട്. വേറൊരു ദിവാൻ ബഹദൂർ ഹിന്ദുമതം സൂക്ഷ്മത്തിൽ സകല മനുഷ്യരെയും ഒരുപോലെ വിചാരിക്കുന്നതാണെന്നും അതിനാൽ ഈ മതത്തിൽനിന്നും പരിയാതെതന്നെ ഇവരെ നന്നാക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ടിരിക്കുന്നതായി കാണുന്നു. തിരുവിതാംകോട്ടെ പറയരെക്കുറിച്ച് ലണ്ടൻ മിഷൻ പാതിരി നോവൽ സായ്പ് അവർകളുംകൂടി പത്രത്തിലേക്ക് ഒരു ലേഖനം എഴുതിയിട്ടുണ്ട്.

"കേരളം ഒട്ടുക്ക് നോക്കിയാൽ മിക്കവാറും തുല്യമായും അന്യോന്യം ഈഷദീഷൽ ഭേദങ്ങളോടുകൂടിയും കീഴ്ജാതിക്കാർ വളരെവളരെയുണ്ട്. പരദേശങ്ങളിലെ കീഴ്ജാതികളും ഇവരും തമ്മിൽ പല അവസ്ഥകളിലും വ്യത്യാസമുണ്ട്.

"ഒന്നാമത് തീണ്ടൽ എന്നു പറഞ്ഞാൽ മേൽജാതിക്കാരിൽനിന്ന് ഇത്രയിത്ര അടി വീതം കീഴ്ജാതിക്കാർ അകന്നു നില്ക്കണമെന്നുള്ളത് പരദേശങ്ങളിൽ അത്ര നിർബന്ധമുള്ളതല്ല. തൊടീൽ മാത്രമേ അവിടെ അശുദ്ധിക്ക് കാരണമായി വകവയ്ക്കാറുള്ളൂ. മലയാളത്തിൽ നേരെ മറിച്ച് തൊടീൽ മാത്രമായിട്ടുള്ള ജാതികൾ വളരെ ചുരുങ്ങും. മേൽജാതിക്കാരോട് അടുത്തുകൂടാ എന്നുള്ളതുകൊണ്ട് സാധാരണ ജനസഞ്ചാരമുള്ള സ്ഥലങ്ങളിലെങ്ങും കീഴ്ജാതിക്കാർക്ക് കടന്നുകൂടാ. പരദേശങ്ങളിൽ

പറയർ പട്ടണങ്ങളിൽ സഞ്ചരിക്കുന്നത് വിരോധമുണ്ടെന്ന് തോന്നുന്നില്ല. എല്ലാ പ്രജകളെയും ഒരേ അവസ്ഥയിൽ വിചാരിക്കുന്ന ബ്രിട്ടീഷ് മലബാറിലും കീഴ്ജാതിക്കാർക്ക് കടകമ്പോളങ്ങളിൽ കയറി നടക്കുന്ന തിന് യാതൊരു വിരോധവുമില്ല എന്ന് വീണ്ടും വീണ്ടും വിളംബരം പ്രസി ദ്ധപ്പെടുത്തിയിട്ടുള്ള തിരുവിതാംകോട്ടും ഈവക ഒന്നും ചെയ്തിട്ടില്ലാത്ത കൊച്ചി സംസ്ഥാനത്തും കീഴ്ജാതിക്കാർ നാട്ടിൻപുറങ്ങളില്ലൊം പ്രായേണ ഒരേ അവസ്ഥയിൽതന്നെ ഇരിക്കുന്നു എന്നാണ് വിചാരി ക്കേണ്ടത്. മലയാളത്തെപ്പോലെ ജാതിഭേദാചാരങ്ങൾക്ക് നിർബന്ധം ഇന്ത്യയിൽ മറ്റൊരു ദേശത്തും ഇല്ലെന്ന് പ്രസിദ്ധമാണല്ലോ. അതിനാൽ ഓരോ ജാതിക്കാർക്ക് ഓരോ ദിക്കിലുള്ള സാമൂഹ്യസ്ഥിതി ഭേദപ്പെടു ത്തുന്നത് അത്ര എളുപ്പമല്ല. പുലയർ, ബ്രാഹ്മണനെക്കണ്ടാൽ വഴിമാറണ മെന്ന് യാതൊരു നിർബന്ധവുമില്ലെന്ന് അവനുതന്നെ അറിയാവുന്ന കാലം വന്നാലും‌അതിലേക്ക് അവനെ മറ്റുള്ളവർ ധൈര്യപ്പെടുത്തിയാലും തമ്മിൽ കണ്ടുമുട്ടിയാലുടൻ ഒഴിഞ്ഞുപോകാതെയിരിക്കുന്ന പുലയർ വളരെ ചുരുക്കമാണ്. ഇത് ശരീരശുദ്ധി മുതലായവയിൽ ഇവർ തമ്മിലുള്ള അസാധാരണമായ അന്തരത്തിൻെറ ആധിക്യംകൊണ്ട് മാത്രമാണെന്ന ല്ലാതെ യാതൊരു ദിവ്യശക്തിയുംകൊണ്ടല്ലാ എന്നുള്ളത് പ്രത്യക്ഷമാ ണല്ലോ. ഒരു ദിക്കിൽ വളരെ തീണ്ടലുള്ള ഒരു ജാതിക്ക് വേറൊരു ദിക്കിൽ അശേഷം തീണ്ടലില്ലാതെ കാണുന്നതുതന്നെ ഇതിന് ലക്ഷ്യം. ക്രിസ്ത്യാ നിയോ മുഹമ്മദീയനോ ആയിത്തീരുന്ന ഒരു പുലയന് ഹിന്ദുക്കളുടെ ഉത്തമവിശ്വാസപ്രകാരം അല്പമെങ്കിലും താണതായ ഒരവസ്ഥയല്ലാതെ വന്നിട്ടില്ല. എങ്കിലും അവന് തീണ്ടലില്ലെന്ന് സാധാരണ ആലോചിച്ചു വരുന്നതിൻെറ കാരണവും ആലോചിക്കണം. ആകപ്പാടെ ശരീരശുചിയും മറ്റുമുണ്ടായാൽ ജാതിക്കും ഉയർച്ച വരുമെന്നുള്ളതാണ് ഇതിൻെറയർത്ഥം. ആകയാൽ കീഴ്ജാതിക്കാരുടെ സാമൂഹ്യസ്ഥിതി നന്നാക്കണമെന്നാ ഗ്രഹിക്കുന്നവർ ഏതുവിധത്തിലും അവരിൽ ഓരോരുത്തരെ നന്നാക്കി യാൽ മാത്രം അറിയാവുന്നതും അതിന് അത്രതന്നെ ആചാരാസക്തന്മാ രായ ഹിന്ദുക്കളും വിരോധികളായിരിക്കാത്തതുമാണെന്നത്രേ ന്യായമാ യും വിചാരിക്കേണ്ടത്.

"കേരളത്തിലെ കീഴ്ജാതിക്കാർക്ക് തീണ്ടലിൻെറ കൂടുതൽ എന്നൊരു പ്രതികൂലസംഗതി തങ്ങളുടെ പരദേശികളായ സമജാതിക്കാരിൽനിന്ന് കൂടുതലായിട്ടുള്ളതിനോടുകൂടി മറ്റവർക്കില്ലാത്തതായ ചില അനുകൂ ലസംഗതികളും ഉണ്ട്. വാസസ്ഥലങ്ങളുടെ ഗുണം ഇതിൽ പ്രധാനമായി ട്ടുള്ളതാണ്. മലയാളത്തിൽ ഒരുകണക്കിന് പ്രായേണ പറയർ, പുലയർ മുതലായവരെപ്പോലെ നല്ല വായു ശ്വസിക്കുന്നവർ ഇല്ലെന്നുതന്നെ പറയാം. പരദേശങ്ങളിലെ ചേരികളിലെപ്പോലെ കൂട്ടമായി പാർക്ക

എന്നുള്ള നിർബന്ധം ഇവർക്കശേഷമില്ല. ഉപജീവനത്തിന് കൃഷിക്കാരുടെ കൂലിതന്നെ പ്രധാനം. ഇത് ശരീരത്തെ സന്ധിപ്പിക്കുവാൻ മതിയാവുന്ന കാലം വന്നിട്ടുണ്ടോ എന്ന് സംശയമാണ്. എങ്കിലും പരദേശങ്ങളിലെപ്പോലെ കേടുപിഴകൾ കിട്ടാതിരിക്കുക വളരെ ചുരുക്കമാണ്. കാലക്രമേണ കാപ്പിത്തോട്ടങ്ങൾ, എഞ്ചിനീയർ ഡിപ്പാർട്ട്മെൻറ് ഇതുകൾ സംബന്ധിച്ച് കൂടുതൽ കൂലി കിട്ടുന്ന വേലകൾക്കും ഇവർക്ക് സ്വതന്ത്രമായി പോകാമെന്നു വന്നിരിക്കുന്നതും ഒരു വലിയ ഗുണമാണ്. കൃഷിക്കാരിൽ പലർക്കും വേലക്കാർ മതിയാകാതെവരുകയും അതുകൊണ്ട് ചില നഷ്ടങ്ങൾ നേരിടുകയും ചെയ്യുന്നുണ്ടെങ്കിലും അതിൻെറ സൂക്ഷ്മമായ കാരണം ആലോചിച്ചറിഞ്ഞ് ശരിയായ പരിഹാരം ചെയ്യുവാൻ അവരിൽ അധികംപേരും ശക്തന്മാരല്ലാതെയിരിക്കുന്നു. തങ്ങളുടെ വേലക്കാർ എത്രയും നല്ല സ്ഥിതിയിൽ ഉള്ളവരും വിശ്വസ്തന്മാരുമായിരിക്കുന്നുവോ അത്രയും തങ്ങൾക്ക് ആദായമാണെന്ന് സമ്മതിക്കുന്ന കൃഷിക്കാർ ഇവിടങ്ങളിൽ ഏറെയുണ്ടെന്നു തോന്നുന്നില്ല. സർക്കാർവകതരിശുഭൂമികൾ പുതുവൽ പതിച്ച് അതിൽ സ്വന്തമായി ദേഹണ്ഡം ചെയ്യുന്നതിനുള്ള സൗകര്യവും ഇവിടുത്തെ കീഴ്ജാതിക്കാർക്ക് ഒരു ഗുണമാണ്. ഭൂമി അശേഷം ജന്മിമാരുടെ വകയായിട്ടുള്ള മദ്രാസ് പ്രസിഡൻസി ഉൾപ്പെടെ അന്യശീമകളിലെ പറയർക്ക് ഈ അവസ്ഥ ഒരിക്കലും വരാത്തതാണ്.

“തിരുവിതാംകൂർ സർക്കാരിൽനിന്നും പുലയരുടെ വിദ്യാഭ്യാസം വകയ്ക്ക് പ്രത്യേകം ഒരു സംഖ്യ അനുവദിക്കുകയും ഇതിൻപ്രകാരം പലദിക്കിലും പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തി നടത്തുകയും ചെയ്യുന്നത് രാമരായർ ദിവാൻജി അവർകൾ തൻെറ ഭൂതദയാപ്രധാനമായ സ്വഭാവത്തിന് അനുരൂപമായി ചെയ്തിട്ടുള്ള പല ഏർപ്പാടുകളിൽ ഒന്നാണല്ലോ. മിഷനറി സായ്പന്മാർ വളരെക്കാലമായി ഇവിടങ്ങളിൽ ചെയ്തുവരുന്ന പ്രയത്നത്തിൻെറയും പ്രധാനഫലം കീഴ്ജാതിക്കാർക്കാണല്ലോ സിദ്ധിക്കുന്നത്. ഇവരെ ഇതിലേക്ക് ഉദ്യോഗിപ്പിക്കുന്നതായ ഭൂതദയയ്ക്ക് തങ്ങളുടെ മതത്തിൻെറ നിഷ്കളങ്കമായ ഉദ്ദേശ്യംവഴിയായി വളരെ ബലാധിക്യമുള്ളതിനാൽ കീഴ്ജാതിക്കാരുടെ സ്ഥിതിയെ നന്നാക്കുന്നതിന് ഇത്ര സിദ്ധമായ ഒരു മാർഗ്ഗവുമില്ലെന്ന് തീർച്ചയായി പറയാം. പൊടുന്നനവെയുള്ള അവസ്ഥാഭേദത്താൽ ഉണ്ടാകാവുന്ന ദോഷം ഒഴിവാക്കാനുള്ള കരുതൽ മാത്രം ഉണ്ടായിരുന്നാൽ മതി. ഈ ദേശങ്ങളിലെ കീഴ്ജാതിക്കാരുടെ സ്ഥിതി ആകപ്പാടെ നോക്കിയാൽ ദേശങ്ങളിലേതിനെക്കാൾ പലതുകൊണ്ടും നന്നായിരിക്കുന്നു എങ്കിലും ഇനിയും വളരെ നന്നാകുവാനുള്ളതുകൊണ്ട് പരോപകാരനിരതന്മാരും സമസ്യഷ്ടന്മാരെക്കുറിച്ച്

സ്നേഹമുള്ളവരുമായ എല്ലാ സ്വദേശികളും ഇതിലേക്ക് അനുകൂലികളായിരിക്കേണ്ടതാണ്. പുലയരെക്കൊണ്ട് അനുഭവിക്കുന്ന വസ്തു ഉടമസ്ഥന്മാർ അവരുടെ സൂക്ഷ്മസ്ഥിതി ആലോചിക്കുന്നതായാൽ അവർതന്നെ ഇതിന് എല്ലാ പ്രകാരേണയും അനുകൂലികളായിരിക്കുന്നതാണെന്ന് മേൽപറഞ്ഞിട്ടുണ്ടല്ലോ."[3]

അധഃസ്ഥിതരുടെ ഉദ്ഗതി സമൂഹത്തിൻെറ ഒന്നായുള്ള വളർച്ചയുടെ പ്രാഥമിക ഘടകമാണെന്ന് 'മനോരമ' ആവർത്തിച്ചാവർത്തിച്ച് വ്യക്തമാക്കിയിരുന്നു. അത് ഒരു മേനിപറച്ചിൽ മാത്രമായിരുന്നില്ല. സാമൂഹ്യനവോത്ഥാനത്തിൻെറ അവശ്യഘടകമെന്ന നിലയ്ക്ക് ചേറിലും ചണ്ടിയിലും അമർന്നടിയുന്ന ലക്ഷോപലക്ഷം പുലയ-പറയാദി ജാതികളെ മനുഷ്യരായി അംഗീകരിച്ച് അവരിൽ അവകാശബോധം അങ്കുരിപ്പിക്കുക എന്നതായിരുന്നു 'മനോരമ'യുടെ ലക്ഷ്യം. എവിടെയെല്ലാം ഈ ഏഴജാതികൾക്കെതിരായി പ്രവർത്തിക്കുന്നുവോ, അവയെല്ലാം ജനശ്രദ്ധയിൽ കൊണ്ടുവന്ന് അത്തരം മനുഷ്യത്വരഹിതമായ ചെയ്തികളെ അപലപിക്കുവാനും അവ അവസാനിപ്പിക്കണമെന്ന് ഉണർത്തുവാനും 'മലയാള മനോരമ' നടത്തിയിട്ടുള്ള ശ്രമം ഒരു സാമൂഹ്യശാസ്ത്രവിദ്യാർത്ഥിക്കും കണ്ടില്ലെന്നു നടിക്കുക സാദ്ധ്യമല്ല. തിരുവനന്തപുരം ചാലക്കമ്പോളത്തിൽ റോഡ് പണിയുന്നതിനായി കോൺട്രാക്റ്റർമാർ പുലയത്തൊഴിലാളികളെയാണു നിയോഗിച്ചിരുന്നത്. ചാലയിലെ വ്യാപാരികൾ അധികവും പരദേശ ബ്രാഹ്മണന്മാരും തദ്ദേശീയരായ ശൂദ്രന്മാരുമായിരുന്നു. റോഡ് പണിയാനായിട്ടാണെങ്കിലും പുലയർ തങ്ങളുടെ ശീമയിൽ കടക്കുന്നത് ഈ സവർണ്ണ വ്യാപാരികൾ എതിർത്തു. അയിത്തത്തിൻെറയും തീണ്ടലിൻെറയും പേരിൽ കടകമ്പോളങ്ങൾ മുഴുവൻ അടച്ചു പ്രതിഷേധിച്ചു. നിത്യോപയോഗസാധനങ്ങൾ ലഭിക്കാതെ വന്നപ്പോൾ ജനങ്ങൾ പരാതിയുമായി മഹാരാജാവിൻെറ അടുക്കൽ എത്തി. ശ്രീമൂലം തിരുനാൾ മഹാരാജാവ് ഇതിനു പരിഹാരം കണ്ടത് ഒരു രാജകീയ വിളംബരത്തിലൂടെയാണ്. അതിപ്രകാരമായിരുന്നു. "കിഴക്കേ കോട്ടമുതൽ കിള്ളിയാർവരെയുള്ള റോഡിൽ പുലയന്മാരെ നിർത്തി ജോലി ചെയ്യിക്കരുത്." ഇതിൽ അന്തർലീനമായിരിക്കുന്ന സാമൂഹ്യ അസമത്വത്തിൻെറ തൊലി ഉരിച്ചുകാട്ടി 1897 ജൂലൈയിൽതന്നെ മനോരമ ശക്തിയായ ഭാഷയിൽ മുഖപ്രസംഗം എഴുതിയിരുന്നു. വിളംബരത്തിൽ പറയുന്ന സ്ഥലങ്ങളിൽ പുലയനെക്കൊണ്ട് വേല ചെയ്യിച്ചാൽ എന്ത് അപകടമാണ് സംഭവിക്കുക എന്നു മനോരമ ചോദിച്ചു. താഴ്ന്ന ജാതിക്കാരുടെ ഉദ്ധാരണത്തിനുവേണ്ടി എല്ലാ സമുദായക്കാരും ആത്മാർത്ഥമായി പരിശ്രമിക്കുകയാണെങ്കിൽ സമൂഹത്തിൽ ആകമാനമുണ്ടാകാവുന്ന അഭൂതപൂർവ്വമായ നേട്ടങ്ങളെ കൂടെക്കൂടെ ഓർമ്മപ്പെടുത്തുക മനോരമയുടെ ശീലമാ

യിരുന്നു. ഇതിനെല്ലാത്തിന്റെയും അടിസ്ഥാനശില വിദ്യാഭ്യാസമാണെന്നും അത് സ്ത്രീപുരുഷഭേദമെന്യേ ഏവർക്കും ലഭിക്കേണ്ടതാണെന്നും മനോരമ ഉണർത്തിച്ചുകൊണ്ടിരുന്നു. 'സ്ത്രീവിദ്യാഭ്യാസം', 'അയിത്തോച്ചാടനം', 'സർവ്വജാതി മതവിഭാഗങ്ങൾക്കും ഭരണത്തിൽ പങ്കാളിത്തം', 'സഞ്ചാരസ്വാതന്ത്ര്യം' എന്നിങ്ങനെയുള്ള മനുഷ്യന്റെ പ്രാഥമികാവകാശങ്ങൾ എല്ലാവർക്കും അനുഭവിക്കാൻ സാധിച്ചാൽമാത്രമേ സ്ഥിതിസമത്വവും സാമൂഹ്യ ഉത്കർഷവും സാധ്യമാവുകയുള്ളൂ.

അധഃകൃതോദ്ധാരണത്തിനുവേണ്ടി 'മലയാള മനോരമ'യും അതിന്റെ പ്രഗത്ഭരായ അധിപതികളും ചെയ്തിട്ടുള്ള സേവനങ്ങളുടെ ചെറിയ വിവരണം മാത്രമേ ഇവിടെ സാധ്യമായിട്ടുള്ളൂ. അതിന്റെ വിശദീകരണങ്ങളിലേക്ക് ഇറങ്ങിയാൽ ഇനിയും പുറങ്ങൾ അനവധിയാകും. 1909 ഏപ്രിൽ 3-ാം തീയതി 'മനോരമ'യിൽ മാമ്മൻ മാപ്പിളയെഴുതിയ ദീർഘമായ മുഖക്കുറിപ്പ് ഇന്നും പ്രസക്തമാണ്. "മേൽജാതിക്കാർക്ക് കീഴ്ജാതിക്കാർ വിദ്യാഭ്യാസമില്ലാതെ മൃഗപ്രായന്മാരായിരിക്കണമെന്നുള്ള വിചാരം മുമ്പിനാലെ ഉള്ളതാണ്...... പുലയരെക്കൊണ്ട് ആവശ്യമുള്ള നാട്ടുകാർ തങ്ങളുടെ ദുഃസ്വഭാവങ്ങൾ ഇനിയെങ്കിലും വിട്ട് ആ സാധുക്കളിൽ ദയ കാണിച്ചുതുടങ്ങേണ്ടതാണ്. മേൽജാതിക്കാർ അവരുടെ കീഴിലുള്ള പുലയർക്ക് വിദ്യാഭ്യാസത്തിനുള്ള പള്ളിക്കൂടങ്ങൾ കെട്ടിച്ചുകൊടുക്കുക മുതലായി വേണ്ടുന്ന സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുക, അവർ വേല ചെയ്താൽ ശരിയായ കൂലി കൊടുക്കുക, പുലയരും തങ്ങളെപ്പോലെതന്നെ ഈശ്വരനാൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള മനുഷ്യർ തന്നെയാണെന്ന് വിചാരിച്ച് അവരോട് സ്നേഹത്തോടും ദയയോടുംകൂടി സകലതും പറയുകയും പ്രവർത്തിക്കുകയും ചെയ്യുക മുതലായവയാണ് വേണ്ടത്....."[4] അധഃകൃതരുടെ സ്വാതന്ത്ര്യത്തിനും സമത്വത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള സാർവലൗകിക വീക്ഷണമായിരുന്നു 'മനോരമ' എക്കാലവും പുലർത്തിപ്പോന്നിരുന്നത്. 1925 ഫെബ്രുവരി 6-ന് ശ്രീമൂലം പ്രജാസഭയിൽ മാമ്മൻമാപ്പിള ചെയ്ത ആവേശകരമായ പ്രസംഗം ഇതിന് ഉദാഹരണമാണ്. അവിടെ സന്നിഹിതരായിരുന്ന സമാജികരെ ചൂണ്ടി അദ്ദേഹം പറഞ്ഞു, "ഈ സഭയിലെ ഓരോ അംഗവും നാവുയർത്തുവാൻ കഴിവില്ലാത്ത അധഃകൃതരുടെ സ്വന്തം പ്രതിനിധിയാണെന്ന് സ്വയം കരുതണം." സഞ്ചാരസ്വാതന്ത്ര്യത്തെ ആസ്പദമാക്കിയുള്ള പ്രമേയത്തെ അനുകൂലിച്ച് ചെയ്ത പ്രസംഗത്തിലാണ് മാമ്മൻ മാപ്പിള ഇതു പറഞ്ഞത്. അദ്ദേഹം തുടർന്നു. "ഈ നിരോധനം മെമ്പർമാരെ ബാധിക്കുന്നതാണെങ്കിൽ അവർക്കെങ്ങനെ തോന്നും? എല്ലാ മെമ്പർമാരും ആഴമായി ചിന്തിച്ചശേഷം പ്രമേയത്തിന് അനുകൂലമായി വോട്ടു ചെയ്യണം. സ്വാഭാവികനീതിയും ജന്മനായുള്ള അവകാശങ്ങളും എല്ലാവർക്കും ലഭിക്കണ

മെന്നും മനുഷ്യജാതിക്കവകാശപ്പെട്ട ഏറ്റവും കുറഞ്ഞ നീതിയെങ്കിലും ഇവരോട് ചെയ്യണമെന്നും അദ്ദേഹം ശക്തിയായി വാദിച്ചു. സർക്കാർ സത്രം, കുളങ്ങൾ ഇവ പൊതുഖജനാവിൽനിന്നും പണം മുടക്കി നടത്തുന്നവയായതുകൊണ്ട് പ്രജകൾക്കെല്ലാവർക്കും ഇവ ഉപയോഗിക്കുവാനുള്ള സ്വാതന്ത്ര്യം ആർക്കും നിഷേധിക്കരുതെന്ന് മാമ്മൻ മാപ്പിള ആവർത്തിച്ചുകൊണ്ടിരുന്നു. അങ്ങനെ പുലയരുടെയും മറ്റ് ദുർബലവിഭാഗങ്ങളുടെയും ഉയിർത്തെഴുനേല്പിന് ചുക്കാൻ പിടിച്ചത് 'മലയാള മനോരമ'യും അതിൻെറ പത്രാധിപന്മാരുമാണെന്ന കാര്യത്തിൽ സംശയമില്ല. 1920 -ൽ പുലയ മഹാജനസഭയുടെ ഒരു യോഗം കണ്ണൂരിൽ വെച്ച് നടന്നു. മനോരമയിലൂടെയാണ് ഈ സമ്മേളനത്തെയും അവിടെ നടന്ന പരിപാടികളെയുംകുറിച്ച് കേരളം അറിയുന്നത്. അടിച്ചമർത്തപ്പെട്ടു കിടന്നിരുന്ന ഈ മൂകലക്ഷങ്ങളുടെ അവകാശങ്ങളെപ്പറ്റി പറയാൻ ആരുമില്ലാത്ത അവസരത്തിലാണ് 'മലയാള മനോരമ'യും അതിൻെറ അധിപതികളും ആ ദൗത്യം ഏറ്റെടുത്തതെന്ന സത്യം നമുക്കിവിടെ സ്മരിക്കാം. 1919 ഏപ്രിൽ 19-ാം തീയതി എഴുതിയ മുഖപ്രസംഗം 'താഴ്ന്ന ജാതിക്കാരുടെ ഉന്നമനം' എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു. ഇന്ത്യയിൽ ഈ മൂകലക്ഷങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി ഒറ്റയായും കൂട്ടായും നടക്കുന്ന സംരംഭങ്ങളെ പ്രകീർത്തിച്ചുകൊണ്ട് അതുകൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ സമൂഹത്തിനാകമാനം ഗുണപ്രദമായിരിക്കുമെന്ന് ഈ ലേഖനത്തിൽ സോദാഹാരണം തറപ്പിച്ചുപറയുന്നുണ്ട്. ഇവയെ ഉദാഹരിച്ചുകൊണ്ട് കേരളത്തിലെ സാമൂഹ്യനവോത്ഥാനപ്രവർത്തകരോട് 'മനോരമ' ഉദ്ബോധിപ്പിച്ചത് ഇപ്രകാരമായിരുന്നു. "നമ്മുടെ നാട്ടിലുള്ള പുലയർ, പറയർ, ഉള്ളാടന്മാർ, വാലന്മാർ മുതലായ വർഗ്ഗക്കാരുടെ ഇടയിൽ നമ്മുടെ യുവാക്കന്മാർ സമുദായവേല ചെയ്യുന്ന പക്ഷം അവർ അചിരേണ ഉയർന്ന് തിരുവിതാംകൂറിനൊരു ആഭരണമായി തീരുന്നതാണ്."[5]

സാമൂഹ്യനവോത്ഥാനപ്രവർത്തനങ്ങളുടെ ഭാഗമായി അധഃകൃതോദ്ധാരണം എന്നതുപോലെതന്നെ സമൂഹത്തിലെ മേലേക്കിടയിൽ ഉള്ള ജാതിക്കാർ തുടങ്ങി വിവിധ സമുദായങ്ങളുടെ ഉദ്ഗതിക്കുവേണ്ടി നിരന്തരം പ്രവർത്തിച്ചിരുന്നതായി കാണാം. സവർണ്ണ ഫ്യൂഡൽ പ്രതാപികളായ നമ്പൂതിരി - നായർ സമുദായങ്ങളിൽ നിലനിന്നിരുന്ന വിവാഹം, ദായക്രമം എന്നിവയിലെ ഒരുപാട് അനാചാരങ്ങളെയും ഉച്ചനീചത്വങ്ങളെയും ഇല്ലായ്മ ചെയ്യുവൻ 'മനോരമ' നടത്തിയിട്ടുള്ള ഉദ്ബോധനങ്ങൾ ഇതിനുമുമ്പ് നാം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. വിവാഹപ്രായം കഴിഞ്ഞുനിൽക്കുന്ന നമ്പൂതിരിയുവതികൾ കുടുംബത്തിന് ശാപമാണെന്ന വിശ്വാസത്താൽ പ്രായംകൂടിയവർക്ക് വിവാഹം ചെയ്തുകൊടുത്ത് ദുര്യോഗം

ഒഴിവാക്കുന്ന സ്ഥിതിയും സ്മാർത്തവിചാരം തുടങ്ങിയുള്ള നടപടി ക്രമങ്ങളും എല്ലാം നമ്പൂതിരി സമുദായത്തിൻെറ ജീർണ്ണതയുടെ സ്പഷ്ടമായ ഉദാഹരണങ്ങളായിരുന്നു. കാലം മാറിയതനുസരിച്ച് മാറാൻ തയ്യാറാകാതിരുന്നവർ ആധുനിക വിദ്യാഭ്യാസത്തെ പുച്ഛരിച്ചു തള്ളുകയും ശീഘ്രഗതിയിൽ ഉണ്ടായിക്കൊണ്ടിരുന്ന സാമൂഹ്യ-സാമ്പത്തിക മാറ്റങ്ങളെക്കുറിച്ച് അറിയാത്തവരായി ഭവിക്കുകയും ചെയ്തു. അതിൻെറ ഫലമായി ജന്മികളായ നമ്പൂതിരിമാർക്കു കുടിയായ്മയിൽ വന്ന മാറ്റങ്ങളെക്കുറിച്ചോ ഔദ്യോഗികതലത്തിൽ പ്രവേശനം നേടുന്നതിനുള്ള യോഗ്യതകളെക്കുറിച്ചോ യാതൊരറിവും ഉണ്ടായിരുന്നില്ല. 'മലയാള ബ്രാഹ്മണരുടെ ഔദാസീന്യം' എന്ന തലക്കെട്ടിൽ 1899 ജൂലൈ 8-ാം തീയതി വറുഗീസ് മാപ്പിള എഴുതിയ മുഖലേഖനം നമ്പൂതിരി സമുദായത്തിൽ ചിന്തിക്കുന്നവരുടെ കണ്ണു തുറപ്പിക്കുവാൻ പര്യാപ്തമായതായിരുന്നു. ആധുനിക വിദ്യാഭ്യാസം സമ്പാദിച്ചിട്ടില്ലെങ്കിലുള്ള ഭവിഷ്യത്തുകളെ ഓരോരോന്നോരോന്നായി വിവരിച്ച് മറ്റേതു സമുദായത്തെക്കാൾ വിദ്യാഭ്യാസംരംഗത്ത് കൂടുതൽ ആർജ്ജവം നേടേണ്ടത് ഉൽകൃഷ്ടം പ്രാപിച്ച നമ്പൂതിരി സമുദായംതന്നെയാണ് എന്ന് സമർത്ഥിക്കുന്നതോടുകൂടി അന്നത്തെ അവരുടെ ശോച്യാവസ്ഥ തുറന്നുകാണിക്കുകകൂടി ചെയ്യുന്നുണ്ട്. "ആകപ്പാടെ വിചാരിച്ചാൽ മലയാള ബ്രാഹ്മണർക്ക് പഴയ രീതിയിലും പുതിയ രീതിയിലും ഒരു വിദ്യാഭ്യാസവുമില്ലാതെ അവർ കേവലം മൃഗപ്രായന്മാരായി തീർന്നിരിക്കുന്നു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു...... എന്നാൽ വിദ്യാഭ്യാസം ചെയ്യുകയും അറിവ് സമ്പാദിക്കുകയും ചെയ്യുന്നത് ഉദ്യോഗത്തിന് മാത്രമായിട്ടല്ലെന്ന് അവർ ഒന്നാമതായി മനസ്സിലാക്കേണ്ടതാണ്. അവർ ശാശ്വതമായി അനുഭവിച്ചുകൊള്ളാമെന്ന് വിചാരിക്കുന്ന ജന്മവസ്തുക്കളിലെ ആദായം കൊടുക്കേണ്ടവനാകുന്ന കുടിയാൻ കൊടുത്തില്ലെങ്കിൽ അത് വാങ്ങാനുള്ള മാർഗ്ഗം എന്താണെന്ന് അവർ അറിഞ്ഞിരിക്കേണ്ടതാണല്ലോ. അത് കാലോചിതമായ വിദ്യാഭ്യാസവും ലൗകികപരിജ്ഞാനവും കൂടാതെ സാധിക്കുന്നതാണോ? ഗവൺമെൻറ് ചട്ടങ്ങൾ പ്രതിദിനം എന്നതുപോലെ മാറിക്കൊണ്ടിരിക്കുന്നു. ആ മാറ്റങ്ങളെയും നടപ്പുകളെയും നടപടികളെയും അതത് സമയങ്ങളിൽ അറിയുകയും തങ്ങൾക്ക് ദോഷങ്ങളെന്ന് തോന്നുന്നവയെക്കുറിച്ച് ഗവൺമെൻറിനോട് ആവലാതികൾ പറയുകയും ചെയ്തുകൊണ്ടിരിക്കാഞ്ഞാൽ വന്നുകൂടുന്ന ദോഷങ്ങൾ ഇപ്പോൾ ഏകദേശം അനുഭവംകൊണ്ട് മിക്ക ജന്മികൾക്കും അറിയാറായിട്ടുണ്ടെന്നാണ് തോന്നുന്നത്. എങ്കിലും ഇതിൻെറ നിദാനമെന്താണെന്ന് അവർക്ക് ഇന്നും മനസ്സിലായിട്ടുണ്ടെന്ന് തോന്നുന്നില്ല.... ഒരു ബില്ല് സഭയിൽ വരുന്ന കാലത്തോ ഗസററിൽ കാണുന്ന കാലത്തോ അതിൻെറ ഗുണദോഷങ്ങളെ സ്വയമേവ വിചാരിച്ചറിഞ്ഞ് ഗവൺ

മെൻറിനെ ധരിപ്പിക്കുകയും ആവലാതി പറയുകയും ആവശ്യമുള്ള ഭേദഗതികളെ വരുത്തുവാൻ തക്കവണ്ണം അറിവുള്ളവരായിട്ട് മലയാള ബ്രാഹ്മണരിൽ നാലുപേരെ തികച്ച് പറയുവാൻ കാണുമെന്ന്തോന്നുന്നില്ല. മലയാള ബ്രാഹ്മണരുടെ പ്രാതിനിധ്യത്തോടുകൂടി മലയാള ബ്രാഹ്മണരിൽ ഒരാൾകൂടി നിയമനിർമ്മാണസഭയിൽ ഉണ്ടായിരുന്നെങ്കിൽ ഇങ്ങനെയുള്ള കാര്യങ്ങളിൽ എത്ര ഭേദമുണ്ടായിരുന്നു. എല്ലാംകൊണ്ടു നോക്കിയാലും അങ്ങനൊരാൾ ഈ സഭയിൽ ഉണ്ടായിരിക്കേണ്ടതാണ്. പക്ഷേ, ഇതിലേക്ക് - ഗവൺമെൻറിലേക്ക് ശുപാർശ ചെയ്യാമെന്നു വെച്ചാൽ അതിന് തക്ക യോഗ്യതയുള്ള ഒരാളെ ചൂണ്ടിക്കാണിച്ചുകൊടുക്കാൻ ഈ കൂട്ടത്തിൽ ആരെയും കാണുന്നില്ല. പിന്നെ എന്തുചെയ്യാം? ഇങ്ങനെവരുന്നത് എന്തുകൊണ്ടാണെന്നും ആരുടെ ദോഷമാണെന്നും മാന്യന്മാരായ മലയാള ബ്രാഹ്മണർ ഇനിയെങ്കിലും വിചാരിക്കേണ്ടതാണ്...."[6] ഇങ്ങനെപോകുന്നു സുദീർഘമായ ഈ മുഖപ്രസംഗം. ആലുവ ചെറുമുക്ക് വൈദികൻെറ ഇല്ലത്തുവച്ച് കുറൂർ ഉണ്ണിനമ്പൂതിരിപ്പാടും ദേശമംഗലത്ത് വലിയനമ്പൂതിരിപ്പാടും മറ്റും നമ്പൂതിരിയോഗക്ഷേമസഭ രൂപീകരിക്കുന്നത് 1913ലാണല്ലോ. ഇതിന് എത്രയോ മുമ്പു മുതൽക്ക് 'മനോരമ' നമ്പൂതിരിസമുദായത്തിലെ നവോത്ഥാനപ്രസ്ഥാനത്തിൻെറ ഹേതുവായി വർത്തിച്ചിരുന്നു. 'ജന്മി കുടിയാനവർ ബിൽ' എന്ന മുഖക്കുറിപ്പ് 1890 ഓഗസ്റ്റ് 9നും 'തിരുവിതാംകോട്ടെ ജന്മികളും ജന്മഭൂമികളും' 1894 ഏപ്രിൽ 21നും, 'തിരുവിതാംകൂർ ജന്മികുടിയാനവർ ബിൽ' 1896 ജൂൺ 13നും 'മനോരമ'യിൽ പ്രസിദ്ധീകരിച്ച മുഖലേഖനങ്ങളാണ്. നമ്പൂതിരി സമുദായത്തെ നേരിട്ട് ബാധിക്കുന്നവയാണ് പ്രസ്തുത ലേഖനങ്ങളുടെ സാരാംശം.

അതുപോലെ നായർ സമുദായത്തിൽ ആണ്ടിറങ്ങിക്കിടന്നിരുന്ന മരുമക്കത്തായം, കൂട്ടുകുടുംബസ്ഥിതി, താലികെട്ട് കല്ല്യാണം, പുടവകൊട തുടങ്ങിയ അനാചാരങ്ങളെ എതിർക്കുന്നതിനും സമുദായോദ്ധാരണത്തിനുവേണ്ടി നായർസമുദായത്തിൽ പ്രവർത്തിക്കുന്ന വ്യക്തികളെയും സംഘടനകളെയും സഹായിക്കുന്നതിനും 'മനോരമ' നടത്തിയിട്ടുള്ള ശ്രമങ്ങൾ വളരെ പ്രശംസിക്കപ്പെട്ടിട്ടുള്ളവയാണ്. സർ സി. ശങ്കർ നായർ അവതരിപ്പിച്ച വിവാഹബിൽ നിയമമാകുന്നതുസംബന്ധിച്ച് ശക്തിയായ പ്രതികരണങ്ങളാണ് അനുകൂലിക്കുന്നവരിൽനിന്നും എതിർക്കുന്നവരിൽ നിന്നും ഉണ്ടായിക്കൊണ്ടിരുന്നത്. സാമൂഹ്യനന്മ മാത്രം മുന്നിൽ കണ്ടുകൊണ്ട് 'മലയാള വിവാഹബിൽ' എന്ന ശീർഷകത്തിൽ 'മനോരമ' 1890 ജൂലൈ 12നെഴുതിയ മുഖപ്രസംഗം നമ്പൂതിരി - നായർ സമുദായങ്ങളിൽ അലംഘനീയമെന്നു കരുതി ആചരിച്ചുപോരുന്ന വിവാഹരീതിയിലും ദായക്രമത്തിലും നിർബന്ധമായും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും അവ അനു

ഷ്ഠിച്ചുപോരുന്നതുകൊണ്ടുള്ള ദൂഷ്യങ്ങളെക്കുറിച്ചുമായിരുന്നു. ഈ മുഖക്കുറിപ്പിലെ സാരവത്തായ ചില അംശങ്ങൾ ഉദ്ധാരണാർഹങ്ങളാണ്. "ശങ്കരൻ നായർ അവർകളുടെ ബിൽ പാസ്സാകുന്നപക്ഷം സമ്പാദിക്കുന്ന പിതാക്കന്മാരൊക്കെയും തങ്ങളുടെ സ്വത്തുക്കൾ മക്കൾക്കുകൊടുത്ത് കാലക്രമേണ മരുമക്കത്തായ സമ്പ്രദായമേ ഇല്ലാതെകണ്ടായിത്തീരുമെന്ന് ചിലർ ഊഹിക്കുന്നത് കേവലം അസംഗതമെന്ന് വിചാരിച്ചുകൂടാ. ഇതു കൊണ്ട് നാട്ടിനോ ജനങ്ങൾക്കോ വല്ല ദോഷവും നേരിടുന്നുണ്ടോ എന്നു മാത്രമാണ് നോക്കേണ്ടത്...... "പിന്നെ ഈ ബിൽ നടപ്പാക്കുന്നപക്ഷം ശൂദ്രസ്ത്രീകളുടെ പാതിവ്രത്യമില്ലായ്ക നിമിത്തം സ്വേച്ഛാപാലനം ചെയ്തും സന്തതി വർദ്ധിച്ചിട്ട് കുടുംബഛിദ്രത്തിനും മുതൽ വിഭാഗത്തിനും അധികം ഇടയാക്കാതെയും കഴിച്ചുകൂട്ടുന്ന ബ്രാഹ്മണാദികൾക്ക് കുറെ ബുദ്ധിമുട്ടുണ്ടാകുമെന്നത് യാഥാർത്ഥ്യം തന്നെ..... "മലയാള ബ്രാഹ്മണ കുടുംബങ്ങളിൽ ജ്യേഷ്ഠനു മാത്രമേ വിവാഹം പാടുള്ളൂ എന്നും മറ്റുംചില അസ്വഭാവികങ്ങളും അസാധാരണങ്ങളുമായ നിർബന്ധങ്ങൾ വെച്ചിരിക്കുന്നത് ഈ കാലത്തിന് തക്കവണ്ണം ഒന്നു പരിഷ്കരിക്കുകയല്ലേ വേണ്ടതെന്ന് ചിലർ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ കാലോചിതമായ വിദ്യാഭ്യാസത്തിൻെറ കുറവുനിമിത്തം സമുദായത്തിന് ഈ ചടങ്ങുകൾ കൊണ്ടുണ്ടാകുന്ന ദോഷങ്ങൾ അവർക്ക് അശേഷം മനസ്സിലാകുന്നുമില്ല. മലയാള ബ്രാഹ്മണരിൽ മനസ്സുള്ളവർക്കൊക്കെയും യഥാവിധി വിവാഹവും അതിൽനിന്നുണ്ടാകുന്ന സന്താനങ്ങൾക്ക് കുടുംബസ്വത്തിൻെറ ന്യായമായ അംശം തിരിച്ചുകിട്ടുവാനുള്ള അവകാശവും ഉണ്ടാക്കുന്നതായ ഒരു ബിൽകൂടി പാസ്സാക്കുന്നതായാൽ മലയാളദേശം മനുഷ്യർക്കൊക്കെയും ഒരു ഹാസ്യകാരണമായിരിക്കുന്ന അവസ്ഥ അശേഷം നീങ്ങിപ്പോകുന്നതാണ്."[7] മരുമക്കത്തായവും അതിനോടനുബന്ധമായുള്ള വിവാഹരീതിയും നായർ സമുദായത്തെയെന്ന പോലെ നമ്പൂതിരി വിഭാഗത്തെയും എല്ലാനിലയ്ക്കും അധഃപതിപ്പിച്ചു കൊണ്ടിരിക്കുന്നു എന്ന് തറപ്പിച്ചുപറയുന്നതിനു പുറമെ ഇതിനുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകകൂടി ചെയ്യുന്നുണ്ട് ഈ ലേഖനത്തിൽ. 1893 നവംബർ 18ന് 'മനോരമ'യിൽ വന്ന 'ബ്രാഹ്മണകുടുംബം' എന്ന മുഖപ്രസംഗം ഇതിനോടു കൂട്ടി വായിക്കേണ്ടതാകുന്നു. മലയാളബ്രാഹ്മണരായ നമ്പൂതിരിമാർ വലിയ ജന്മികളും ആഢ്യന്മാരുമാണ്. "നാമമാത്രത്താൽപോലും ബ്രാഹ്മണനായിത്തീർന്നാൽ പിന്നെ ഭക്ഷണത്തിനു കൂടിയും സ്വന്തം കുടുംബത്തിൽ ചെലവ് ചെയ്യണമെന്നില്ല. ക്ഷേത്രങ്ങളിൽ നമസ്കാരം, ഊട്ടുപുരകളിൽ ഊട്ട്, ഇതൊന്നും പോരാഞ്ഞിട്ട് ചില സ്ഥലങ്ങളിൽ ചില ബ്രഹ്മസ്വം മഠങ്ങൾകൂടി ഉണ്ടാക്കി അവിടെയും ഇവർക്ക് ഭക്ഷണത്തിനുവേണ്ടുന്ന വക സർക്കാരിൽനിന്നുതന്നെ വെച്ചി

ട്ടുണ്ട്. ഇങ്ങനെയൊക്കെ ഇരുന്നിട്ടും വലിയ ഭൂവുടമകളും, ആഢ്യന്മാരുമായിരുന്ന അനേക കുടുംബക്കാർ ക്ഷയിച്ചുപോകുകയും ചിലർ ഇക്കാലത്തിൽ ക്ഷയിച്ചുവരികയും ചെയ്യുന്നത് വിചാരിച്ചാൽ അദ്ഭുതമെന്നല്ലാതെ ഒന്നും പറയാനില്ല. ഇങ്ങനെവരുന്നതിന് തക്കതായ ചില കാരണങ്ങൾ ഇല്ലാതിരിപ്പാൻ പാടില്ലല്ലോ. എന്നാൽ ഇവരുടെ നാശത്തിനുള്ള മുഖ്യ കാരണം ഗൃഹത്തിൽ ഒരാൾ മാത്രമേ വിവാഹം ചെയ്യുവാൻ പാടുള്ളൂ എന്ന നിശ്ചയം തന്നെയാണെന്ന് പറയേണ്ടിയിരിക്കുന്നു."[8] മുഖലേഖനത്തിൽ ഇത് ആർക്കും ബോധ്യമാകുംവിധം വിശദീകരിക്കുകയും ചെയ്യുന്നുണ്ട്. മൂത്ത മകൻ മാത്രം വേളി നടത്തുകയും കുടുംബസ്വത്ത് കൈവശംവയ്ക്കുകയും ചെയ്യുന്നതുമൂലം ഉണ്ടാകുന്ന നാശനഷ്ടം വലുതാണ് എന്നു സമർത്ഥിക്കുന്നുണ്ട്. "നേരെമറിച്ച് ഒരു കുടുംബത്തിൽ നാലുപേരുണ്ടെങ്കിൽ മുറപ്രകാരം വിവാഹം ചെയ്ത് ക്രമമായി അറിവിനുവേണ്ടുന്ന വിദ്യകളെയും സമ്പാദിച്ച് പ്രത്യേകം കുടുംബങ്ങളായി താമസിച്ചാൽ ഈ വക നാശങ്ങൾക്കൊന്നും ഇടവരുന്നതല്ല. തങ്ങളുടെ കുടുംബമെന്നും അതിന് ചുമതലക്കാരൻ താനെന്നും വരുമ്പോൾ എല്ലാവർക്കും ശുഷ്കാന്തിയുണ്ടാകും." വർഗീസ് മാപ്പിള ഓർമ്മിപ്പിച്ചു. ഇത് 1893 നവംബർ 18-ാം തീയതിയായിരുന്നു. 1909 ഏപ്രിൽ 11-ാം തീയതി മാമ്മൻ മാപ്പിളയെഴുതിയ 'സ്മാർത്തവിചാരം' എന്ന മുഖലേഖനം നമ്പൂതിരിയെ മനുഷ്യനാക്കുവാനുള്ള ആത്മാർത്ഥമായ ശ്രമമാണെന്നു കാണാം. അതിലെ പ്രസക്തഭാഗം താഴെ ചേർക്കുന്നു. "ജനസമ്മതംകൊണ്ടും ജാതിശ്രേഷ്ഠതകൊണ്ടും പ്രഥമഗണനീയരായി അനേകശതാബ്ദം അറിയപ്പെട്ടിരുന്ന മലയാള ബ്രാഹ്മണസമുദായത്തിലെ ഒരംഗത്തിന് നൽകാവുന്നതിൽ ഏറ്റവും വലിയ ശിക്ഷയാണ് ജാതിഭ്രഷ്ട് കല്പിക്കുക എന്നുള്ളത്. അയാളുടെ സർവ്വസ്വവും നശിക്കുന്നതുകൂടാതെ സ്വന്തം മാതാപിതാക്കളും സഹോദരീസഹോദരന്മാരും കുഞ്ഞുകുട്ടികളുമായി അയാൾ എന്നേക്കുമായി ജീവിച്ചിരിക്കുമ്പോൾതന്നെ വേർപെടേണ്ടിവരുന്നത് എന്തൊരു ക്രൂരതയാണ്....... ഇത്തരം ഒരു നടപടിക്രമം ഈ ഇരുപതാം നൂറ്റാണ്ടിലും നിലനില്ക്കുന്നല്ലോ എന്നതാണ് അദ്ഭുതം. ഇതിന്റെ അനൗചിത്യത്തെപ്പറ്റി ഇതിലുമധികം എന്തെങ്കിലും പറയേണ്ട ആവശ്യം കാണുന്നില്ല. ഇപ്പോഴത്തെ നിയമംകൊണ്ട് ഈ ദുരാചാരങ്ങളും ക്രൂരതകളും അവസാനിപ്പിക്കാൻ സാദ്ധ്യമല്ലെങ്കിലും ഒരു പുതിയ നിയമം ഉണ്ടാക്കിയെങ്കിലും ഇതെല്ലാം നിരോധിക്കാൻ ചട്ടംകെട്ടേണ്ടത് ഗവൺമെൻറിന്റെ ചുമതലയാണ്. സമുദായസ്നേഹമുള്ള മലയാള ബ്രാഹ്മണരും മറ്റു സമുദായക്കാരും പ്രജാസഭവഴിയും മറ്റും അവരുടെ അഭിപ്രായങ്ങൾ ഗവൺമെൻറിനെ അറിയിക്കണം. ഇങ്ങനെ മലയാള ബ്രാഹ്മണ സമൂഹത്തിന്റെ ജീർണ്ണാവസ്ഥയിൽനിന്നും ഉദ്ധരിക്കുന്നതി

നുള്ള മാർഗ്ഗങ്ങൾ ആരായുന്നതിന് വിവേകികളുടെ ഒരു ചെറിയ സമൂഹത്തെയെങ്കിലും നമ്പൂതിരി സമുദായത്തിൽ വാർത്തെടുക്കാൻ 'മലയാള മനോരമ'യ്ക്ക് സാധിച്ചിട്ടുണ്ട്."[9] അതിൻെറ അടിസ്ഥാനത്തിലാണ് പി. ഭാസ്കരനുണ്ണി ഇങ്ങനെ പ്രസ്താവിച്ചുകാണുന്നത്. "1913-ൽ നമ്പൂതിരി യോഗക്ഷേമ സഭ ഉണ്ടാക്കുന്നതിനുള്ള 'സാമുദായിക സാഹചര്യ പശ്ചാത്തലം' സൃഷ്ടിച്ചതിൽ കണ്ടത്തിൽ വർഗീസ് മാപ്പിളയുടെയും 'മനോരമ' പത്രത്തിൻെറയും പങ്ക് എത്ര വലുതായിരുന്നുവെന്ന് പറഞ്ഞാൽ ആരും അതിശയിച്ച് മൂക്കിൽ വിരൽവെച്ച് പോകുകയേയുള്ളൂ."[10] ഇത്തരം മുഖപ്രസംഗങ്ങളും യോഗക്ഷേമസഭാ പ്രവർത്തനങ്ങൾക്കു നൽകിയ പിൻബലവുംകൊണ്ട് സാമൂഹ്യവിദ്യാഭ്യാസരംഗങ്ങളിൽ അല്പകാലംകൊണ്ടുതന്നെ സാരവത്തായ മാറ്റം വന്നിരുന്നതായി കാണാം. മാമ്മൻ മാപ്പിള 1919 മാർച്ച് 5-ാം തീയതി മനോരമയിൽ എഴുതിയ മുഖക്കുറിപ്പിൽ ഇക്കാര്യം ചൂണ്ടിക്കാണിക്കുന്നതിങ്ങനെയാണ്. "മലയാള ബ്രാഹ്മണർ പൂർവ്വകാലങ്ങളിൽ ചെയ്തുവന്നിരുന്നതുപോലെ വിദ്യാഭ്യാസവും വേദാധ്യയനവും ചെയ്യാതെയും ശരിയായ ബ്രാഹ്മണവൃത്തിയെ മിക്കവാറും ഉപേക്ഷിച്ചും പരിഷ്കൃതരീതിയിലുള്ള പുതിയ വിദ്യാഭ്യാസക്രമത്തെ സ്വീകരിക്കാതെയും ഇപ്പോൾ അവരുടെ സ്ഥിതി ത്രിശങ്കുസ്വർഗ്ഗത്തിലായിട്ടാണല്ലോ ഇരിക്കുന്നത്. പഴയവ വിടുകയും ചെയ്തു പുതിയത് പിടിച്ചതുമില്ല. അതുമില്ല ഇതുമില്ല എന്ന നിലയിലുള്ള അവരുടെ ഈ സ്ഥിതി ഏറ്റവും പരിതാപകരംതന്നെ. ഇംഗ്ലീഷ് ഒരു മ്ലേച്ഛഭാഷയാണെന്നും, അത് പഠിച്ചാൽ ഭ്രഷ്ട് ഉണ്ടാകുമെന്നുമായിരുന്നു കുറച്ചുകാലം മുമ്പുവരെ അവർ ശഠിച്ചുകൊണ്ടിരുന്നത്..... എങ്കിലും സ്കൂളിൽ ചേർന്ന് ഇതരന്മാരെ തൊട്ടും തീണ്ടിയും ശുദ്ധം മാറിക്കൊണ്ട് പഠിക്കുന്നത് ഒരുവിധമാണെന്നുള്ള വിചാരം അടുത്ത കാലംവരെ അവരുടെ ഹൃദയത്തിൽനിന്ന് വിട്ടുപോയിരുന്നില്ല..... മദ്രാസ് എന്നോ സായിപ്പ് എന്നോ കേട്ടാൽതന്നെ കുളിക്കുകയും പുണ്യാഹംകൂടി വേണ്ടയോ എന്ന് സംശയിക്കുകയും ചെയ്തിരുന്ന വലിയ വലിയ നമ്പൂതിരിപ്പാടന്മാർ ഇപ്പോൾ തങ്ങളുടെ ബാലന്മാരെ (ഉണ്ണിനമ്പൂതിരിപ്പാടന്മാരെ) സ്വദേശത്തല്ല, മദ്രാസിൽ സായിപ്പന്മാർ ഉള്ള സ്കൂളുകളിൽതന്നെ നിശ്ശങ്കം ധാരാളമായി അയച്ചുതുടങ്ങിയിരിക്കുന്നു. ഇത് അവരുടെ ഉദ്ഗമനത്തിൻെറ പൂർണ്ണ ലക്ഷണമാണല്ലോ......... തിരുവിതാംകൂറിൽ മലയാള ബ്രാഹ്മണരുടെ വിദ്യാഭ്യാസം വകയ്ക്ക് മാത്രമായി നാല് സ്പെഷ്യൽ സ്കൂളുകൾ ഗവൺമെൻറ് അനുവദിക്കുകയും അവയിൽ ചിലത് നടപ്പിൽ വരുത്തുകയും ചെയ്തിരിക്കുന്നു."[11] രണ്ടുമൂന്നു ദിവസത്തിനുശേഷം വീണ്ടും എഴുതിയ മുഖലേഖനത്തിൽ നമ്പൂതിരിമാരിൽ ചിലർ വ്യവസായങ്ങളും പണവ്യാപാരങ്ങളും മറ്റും നടത്താൻ തയ്യാറായിട്ടുള്ളതിനെ

ഉദ്ഗതിയുടെ ലക്ഷണമായും എടുത്ത് പറയുന്നുണ്ട്. തിരുവിതാംകൂറിൽ തന്നെ മൂന്നോ നാലോ മലയാള ബ്രാഹ്മണർ സ്വയമേവ മെഴുകുതിരി, സോപ്പ്, മുതലായ വ്യവസായങ്ങൾ നടത്തിവരുന്നതായും ഇവരിലൊരാൾ പല തരത്തിലുള്ള സോപ്പുകൾ, മെഴുകുതിരികൾ, മൺചാണഭരണികൾ മുതലായ വസ്തുക്കൾ സ്വയമേവ ചെയ്ത് വില്ക്കുന്നതായും, വേറൊരു വ്യക്തി മരപ്പണി, ഇരുമ്പുപണി, പൊൻപണി, വാർപ്പുപണി, കണ്ണാടിക്ക് രസമിടീൽ, കഥകളിക്കോപ്പുകൾക്ക് തകിടടിക്കൽ തുടങ്ങിയ ചില്ലറപ്പണികൾ ചെയ്തുതുടങ്ങിയതായും പറഞ്ഞിരിക്കുന്നു."[12] കാലത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ പങ്കുചേരാൻപറ്റുംവിധം വ്യാപാരവ്യവസായരംഗങ്ങളിൽ പങ്കുചേർന്നാൽ മാത്രമേ ഇതര സമുദായങ്ങളോടൊപ്പം ഓടിയെത്തുവാൻ കഴിയുകയുള്ളുവെന്ന് മുഖപ്രസംഗത്തിലൂടെ മാമ്മൻ മാപ്പിള ഉദ്ബോധിപ്പിക്കുന്നുണ്ട്.

സമൂഹത്തിലെ എല്ലാ സമുദായങ്ങളുടെയും വിഭാഗങ്ങളുടെയും പ്രശ്നങ്ങൾ തുറന്നവതരിപ്പിക്കുകയെന്നത് മനോരമയുടെ ശീലമായിരുന്നു. നായർ-നമ്പൂതിരി സവർണ്ണ വിഭാഗത്തിന്റെ കാര്യത്തിലെന്നപോലെ അധഃകൃതർക്കുവേണ്ടിയും നടത്തിയിരുന്ന ആവേശകരമായ ഉദ്ധാരണപ്രവർത്തനങ്ങളെക്കുറിച്ചു നാം ഏറെക്കുറെ പ്രസ്താവിച്ചതാണല്ലോ. തിരുവിതാംകൂർ പ്രദേശത്തു ജനസംഖ്യകൊണ്ടും ഉദ്ഗതികൊണ്ടും അവഗണിക്കാൻ പറ്റാത്ത വലിയൊരു സമുദായമാണല്ലോ ഈഴവരുടേത്. 'മനോരമ'യുടെ ആരംഭം മുതൽ ശ്രീനാരായണ ഗുരുവിനെയും അദ്ദേഹത്തിന്റെ സാമുദായിക പ്രവർത്തനങ്ങളെയും 'മനോരമ' കലവറയില്ലാതെ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. ഈഴവനേതാക്കളുമായും സംഘടനാപ്രവർത്തനമായും 'മനോരമ'യ്ക്കുണ്ടായിരുന്ന അഭേദ്യമായ ബന്ധത്തെക്കുറിച്ച് മുൻ അദ്ധ്യായത്തിൽ നാം ദീർഘമായി ഉപന്യസിച്ചിട്ടുണ്ട്. 1988 ഏപ്രിൽ മാസത്തിൽ 'മലയാള മനോരമ'യുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് വർക്കല ശിവഗിരി മഠത്തിൽവെച്ച് നടത്തിയ കേരള സാംസ്കാരിക നവോത്ഥാനത്തിന് 'മനോരമ' നൽകിയ അനർഘ സംഭാവന എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സെമിനാറും, ശ്രീനാരായണഗ്രന്ഥവേദിയും 'മനോരമ' ചീഫ് എഡിറ്റർ കെ. എം. മാത്യുവാണ് ഉദ്ഘാടനം ചെയ്തത്. 'മനോരമ'യും ശ്രീനാരായണപ്രസ്ഥാനവും എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു എന്ന് കെ. എം. മാത്യു പ്രസംഗത്തിൽ വ്യക്തമാക്കിയിരുന്നു. അതിലൊരംശമാണ് താഴെ കൊടുക്കുന്നത്. "മലയാള മനോരമയും ശ്രീനാരായണഗുരുവിന്റെ പ്രവർത്തനങ്ങളും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഓർക്കുകയാണെങ്കിൽ നാം ഇപ്പോൾ ആഘോഷിക്കുന്നത് അതിന്റെ ശതാബ്ദികൂടിയാണെന്നെനിക്ക് തോന്നിപ്പോകുന്നു. ഏതാണ്ട് നൂറു വർഷം മുമ്പുതന്നെ സ്വാമിയുടെ സകല പ്രവർത്ത

---

നങ്ങളിലും മലയാള മനോരമ ജാഗരൂകമായിരുന്നു. ഗുരുദേവൻെറ യാത്രാ പരിപാടികൾ മനോരമയിൽ മുറയ്ക്കു പ്രസിദ്ധീകരിക്കപ്പെട്ടു. ടാഗോറും, ഗാന്ധിജിയും ഗുരുദേവനെ ശിവഗിരിയിൽ വന്ന് സന്ദർശിച്ചതിൻെറ വിശദമായ റിപ്പോർട്ടുകൾ മനോരമയിൽ പ്രസിദ്ധപ്പെടുത്തി. ഗുരുനാഥൻ അസുഖം ബാധിച്ചു മദ്രാസിൽ ചികിത്സയിൽ കഴിഞ്ഞപ്പോൾ ദിവസം രണ്ട് കമ്പിവാർത്തകൾ വീതം മനോരമയിൽ പ്രസിദ്ധീകരിച്ചു. അങ്ങനെ ആ കാലഘട്ടം മുതൽ ശ്രീനാരായണപ്രസ്ഥാനവുമായി അഭേദ്യമായ ഒരു ബന്ധം മനോരമ നിലനിർത്തിപ്പോന്നു. ആ ബന്ധത്തിൻെറ ഒരു സെൻറിനറികൂടിയാണ് ഇന്നിവിടെ ആഘോഷിക്കുന്നതെന്ന് ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു."[13] അതേ പ്രസംഗത്തിൽ തൻെറ വന്ദ്യപിതാവ് കെ. സി. മാമ്മൻ മാപ്പിള എസ്. എൻ. ഡി. പിയുടെ കനകജൂബിലി പ്രമാണിച്ച് എഴുതിയ മുഖപ്രസംഗത്തിലെ പ്രസക്തഭാഗം ചേർത്തിട്ടുള്ളത് നമുക്കിവിടെ പ്രയോജനപ്പെടുത്താം. അതിപ്രകാരമാണ്. "എസ്. എൻ. ഡി. പിയുടെ ഏറ്റവും വിനീതമായ പ്രാരംഭകാലം മുതൽ അതിന് അതതു കാലത്ത് പരിതസ്ഥിതിയിൽ സാദ്ധ്യമായ പ്രസിദ്ധീകരണംവഴി പ്രചരണം കൊടുത്ത് അതിനെ പ്രോത്സാഹിപ്പിക്കുന്നതിന് മനോരമ ശ്രമിച്ചിട്ടുണ്ടെന്നുള്ളത് സർവ്വസമ്മതമാണ്. എന്നല്ല മനോരമയിലല്ലാതെ അതിൻെറ പ്രാരംഭകാല വൃത്താന്തങ്ങൾ ഇന്ന് പ്രവർത്തനത്തിലിരിക്കുന്ന മറ്റേതെങ്കിലും മലയാളപത്രത്തിൽ അത്ര അനുഭാവപൂർവ്വമായ വീക്ഷണത്തിൽ വിശദമായി കാണുമെന്ന് ഞങ്ങൾ വിചാരിക്കുന്നില്ല. എന്തെന്നാൽ മനോരമയുടെ പ്രവർത്തനലക്ഷ്യവും, എസ്. എൻ. ഡി. പിയുടെ പ്രവർത്തനലക്ഷ്യവും, സാമുദായികവും രാഷ്ട്രീയവുമായ അവശതകളെയും, അവകാശന്യൂനതകളെയും സംബന്ധിച്ചിടത്തോളം വളരെ സാരൂപ്യമുള്ളതായിരുന്നു. സാമുദായികമായ ഉച്ചനീചത്വങ്ങളുടെ ഒരു ഭ്രാന്താലയമായിട്ടാണ് അന്നത്തെ കേരളത്തെ ഭരണാധികാരികളും സമുദായനാചാരങ്ങളും പരിരക്ഷിച്ചിരുന്നത്. അതിൻെറ പരിഹാരം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം സമുദായമണ്ഡലത്തിൽ ഇനിയും വളരെ വിജയകരമായിട്ടില്ലെങ്കിലും നിയമത്തെയും അധികാരത്തെയും സംബന്ധിച്ചിടത്തോളം പരിപൂർണ്ണ വിജയത്തിലായിരിക്കുന്ന ഒരു കാലമാണിത്. അതിൽ എസ്. എൻ. ഡി. പിയെപ്പോലെ അഭിമാനിക്കുന്നതിനും ആഹ്ലാദിക്കുന്നതിനും അതിൻെറ ഓരോ പടിയിലും ഒന്നുകിൽ മുൻനിന്ന് അല്ലെങ്കിൽ കൂടെയോ പിന്നിലോനിന്നോ നയിക്കുകയോ സഹകരിക്കുകയോ ചെയ്തിട്ടുള്ള മനോരമയ്ക്കും ഒരവകാശമുണ്ടെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്"[14] എപ്പോഴൊക്കെ ഈഴവസമുദായത്തിൻെറ പ്രശ്നങ്ങൾ ജനശ്രദ്ധയെ ആകർഷിച്ചിട്ടുണ്ടോ അപ്പോഴൊക്കെ മനോരമ അവരുടെ സഹായത്തിന് എത്തിയിട്ടുള്ളതായി കാണാം. ഈഴവരുടെ ദായക്രമത്തിന് ഐക്യരൂപ്യമുണ്ടാ

ക്കുന്നതിനായി പി. എൻ. ഭൂതലിംഗയ്യർ കമ്മറ്റി സമർപ്പിച്ച റിപ്പോർട്ട് ഗസറ്റിൽ പ്രസിദ്ധീകരിച്ചതോടെ അത് സൂക്ഷ്മമായി പഠിച്ച് 1919 ഫെബ്രുവരി 18ന്, 'ഈഴവ ലോ കമ്മറ്റി'യുടെ റിപ്പോർട്ട് എന്ന തലക്കെട്ടിൽ മനോരമ തത്സംബന്ധമായി എഴുതിയിരുന്നു. മരുമക്കത്തായസമ്പ്രദായത്തിനുപകരം മക്കത്തായമാണ് കൂടുതൽ അഭികാമ്യം എന്നുണർത്തിക്കൊണ്ട് 'മനോരമ' എഴുതിയത്, "ദിനംപ്രതി ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കുകയും നവംനവങ്ങളായ ആശയങ്ങൾ സ്വീകരിച്ച് കാലാനുസൃതങ്ങളായ പരിഷ്കാരങ്ങളോടുകൂടി വളർന്നുവരികയും ചെയ്യുന്ന ഒരു സമുദായത്തിന് അനേക ശതാബ്ദങ്ങൾക്കു മുമ്പ് ഈ നാട്ടിലെ മരുമക്കത്തായികളുടെ ഇടയിൽ ഉണ്ടായിരുന്ന നിയമങ്ങൾ ഒരിക്കലും യോജിക്കുന്നതല്ലെന്നും യോജിക്കാതിരുന്നാൽ കാലഗതിയിൽ ഈ സമുദായം ഈ നിയമത്തെ അതിക്രമിച്ച് വളർന്നുപോയി എന്നും അനുഭവത്തിൽ നിന്നും റിപ്പോർട്ടിൽനിന്നും വെളിവാകുന്നുണ്ട്"[15] സമുദായത്തിൻെറ കാതലായ പ്രശ്നങ്ങളെ പരിപക്വമായ ബുദ്ധിസാമർത്ഥ്യത്തോടുകൂടി വിശകലനം ചെയ്യുകയും നീതിപൂർവ്വമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക മാമ്മൻ മാപ്പിള തൻെറ കർത്തവ്യമായി കരുതിപ്പോന്നു.

ഇന്ത്യയെ പൊതുവെയും കേരളത്തെ പ്രത്യേകമായും ജനശ്രദ്ധയിലേക്ക് കൊണ്ടുവന്ന മഹാപ്രസ്ഥാനമായിരന്നുവല്ലോ വൈക്കം സത്യാഗ്രഹം. മനുഷ്യൻെറ പ്രാഥമികാവകാശമായ സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള തീവ്രസമരമായിരുന്നു അവിടെ നടന്നത്. 1924 മാർച്ച് 30-ാം തീയതി ആരംഭിച്ച് 1925 നവംബർ 23ന് അവസാനിച്ച വൈക്കം സത്യാഗ്രഹസമരം 603 ദിവസം നീണ്ടുനിന്നു. നായയ്ക്ക് നടക്കാവുന്ന വഴിയിലൂടെ നരന് നടക്കുവാനുള്ള അധികാരം സ്ഥാപിച്ച് സഞ്ചാരസ്വാതന്ത്ര്യം നിലനിർത്തുക എന്നതായിരുന്നുവല്ലോ വൈക്കം സത്യഗ്രഹത്തിൻെറ ലക്ഷ്യം. ഇന്ത്യയിലെ അധഃസ്ഥിതവർഗ്ഗങ്ങളുടെ ശ്രദ്ധ രാഷ്ട്രത്തിൻെറ തെക്കേ അറ്റത്തേക്ക് ആകർഷിക്കുവാൻ സാധിച്ച ഈ സംഭവം അയിത്തോച്ചാടനത്തിൻെറയും സഞ്ചാരസ്വാതന്ത്ര്യത്തിൻെറയും ചരിത്രത്തിൽ പ്രശോഭിതമായി നില്ക്കുന്ന സമരാദ്ധ്യായമാണ്. മഹാത്മാഗാന്ധിയും, ശ്രീനാരായണഗുരുവും രാമസ്വാമി നായ്ക്കരും ടി. കെ. മാധവനും തുടങ്ങി അധഃസ്ഥിതരുടെ ഉദ്ധാരകരൊക്കെ ഈ സഹനസമരത്തിന് സാക്ഷികൾ ആയിരുന്നു. തുടക്കംമുതൽ അവസാനംവരെ എല്ലാ ഘട്ടങ്ങളിലും മലയാള മനോരമ വൈക്കം സത്യഗ്രഹത്തിൻെറ വസ്തുനിഷ്ഠമായ റിപ്പോർട്ടുകൾ മാത്രമല്ല തത്സംബന്ധമായി നിരവധി മുഖലേഖനങ്ങൾകൂടി എഴുതിയിരുന്നു. 'തിരുവിതാംകൂറിലെ അയിത്തോച്ചാടനം' എന്ന തലക്കെട്ടിൽ 1924 മാർച്ച് 29ന് വന്ന മുഖപ്രസംഗം വിചാരശീലരായ ഏവരുടെയും കണ്ണ് തുറപ്പിക്കുംവിധമുള്ളതായിരുന്നു. "നിസ്സാരമെന്ന് ഇപ്പോൾ തോന്നാവുന്ന

ഈ സംരംഭം കാലക്രമേണ ആർക്കും തടുക്കാനോ നിയന്ത്രിക്കാനോ പാടില്ലാത്തവിധത്തിൽ അതിശക്തിമത്തായിത്തീരാവുന്നതാണെന്ന് ഞങ്ങൾക്ക് വളരെ ഭയം തോന്നുന്നതിനാൽ ഇപ്പോൾ ഇതിൽ പ്രവേശിച്ചിട്ടുള്ളവരുടെ നിസ്സാരത്വത്തെയോ, പൂർവ്വചടങ്ങുകളിൽ വരവണ്ണം ഭേദഗതി ചെയ്താൽ ഈശ്വരവിരോധം ഉണ്ടായേക്കുമെന്ന സ്വമനഃശ്ചാഞ്ചല്യത്തെയോ മുൻനിർത്തിക്കൊണ്ട് ഇപ്പോഴത്തെ പതനത്തിൽ യാതൊന്നും ചെയ്യരുതെന്ന് രാജ്യത്തിൻെറ സ്ഥിയിയായ നന്മയെ മാത്രം ഉദ്ദേശിച്ചുകൊണ്ട് ഞങ്ങൾ അധികാരമുള്ളവരോട് അപേക്ഷിച്ചുകൊള്ളുന്നു.

“ഇന്ത്യയിലൊട്ടുക്ക് അധഃകൃതവർഗ്ഗക്കാരെന്ന് ഗണിക്കപ്പെടുന്നവർ സവർണ്ണ ഹിന്ദുക്കളെ തൊട്ടാൽ അശുദ്ധി ഉണ്ടായിപ്പോകും എന്നൊരു മാമൂൽ ഉള്ളതിനെ ദൂരീകരിക്കാനായിട്ടാണ് മഹാത്മാഗാന്ധി മുതലായിട്ടുള്ള യഥാർത്ഥ ദേശാഭിമാനികളുടെ ഇപ്പോഴത്തെ സർവ്വപ്രധാനമായ പ്രയത്നം. എന്നാൽ ഇന്ത്യയിലെ ഒരു ഭാഗമായ കേരളരാജ്യത്തിൽ തൊടീൽകൊണ്ട് മാത്രമല്ല സാമീപ്യംകൊണ്ടും ദർശനംകൊണ്ടുപോലും ഉയർന്ന ജാതിക്കാർക്ക് അശുദ്ധി ഉണ്ടായിപ്പോകുമെന്നതിനെപ്പറ്റി ആർക്കും ഒരു സംശയവുമില്ല. വിവേകാനന്ദസ്വാമി കേരളം സന്ദർശിച്ചപ്പോഴാണ് ഇങ്ങനെ ഒരു നടപ്പ് ലോകത്തിൽ എവിടെയെങ്കിലുമുണ്ടെന്നുള്ള സംഗതി അദ്ദേഹം ധരിക്കാനിടയായത്. ഉയർന്ന ജാതിക്കാർ താണ ജാതിക്കാരെ ആട്ടി ദൂരത്തിൽ മാറ്റുന്നതും താണ ജാതിക്കാർ അകലേക്ക് ഓടിപ്പോകുന്നതും മറ്റുമെല്ലാം കണ്ടിട്ട്, മലയാള രാജ്യത്തുള്ളവരെല്ലാവരും ഒരുവക ഭ്രാന്തന്മാരാണെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. മദ്രാസ് മുതലായ രാജ്യങ്ങളിൽ പറയർ മുതലായവരായിപ്പോലും തൊടീൽ ഒഴിച്ച് മറ്റു പെരുമാറ്റങ്ങളെല്ലാം യാതൊരുതരം അശുദ്ധി ദോഷവും കൂടാതെ നടത്തിവരുന്ന തമിഴ് ബ്രാഹ്മണർ, വെള്ളാളർ മുതലായവരും മലയാളത്ത് വരുമ്പോൾ പുലയർ, പറയർ മുതലായവരെ മാത്രമല്ല സാമൂഹ്യസ്ഥിതിയിലും ബുദ്ധിശക്തിയിലും മറ്റും വളരെ ഒരുയർന്ന സ്ഥാനത്തിനർഹതയുള്ള ഈഴവരെപ്പോലും ആട്ടിയോടിക്കുന്നത് കണ്ടാൽ നേരമ്പോക്കോ, കോപമോ, സങ്കടമോ ഏത് വികാരമാണ് കൂടുതലായി ശക്തിപ്പെടുന്നത് എന്ന് തീർച്ചപറയാവതില്ല.... നമ്മുടെ ഭൂഭാഗത്തിൽ ഇത്ര അർത്ഥശൂന്യവും ഇത്ര ക്രൂരവുമായ ഒരാചാരം എങ്ങനെ ഉത്ഭവിച്ചു എന്നതിനെപ്പറ്റി ഇപ്പോൾ ചിന്തിച്ചതുകൊണ്ട് ഫലമൊന്നുമുണ്ടാകാനില്ല. ഇന്ത്യയൊട്ടുക്കുള്ള ഉയർന്ന ജാതിക്കാരെല്ലാവരും തൊടീൽ നിമിത്തമുണ്ടാകുമെന്ന് വെച്ചിട്ടുള്ള അശുദ്ധി കോപത്തെ അവഗണിക്കാനായി സർവ്വാത്മനാ പ്രയത്നിച്ചുവരുന്ന ഈ സന്ദർഭത്തിൽ തീണ്ടൽ എന്ന പിശാചിനെ ഏതുവിധമെങ്കിലും നാടുകടത്തേണ്ടത് എത്രയും അത്യാവശ്യ

മാണ്. ഒരു കുമാരനാശാനോ, ഒരു ശ്രീനാരായണഗുരുസ്വാമിയോ പബ്ലിക് റോഡിൽക്കൂടി നടക്കുന്ന സമയം മദ്യപാനം മുതലായ സർവ്വ ദുർവൃത്തികൾകൊണ്ട് മലിനപ്പെട്ടിട്ടുള്ള വിദ്യാവിഹീനനായ ഒരുയർന്ന ജാതിക്കാരൻ അവരെ വഴിയിൽനിന്നും ആട്ടിയോടിക്കുകയും അവർ മാറിപ്പോകാൻ വല്ല മടിയും പ്രദർശിപ്പിക്കുന്നതായാൽ ശകാരിക്കുകയും പ്രഹരിക്കുകയും ചെയ്യാവുന്ന ഒരവസ്ഥയെപ്പറ്റി അവർ ക്ഷമകേട് പ്രദർശിപ്പിക്കുന്നുവെങ്കിൽ അതിനെപ്പറ്റി അല്പംപോലും അദ്ഭുതപ്പെടാനില്ല..... ഇങ്ങനെയുള്ള ഒരു ഘട്ടത്തിൽ തിരുവിതാംകൂറിലെ അധഃകൃതവർഗ്ഗക്കാർ മഹാത്മാഗാന്ധിയുടെ ആശയമനുസരിച്ച് അക്രമരഹിതമായ സത്യഗ്രഹനയം സ്വീകരിക്കുന്നതായാൽ അവരെ തടുക്കാൻ ഒരു ഗവൺമെൻറിനും സാധിക്കുന്നതല്ല...."[16] അക്രമരാഹിത്യസഹനസമരങ്ങളിൽ നിർബന്ധമായും അനുഷ്ഠിക്കേണ്ട ധർമ്മത്തെ അടിവരയിട്ട് ഓർമ്മിപ്പിച്ചുകൊണ്ട് സത്യഗ്രഹത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ടു മഹാത്മാഗാന്ധി കെ. പി. കേശവമേനോന് എഴുതിയിരുന്ന എഴുത്തും 'മനോരമ' അതിൻെറ മുഖപ്രസംഗത്തിൽ ചേർത്തിരുന്നു. മഹാത്മജിയുടെ എഴുത്തിലെ വാക്കുകളാണ് ചുവടെ ചേർക്കുന്നത് "...... ബലം ഉപയോഗിച്ചുള്ള യാതൊരു പ്രവൃത്തിയും ഉണ്ടാക്കരുത്. അടിയുണ്ടായാൽ ശാന്തമായി അതു മുഴവൻ അനുഭവിക്കണം. ഘോഷയാത്രയിൽ ഉൾപ്പെടുന്നവരെല്ലാം വ്യവസ്ഥകൾ ശരിയായി അറിയുകയും അവ പാലിക്കാൻ ഒരുങ്ങിയിരിക്കുകയും വേണം..... ഘോഷയാത്രക്കാർ വ്യവസ്ഥകൾ പാലിക്കാൻ ഇടയില്ലെന്നു കണ്ടാൽ ഘോഷയാത്ര മാറ്റിവയ്ക്കുവാൻ നിങ്ങൾ അശേഷം മടിക്കരുത്....." ഗാന്ധിജിയുടെ മാർഗ്ഗനിർദ്ദേശം പരിപാലിക്കപ്പെടുന്നകാലത്തോളം സത്യഗ്രഹികൾക്ക് ജനങ്ങളുടെ ഹാർദ്ദമായ പിന്തുണ ലഭിക്കും എന്ന് ഉറപ്പുനൽകിക്കൊണ്ടാണീ മുഖപ്രസംഗം അവസാനിക്കുന്നത്.

മാർച്ച് 30-ാം തീയതി സത്യഗ്രഹം ആരംഭിച്ചു. സമരനേതാക്കന്മാരായ കെ. പി. കേശവമേനോൻ, വേലായുധമേനോൻ, ഏ. കെ. പിള്ള, ടി. കെ. മാധവൻ എന്നിവർക്ക് നിരോധനാജ്ഞ നൽകിയെങ്കിലും അവർ നിയമലംഘനം നടത്തി അറസ്റ്റ് വരിക്കുകയാണുണ്ടായത്. 1924 ഏപ്രിൽ 1ന് മനോരമ എഴുതിയ മുഖപ്രസംഗത്തിൽ സത്യഗ്രഹം ആരംഭിച്ചതുമുതലുള്ള സംഭവങ്ങൾ വിവരിച്ചശേഷം അതിനെ വിലയിരുത്തുന്നതിങ്ങനെയാണ്. "ഈ പ്രസ്ഥാനത്തിൽ നായന്മാർ മുതലായ സവർണ്ണ ഹിന്ദുക്കൾ ആനുകൂല്യം പ്രദർശിപ്പിക്കുന്നതായി കാണുന്നതുകൊണ്ട് ഗവൺമെൻറിൻെറ വിരോധം മാത്രമേ ഉള്ളൂ എന്ന് വിചാരിക്കാവുന്നതാണ്. ക്ഷേത്രപ്രവേശനവാദം സംബന്ധിച്ചും നായന്മാരിൽ മിക്കവാറുമാളുകൾ ആനുകൂല്യം പ്രദർശിപ്പിക്കുന്നതായിട്ടാണറിവ്. അയിത്തമെന്ന അനാചാരത്തെ ഈ ഇരുപതാം നൂറ്റാണ്ടിൽ പാലിച്ചുകൊണ്ടുപോകണമെന്ന് തിരു

വിതാംകൂർ ഗവൺമെൻറ് നിർബന്ധം പിടിക്കുന്നത് വിഹിതമല്ല. മതവും അയിത്തവുമായി ന്യായമായ യാതൊരു ബന്ധവുമില്ല. ജാതിഭേദം തന്നെ സ്വഭാവഗുണങ്ങളും പ്രവൃത്തിവ്യത്യാസവും അനുസരിച്ചുണ്ടായതാണെന്നാകുന്നു ശാസ്ത്രവിധി...... പൗരാവകാശസമത്വത്തിനായി ഒരു വിദേശീയ ഗവൺമെൻറിനോട് ഭരതീയർ സമരം ചെയ്യുന്ന ഈ അവസരത്തിൽ അതുപോലെയുള്ള ഒരുസമരം നമ്മുടെ ഗവൺമെൻറുമായി നടത്തേണ്ടിവരുന്നത് അഭിമാനകരമല്ല. അതിനാൽ വൈക്കത്ത് ഇപ്പോൾ ആരംഭിച്ചിട്ടുള്ള സത്യാഗ്രഹസമരം തുടരുന്നതിന് ഇടയാകാതെ കഴിയുന്നതും വേഗത്തിൽ അധഃകൃതർക്ക് അനുകൂലമായ ഒരു തീരുമാനം ചെയ്യുന്നതിന് ഗവൺമെൻറ് മനസ്സുവയ്ക്കുവെന്ന് വിശ്വസിക്കുന്നു."[17]

സത്യഗ്രഹം നീണ്ടുപോയതോടുകൂടി ഇതെങ്ങനെയെങ്കിലും പരിഹരിക്കാമെന്ന ആഗ്രഹം ഇരുപക്ഷത്തുനിന്നുമുണ്ടായി. അന്നത്തെ ദിവാൻ സ്ഥാനം നോക്കിയിരുന്ന ചീഫ് ജസ്റ്റീസ് വീരരാഘവ അയ്യങ്കാർ സ്ഥലം സന്ദർശിച്ചശേഷം നിർദ്ദേശിച്ചത് തീണ്ടൽജാതിക്കാർക്ക് സഞ്ചരിക്കാൻ സൗകര്യപ്രദമായ മറ്റൊരു വഴി ഉണ്ടാക്കിക്കൊടുത്ത് പ്രശ്നം അങ്ങനെ പരിഹരിക്കാമെന്നായിരുന്നു. ഈ പ്രഖ്യാപനത്തെ നിശിതമായി വിമർശിച്ചുകൊണ്ട് മനോരമ എഴുതിയത് ഇപ്രകാരമാണ്. "സത്യാഗ്രഹപ്രസ്ഥനം ഒരവകാശസ്ഥാപനത്തിനുള്ള ശ്രമമാണ്. ഇതര വർഗ്ഗക്കാർക്ക് സഞ്ചരിക്കാൻ അർഹതയുള്ള പൊതുസ്ഥലങ്ങളിൽക്കൂടി അധഃകൃതർ എന്ന് പറയപ്പെടുന്നവർക്കുകൂടി സഞ്ചരിക്കുവാൻ അവകാശമുണ്ടെന്ന് സ്ഥാപിക്കുവാനാകുന്നു ഇപ്പോഴത്തെ വലിയ ബഹളങ്ങളെല്ലാം നടക്കുന്നത്. ഏതു വഴിയേകൂടിയെങ്കിലും മുന്നോട്ടുപോകണമെന്നല്ല സത്യാഗ്രഹികളുടെ ആഗ്രഹം. സ്വകുടുംബത്തിൽനിന്നും ബഹിഷ്കൃതനായ ഒരാൾ മറ്റു സഹോദരങ്ങളോടൊപ്പമുള്ള അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിന് ആവശ്യപ്പെട്ടാൽ സഹോദരന്മാർക്ക് ഇഷ്ടമുള്ള ഒരു ഗൃഹവും ചെലവിനുള്ള വഴികളും ബഹിഷ്കൃതനായ സഹോദരന് കൊടുത്താൽ മതിയെന്ന് കല്പിക്കുന്നത് ന്യായമാണോ? ഇതുകൊണ്ട് ആരെങ്കിലും തൃപ്തിപ്പെടുമോ? ഇപ്രകാരം ഒരു സഹോദരനോട് ആരെങ്കിലും പ്രവർത്തിക്കുന്നപക്ഷം അത് ദൈവനീതിക്കും മനുഷ്യനീതിക്കും അനുയോജ്യമായിരിക്കുമോ?" 'മനോരമ' ന്യായവാദം നടത്തി.

സർക്കാർ മുന്നോട്ടുവച്ച മറ്റൊരു വാദം ക്ഷേത്രത്തോട് തൊട്ടുകിടക്കുന്ന ഈ വഴി രാജപാതയല്ലെന്നും ഈ വഴിയിൽക്കൂടി സഞ്ചരിക്കുവാൻ ക്ഷേത്രസമിതി അനുവദിക്കുന്നവർക്ക് മാത്രമേ അർഹതയുള്ളൂ എന്നുമായിരുന്നു. ഈ വാദത്തെ തകർത്തുകൊണ്ട് പ്രസിദ്ധ നിയമപണ്ഡിതനായിരുന്ന ശ്രീനിവാസയ്യങ്കാർ ഇത് രാജപാത തന്നെയാണെന്ന് യുക്തിസഹമായി സമർപ്പിക്കുന്ന ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തിയിരുന്നു.

'മനോരമ' വളരെ പ്രാധാന്യം കൊടുത്ത് അത് പ്രസിദ്ധീകരിച്ചു. ശ്രീനിവാസയ്യങ്കാർ തൻെറ നിഗമനത്തിന് അനുകൂലമായി വിഷയം അവതരിപ്പിച്ചത് ഇപ്രകാരമാണ്. "വിവാദവഴിയുടെ സ്ഥലം ക്ഷേത്രം വകയാണെന്ന് വരികിലും സവർണ്ണ ഹിന്ദുക്കളെപ്പോലെ ക്രിസ്ത്യാനികൾ, മുഹമ്മദീയർ, യൂറോപ്യന്മാർ മുതലായവർ ആ വഴിയെ നടന്നുവന്നിട്ടുള്ളതുകൊണ്ടും, പ്രസ്തുത റോഡിൽ ശുചീകരണം, വിളക്കുവെപ്പ് എന്നിവ മറ്റു പൊതു നിരത്തുകളുടെ കാര്യത്തിലെന്നപോലെ വൈക്കം മുൻസിപ്പാലിറ്റി നടത്തിവരുന്നതുകൊണ്ടും, റോഡരികിലുള്ള വൃക്ഷങ്ങൾ പൊതുമരാമത്തു വകയാണെന്ന് അടയാളപ്പെടുത്തിയിട്ടുള്ളതുകൊണ്ടും ഈവഴി രാജപാതയാണെന്ന് വ്യക്തമാണ്."[18]

സത്യഗ്രഹത്തിന് എല്ലാവിഭാഗം ജനങ്ങളിൽനിന്നും ലഭിച്ച പിന്തുണ യാഥാസ്ഥിതികസത്വത്തെ ഒറ്റപ്പെടുത്തി. ഗാന്ധിജിയുടെ നിർദ്ദേശാനുസരണം സവർണ്ണർ മാത്രം ഒപ്പിട്ട ഒരു ഭീമഹർജിയുമായി സവർണ്ണർ മാത്രം ഉൾക്കൊള്ളുന്ന ഒരു ജാഥ തിരുവനന്തപുരത്ത് പോയി റീജൻറിന് സമർപ്പിക്കണമെന്ന് തീരുമാനിച്ചിരുന്നു. തദനുസൃതം മന്നത്ത് പത്മനാഭൻെറ നേതൃത്വത്തിൽ 1924 നവംബർ 1ന് വൈക്കം ബോട്ടുജെട്ടി മൈതാനത്തു നിന്നും 'സവർണ്ണജാഥ - തിരുവിതാംകൂർ' എന്നെഴുതിയിട്ടുള്ള വലിയൊരു പതാകയുമേന്തി 120 സവർണ്ണാംഗങ്ങളോടുകൂടി ജാഥയായി തിരുവനന്തപുരത്തേക്ക് പുറപ്പെട്ടു. മന്നത്തിനു പുറമേ ഇടവനാട് പത്മനാഭമേനോൻ, കെ. കേളപ്പൻ, പ്രാക്കുളം പരമേശ്വരപിള്ള, കെ. പി. ശങ്കരമേനോൻ, കെ. ജി. കുഞ്ഞികൃഷ്ണപിള്ള, കണ്ടംതോടത്ത് വേലായുധമേനോൻ, കെ. ജി. ശങ്കർ, ഡോ. പി. സി. കേശവപിള്ള. ഡോ. കെ. ഗോവിന്ദപിഷാരടി തുടങ്ങിയ സവർണ്ണനേതാക്കളും ഉൾപ്പെട്ടിരുന്നു.[19] വൈക്കത്തു നിന്നും 120 പേരോടുകൂടി പുറപ്പെട്ട ജാഥ ഓച്ചിറ എത്തിയപ്പോഴേക്കും 250 പേരായി.[20] വൈക്കത്തുനിന്നും സവർണ്ണജാഥ പുറപ്പെട്ട നാൾതന്നെ ശുചീന്ദ്രത്തുനിന്ന് മറ്റൊരു ജാഥയും തിരുവനന്തപുരത്തേക്ക് നീങ്ങി. പ്രജാസഭയിൽ എൻ കുമാരൻ ബി. എ., ബി. എൽ. ഒരു 'സഞ്ചാരസ്വാതന്ത്ര്യ' പ്രമേയം അവതരിപ്പിച്ചിരുന്നു. "വൈക്കം ക്ഷേത്രത്തിനും തിരുവിതാംകൂറിലെ മറ്റെല്ലാ ക്ഷേത്രങ്ങൾക്കും ചുറ്റുമുള്ള എല്ലാ റോഡുകളും ജാതിമത വ്യത്യാസം കൂടാതെ മഹാരാജാവ് തിരുമനസ്സിലെ സകല ജനവിഭാഗങ്ങൾക്കും സഞ്ചരിക്കുന്നതിന് തുറന്നുകൊടുക്കണമെന്ന് ഈ കൗൺസിൽ ഗവൺമെൻറിനോട് ശുപാർശ ചെയ്യുന്നു." എന്നായിരുന്നു പ്രമേയം. മൂന്നു ദിവസത്തെ വാശിയേറിയ ചർച്ചയ്ക്കുശേഷം പ്രമേയം ഒരു വോട്ടിന് പരാജയപ്പെട്ടു. പ്രമേയത്തെ പരാജയപ്പെടുത്തിയ ആ ഒരു വോട്ട് മഹാനായ ഡോ. പല്പുവിൻെറ സഹോദരൻ മാനേജർ പരമേശ്വരൻേറതായിരുന്നു[21] എന്നത് വലിയ വിരോധാഭാസമായി അവശേഷിക്കുന്നു. അതേസമയം

---

*മലയാള മനോരമയുടെ ചരിത്രം*

ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് കെ. സി. മാമ്മൻ മാപ്പിള ചെയ്ത പ്രസംഗം നാം ഉദ്ധരിച്ചതാണെങ്കിലും അതിവിടെ ആവർത്തിക്കുന്നത് അപ്രസക്തമല്ല. "ഈ സഭയിലെ ഓരോ അംഗവും നാവുയർത്തുവാൻ കഴിവില്ലാത്ത അധഃകൃതരുടെ സ്വന്തം പ്രതിനിധിയാണെന്ന് സ്വയം കരുതണം. ഈ നിരോധനം മെമ്പർമാരെ ബാധിക്കുന്നതാണെങ്കിൽ അവർക്കെങ്ങനെതോന്നും?"

ആ സമരകാലം മുഴുവൻ 'മനോരമ' എല്ലാ വിശദാംശങ്ങളോടുകൂടി വാർത്തകൾ പ്രസിദ്ധീകരിക്കുകയും ആവശ്യമുള്ളപ്പോഴൊക്കെ മുഖപ്രസംഗങ്ങൾ എഴുതുകയും ചെയ്തു. പൊതുജനാഭിപ്രായത്തെ എക്കാലവും ചിറകെട്ടി നിർത്തുവാൻ അസാദ്ധ്യമാണെന്നു മനസ്സിലാക്കിയ അധികാരികൾ അവസാനം 1925 നവംബർ 23ന് വൈക്കം ക്ഷേത്രത്തിലേക്കുള്ള നിരത്തുകൾ ജാതിവ്യത്യാസമെന്യേ എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നുകൊടുത്തു. ഇതേത്തുടർന്ന് പലസ്ഥലത്തും വഴിനടക്കുവാനുള്ള അവകാശസമരങ്ങൾ നടന്നതിന്റെ ഫലമായി 1928 ആയപ്പോഴേക്കും തിരുവിതാംകൂറിലെ എല്ലാ ക്ഷേത്രനിരത്തുകളും ജാതിപരിഗണന കൂടാതെ എല്ലാവർക്കുമായി തുറന്നുകൊടുക്കേണ്ടതായി വന്നു. സാമൂഹ്യനവോത്ഥാന പുരോഗതിയുടെ നാഴികക്കല്ലായി ഇത് പരിലസിക്കുകയും ചെയ്തു. മനുഷ്യാവകാശങ്ങൾക്കുവേണ്ടി നടന്നിട്ടുള്ള സമരങ്ങൾക്കെല്ലാം ധാർമ്മികവും സൃഷ്ടിപരവുമായ പിന്തുണ നൽകുവാൻ 'മലയാള മനോരമ'യും നവോത്ഥാനഘട്ടത്തിൽ പത്രത്തിന്റെ നടുനായകത്വം വഹിച്ച കെ. സി. മാമ്മൻമാപ്പിളയും സദാ തയ്യാറായിരുന്നു എന്നതാണ് മറ്റു പത്രങ്ങളിൽനിന്നും 'മലയാള മനോരമ'യെ വേർതിരിച്ചുനിർത്തുന്നത്.

## സൂചിക

1. മലയാള മനോരമ, ഉയിർത്തെഴുന്നേല്പിന്റെ അമ്പതാം വാർഷികം, 1989 നവംബർ 29, മതമൈത്രിയുടെ വിശുദ്ധ സന്ദേശം, ലേഖനം - ഡോ. ടി. കെ. രവീന്ദ്രൻ
2. മലയാള മനോരമ, 1890 മാർച്ച് 22
3. കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ മുഖപ്രസംഗങ്ങൾ, മുൻ ഉദ്ധരിച്ചത്, 1892 ജൂൺ 3
4. മലയാള മനോരമ, 1909 ഏപ്രിൽ 3
5. മലയാള മനോരമ, 1919 ഏപ്രിൽ 19
6. മലയാള മനോരമ, 1899 ജൂലൈ 8
7. മലയാള മനോരമ, 1890 ജൂലൈ 12
8. മലയാള മനോരമ, 1893 നവംബർ 18

9. മലയാള മനോരമ, 1909 ഏപ്രിൽ 11
10. ശ്രീനാരായണപ്രസ്ഥാനവും മലയാള മനോരമയും, എഡിറ്റർ, ജി. പ്രിയദർശനൻ, ലേഖനം, പി. ഭാസ്കരനുണ്ണി, മനോരമയുടെ മുഖപ്രസംഗങ്ങൾ പുറം - 47
11. മലയാള മനോരമ, 1919 മാർച്ച് 5
12. മലയാള മനോരമ, 1919 മാർച്ച് 8
13. ശ്രീനാരായണപ്രസ്ഥാനവും മലയാള മനോരമയും, മുൻ ഉദ്ധരിച്ചത്, ലേഖനം, കെ. എം. മാത്യു, ചീഫ് എഡിറ്റർ, മലയാള മനോരമ, ഒരു സ്നേഹബന്ധത്തിന്റെ ശതാബ്ദിയാഘോഷം, പുറം - 16
14. അതുതന്നെ, പുറം - 19
15. മലയാള മനോരമ, 1919 ഫെബ്രുവരി 18
16. മലയാള മനോരമ,1924 മാർച്ച് 29
17. മലയാള മനോരമ, 1924 ഏപ്രിൽ 1
18. മലയാള മനോരമ,1924 മെയ് 3
19. പുതുപ്പള്ളി രാഘവൻ, വിപ്ലവസ്മരണകൾ, ഒന്നാം ഭാഗം, ഡി. സി. ബുക്സ്, 1998, പുറങ്ങൾ - 59, 60
20. അതുതന്നെ പുറം - 61
21. മലയാള മനോരമ, ഫെബ്രുവരി 2, 1925

# രാഷ്ട്രീയരംഗം

ഭരണാധികാരികളുമായി അനാവശ്യമായി ഏറ്റുമുട്ടുക എന്നത് ഒഴിവാക്കുംവിധം പരിപക്വമായ സമീപനമാണ് തുടക്കംമുതൽ മലയാള മനോരമ അനുവർത്തിച്ചുപോന്നിരുന്നത്. ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെപ്പറ്റിയും ഭരണരംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന വീഴ്ചകളെ സംബന്ധിച്ചും നാടിനാവശ്യമായ വികസനപ്രവർത്തനങ്ങളെ സംബന്ധിച്ചും 'മനോരമ' മുഖപ്രസംഗങ്ങൾവഴിയും നിവേദനങ്ങൾ രൂപേണയും ഭരണാധികാരികളുടെ ശ്രദ്ധ നിരന്തരം ആകർഷിച്ചുകൊണ്ടിരുന്നു. എന്നാൽ ഏതെങ്കിലും ഉദ്യോഗസ്ഥനോടോ ദിവാനോടോ വ്യക്തി വിദ്വേഷത്തിന്റെ പേരിൽ അപഹാസ്യവാക്കുകൾ പ്രയോഗിക്കുവാൻ 'മനോരമ' ശ്രമിച്ചിരുന്നില്ല. അതുകൊണ്ടാണ് രാജ്യകാര്യങ്ങളിൽ 'മനോരമ'യുടെ അഭിപ്രായം എന്തെന്ന് മനസ്സിലാക്കുവാനും തദനുസൃതം കുറെയൊക്കെ പ്രവർത്തനശൈലി ക്രമീകരിക്കുവാനും സർക്കാർ ശ്രമിച്ചിരുന്നത്. ബ്രിട്ടീഷ് മേൽക്കോയ്മയുടെയും രാജവാഴ്ചയുടെയും വിശ്വസ്ത പ്രജകളായിരുന്ന് അവരിൽനിന്നു കിട്ടുന്ന ആനുകൂല്യങ്ങളത്രയും അനുഭവിക്കുക എന്നതായിരുന്നു ക്രിസ്ത്യൻ സമുദായാംഗങ്ങളിൽ പലരും അനുവർത്തിച്ചുപോന്നത്.[1] വിദേശികളായിരുന്നെങ്കിലും തങ്ങളുടെ മതസ്ഥർക്കാണ് ഈ മേൽക്കോയ്മ എന്നതുകൊണ്ട് നാട്ടുരാജ്യങ്ങളിൽ മാത്രമല്ല, ബ്രിട്ടീഷ് സംസ്ഥാനങ്ങളിലും ക്രൈസ്തവസമൂഹം കൂടുതൽ സുരക്ഷിതരാണെന്നുള്ള ബോധം ഉണ്ടായിരുന്നതിലാണ് അവർ ക്രൈസ്തവ മേൽക്കോയ്മയ്ക്ക് എതിരാകാതിരുന്നത്. 'മലയാള മനോരമ' യുടെ ആരംഭം മുതൽ തിരുവിതാംകൂർ രാജകുടുംബവുമായി പുലർത്തിപ്പോന്നിരുന്ന നല്ലബന്ധം നാം നേരത്തെ പ്രതിപാദിച്ചിട്ടുണ്ട്. സർക്കാരിന്റെ വീഴ്ചകളെയും അബദ്ധങ്ങളെയും യഥാവസരം ചൂണ്ടിക്കാണിച്ച് അവയ്ക്ക് പരിഹാരമുണ്ടാക്കുക എന്നതായിരുന്നു 'മനോരമ' ചെയ്തുകൊണ്ടിരുന്നത്. ആ പ്രക്രിയയിൽ ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലിയെപ്പറ്റിയും ഓഫീസ്കാര്യങ്ങളിലുള്ള അലംഭാവത്തെക്കുറിച്ചും അന്യായമായി പോലീസുകാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാർ നടത്തുന്ന ജനദ്രോഹപ്രവൃത്തികളെ സംബന്ധിച്ചും നിശിതമായി വിമർശിച്ചിരുന്നുവെങ്കിലും, ആരെയും മനഃപ്പൂർവ്വമായി കരി വാരി തേയ്ക്കുവാൻ മനോരമ ഒരിക്കലും മുതിർന്നിരുന്നില്ല. 1928 ജനുവരി 16-നാണ് 'മനോരമ' ദിനപ്പത്രമാക്കിയത്. അന്നെഴുതിയ മുഖപ്രസംഗത്തിൽ മനോരമ അനുവർത്തിച്ചിരുന്നതും, അനുവർത്തിക്കാൻ ഉദ്ദേശിച്ചിരുന്നതുമായ നയത്തെക്കുറിച്ച് എഴുതുന്ന കൂട്ടത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. "ഉദ്യോഗവഴക്ക്, സർക്കാർ ഉദ്യോഗസ്ഥന്മാരെ മര്യാദപഠിപ്പിക്കുക, സമുദായവഴക്ക് മുതലാ

യവയ്ക്ക് നിവർത്തിയുള്ളേടത്തോളം പത്രസ്ഥലം വിനിയോഗിക്കാതിരിക്കും."[2] ഇംഗ്ലീഷ് മേൽക്കോയ്മയോടും അവരുടെ പ്രതിപുരുഷന്മാരോടും ബഹുമാനാദരവുകൾ പ്രകടിപ്പിച്ചിരുന്ന മനോരമ പത്രവും അതിൻെറ പത്രാധിപന്മാരും തിരുവിതാംകൂർ രാജാക്കന്മാരുടെ വാത്സല്യ പ്രജകളുമായിരുന്നു. സി. നാരായണപിള്ള ഇക്കാര്യം എഴുതുന്നത് ഇങ്ങനെയാണ്. "ഭരണം നടത്തുന്ന രാജകുടുംബത്തോടോ ഗവൺമെൻറിനോടോ മത്സരിക്കുവാനോ, രാഷ്ട്രീയ പ്രക്ഷോഭണങ്ങളിൽ പങ്കെടുക്കാനോ ഒരിക്കലും ഒരു സമുദായമെന്ന നിലയിൽ അന്ന് ക്രിസ്ത്യാനികൾ മുൻനിന്ന് പ്രവർത്തിച്ചിരുന്നില്ല."[3] എന്നിട്ടും സാമൂഹ്യസംഘർഷങ്ങളുടെയും രാഷ്ട്രീയ ചലനങ്ങളുടെയും ശക്തമായ ഒഴുക്കിൽപ്പെട്ട് 'മനോരമ'യും മാമ്മൻ മാപ്പിളയും തിരുവിതാംകൂർ ഭരണത്തിൻെറ അപ്രീതിക്കും പീഡനത്തിനും ഇരയായി. ഈ വിധിവൈപരീത്യത്തിൻെറ ഹ്രസ്വമായ കഥയാണ് ഇവിടുത്തെ പ്രതിപാദ്യം.

കേരളത്തിലാകമാനം രാഷ്ട്രീയവും സാമൂഹ്യവുമായ നവോത്ഥാനത്തിൻെറ കാഹളം മുഴക്കിയ കാലമായിരുന്നു 19-ാം നൂറ്റാണ്ടിൻെറ അന്ത്യദശാബ്ദങ്ങളും 20-ാം നൂറ്റാണ്ടിലെ ആദ്യദശാബ്ദങ്ങളും. മലബാറിൽ ബ്രിട്ടീഷ് മേൽക്കോയ്മയോടും സവർണ്ണ ജന്മിത്തത്തോടും നിരന്തരം സായുധസമരങ്ങൾ നടത്തിക്കൊണ്ടിരുന്ന മുസ്ലിംകൾ കൊടിയ പീഡനങ്ങൾക്ക് ഇരയായി. രാജഭരണമുള്ള കൊച്ചിയിലും തിരുവിതാംകൂറിലുമാകട്ടെ, സവർണ്ണമേധാവിത്വം അധികാരം കയ്യാളിയിരുന്നത് ജാത്യാചാരങ്ങളെ മുറുകെപിടിച്ചുകൊണ്ടാണ്. നായർക്കു താഴെയുള്ള എല്ലാ ഹൈന്ദവജാതി വിഭാഗങ്ങളെയും അസ്പൃശ്യരും അയിത്തക്കാരുമാക്കി സമൂഹത്തിൽനിന്ന് ഒറ്റപ്പെടുത്തിയിരുന്നു. 'ഹീനജാതി'കളെന്ന് പേരിട്ടിരുന്ന ഈ അവശവർഗ്ഗത്തിന് പൊതുനിരത്തുകളിൽ പ്രവേശിക്കുവാനോ, ഉയർന്ന ജാതികളുമായി സമ്പർക്കത്തിൽ ഏർപ്പെടുവാനോ കഴിയുമായിരുന്നില്ല. മനുഷ്യാവകാശങ്ങളെല്ലാം നിഷേധിക്കപ്പെട്ട ഈ ജനലക്ഷങ്ങൾ ചേറിലും ചണ്ടിയിലും, കാട്ടിലും മലകളിലുമായി ഒഴിഞ്ഞുകഴിഞ്ഞുകൂടുവാൻ നിർബന്ധിതരായവരാണ്. അവരിൽ ഈഴവർ, മുക്കുവർ തുടങ്ങിയ ദുർബ്ബലവിഭാഗങ്ങളിൽ കുറെപ്പേർ സംസ്കൃതം പഠിക്കുകയും ആയുർവ്വേദചികിത്സ നടത്തിപ്പോരുകയും ചെയ്തിരുന്നു. അറിവിൻെറ വെളിച്ചം കുറെയെങ്കിലും ലഭിച്ച ഇക്കൂട്ടർ ആയിരുന്നു സമൂഹത്തിൽ നടമാടിയിരുന്ന തൊട്ടുകൂടായ്മയ്ക്കും തീണ്ടിക്കൂടായ്മയ്ക്കും എതിരായി രംഗത്തിറങ്ങിയവർ. തിരുവിതാംകൂറിലെ ഈഴവർ അനുഭവിക്കുന്ന അവശതകൾ വിവരിച്ചുകൊണ്ടും അവയുടെ പരിഹാരത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടും ഒരു സങ്കടഹർജി മദ്രാസ് ഗവൺമെൻറിന് സമർപ്പിച്ചിരുന്നു. ചേർത്തലക്കാരായ കുരിക്കച്ചേരിൽ മാധവൻ, കുഞ്ഞിരാമൻ

തുടങ്ങി ഏതാനും ഈഴവരാണ് ഈ സങ്കടഹർജിയിൽ ഒപ്പുവച്ചിരുന്നവർ. ഇത് 1884 ഏപ്രിൽ 6നാണ്.[4] തൊട്ടുകൂടായ്മയ്ക്കും തീണ്ടിക്കൂടായ്മയ്ക്കും പരിഹാരം കിട്ടണമെന്ന അഭ്യർത്ഥനയായിരുന്നു ഈ നിവേദനത്തിൻെറ കാതൽ. ഇതുകഴിഞ്ഞ് നാലു വർഷം തികയുമ്പോഴേക്കാണ് അരുവിപ്പുറത്ത് ശ്രീനാരായണഗുരു ശിവപ്രതിഷ്ഠ നടത്തി ബ്രാഹ്മണപൗരോഹിത്യത്തിൻെറ അടിവേരറുത്തത്. ഇതേകാലത്ത് ആരംഭിച്ച 'മലയാള മനോരമ'യ്ക്ക് സമൂഹത്തിൽ വന്ന വിപ്ലവാത്മകമായ മാറ്റങ്ങൾക്കൊപ്പം നിൽക്കേണ്ടത് ആവശ്യമാണെന്ന് അറിയാമായിരുന്നു.

അവശസമുദായങ്ങൾ സാമൂഹ്യനീതിക്കും മനുഷ്യാവകാശങ്ങൾക്കുംവേണ്ടി പൊരുതിക്കൊണ്ടിരുന്നപ്പോൾ നഷ്ടപ്പെട്ട അധികാരങ്ങൾ തിരിച്ചുപിടിക്കുവാനുള്ള സംരംഭത്തിലായിരുന്നു നായർ സമുദായം. തിരുവിതാംകൂറിൽ പരദേശി ബ്രാഹ്മണർ ആയിരുന്നു സർക്കാർ സർവ്വീസിൽ ഭൂരിപക്ഷവും. ഉന്നതതലത്തിൽ അവർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. വേലുത്തമ്പിയുടെയും പാലിയത്തച്ചൻെറയും ഇംഗ്ലീഷ് വിരുദ്ധ പോരാട്ടങ്ങൾക്കുശേഷം കമ്പനി അധികാരികൾ നായർ പ്രജകളെ വിശ്വസിക്കാൻ പറ്റാത്തവരാണെന്ന് കരുതിപ്പോന്നു. അതേസമയം കർണ്ണാടക, മൈസൂർ, തമിഴ്നാട് എന്നിവിടങ്ങളിൽനിന്നുമെത്തിയിരുന്ന ബ്രാഹ്മണർ ഇംഗ്ലീഷ് ഭാഷ ഏറെക്കുറെ വശമുള്ളവരും മേലധികാരികളോട് അങ്ങേയറ്റം ആശ്രിതത്വം പുലർത്തിപ്പോന്നിരുന്നവരും ആയിരുന്നതിനാൽ അക്കൂട്ടരെ സർക്കാർ സർവ്വീസിൽ നിയമിക്കുക എന്നതായിരുന്നു തിരുവിതാംകൂറിൽ അനുവർത്തിച്ചിരുന്ന നയം. പുറമേനിന്ന് എത്തിയിരുന്ന ഇവരാകട്ടെ, സർക്കാർ ഒഴിവുകളെല്ലാം നികത്തിയിരുന്നത് അവരുടെ നാട്ടുകാരിൽനിന്നായിരുന്നു. അങ്ങനെ തിരുവിതാംകൂർ സർവ്വീസിൽ നാട്ടുകാർക്ക് പ്രാതിനിധ്യമില്ലാത്ത സ്ഥിതിയാണ് ഉണ്ടായിരുന്നത്. ഈ ദുഃസ്ഥിതിക്ക് ഒരറുതി വരുത്തണമെന്ന ഉദ്ദേശ്യത്തോടുകൂടി 1891 ജനുവരി 11-ന് ശ്രീമൂലം തിരുനാൾ രാമവർമ്മ മഹാരാജാവ് സമക്ഷം കെ. പി. ശങ്കരമേനോൻ ഒന്നാംപേരുകാരനായി 100,37 പേർ ഒപ്പിട്ട ഒരു മെമ്മോറാണ്ഡം സമർപ്പിക്കുകയുണ്ടായി.[5]

'മലയാള മനോരമ' 1891 ജനുവരി 24-ന് 'തിരുവിതാംകൂർ സർക്കാർ ഉദ്യോഗം' എന്ന തലക്കെട്ടിൽ എഴുതിയ മുഖപ്രസംഗം പ്രസിദ്ധമായ മലയാളി മെമ്മോറിയലിനെക്കുറിച്ചായിരുന്നു.[6] മെമ്മോറിയൽ സർക്കാരിന് സമർപ്പിച്ച് മൂന്നുമാസം കഴിഞ്ഞപ്പോൾ കിട്ടിയ മറുപടി മെമ്മോറിയലിലെ വാദമുഖങ്ങളെ നിഷേധിക്കുന്നതായിരുന്നു. എങ്കിലും മെമ്മോറാണ്ടക്കാരിൽ ആറുപേരെ ദിവാനുമായി നേരിട്ടുകണ്ട് ചർച്ച ചെയ്യുവാൻ മഹാരാജാവ് അനുവദിച്ചിരുന്നു. അതനുസരിച്ച് 1891 ജൂലൈ 2-ന് കെ. പി. പത്മനാഭമേനോൻ, ജി. പി. പിള്ള, നിധീരിക്കൽ കുരുവിള, എം. കെ.

പത്മനാഭപിള്ള, ശിവൻപിള്ള, കാവാലം നീലകണ്ഠപ്പിള്ള എന്നിവർ ദിവാനെ കണ്ട് മെമ്മോറാണ്ഡം സമർപ്പിച്ചു.[7]

മെമ്മോറിയലിലെ ഓരോ ഘട്ടത്തെ സംബന്ധിച്ചും 'മനോരമ' അപ്പോഴപ്പോൾ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. 1891 മെയ് 16-ന് തിരുവിതാംകൂർ സർക്കാർ ഉദ്യോഗം എന്ന തലക്കെട്ടിൽ എഴുതിയിട്ടുള്ള മുഖപ്രസംഗം മെമ്മോറാണ്ടക്കാരെ സ്വീകരിക്കാൻ ദിവാൻ തയ്യാറാണെന്നറിയിച്ചതിനെത്തുടർന്ന്, മദ്രാസിൽ വക്കീലായ ശങ്കരമേനോൻ അവിടെനിന്ന് പുറപ്പെട്ടിട്ടുണ്ടെന്നും മറ്റും വിവരിക്കുന്നതായിരുന്നു. ആ മുഖപ്രസംഗം ഉപസംഹരിക്കുന്നത് ഇങ്ങനെയാണ്. "ശങ്കരമേനോൻ അവർകൾ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളപ്രകാരം ക്ഷണത്തെ അനുസരിച്ച് മദിരാശിയിൽനിന്നും പുറപ്പെട്ടിരിക്കുന്നതായും പറവൂർ, ആലപ്പുഴ, കോട്ടയം, കൊല്ലം, തിരുവനന്തപുരം, നാഗർകോവിൽ ഈ സ്ഥലങ്ങളിൽ ജനസംഘം കൂട്ടി പ്രതിപുരുഷന്മാരെ നിയമിച്ച് ഉടനെ തിരുവനന്തപുരത്ത് ഹാജരാക്കുവാൻ നിശ്ചയിച്ചിരിക്കുന്നതായും അറിയുന്നു......[8] നാട്ടുകാർക്ക് ഉദ്യോഗങ്ങളിൽ മുൻഗണന നൽകണമെന്ന ആവശ്യമാണല്ലോ മലയാളി മെമ്മോറിയലിലൂടെ പ്രകടമായിരുന്നത്. ഇതു സംബന്ധമായി അനുകൂല പ്രതികരണം സർക്കാരിൽനിന്നും ഉണ്ടാകാനിടയുണ്ടെന്ന് ഊഹിച്ചറിഞ്ഞ നിഷ്പക്ഷ താല്പര്യക്കാർ ഇതിനെതിരായി ഒരു ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു. മെമ്മോറിയലിൽ പറയുന്ന കാര്യങ്ങൾ അധികവും വസ്തുതതകൾക്ക് നിരക്കാത്തവയാണെന്നും തദനുസൃതം ഔദ്യോഗികരംഗത്ത് മാറ്റങ്ങൾ വരുത്തുന്നു എങ്കിൽ അത് ഭരണത്തിൻെറ കാര്യക്ഷമതയെ സാരമായി ബാധിക്കുമെന്നും മുന്നറിയിപ്പ് നൽകുന്നതായിരുന്നു. എതിർ ഹർജി The counter memorial എന്ന തലക്കെട്ടിൽ 1891 മെയ് 30-ന് 'മനോരമ' എഴുതിയ മുഖപ്രസംഗത്തിൽ എതിർഹർജിയിൽ പറയുന്ന വാദങ്ങളുടെ പൊള്ളത്തരം വെളിച്ചത്തുകൊണ്ടുവരുന്നുണ്ട്. ലേഖനം ഉപസംഹരിക്കുന്നത് ഇപ്രകാരമാണ്. "വാസ്തവത്തിൽ സ്വദേശികളായ എല്ലാവരെക്കുറിച്ചും പ്രത്യേകസ്നേഹമുള്ള മൂലംതിരുനാൾ വലിയതമ്പുരാൻ തിരുമനസ്സിലെയും തൻെറ മന്ത്രിയായ രാമരായർ ദിവാൻജി അവർകളുടെയും കാലത്ത് യഥാർത്ഥമായി മനസ്സിലാക്കിക്കൊടുക്കാത്തതുകൊണ്ടുമാത്രം നിവൃത്തി ഉണ്ടാകാതെയുള്ള തങ്ങളുടെ സങ്കടങ്ങളുടെ നിവർത്തിക്കായി നാട്ടുകാർ ചെയ്യുന്ന ശ്രമത്തെ തടുക്കുവാൻ ശ്രമിക്കുന്നത് എല്ലാവർക്കും ഏകാശ്രയസ്ഥാനമായിരിക്കുന്ന ഗവൺമെൻറിൻെറ ഉദ്ദേശ്യത്തിന് വിരുദ്ധമാണ്. ആകയാൽ ഈവിധത്തിലുള്ള എതിർഹർജിക്കായി ഉത്സാഹിക്കുന്ന മഹാനുഭാവന്മാർ തങ്ങളുടെ സമയത്തെ തങ്ങളുടെ സ്വന്ത കൃത്യങ്ങളിൽ തന്നെ കുറെക്കൂടി ശ്രദ്ധാപൂർവ്വം ചെലവാക്കുന്നത് ഏറ്റവും പ്രയോജനകരമായിരിക്കുമെന്നുമാത്രം ഇപ്പോൾ

പറയുന്നു."[9] ഇതേവിധം ദിവാൻജിയെ കണ്ട് മെമ്മോറാണ്ടം സമർപ്പിച്ചതി നെക്കുറിച്ചും അതിനു കിട്ടിയ അനുകൂല മറുപടിയെ സംബന്ധിച്ചും 1891 ജൂലൈ 4ന് 'തിരുവിതാംകൂർ ഉദ്യോഗാവകാശം' എന്ന തലക്കെട്ടിൽ മറ്റൊരു മുഖലേഖനം എഴുതിയിരുന്നു. മെമ്മോറിയലിൻെറ പ്രതിനിധി കൾ തങ്ങൾക്കനുകൂലമായ എല്ലാ വിവരങ്ങൾ ശേഖരിച്ചുകൊണ്ടും സർ ക്കാർ ആദ്യം നൽകിയ മറുപടിയിൽ വന്ന പാകപ്പിഴകളെ ചൂണ്ടിക്കാണി ച്ചുകൊണ്ടും രണ്ട് പ്രസ്താവനകൾ സമർപ്പിച്ചു. ഇവരെത്തിയപ്പോൾ എതിർഹർജിക്കാരുടെ പ്രതിനിധികളും സന്നിഹിതരായിരുന്നുവെങ്കിലും അവരുമായി യാതൊരു തരത്തിലും സംവദിക്കുവാൻ തങ്ങൾ തയ്യാറല്ലെന്ന് നിവേദകസംഘം തറപ്പിച്ചു പറഞ്ഞിരുന്നതിനാൽ അവരെ സംസാരിക്കു വാൻ ദിവാൻ അനുവദിച്ചില്ല. ഇത്രയും വിവരിച്ചതിനുശേഷം ഈ ലേഖനം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്. "ഇന്നലെ ദിവസം അയച്ചിട്ടുള്ള കമ്പിയിൽ അടങ്ങിയിരിക്കുന്ന സംഗതികൾ ഇതിലും സന്തോഷി ക്കത്തക്കതത്രേ. ഹർജിക്കാരുടെ പ്രതിനിധികളായി 12 ആളുകൾ വലിയ തമ്പുരാൻ തിരുമനസ്സിലെ മുഖം കാണിക്കുന്നതിനായി പോയിരുന്നു. തിരു മനസ്സുകൊണ്ട് പ്രതിനിധികൾക്കുമേൽ പ്രത്യക്ഷമായ തിരുവുള്ളം കാണിച്ചു. പരദേശികളെ ഉദ്യോഗങ്ങൾക്ക് ആക്കുന്നതിന് പ്രതികൂലമായി സ്വദേശികൾക്കുള്ള അവകാശങ്ങളെ പ്രബലമാക്കി."[10]

ഈ അവസരത്തിലാണ് ദിവാൻ രാമറാവു സ്ഥാനം ഒഴിയുന്നതും പകരം ശങ്കര സുബ്ബയ്യർ ചാർജ്ജ് എടുക്കുന്നതും. അദ്ദേഹം തമിഴ് ബ്രാഹ്മണ സമുദായത്തിൽപ്പെട്ട ആളാണെങ്കിലും ജനിച്ചത് തിരു വനന്തപുരത്താണെന്നു മാത്രമല്ല, മലയാള സഭാപ്രവർത്തകരുമായി സു ഹൃത്ബന്ധവും ഉണ്ടായിരുന്നു. ഇക്കാര്യം എൻ. കെ. ജോസ് വിവരി ക്കുന്നത് ഇങ്ങനെയാണ്. "നായന്മാർ ശങ്കരസുബ്ബയ്യരെ മലയാളിയല്ലെങ്കി ലും തിരുവിതാംകൂർകാരനായി അംഗീകരിച്ചു..... എന്നു മാത്രമല്ല, തിരു വനന്തപുരത്തെ നായന്മാരുമായി ചെറുപ്പം മുതലേ പരിചയപ്പെട്ട് വളരു കയും അവരുടെ സ്വഭാവത്തിൻെറ പ്രത്യേകതകളെ മനസ്സിലാക്കുകയും അവരോടിണങ്ങിപ്പോകാൻ പര്യാപ്തമായ നയം സ്വീകരിക്കയും ചെയ്തവനായിരുന്നു അദ്ദേഹം. അതിനാൽ നായന്മാരുമായി പൊരുത്ത പ്പെട്ടുപോകുവാൻ അദ്ദേഹത്തിന് പ്രയാസം തോന്നിയില്ല."[11] മെമ്മോറി യലിൽ ഒപ്പുവച്ചിരുന്ന പ്രധാനപ്പെട്ട എല്ലാ നായന്മാർക്കും അദ്ദേഹം സർ ക്കാർജോലി നൽകുകയും ചെയ്തു. "അങ്ങനെ സി. വി. രാമൻപിള്ള ഹൈ ക്കോടതി മാനേജരായി, വി. ഐ. കേശവപിള്ള ഒന്നാം ക്ലാസ് മജി സ്ട്രേറ്റായി - പിന്നെ ദിവാൻ പേഷ്കാർ ആയി. പി. അയ്യപ്പൻപിള്ള ആദ്യം തിരുവനന്തപുരം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയി. പിന്നീട് സ്കൂൾ ഇൻസ്പെക്ടറും അവസാനം വിദ്യാഭ്യാസ സെക്രട്ടറിയുമായി. സി. എം.

മാധവൻ പിള്ള ഹുജൂർ ഡപ്യൂട്ടി പേഷ്കാർ ആയി. കെ. പി. ശങ്കരമേനോൻ ജില്ലാ ജഡ്ജിയായി. ഇതെല്ലാം 1900-ന് മുമ്പുതന്നെ നടന്നു."[12] ഇതോടെ മലയാളി മെമ്മോറിയലിന്റെ നിവേദകരിൽ നായർ സമുദായാംഗങ്ങൾ സംതൃപ്തരായി. മെമ്മോറിയലിൽ ഒപ്പുവച്ചവരിൽ മൂന്നാമത്തെ പേരുകാരൻ ഡോ. പല്പു ആയിരുന്നുവെങ്കിലും മെമ്മോറാണ്ടം സമർപ്പിക്കുന്നതിനുപോയ ആറംഗനിവേദകസംഘത്തിൽ അദ്ദേഹത്തെ ഉൾപ്പെടുത്തിയിരുന്നില്ല എന്നോർക്കണം. കാരണം ഈഴവനായ ഡോ. പല്പു കൊട്ടാരത്തിൽ എത്തിയാൽ അവിടെ അശുദ്ധമാകും എന്നതുതന്നെ. "നായർസമുദായത്തിന് സകലവിധ ആനുകൂല്യങ്ങളും നൽകിയ ദിവാൻ ശങ്കരസുബ്ബയ്യർ തന്നെയാണ് ഏതാനും ഈഴവരെ പോലീസിൽ നിയമിക്കാൻ ശ്രമിച്ച പോലീസ് സൂപ്രണ്ടിന് അനുവാദം നിഷേധിച്ചത്."[13]

ഇക്കാലമായപ്പോഴേയ്ക്കും വളരെ ദുർലഭമാണെങ്കിൽക്കൂടിയും ഈഴവരിൽ സർക്കാർജോലിക്ക് യോഗ്യത നേടിയവർ ഉണ്ടായിരുന്നു. ഡോ. പല്പുവിന് തിരുവിതാംകൂർ സർവ്വീസിൽ ഈഴവൻ എന്നതുകൊണ്ടു മാത്രം ജോലി നിഷേധിച്ചിരുന്നുവെങ്കിലും തന്റെ സമുദായക്കാരോട് കാണിക്കുന്ന ഈ അനീതി ഇല്ലാതാക്കുവാൻ അദ്ദേഹം നിരന്തരം ശ്രമിച്ചിട്ടുണ്ട്. ദിവാൻ ശങ്കരസുബ്ബയ്യർക്ക് കത്തുകളും അപേക്ഷകളും അയച്ചിരുന്നതിനുപറമേ 1895 മെയ് 13ന് അദ്ദേഹം ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു. ദിവാൻജിയെ നേരിട്ടുകണ്ട് സങ്കടം ഉണർത്തിച്ചപ്പോൾ ഈഴവർക്ക് റവന്യൂ ഒഴിച്ചുള്ള വകുപ്പുകളിൽ അർഹമായ ജോലി നൽകാമെന്ന് ഉറപ്പ് ലഭിച്ചിരുന്നു. എങ്കിലും ഈഴവർ കൊടുക്കുന്ന അപേക്ഷകൾക്കൊക്കെ ഒഴിവില്ല എന്ന മറുപടിയാണ് ലഭിച്ചത്. റവന്യൂ വകുപ്പിൽ ആയിരുന്നു ദേവസ്വവും. തന്മൂലം അഹിന്ദുക്കൾക്കും അയിത്തക്കാർക്കും ഈ വകുപ്പിൽ ജോലി നിഷേധിക്കുകയാണ് ചെയ്തത്. തങ്ങളുടെ സങ്കടനിവൃത്തിക്ക് പരിഹാരം കാണാൻ ഉറച്ച ഈഴവർ ഡോ. പല്പുവിന്റെ നേതൃത്വത്തിൽ ഒരു ഭീമഹർജികൂടി മഹാരാജാവിന് 1896-ൽ സമർപ്പിക്കുകയുണ്ടായി. 13176 പേർ ഒപ്പിട്ട ഈ ഹർജി സമർപ്പിക്കുന്നത് 1896 സെപ്റ്റംബർ 3-ന് ആയിരുന്നു. ഇതിനെയാണ് 'ഈഴവമെമ്മോറിയൽ' എന്നു പറഞ്ഞുപോയിരുന്നത്.

'ഈഴവമെമ്മോറിയലി'ന് സർക്കാരിൽനിന്നും അനുകൂല പ്രതികരണമല്ല ലഭിച്ചത്. തന്മൂലം തങ്ങളുടെ അവശത പരിഹരിക്കുന്നതിനുവേണ്ടി തുല്യദുഃഖിതരായ ഇതര സമുദായങ്ങളുമായി യോജിച്ച് പ്രക്ഷോഭണത്തിന് തയ്യാറാവുക എന്നത് മാത്രമായിരുന്നു ശരണം. സർക്കാർ ജോലികളിൽ ജാതി-സമുദായ വിവേചനവും രാജ്യത്ത് പൊതുവെ പൗരാവകാശ ധ്വംസനവും നടമാടിയിരുന്ന സന്ദർഭത്തിൽ സഞ്ചാര സ്വാതന്ത്ര്യമോ പൗരാവകാശങ്ങളോ ഇല്ലാത്ത ജനലക്ഷങ്ങൾ ഒന്നിക്കേണ്ടത്

ചരിത്രപരമായ ആവശ്യമായിരുന്നു. ശ്രീനാരായണപ്രസ്ഥാനം ശക്തിപ്രാപിച്ചുകൊണ്ടിരുന്ന അവസരത്തിൽ ആണ് പൗരസമത്വവാദപ്രസ്ഥാനവും ഉടലെടുക്കുന്നത്. 1919 ഏപ്രിൽ 7ന് കോട്ടയം തിരുനക്കര മൈതാനത്ത് പി. ജെ. ജോണിൻെറ അദ്ധ്യക്ഷതയിൽ ഒരു മഹാസമ്മേളനം നടന്നു.[14] ക്രിസ്ത്യാനികളും, മുസ്ലീംകളും അവർണ്ണ ഹിന്ദുക്കളും അടങ്ങിയതായിരുന്നു പൗരസമത്വവാദപ്രസ്ഥാനം. അതിൻെറ നായകരിൽ മുഖ്യനായിരുന്നു ടി. കെ. മാധവൻ. അദ്ദേഹം അന്നു നടത്തിയ ഉജ്ജ്വല പ്രസംഗം ജാത്യാചാരങ്ങൾക്കും അസമത്വങ്ങൾക്കും എതിരായിരുന്നു. ഈ പ്രസ്ഥാനത്തിൻെറ തുടക്കംമുതലേ മലയാള മനോരമ ശക്തിയായി ഇതിനെ പിന്താങ്ങിയിട്ടുണ്ട്. കോട്ടയം പൗരസമത്വവാദയോഗത്തെ സംബന്ധിച്ച് പിറ്റേദിവസത്തെ മനോരമയിൽ (1919 ഏപ്രിൽ 8) വിശദറിപ്പോർട്ടും ദീർഘമായ മുഖപ്രസംഗവും കാണാം. അക്കാലത്ത് ആറ് പേജ് മാത്രമായിരുന്നു മനോരമയ്ക്ക് ഉണ്ടായിരുന്നത്. അതിൽ അഞ്ച് പേജും പൗരസമത്വപ്രസ്ഥാനത്തിൻെറ യോഗത്തിൽ നടന്ന പ്രസംഗങ്ങളെപ്പറ്റിയായിരുന്നു. ഇതിനു പുറമെയായിരുന്നു പൗരസമത്വവാദപ്രസ്ഥാനത്തെ പിന്താങ്ങിക്കൊണ്ട് നാലു കോളം ദൈർഘ്യമുള്ള ഒരു മുഖപ്രസംഗം മാമ്മൻമാപ്പിള എഴുതിയത്.[15] നാല് കോളങ്ങളിലുള്ള ആ മുഖപ്രസംഗത്തിൽ പൗരസമത്വവാദത്തിൻെറ ആരംഭം, ആവശ്യം എന്നിവയെ പുരസ്കരിച്ച് പ്രതിപാദിച്ചശേഷം തുടരുന്നത് ഇപ്രകാരമാണ്. "തിരുവിതാംകൂർ ഗവൺമെൻറ് ഉദ്യോഗ നിയമനങ്ങളിൽ പ്രത്യക്ഷമായി കാണിച്ചുവരുന്ന പക്ഷപാതനയത്തെ ദൂരീകരിച്ച് ജാതിവ്യത്യാസം പരിഗണിക്കാതെ യോഗ്യത ഉള്ളവർക്കെല്ലാം ഗവൺമെൻറ് ഉദ്യോഗങ്ങളിലേക്ക് യാതൊരു തടസ്സവും പറയാതെ ഗവൺമെൻറ് ഉദ്യോഗം തുറന്നുകൊടുക്കണമെന്നാണല്ലോ പൗരസമത്വവാദികളുടെ അപേക്ഷ. ഈ അപേക്ഷയ്ക്ക് അനുകൂലമായ മറുപടി കിട്ടുമെന്ന് ഉണ്ടായിരുന്ന പ്രതീക്ഷ അസ്ഥാനത്തായതോടെ സങ്കടകക്ഷികൾ പൂർവ്വാധികം ശക്തിയോടെ പ്രയത്നം തുടങ്ങിയിരിക്കുന്നു... ധർമ്മ രാജ്യമെന്നുള്ള പേര് ഇപ്പോഴും പുലർത്തിക്കൊണ്ടുപോരുന്ന തിരുവിതാംകൂർ രാജ്യത്തിന് ഒട്ടുംതന്നെ ചേരാത്ത ഈ ദുർനിയമത്തെ ഉടൻ ഇല്ലാതാക്കി രാജ്യത്തിൽ സമാധാനവും പ്രജകളിൽ ഐകമത്യവും ഉണ്ടാക്കണമെന്ന പേരു കേട്ട പത്രങ്ങളുടെ യുക്തയുക്തമായ ശുപാർശകൾ, പ്രജാസഭയിൽ ഒട്ടുവളരെ പ്രതിനിധികളുടെ യോജിച്ചുള്ള അപേക്ഷകൾ, ഇവയെല്ലാം തൃണവൽഗണിച്ച് പിന്നെയും കാലത്തിനു ചേരാത്ത മർക്കടമുഷ്ടി പിടിച്ചുകൊണ്ട് രാജ്യം ഭരിച്ചുകൊള്ളാമെന്നാണ് തിരുവിതാംകൂർ ഗവൺമെൻറ് നിശ്ചയിച്ചിരിക്കുന്നതെങ്കിൽ ഇതിലധികമായ ഒരു അപനയം വേറെ യാതൊന്നുമില്ലെന്ന് ഞങ്ങൾ ഉറപ്പായും നിശ്ചയമായും പറഞ്ഞുകൊള്ളുന്നു.

“കീഴ്നടപ്പിലും, പരിഷ്കൃതരീതിയിൽ അകന്നുനിൽക്കുന്ന സമീപരാജ്യങ്ങളിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നടപടികൾക്ക് വിരോധമായി ദേവസ്വം പഴിപറഞ്ഞ് ഭൂരിപക്ഷം പ്രജകളുടെ ന്യായമായ അവകാശങ്ങളെ നിരോധിച്ചു നിൽക്കണമെന്ന് അറിയപ്പെടാത്ത വല്ല സംഗതിവശാലും ഗവൺമെൻറിന് വലിയ സിദ്ധാന്തമുണ്ടെങ്കിൽ അതിനെതിരായി ദേവസ്വങ്ങൾ ഭരിക്കണമെന്ന് പൗരസമത്വവാദികൾക്ക് അശേഷം മോഹമില്ലെന്ന് മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. എന്നാൽ ദേവസ്വം പഴിപറഞ്ഞ് ഇങ്ങനെ എന്നും ഒരു വലിയ ജനവിഭാഗത്തെ ഒഴിച്ചുനിർത്തുന്നത് യാതൊരു കാരണവശാലും ഗവൺമെൻറിന് യോജിച്ചതല്ല. ആ ദുർഘടം, അതായത് ദേവസ്വം, റവന്യൂവിൽ ചെന്നു കിടക്കുന്നത്, പിരിച്ചു വേറെയാക്കുന്നത് രണ്ട് പ്രസ്ഥാനങ്ങൾക്കും ഏറ്റവും ഗുണകരമായ നടപടി ആയിരിക്കുമെന്ന് പ്രജാസഭയിൽ പൗരസമത്വവാദികൾ മാത്രമല്ല, നായന്മാരും നമ്പൂതിരിമാരുംകൂടി പറഞ്ഞു കഴിഞ്ഞിരിക്കുന്നു.... എന്നിട്ടും രാജ്യത്തിലെ മുക്കാൽ ഭാഗം ജനങ്ങളുടെ സങ്കടം പരിഹരിക്കാൻ രാജ്യഭരണധുരന്ധരന്മാർക്ക് ഗണ്യമായ ആഗ്രഹവും താല്പര്യവും ജനിക്കുകയും അത് പ്രവൃത്തിരൂപേണ പ്രത്യക്ഷപ്പെടുത്തി ജനങ്ങളെ സമാധാനപ്പെടുത്തുകയും ചെയ്യുന്നില്ലെങ്കിൽ അതിപ്പോൾ ലോകത്തിലെങ്ങും നടപ്പില്ലാത്ത ഭരണമാണെന്നല്ലാതെ ഒന്നും പറയാൻ കാണുന്നില്ലെന്നു മാത്രമല്ല, ഭാവിയെപ്പറ്റി ചിന്തിച്ച് ഞങ്ങൾ വ്യസനിക്കുകയും ചെയ്യുന്നു.

“ന്യായമല്ലാത്ത സിദ്ധാന്തങ്ങളും മിഥ്യാവാദങ്ങളും ഉള്ളപോലെ ധരിപ്പാൻ കഴിവില്ലാത്തവരല്ല ഇപ്പോഴത്തെ പൗരപ്രമാണികൾ. അത് പ്രജാസഭയിലെ യുക്തിവാദങ്ങൾകൊണ്ടും രാജ്യകാര്യങ്ങളിൽ അവർക്കുള്ള പടുത്വവും, പഠിത്തവുംകൊണ്ടും ഏറെക്കുറെ മനസ്സിലാക്കാവുന്നതാണ്. അങ്ങനെയുള്ള ജനങ്ങളിൽ 26 ലക്ഷം ജനങ്ങൾ അന്യായങ്ങളോട് എതിർക്കാതെ അധികാരശക്തിയെ ഭയന്ന് മൗനമായി ഇരിക്കുമോ എന്ന് ഞങ്ങൾക്ക് വളരെ സംശയമുണ്ട്. ഇത്രവലിയ ജനവിഭാഗത്തിന്റെ ക്ഷമയെ പരീക്ഷിക്കുന്നതും ഗവൺമെൻറ് മൗനം ദീക്ഷിക്കുന്നതും ബുദ്ധിപൂർവ്വമാണെന്ന് തോന്നുന്നില്ല....”[16]

പൗരസമത്വവാദികൾ പ്രജാസഭയിലും പൊതുസഭയിലും നിരന്തരം നടത്തിക്കൊണ്ടിരുന്ന അവകാശവാദങ്ങളും ടി. കെ. മാധവനും അയ്യങ്കാളിയും മൂലൂരം ആശാനും സഞ്ചാരസ്വാത്രന്ത്യത്തിനും അയിത്ത നശീകരണത്തിനുംവേണ്ടി നേതൃത്വം കൊടുത്തിരുന്ന പ്രക്ഷോഭണങ്ങളുമാണ് ചരിത്രപ്രസിദ്ധമായ വൈക്കം സത്യഗ്രഹത്തിൽകൊണ്ടെത്തിച്ചത്. സത്യഗ്രഹം ആരംഭിക്കുന്നതിന്റെ തലേദിവസംതന്നെ ‘തിരുവിതാംകൂറിലെ അയിത്തോച്ചാടനം’ എന്ന തലക്കെട്ടിൽ ‘മലയാള മനോരമ’ എഴുതിയ മുഖലേഖനം സഞ്ചാരസ്വാതന്ത്ര്യത്തിനും പ്രാർത്ഥനാ സ്വാതന്ത്ര്യത്തിനും

വേണ്ടിയുള്ള ഈ ധർമ്മസമരത്തോട് 'മനോരമ'യുടെ അനുകൂല മനോഭാവം സുവ്യക്തമാക്കുന്നുണ്ട്. വൈക്കം സത്യഗ്രഹത്തെ സംബന്ധിച്ച് 'മനോരമ'യിൽ വന്ന വാർത്തകളും മുഖപ്രസംഗങ്ങളും ഏറെക്കുറെ നാം ഉദ്ധരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. അതിവിടെ ആവർത്തിക്കുന്നില്ല. കേരളത്തിൽ പൊതുവെയും തിരുവിതാംകൂറിൽ പ്രത്യേകമായും നടന്നുകൊണ്ടിരുന്ന പ്രക്ഷോഭങ്ങളെയും പ്രവർത്തനങ്ങളെയും അവ അർഹിക്കുന്ന ഗൗരവത്തോടുകൂടിത്തന്നെ മനോരമ കൈകാര്യം ചെയ്തിരുന്നു എന്നത് ഓർക്കേണ്ടതുണ്ട്. പലപ്പോഴും സുപ്രധാനമായ ജനകീയ പ്രക്ഷോഭണങ്ങൾക്ക് ആശ്രയവും ആസ്ഥാനവും 'മനോരമ'യായിരുന്നു എന്നത് ഓർത്തുകൊണ്ടാവണം 'ശ്രീനാരായണപ്രസ്ഥാനവും മലയാള മനോരമയും' എന്ന ലേഖനത്തിൽ എം. ശ്രീധരൻ ഇപ്രകാരം എഴുതിയിട്ടുള്ളത്. "ശ്രീനാരായണപ്രസ്ഥാനം മുൻനിന്നു നയിച്ച പ്രക്ഷോഭണങ്ങളിലൊന്ന് പൗരസമത്വപ്രക്ഷോഭണമായിരുന്നുവല്ലോ. ഈ പ്രക്ഷോഭണത്തിന്റെ വേദി മനോരമയായിരുന്നു."[17] വൈക്കം സത്യഗ്രഹത്തിന്റെ തീജ്വാല കെട്ടടങ്ങിയിരുന്നെങ്കിലും, അതുൾക്കൊള്ളുന്ന പൗരസ്വാതന്ത്ര്യ പ്രശ്നം ഉന്നയിച്ചുകൊണ്ട് 1929 ഏപ്രിൽ 1ന് 'മനോരമ' എഴുതിയ മുഖപ്രസംഗത്തിന്റെ സാരവത്തായ അംശമാണ് താഴെ ചേർക്കുന്നത്. "പൗരാവകാശസമത്വത്തിനായി ഒരു വിദേശീയ ഗവൺമെൻറിനോട് ഭാരതീയർ സമരം ചെയ്യുന്ന ഈ അവസരത്തിൽ അതുപോലെയുള്ള ഒരു സമരം നമ്മുടെ ഗവൺമെൻറുമായി നടത്തേണ്ടിവരുന്നത് അഭിമാനകരമല്ല. അതിനാൽ വൈക്കത്ത് ഇപ്പോൾ ആരംഭിച്ചിരിക്കുന്ന സത്യാഗ്രഹസമരം തുടരുന്നതിനിടയാകാതെ കഴിയുന്നതും വേഗത്തിൽ അധഃകൃതർക്ക് അനുകൂലമായ ഒരു തീരുമാനം ചെയ്യുന്നതിന് ഗവൺമെൻറ് മനസ്സുവെക്കുമെന്ന് വിശ്വസിക്കുന്നു."[18]

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ 1929-ലെ സമ്മേളനം നെഹ്രു അവതരിപ്പിച്ച പൂർണ്ണസ്വരാജ് പ്രമേയം പാസ്സാക്കുകയും 1930 ജനുവരി 26 ഇന്ത്യയിലാകമാനം പൂർണ്ണസ്വരാജ്ദിനം കൊണ്ടാടണമെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. ഈ ആഘോഷപരിപാടികൾ ഇന്ത്യയിൽ ആകമാനം സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അദമ്യമായ അഭിലാഷം വ്യാപകമാക്കി. 1930 മാർച്ച് മാസത്തിൽ നിയമലംഘനപ്രസ്ഥാനം ആരംഭിച്ചതോടെ നൂറുകണക്കിന് ദേശാഭിമാനികൾ മർദ്ദനത്തിന് ഇരയാവുകയും ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്തിരുന്നു. രാജഭരണമായിരുന്ന കൊച്ചിയിലും തിരുവിതാംകൂറിലും അത്ര കാര്യമായി ഈ സമരം നടന്നില്ലെങ്കിലും മലബാറിൽ വിദേശവസ്ത്രബഹിഷ്കരണവും നിയമലംഘനവുമെല്ലാം ഏറെ വ്യാപകമായിരുന്നു. അതിന്റെ അലയൊലി തിരുവിതാംകൂറിലും കൊച്ചിയിലും പ്രബലത്താവുകയും ചെയ്തു. ഈ നാട്ടു

രാജ്യങ്ങളിൽനിന്ന് സമരത്തിൽ പങ്കെടുക്കുന്നതിനായി ദേശാഭിമാനപ്രചോദിതരായ വളരെപ്പേർ മലബാറിൽപോയി മർദ്ദനമനുഭവിക്കുകയും ജയിലുകളിൽ അകപ്പെടുകയും ചെയ്തവരായുണ്ട്. അവരിൽ എൻ. പി. കുരുക്കൾ, പൊന്നറ ശ്രീധർ, വൈക്കം മുഹമ്മദ് ബഷീർ, ബാരിസ്റ്റർ എ. കെ. പിള്ള തുടങ്ങിയവർ ഉൾപ്പെടുന്നു. രാജ്യത്ത് വളർന്നുവന്ന ദേശീയ പ്രബുദ്ധതയേയും സമരാവേശത്തെയും കുറിച്ച് 'മനോരമ' യഥാവസരം വായനക്കാരെ അറിയിച്ചുകൊണ്ടിരുന്നു. തൊട്ടുകൂടായ്മയ്ക്കും അയിത്താചാരത്തിനും എതിരായും സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടിയും നടത്തിക്കൊണ്ടിരുന്ന സത്യഗ്രഹങ്ങളും മറ്റു സമരമുറകളും രാജ്യത്ത് ആകമാനം രാഷ്ട്രീയവും സാമൂഹ്യവുമായസംഘർഷം സൃഷ്ടിച്ചുകൊണ്ടിരുന്ന സന്ദർഭത്തിലാണ് 1931ൽ ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മ തിരുവിതാംകൂർ മഹാരാജാവായി അഭിഷിക്തനാവുന്നത്. സ്ഥാനാരോഹണച്ചടങ്ങിൽ നടത്തിയ പ്രഖ്യാപനത്തിൽ ശ്രീമൂലം പ്രജാസഭ കൂടുതൽ ജനായത്തമായി പരിഷ്കരിക്കുന്നതാണെന്നും സർ സി. പി. രാമസ്വാമി അയ്യരെ നിയമകാര്യങ്ങൾക്കും രാഷ്ട്രീയ കാര്യങ്ങൾക്കുമുള്ള ഉപദേഷ്ടാവായി നിയമിച്ചിരിക്കുന്നു എന്നും വ്യക്തമാക്കി. "നിയമോപദേഷ്ടാവായി അവരോധിച്ച സർ സി. പി. രാമസ്വാമി അയ്യർ തിരുവിതാംകൂർ രാജകുടുംബത്തിന്റെ വിശ്വസ്ത മിത്രമാണെന്നു കാണുന്നത് തിരുവിതാംകൂർകാർക്ക് ഒരു പുതിയ അറിവാണ്" എന്ന് വിളംബരം വന്ന് പിറ്റേദിവസം തന്നെ 'മനോരമ' എഴുതി. ഭരണവിഷയത്തിൽ എന്തെങ്കിലും സംശയം തോന്നിയാൽ അഭിപ്രായം ചോദിക്കുക എന്നേ വെച്ചിട്ടുള്ളോ? അതോ ഭരണകാര്യങ്ങളിൽ അദ്ദേഹത്തിന് തുടർച്ചയായി എന്തെങ്കിലും സ്ഥാനമുണ്ടായിരിക്കുമോ, എന്ന സംശയം ഈ മുഖലേഖനത്തിൽ പ്രകടിപ്പിച്ചിരുന്നു. അത് ഉപസംഹരിക്കുന്നത് ഇപ്രകാരമാണ്. "ഭരണം നടത്തുന്ന ദിവാൻജിയുടെ അധികാരത്തിനും ഉത്തരവാദിത്വത്തിനും എന്തെങ്കിലും ഭംഗം വരത്തക്കവണ്ണം ഒരേർപ്പാടും ഇതിൽ അന്തർഭവിച്ചിട്ടില്ലെന്നിരുന്നാൽ സർ സി. പി. രാമസ്വാമി അയ്യർ അവർകളുടെ ബഹുവിധങ്ങളായ അറിവുകളും പരിചയങ്ങളും നമ്മുടെ രാജ്യത്തിന് ഗുണപ്രദങ്ങളായി തീരാവുന്നതാണ്. അഭൂതപൂർവ്വമായ ഈ ഏർപ്പാടിന്റെ ഫലങ്ങൾ കണ്ടറിഞ്ഞല്ലാതെ തീർച്ചയാക്കാൻ നിവൃത്തിയില്ല."[19] ഉപദേശരൂപത്തിലായാലും സർ സി. പിയുടെ ഉദ്യോഗപ്രവേശനം വളരെ കരുതലോടുകൂടിയാണ് മനോരമ സ്വീകരിച്ചതെന്നർത്ഥം. അന്ന് മാമ്മൻ മാപ്പിള മുഖപ്രസംഗത്തിലൂടെ പ്രകടിപ്പിച്ച ആശങ്ക കാലക്രമത്തിൽ യാഥാർത്ഥ്യമായിത്തീരുകയായിരുന്നു.

അടുത്ത വർഷം, 1932 ഒക്ടോബർ 28-ന് 1108ലെ രണ്ടാം റഗുലേഷനായി ഭരണപരിഷ്കാരം പ്രഖ്യാപിച്ചു. ഈ പരിഷ്കാരം അനുസരിച്ച്

ശ്രീമൂലം അസംബ്ലി, ശ്രീചിത്തിരാ സ്റ്റേറ്റ് കൗൺസിൽ എന്നീ രണ്ടു സഭകൾ ഉണ്ടായിരിക്കുമെന്നതാണ് പ്രത്യേകത. അതുവരെ നിഷേധിക്കപ്പെട്ട തങ്ങളുടെ അവകാശങ്ങൾ കുറെയെങ്കിലും നേടിയെടുക്കുവാൻ ഭരണപരിഷ്കാര പ്രഖ്യാപനം സഹായിക്കുമെന്നായിരുന്നു ജനങ്ങളുടെ പ്രത്യാശ. എന്നാൽ ഫലത്തിൽ ഇത് നിരാശാജനകമായിരുന്നു. ഈ പരിഷ്കാരമനുസരിച്ച് ശ്രീമൂലം അസംബ്ലിയിൽ 72 അംഗങ്ങളാണ് ഉണ്ടായിരിക്കുക. അവരിൽ 14 പേർ സർക്കാർ നോമിനികളും 10 പേർ ഉദ്യോഗസ്ഥന്മാരുമായിരുന്നു. ജന്മികൾ വാണിജ്യ-വ്യവസായ പ്രതിനിധികൾ എന്നിവർക്കെല്ലാംകൂടി 5 അംഗങ്ങൾ ആണ് വിഭാവനം ചെയ്തിരുന്നത്. അവശേഷിക്കുന്ന 43 പേരെയാണ് പൊതുനിയോജക മണ്ഡലത്തിൽ നിന്നു തിരഞ്ഞെടുക്കുക. രാജ്യത്തെ 43 നിയോജകമണ്ഡലങ്ങളായി വിഭജിക്കുകയും ചെയ്തിരുന്നു. നിയോജകമണ്ഡലങ്ങൾ രൂപീകരിക്കുന്നതിനും മറ്റും സവർണ്ണ വരേണ്യ വർഗ്ഗങ്ങൾ നടത്തിയ തിരിമറി മറ്റു സമുദായങ്ങൾക്കൊക്കെ അവരുടെ അവകാശങ്ങൾ നിഷേധിക്കത്തക്കവിധമായിരുന്നു. 868,000 ൽപരം ആണ് തിരുവിതാംകൂറിലെ അന്നത്തെ നായർ ജനസംഖ്യ. നിയോജകമണ്ഡല നിർണ്ണയപ്രകാരം ഇവർക്കു ചുരുങ്ങിയത് 30 സീറ്റെങ്കിലും നേടാൻ സാധിക്കും. എന്നാൽ 16 ലക്ഷത്തിൽപരം വരുന്ന ക്രിസ്ത്യാനികൾക്കാകട്ടെ 10 സീറ്റിൽ കൂടുതൽ ലഭിക്കുകയുമില്ല. 8,70,000ത്തോളം വരുന്ന ഈഴവർക്കും ഏകദേശം അത്രയും തന്നെ വരുന്ന മുസ്ലിംകൾക്കും ഒരു സീറ്റ് പോലും മത്സരിച്ച് ജയിക്കുവാൻ സാധിക്കാത്ത സ്ഥിതിയിലുമായിരുന്നു. ശ്രീചിത്തിര സ്റ്റേറ്റ് കൗൺസിലിന്റെ അവസ്ഥയും മറിച്ചായിരുന്നില്ല. 37 അംഗ കൗൺസിലിൽ സർക്കാർ നോമിനികളും ഉദ്യോഗസ്ഥന്മാരുമായുള്ള 25 പേരെ കഴിച്ചാൽ അവശേഷിക്കുന്ന 16 പേരെയാണ് തെരഞ്ഞെടുക്കുക. ഈ 16-ൽ നായർക്ക് പത്തും ക്രിസ്ത്യാനികൾക്ക് 4ഉം സീറ്റുകൾ കിട്ടുമെന്ന് തീർച്ചയാണ്. ഈഴവനും മുസ്ലീമിനും ഒരു സീറ്റെങ്കിലും ഉറപ്പായി ലഭിക്കുമെന്ന് കരുതാൻ പറ്റുമായിരുന്നില്ല.

ഈ കൊടിയ അവഗണനയ്ക്കെതിരായി ക്രൈസ്തവ - ഈഴവ - മുസ്ലിം ജനവിഭാഗം ആഞ്ഞടിക്കുവാൻ തന്നെ ഉറച്ചു. തങ്ങൾക്ക് അവകാശപ്പെട്ട പ്രാതിനിധ്യം ഭരണപരിഷ്കാരംകൊണ്ട് ലഭിക്കാൻപോകുന്നില്ലെന്ന് മനസ്സിലാക്കിയ അവർ പ്രതിനിധിസഭകളിലും സർക്കാർ ഉദ്യോഗങ്ങളിലും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം വേണമെന്ന് കൂട്ടായി പ്രഖ്യാപിച്ചു. അവഗണിക്കപ്പെട്ട ഈഴവ - ക്രൈസ്തവ - മുസ്ലിം വിഭാഗങ്ങൾ ഈ ആവശ്യത്തിനുവേണ്ടി ഏകോപിതമായി ഒരു ഐക്യനിര സൃഷ്ടിച്ചു. അതിന് 'സംയുക്ത രാഷ്ട്രീയസമിതി' എന്ന പേരാണ് ഇട്ടിരുന്നത്. ഓരോ സമുദായത്തിന്റെയും ജനസംഖ്യയുടെ തോതനുസരിച്ച്

സർക്കാർ സർവ്വീസിൽ അർഹമായ സ്ഥാനങ്ങളും ജനപ്രതിനിധി സഭകളിൽ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യവും ആവശ്യപ്പെട്ടു കൊണ്ടുള്ളതായിരുന്നു 'സംയുക്ത രാഷ്ട്രീയസമിതി'യുടെ പ്രക്ഷോഭണപരിപാടി. തങ്ങളെ തീർത്തും അവഗണിച്ചിരുന്ന പുതിയ ഭരണഘടനയുടെ അടിസ്ഥാനത്തിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ സഹകരിക്കാതിരിക്കുക എന്നതായിരുന്നു 'സംയുക്ത രാഷ്ട്രീയപാർട്ടി' യുടെ സമരശൈലി. തിരുവിതാംകൂർ ജനസംഖ്യയിൽ ഈഴവ-മുസ്ലിം-ക്രൈസ്തവ സമുദായങ്ങൾ 70%ൽ കൂടുതൽ ഉണ്ടായിരുന്നു. അവരാണ് പൊതുതെരഞ്ഞെടുപ്പിൽ ഏകോപിതമായി നിസ്സഹകരിച്ചത്. ഇതിനെയാണ് 'നിവർത്തനപ്രക്ഷോഭണം' (Abstention Movement) എന്നു പറഞ്ഞുപോരുന്നത്.

'സംയുക്ത രാഷ്ട്രീയസഭ' തിരുവിതാംകൂറിലെ അതിശക്തമായ സംഘടനയായി വേഗം വളർന്നു. അതിൻെറ പ്രവർത്തനം ഊർജ്ജസ്വലമായതോടെ അതിനെ അടിച്ചമർത്തുവാനുള്ള പ്രതിപ്രവർത്തനവും നാട്ടിലുടനീളം അരങ്ങേറി. സംയുക്ത രാഷ്ട്രീയസഭ' അഥവാ 'സംയുക്ത രാഷ്ട്രീയ കോൺഗ്രസ്' നായർ സമുദായത്തിന് എതിരാണെന്നുള്ള പ്രചാരണം മാത്രമല്ല, പ്രവർത്തനവും ശക്തിയായി. 'നിവർത്തനപ്രസ്ഥാന'ത്തെയും 'സംയുക്ത രാഷ്ട്രീയ കോൺഗ്രസി'നെയും അങ്ങേയറ്റം സഹായിച്ചിരുന്ന പത്രമായിരുന്നു തിരുവല്ലയിൽനിന്നു പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന 'കേരളസേവകൻ'. 'നിവർത്തനചരിത്രം' എന്ന ഒരു ലേഖനപരമ്പര 'കേരളസേവകനി'ൽ പ്രസിദ്ധീകരിക്കാൻപോകുന്നു എന്ന പരസ്യം കണ്ട ഉടനെ, ഈ പരമ്പര സാമുദായിക സംഘർഷം ഉണ്ടാക്കും എന്ന ന്യായത്തിൽ പത്രത്തിൻെറ പ്രസിദ്ധീകരണം സർക്കാർ നിരോധിക്കുകയുണ്ടായി. ഇത് അഭിപ്രായസ്വാതന്ത്ര്യത്തിൻെറ ധ്വംസനമായിട്ടാണ് 'മലയാള മനോരമ' കണ്ടത്. ഇതുസംബന്ധമായി മാമ്മൻ മാപ്പിളയെഴുതിയ മുഖലേഖനത്തിലെ ചില അംശങ്ങൾ ഇവിടെ ഉദ്ധരിച്ചകൊള്ളട്ടെ. "ഭരണതന്ത്രവിദ്യയിൽ അഭൂതപൂർവ്വവും അതിവിചിത്രവുമായൊരു പ്രശ്നമാണ് ഗവൺമെൻറ് ആവിഷ്കരിച്ചിരിക്കുന്നത്. ഏതൊരു ലേഖനവും അത് പ്രസിദ്ധീകരിച്ചതിനുശേഷം അത് കുറ്റകരമാണെന്നു കണ്ടാൽ അതിനെ തടയുകയും പ്രസാധകന്മാരുടെ പേരിൽ നിയമാനുസൃതമായ നടപടികൾ നടത്തുകയുമാണ് നാഗരികതയുടെ ലേശമെങ്കിലുമുള്ള ഏതൊരു ഗവൺമെൻറും ചെയ്യാറുള്ളത്. അല്ലാതെ ഈ പത്രത്തിൽ ഇന്ന ലേഖനം പ്രസിദ്ധീകരിക്കാൻ പോകുന്നു എന്നു കേട്ടാലുടൻ ആ ലേഖനത്തിൻെറ ആകൃതി, പ്രകൃതി, ജാതകം എന്നിവ മുൻകൂട്ടി നിശ്ചയിച്ച് ആ ലേഖനശിശുവിൻെറ ജനനംതന്നെ നിരോധി

ക്കുന്നത് ഇന്നത്തെ ഒരു പരിഷ്കൃത ഗവൺമെൻറിനും യോജിച്ചതല്ലെന്ന് ഞങ്ങൾ നിർവിശങ്കം അഭിപ്രായപ്പെടുന്നു.......

"'നിവർത്തനപ്രസ്ഥാന'ത്തിൻെറ യഥാർത്ഥ ചരിത്രം പുറത്തുവന്നാൽ - അടുത്തകാലത്ത് തിരുവിതാംകൂർ രാഷ്ട്രീയവേദിയുടെ അണിയറയ്ക്കുള്ളിൽ നടന്ന പല സംഭവങ്ങളും പുറത്തുവന്നാൽ - തിരുവിതാംകൂറിലെ ഉദ്യോഗസ്ഥ നഭോമണ്ഡലത്തിലെ പല ഉജ്ജ്വല താരങ്ങളും അനുവർത്തിച്ചുപോന്നിട്ടുള്ള നടപടികൾ വെളിക്കുവരുന്നപക്ഷം മഹാരാജാവ് തിരുമനസ്സിലെ കഠിനമായ അപ്രീതിക്ക് സൂത്രധാരന്മാരിൽ പലരും പാത്രമാകുമെന്ന ഭീതികൊണ്ടായിരിക്കണം നിവർത്തനചരിത്രത്തിൻെറ നിഴൽ അടിച്ചപ്പോഴേ ഗവൺമെൻറ് നിരോധനപെരുമ്പറ മുഴക്കിയത്...... ഇത്ര വിചിത്രവും അപരിഷ്കൃതവുമായ നിരോധനാജ്ഞ തിരുവിതാംകൂറിന് ഭൂഷണമല്ല. ഇവിടുത്തെ വൃത്താന്തപത്രങ്ങൾ ഈ അവസരത്തിൽ ഏകോപിച്ചുനിന്ന് സ്വാഭിമാനപരിരക്ഷണം നിർവ്വഹിക്കുന്നതിനുവേണ്ട ധൈര്യവും സ്ഥൈര്യവും കാണിക്കുകതന്നെ വേണം."[20] 1933 ഓഗസ്റ്റ് 26-ന് എഴുതിയ ഈ മുഖപ്രസംഗത്തിൻെറ സ്വരവും രീതിയും ഒരു സമരത്തിൻെറ തയ്യാറെടുപ്പിനുള്ള സജ്ജീകരണങ്ങൾ ഒരുക്കുകയായിരുന്നു എന്നു കാണാം. 'സംയുക്ത രാഷ്ട്രീയ കോൺഗ്രസ്' തിരുവിതാംകൂറിൽ നടന്ന തെരഞ്ഞെടുപ്പിനെ 'നിവർത്തനം' എന്ന ബഹിഷ്കരണായുധംകൊണ്ട് പരാജയപ്പെടുത്തിയതോടെ ഭരണാധികാരികളും നായർ മേധാവിത്വവും നിവർത്തനസമരത്തെ പൊളിക്കാൻ അരയും തലയും മുറുക്കി ഗോദയിൽ ഇറങ്ങിയിരുന്നു. എന്നാൽ ഗവൺമെൻറിനും സവർണ്ണാധികാരവർഗ്ഗത്തിനും പരാജയം നേരിടുകയാണുണ്ടായത്. ഇതോടെ 'സംയുക്ത രാഷ്ട്രീയസഭ'യുടെ പ്രവർത്തനങ്ങളെ അടിച്ചമർത്തുവാനും പൊതുജനങ്ങളെ നിരോധനാജ്ഞകൊണ്ട് തകർക്കാനുമുള്ള ശ്രമങ്ങളാണ് സർക്കാർ പക്ഷത്തുനിന്നുമുണ്ടായത്.

പ്രത്യക്ഷ സമരപരിപാടികൾ ആരംഭിക്കുന്നതിനു മുമ്പ് മഹാരാജാവിന് ഒരു സങ്കടഹർജി സമർപ്പിക്കുവാൻ 'സംയുക്ത രാഷ്ട്രീയ കോൺഗ്രസ്' നിശ്ചയിച്ചിരുന്നു. തങ്ങളുടെ അവകാശങ്ങളും ആവശ്യങ്ങളും എണ്ണിയെണ്ണി പറഞ്ഞുകൊണ്ടുള്ള ആ നിവേദനം സമർപ്പിക്കുവാൻ മുസ്ലിം, ഈഴവ, ക്രൈസ്തവ പ്രതിനിധികളെ തെരഞ്ഞെടുക്കുകയും ചെയ്തു. അതുവരെ നേരിട്ടു പ്രത്യക്ഷപ്പെടാതെ അണിയറയിൽ ഇരുന്ന് നേതൃത്വം നല്കിയിരുന്ന കെ. സി. മാമ്മൻ മാപ്പിളയ്ക്ക് പ്രധാന നടൻെറ വേഷമിട്ട് അരങ്ങിൽ പ്രത്യക്ഷപ്പെടേണ്ടതായി വന്നു. 1933 ഡിസംബർ 7ന് മഹാരാജാവിനെ മുഖം കാണിച്ച നിവേദകസംഘത്തിലെ അംഗങ്ങൾ കെ. സി. മാമ്മൻ മാപ്പിള, ടി. എം. വർഗീസ്, സി. കേശവൻ, കെ. കുഞ്ഞുപണിക്കർ,

എ. സി. എം. അന്ത്രപ്പേർ, ഏ. ജെ. ജോൺ, ഏ. വി. ജോർജ്, പി. കെ. കുഞ്ഞ്, കെ. മുഹമ്മദാലി, ജെ. വത്സലം റോസ്, ഇ. പി. വർഗീസ്, റാവു ബഹദൂർ, പി. ഐ. വർഗീസ്, ഡോ. കെ. ടി. മാത്യു, സി. പി. മാത്തൻ, ഇ. ജെ. ഫിലിപ്പോസ് എന്നിവരായിരുന്നു.[21]

'നിവർത്തനപ്രസ്ഥാനത്തെ' നിസ്സഹകരണപ്രസ്ഥാനമായി വ്യവഹരിച്ചുപോരുന്നതിനാൽ, 'നിവർത്തനപ്രസ്ഥാനം' എന്നതിനുപകരം 'പൗരസമത്വപ്രസ്ഥാനം' എന്നാണ് മേലിൽ പറയേണ്ടതെന്ന് തിരുവല്ലയിൽ ടി. എം. വർഗീസിൻെറ അദ്ധ്യക്ഷതയിൽ കൂടിയ സമുദായ നേതാക്കന്മാരുടെ യോഗം തീരുമാനിച്ചിരുന്നു. മനോരമയിൽ വന്ന റിപ്പോർട്ട് ഇപ്രകാരമാണ്. "നിയമസമിതി, പബ്ലിക് സർവ്വീസ്, പട്ടാളം ഈ വകുപ്പുകളിൽ ഗണനീയങ്ങളായ എല്ലാ സമുദായങ്ങൾക്കും ന്യായവും അർഹവുമായ പ്രവേശനവും പ്രാതിനിധ്യവും സമ്പാദിച്ച്, ദേശീയാദർശങ്ങളുടെ വളർച്ചയ്ക്ക് തടസ്സമായി നില്ക്കുന്ന രാഷ്ട്രീയ അസമത്വത്തെ ഉന്മൂലനം ചെയ്ത് സർവ്വസമുദായ മൈത്രി പുലർത്തുന്നതിനുവേണ്ടിയുള്ള ഈഴവ-ക്രൈസ്തവ-മുസ്ലിം സമുദായങ്ങളുടെ സംഘടിതശ്രമം ചില യാദൃശ്ചിക കാരണങ്ങളാൽ 'നിവർത്തനപ്രസ്ഥാനം' എന്ന് അറിയപ്പെടാൻ ഇടയായത് പല തെറ്റിദ്ധാരണകൾക്കും കാരണമായിക്കാണുന്നു. അതിനാൽ ന്യായവും നിയമാനുസൃതവുമായ ഈ പ്രസ്ഥാനം മേലാൽ പൗരസമത്വപ്രസ്ഥാനം എന്ന പേരിൽ അറിയപ്പെടേണ്ടതാണെന്ന് ഈ മഹായോഗം അഭിപ്രായപ്പെടുന്നു."[22] ഈ സമ്മേളനത്തിനുശേഷം തിരുവിതാംകൂറിലെ പ്രധാന സ്ഥലങ്ങളിലൊക്കെ പൗരാവകാശ സംരക്ഷണത്തിനുവേണ്ടിയുള്ള സമരത്തെ സഹായിക്കുന്നതിനായിയോഗങ്ങൾ സംഘടിപ്പിച്ചിരുന്നു. നാട്ടുമ്പുറങ്ങളിലും 'പൗരസമത്വപ്രസ്ഥാന'ത്തിൻെറ പൊതുയോഗങ്ങൾ ധാരാളമായി നടന്നുകൊണ്ടിരിക്കുകയും ചെയ്തു. അഭൂതപൂർവ്വമായ ആവേശവും ഉത്സാഹവുമാണ് സമ്മേളനങ്ങളിലൊക്കെ ദൃശ്യമായത്. അവകാശങ്ങൾ നേടുന്നതുവരെ സമരം തുടരുമെന്നുള്ള പ്രഖ്യാപനമായിരുന്നു ഓരോ യോഗത്തേയും ശബ്ദായമാനമാക്കിയിരുന്നത്. പൗരസമിതി നേതാക്കന്മാരായിരുന്ന സി. കേശവൻ, വി. കെ. വേലായുധൻ, കെ. ആർ. നാരായണൻ എന്നിവർ കോട്ടയം ജില്ലയിൽ പ്രവേശിക്കുന്നത് നിരോധിച്ചിരുന്നു.

പൗരസമിതിയുടെ ഒരു മഹാസമ്മേളനം 1935 മെയ് 11ന് കോഴഞ്ചേരിയിൽ കൂടുകയുണ്ടായി. യോഗാദ്ധ്യക്ഷനായിരുന്ന സി. കേശവൻ അന്നു നടത്തിയ വികാരോജ്ജ്വലമായ പ്രസംഗം ആവേശകരമായിരുന്നു. 'സർ സി. പി.യുടെ ആവശ്യം തിരുവിതാംകൂറുകാർക്കില്ല' എന്നും, നാടിന് ഭാരമായിത്തീർന്നിട്ടുള്ള സി. പിയെ ഇവിടെനിന്നും പറഞ്ഞയയ്ക്കുവാനുമുള്ള

പ്രക്ഷോഭാരംഭണം കൂടിയാണ് ഇതെന്നും അദ്ദേഹം ഉറക്കെപ്പറഞ്ഞു. ഈ മഹാസമ്മേളനം അന്ന് അംഗീകരിച്ച പ്രമേയം  സർ സി. പിയെ മഹാരാജാവിൻെറ ഉപദേഷ്ടാവ് എന്ന പദവിയിൽനിന്നും പിരിച്ചുവിടണമെന്നായിരുന്നു. സി. കേശവൻെറ പ്രസംഗവും യോഗം അംഗീകരിച്ച പ്രമേയവും അവ അർഹിക്കുന്ന പ്രാധാന്യത്തോടുകൂടിത്തന്നെ മനോരമ പ്രസിദ്ധീകരിച്ചു. സി. കേശവൻെറ കോഴഞ്ചേരി പ്രസംഗവും യോഗം അംഗീകരിച്ച പ്രമേയവും സർക്കാരിന് പൊതുവേയും സി. പിക്ക് പ്രത്യേകമായും കടുത്ത അമർഷം ഉണ്ടാക്കുന്നവയായിരുന്നു. കോട്ടയംജില്ലയിൽ പ്രവേശിക്കുവാനോ പ്രസംഗിക്കുവാനോ പാടില്ലെന്നു നിരോധനം ലഭിച്ചിരുന്ന സി. കേശവൻ തൻെറ പ്രവർത്തനം കൊല്ലം ജില്ലയിലേക്ക് മാറ്റി. അവിടെ എസ്. എൻ. ഡി. പി.ഓഫീസിൽ പ്രവർത്തകരോടൊപ്പം ഇരിക്കുമ്പോൾ ഒരുവലിയസംഘം പോലീസ്, ഓഫീസ് വളഞ്ഞ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തുകൊണ്ടുപോയി. കോഴഞ്ചേരിയിൽ നടത്തിയ പ്രസംഗം ക്രിമിനൽ നിയമം 117-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമാണെന്നായിരുന്നു പോലീസ് എടുത്ത നിലപാട്. കേസുവിചാരണ നടത്തി രണ്ടു വർഷം കഠിനതടവും 500 രൂപ പിഴയും ശിക്ഷ വിധിച്ചു. തിരുവിതാംകൂറിൽ എല്ലായിടത്തും സി. കേശവൻെറ അറസ്റ്റിനെതിരായി പ്രതിഷേധപ്രകടനങ്ങൾ നടന്നു. 1935 ജൂൺ 11ന് മനോരമ എഴുതിയ മുഖപ്രസംഗം ഇപ്രകാരമായിരുന്നു. "ഈ ഘട്ടത്തിൽ കാട്ടുതീപോലെ അസ്വസ്ഥത വർദ്ധിപ്പിക്കുന്നവിധത്തിൽ എന്തെങ്കിലും എഴുതണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അസമത്വങ്ങൾക്ക് ശരിയായ പരിഹാരമുണ്ടാകുന്നപക്ഷം ഇപ്പോൾ കൂടുതൽ സ്ഥാനങ്ങൾ കൈവശം വെച്ചുകൊണ്ടിരിക്കുന്ന സമുദായങ്ങൾക്ക് അസംതൃപ്തിയുണ്ടാകും. എന്നാൽ ആ കാരണംകൊണ്ട് രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളും ന്യായരഹിതമായ അസമത്വങ്ങൾ എക്കാലവും അനുഭവിച്ചുകൊണ്ടിരിക്കണമെന്ന് ആഗ്രഹിക്കുന്നു എങ്കിൽ അത് ആപത്കരമായിരിക്കും..... മർദ്ദനംകൊണ്ട് ആരും ജയിച്ചിട്ടില്ല. ജനങ്ങൾക്ക് പ്രത്യാശ നൽകുന്ന ഒരു പ്രസ് കമ്മ്യൂണിക്കെ പുറപ്പെടുവിച്ചു കഴിഞ്ഞതിനുശേഷം ആലോചനാരഹിതമായി നിരോധനാജ്ഞയും പ്രോസിക്യൂഷനും പ്രസ് റഗുലേഷൻ ശക്തിപ്പെടുത്തലും ആരംഭിച്ച ഗവൺമെൻറിൻെറ ചിന്താഗതി എന്താണെന്ന് വ്യക്തമാക്കുന്ന നടപടിയാണ് സി. കേശവൻെറ അറസ്റ്റ്. സി. കേശവൻെറപേരിൽ ആരംഭിച്ചിരിക്കുന്ന കേസിൻെറ ന്യായ-അന്യായങ്ങളെപ്പറ്റി പറയുവാനുള്ള സന്ദർഭം ഇതല്ല. ഏതായാലും ഈ അറസ്റ്റിലും പ്രോസിക്യൂഷൻ നടപടികളിലും അന്തർഭവിച്ചിട്ടുള്ള ഗവൺമെൻറ് നയത്തെ ഒരുവിധത്തിലും ഞങ്ങൾ അനുകൂലിക്കുന്നില്ല. രാജ്യത്തുടനീളം പ്രകടമായിക്കൊണ്ടിരിക്കുന്ന പ്രതിഷേധത്തിൽ ഞങ്ങളും പങ്കുചേരുന്നു."[23] ഇതിൽ പറയുന്ന ഗവൺമെൻറ് പത്രക്കുറിപ്പ് 'നിയമസഭാ

പ്രാതിനിധ്യപരിഷ്കാരം' എന്ന പേരിൽ ഗവൺമെൻറ് വിളംബരം ചെയ്തതാണ്. നിയമസഭകളിൽ പ്രാതിനിധ്യം കുറവുള്ള സമുദായങ്ങളായ ഈഴവർ, മുസ്ലിംകൾ, ലത്തീൻ ക്രിസ്ത്യാനികൾ എന്നിവർക്ക് നിയമസഭകളിൽ കുറെ സീറ്റുകൾ ഉറപ്പുവരുത്തത്തക്കവിധം പരിഷ്കാരങ്ങൾ വരുത്തുമെന്ന് കമ്മ്യൂണിക്കയിൽ പറഞ്ഞിരുന്നു. ഈഴവർക്ക് ശ്രീമൂലം അസംബ്ലിയിൽ തെരഞ്ഞെടുപ്പുമൂലം എട്ട് സ്ഥാനങ്ങളും സ്റ്റേറ്റ് കൗൺസിൽ തിരഞ്ഞെടുപ്പുമൂലം രണ്ട് സ്ഥാനങ്ങളും നോമിനേഷൻ മൂലം ഒരു സ്ഥാനം ഉൾപ്പെടെ മൂന്നും മുസ്ലിംകൾക്ക് തെരഞ്ഞെടുപ്പുവഴി അസംബ്ലിയിൽ മൂന്നും കൗൺസിലിൽ തെരഞ്ഞെടുപ്പുവഴി ഒന്നും നോമിനേഷൻ വഴി ഒന്നും, ലത്തീൻ കത്തോലിക്കർക്ക് അസംബ്ലിയിൽ മൂന്നും കൗൺസിലിൽ ഒന്നും സ്ഥാനങ്ങൾവീതം ലഭിക്കുന്നതാണ്. ഇതിന് അനുയോജ്യമായവിധം നിയോജകമണ്ഡലങ്ങൾ പുനർ നിർണ്ണയം ചെയ്യുമെന്നറിയിച്ചുകൊണ്ടും ഈ പരിഷ്കാരങ്ങളെ പ്രാവർത്തികമാക്കത്തക്കവിധം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ലോ കോളേജ് പ്രിൻസിപ്പാൾ ആയിരുന്ന ഇ. സുബ്രഹ്മണ്യയ്യരെ ഒരു കമ്മീഷനായി നിയമിച്ചുകൊണ്ടുമുള്ളതായിരുന്നു സർക്കാർ വിളംബരം.

ഒൻപതു മാസംകൊണ്ട് സുബ്രഹ്മണ്യയ്യർ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചു. ഭൂരിപക്ഷം ജനങ്ങൾക്കും സുബ്രഹ്മണ്യയ്യരുടെശുപാർശ സ്വീകാര്യമായിരുന്നു. അദ്ദേഹത്തിൻെറ ശുപാർശയനുസരിച്ച് പ്രജാസഭയിൽ 43 അംഗങ്ങളെ 18 നിയോജകമണ്ഡലങ്ങളിൽനിന്നായി തെരഞ്ഞെടുത്തു. നിയോജകമണ്ഡലങ്ങളിൽ 18ൽ 16ഉം ബഹുഅംഗ നിയോജകമണ്ഡലങ്ങളായിരുന്നു. രണ്ടെണ്ണം മാത്രമേ ഏകാംഗനിയോജകമണ്ഡലങ്ങൾ ആയി ഉണ്ടായിരുന്നുള്ളു. ഉദ്യോഗനിയമനങ്ങളിൽ സമുദായപ്രാതിനിധ്യം അംഗീകരിക്കുകയും ഒരു രൂപ കരം കൊടുക്കുന്നവർക്കുകൂടി സമ്മതിദാനാവകാശം നൽകുകയും ചെയ്തുവെന്നതാണ് സുബ്രഹ്മണ്യ അയ്യർ കമ്മീഷൻ റിപ്പോർട്ട് പൗരസമത്വവാദികൾക്ക് സ്വീകാര്യമാകുവാൻ കാരണം. പ്രായപൂർത്തി വോട്ടവകാശം ലഭിച്ചില്ലെങ്കിലും അതുവരെ 50 രൂപ കരം കൊടുത്തിരുന്നവർക്ക് മാത്രം ഉണ്ടായിരുന്ന പൗരാവകാശം ഒരു രൂപ കരമടയ്ക്കുന്നവർക്കുകൂടി കിട്ടിയത് വലിയ ആശ്വാസകരമാണല്ലോ.[24]

പൗരാവകാശങ്ങൾ ഇത്രത്തോളം അനുവദിക്കുന്ന സ്ഥിതിയിലേക്ക് എത്തിയ അവസ്ഥയിൽ ഉത്തരവാദഭരണത്തിനുവേണ്ടിയുള്ള രാഷ്ട്രീയാവബോധം ജനങ്ങളിൽ ഉണ്ടാക്കണമെന്ന് 1936 മെയ് 18ലെ മുഖപ്രസംഗം വഴി 'മലയാള മനോരമ' ആഹ്വാനം ചെയ്തിരുന്നു. "വ്യായാമമില്ലാത്ത ശരീരം അത്യാവശ്യമായ കായികാദ്ധ്വാനങ്ങൾക്ക് എങ്ങനെ അപ്രാപ്തമായിരിക്കുന്നുവോ അതുപോലെയാണ് പുരോഗമനപരമായ പ്രവർത്തനപരിപാടികൾ ഇല്ലാത്ത രാഷ്ട്രീയ സംഘടനകൾ പടിപടി

യായി ലഭിക്കുന്ന രാഷ്ട്രീയ ചുമതലകൾ വഹിക്കുന്നതിന് അപ്രാപ്തങ്ങളായിത്തീരുന്നത്. ഈ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ തിരുവിതാംകൂറിൽ ഉത്തരവാദഭരണം ഏർപ്പെടുത്തണമെന്ന രാഷ്ട്രീയ ലക്ഷ്യത്തോടെ സംയുക്ത രാഷ്ട്രീയസഭ സമരം തുടർന്നു നടത്തണമെന്നു പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. കോഴഞ്ചേരിയിൽവച്ചു കൂടിയ സമ്മേളനത്തിൽ ബാരിസ്റ്റർ ജോർജ് ജോസഫ് ഈ അഭിപ്രായം വ്യക്തമാക്കുകയും ചെയ്തു. ശരിയായ ജനപ്രാതിനിധ്യമുള്ളതും നിയമസഭയോട് ഉത്തരവാദിത്വമുള്ളതുമായ ഒരു ഭരണരീതി എത്രയും വേഗം ഇവിടെ സ്ഥാപിക്കേണ്ടതാണ്. ലോകത്തിൽ ഏറ്റവും ഉത്കൃഷ്ടമായ ഭരണരീതി ജനാധിപത്യഭരണം ആണ്. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന മന്ത്രിസഭയാണ് രാജ്യഭരണം നടത്തേണ്ടത്. ജനഹിതത്തെ ആദരിച്ചുകൊണ്ട് ജനപ്രതിനിധിസഭയുടെ ഭൂരിപക്ഷാഭിപ്രായപ്രകാരം നടത്തുന്ന ഭരണരീതി തിരുവിതാംകൂറിൽ നടപ്പിലാക്കേണ്ടതാണെന്നുള്ള അഭിപ്രായത്തെപ്പറ്റി പക്ഷാന്തരമുണ്ടാകാൻ ഇടയില്ല.

"ഈ അവസരത്തിൽ ഒരു നിർദ്ദേശംകൂടി ഇതോടനുബന്ധിച്ച് ഞങ്ങൾക്ക് വെക്കാനുണ്ട്. ക്രൈസ്തവരും, ഈഴവരും, മുസ്ലിംകളും യോജിച്ചാണല്ലോ ഇതുവരെ പ്രയത്നിച്ചത്. വ്യവസ്ഥാപിതമായ പ്രക്ഷോഭണംകൊണ്ട് ഇത്രയും കാര്യങ്ങൾ ഇതിനകം നേടിയെടുത്തു. ഉത്തരവാദഭരണത്തിനുവേണ്ടി ഈ രാജ്യത്തെ പ്രമുഖമായ നായർ സമുദായംകൂടി മറ്റുള്ളവരോട് എന്തുകൊണ്ട് യോജിച്ചുകൂടാ? നായർ - ഈഴവ - ക്രൈസ്തവ - മുസ്ലിം മൈത്രി യഥാർത്ഥമായ ഉത്തരവാദഭരണരീതി തിരുവിതാംകൂറിൽ സ്ഥാപിക്കുന്നതിനുവേണ്ടി അനുപേക്ഷണീയമാണ്. യോജിച്ചുള്ള പ്രവർത്തനംകൊണ്ട് ഇവിടെ ഉത്തരവാദഭരണം സ്ഥാപിതമാകുമെന്നുള്ളതിൽ ഞങ്ങൾക്ക് സംശയമില്ല. അടുത്ത ശ്രമം അതിനുവേണ്ടിയാണ്"[25] ഈ മുഖലേഖനം പുതിയൊരു രാഷ്ട്രീയ സമരത്തിന് തീ കൊളുത്തുന്നതാണല്ലോ. ഉത്തരവാദഭരണപ്രക്ഷോഭണത്തിൻെറ മുന്നോടിയായി മാമ്മൻ മാപ്പിള എഴുതിയ ഈ മുഖപ്രസംഗം മാത്രം ശ്രദ്ധിച്ചാൽ മതി, എന്തുകൊണ്ടാണ് സർ സി. പി.യും സന്നാഹങ്ങളും 'മനോരമ'യ്ക്കും മാമ്മൻ മാപ്പിളയ്ക്കും അദ്ദേഹത്തിൻെറ വ്യാപാര-വ്യവസായ സ്ഥാപനങ്ങൾക്കുമെതിരായി ക്രൂരവും നീചവുമായ പകപോക്കലിന് ഒരുങ്ങിയത് എന്ന് ഊഹിക്കാൻ പ്രയാസമില്ല.

'സംയുക്ത രാഷ്ട്രീയസഭ'യുടെ കൂട്ടായുള്ള ആവശ്യങ്ങളെ അവഗണിക്കാൻ പറ്റാത്തവിധം അതിശക്തിയായി ആ പ്രസ്ഥാനം വളർന്നുകഴിഞ്ഞിരുന്നു. ദിവാൻജിയായിരുന്ന സർ ഹബീബുള്ള 'സംയുക്ത രാഷ്ട്രീ

യസഭ'യുടെ ആവശ്യങ്ങളോട് വളരെ അനുകൂല മനോഭാവമാണ് പുലർത്തിയിരുന്നത്. അതിൻെറയുംകൂടി ഫലമായിട്ടാണ് ഓരോ സമുദായത്തിനും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം സർക്കാർ സർവ്വീസിൽ നൽകണമെന്ന് തീരുമാനിച്ചത്. സാമുദായികസംവരണത്തിൻെറ ആരംഭം കുറിച്ച ചരിത്ര സംഭവമായിരുന്നു അത്. ഈ നിയമനങ്ങൾ ക്രമീകരിക്കുന്നതിനും നീതിയുക്തമായി നടത്തുന്നതിനുമായി കേരളത്തിൽ ആദ്യമായി ഒരു പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമിക്കപ്പെടുന്നതും ഇതോടൊപ്പമാണ്. ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ഓരോ സമുദായത്തിനും ലഭിക്കത്തക്കവിധമായിരുന്നു നിയമസഭ പരിഷ്കരണവും നടന്നത്. അങ്ങനെ 'സംയുക്ത രാഷ്ട്രീയസഭ' അതിൻെറ അവകാശങ്ങൾ ഓരോന്നോരോന്നായി നേടിയെടുത്തുകൊണ്ടിരുന്നു. സർ ഹബിബുള്ളയുടെ കാലാവധി 1936 ഒക്ടോബർ ഒന്നാം തീയതി അവസാനിച്ചതിനെത്തുടർന്ന് അന്നുതന്നെ ഉപദേശകനായിരുന്ന സർ സി. പി. രാമസ്വാമി അയ്യരെ തിരുവിതാംകൂറിലെ ദിവാൻജിയായി അവരോധിക്കുകയും ചെയ്തു. സി. പിയുടെ നിയമനം സംയുക്തരാഷ്ട്രീയ സമിതിയിൽപ്പെട്ട ജനങ്ങൾക്കെല്ലാംതന്നെ ഭീതിയും ആശങ്കയും ഉണ്ടാക്കിയിരുന്നു. അവരുടെ വികാരത്തോട് സർവ്വാത്മനാ യോജിക്കുകയാണ് മലയാള മനോരമ ചെയ്തത്. "ഭരണപരിഷ്കാരം സംബന്ധിച്ച് സർ സി. പി. വഹിച്ചിട്ടുള്ള പങ്കിനെയും ആ പരിഷ്കാരത്തെ തുടർന്നുണ്ടായ അവശസമുദായങ്ങളുടെ ന്യായാനുസൃതമായ പ്രക്ഷോഭത്തോട് അദ്ദേഹം അനുവർത്തിച്ച നയത്തെയും പരിഗണിക്കുമ്പോൾ ദിവാൻജിയായുള്ള അദ്ദേഹത്തിൻെറ നിയമനത്തെ ന്യായമായ ആശങ്കകളോടുകൂടിയല്ലാതെ വീക്ഷിക്കുവാൻ നിർവ്വാഹമില്ല......"[26] ഇങ്ങനെയായിരുന്നു 'മനോരമ'യുടെ പ്രതികരണം.

ദിവാൻപദം സ്വീകരിച്ച് ഒരു മാസം കഴിഞ്ഞതോടെ തന്ത്രശാലിയായ ദിവാൻജിക്ക് രാജ്യത്തിൻെറ ശ്രദ്ധയാകമാനം തന്നിലേക്ക് തിരിയത്തക്ക വണ്ണമുള്ള ധീരമായ ഒരു പ്രഖ്യാപനം നടത്തുവാനുള്ള അവസരമുണ്ടായി. മഹാരാജാവിൻെറ ജന്മദിനസമ്മാനമെന്നോണം ചരിത്രപ്രസിദ്ധമായ ക്ഷേത്രപ്രവേശനവിളംബരം നടത്തിക്കുവാനുള്ള ഉപദേശം മഹാരാജാവിന് നൽകിക്കൊണ്ടായിരുന്നു അത്. തിരുവിതാംകൂറിലെ എല്ലാ സർക്കാർ ക്ഷേത്രങ്ങളും ജാതിവ്യത്യാസമില്ലാതെ എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നുകൊടുത്തുകൊണ്ടുള്ളതായിരുന്നു ആ വിളംബരം. ഒരു വെടിക്ക് രണ്ടു പക്ഷി എന്ന് പറയാറുള്ളതുപോലെ സർ സി. പിക്ക് ഇതുമൂലമുണ്ടായ നേട്ടം നിസ്സാരമല്ല. അഖിലേന്ത്യാതലത്തിൽ തന്നെ ഏറെ അഭിനന്ദിക്കപ്പെട്ട ചരിത്രസംഭവമായി ക്ഷേത്രപ്രവേശനവിളംബരം കൊണ്ടാടപ്പെട്ടു. അയിത്തത്തിനും തീണ്ടലിനുമെതിരായി പ്രാർത്ഥനാസ്വാത

ന്ത്ര്യത്തിനും സഞ്ചാരസ്വാതന്ത്ര്യത്തിനും വേണ്ടിയും അധഃസ്ഥിതസമൂഹം വിജയകരമായി നടത്തിയ വൈക്കം സത്യഗ്രഹവും അതേത്തുടർന്ന് ഗുരുവായൂർ സത്യഗ്രഹവുമൊക്കെ ജാത്യാചാരങ്ങൾക്കെതിരായി ശക്തമായ എതിർപ്പുണ്ടാക്കിയ സംഭവങ്ങൾ ആയിരുന്നുവല്ലോ. ഇത്തരം സാഹചര്യത്തിൽ സർക്കാർ ക്ഷേത്രങ്ങൾ എല്ലാവർക്കുമായി തുറന്നുകൊടുക്കുകയെന്നത് അങ്ങേയറ്റം അഭിനന്ദനാർഹമായ പ്രവൃത്തിയാണ്. സാമുദായികാടിസ്ഥാനത്തിൽ നിയമസഭയിലും ഔദ്യോഗികതലത്തിലും പ്രാതിനിധ്യം ലഭിക്കുകയും സഞ്ചാരസ്വാതന്ത്ര്യത്തോടുകൂടി ക്ഷേത്രപ്രവേശനം അനുവദിക്കുകയും എന്നുവന്നാൽ 'സംയുക്തരാഷ്ട്രീയസമിതി'യുടെ പ്രസക്തി തന്നെ ഇല്ലാതായിത്തീരുമെന്ന് സി. പി.ക്ക് അറിയാമായിരുന്നു. അദ്ദേഹം വിചാരിച്ചതുപോലെതന്നെ സംയുക്ത രാഷ്ട്രീയസമിതി സജീവമല്ലാതായിത്തീർന്നു എന്നു മാത്രമല്ല, അതിൻെറ നേതാക്കന്മാർതന്നെ ഒരു പുനരവലോകനത്തിന് തയ്യാറാവുകയും ചെയ്തു. 'സംയുക്ത രാഷ്ട്രീയസമിതി'യോട് പിന്തിരിഞ്ഞു നിൽക്കുകയായിരുന്നുവല്ലോ നായർ സമുദായം. നിയമസഭയിലും ഔദ്യോഗികതലത്തിലും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം വന്നാൽ അതുകൊണ്ടുള്ള നഷ്ടം നായർ സമുദായത്തിനാണെന്ന് ബോധ്യമുണ്ടായിരുന്നതിനാലാണ് അവർ വിഘടിച്ചു നിന്നത്. തങ്ങളുടെ അവകാശങ്ങളെല്ലാം നേടിയെടുക്കാൻ കഴിഞ്ഞതോടുകൂടി ഉത്കർഷം പ്രാപിച്ചിട്ടുള്ള നായർ സമുദായത്തെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് എല്ലാ സമുദായങ്ങളും ഏകോപിതമായി സംഘടിക്കുകയാണെങ്കിൽ താമസംവിനാ ഉത്തരവാദഭരണം നേടിയെടുക്കുവാൻ കഴിയുമെന്ന് ഈ നേതാക്കന്മാർക്ക് ബോധ്യമുണ്ടായിരുന്നു. അതിനുള്ള ശ്രമങ്ങളാണ് മാമ്മൻ മാപ്പിളയും മലയാള മനോരമയും നടത്തിക്കൊണ്ടിരുന്നതും.

പുതിയ ഭരണപരിഷ്കാരത്തിൻെറ അടിസ്ഥാനത്തിൽ നിയമസഭയിലേക്ക് തെരഞ്ഞെടുപ്പ് നടക്കുന്നത് 1937 ഏപ്രിൽ - മെയ് മാസങ്ങളിലായിരുന്നു. 'സംയുക്ത രാഷ്ട്രീയ കോൺഗ്രസ്' ഏക പാർട്ടിയെന്ന നിലയിൽ തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും അഭൂതപൂർവ്വമായ വിജയം കൈവരിക്കുകയും ചെയ്തു. സംയുക്ത രാഷ്ട്രീയ കക്ഷിയുടെ നേതൃസ്ഥാനം ടി. എം. വർഗ്ഗീസിന് ആയിരുന്നു. "ഈ രാഷ്ട്രീയ സമിതിയുടെ പ്രധാന പ്രചാരണോപാധിയായി മനോരമ അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. മനോരമയുടെ പ്രധാന പത്രാധിപരായ കെ. സി. മാമ്മൻ മാപ്പിള പഴയപടി പ്രവർത്തനങ്ങളുടെ അണിയറയിൽ ഇരുന്ന് ഇടതടവില്ലാതെ തൂലിക ചലിപ്പിച്ചുകൊണ്ട് പൊതുപ്രസ്ഥാനത്തിൻെറ വിജയത്തിനു വേണ്ട പ്രവർത്തനങ്ങളിൽ വ്യാപൃതനായി" എന്നാണ് മൂർക്കോത്ത് കുഞ്ഞപ്പ ഇതു സംബന്ധമായി നൽകുന്ന വിവരണം.[27] തെരഞ്ഞെടുപ്പിനുശേഷം നി

മയസഭയുടെ ഡെപ്യൂട്ടി പ്രസിഡൻറായി ടി. എം. വർഗീസ് തെരഞ്ഞെടുക്കപ്പെട്ടു. സർക്കാർ സർവ്വീസിൽ ഓരോ സമുദായത്തിനും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ഉണ്ടായിരിക്കണമെന്ന് ഖണ്ഡനോപക്ഷേപം സഭയുടെ ആദ്യബജറ്റ് സമ്മേളനത്തിൽ ഒരു സംയുക്ത പാർട്ടിയംഗം അവതരിപ്പിച്ചിരുന്നു. അതിനെ എതിർത്തുകൊണ്ട് സർക്കാർ പക്ഷത്തുനിന്നും പടച്ചൊപ്പിച്ചിരുന്ന നാഷണലിസ്റ്റ് പാർട്ടിയും മറ്റും ശബ്ദകോലാഹലം ഉണ്ടാക്കി. ഇതേത്തുടർന്ന് ബഹുഭൂരിപക്ഷം വരുന്ന സംയുക്തരാഷ്ട്രീയ സമിതിയംഗങ്ങൾ സഭവിട്ട് ഇറങ്ങിപ്പോവുകയും ചെയ്തു. ഇതിനെ അധികരിച്ച് എഴുതിയ മുഖപ്രസംഗത്തിൽ "സമുദായ പ്രാതിനിധ്യമെന്ന ശബ്ദശ്രവണത്തിൽ ചുവപ്പ് കണ്ട കൂറ്റനെപ്പോലെ വിരണ്ടുപോകാൻ തക്ക കാര്യകാരണമൊന്നുമില്ല.... ഇങ്ങനെ നീതിബോധമുള്ള സകലരും സാർവ്വത്രികമായി സമാദരിക്കുന്ന ഒരു തത്വത്തിനുവേണ്ടി സംയുക്ത കക്ഷി നിയമസഭയിൽ ചെയ്ത അവകാശവാദം ഇത്ര വലിയൊരു അപരാധമാകുന്നത് എങ്ങനെയാണെന്ന് മനസ്സിലാകുന്നില്ല.... പാഞ്ഞുവരുന്ന മലവെള്ളം മണൽച്ചിറ കെട്ടിക്കൊണ്ട് തടുത്തു നിർത്തുവാനുള്ള വ്യർത്ഥമായ ശ്രമമായിരിക്കും." ഈ ധർമ്മസമരത്തെ വേലികെട്ടി തടയുവാനുള്ള ശ്രമം എന്ന മുന്നറിയിപ്പോടുകൂടിയാണ് മുഖക്കുറിപ്പ് അവസാനിക്കുന്നത്. [28] നിയമസഭയ്ക്കകത്തും പുറത്തും അവകാശങ്ങൾ നേടിയെടുക്കുവാനുള്ള തീവ്രയത്നങ്ങൾ നടന്നുകൊണ്ടിരുന്നു. സംയുക്ത നേതാക്കളെ അലോസരപ്പെടുത്തിക്കൊണ്ടിരുന്ന പ്രധാന പ്രശ്നം ജയിലിൽ കഴിയുന്ന അവരുടെ നേതാവായ സി. കേശവനെ പുറത്തിറക്കുക എന്നതായിരുന്നു. അദ്ദേഹത്തെ മോചിപ്പിക്കണമെന്നുള്ള ആവശ്യം എല്ലാ വിഭാഗം ജനങ്ങളിലും ശക്തമായിക്കൊണ്ടിരുന്നു. 1935 ജൂൺ 7-ാം തീയതി ആയിരുന്നുവല്ലോ സി. കേശവനെ അറസ്റ്റ് ചെയ്ത് രണ്ടു കൊല്ലത്തേക്ക് ശിക്ഷിച്ചിരുന്നത്. എന്നാൽ കാലാവധി തീരുന്നതിനു മുമ്പുതന്നെ മഹാരാജാവിൻെറ ജന്മദിനം പ്രമാണിച്ച് തടവുകാരെ മോചിപ്പിച്ചകൂട്ടത്തിൽ അദ്ദേഹത്തെയും വിട്ടയച്ചു.

സി. കേശവൻെറ മോചനവാർത്ത മിന്നൽവേഗത്തിൽ നാട്ടിലുടനീളം പരന്നു. രാജ്യംതന്നെ സി. കേശവനെ വീരോചിതമായി സ്വീകരിക്കുവാനുള്ള പ്രവർത്തനങ്ങളിൽ മുഴുകി. 1937 ഒക്ടോബർ 3ന് ആലപ്പുഴ കിടങ്ങാംപറമ്പ് മൈതാനിയിൽ നടന്ന ആവേശകരമായ സ്വീകരണ മഹാസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചത് കെ. സി. മാമ്മൻ മാപ്പിളയായിരുന്നു. 'കേശവചന്ദ്രോദയം കണ്ട മനുഷ്യമഹാസമുദ്രം' എന്നാണ് യോഗനടപടികളുടെ റിപ്പോർട്ടിന് 'മനോരമ' നൽകിയിരുന്ന തലക്കെട്ട്. അവിടെ തിങ്ങിക്കൂടിയിരുന്ന ആഹ്ലാദഭരിതരായ ജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ധ്യക്ഷൻ പ്രഖ്യാപിച്ചത് "കേശവനിന്ന്

കേരളത്തിലെ കിരീടം വക്കാത്ത രാജാവായിത്തീർന്നിരിക്കുന്നു" എന്നാണ്.[29] സി. കേശവനെ സ്വാഗതം ചെയ്തുകൊണ്ട് ടി. എം. വർഗീസ് പറഞ്ഞത് ഇപ്രകാരമാണ്. "തിരുവിതാംകൂറിലെ അവശതയനുഭവിക്കുന്ന എല്ലാ സമുദായങ്ങൾക്കുംവേണ്ടി നിരവധി കഷ്ടപ്പാടുകൾ സഹിച്ച ത്യാഗ ശ്രേഷ്ഠനായ സി. കേശവന് തിരുവിതാംകൂറിലെ 51 ലക്ഷം ജനങ്ങൾക്കു വേണ്ടി ഹൃദയംഗമവും സന്തോഷപൂർണ്ണവുമായ സ്വാഗതം ഞാൻ നൽകിക്കൊള്ളുന്നു."[30] സി. കേശവൻെറ ത്യാഗസന്നദ്ധതയെയും, അനുപമമായ ധൈര്യത്തെയും അദ്ധ്യക്ഷനായിരുന്ന കെ. സി. മാമ്മൻ മാപ്പിള പ്രകീർത്തിച്ചു. സ്വീകരണത്തിന് മറുപടി പറഞ്ഞ സി. കേശവൻെറ ദീർഘവും ഊർജ്ജസ്വലവുമായ പ്രസംഗത്തിൽനിന്ന്: "വിഭിന്ന മനോഭാവങ്ങളോടും സംസ്കാരങ്ങളോടും കൂടിയ മൂന്നു സമുദായങ്ങളെ അത്യന്തം ഗൗരവമേറിയ ഒരു രാഷ്ട്രീയകാര്യസിദ്ധിക്ക് ഏകലക്ഷ്യമായി പ്രവർത്തിക്കുവാൻ തക്കവണ്ണം സന്നദ്ധമാക്കിത്തീർക്കുന്നതിനുള്ള പ്രചരണവേല എത്രയും നിപുണമായി നിർവ്വഹിക്കുവാൻ മലയാള മനോരമയെപ്പോലെ ശക്തിയും പ്രചാരവുമുള്ള ഒരു ദിനവർത്തമാനപ്പത്രം ഉണ്ടായിരുന്നില്ലെങ്കിൽ നിവർത്തനപ്രസ്ഥാനത്തിൻെറ പരിണാമം എന്തായിത്തീരുമായിരുന്നുവെന്ന് ഓർക്കുവാൻതന്നെ ഭയമാകുന്നു. അവശസമുദായങ്ങളുടെ സമുന്നതിക്കുവേണ്ടി മനോരമയുടെ ജനകനായിരുന്ന പുണ്യചരിതനായ വറുഗീസ് മാപ്പിള ആരംഭിച്ച പ്രസ്ഥാനം അനുരൂപ ഭാഗിനേയനായ ഇന്നത്തെ അദ്ധ്യക്ഷൻ കെ. സി. മാമ്മൻ മാപ്പിള ഉത്തരോത്തരം വിപുലവും ശക്തിമത്തുമാക്കിത്തീർത്തു. സ്കൂൾ പ്രവേശനംപോലും നിഷേധിക്കപ്പെട്ട് അവശതയുടെ അടിത്തട്ടിൽ ആണ്ടുകിടന്നിരുന്ന അനേകലക്ഷം പേർക്ക് സ്കൂൾ പ്രവേശനം മുതൽ ക്ഷേത്രപ്രവേശനംവരെ സാദ്ധ്യമാക്കിക്കൊടുത്ത കഥകൾ ഞാൻ ജനിക്കുന്നതിനു മുമ്പു തുടങ്ങി എൻെറ ജയിൽവാസത്തോടുകൂടിയാണല്ലോ പൂർണ്ണതയിൽ എത്തിച്ചത് എന്നു ഞാൻ പറയുമ്പോൾ രാഷ്ട്രീയമായും, സാമുദായികമായും സാമ്പത്തികമായും ഉള്ള അവശതകൾക്കെല്ലാം പരിപൂർണ്ണമായ പരിഹാരം അവശസമുദായങ്ങൾക്കുണ്ടായി എന്ന് ആരും അർത്ഥമാക്കുകയില്ലല്ലോ. എന്നാൽ പ്രയത്നസാദ്ധ്യമല്ലാത്ത യാതൊരു അവശതയും ഇല്ലെന്ന് അരനൂറ്റാണ്ടുകാലത്തെ നിരന്തര പ്രയത്നംകൊണ്ട് നമുക്ക് അനുഭവഗോചരമാക്കിത്തന്നത് മലയാള മനോരമയാണെന്നുള്ള വസ്തുത നാമൊരിക്കലും വിസ്തരിച്ചുകൂടാത്തതാണ്" എന്നദ്ദേഹം തറപ്പിച്ചുപറഞ്ഞു.[31] കിടങ്ങാംപറമ്പ് അനുമോദനയോഗത്തിൻെറ സുദീർഘമായ റിപ്പോർട്ട് ഒന്നാം പേജിലും അകപ്പേജിലുമായി മനോരമ പ്രസിദ്ധീകരിച്ചിരുന്നു.[32]

ഈ കോലാഹലങ്ങളെല്ലാം സർ സി. പി.യെ രോഷാകുലനാക്കിയെന്നു മാത്രമല്ല, പ്രതികാരത്തിനുവേണ്ടി തയ്യാറെടുക്കുവാൻ അദ്ദേഹത്തെ പ്രേരി

തനുമാക്കി. ടി. എം. വർഗീസ് നിയമസഭാ ഡെപ്യൂട്ടി ചെയർമാനായിരുന്നു വല്ലോ. സി. കേശവന് നൽകിയ സ്വീകരണയോഗത്തിൽ തിരുവിതാം കൂറിലെ 51 ലക്ഷം ജനങ്ങളുടെ പേരിൽ അഭിവാദനങ്ങൾ അർപ്പിച്ചത് നിവർത്തനപ്രസ്ഥാനത്തോട് ആഭിമുഖ്യമില്ലാതിരുന്നവരെ അപമാനിക്കു കയാണുചെയ്തതെന്ന കാരണം പറഞ്ഞ് നിയമസഭയിൽ അദ്ദേഹത്തി ന്റെ പേരിൽ അവിശ്വാസപ്രമേയം കൊണ്ടുവന്നു. പ്രമേയത്തിന് അവതരണാനുമതി നൽകിയ നിയമസഭാദ്ധ്യക്ഷനായ സർ സി. പി. പ്രമേയം വോട്ടിനിടുകയും സഭ അത് പാസ്സാക്കുകയും ചെയ്തു. അവി ശ്വാസപ്രമേയം പാസ്സായ നിമിഷം തന്നെ ടി. എം. വർഗീസ് തന്റെ സ്ഥാനം രാജിവച്ചു. ജയിൽ മോചിതനായ സി. കേശവന് ആലപ്പു ഴയിൽനിന്നു തുടങ്ങിയ സ്വീകരണാഘോഷങ്ങൾ രാജ്യത്തെ എല്ലാ നഗരങ്ങളിലും അതിഗംഭീരമായി തുടർന്നു. 101 കതിനാവെടികൾ, മുത്തു ക്കുട, നെറ്റിപ്പട്ടം കെട്ടിയ ആന തുടങ്ങിയവയുടെ അകമ്പടിയോടുകൂടി യായിരുന്നു മിക്കവാറും എല്ലാ സ്വീകരണയോഗങ്ങളും. ഇവയൊക്കെ രാ ജാക്കന്മാർക്കു മാത്രം അനുവദനീയമായിട്ടുള്ള ആദരപൂർവ്വമായ ചിഹ്നങ്ങൾ ആണെന്നും കതിനാവെടിയും മുത്തുക്കുടയുമൊക്കെ രാജ്യ ദ്രോഹക്കുറ്റത്തിനു ശിക്ഷിച്ച ഒരാൾക്കു നൽകുന്നത് നിയമവിരുദ്ധമാ ണെന്നും കാണിച്ച് ഒരു സർക്കാർ വിളംബരം നടത്തിയെന്നുമാത്രമല്ല, മേലാൽ ഇത് ആവർത്തിച്ചാൽ തക്ക ശിക്ഷ ലഭിക്കുന്നതാണെന്ന് മുന്നറി യിപ്പും നൽകിയിരുന്നു. എന്നാൽ ഇവയൊന്നും ജനങ്ങളുടെ ആവേശത്തെ തടഞ്ഞുനിർത്തിയിട്ടില്ല. തുടർന്ന് സ്വീകരണയോഗങ്ങളെ നിരോധനാ ജ്ഞമൂലം തടയുകയും ചെയ്തു.[33] ഇതിനിടയിൽ ടി. എം. വർഗീസ് നിയമസഭയിലവതരിപ്പിച്ച പ്രമേയം, മഹാരാജാവിന്റെ പരമാധികാ രത്തിൻകീഴിൽ തിരുവിതാംകൂറിൽ ഉത്തരവാദഭരണം ഏർപ്പെടുത്താൻ നടപടികൾ എടുക്കണമെന്ന് ആവശ്യപ്പെടുന്നതായിരുന്നു. പ്രമേയത്തിന് അവതരണാനുമതി ലഭിച്ചില്ലെങ്കിലും ഉത്തരവാദഭരണമെന്ന രാഷ്ട്രീയാ വബോധം ജനങ്ങളിൽ പ്രചരിക്കുവാൻ ഇട നൽകിയ സംഭവമായിരുന്നു അത്.[34]

സംയുക്ത സമുദായ സംരംഭങ്ങളുടെ ആവശ്യങ്ങൾ മിക്കവാറും നേടി യെടുക്കുവാൻ കഴിഞ്ഞതോടെ നായർസമുദായത്തെയും കൂടി ഉൾക്കൊ ള്ളിച്ചുകൊണ്ടുള്ള 'സർവ്വസമുദായരാഷ്ട്രീയവേദി' ഉണ്ടാക്കിയാൽ മാ ത്രമേ ഉത്തരവാദിത്തഭരണപ്രക്ഷോഭത്തിന് വിജയിക്കുവാൻ സാധിക്കു കയുള്ളുവെന്ന് മാമ്മൻ മാപ്പിള മനോരമയിലൂടെ നിരന്തരം ഉപദേശിച്ചു കൊണ്ടിരുന്നു. അത്തരം ഒരു സംഘടനയ്ക്കുവേണ്ടിയുള്ള പ്രചാരണം മനോരമ നടത്തിവരികയായിരുന്നു.[35] ഇ. വി. കൃഷ്ണപിള്ള അന്ന് മലയാള മനോരമ വാരികയുടെ പത്രാധിപരായിരുന്നുവല്ലോ. എല്ലാ സമുദായങ്ങളു

ടെയും സംഘടിതമായരാഷ്ട്രീയ മുന്നേറ്റംകൊണ്ടു മാത്രമേ സി. പി.യുടെ മർദ്ദനങ്ങൾ അവസാനിപ്പിക്കുവാനും ഉത്തരവാദഭരണം നേടുവാനും സാദ്ധ്യമാകൂ എന്ന് ബോദ്ധ്യമുണ്ടായിരുന്ന അദ്ദേഹം സംയുക്ത രാഷ്ട്രീയ സമിതി നേതാക്കന്മാരെയും നായർ സമുദായ നേതാക്കന്മാരെയും യോജിപ്പിക്കുവാൻവേണ്ടി വളരെയേറെ ശ്രമിച്ചിരുന്നു. ഇക്കാര്യം സി. നാരായണപിള്ള വിവരിക്കുന്നത് ഇങ്ങനെയാണ്. "നായർ നേതൃത്വത്തെക്കൂടി ഉൾപ്പെടുത്തി ഒരു ദേശീയ സംഘടന ഉണ്ടാക്കുവാൻ കഴിഞ്ഞത് എങ്ങനെയെന്ന ചരിത്രം തൻെറ അനന്യസാധാരണമായ ശൈലിയിൽ രചിക്കുവാൻ യശഃശരീരനായ ഇ. വി. കൃഷ്ണപിള്ള ഇല്ലാതെപോയത് കൈരളിയുടെ തീരാനഷ്ടമാണ്. ഇ. വി., കെ. സി. മാമ്മൻ മാപ്പിളയുടെയും, ടി. എം. വർഗീസിൻെറയും ഒരു ഉറ്റമിത്രമായിരുന്നു. രണ്ടുപേരും അദ്ദേഹത്തെ അകമഴിഞ്ഞു സ്നേഹിച്ചിരുന്നു. എത്രവട്ടം അദ്ദേഹം തിരുവനന്തപുരത്തുനിന്ന് കൊല്ലത്തേക്കും, അവിടെനിന്ന് കോട്ടയത്തേക്കും, തിരിച്ച് തിരുവനന്തപുരത്തേക്കും, വീണ്ടും കൊല്ലത്തേക്കും, അവിടെനിന്ന് കോട്ടയത്തേക്കും സന്ധിദൗത്യങ്ങളുമായി തീർത്ഥയാത്ര നടത്തിയിരുന്നു എന്നെനിക്കറിഞ്ഞുകൂടാ. എന്നാൽ സ്റ്റേറ്റ് കോൺഗ്രസിൻെറ ആവിർഭാവത്തിൽ കെ. സി. മാമ്മൻ മാപ്പിളയ്ക്കുണ്ടായിരുന്ന നിർണ്ണായകമായ പങ്ക് അന്നും ഇന്നും വളരെപ്പേർക്ക് അറിഞ്ഞുകൂടാ.[36] ഇതിൻെറയെല്ലാം ഫലമായി 1938 ഫെബ്രുവരിയിൽ തിരുവനന്തപുരത്ത് പുളിമൂട്ടിലുള്ള എ. നാരായണപിള്ളയുടെ ഓഫീസിൽവച്ച് ഒരു പൗരമഹായോഗം ചേർന്നു. പ്രായപൂർത്തിവോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ തിരുവിതാംകൂറിൽ പരിപൂർണ്ണ ഉത്തരവാദഭരണം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 'തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്' എന്നൊരു സംഘടന രൂപീകരിക്കുകയും ചെയ്തു. പട്ടം താണുപിള്ളയെ പ്രസിഡൻറായും, ടി. എം. വർഗീസിനെ വൈസ് പ്രസിഡൻറായും പി. എസ്. നടരാജപിള്ളയെ സെക്രട്ടറിയായും തെരഞ്ഞെടുത്തു.

'മനോരമ'യും മാമ്മൻ മാപ്പിളയും ഏറെക്കാലമായി നടത്തിക്കൊണ്ടിരുന്ന ബോധവൽക്കരണത്തിൻെറ വിജയകരമായ പരിസമാപ്തിയായിരുന്നുവല്ലോ 'സ്റ്റേറ്റ് കോൺഗ്രസി'ൻെറ രൂപീകരണം. ഉത്തരവാദിത്തഭരണമാണ് സ്റ്റേറ്റ് കോൺഗ്രസിൻെറ പ്രഖ്യാപിത ലക്ഷ്യമെന്ന് അറിയാവുന്ന സി. പി. രാമസ്വാമി അയ്യർ ആദ്യം മുതൽ തന്നെ മർദ്ദനനടപടികൾകൊണ്ട് അടിച്ചമർത്തുവാനാണ് ശ്രമിച്ചത്. സ്റ്റേറ്റ് കോൺഗ്രസിൻെറ ഉദ്ഭവത്തെയും ലക്ഷ്യത്തെയും അധികരിച്ച് 1938 മാർച്ച് 18ന് മാമ്മൻ മാപ്പിളയെഴുതിയ മുഖപ്രസംഗം അർത്ഥവത്തായിരുന്നു. "തിരുവിതാംകൂറിൽ ന്യായമായും സമാധാനപരമായും ഉള്ള മാർഗ്ഗങ്ങളിൽക്കൂടിയും മഹാരാജാവ് തിരുമനസ്സിലെ പരമാധികാരത്തിന് വിധേയമായും ഉത്തരവാ

ദിത്തഭരണവും പൗരസ്വാതന്ത്ര്യവും സമ്പാദിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി നവീനമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള രാഷ്ട്രീയ സംഘടനയാണ് 'തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്'....... ഇന്നത്തെ പരിതസ്ഥിതിയിൽ ഒരു നാട്ടുരാജ്യത്തിലെ പ്രജകൾക്ക് സ്വാഭാവികമായി ആഗ്രഹിക്കാവുന്ന ഉത്കൃഷ്ടമായ ആദർശങ്ങൾ ആണ് (സംഘടനയുടെ) പ്രകടനപത്രികയിൽ കാണുന്നത്. നാട്ടുരാജ്യങ്ങളിൽ ഉത്തരവാദഭരണം നടപ്പിലാക്കുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് ബ്രിട്ടീഷ് ഗവൺമെൻറ് വ്യക്തമായി പ്രസ്താവിച്ചുകഴിഞ്ഞു. പൗരസ്വാതന്ത്ര്യം എല്ലാ പരിഷ്കൃത ഗവൺമെൻറുകളും അംഗീകരിച്ച് അനുവദിച്ചുപോരുന്നതുമാണല്ലോ. തിരുവിതാംകൂറിൽ ഇതുവരെ ഉണ്ടായിട്ടുള്ള മറ്റെല്ലാ രാഷ്ട്രീയ സംഘടനകളെയും അപേക്ഷിച്ച് ഈ സംഘടനയ്ക്കുള്ള മെച്ചം ജാതിമതഭേദമെന്യേ തിരുവിതാംകൂറുലെ എല്ലാ സമുദായങ്ങളിലുംപെട്ട സമുന്നതന്മാരും പ്രമുഖന്മാരുമായ പ്രതിനിധികൾ ഇതിൽ യോജിച്ച് സഹകരിക്കുന്നു എന്നുള്ളതാണ്. ഇങ്ങനെയുള്ള ഒരു സർവ്വസമുദായ മൈത്രിക്കാണ് രാജ്യക്ഷേമകാംക്ഷികളായ സകലരും ഇത്രനാൾ പ്രയത്നം ചെയ്തുകൊണ്ടിരുന്നത്. സമുദായങ്ങളുടെ അനൈക്യം ദീർഘകാലമായി നമ്മുടെ രാജ്യക്ഷേമത്തിൻെറ കണ്ഠകോടാലിയായിട്ടാണ് ഇരുന്നിട്ടുള്ളത്. ആ ദുരവസ്ഥയിൽനിന്നും രക്ഷപെടാനുള്ള ശുഭലക്ഷണമാണ് സ്റ്റേറ്റ് കോൺഗ്രസിൻെറ ആവിർഭാവത്തിൽ ഞങ്ങൾ ദർശിക്കുന്നത്. ആത്മാഭിമാനവും ആശയസംസ്കാരവുമുള്ള സകല സമുദായക്കാർക്കും സർവ്വാത്മനാ സ്വീകരിക്കാവുന്ന ആദർശങ്ങൾ മാത്രമാണ് സ്റ്റേറ്റ് കോൺഗ്രസ് സ്വീകരിച്ചിരിക്കുന്നത്...... ഏതായാലും അഭൂതപൂർവ്വമായ വിധത്തിൽ തിരുവിതാംകൂറിൽ ഉദിച്ചു പൊങ്ങിയിരുന്ന ഈ സർവ്വസമുദായ മൈത്രിയെ സർവ്വഥാ വളർത്തി പരിപോഷിപ്പിക്കേണ്ടത് നിർമ്മത്സരബുദ്ധികളായ സർവ്വരുടെയും കടമയാണെന്നു ദൃഢമായി വിശ്വസിക്കുന്നു. ഈ പ്രസ്ഥാനം നമ്മുടെ രാജ്യത്ത് ഐശ്വര്യവും സ്നേഹവും സർവ്വോപരി ജനസ്വാതന്ത്ര്യവും സംസ്ഥാപിക്കുന്നതിനുള്ള ഒരു ശക്തമായ ഉപാധിയായി തീരുമെന്നു തികച്ചും പ്രതീക്ഷിക്കാം.

"ഈ നാട്ടിലെ എല്ലാ സമുദായങ്ങൾക്കും കഴിഞ്ഞതൊക്കെ മറന്ന് ആത്മാർത്ഥതയോടും പൂർണ്ണ സൗഹൃദത്തോടുംകൂടി സഹകരിച്ച് ഈ പ്രസ്ഥാനത്തെ വിജയപ്രാപ്തിയിലേക്കു നയിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു."[37] രാജ്യത്തിൻെറയും സമൂഹത്തിൻെറയും ഒന്നായുള്ള ഉദ്ഗതിയെ മാത്രം ലക്ഷ്യമാക്കിക്കൊണ്ടുള്ളതായിരുന്നു മനോരമയുടെ ഈ ഉദ്ബോധനം. മാത്രമല്ല, വളരെക്കാലമായി ആവർത്തിച്ചാവർത്തിച്ച് പ്രകടിപ്പിച്ചിരുന്ന സർവ്വ സമുദായമൈത്രിക്കും ഉത്തരവാദഭരണത്തിനും വേണ്ടിയുള്ള ശ്രമങ്ങൾ സംഘടിതമായി സുശക്തമായ സംഘടനയുടെ

കീഴിൽതന്നെ നടക്കുന്നു എന്നുള്ളതിനാൽ ഹൃദയം തുളുമ്പുന്ന സംതൃപ്തിയും ഈ മുഖലേഖനത്തിലൂടെ ദർശിക്കാവുന്നതാണ്.

ഉത്തരവാദഭരണപ്രക്ഷോഭണം സ്റ്റേറ്റ് കോൺഗ്രസിൻെറ ആവിർഭാവത്തോടുകൂടിത്തന്നെ ഉടലെടുത്തു എന്നു വേണം പറയുവാൻ. നാട്ടിൽ ക്രമസമാധാനം അലങ്കോലപ്പെടുന്നു എന്നതിൻെറ പേരിൽ മദ്യപാനികളെയും, റൗഡികളെയും ഉപയോഗിച്ച് കോൺഗ്രസ് സമ്മേളനങ്ങൾ കലക്കുക, നേതാക്കന്മാരെ കൈയ്യേറ്റം ചെയ്യുക, അവരുടെ വീടു കയറി കവർച്ച നടത്തുക എന്നിങ്ങനെയുള്ള പലതരം അടവുകൾ ആണ് പ്രയോഗിച്ചിരുന്നത്. സ്റ്റേറ്റ് കോൺഗ്രസ് ജോയിൻറ് സെക്രട്ടറിയായിരുന്ന കെ. പി. നീലകണ്ഠപിള്ളയെ ഒരു ഗുണ്ട ഇരുമ്പുവടികൊണ്ട് തലയ്ക്കടിച്ച് പരുക്കേല്പിച്ചു. പ്രവർത്തകസമിതിയംഗമായിരുന്ന മിസ്. ആനി മസ്ക്രിൻെറ വസതിയിൽ അർദ്ധരാത്രിയിൽ ചിലർ കടന്ന് ഉടുതുണിവരെ കവർച്ച ചെയ്തു.[38] പട്ടം താണുപിള്ള, ടി. എം. വർഗീസ്, ഏ. ജെ. ജോൺ, കെ. ആർ. നാരായണൻ തുടങ്ങിയ നേതാക്കന്മാരെ പ്രസംഗവേദികളിൽ കയറി ദേഹോപദ്രവമേല്പിക്കുകയും ആഭിചാരവാക്കുകൾകൊണ്ട് അഭിഷേകം ചെയ്യുകയുമുണ്ടായി. 1938 ജൂൺ 26ന് ചെങ്ങന്നൂരിൽകൂടിയ കോൺഗ്രസ് യോഗത്തിൽ ടി. എം. വർഗീസ്, സി. കേശവൻ, പട്ടം താണുപിള്ള തുടങ്ങിയ നേതാക്കന്മാരെ റൗഡികൾ ആഭാസങ്ങൾ പറഞ്ഞ് അധിക്ഷേപിക്കുകയും പ്ലാറ്റുഫോറത്തിൽനിന്ന് വലിച്ച് താഴെയിടുകയും ചെയ്തു. ഇ.ജോൺ ഫിലിപ്പോസിൻെറ ചെകിട്ടത്ത് ഒരു റൗഡി ചെരിപ്പുകൊണ്ട് അടിക്കുകയുണ്ടായി.[39] ഇത് ജനങ്ങളെ കൂടുതൽ രോഷാകുലരാക്കുകയുംകോൺഗ്രസ് സമരത്തിന് പിന്തുണ വർദ്ധിപ്പിക്കുകയും ചെയ്ത സംഭവങ്ങൾ ആണ്. ജനങ്ങളെ പിരിച്ചുവിടുവാൻ പല സ്ഥലത്തും ലാത്തിച്ചാർജ്ജും മർദ്ദനങ്ങളും നടത്തേണ്ടതായിവന്നു. എന്നാൽ ഒരു പ്രത്യക്ഷസമരത്തിന് ഒരുങ്ങുന്നതിനു മുമ്പ് വ്യവസ്ഥാപിതമാർഗ്ഗത്തിലൂടെ കാര്യങ്ങൾ പരിഹരിക്കുവാൻ സാധിക്കുമോയെന്നുള്ള അവസാനശ്രമം എന്ന നിലയിൽ മഹാരാജാവ് സമക്ഷം ഒരു നിവേദനപത്രം സമർപ്പിക്കുകയുണ്ടായി. അതിൽ സർ സി. പി. രാമസ്വാമി അയ്യരുടെ ഭരണവൈകല്യങ്ങളും മർദ്ദനനയങ്ങളും തുറന്നു കാട്ടിയിരുന്നു എന്നു മാത്രമല്ല, അദ്ദേഹത്തെ ദിവാൻസ്ഥാനത്തുനിന്ന് പിരിച്ചയയ്ക്കണമെന്ന് ആവശ്യപ്പെടുകയുംചെയ്തിരുന്നു. നിവേദനത്തിൽ ഉത്തരവാദഭരണം ഏർപ്പെടുത്തുവാനുള്ള എല്ലാ സഹകരണവും സർക്കാർ പക്ഷത്തുനിന്ന് ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ഇതിനു നൽകിയ തിരിച്ചടി ക്രിമിനൽ ഭേദഗതി നിയമം എന്ന പേരിൽ ഒരു അടിയന്തരാധികാരവിളംബരം ഗവൺമെൻറ് പുറപ്പെടുവിച്ചു എന്നതാണ്. ഇതിൻെറ ബലത്തിൽ സ്റ്റേറ്റ് കോൺഗ്രസും തിരുവിതാംകൂർ യൂത്ത് ലീഗും വിധ്വംസകസംഘടനകളായി നിരോ

ധിക്കുകയും ചെയ്തു. ഉടനടി നിരോധന ഉത്തരവ് പിൻവലിക്കുകയും സ്വാതന്ത്ര്യം അനുവദിക്കുകയും മർദ്ദനമുറകൾ അവസാനിപ്പിക്കുകയും ചെയ്തില്ലെങ്കിൽ, 1938 ഓഗസ്റ്റ് 26 മുതൽ സംസ്ഥാന വ്യാപകമായ സിവിൽ നിയമലംഘനം ആരംഭിക്കുന്നതാണെന്ന് സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തകസമിതി ഗവൺമെൻറിന് അന്ത്യശാസനം നൽകി.

ഇതിനിടയിൽ നടന്ന നിയമസഭയുടെ ബജറ്റ് സമ്മേളനം കോൺഗ്രസ് അംഗങ്ങൾ ബഹിഷ്കരിച്ചിരുന്നു. സഭാനടപടികളിൽ ദിവാൻെറ സ്വേച്ഛാപരമായ ധിക്കാരവചനങ്ങളും അന്യായമായ തീരുമാനങ്ങളും അപ്പോഴപ്പോൾ റിപ്പോർട്ട് ചെയ്യുവാൻ പ്രത്യേക ലേഖകനെ 'മനോരമ' ഏർപ്പാടാക്കിയിരുന്നു. "അവയൊക്കെ അന്നു വൈകുന്നേരത്തെ പത്രത്തിൽ (മനോരമ അന്ന് സായാഹ്ന പത്രമായിരുന്നു) പ്രസിദ്ധം ചെയ്തത് വായിക്കുവാൻ ആയിരക്കണക്കിനാളുകൾ അവിടെവിടെ കാത്തുനില്പുണ്ടാവും. വാർത്തകളെ വിശകലനം ചെയ്തും സി. പി.യുടെ സ്വേച്ഛാപ്രഭുത്വപരമായ പ്രസ്താവനകളെ കമ്പോടുകമ്പ് ഖണ്ഡിച്ചും കപടതന്ത്രങ്ങളെ പൊളിച്ചുകാണിച്ചുംകൊണ്ട് എഴുതിയ മുഖപ്രസംഗങ്ങളുമുണ്ടാകും ഒപ്പം തന്നെ" എന്നാണ് മൂർക്കോത്ത് കുഞ്ഞപ്പ സംസ്കാരനവോത്ഥാനം എന്ന ഗ്രന്ഥത്തിൽ പറയുന്നത്.[40]

ഗവൺമെൻറിൻെറ മർദ്ദന നടപടിയിൽ പ്രതിഷേധിച്ച് രാജ്യവ്യാപകമായി വമ്പിച്ച പൊതുയോഗങ്ങളും ഘോഷയാത്രകളും നടത്തപ്പെട്ടു. ഇത്തരം സമ്മേളനങ്ങളുടെയും പ്രകടനങ്ങളുടെയും വിശദ റിപ്പോർട്ടുകൾ 'മനോരമ'യിൽ സ്ഥിരമായി അച്ചടിച്ചു വന്നിരുന്നുവെന്നു മാത്രമല്ല, നിയമസഭയിൽ അദ്ധ്യക്ഷസ്ഥാനത്തിരുന്നുകൊണ്ട് സി. പി. നടത്തിയിരുന്ന ധിക്കാരവും അട്ടഹാസങ്ങളും മറ്റും അതേപടി 'മനോരമ' റിപ്പോർട്ട് ചെയ്തുകൊണ്ടിരുന്നതും സി. പിയെ വല്ലാതെ വിറളി പിടിപ്പിച്ചു. 'മനോരമ'യിൽ വരുന്ന വാർത്തകളും പ്രസിദ്ധീകരിക്കുന്ന മുഖലേഖനങ്ങളും, നിഷ്കൃഷ്ടമായി പരിശോധിച്ച് രാജ്യദ്രോഹക്കുറ്റത്തിന് കേസെടുക്കാൻ വല്ല പഴുതുമുണ്ടോയെന്ന് ഭക്തിവിലാസത്തിൽ നിയമപണ്ഡിതന്മാർ കൂട്ടായിരുന്ന് പരിശോധിച്ചിരുന്നു. ഏത് നിയമപ്രശ്നവും കോർട്ടലക്ഷ്യമാകാതെയും നിയമവിരുദ്ധമാകാതെയും പ്രതിപാദിക്കുവാനുള്ള അഭൗമമായ കഴിവ് മാമ്മൻ മാപ്പിള പല പ്രാവശ്യവും തെളിയിച്ചിട്ടുള്ളതാണല്ലോ. തന്മൂലം ഇതിൻെറ പേരിൽ നടപടിയെടുക്കുവാൻ അസാധ്യമായി വന്നു. എന്നാൽ ഏതെങ്കിലും പറ്റിയ അവസരം ഉപയോഗിച്ച് മനോരമയുടെ പ്രസിദ്ധീകരണം തടയണമെന്ന് സി. പി. ഉറച്ചിരുന്നു. 'മനോരമ'യോടും, മാമ്മൻ മാപ്പിളയോടുമുള്ള വിരോധം കുറെക്കാലമായി സി. പി.യെ ഭ്രാന്തു പിടിപ്പിച്ചിട്ടുള്ളതാണ്. സി. നാരായണപിള്ള ഇക്കാര്യം എഴുതുന്നത് ശ്രദ്ധിക്കുക. "തിരുവിതാംകൂറിൽ നടന്ന നിവർത്തനപ്രക്ഷോഭങ്ങളിൽ ഗവൺ

മെൻറിൻെറ ഏറ്റവും ശക്തനായ പ്രതിയോഗി മാമ്മൻ മാപ്പിളയായിരുന്നു. ആ പ്രസ്ഥാനത്തിൻെറ ഹിറ്റ്ലറും, മുസ്സോളിനിയും, മഹാത്മാഗാന്ധിയും അദ്ദേഹംതന്നെയായിരുന്നു."[41] സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭണത്തിലെ മറ്റൊരു പടയാളിയായ കുട്ടനാട് രാമകൃഷ്ണപിള്ള അതേ പുസ്തകത്തിൽ 'ത്രിവേണിസംഗമം' എന്ന ലേഖനത്തിൽ പ്രസ്താവിക്കുന്നത് ഇങ്ങനെയാണ്. "പരാക്രമശാലിയായ സി. പി. രാമസ്വാമി അയ്യർക്ക് മാമ്മൻ മാപ്പിളയും, മനോരമയും ഒരു പേടിസ്വപ്നമായിരുന്നു...... നിവർത്തനപ്രസ്ഥാനത്തിൻെറ വിജയത്തിനുവേണ്ടി മാമ്മൻ മാപ്പിളയുടെ മേധാശക്തിയും, ചിന്താശക്തിയും, ശ്രദ്ധാശക്തിയും ഒരുമിച്ച് ഒരു ത്രിവേണീസംഗമം സൃഷ്ടിക്കുന്നത് അണിയറയ്ക്കുള്ളിലിരുന്നുകൊണ്ട് അദ്ദേഹം ദർശിച്ചു."[42] അതുപോലെതന്നെ സ്റ്റേറ്റ് കോൺഗ്രസിൻെറ ഉദ്ഭവരൂപീകരണത്തിലും പ്രക്ഷോഭ പരിപാടികളിലും മലയാള മനോരമയ്ക്കും കെ. സി. മാമ്മൻ മാപ്പിളയ്ക്കും ഉണ്ടായിരുന്ന പങ്ക് മറ്റാരെക്കാൾ കൂടുതൽ സി. പിക്ക് അറിയാമായിരുന്നു. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിൻെറ ശക്തനായ വക്താവും സ്വാതന്ത്ര്യസമരചരിത്രത്തിൻെറ ഗ്രന്ഥകാരനുമായ സി. നാരായണപിള്ള എഴുതുന്നത് ഇവിടെ ഉദ്ധരിക്കേണ്ടതുണ്ട്. "സ്റ്റേറ്റ് കോൺഗ്രസിൻെറ ആവിർഭാവത്തിൽ കെ. സി. മാമ്മൻ മാപ്പിളയ്ക്കുണ്ടായിരുന്ന നിർണ്ണായകമായ പങ്ക് അന്നും, ഇന്നും വളരെപ്പേർക്ക് അറിഞ്ഞുകൂടാ. സ്റ്റേറ്റ് കോൺഗ്രസിൻെറ ഉത്ഭവത്തിലും വളർച്ചയിലും തനിക്ക് പങ്കൊന്നുമില്ലെന്നും നാഷണൽ ക്വയ്ലോൺ ബാങ്ക് ആ സംഘടനയ്ക്ക് പണം നൽകി സഹായിച്ചിട്ടില്ലെന്നും അനന്തര കാലങ്ങളിൽ ഒരു രാഷ്ട്രീയ തന്ത്രമായി അദ്ദേഹം പറയാറുണ്ടായിരുന്നുവെങ്കിലും വാസ്തവം മറിച്ചായിരുന്നു.

"സർ സി. പി.ക്കെതിരായി പ്രചാരണം നടത്തുവാൻ മദ്രാസിലെത്തിയ പലർക്കും ആതിഥ്യം നൽകിയത് അദ്ദേഹമായിരുന്നു എന്ന് പറയുന്നതിൽ അസാധാരണത്വം ഒന്നുമില്ല. അവരിൽ ഒരു വിഭാഗത്തിനെങ്കിലും പൊതുരംഗത്ത് പ്രത്യക്ഷപ്പെടുവാൻ ഖദർ വസ്ത്രങ്ങൾ വാങ്ങിക്കൊടുത്തത് അദ്ദേഹം ആയിരുന്നു. പട്ടം താണുപിള്ള ഉൾപ്പെടെയുള്ള നേതാക്കന്മാർ ഖദർ വസ്ത്രങ്ങൾ ധരിച്ചുതുടങ്ങിയത് സ്റ്റേറ്റ് കോൺഗ്രസിൻെറ ഉദ്ഭവത്തിനുശേഷം മാത്രമാണ്. മദ്രാസിലെത്തിയ നിവേദകസംഘത്തിൽ ഒരു വിഭാഗമെങ്കിലും അവർ കോൺഗ്രസുകാരാണെന്ന് അവകാശപ്പെട്ടിരുന്നുവെങ്കിലും ഖദർ വസ്ത്രങ്ങൾപോലും ധരിച്ചിരുന്നില്ലെന്ന് ഒരു പത്രലേഖകൻ അവിടുത്തെ പത്രങ്ങളിൽ റിപ്പോർട്ട് ചെയ്തിരുന്നു. കൈയിൽ ദംപിടിപോലുമില്ലാതെ മദ്രാസിലെത്തിയ ഇവർ എങ്ങനെ എവിടെനിന്നാണ് ഖദർ വസ്ത്രങ്ങൾ വാങ്ങുന്നത്?..... അവരെ മദ്രാസിലെ ജനങ്ങളുടെ അവജ്ഞയ്ക്ക് പാത്രമാക്കാതെ ഖദർ വാങ്ങിക്കൊടുത്ത് കോൺഗ്രസു

കാരാക്കിയത് മാമ്മൻ മാപ്പിളയാണ്. ഈ വിവരങ്ങളൊന്നും സർ സി. പി. അറിയാതിരുന്നില്ല. പ്രചരണസംഘം മദ്രാസിൽ ബാങ്ക് ഉടമകളുടെ ആതിഥ്യം സ്വീകരിച്ച് താമസിക്കുമ്പോൾ തന്നെ മൈലാപ്പൂരിലെ ബ്രാഹ്മണർ സർ. സി. പിയുടെ നിർദ്ദേശമനുസരിച്ച് അവരുടെ നിക്ഷേപങ്ങൾ ബാങ്കിൽനിന്നും പിൻവലിച്ചുതുടങ്ങിയിരുന്നു."[43] സ്റ്റേറ്റ് കോൺഗ്രസ് എന്ന പദംപോലും എഴുതുവാൻ തിരുവിതാംകൂറിലെ മിക്കവാറും എല്ലാ പത്രങ്ങളും മടിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ ഭവിഷ്യത്തുകൾ പരിഗണിക്കാതെതന്നെ, സ്റ്റേറ്റ് കോൺഗ്രസ് വാർത്തകൾ പൂർണ്ണമായും പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നത് മനോരമ മാത്രമാണ്. നിയമാനുസൃതം നടപടികൾ ഒന്നും എടുക്കാൻ പറ്റാതെവന്നപ്പോൾ എല്ലാവിധ ഉപജാപങ്ങളും നടത്തി മനോരമയുടെ പ്രസിദ്ധീകരണം തടയുവാനുള്ള ശ്രമങ്ങളാണ് സർ സി. പി. തുടർന്നത്. മനോരമ പത്രം നിരോധിക്കുമെന്ന് ഏറെക്കുറെ മനസ്സിലാക്കിയപ്പോൾ കൊച്ചിയിൽനിന്നും പ്രസിദ്ധീകരിക്കുവാനുള്ള ലൈസൻസ് മനോരമ കരസ്ഥമാക്കുകയും ചെയ്തിരുന്നു. പക്ഷേ മനോരമയുടെയും മാമ്മൻ മാപ്പിളയുടെയും ഏത് നീക്കവും സൂക്ഷ്മമായി അറിഞ്ഞികൊണ്ടിരുന്ന സി. പി. രാമസ്വാമി അയ്യർ മനോരമയുടെ കഴുത്തിൽ ഇട്ടിരുന്ന കുടുക്ക് മുറുക്കി അതിനെ ശ്വാസം മുട്ടിച്ചു കൊല്ലുവാൻ അധികസമയമെടുത്തില്ല.

'മലയാള മനോരമ'യുടെ ശതാബ്ദി വിശേഷാൽ പതിപ്പിൽ വി. കെ. ബി. നായർ എഴുതുന്ന 'ഒരു നൂറ്റാണ്ടിൻെറ കഥയിൽ ഇക്കാര്യം വിശദമായി വിവരിച്ചിട്ടുള്ളത് താഴെ പറയുംപ്രകാരമാണ്.

"തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിൻെറ രൂപവത്ക്കരണത്തിനും ഉത്തരവാദഭരണപ്രക്ഷോഭത്തിനും മലയാള മനോരമയും, കെ. സി. മാമ്മൻ മാപ്പിളയും ശക്തമായ പിന്തുണയാണ് നൽകിയിരുന്നത്. മാമ്മൻ മാപ്പിളയുടെ വ്യക്തിപരവും, സാമൂഹികവും, സാമ്പത്തികവുമായ സ്വാധീനശക്തി സമരത്തിന് ശക്തി വർദ്ധിപ്പിച്ചു. അതുകൊണ്ട് മാമ്മൻ മാപ്പിളയെ ഒന്നുകിൽ സമരത്തിൽനിന്നു പിന്തിരിപ്പിക്കുക, അല്ലെങ്കിൽ ഒതുക്കുക എന്നതായിരുന്നു സി. പിയുടെ പരിപാടി.

"സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭണത്തെ അടിച്ചമർത്തുന്നതിന് ഗവൺമെൻറ് നടത്തുന്ന മർദ്ദനനടപടികളെ തുറന്നുകാണിച്ചുകൊണ്ട് ദിവസവും മനോരമ വാർത്തകൾ അച്ചടിച്ചു. ആജ്ഞാലംഘനം, അറസ്റ്റ്, ശിക്ഷ, ഹർത്താൽ തുടങ്ങിയ വലിയ തലക്കെട്ടുകൾ ജനങ്ങളെ കൂടുതൽ സമരോത്സുകരാക്കി. രാജ്യത്തിന് പുറത്തുള്ളവരെ തിരുവിതാംകൂറിലെ യഥാർത്ഥ സ്ഥിതിഗതികളും ഇവിടുത്തെ മർദ്ദന ഭരണരീതിയും ധരിപ്പിക്കുന്നതിന് രഹസ്യമായി സ്റ്റേറ്റ് കോൺഗ്രസ് നേതാക്കൾ മദ്രാസിൽ ചെന്നപ്പോൾ അവർക്കുവേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊ

ടുത്തത് മാമ്മൻ മാപ്പിളയും, ട്രാവൻകൂർ നാഷണൽ ആൻറ് ക്വയിലോൺ ബാങ്ക് പ്രവർത്തകരും ആയിരുന്നു.

"മനോരമയ്ക്കും മാമ്മൻ മാപ്പിളയ്ക്കുമെതിരെ സി. പി. ആഞ്ഞടിച്ചു. ട്രാവൻകൂർ നാഷണൽ ആൻറ് ക്വയിലോൺ ബാങ്ക് തകർക്കാനാണ് സി. പി. ആദ്യം ശ്രമിച്ചത്. 'ബാങ്ക് നടത്തുന്നവർ മലക്ക് പടിഞ്ഞാറുള്ള കൊള്ളക്കാരും കള്ളന്മാരുമാണ്. അവർ മദ്രാസിൽനിന്നും ഡെപ്പോസിറ്റ് വാങ്ങി മലബാറിൽ വിതരണം ചെയ്യുന്നു. അവിടെയുള്ളവരെല്ലാം കള്ള നോട്ട് നിർമ്മാതാക്കൾ ആണ്. ബാങ്ക് ഉടനെ പൊളിയും' എന്ന് പറഞ്ഞു കൊണ്ടുള്ള കള്ളക്കത്തുകൾ മദ്രാസിലെ നിക്ഷേപകർക്കെല്ലാം കിട്ടി. തിരുവിതാംകൂറിലെ നിക്ഷേപകർക്കും ബാങ്ക് തകരുന്നു എന്നു പറഞ്ഞുകൊണ്ടുള്ള കത്തുകൾ കിട്ടിയിരുന്നു.

"ഇതിൻെറ ഫലമായി പരിഭ്രാന്തരായ നിക്ഷേപകർ പണം തിരിച്ചെടുക്കാൻ ബാങ്ക് ശാഖകളിൽ തടിച്ചുകൂടി. ബാങ്കിനെ രക്ഷിക്കാൻ നടത്തിയ ശ്രമങ്ങൾ ഒന്നും വിജയിച്ചില്ല. തങ്ങളൊക്കെ രാജിവയ്ക്കാം, ഗവൺമെൻറ് ആരെയെങ്കിലും നിയമിച്ച് ബാങ്ക് നടത്തണമെന്ന് സി. പിയോടു നടത്തിയ അഭ്യർത്ഥന അദ്ദേഹം ചെവിക്കൊണ്ടില്ല. 'ഈ ബാങ്കിലെ ഓരോ ശാഖയും എനിക്ക് എതിരായിട്ടുള്ള കൂട്ടുകെട്ടിൻെറ ഇരിപ്പിടമാണ്. ബാങ്കും ബ്രാഞ്ചുകളും സർവ്വവും വേരും തടിയും ശിഖരങ്ങളുമെല്ലാം പോയേ തീരൂ' എന്നുള്ളതായിരുന്നു സി. പിയുടെ നിലപാട്.

"ബാങ്ക് തകർക്കുന്നതിനുള്ള നടപടികൾ സി. പി. തുടർന്നുകൊണ്ടിരുന്നപ്പോഴും ഉത്തരവാദഭരണപ്രക്ഷോഭത്തിൽ 'മനോരമ' മുഴുകിയിരിക്കുകയായിരുന്നു. പക്ഷേ 'മനോരമ'യെയും സി. പി. വെറുതെ വിട്ടില്ല. 1938 സെപ്റ്റംബർ 10ന് രാത്രിയിൽ മലയാള മനോരമ സർക്കാർ കണ്ടുകെട്ടി. കോട്ടയത്തെ മനോരമ ഓഫീസ് പൂട്ടി മദ്രവച്ചു."[44]

ഇതേത്തുടർന്ന് 'മലയാള മനോരമ' ഡയറക്ടർ ബോർഡിന് സർക്കാരിൽനിന്നും ലഭിച്ച അറിയിപ്പ് ഇപ്രകാരമായിരുന്നു. "1114 ചിങ്ങം 17ലെ (1938 സെപ്റ്റംബർ 2) ലക്കത്തിൽ, 'പട്ടാളക്കാരുടെ വെടിവയ്പ്, നെയ്യാറ്റിൻകര സംഭവം, നെയ്യാറ്റിൻകര വെടിവയ്പ്, തലസ്ഥാനനഗരിയിലെ ഗംഭീരമായ ഘോഷയാത്ര, വിദ്യാർത്ഥിനീ വിദ്യാർത്ഥിനികളുടെ പ്രബുദ്ധത, അഞ്ച് പേർ മരിച്ചു, പട്ടാളക്കാരുടെ വെടിവെപ്പുമൂലം നെയ്യാറ്റിൻകരയിലെ ദയനീയ സ്ഥിതി എന്നീ തലക്കെട്ടുകളിലും, ജനങ്ങളിൽ തെറ്റിദ്ധാരണയും ഗവൺമെൻറിനു നേരെ വെറുപ്പും വിദ്വേഷവും ജനിപ്പിക്കുന്നതിന് പര്യാപ്തമായിട്ടുള്ളവയാണെന്നും ഗവൺമെൻറിന് ബോദ്ധ്യപ്പെട്ടിരിക്കുകയാൽ മലയാള മനോരമയുടെ പ്രസിദ്ധീകരണത്തിനുള്ള ലൈസൻസ് ഇതിനാൽ റദ്ദ് ചെയ്യുകയും ആ പത്രം അച്ചടിക്കുന്ന പ്രസ്സ് ഉടൻതന്നെ കണ്ടുകെട്ടുകയും ചെയ്തിരിക്കുന്നു."

1938 സെപ്റ്റംബർ 10 ശനിയാഴ്ച ജോലിക്കാരെല്ലാം സ്ഥലം വിട്ടു കഴിഞ്ഞ സമയത്ത് ജില്ലാ മജിസ്ട്രേറ്റും ജില്ലാ പോലീസ് സൂപ്രണ്ടും 40 സായുധ പോലീസുകാരുമായെത്തി, ഓഫീസ് കെട്ടിടങ്ങൾ ഓരോന്നായി മുദ്രവച്ചു. ശബ്ദായമാനമായിരുന്ന 'മനോരമ' പ്രസ്സും ഓഫീസും നിശ്ചലമായി. സുദീർഘമായ ഒമ്പത് വർഷം പിന്നെയും കഴിഞ്ഞാണ് മുദ്രവയ്ക്കപ്പെട്ട സീൽ തുറന്ന് 'മനോരമ' പുനർജന്മം കൊണ്ടത്. എന്നാൽ മലയാള മനോരമ തിരുവിതാംകൂറിൽ നിരോധിച്ചെങ്കിലും കുന്നംകുളത്തു നിന്നും അച്ചടിച്ച് അതിന്റെ 5,000 കോപ്പി സാധാരണപോലെ കോട്ടയത്ത് വിതരണം ചെയ്യുവാൻ സാധിച്ചു എന്നതാണ് ജനങ്ങളെ വിസ്മയംകൊള്ളിച്ച അതിസാഹസികമായ സംഭവം. കുന്നകുളം ഏ. ആർ. പി. പ്രസ്സ് മാനേജർ പുലിക്കോട്ടിൽ ഇട്ടൂപ്പ് ആണ് സർ സി. പിയെ ഇച്ഛാഭംഗപ്പെടുത്തിക്കൊണ്ട് സാധാരണപോലെ മനോരമ അച്ചടിച്ചിറക്കിയത്. അദ്ദേഹത്തെ സഹായിക്കുന്നതിനായി കോട്ടയം ഓഫീസിൽനിന്നും പി. സി. കോരുത്, നൈനാൻ, സി. പി. ഏബ്രഹാം, പാപ്പച്ചി, ഉതുപ്പ്, കെ. പി. കെ. പിഷാരടി എന്നിവരും കുന്നംകുളത്ത് സന്നിഹിതരായിരുന്നു. തുടർച്ചയായി മൂന്നു ദിവസം പത്രം ഇറങ്ങിയപ്പോൾ അതു സഹിച്ചുകൊണ്ട് കണ്ണുംപൂട്ടിയിരിക്കുവാൻ സി. പിക്കു സാധ്യമാവുമായിരുന്നില്ല. കുന്നംകുളത്തുനിന്ന് ഇറങ്ങിയിരുന്ന പത്രം തിരുവിതാംകൂറിൽ കടത്തുന്നത് അദ്ദേഹം നിരോധിച്ചു. കുന്നംകുളത്തുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന മനോരമയ്ക്ക് അധികകാലം തുടരാൻ കഴിഞ്ഞില്ല. ഒമ്പതു മാസം ആയപ്പോഴേക്കും അതിന്റെ പ്രസിദ്ധീകരണം നിലച്ചു. തിരുവിതാംകൂറിൽ നിരോധിച്ചതിനെത്തുടർന്ന് സ്റ്റേറ്റ് കോൺഗ്രസ് സമരവാർത്തകളും മറ്റും യഥാവസരം ജനങ്ങളെ അറിയിച്ചിരുന്നത് ലഘുലേഖകൾ മുഖേനയാണ്. ഇതും സി. പിയോടുള്ള ഒരുതുറന്ന വെല്ലുവിളിയായിരുന്നു. സി. പിയും വെറുതെയിരുന്നില്ല. കെ. സി. മാമ്മൻ മാപ്പിളയെയും ചാലക്കുഴിയിൽസി. പി. മാത്തനെയും മാമ്മൻ മാപ്പിളയുടെ പുത്രൻ കെ. എം. ഈപ്പനെയും, വെണ്ണിക്കുളം കൂടത്തുംമുറിയിൽ കെ. വി. വർഗീസിനെയും മദ്രാസിൽവച്ച് അറസ്റ്റ് ചെയ്തു. കുറച്ചുകാലം മദ്രാസ് ജയിലിൽ താമസിപ്പിച്ചിരുന്ന അവരെ പിന്നീട് 1939 ഏപ്രിൽ മാസത്തിൽ തിരുവനന്തപുരത്തെ പൂജപ്പുരസെൻട്രൽ ജയിലിൽ തടവുകാരായി പാർപ്പിച്ചു. മാമ്മൻ മാപ്പിളയുടെ സഹോദരൻ കെ. സി. ഈപ്പനെ തിരുവനന്തപുരത്തുവച്ച് അറസ്റ്റ് ചെയ്ത് ഇവരോടൊപ്പം സെൻട്രൽ ജയിലിൽ ആക്കിയിരുന്നു. മൂന്നു വർഷത്തെ ജയിൽവാസത്തിനുശേഷമാണ് 1941 സെപ്റ്റംബർ 11ന് മാമ്മൻ മാപ്പിള ജയിൽവിമോചിതനാകുന്നത്. അതിനിടയിൽ 1940 ഏപ്രിൽ 27ന് രോഗബാധിതനായിരുന്ന അദ്ദേഹത്തിന്റെ സഹോദരൻ കെ. സി. ഈപ്പൻ ജയിലിൽ കിടന്ന് അന്ത്യശ്വാസം വലിച്ചിരുന്നു. മഹാകവി വള്ള

ത്തോൾ പിന്നീടൊരിക്കൽ എഴുതിയത്, "ധർമ്മരാജ്യത്തിൻെറ അധർമ്മങ്ങളെ വെളിപ്പെടുത്താൻ ശ്രമിച്ചതിന് നൽകപ്പെട്ട വീരശൃംഖലയായിരുന്നുവല്ലോ മനോരമ പത്രത്തിന് കിട്ടിയ കൈയാമം"[45] എന്നാണ്. 1947 നവംബർ 29നാണ് പുനഃപ്രകാശനം തുടങ്ങിയ മലയാള മനോരമയുടെ ആദ്യലക്കം പുറത്തുവരുന്നത്. അതിൽ മാമ്മൻ മാപ്പിളയെഴുതിയ സുദീർഘമായ മുഖലേഖനത്തിൽ സർവ്വസമുദായ മൈത്രി തുടങ്ങിയ നിരവധി കാര്യങ്ങളെക്കുറിച്ച് വിശദമായി വിവരിക്കുന്ന കൂട്ടത്തിൽ നമുക്കിവിടെ പ്രസക്തമായ ഒരു വാചകം ഉദ്ധരിച്ചുകൊള്ളട്ടെ. "ദീർഘകാലത്തെ ജയിൽവാസം, അവസാനത്തെ കാശുവരെയുള്ള ധനനാശം, മുതലായി വ്യാമിശ്രകങ്ങളായ അനേകം അനുഭവവൈരുദ്ധ്യങ്ങളിലൂടെ കടന്ന് വിവശനായി ജീവിതത്തിൻെറ സായാഹ്നഘട്ടത്തിൽ എത്തി 75 വയസ്സിനോടടുത്ത പടിയിൽ കാൽ ചവുട്ടി നില്ക്കുന്ന എന്നെക്കൊണ്ട് പത്രപ്രവർത്തനസംബന്ധമായ ഇത്തരം ഭാരമേറിയ ചുമതലകൾ വേണ്ടവിധം ഭംഗിയായോ ദീർഘകാലത്തേക്കോ വഹിക്കാൻ സാധിക്കുമെന്ന് ഞാനോ മറ്റാരെങ്കിലുമോ പ്രതീക്ഷിക്കേണ്ടതില്ലല്ലോ."[46] സമൂഹനന്മയ്ക്കും, പൗരസ്വാതന്ത്ര്യത്തിനും, ഉത്തരവാദഭരണത്തിനുംവേണ്ടിയുള്ള ധീരമായ പ്രവർത്തനങ്ങൾക്ക് കിട്ടിയ പ്രതിഫലം എന്തായിരുന്നുവെന്ന് ഈ ഒറ്റ വാചകം വിശദമാക്കുന്നുണ്ടല്ലോ. അതുകൊണ്ടുതന്നെയാണ് 'സത്യനാദത്തിൻെറ ചരിത്രം' എഴുതിയ ഫാ. ജോർജ് വെളിംപറമ്പിൽ മനോരമയെപ്പറ്റി ഇങ്ങനെ വിലയിരുത്തുന്നത്. "മലയാള മനോരമയുടെ കഥ കേരളീയ ജനതയുടെ പൗരാവകാശത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി നടത്തിയ സമരത്തിൻെറ കഥയാണ്."[47] സാഹസികവും, സഹനസമ്പൂർണ്ണവുമായ ആ സമരത്തെ വീർപ്പുമുട്ടിച്ചു കൊല്ലുകയെന്നതായിരുന്നു മലയാള മനോരമ കണ്ടുകെട്ടിയതുകൊണ്ടും, മാമ്മൻ മാപ്പിളയെയും മറ്റും ബന്ധനസ്ഥരാക്കിയതുകൊണ്ടും സർ സി. പി. രാമസ്വാമി അയ്യർ നടത്തിയ ഹീനകൃത്യം.

## സൂചിക


1. കെ. എം. ചെറിയാൻ സ്മരണിക, 1988 കോട്ടയം, ലേഖനം - പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച മഹാരഥൻ, പുറം - 76.
2. മലയാള മനോരമ, 1928 ജനുവരി 16.
3. മാമ്മൻ മാപ്പിള ഒരു പഠനം, മുൻ ഉദ്ധരിച്ചത്, സി. നാരായണപിള്ള, ലേഖനം - രാഷ്ട്രീയരംഗത്ത്, പുറം - 82
4. തമിഴ്നാട് ആർക്കീവ്സ്, മദ്രാസ് റസിഡൻസി റെക്കോർഡ്സ്, മദ്രാസ് പൊളിറ്റിക്കൽ പ്രൊസീഡിംഗ്സ്, 1889 മെയ് 9, G. O. No. 321.
5. Prof. P. K. K. Menon, The History of the freedom movement in Kerala, Vol. 2, P - 1, Govt. of Kerala Publication, 1972.

6. മലയാള മനോരമ 1891, ജനുവരി 24
7. Dr. K. K. Kusuman, Abstention Movement, Historical Research Society, 1976, Trivandrum, P - 5.
8. മലയാള മനോരമ, 1891 മെയ് 16
9. മലയാള മനോരമ, 1891 മെയ് 30
10. മലയാള മനോരമ, 1891 ജൂലൈ 4
11. എൻ. കെ. ജോസ്, മലയാളി മെമ്മോറിയൽ, വൈക്കം 1991 പുറം - 20
12. ഡോ. റോബിൻ ജെഫ്രി, നായർ മേധാവിത്വത്തിന്റെ പതനം (മലയാളം തർജ്ജമ), ഡി. സി. ബുക്സ്, കോട്ടയം പുറം - 215
13. പ്രൊഫ. പി. എസ്. വേലായുധൻ, എസ്. എൻ. ഡി. പി. യോഗചരിത്രം, പുറം -80
14. മൂർക്കോത്ത് കുഞ്ഞപ്പ, സംസ്കാര നവോത്ഥാനം, മുൻ ഉദ്ധരിച്ചത് പുറം - 91
15. അതുതന്നെ, പുറം - 93
16. മലയാള മനോരമ, 1919 ഏപ്രിൽ 8
17. ശ്രീനാരായണപ്രസ്ഥാനവും മലയാള മനോരമയും, ലേഖനം, എം. ശ്രീധരൻ മുൻ ഉദ്ധരിച്ചത്, പുറം - 33
18. മലയാള മനോരമ, 1929 ഏപ്രിൽ 1
19. മലയാള മനോരമ, 1931 നവംബർ 7
20. മലയാള മനോരമ, 1933 ഓഗസ്റ്റ് 26
21. സംസ്കാര നവോത്ഥാനം, മുൻ ഉദ്ധരിച്ചത്, പുറം - 142
22. മലയാള മനോരമ, 1934 ജനുവരി 14
23. മലയാള മനോരമ, 1935 ജൂൺ 11
24. Kerala District Gazatteers, Trivandrum, 1962, P - 231
25. മലയാള മനോരമ, 1936 മെയ് 18
26. മലയാള മനോരമ, 1936 ഒക്ടോബർ 2
27. സംസ്കാര നവോത്ഥാനം, മുൻ ഉദ്ധരിച്ചത്, പുറം - 152
28. മലയാള മനോരമ, 1937 ജൂൺ 9
29. മലയാള മനോരമ, ഒക്ടോബർ 4
30. അതുതന്നെ
31. ശ്രീനാരായണപ്രസ്ഥാനവും മലയാള മനോരമയും, മുൻ ഉദ്ധരിച്ചത്, പുറങ്ങൾ - 36, 37
32. മലയാള മനോരമ, ഒക്ടോബർ 4
33. പുതുപ്പള്ളി രാഘവൻ, വിപ്ലവസ്മരണകൾ, ഭാഗം - 1, മുൻ ഉദ്ധരിച്ചത്, പുറം - 296
34. കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനം, മുൻ ഉദ്ധരിച്ചത്, പുറം - 224
35. സംസ്കാര നവോത്ഥാനം, മുൻ ഉദ്ധരിച്ചത്, പുറം - 156
36. മാമ്മൻ മാപ്പിള ഒരു പഠനം, ലേഖനം, സി. നാരായണപിള്ള, രാഷ്ട്രീയ രംഗത്ത്, പുറം - 88, 89
37. മലയാള മനോരമ, 1938 മാർച്ച് 12
38. കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനം, മുൻ ഉദ്ധരിച്ചത്, പേജ് - 228
39. കെ. എം. ചെറിയാൻ സ്മരണിക, കോട്ടയം 1988, പുറം - 89
40. സംസ്കാര നവോത്ഥാനം, മുൻ ഉദ്ധരിച്ചത്. പുറം - 167
41. മാമ്മൻ മാപ്പിള ഒരു പഠനം, മുൻ ഉദ്ധരിച്ചത്, ലേഖനം, സി. നാരായണപിള്ള, രാഷ്ട്രീയ രംഗത്ത്, പുറം - 86
42. അതേ പുസ്തകം, പുറം - 96

43. അതേ പുസ്തകം, പുറം - 89
44. മലയാള മനോരമ ശതാബ്ദി വിശേഷാൽ പതിപ്പ്, 1988 മാർച്ച് 23, ബുധൻ, വി. കെ. ബി. നായർ, ലേഖനം - ഒരു നൂറ്റാണ്ടിൻെറ കഥ.
45. മഹാകവി വള്ളത്തോൾ, മനോരമ പുനഃപ്രസിദ്ധീകരണസന്ദേശം, 1123 വൃശ്ചികം 13, ഉദ്ധരണി, മൂർക്കോത്ത് കുഞ്ഞപ്പ, സംസ്കാര നവോത്ഥാനം, പുറം - 185
46. മലയാള മനോരമ, 1947 നവംബർ 29
47. ഫാ. ജോർജ്, വെളിംപറമ്പിൽ, സത്യനാദത്തിൻെറ ചരിത്രം, കേരള കൾച്ചറൽ സൊസൈറ്റി, 1978, പുറം - 106

# 6
# ഉയർത്തെഴുന്നേല്പ്

## ഒരു ഇടവേള

'മനോരമ'യുടെ ലൈസൻസ് റദ്ദാക്കിയതും ഓഫീസ് പൂട്ടി സീൽ വെച്ചതും 1938 സെപ്റ്റംബർ 10-ാം തീയതിയായിരുന്നു. ഒക്ടോബർ 22 ന് മാമ്മൻ മാപ്പിള, കെ. സി. ഈപ്പൻ, കെ. എം. ഈപ്പൻ, സി. പി. മാത്തൻ, കെ. വി. വറുഗീസ് എന്നിവരെ അറസ്റ്റ് ചെയ്ത് ജയിലിലുമാക്കി.[1] ഇന്ത്യ സ്വാതന്ത്ര്യയായതിനുശേഷം, 1947 നവംബർ 29-ാം തീയതിയാണ് 'മലയാള മനോരമ' വീണ്ടും പ്രസിദ്ധീകരണം ആരംഭിക്കുന്നത്. സുദീർഘമായ ഒമ്പതുവർഷം പ്രസും, യന്ത്രസാമഗ്രികളുമെല്ലാം നിശ്ചലമായിക്കിടന്നു. ഈ ഇടവേളയിൽ 'മനോരമ'യുടെ പുനഃപ്രസിദ്ധീകരണത്തിനുവേണ്ടി നടത്തിയ സഹനസംരംഭങ്ങൾ അവിസ്മരണീയങ്ങളാണ്. അവയുടെ കാർമ്മികത്വവും ഉത്തരവാദിത്വവും നിർവ്വഹിക്കുവാൻ നിയോഗമുണ്ടായത് മാമ്മൻ മാപ്പിളയുടെ സീമന്തപുത്രനും, മാമ്മൻ മാപ്പിളയ്ക്കുശേഷം മനോരമയുടെ മുഖ്യപത്രാധിപരുമായിരുന്ന കെ. എം. ചെറിയാനായിരുന്നു. പതിനഞ്ച് വർഷത്തിൽ കൂടുതൽ മദ്രാസ് ക്രിസ്ത്യൻ കോളജിലെ ചരിത്രാധ്യാപകൻ എന്ന നിലയ്ക്ക് പ്രശസ്തനായിരുന്ന കെ. എം. ചെറിയാൻ അദ്ധ്യയനവൃത്തിയിൽ നിന്നും മാറി 'ന്യൂ ഗാർഡിയൻ ഓഫ് ഇന്ത്യ ലൈഫ് ഇൻഷുറൻസ് കമ്പനി'യുടെ മാനേജരായി ജോലിചെയ്യുന്ന സന്ദർഭവുമായിരുന്നു. സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭം കൊടുമ്പിരികൊണ്ടിരിക്കുന്ന അക്കാലത്ത് സർ സി. പി. രാമസ്വാമി അയ്യരുടെ കിരാതഭരണം നാഷണൽ ആൻഡ് ക്വയിലോൺ ബാങ്ക് തകർക്കുകയും 'മലയാള മനോരമ'യുടെ ലൈസൻസ് റദ്ദാക്കി ഓഫീസ് പൂട്ടി സീൽ വയ്ക്കുകയും ചെയ്തു. പത്രത്തിൻെറയും ബാങ്കിൻെറയും പ്രധാനികളെയെല്ലാം അറസ്റ്റ് ചെയ്ത് ജയിലിലുമാക്കി. സ്ഫോടനാത്മകമായ ഈ സ്ഥിതിയിൽ തൻെറ പിതാവിൻെറയും കുടുംബത്തിൻെറയും താങ്ങും തണലുമായി വർത്തിക്കേണ്ടത് തൻെറ ചുമതലയാണെന്ന് അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു.

---

1 *മലയാള മനോരമയുടെ ചരിത്രം*

പക്വമതിയും വിനയാന്വിതനുമായിരുന്ന അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടതായി വന്ന പ്രശ്നങ്ങൾ അനവധിയാണ്. ജയിലിൽ കഴിയുന്ന പിതാവിനെയും, പിതൃസഹോദരനെയും സഹോദരനെയും ജയിൽ വിമോചിതരാക്കുക, സാമ്പത്തികമായി തകർന്നു കഴിഞ്ഞിരുന്ന കുടുംബത്തെ സംരക്ഷിക്കുക, മനോരമ പ്രസ് വീണ്ടെടുക്കുകയും പത്രം പുനരാരംഭിക്കുകയും ചെയ്ത് നഷ്ടപ്പെട്ട പദവി വീണ്ടെടുക്കുക എന്നിവയൊക്കെ എളുപ്പം സാധിക്കുന്ന കാര്യങ്ങളായിരുന്നില്ല. തൻെറ പിതാവ് പടുത്തുയർത്തിയിരുന്ന വ്യവസായ സാമ്രാജ്യം പാടെ നിലംപരിശായിരുന്നു. എല്ലാം നഷ്ടപ്പെട്ടിരിക്കുന്നല്ലോ എന്ന ദുഃഖസത്യം അദ്ദേഹത്തെയും സഹോദരന്മാരെയും വ്യാകുലരാക്കി. എന്തുചെയ്യും എന്നുള്ള രീതിയിൽ ഉഴറുമ്പോഴാണ് മൈസൂറിൽ എസ്റ്റേറ്റ് നടത്തുന്ന ഇളയസഹോദരൻ കെ. എം. ജേക്കബ് തൽക്കാലം ഏതാവശ്യത്തിനുള്ള പണവും തൻെറ പക്കൽ ഉണ്ടെന്നും കണ്ടത്തിൽ കുടുംബം പണമില്ലാതെ വിഷമിക്കേണ്ട സാഹചര്യം ഉണ്ടാകാൻ പോകുന്നില്ലെന്നും ഉള്ള ആശ്വാസവചനവുമായി എത്തിയത്. കെ. എം. ജേക്കബ് ധീരമായി നടത്തിയ ഈ പ്രഖ്യാപനവും സഹായസഹകരണത്തിനുള്ള സന്നദ്ധതയും ദുഃഖാർത്തരായിരുന്ന കുടുംബാംഗങ്ങൾക്ക് ഏറെ ആശ്വാസം നൽകി.[2]

ജയിലിൽ കഴിഞ്ഞുകൂടുന്ന പിതാവിനെയും മറ്റും മോചിപ്പിക്കുന്നതിനുള്ള പരിശ്രമമാണ് കെ. എം. ചെറിയാൻെറ ശ്രദ്ധയെ ആദ്യം ആകർഷിച്ചത്. അതിനുവേണ്ടി അദ്ദേഹം നടത്തിയ പ്രയത്നങ്ങൾ എണ്ണിയെണ്ണിപ്പറയുക പ്രയാസമാണ്. മദ്രാസ് ഗവർണർ തുടങ്ങി വൈസ്രോയി വരെയുള്ള ബ്രിട്ടീഷ് മേലധികാരികളെയെല്ലാം പല പ്രാവശ്യം അദ്ദേഹം കണ്ടു സങ്കടം ഉണർത്തിച്ചിരുന്നു. ഗാന്ധിജി, സി. എഫ്. ആൻഡ്രൂസ് മുതലായവരെയും അദ്ദേഹം സമീപിച്ചു. മദ്രാസിലും ഡൽഹിയിലും വാർധയിലും പലപ്രാവശ്യം ഇവയ്ക്കായി യാത്ര നടത്തേണ്ടതായും വന്നു. ഇതിനിടയ്ക്കാണ് മാമ്മൻ മാപ്പിളയോടൊപ്പം ജയിലിൽ കഴിഞ്ഞിരുന്ന സഹോദരൻ കെ. സി. ഈപ്പൻ കാരാഗൃഹത്തിൽ കിടന്നുതന്നെ കാലഗതിയടയുന്നത്. എല്ലാം കൊണ്ടും ഏറ്റവും വലിയ പരീക്ഷണഘട്ടത്തെയാണ് അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടതായി വന്നത്. പിതാവിനെ ജയിൽ വിമുക്തനാക്കുവാൻ വേണ്ട പരക്കം പാച്ചിൽ ആത്മാർത്ഥതയോടുകൂടി തന്നെ അദ്ദേഹം തുടർന്നു. എവിടെയെല്ലാം നിന്നു സഹായം ലഭിക്കുമെന്ന് ആശിക്കാവുന്ന ഇടങ്ങളിലൊക്കെ കെ. എം. ചെറിയാൻ സർ സി. പിയുടെ ക്രൂരമായ വിനോദത്തിനു പാത്രമായി നീതിരഹിതമായി ജയിലിൽ കഴിയുന്ന പിതാവിൻെറ മോചനത്തിനുവേണ്ടി നിവേദനങ്ങൾ അർപ്പിച്ചു. അവയ്ക്ക് പ്രയോജനമുണ്ടാകുകയും ചെയ്തു. വൈസ്രോയി

ലിൻലിഗ്തോ പ്രഭുവിന്റെ നിർദ്ദേശം കിട്ടിയതിന്റെ ഫലമായിട്ടാണ് മാമ്മൻ മാപ്പിള ജയിൽ വിമോചിതനാകുന്നത്. വൈസ്രോയിയുടെ നിർദ്ദേശം വരുന്നു എന്ന് ചാരന്മാർ മുഖേന മനസിലാക്കിയ സർ സി. പി. രാമസ്വാമി അയ്യർ താൻ സ്വയമേവ ചെയ്തതാണെന്ന് വരുത്തത്തക്കവിധമാണ് മാമ്മൻ മാപ്പിളയെ മോചിപ്പിച്ചത്. അതൊരു രാഷ്ട്രീയ മര്യാദയായി വ്യവഹരിക്കുകയും ചെയ്തു. എന്നാൽ സത്യം മറിച്ചാകുവാനാണ് സാദ്ധ്യത. മാമ്മൻ മാപ്പിളയോട് അത്തരമൊരു രാഷ്ട്രീയ മര്യാദ സർ സി. പി. കാണിക്കുമെന്ന് ഊഹിക്കുവാൻപോലും പ്രയാസമാണല്ലോ. ജയിൽ വിമുക്തനായ മാമ്മൻ മാപ്പിളയ്ക്ക് കോട്ടയത്തോ തിരുവിതാംകൂറിലോ താമസിക്കുന്നത് സുരക്ഷിതമല്ലെന്ന് അറിയാമായിരുന്നു. തന്മൂലം കുടുംബസമേതം മദ്രാസിൽ താമസമാക്കുവാൻ ഉദ്ദേശിച്ച് അവിടേക്കു പുറപ്പെടുകയാണു ചെയ്തത്. പിതാവ് മദ്രാസിൽ സകുടുംബം താമസമാക്കി കുറച്ചു കഴിഞ്ഞപ്പോൾ കെ. എം. ചെറിയാൻ തന്റെ ഇൻഷ്വറൻസ് ജോലി മതിയാക്കി കോട്ടയത്തേക്കു പോന്നു. വയോധികരായ മാതാപിതാക്കന്മാരോടൊത്തു മദ്രാസിൽ കഴിഞ്ഞു കൂടേണ്ടതായിരുന്നില്ലേ ഉചിതമെന്നു ചോദിച്ചവർ ധാരാളമായിരുന്നു. കോട്ടയത്തു 'മലയാള മനോരമ' ഓഫീസും പരിസരവും നഷ്ടബോധമുണ്ടാക്കുംവിധം ശൂന്യമായിക്കിടന്ന അവസ്ഥ; ബാങ്കും അനുബന്ധ വ്യവസായ വ്യാപാര കേന്ദ്രങ്ങളുമൊക്കെ വേദനിപ്പിക്കുന്ന ഓർമ്മകൾ മാത്രം കാഴ്ചവച്ചിരുന്ന സ്ഥിതി; വീർപ്പുമുട്ടിക്കുന്ന അത്തരം പരിതാപാവസ്ഥയിൽ രണ്ടും കല്പിച്ച് കോട്ടയത്തേക്കു വന്ന കെ. എം. ചെറിയാന് ഒരു നിയോഗമെന്നോണം നിർവഹിക്കുവാൻ ചില ബാദ്ധ്യതകൾ അവശേഷിച്ചിരുന്നു. അരനൂറ്റാണ്ടുകാലം കേരളത്തെയും കേരളീയരെയും പുരോഗതിയിലേക്കാനയിച്ച 'മലയാള മനോരമ'യെ പുനർജ്ജീവിപ്പിച്ച് തന്റെ പിതാവിനെ ഏല്പിക്കുക എന്ന മഹത്തായ ദൗത്യമാണ് തനിക്ക് ചെയ്യാനുള്ളതെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നെങ്കിലും പിതാവിനോടുപോലും ഇക്കാര്യം സൂചിപ്പിക്കുവാൻ ധൈര്യപ്പെട്ടില്ല. 'മനോരമ'യ്ക്ക് ഇനിയൊരു ഉയിർത്തെഴുന്നേല്പ് ഉണ്ടാകുമെന്ന് സ്വപ്നം കാണുവാൻ പോലും അശക്തരായിരുന്നു, മാമ്മൻ മാപ്പിള ഉൾപ്പെടെ 'മനോരമ'യുമായി ബന്ധപ്പെട്ടിരുന്നവർ മുഴുവരും. അതുകൊണ്ടുതന്നെ കെ. എം. ചെറിയാന്റെ ജോലി ഭാരപ്പെട്ടതായി. വാൽസല്യനിധിയായ പിതാവുപോലും താനിക്കാര്യത്തിനിറങ്ങിയാൽ നിരുൽസാഹപ്പെടുത്തുകയേയുള്ളുവെന്ന് മനസ്സിലാക്കിയിരുന്നതിനാലാണ് തന്റെ മനസ്സിൽ വിങ്ങിപ്പൊട്ടിക്കൊണ്ടിരുന്ന ഈ അഭിലാഷം മറ്റാരെയും അറിയിക്കാതിരുന്നത്. അങ്ങനെ പിതാവ് അറിയാതെയും, അദ്ദേഹത്തെ അറിയിക്കാതെയുമാണ് കെ. എം. ചെറിയാൻ മലയാള മനോരമയെ പുനരുജ്ജീവിപ്പിക്കുവാനുള്ള ഭഗീരഥപ്രയത്നം നടത്തിയത്.

---

*മലയാള മനോരമയുടെ ചരിത്രം*

'മനോരമ' പ്രസ് വീണ്ടെടുക്കുവാനും, പത്രം പുനഃപ്രസിദ്ധീകരണം നടത്തുവാനുമുള്ള ശ്രമങ്ങൾ ആരംഭിച്ചപ്പോഴുണ്ടായ പ്രയാസങ്ങൾ നിരവധിയായിരുന്നു. കെ. എം. ചെറിയാൻ തന്നെ അക്കാര്യം വിവരിക്കട്ടെ: "പ്രസ്സ് മുദ്രവച്ചതുകൊണ്ടു മാത്രം സർ സി. പി. അടങ്ങിയില്ല. ട്രാവൻകൂർ നാഷണൽ ബാങ്കിൽ മനോരമയ്ക്ക് ഒരു കടമുണ്ടെന്ന് മനസ്സിലാക്കി അണിയറയിൽ ചില പ്രവർത്തനങ്ങൾ അദ്ദേഹം (സി.പി.) ആരംഭിച്ചു കഴിഞ്ഞിരുന്നു. മനോരമയ്ക്ക് ധാരാളം ആസ്തി ഉണ്ടായിരുന്നെങ്കിലും അനുദിന പ്രവർത്തനങ്ങൾക്കായി ബാങ്കിൽനിന്ന് എടുത്തുകൊണ്ടിരുന്ന പണമായിരുന്നു ഈ കടത്തിനു കാരണമായിരുന്നത്. ബാങ്കിന്റെ ലിക്വിഡേറ്ററായി വന്ന ശിവശങ്കരമുതലിയാർ മനോരമ ജപ്തി ചെയ്ത് എടുക്കുവാനുള്ള ശ്രമങ്ങളാരംഭിച്ചു. നാട്ടുകാരായ മറ്റു ചിലരുടെ രഹസ്യമായ പിന്തുണയും അതിനുണ്ടായിരുന്നു"[3] എട്ടൊമ്പത് വർഷം ഉപയോഗിക്കാതെ നിശ്ചലമായി കിടന്നിരുന്ന പ്രസ്സിലെ മെഷീനുകളും അനുബന്ധ ഉപകരണങ്ങളും തുരുമ്പുപിടിച്ചു നശിക്കും. ഏതെങ്കിലും രീതിയിൽ പ്രസ്സിന്റെ ബാദ്ധ്യതകൾ ഒഴിവാക്കി അത് വീണ്ടെടുക്കണം. പ്രയത്നശാലിയായ അദ്ദേഹം ലിക്വിഡേറ്ററെ ചെന്നു കണ്ട് കടമെടുത്ത സംഖ്യ എത്രയെന്ന് അന്വേഷിച്ചു. കടമെടുത്ത പണം കോടതിച്ചെലവും പലിശയും ഉൾപ്പെടെ ഒരുലക്ഷം രൂപ വരുമെന്നാണ് അദ്ദേഹം അറിയിച്ചത്. മാത്രവുമല്ല, ഒരു ലക്ഷം രൂപ ഉടനെ അടച്ചില്ലെങ്കിൽ പ്രസ്സും മറ്റും ജപ്തി ചെയ്യുമെന്ന് ലിക്വിഡേറ്ററിൽനിന്ന് ഒരറിയിപ്പും അദ്ദേഹത്തിനു കിട്ടി."[4]

'പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച മഹാരഥൻ' എന്ന തന്റെ ലേഖനത്തിൽ പൊൻകുന്നം വർക്കി വിവരിക്കുന്നത് ഇങ്ങനെയാണ്. "മനോരമ വീണ്ടും തുടങ്ങണമെങ്കിൽ ഒരുലക്ഷം രൂപ ഉണ്ടാക്കിയേ പറ്റൂ. ആയിരം ഉറുപ്പികയ്ക്കുപോലും വിഷമിക്കുന്ന കാലഘട്ടമായിരുന്നു അത്."[5] 'മലയാള മനോരമയുടെ പുനർജന്മം' എന്ന ശീർഷകത്തിൽ കെ. എം. ചെറിയാൻ ഇക്കാര്യമെഴുതുന്നത് ഈവിധമാണ്. "ഒരവസാനശ്രമം കൂടി നടത്താൻ ഞങ്ങൾ തീരുമാനിച്ചു. ഞങ്ങളുടെ വക ന്യൂ ഗാർഡിയൻ ഇൻഷുറൻസ് കമ്പനി വിലയ്ക്കെടുത്തയാളും, മദ്രാസിൽ പ്രശസ്തമായ രീതിയിൽ നടത്തിവരുന്ന ന്യൂ ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയുടെ ഉടമസ്ഥനുമായിരുന്ന മി. ചിദംബരൻ ചെട്ടിയാരെ ഞാൻ സമീപിച്ചു. ബിസിനസ് സംബന്ധിച്ചു ബന്ധം പുലർത്തിയിരുന്നു എന്നുള്ളതിലുപരി ഞങ്ങളുടെ കുടുംബത്തിന്റെ ഒരുത്തമ സുഹൃത്ത് കൂടിയായിരുന്നു അദ്ദേഹം. മദ്രാസിൽ ഞങ്ങൾ താമസിച്ചിരുന്ന ഒരു വസ്തു ഞങ്ങളുടെ ആവശ്യത്തിന്റെ പേരിൽ അദ്ദേഹം പണയമെടുക്കുവാൻ തയ്യാറായി. മുപ്പതിനായിരത്തോളം വരുന്ന ഒരു തുക ആ ഇനത്തിൽ ലഭിച്ചു. അതേ

സമയം തന്നെ ബാംഗ്ലൂരിൽ കെ. എം. ഈപ്പൻെറ മാനേജ്മെൻറിലുണ്ടായിരുന്ന കമ്പനിയിൽ സെക്രട്ടറിയായിരുന്ന ഒരാളുമായി ഞാൻ ഫോണിൽ ബന്ധം പുലർത്തുകയും അദ്ദേഹം സ്വന്തം കൈയിൽനിന്നു കടമായി പതിനായിരം രൂപ തരാമെന്നു സമ്മതിക്കുകയും ചെയ്തു. തികച്ചും അപ്രതീക്ഷിതമായി ഒന്നു രണ്ടു ദിവസത്തിനുള്ളിൽ അത്രയും രൂപ കൈവശമെത്തിച്ചേർന്നപ്പോൾ എനിക്ക് ആത്മവിശ്വാസം വർദ്ധിച്ചു. ഞാൻ നേരെ എറണാകുളത്തിനു തിരിച്ചു. വടക്കൻ പറവൂരുള്ള ഞങ്ങളുടെ ഒരു ബന്ധുവും കുളങ്ങര (തത്തോളിൽ) കുടുംബാംഗവുമായ കെ. ഐ. മാത്യുവിനെ കണ്ടു. യാതൊരു സംശയമനോഭാവവും പ്രകടിപ്പിക്കാതെ അദ്ദേഹം ഇരുപതിനായിരം രൂപ കടം തന്നു. നിമിഷങ്ങൾ നീങ്ങുന്തോറും എൻെറ ദുർബ്ബലമായ വിശ്വാസത്തിൻെറ ശക്തി വർദ്ധിച്ചുവന്നു. ഞാൻ എറണാകുളത്തുനിന്നു നേരെ കോട്ടയത്തുവന്നു. ഈ സമയത്തു കോട്ടയത്തുള്ള ഞങ്ങളുടെ ബന്ധുക്കളും 'മനോരമ'യുടെ കാര്യത്തിൽ അതീവ ശ്രദ്ധ ചെലുത്തുന്നുണ്ടായിരുന്നു. പി. സി. ചെറിയാനും മറ്റും ഉൾപ്പെട്ട ഞങ്ങളുടെ സഹോദര കുടുംബമായ പടിഞ്ഞാറെക്കരയിൽ ചെന്ന് അവരെയും വിവരം ധരിപ്പിച്ചു. ഒരു നല്ല തുക അവിടെനിന്നും എടുക്കുവാൻ സാധിച്ചു.

"പണം അടയ്ക്കേണ്ട ദിവസമായപ്പോഴേക്കും തുക ശരിയായി പണവുമായി ഞാൻ മുതലിയാരെ പോയിക്കണ്ട് എഗ്രിമെൻറ് എഴുതി. ഒന്നോ രണ്ടോ ആഴ്ചയ്ക്കുള്ളിൽ ഒരു ലക്ഷത്തോളം രൂപ എങ്ങനെയുണ്ടാക്കി എന്നുള്ളത് ഇന്നും എനിക്കൊരത്ഭുതമായി തോന്നുന്നു. എത്രമാത്രം കഷ്ടപ്പാടുകൾ സഹിച്ചിട്ടും ഞങ്ങളുടെ ജീവൻെറ ഒരംശമായി കരുതിയിരുന്ന മനോരമ അന്യാധീനപ്പെട്ടു പോകാതെ വീണ്ടെടുക്കാൻ കഴിഞ്ഞല്ലോ എന്ന് ഓർത്തപ്പോൾ ഞങ്ങൾ കൃതാർത്ഥരായി."[6]

ഇത്രയും സാധിച്ചത് ഏറെ വിജയകരമാണെങ്കിലും പ്രശ്നം പിന്നെയും മുഴച്ചുകൂടി നിൽക്കുന്നുണ്ടായിരുന്നു. പത്രം പുനഃരാരംഭിക്കണമെങ്കിൽ സർക്കാരിൻെറ അനുമതി ലഭിക്കണം. സർക്കാർ അനുമതിയെന്നാൽ സർ സി. പി.യുടെ സമ്മതപത്രമെന്നാണല്ലോ അർത്ഥം. ഒരു തരത്തിലും സർ സി. പിക്ക് 'മനോരമ'യോടോ, തൻെറ പിതാവിനോടോ അനുകമ്പ തോന്നേണ്ട കാര്യമില്ലെന്ന് ചെറിയാന് ബോദ്ധ്യമുണ്ടായിരുന്നു. എന്നാൽക്കൂടിയും സി.പി.യെ കണ്ട് 'മനോരമ' പുനഃപ്രകാശം ചെയ്യുന്നതിനുള്ള അനുമതി സമ്പാദിക്കുവാൻ തന്നെ ഉറച്ചു. അതിനുവേണ്ടിയുള്ള ശ്രമങ്ങളായി പിന്നെ. സർ സി. പി. രാമസ്വാമി അയ്യർ ഊട്ടിയിലുണ്ടായിരുന്ന ഒരസുലഭവേളയിൽ കെ. എം. ചെറിയാന് അദ്ദേഹവുമായി സംസാരിക്കുവാനുള്ള അവസരം ലഭിച്ചു. തനിക്കു 'മലയാള മനോരമ' പുനഃരാരംഭിക്കുന്ന കാര്യത്തിൽ യാതൊരു വിരോധവുമില്ലെന്നു മാത്രമല്ല, തനിക്ക്

അതീവ സന്തോഷമുണ്ടാക്കുന്ന കാര്യമാണിതെന്നും അദ്ദേഹം പറഞ്ഞു. സർ സി.പിക്ക് ധൃതിപിടിച്ച് മറ്റെന്തൊക്കെയോ പദ്ധതികളുമായി പുറപ്പെടേണ്ടതുണ്ടായിരുന്നതിനാൽ സൗഹൃദപൂർവ്വമായ ആ കൂടിക്കാഴ്ച അവിടെവച്ച് അവസാനിപ്പിക്കേണ്ടതായി വന്നു. എങ്കിലും ചെറിയാന്റെ മനസ്സിൽ ആശയുടെ തിരി കൊളുത്തുവാൻ ഇതു സഹായിച്ചു. മടങ്ങിയെത്തിയ അദ്ദേഹം തിരുവനന്തപുരത്തു ചെന്ന് ദിവാനെ കണ്ട് കാര്യങ്ങൾ ശരിയാക്കാമെന്ന വിശ്വാസത്തോടെ യാത്രയായി. ദിവാന്റെ വാസസ്ഥലമായ ഭക്തിവിലാസത്തിലേക്കു പ്രവേശിക്കുവാൻ ചെറിയാന് ഒട്ടും കാത്തുനിൽക്കേണ്ടതായി വന്നില്ല. ദിവാൻ ഉന്മേഷവാനായി കാണപ്പെട്ടു. സന്തോഷത്തോടുകൂടി ആരംഭിച്ച സംഭാഷണത്തിൽ ദിവാൻ പറഞ്ഞത്, 'മനോരമ'യുടെ ലൈസൻസ് റദ്ദാക്കുവാൻ കാരണമായ വാർത്തകൾ പ്രസിദ്ധീകരിച്ചതിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ട് ഒരു കുറിപ്പ് കൊടുക്കേണ്ടതായി വരുമെന്നായിരുന്നു. "അല്പം അരോചകമായി തോന്നിയെങ്കിലും ഇത്രയൊക്കെ ആയ സ്ഥിതിക്ക് ഒരു ഖേദപ്രകടനം വേണ്ടി വന്നാൽ നടത്താമെന്നുള്ള മനഃസ്ഥിതിയായിരുന്നു എന്റേത്,"[7] എന്നാണ് കെ. എം. ചെറിയാൻ തുറന്നെഴുതുന്നത്. സംഭാഷണം അവസാനിക്കാറായപ്പോൾ മറ്റൊരു വ്യവസ്ഥകൂടി ദിവാൻ ചെറിയാന്റെ മുമ്പിൽവച്ചു. അത് അപ്പോഴേക്കു പ്രഖ്യാപിച്ചു കഴിഞ്ഞിരുന്ന സ്വതന്ത്ര തിരുവിതാംകൂറിനെ അനുകൂലിച്ചുകൊണ്ടുള്ളതായിരിക്കണം പത്രത്തിന്റെ നയം എന്നതായിരുന്നു. സ്വതന്ത്ര തിരുവിതാംകൂറിനെ പിന്താങ്ങിക്കൊണ്ടുള്ള 'മനോരമ'യുടെ പുനർജന്മം ഉണ്ടാകുവാൻ പോകുന്നില്ലെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. സർ സി. പിയുടെ മുന്നിൽ നിരുദ്ധകണ്ഠനായിനിന്നുപോയ ചെറിയാനോട് തന്റെ ചോദ്യത്തിന് ഉത്തരം വേണമെന്നു ശഠിക്കുകയായിരുന്നു കോപാക്രാന്തനായ ദിവാൻ. ഏതായാലും സഹോദരന്മാരോടാലോചിച്ച് മറുപടി പറയാമെന്ന് ചെറിയാൻ ഒരുവിധം പറഞ്ഞൊപ്പിച്ചപ്പോൾ അതിന് എത്ര സമയം വേണ്ടിവരുമെന്നായി സി.പി.യുടെ ചോദ്യം. രണ്ടാഴ്ചത്തെ സമയം വേണമെന്ന് ചെറിയാൻ അറിയിച്ചു. യാത്രപറഞ്ഞ് പോരാനൊരുങ്ങുമ്പോൾ സി.പി. പറഞ്ഞ രീതിയിൽ ചെയ്തുകൊള്ളാമെന്ന് എഴുതിക്കൊടുക്കാത്തപക്ഷം, "ആ വാക്കുകൾ ഇന്നും എന്റെ ചെവിയിൽ മുഴങ്ങുന്നതുപോലെ തോന്നുന്നു – 'I will see that you are ruined' (നിങ്ങളെ നശിപ്പിക്കാതെ ഞാൻ അടങ്ങുകയില്ല)." ഇതു മൂന്നുതവണ അദ്ദേഹം ആവർത്തിച്ചതായിട്ടാണ് കെ. എം. ചെറിയാൻ എഴുതിയിട്ടുള്ളത്.[8]

അവിടെനിന്ന് പോരുമ്പോൾത്തന്നെ 'സ്വതന്ത്ര തിരുവിതാംകൂറിനെ' അനുകൂലിച്ചുകൊണ്ട് 'മലയാള മനോരമ' വീണ്ടും തുടങ്ങേണ്ടതില്ലെന്നുള്ള ദൃഢനിശ്ചയമാണ് ചെറിയാനുണ്ടായിരുന്നത്. വിവരമറിയാൻ

ഉത്ക്കണ്ഠയോടുകൂടി കാത്തു കോട്ടയത്തു വന്നിരുന്ന മാമ്മൻ മാപ്പിളയോട് ഉണ്ടായ സംഭവങ്ങൾ ചെറിയാൻ വിവരിച്ചു. 'അയാൾ പറയുന്നതുപോലെ ചെയ്യുന്നതിൽ നല്ലത് മരിക്കുകയാണ്', എന്നായിരുന്നു മാമ്മൻ മാപ്പിളയുടെ പ്രതികരണം. 'പോയത് പോകട്ടെ. എത്രയും വേഗം എല്ലാവരും ഇവിടെനിന്നും പോകണം. ഇവിടെനിന്നാൽ അയാൾ നമ്മെ വെച്ചേക്കുകയില്ല', മാമ്മൻ മാപ്പിള പറഞ്ഞു. അങ്ങനെ പത്രമാരംഭിക്കാമെന്ന ആശയോടുകൂടി ഒത്തുകൂടിയവർ ഏറെ നിരാശപ്പെട്ട് മദ്രാസിലേക്കു മടങ്ങി. സി. പിയുടെ കോപാഗ്നിയിൽ വെന്തു വെണ്ണീറാകാൻ അധികദിവസമില്ലെങ്കിലും അദ്ദേഹത്തിൻെറ ഇച്ഛാനുസരണം പത്രത്തെ ഉയിർത്തെഴുന്നേല്പിക്കാൻ ആരും തയ്യാറുണ്ടായിരുന്നില്ല. ചെറിയാൻ പറഞ്ഞ അവധി അടുക്കാറായപ്പോൾ മറുപടി അതുവരെ പറയാതിരുന്നതെന്താണെന്ന് അന്വേഷിക്കുവാനും സി.പി. പറയുന്നതനുസരിച്ച് പത്രം നടത്തുകയാണെങ്കിൽ ഉണ്ടാകാവുന്ന ഗുണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുന്നതിനുമായി ഒരു മാന്യ വ്യക്തിയെ ചെറിയാൻെറ അടുക്കലേക്ക് പറഞ്ഞുവിട്ടിരുന്നു. എന്നാൽ സി. പിയുടെ ഇഷ്ടത്തിനൊത്ത് 'മലയാള മനോരമ' പ്രസിദ്ധീകരിക്കുവാൻ തയ്യാറല്ലെന്ന് പ്രത്യേക ദൂതനെ അറിയിച്ചതിനുശേഷവും തിരുവനന്തപുരത്തു ചെല്ലാൻ ആവശ്യപ്പെട്ടുകൊണ്ട് ദിവാൻെറ കമ്പി ചെറിയാന് കിട്ടി. അതിനും ചില ഒഴിവുകഴിവുകൾ പറഞ്ഞ് ചെറിയാൻ പോകാതിരുന്നു.

അവധി പറഞ്ഞ ദിവസങ്ങൾ അവസാനിക്കാറായി. കണ്ടത്തിൽ കുടുംബാംഗങ്ങളാകമാനം വ്യാകുലചിത്തരായി. എന്തും ചെയ്യാൻ മടിയില്ലാത്ത ഹൃദയശൂന്യനായ സ്വേച്ഛാധിപതിയാണ് നിങ്ങളെയെല്ലാം നശിപ്പിക്കാതെ താനടങ്ങുകയില്ലെന്ന് പ്രഖ്യാപിച്ചിരിക്കുന്നത്. എന്തായാലും വരുന്നതു വരട്ടെ എന്നു കരുതി, സർവ്വതും ദൈവസന്നിധിയിൽ സമർപ്പിച്ചുകൊണ്ട് എല്ലാവരും ഉത്കണ്ഠാകുലരായി കഴിയുമ്പോഴാണ് സർ സി. പി. രാമസ്വാമി അയ്യരെ വധിക്കാനുള്ള ശ്രമം നടന്നെന്നും അദ്ദേഹത്തിൻെറ മുഖത്തു ചില മുറിവുകൾ പറ്റിയെന്നുമുള്ള പത്രവാർത്തകളുണ്ടായത്. ഇത് 1947 ജൂലൈ 25-ാംതീയതി രാത്രിയിലാണ് നടക്കുന്നത്.[9] തിരുവനന്തപുരം സ്വാതി തിരുനാൾ അക്കാദമിയിൽ ഒരു പാട്ടുകച്ചേരി നടന്നുകൊണ്ടിരിക്കേ പെട്ടെന്നു വൈദ്യുത വിളക്കുകൾ അണഞ്ഞു. വിളക്കുകൾ വീണ്ടും തെളിയും മുമ്പായി അജ്ഞാതനായ ഒരാൾ ദിവാനെ വെട്ടിയിട്ട് ഇരുളിൽ മറഞ്ഞു. മുഖത്തു ഗുരുതരമായി വെട്ടേറ്റെങ്കിലും ദിവാൻ മരണത്തിൽനിന്നും രക്ഷപെട്ടു. കേരള സോഷ്യലിസ്റ്റ് പാർട്ടി പ്രവർത്തകനായിരുന്ന കെ. ചിദംബര സുബ്രഹ്മണ്യഅയ്യർ എന്ന കെ. സി. എസ്. മണിയാണ് ഈ സാഹസത്തിനു തയ്യാറായ ധീരസേനാനി എന്ന് പിന്നീട് മനസ്സിലായി. ഈ സംഭവത്തിന് ഏതാനും നാളുകൾക്കു മുമ്പ്

തിരുവനന്തപുരത്ത് സചിവോത്തമ സത്രത്തിൻെറ മുന്നിലുള്ള ദിവാൻെറ പ്രതിമ അംഗഭംഗം വന്ന നിലയിൽ കാണപ്പെട്ട കാര്യവും സ്മരണീയമാണ്.

സി. പി. തിരുവിതാംകൂറിൽനിന്നും പോയി. പകരം ദിവാനായ പി. ജി. നാരായണൻ ഉണ്ണിത്താൻ 'മനോരമ'യുടെ ലൈസൻസ് നൽകി. പത്രം 1947 നവംബർ 29-ാംതീയതി പുനഃപ്രസിദ്ധീകരിക്കുകയും ചെയ്തു.

കെ. എം. ചെറിയാൻ 1942-ലാണ് കോട്ടയത്തേക്കു വന്നത്. സുദീർഘമായ ഏഴുവർഷത്തെ നിരന്തര പ്രയത്നത്തിൻെറ ഫലമായിട്ടാണ് മനോരമ പ്രസ്സും മനോരമ തന്നെയും വീണ്ടെടുക്കുവാൻ കഴിഞ്ഞതെന്ന കാര്യം നമുക്കിവിടെ ഓർക്കാം.

## സൂചിക


1. മാമ്മൻ മാപ്പിള, ജീവിത സ്മരണകൾ, 1977 കോട്ടയം, പുറം 303
2. കെ. എം. ചെറിയാൻ സ്മരണിക, 1988 കോട്ടയം, ലേഖനം, പൊൻകുന്നം വർക്കി, പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച മഹാരഥൻ, പുറങ്ങൾ - 79, 80.
3. ടി പുറം 213
4. ടി പുറം 84
5. ടി പുറം 84, 85
6. ടി പുറം 217
7. ടി പുറം 219
8. ടി പുറം 220
9. പെരുന്ന കെ. എൻ. നായർ, കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനം, 1967 തൃശൂർ, പുറം 270

# ഉയർത്തെഴുന്നേല്പ്

ഇന്ത്യ സ്വാതന്ത്ര്യയാവുകയും സർ സി. പി. രാമസ്വാമി അയ്യർ തിരുവിതാംകൂർ വിട്ടോടുകയും ചെയ്തതോടെ ഇന്ത്യയിൽ പൊതുവേയും തിരുവിതാംകൂറിൽ പ്രത്യേകമായും സ്വാതന്ത്ര്യത്തിൻെറ പൊൻവെളിച്ചം പരന്നു. ഒമ്പത് വർഷത്തിൽ കൂടുതൽ ബന്ധനസ്ഥമായി കിടന്നിരുന്ന മനോരമയ്ക്കും ഇന്ത്യയുടെ സ്വാതന്ത്ര്യത്തോടൊപ്പം തന്നെ സ്വാതന്ത്ര്യത്തിൻെറ ശുദ്ധവായു ശ്വസിക്കുവാൻ സാധിക്കുംവിധം മോചനം ലഭിക്കുകയും ചെയ്തു. ഒരിടക്കാല മന്ത്രിസഭ 1948 മാർച്ചിൽ ഉണ്ടാകുന്നതിനു മുമ്പുതന്നെ തിരുവിതാംകൂറിൽ പി. ജി. നാരായണൻ ഉണ്ണിത്താനെ 1947 ആഗസ്റ്റിൽ ദിവാനായി നിയമിച്ചിരുന്നു. അദ്ദേഹം 'മനോരമ'യുടെ ലൈസൻസ് നൽകി, പത്രം പുനഃപ്രസിദ്ധീകരിക്കുന്നതിനു അനുവാദം കൊടുക്കുകയുമുണ്ടായി. അങ്ങനെയാണ് 1947 നവംബർ 29-ാംതീയതി 'മലയാള മനോരമ' പുനരാരംഭിക്കുന്നത്. കെ. സി. മാമ്മൻ മാപ്പിള പ്രധാന പത്രാധിപരായും കെ. എം. ചെറിയാൻ മാനേജിംഗ് എഡിറ്ററുമായിട്ടാണ് പത്രം പുറത്തുവന്നത്. യഥാർത്ഥത്തിൽ കെ. എം. ചെറിയാൻെറ ആത്മാർത്ഥമായ അക്ഷീണ പരിശ്രമത്തിൻെറ ഫലമായിട്ടായിരുന്നുവല്ലോ മനോരമയുടെ പുനഃപ്രസിദ്ധീകരണം സാധിച്ചത്. എന്നാൽ തൻെറ മഹാനായ പിതാവിന് നഷ്ടപ്പെട്ട പത്രാധിപ പദവി വീണ്ടെടുത്തു കൊടുക്കുകയെന്ന ചിരകാലാഭിലാഷത്തിൻെറ വിജയകരമായ പരിസമാപ്തിയായിരുന്നു അത്. കണ്ടത്തിൽ വറുഗീസ് മാപ്പിള 'മലയാള മനോരമ' ആരംഭിച്ച കാലം മുതൽ ഏതുവിധമായിരുന്നുവോ കെ. സി. മാമ്മൻ മാപ്പിള അദ്ദേഹത്തെ സഹായിച്ചിരുന്നത് അതിനേക്കാൾ ശക്തമായിട്ടായിരുന്നു വീണ്ടും പത്രാധിപരായ മാമ്മൻ മാപ്പിളയ്ക്ക് തൻെറ വൽസലപുത്രനിൽനിന്നും ലഭിച്ച സഹായസഹകരണങ്ങൾ.

ഒമ്പതുവർഷം നിശ്ചലമായി കിടന്നതിനുശേഷം പുനഃപ്രസിദ്ധീകരണം ആരംഭിച്ചപ്പോൾ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളും സന്തോഷത്തോടുകൂടി 'മനോരമ'യ്ക്ക് സ്വാഗതമരുളിയിരുന്നു. മഹാകവികളും സാംസ്കാരിക പ്രതിഭാധനൻമാരും വ്യവസായികളും രാഷ്ട്രീയ പ്രവർത്തകരും എന്നുവേണ്ട സാധാരണക്കാർപോലും അത്യുൽസാഹത്തോടുകൂടി 'മനോരമ' വാങ്ങാനും വായിക്കാനും സന്തോഷം കാണിച്ചു. സ്വാതന്ത്ര്യ സമരത്തിൻെറ അവിഭാജ്യഘടകമായി നടന്ന ഉത്തരവാദിത്ത പ്രക്ഷോഭണത്തിൻെറ തീച്ചൂളയിൽ വെന്തുരുകി നാമാവശേഷമായിപ്പോയെന്ന് ഏവരും ന്യായമായും ഊഹിച്ചിരുന്ന 'മലയാള മനോരമ'യുടെ പുനരുത്ഥാനം സാംസ്കാരിക കേരളത്തെ ചലനാത്മകമാക്കി. പത്രത്തിൻെറ വരിക്കാരുടെ സംഖ്യ പത്രം നിരോധിച്ച കാലത്ത് ഉണ്ടായതിൻെറ

മൂന്നിരട്ടിയിൽ കൂടുതലായി വർദ്ധിച്ചു. എന്നാൽ വരിക്കാരുടെ വർദ്ധനവനുസരിച്ച് പത്രം അച്ചടിച്ചിറക്കുവാൻ ഏറെ പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടതായി വന്നു. പത്തുകൊല്ലത്തോളം അനക്കമില്ലാതെ കിടന്ന പ്രസ്സും തുരുമ്പുപിടിച്ച് പ്രവർത്തനരഹിതമായിരുന്നു. വർദ്ധിച്ച ആവശ്യാനുസരണം പത്രത്തിന്റെ ഉൽപാദനശേഷി വർദ്ധിപ്പിക്കുവാൻ നിവൃത്തിയില്ലാത്തവണ്ണം പല പ്രശ്നങ്ങളും ഉൽസാഹിയായ കെ. എം. ചെറിയാന് അഭിമുഖീകരിക്കേണ്ടതായി വന്നു. മൂലധനത്തിന്റെ അപര്യാപ്തതയായിരുന്നു ഏറ്റവും വലിയ പ്രശ്നം. നാനാവിധമായ പ്രതിബന്ധങ്ങളെ അതിജീവിച്ചുവേണമായിരുന്നു മനോരമയെ മുന്നോട്ടു കൊണ്ടുപോകുവാൻ. കെ. എം ചെറിയാന്റെ സഹോദരന്മാരും പിതാവ് മാമ്മൻ മാപ്പിള തന്നെയും മലയാള മനോരമ അഭംഗുരം നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുമോയെന്ന് ആശങ്കയുള്ളവരായിരുന്നു. പല സ്ഥലത്തുനിന്നും കടം കേറിക്കൊണ്ട് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതിൽ എല്ലാവരും വിമുഖത പ്രദർശിപ്പിക്കുകയാണു ചെയ്തത്. സർ സി.പി.യുടെ കരാളഹസ്തങ്ങൾ 'മലയാള മനോരമ' പത്രത്തെയും പത്രാധിപരെയും മാത്രമായിരുന്നില്ലല്ലോ ബന്ധനസ്ഥമാക്കിയത്. സിലോൺ ഉൾപ്പെടെ രാജ്യത്ത് പലയിടത്തായി 27 ശാഖകളോടുകൂടി ഇന്ത്യയിലെ ബാങ്കിംഗ് വ്യവസായത്തിൽ പ്രധാന സ്ഥാനം വഹിച്ചിരുന്ന ട്രാവൻകൂർ നാഷണൽ ആൻറ് ക്വയിലോൺ ബാങ്കും അതിന്റെ ആസ്തികളും അന്യാധീനമാക്കുകയും ചെയ്തിരുന്നുവല്ലോ. കേസും പുക്കാറുമായി കൈവശമുണ്ടായിരുന്ന പണം തീരുകയും പല സ്ഥലത്തായി നടത്തിപ്പോന്നിരുന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങൾ ക്ഷയിച്ചു നിർത്തലാക്കേണ്ടതായി വരികയുമുണ്ടായി. കെ. എം. ചെറിയാൻ എത്രതന്നെ ക്ലേശങ്ങൾ സഹിച്ചാലും പത്രം നടത്തണമെന്നു ദൃഢമായ ശാഠ്യത്തോടുകൂടി ഉറച്ചുനിന്നത് അത്തരം സാമ്പത്തിക പരാധീനതയുള്ള സന്ദർഭത്തിലാണെന്നോർക്കണം. 'പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച മഹാരഥൻ' എന്ന ശീർഷകത്തിൽ കെ. എം. ചെറിയാനെപ്പറ്റി 'മലയാള മനോരമ' പുറത്തിറക്കിയ സ്മരണികയിൽ പൊൻകുന്നം വർക്കി ഇക്കാര്യം വിവരിക്കുന്നത് ഇങ്ങനെയാണ്. "കെ. എം. ചെറിയാന്റെ സഹോദരന്മാർപോലും 'മനോരമ' നടത്തിക്കൊണ്ടുപോകണമോ എന്നു സംശയിച്ചു. എന്നാൽ എന്തുതന്നെ വന്നാലും 'മനോരമ' നടത്തണമെന്നും ലാഭം നോക്കി നടത്തേണ്ട ഒന്നല്ല അതെന്നുമുള്ള ദൃഢനിശ്ചയത്തിൽനിന്ന് അദ്ദേഹത്തെ ഇളക്കുവാൻ ആർക്കും കഴിയുമായിരുന്നില്ല. ആദായമല്ല, ജനസേവനമായിരുന്നു 'മനോരമ' വഴി കെ. എം. ചെറിയാൻ സാധിച്ചത്. സർവ്വ സമുദായമൈത്രിയുടെ പാതയിൽ കൂടി അദ്ദേഹം സഞ്ചരിച്ചു. 'മനോരമ'യുടെ ഉദ്ദേശ്യലക്ഷ്യങ്ങളെപ്പറ്റി മറ്റാരെക്കാൾ കൂടുതൽ

ബോധവാനായിരുന്നു കെ. എം. ചെറിയാൻ."[1] തന്റെ ലക്ഷ്യബോധമാണ്, എന്തുവന്നാലും പിന്മാറുകയില്ലെന്ന ദൃഢപ്രതിജ്ഞയോടുകൂടി ഒരു മഹായജ്ഞമെന്നോണം മനോരമയെ ഊട്ടിവളർത്തുവാൻ തുനിഞ്ഞിറങ്ങുന്നതിനുവേണ്ടി അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ലാഭകരമായ ഒരു ബിസിനസ് എന്ന നിലയിലല്ല, പ്രത്യുത മനുഷ്യസേവനത്തിനുള്ള ശക്തമായ ഉപകരണമെന്ന നിലയിലാണ് മനോരമയെ അദ്ദേഹം കണക്കാക്കിയത്." എന്നാണ് 'ആ ധന്യജീവിതത്തിലേക്ക് ഒരെത്തിനോട്ടം' എന്ന തന്റെ ലേഖനത്തിൽ ടി. ചാണ്ടി എഴുതുന്നത്.[2] അദ്ദേഹം തുടർന്നു പറയുന്നതു കൂടി കേൾക്കുക. "ഇടക്കാലത്തു സാമ്പത്തികക്ലേശം മൂലം മനോരമയുടെ പ്രസിദ്ധീകരണം നിലച്ചുപോകുമെന്ന് തൽപ്രവർത്തകർ ഭയപ്പെട്ട സന്ദർഭംപോലും ഉണ്ടായിട്ടുണ്ട്. എന്നാൽ മലകളെ നീക്കാൻ തക്ക വിശ്വാസം മൂലധനമായുള്ള കെ. എം. ചെറിയാന്റെ നിസ്തന്ദ്രവും തീവ്രവുമായ പ്രയത്നത്തിന്റെയും അർപ്പണ ബുദ്ധിയുടെയും ഫലമായി എല്ലാ പ്രതികൂല സാഹചര്യങ്ങളും അദ്ദേഹത്തിന്റെ മുമ്പിൽനിന്ന് ക്രമേണ വഴിമാറിക്കൊടുത്തു. അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യത്തിന്റെയും പതറാത്ത വിശ്വാസത്തിന്റെയും അജയ്യ ധീരതയുടെയും ഉജ്ജ്വല ദീപ്തിയിൽ എല്ലാ പ്രതിലോമശക്തികളും നിഷ്പ്രഭങ്ങളായി."[3] മലയാള മനോരമയുടെ നഷ്ടപ്പെട്ട പദവിയും പ്രചാരവും വീണ്ടെടുത്ത് തന്റെ വയോധികനായ വന്ദ്യപിതാവിനെ ഏല്പിക്കണമെന്നുള്ള അദമ്യമായ ആഗ്രഹം മറ്റേത് വികാരത്തേക്കാൾ കൂടുതൽ അദ്ദേഹത്തെ സജീവമാക്കിയിരുന്നു. കെ. സി. മാമ്മൻ മാപ്പിളയായിരുന്നു പ്രധാന പത്രാധിപരെങ്കിലും മാനേജ്മെന്റ് കാര്യത്തിൽ മാത്രമല്ല, പ്രസിദ്ധീകരണ സംബന്ധമായും കെ. എം. ചെറിയാൻ പിതാവിനെ അങ്ങേയറ്റം സഹായിച്ചിരുന്നു. പത്രം പുനഃപ്രകാശനം ചെയ്ത അന്നത്തെ മുഖപ്രസംഗം എഴുതിയത് കെ. സി. മാമ്മൻ മാപ്പിളയാണ്. അതിപ്രകാരമാകുന്നു. "ഇരുളടഞ്ഞ ഒമ്പതുവർഷക്കാലത്തെ ദീർഘനിദ്രയ്ക്കുശേഷം തിരുവിതാംകൂറിലെ പൗരസ്വാതന്ത്ര്യത്തിന്റെ വെളിച്ചത്തിൽ ശുദ്ധവായു ശ്വസിച്ചുകൊണ്ട് വീണ്ടും ഉയിർത്തെഴുന്നേൽക്കുന്ന മലയാള മനോരമ ഇതാ കൂപ്പുകൈകളോടെ, കേരളീയ മഹാജനങ്ങളെ സവിനയം അഭിവാദനം ചെയ്തുകൊള്ളുന്നു. അതെ, അതൊരു കാളരാത്രി തന്നെയായിരുന്നു. പത്തു പതിനഞ്ചു വർഷക്കാലം. 1114-ാമാണ്ട് ചിങ്ങമാസം 24-ാം തീയതിയായിരുന്നു അന്നത്തെ തിരുവിതാംകൂർ ഭരണകൂട മേധാവിയായിരുന്ന സർ സി. പി. രാമസ്വാമി അയ്യരുടെ കരുത്തേറിയ അടിയേറ്റു മനോരമ മൂർച്ഛിതയായി നിലംപതിച്ചത്. മനോരമ മാത്രമല്ല, മറ്റു പല സ്ഥാപനങ്ങളും അക്കൂട്ടത്തിൽ വീണു. ഒരുവിധത്തിൽ മനോരമയുടെ സഹോദരസ്ഥാനം വഹിച്ചിരുന്ന തിരുവിതാംകൂർ നാഷണൽ ആന്റ് ക്വയിലോൺ ബാങ്കും

---

*മലയാള മനോരമയുടെ ചരിത്രം*

അങ്ങനെ മറ്റു പലതും അടിയോടെ നിലംപതിച്ചു. ഭയാനകമായ ഒരു ദുഃസ്വപ്നത്തിൻെറ അസുഖ സ്മരണപോലെ അന്നത്തെ ഭൂകമ്പ രംഗങ്ങളൊക്കെ ഇന്നും വ്യക്തമായി ഓർമ്മയിൽ പൊങ്ങിവരുന്നു. 1114 ചിങ്ങമാസം 24-ാംതീയതി ശനിയാഴ്ച പകൽ പതിവുള്ള ജോലികൾ കഴിഞ്ഞ് മനോരമയാഫീസിലെ ജോലിക്കാരൊക്കെ വൈകുന്നേരം ആഫീസും പൂട്ടി വീട്ടിൽ പോയി. ഞാൻ കൃത്യാന്തരപരതന്ത്രനായി കുറെദിവസം ഡൽഹിയിൽ താമസിക്കുന്ന സന്ദർഭമാണ്. എൻെറ നാലാമത്തെ പുത്രനും അന്ന് മലയാള മനോരമ ആഫീസ് മാനേജരുമായിരുന്ന കെ. എം. വർഗീസ് മാപ്പിളയും ഏതോ അത്യാവശ്യം പ്രമാണിച്ച് തിരുവിതാംകൂറിനു വെളിയിൽ പോയിരുന്നു. തിരുവിതാംകൂറിൽ സ്റ്റേറ്റ് കോൺഗ്രസിൻെറ നേതൃത്വത്തിൽ സർ സി.പി.യുടെ സ്വേച്ഛാധിപത്യത്തിനെതിരായി രാഷ്ട്രീയ പ്രക്ഷോഭണങ്ങളും പ്രതിഷേധങ്ങളും മറ്റും എത്രയും ശക്തി പ്രാപിച്ചു. രാജ്യം മുഴുവൻ അസ്വാസ്ഥ്യങ്ങളും ഒച്ചപ്പാടുകളുംകൊണ്ട് നീറിപ്പിടയുന്ന ഒരു കാലഘട്ടമായിരുന്നല്ലോ അത്. പല സ്ഥലങ്ങളിലും കല്ലേറും ലാത്തിച്ചാർജ്ജും അറസ്റ്റുകളും മറ്റനേകം അനിഷ്ട സംഭവങ്ങളും എന്നുവേണ്ട വെടിവയ്പുവരെ നടന്നു. പലർ മരിച്ചു. ഇവയുടെ വിശദവിവരങ്ങൾ മനോരമ അപ്പോഴപ്പോൾ ശരിക്കു പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. അന്നന്നുള്ള പത്ര പ്രസിദ്ധീകരണങ്ങൾ നാടിൻെറ നാനാഭാഗങ്ങളിലും വിവിധ ജാതിമതസ്ഥരായ അനേകായിരം ജനങ്ങൾ കൂട്ടം കൂടി പത്രം വന്നെത്തുന്നതുവരെ, അവിടവിടെ കാത്തുനിൽക്കുക ഒരു പതിവായിരുന്നു. പത്ര പ്രസിദ്ധീകരണങ്ങൾ രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങളെ തമ്മിൽ രാഷ്ട്രീയ പ്രബുദ്ധതയുടെ ഐക്യത്തിൽ കൂട്ടിയിണക്കി ബന്ധിക്കുന്ന ഒരു പ്രധാന ഘടകമാണല്ലോ. ബുദ്ധിമാനായ സർ സി. പി. ഈ പരമാർത്ഥം ഒറ്റനോട്ടത്തിൽ മനസ്സിലാക്കി. തൻെറ സ്വേച്ഛാഭരണത്തെ വീറോടെ എതിർക്കുന്നതിനു ജനങ്ങൾക്കു പ്രത്യക്ഷമായോ പരോക്ഷമായോ പ്രേരണയും ഉത്തേജനവും നൽകിക്കൊണ്ടിരുന്ന സകല സ്ഥാപനങ്ങളെയും വ്യക്തികളെയും അടിച്ചമർത്തേണ്ടത് ആവശ്യമാണെന്നദ്ദേഹം തീരുമാനിച്ചു. ആ പരിപാടി അദ്ദേഹം നടപ്പിലാക്കുകയും ചെയ്തു. മേൽപ്പറഞ്ഞ ശനിയാഴ്ച രാത്രി ചില പ്രധാന ഡിവിഷൻ മേലുദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിൽ പോലീസുകാർ മനോരമ ഓഫീസ് വളഞ്ഞു. രാത്രിയിൽ തന്നെ ആഫീസ് പൂട്ടി ബന്തവസ്സിലാക്കി, പോലീസ് കാവലും നിർത്തി. ഇതിനകമായി മനോരമ പത്രത്തിൻെറ ലൈസൻസ് റദ്ദു ചെയ്തിരിക്കുന്നുവെന്നുള്ള വിവരവും ഗവൺമെൻറ് ഔദ്യോഗികമായി അറിയിച്ചു കഴിഞ്ഞിരുന്നു. അങ്ങനെയാണ് ഏകദേശം അമ്പതു വർഷക്കാലത്തെ ജനസേവനം അനുഷ്ഠിച്ചിരുന്ന മനോരമയെ അന്നത്തെ ഗവൺമെൻറ് മാനിച്ചത്. മനോരമയുടെ കൈയും കാലും വരിഞ്ഞുകെട്ടി,

വായും മൂടിക്കെട്ടിയതുകൊണ്ട് തിരുവിതാംകൂറിലെ രാഷ്ട്രീയ സ്വാതന്ത്ര്യ പ്രക്ഷോഭണത്തെ ശാശ്വതമായി അമർച്ച ചെയ്യുവാൻ സർ സി. പി.യുടെ ഗവൺമെൻറിനു സാധിച്ചില്ല. സ്വർണ്ണം ഉലയിൽവച്ചു പഴുപ്പിച്ച് അടിക്കുന്തോറും മാറ്റുകൂടി വരുന്നതുപോലെ മർദ്ദനപരിപാടികൾ എത്ര കണ്ടു തീവ്രതരമായോ, അത്ര കണ്ട് ജനങ്ങളുടെ സ്വാതന്ത്ര്യാഭിനിവേശവും പ്രബുദ്ധതയും ഒന്നിനൊന്നു പൂർവ്വാധികം വർദ്ധിച്ചുവന്നതേയുള്ളൂ. പിന്നീട് പടിപടിയായുണ്ടായ സംഭവ വികാസ ചരിത്രങ്ങൾ സകലർക്കും അറിവുള്ളതാകയാൽ ഇവിടെ വിവരിക്കണമെന്നില്ല.

ഒൻപതുവർഷത്തെ മൂർച്ഛിതാവസ്ഥയിൽനിന്ന് മനോരമ ഉണർന്നെഴുന്നേൽക്കുന്ന ഈ ശുഭ സന്ദർഭത്തിൽ, ഒടുവിൽ കഴിഞ്ഞ ഈ അനുഭവ സ്മരണകൾ സ്മൃതിപഥത്തിലൂടെ മിന്നിപ്പാഞ്ഞു കടന്നുപോകുന്നത് അസ്വാഭാവികമായി പരിഗണിക്കപ്പെടുകയില്ലെന്നു വിശ്വസിക്കുന്നു. ഉണർന്നെഴുന്നേറ്റ് കണ്ണു തുറന്നു നോക്കുമ്പോൾ മനോരമ ആദ്യമായി കാണുന്നത് ഒരു പുതിയ ലോകത്തെയാണ്. അന്നത്തെ കൂരിരുട്ടും, കൊടുങ്കാറ്റും നിലച്ചു, ഇടിനാദങ്ങൾ ശമിച്ചു. ഭൂകമ്പ കോലാഹലങ്ങൾ അവസാനിച്ചു, നിറഞ്ഞ തെളിവും ഉന്മേഷവും പ്രകാശവും കൊണ്ട് നയനാഭിരാമമായ ഒരു സുപ്രഭാതം. സ്വാസ്ഥ്യവും സ്വാതന്ത്ര്യവും സംതൃപ്തവും, സമാധാനവിലസിതവുമായ ഒരു അന്തരീക്ഷം. ഉത്തരവാദിത്വ ഭരണമാകുന്ന സമ്മാനം കൈനീട്ടി വാങ്ങിയ ഒരു പൗരജന മഹാസമുദ്രത്തിൻെറ ചാരിതാർത്ഥ്യ മന്ദസ്മിതമാണ് മനോരമയ്ക്കു സ്വാഗതമരുളുന്നത്. സംഭവബഹുലമായ ഒൻപതുവർഷക്കാലം നിർബന്ധിത മൗനസമാധിയിൽ ലയിച്ചിരുന്ന മനോരമയെപ്പറ്റി കേരളമെങ്ങുമുള്ള സർവ്വ ജാതിമതസ്ഥരായ മഹാജനങ്ങൾ ഇന്നും പ്രദർശിപ്പിക്കുന്ന അഭംഗമായ സ്നേഹവാൽസല്യങ്ങൾക്കുവേണ്ടി മനോരമയ്ക്കുള്ള കൃതജ്ഞത കേവലം അവാച്യമാണ്. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിൻെറ സുഭദ്രവും സുശക്തവുമായ നേതൃത്വത്തിൽ ഈ രാജ്യത്തെ വിവിധ ജാതിമതസ്ഥരായ സകല ജനങ്ങളുംകൂടി അഭൂതപൂർവ്വമാംവണ്ണം ഏകോപിച്ചു നടത്തിയ തീവ്രപരിശ്രമങ്ങളുടെ ഫലമായി ഇവിടെ ഉത്തരവാദിത്വ ഭരണത്തിൻെറ ഉദയരശ്മികൾ വീശിക്കഴിഞ്ഞപ്പോഴേക്കുതന്നെ മനോരമയുടെ പുനരുത്ഥാന സാദ്ധ്യതകളും, ഉത്കണ്ഠാഭരിതമായ ബഹുജനശ്രദ്ധയ്ക്കു സവിശേഷം ലക്ഷീഭവിച്ചിരുന്നതായി കാണപ്പെട്ടു. ഇങ്ങനെ ഈ വഴിക്കു കേരളീയ മഹാജനങ്ങൾ തുടർച്ചയായി പ്രദർശിപ്പിച്ചുകൊണ്ടിരുന്ന ആത്മാർത്ഥമായ അഭിനിവേശം അക്കാര്യത്തിൽ ഒരു ദൃഢപരിശ്രമം നടത്തുന്നതിനു ഞങ്ങൾക്കു ശക്തിമത്തായ ഒരു പ്രേരണയായി – ഞങ്ങൾ സാദരം അനുസരിക്കേണ്ട ഒരു ആജ്ഞയായിത്തന്നെ ഭവിച്ചു. മനോരമ കമ്പനി തിരുവിതാംകൂർ നാഷണൽ ആൻറ്

ക്വയ്ലോൺ ബാങ്കിലേക്കു കൊടുക്കാനുണ്ടായിരുന്ന കടബാദ്ധ്യത എൻെറ പുത്രന്മാരുടെ പരിമിതമായ സാമ്പത്തിക ശക്തിക്കു ദുർവഹ മല്ലാത്ത ഒരു സംഖ്യകൊണ്ടു പരിഹരിക്കാൻ സാധിക്കുമെന്നാശിക്കാ വുന്ന വിധത്തിൽ കാര്യങ്ങൾ പുരോഗമിപ്പിച്ചശേഷം വേറെ ചില വിപരീത ശക്തികളുടെ മൽസരപരിശ്രമങ്ങൾക്കു ഹേതുവായി അത് സാദ്ധ്യ മല്ലെന്നും മിക്കവാറും ദുർവഹമായ ഒരു സംഖ്യകൊണ്ടു മാത്രമേ കാര്യം സാധിക്കയുള്ളുവെന്നും വന്നുകൂടിയതിനാൽ ഈ ഉദ്യമത്തിൽനിന്നു ഞങ്ങൾ പിന്മാറേണ്ടി വന്നേക്കാമെന്നുപോലും ആ ഘട്ടത്തിൽ ശങ്കിക്കാ തിരുന്നില്ല. എങ്കിലും മനോരമയെപ്പറ്റി പൊതുജനങ്ങൾക്കുള്ള അനല്പമായ സ്നേഹവാൽസല്യങ്ങൾ ഈ ദുർഘട ഘട്ടത്തിൽ ഞങ്ങൾക്ക് അത്യന്തം പ്രോൽസാഹജനകമായിത്തന്നെ വർത്തിച്ചു. ഈ പരിതസ്ഥിയിൽ ഞങ്ങളുടെ ശക്തിക്കനുസരണമായ ഒരു തുക ഞങ്ങൾ തന്നെ ഉണ്ടാക്കിയാൽ, പോരാതെ വരുന്ന സംഖ്യ ഏതുവിധത്തിലെങ്കിലും ശേഖരിക്കാൻ സാധിക്കുമെന്നുള്ള ദൃഢവിശ്വാസത്തെ അവലംബിച്ചു ഞങ്ങൾ അതിലേക്കായി പരിശ്രമിക്കുകയും ആ പ്രതീക്ഷ സഫലമായി ഫലിക്കുകയും ചെയ്തു.

“തിരുവിതാംകൂർ നാഷണൽ ബാങ്ക് മുതലായി പത്തുനാല്പത് സംവൽ സരക്കാലം ഞങ്ങൾ വളരെ ക്ലേശപൂർവ്വം പ്രയത്നിച്ചു നട്ടുവളർത്തിയു ണ്ടാക്കിയ മറ്റു ചില സ്ഥാപനങ്ങളെപ്പോലെ മനോരമയും നിത്യവിസ്മൃ തിയിൽ ലയിച്ചുപോയതായി വളരെക്കാലം കരുതിയിരുന്നശേഷം പരമകാ രുണികനായ സർവ്വശക്തൻെറ കൃപാകടാക്ഷം ഒന്നുകൊണ്ടുമാത്രം മനോ രമയ്ക്ക് അക്ഷരപ്രകാരവും അന്തരാർത്ഥത്തിലും ഒരു പുനർജന്മമാണ് ഇപ്പോളനുവദിച്ചു കിട്ടിയിരിക്കുന്നതെന്നുള്ള വസ്തുത ഞാൻ ഒരിക്കലും മറക്കുന്നതല്ല.

“1065-ാമാണ്ട് മീനമാസം 10-ാംതീയതി ആദ്യമായി ആരംഭിക്കപ്പെട്ട മനോരമയുടെ 50-ാമത് ജന്മദിനസ്മരണയെ ആദരിച്ച് 1114 മീനം 10-ാംതീ യതിയിലെ മനോരമ സുവർണ്ണജൂബിലി ലക്കമായി പ്രസിദ്ധീകരി ക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി വേണ്ട ഒരുക്കങ്ങൾ നടത്തിക്കൊ ണ്ടിരുന്ന വേളയിലാണല്ലോ പെട്ടെന്ന് ഒരു ദിവസം പത്രപ്രസിദ്ധീകരണം നിരോധിക്കപ്പെട്ടത്. എങ്കിലും മനോരമയുടെ അടുത്തുവരുന്ന ജന്മനക്ഷത്രദിനമായ 1123 മീനം 10-ാംതീയതി സ്വർണ്ണജൂബിലിയാ ഘോഷം യഥാവിധി നടത്താൻ സർവ്വേശ്വരൻ എനിക്ക് ആയുസ്സും അവസരവും പ്രദാനം ചെയ്യുമെന്ന് വിശ്വസിക്കുന്നു. രാഷ്ട്രീയവും, സാമ്പത്തികവും വിജ്ഞാനപരവുമായ വിഷയങ്ങളിൽ അഭിരുചിയും നമ്മുടെ രാജ്യത്തിൽ മാത്രമല്ല ലോകത്തിൽ എവിടെയും നടക്കുന്ന പ്രധാന സംഭവങ്ങളുടെ വിവരങ്ങൾ ഉടനുടൻ അറിഞ്ഞുകൊണ്ടിരിക്കണമെന്നുള്ള

ആഗ്രഹവും ഇന്നാട്ടിലെ ജനങ്ങളുടെ ഇടയിൽ നട്ടുവളർത്തി ക്രമപ്രവൃദ്ധമായി പരിപോഷിപ്പിക്കുന്ന വിഷയത്തിലും നമ്മുടെ ന്യായമായ രാഷ്ട്രീയാവകാശങ്ങൾ ശരിക്കു കണക്കു പറഞ്ഞു വാങ്ങുന്ന വിഷയത്തിലും എന്നുവേണ്ട പൊതുവേ പറയുന്ന പക്ഷം ബഹുമുഖമായ പൊതുജന വിദ്യാഭ്യാസ പദ്ധതിയിൽ മനോരമ പത്രം സാഹചര്യപരമായ പല കുറ്റങ്ങളോടും കുറവുകളോടും കൂടിയെങ്കിലും ഗണ്യമായ ഒരു ഭാഗം നിർവഹിച്ചിട്ടുണ്ടെന്നുള്ള വസ്തുത നിർമ്മത്സര ബുദ്ധികളായ ഏവരും സമ്മതിക്കുമെന്നാണെൻെറ വിനീതമായ വിശ്വാസം. തിരുവിതാംകൂറിലെ ജനത ദീർഘകാലമായി അഭിവാഞ്ജിച്ചുകൊണ്ടിരുന്ന പരിപൂർണ്ണ ഉത്തരവാദിത്ത ഭരണം ഇപ്പോൾ കൈവന്നിരിക്കുന്നു. സാമുദായിക താല്പര്യങ്ങൾക്ക് അതീതവും പൂർവ്വാധികം വ്യാപകവും സൃഷ്ടിപരവുമായ ഒരു നവീന രാഷ്ട്രീയ കർമ്മപരിപാടിയാണിപ്പോൾ നമ്മെ അഭിമുഖീകരിക്കുന്നത്. രാജ്യത്തിൻെറ പൊതുവേയുള്ള ഉന്നമനാർത്ഥം നമ്മുടെ ശക്തിയും ശ്രദ്ധയും സൃഷ്ടിപരമായ പല വഴികളിലൂടെ വിനിയോഗിക്കേണ്ടിയിരിക്കുന്നു. ജനക്ഷേമകരങ്ങളായ അനേകം പുനരുദ്ധാരണ പ്രശ്നങ്ങൾ നമ്മുടെ അടിയന്തര ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു നിലകൊള്ളുന്നു. ഇങ്ങനെയുള്ള വിഷയങ്ങളിൽ ഗവൺമെൻറിൻെറ ശ്രദ്ധ ഉചിതസന്ദർഭങ്ങളിൽ ബഹുജനങ്ങളുടെ പിൻബലമുള്ള വർത്തമാനപ്പത്രങ്ങളുടെ പ്രേരണയും പ്രോൽസാഹനങ്ങളും വിമർശനങ്ങളും താക്കീതുകളും അത്യന്താപേക്ഷിതമാണ്.

"നമ്മുടെ രാഷ്ട്രീയ ചക്രവാളത്തിൽ നവീന തിരുവിതാംകൂറിൻെറ സ്വരൂപം ഉദിച്ചു പൊങ്ങാൻ ഭാവിക്കുന്ന ചരിത്രസ്മരണീയമായ ഈ സുപ്രധാന സന്ദർഭത്തിൽ ഈ രാജ്യവാസികളായ നാമെല്ലാവരും എപ്പോഴും ഓർമ്മയിൽവച്ച് അഭംഗമായി അനുഷ്ഠിക്കാൻ ജാഗരൂകരായിരിക്കേണ്ട മറ്റൊരു അമൂല്യ തത്വത്തെപ്പറ്റിയും ഒരു വാക്കു പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞ കാലത്തെ വർഗ്ഗീയ ഭിന്നതയുടെയും പരസ്പര മാൽസര്യങ്ങളുടെയും കളങ്കമുദ്രകൾ നമ്മുടെ ജനസമുദായ ഗാത്രത്തിൽ പതിഞ്ഞിട്ടുണ്ടെങ്കിൽ മേലാൽ പുരോഗമനാത്മകമായ ഏകയോഗക്ഷേമ സൗഹാർദ്ദ മനോഭാവത്തിൻെറ പരിശുദ്ധമായ തീർത്ഥജലത്തിൽ നാം അവയെ നിശ്ശേഷം കഴുകിക്കളയണം. വ്യക്തികൾ തമ്മിലും സമുദായങ്ങൾ തമ്മിലും സമുദായങ്ങളുടെ വിവിധ വിഭാഗങ്ങൾ തമ്മിലും നിരന്തരം കടിപിടി കൂടിക്കൊണ്ടിരുന്നാൽ പൊതു ശ്രേയസ്സിനും പുരോഗതിക്കും നേരിടാവുന്ന ഭയങ്കര വിപത്തുകൾ എത്ര ദൂരം പായുമെന്ന് സർ സി. പി. രാമസ്വാമി അയ്യരുടെ ഭരണം നമ്മെ പഠിപ്പിച്ചു കഴിഞ്ഞു. വിലയേറിയ ഈ സാധനപാഠത്തിലടങ്ങിയിരിക്കുന്ന അമൂല്യ തത്വം നാം എപ്പോഴെങ്കിലും വിസ്മരിക്കുകയോ അങ്ങനെ ജനകീയ ഐക്യത്തിൽ വിടവുകൾ വീഴു

ന്നതിന് അനുവദിക്കുകയോ ചെയ്താൽ ആ വിടവുകളിലൂടെ, ഭാവി സി. പി. രാമസ്വാമിമാർ വീണ്ടും നുഴഞ്ഞുകയറാനിടയുണ്ടെന്ന ആപത്സാധ്യത എപ്പോഴും നമ്മുടെ രാഷ്ട്രീയ കർത്തവ്യബോധത്തെ ചൂടുപിടിപ്പിച്ചുകൊണ്ടിരിക്കേണ്ടതാണ്. സർവ്വോപരി പ്രായപൂർത്തി വോട്ടവകാശത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പരിപൂർണ്ണ ഉത്തരവാദിത്വ ഭരണം നമുക്ക് കരഗതമായിരിക്കുന്ന ഈ സന്ദർഭത്തിൽ, ജനക്ഷേമകരമായ ഏതൊരു മഹനീയ പ്രസ്ഥാനത്തിന്റെയും വിജയപ്രാപ്തിക്ക് ഏറ്റവും കൈകൊണ്ട സിദ്ധൗഷധം സർവ്വ സമുദായ മൈത്രി ഒന്നുമാത്രമാണെന്നുള്ള പരമാർത്ഥം ഒരിക്കലും വിസ്മരിച്ചുകൂടാ. അതൊന്നു മാത്രമാണ് നമ്മുടെ രാജ്യത്തിന്റെ ഭാഗധേയ പ്രാപ്തിക്കുള്ള താക്കോൽ എന്നു ഞാൻ സുദൃഢമായി വിശ്വസിക്കുന്നു. എന്നാൽ യാതൊരു പ്രത്യേക സമുദായത്തിന്റെയോ സമുദായ വിഭാഗങ്ങളുടെയോ സ്വകീയ താൽപര്യങ്ങൾക്കു മേലിൽ തിരുവിതാംകൂറിലെ രാഷ്ട്രീയ പ്രക്ഷോഭണങ്ങളിൽ യാതൊരു സ്ഥാനവും ഉണ്ടായിരിക്കാൻ പാടില്ല. അതിന്റെ കാലം കഴിഞ്ഞു. അതിനെ അതിജീവിച്ചുള്ള സഹകരണ സുന്ദരമായ ഒരു ദേശീയ വിശാല രംഗത്തിലാണ് നാം ഇന്നു നിൽക്കുന്നത്. പ്രായപൂർത്തിയായ സകല തിരുവിതാംകൂർകാർക്കും, വോട്ട് ബലംകൊണ്ട് രാജ്യഭരണം നടത്തുന്ന മന്ത്രിമാർ മുഖേന, ന്യായമായ എല്ലാ ആവശ്യങ്ങളും ഇന്നല്ലെങ്കിൽ നാളെ സാധിക്കുമെന്നുള്ളതിനു സംശയമില്ല. ഈ രാജ്യത്തിന്റെ പുനരുദ്ധാരണ സംവിധാനത്തിൽ ജനകീയശ്രദ്ധയേയും ശക്തിയേയും അവകാശപ്പെടുന്ന മറ്റു പല പ്രധാന പ്രശ്നങ്ങളും ഉണ്ട്. നമ്മുടെ രാജ്യത്തെ പ്രധാന ഉൽപന്നങ്ങൾക്കും ജനങ്ങളുടെ ആദായമാർഗ്ഗങ്ങൾക്കും ഉടവു തട്ടുന്നതിനു, നമ്മുടെ ഗവൺമെൻറിന്റെ ബുദ്ധിപൂർവമല്ലാത്ത പല നടപടികളും വിഘ്ന നയങ്ങളും പോരെങ്കിൽ വിദേശീയരുടെ ആക്രമണങ്ങളും കഴിഞ്ഞ കാലത്ത് കാരണമായിത്തീർന്നിട്ടുണ്ട്. റബറിന്റെ വില കേവലം നാമമാത്രമാക്കിത്തീർത്ത് റബർകൃഷിക്കാരെ നശിപ്പിക്കാൻ വമ്പിച്ച വിദേശീയ വ്യവസായികളുടെയും മലയായിലെ റബർ കൃഷിക്കാരുടെയും അവരെ സംരക്ഷിക്കാൻ ബദ്ധശ്രദ്ധരായിരിക്കുന്ന അവരുടെ ഗവൺമെൻറുകളുടെയും കുനയതന്ത്രങ്ങളെ മുൻകൂട്ടി കണ്ടറിഞ്ഞു തടയാൻ നമ്മുടെ ജനകീയ ഗവൺമെൻറിന്റെ പിമ്പിൽ നാം എല്ലാവരും അണിനിരക്കേണ്ടതായുണ്ട്.

“സിലോൺ, ഫിലിപ്പൈൻസ് മുതലായ രാജ്യങ്ങളിൽനിന്നുള്ള കൊപ്രായുടെയും വെളിച്ചെണ്ണയുടെയും അനിയന്ത്രിതമായ ഇറക്കുമതി ഇന്ത്യയിൽ അനുവദിക്കുന്നതും കേരളീയരെ നശിപ്പിക്കാൻ പര്യാപ്തമായ മറ്റൊരു പദ്ധതിയാണ്. ഏലകൃഷി, മരച്ചീനിയുടെ ക്രയവിക്രയം, മുട്ടവ്യാപാരം, മൽസ്യ വ്യവസായം, വ്യവസായീകരണം ഇത്യാദി പദ്ധതികളിൽ

സർ സി.പി. രാമസ്വാമി അയ്യരുടെ ഭരണകൂടം സ്വീകരിച്ച നയത്തിൻെറ ഉള്ളുകള്ളികളിലേക്കു നിഷ്പക്ഷമായ ഒരു വിമർശ വീക്ഷണത്തിൻെറ വെളിച്ചം പായിച്ചു നോക്കുന്നപക്ഷം അവിടെ കാണാവുന്ന കരിനിഴൽപ്പാടുകൾ ഭാവി തലമുറയ്ക്ക് അവിശ്വസനീയങ്ങളായിപ്പോലും തോന്നത്തക്കവണ്ണം ഭയങ്കരങ്ങളായിരിക്കും. ധനികൻമാരെയും, ഭൂസ്വത്തുടമസ്ഥന്മാരെയും വ്യവസായികളെയും തൊഴിലാളികളെയും തമ്മിൽ പിണക്കി എല്ലാവർക്കും ഒരുപോലെ നാശകരമായ ഒരു പരിതസ്ഥിതിയാണ് നാം കണ്ടുവരുന്നത്. ധനികന്മാർക്കും വ്യവസായികൾക്കും തൊഴിലാളികൾക്കും പട്ടിണിപ്പാവങ്ങൾക്കും നമ്മുടെ രാജ്യത്തിലും രാഷ്ട്രത്തിലും ഓരോ സ്ഥാനവും ന്യായമായ പൗരാവകാശങ്ങളും ഉണ്ടെന്നുള്ള യാഥാർത്ഥ്യം നാം വിസ്മരിച്ചാൽ നമ്മുടെ രാജ്യം ഭാവിയിൽ നശിച്ചുപോകയല്ലാതെ ഗത്യന്തരമില്ല. ആധുനിക ലോകവ്യവസ്ഥിതിയുടെ അലംഘ്യനിയമ നീതിയാണിത്. വ്യവസായികളെ നശിപ്പിച്ചാൽ പിന്നെ ബഹുജനങ്ങൾക്കു പങ്കിട്ടു കൊടുക്കാൻ ദാരിദ്ര്യവും പട്ടിണിയും മാത്രമേ ശേഷിക്കയുള്ളു എന്ന് ആരോ പറഞ്ഞതായി ഓർക്കുന്നു.

"ഇതിനെല്ലാം ഉടനടി ഒരു പരിഹാരം ഉണ്ടാകേണ്ടത് ആവശ്യമാണല്ലോ. ഈ വിഷയത്തിൽ വർത്തമാനപ്പത്രങ്ങൾക്കും അതിപ്രധാനമായ ഒരു പുമതലയാണ് ഉള്ളതെന്ന സംഗതി അനിഷേധ്യമായ ഒരു പരമാർത്ഥമാണ്. ശ്രമകരമെങ്കിലും അത്യുൽകൃഷ്ടമായ ഈ കർത്തവ്യം വിശ്വസ്തതയോടും ലക്ഷ്യനിഷ്ഠയോടും കൂടി നിർവഹിക്കുന്നതിനു മനോരമ അതിൻെറ സർവ്വ കഴിവുകളും പ്രയോഗിക്കുന്നതാണെന്ന് ഇതാ ഉറപ്പു നൽകിക്കൊള്ളുന്നു. ഒമ്പതുകൊല്ലത്തെ മൗനസമാധിക്കുശേഷം സജീവമായ നവചൈതന്യത്തോടുകൂടി പുനരുത്ഥാനം ചെയ്യുന്ന മനോരമയുടെ സേവനലക്ഷ്യവും ആദർശവും വർഗ്ഗീയോപാധികളെ അതിലംഘിച്ചുള്ള രാജ്യശ്രേയസ്സ് ഒന്നുമാത്രമായിരിക്കും. അങ്ങനെയുള്ള ദൃഢമായ ആത്മാർപ്പണത്തോടുകൂടിയാണ് മനോരമ വീണ്ടും ബഹുജനരംഗത്തേക്കു കാൽ വെയ്ക്കുന്നത്. മനോരമയുടെ കാൽച്ചിലമ്പുകളുടെ ഒച്ചയെപ്പറ്റിയുള്ള മധുരസ്മരണകളോടെ മനോരമയ്ക്കു സ്വാഗതമരുളാൻ സഹർഷം കാത്തിരിക്കുന്ന കേരളീയ മഹാജനങ്ങളുടെ ഉദാരമായ വാൽസല്യോപചാരങ്ങളാണ് മനോരമയുടെ ഏക അവലംബം. മനോരമയുടെ ഭാവി നയലക്ഷ്യപരിപാടികളെ സംബന്ധിച്ചു ഞാൻ മേൽ സൂചിപ്പിച്ച ആദർശങ്ങൾ മനോരമയുടെ നടത്തിപ്പിൽ എൻെറ കാലശേഷം എൻെറ പിൻഗാമികളും ദൃഢവ്രതരായി അനുവർത്തിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ദീർഘകാലത്തെ ജയിൽവാസം, അവസാനത്തെ കാശുവരെയുള്ള ധനനാശം മുതലായി വ്യാമിശ്രങ്ങളായ അനേകം അനുഭവ വൈരുദ്ധ്യങ്ങളിലൂടെ കടന്നു വിവശനായി ജീവിതത്തിൻെറ സായാഹ്ന ഘട്ടത്തിലെത്തി, എഴു

പത്തിയഞ്ചു വയസിനോടടുത്ത പടിയിൽ കാൽ ചവുട്ടി നിൽക്കുന്ന എന്നെക്കൊണ്ടു പത്രപ്രവർത്തന സംബന്ധമായ ഇത്തരം ഭാരമേറിയ ചുമതലകൾ വേണ്ടവിധം ഭംഗിയായോ ദീർഘകാലത്തേക്കോ വഹിക്കാൻ സാധിക്കുമെന്നു ഞാനോ മറ്റാരെങ്കിലുമോ പ്രതീക്ഷിക്കേണ്ടതില്ലല്ലോ. പ്രത്യേകിച്ചു മനോരമയെപ്പറ്റി ബഹുജനങ്ങൾക്കുള്ള പ്രതീക്ഷയുടെ ശതാംശമെങ്കിലും യഥാർത്ഥീ ഭവിപ്പിക്കാൻ എൻെറ ആരോഗ്യത്തിൻെറ മൂർദ്ധന്യ ഘട്ടത്തിൽപ്പോലും സാധിക്കുമായിരുന്നില്ല. ആ സ്ഥിതിക്ക് ഇന്നത്തെ വാർദ്ധക്യ പരിക്ഷീണമായ എൻെറ പരിതസ്ഥിതിയിൽ പ്രത്യേകിച്ച് അച്ചടി കടലാസ് ആവശ്യത്തിനു വേണ്ടത്ര കിട്ടാൻ പ്രയാസമായിരിക്കുന്ന ഇന്നത്തെ വിഷമഘട്ടത്തിൽ ഈ ഉദ്യമത്തിൽ വന്നു കൂടാവുന്ന സകല കുറവുകളും സൗജന്യനിധികളായ മഹാജനങ്ങൾ സദയം ക്ഷമിക്കണമെന്ന് വിനയപുരസ്സരം അപേക്ഷിച്ചുകൊള്ളുന്നു.

"വർഗ്ഗീയാതീതമായ വിശാല ദേശീയ ക്ഷേമത്തിൽ മനോദൃഷ്ട്യാ ഉറപ്പിച്ചുകൊണ്ടും ഞാൻ ഈ ഘട്ടത്തിൽ ചെയ്തിട്ടുള്ള രാജ്യസേവന ധർമ്മ പ്രതിജ്ഞയുടെ കർത്തവ്യബാധ്യതകളെ ശരിക്കു മനസ്സിലാക്കിക്കൊണ്ടും ആ പത്രധർമ്മ പഥത്തിലൂടെത്തന്നെ മനോരമയെ നയിക്കണമെന്നുള്ള ആത്മാർത്ഥമായ നിശ്ചയത്തെ ഒരിക്കൽകൂടി പ്രകാശിപ്പിച്ചുകൊണ്ടും അതിനുവേണ്ടി എൻെറ ശിഷ്ടായുഷ്ക്കാലം പ്രയോജകീഭവിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും പുനർജന്മം സിദ്ധിച്ച മനോരമയെ ബഹുജനസമക്ഷം ആദരപുരസ്സരം അവതരിപ്പിച്ചുകൊള്ളുന്നു."[4]

പുനഃപ്രസിദ്ധീകരണം ആരംഭിച്ച മലയാള മനോരമയുടെ നയപ്രഖ്യാപനമായിരുന്നു മാമ്മൻ മാപ്പിള തൻെറ സുദീർഘമായ മുഖ ലേഖനത്തിലൂടെ വ്യക്തമാക്കിയത്. അരനൂറ്റാണ്ടിനു മുമ്പുണ്ടായിരുന്ന രാഷ്ട്രീയ സാമൂഹികാവസ്ഥ ആയിരുന്നില്ലല്ലോ സ്വാതന്ത്ര്യാനന്തര ഇന്ത്യയിലേത്. ഇന്ത്യ സ്വാതന്ത്ര്യം നേടി. നാട്ടുരാജ്യങ്ങളിൽ പരിപൂർണ്ണ ഉത്തരവാദഭരണം നിലവിൽ വന്നു. സഞ്ചാര സ്വാതന്ത്ര്യവും ആരാധനാ സ്വാതന്ത്ര്യവും എല്ലാവർക്കും അനുവദിക്കപ്പെട്ടു. ജാതിയുടെ പേരിൽ സ്കൂളുകളിൽ പ്രവേശനം നിഷേധിക്കുകയോ സർക്കാർ സർവീസിൽ ഉദ്യോഗം ലഭിക്കാതിരിക്കുകയോ വരില്ലെന്നുമായി. മലയാളി മെമ്മോറിയലിൻെറയും പൗരസമത്വവാദത്തിൻെറയും നിവർത്തനത്തിൻെറയും ക്ഷേത്രപ്രവേശന പ്രക്ഷോഭണത്തിൻെറയും കാര്യങ്ങളൊക്കെ പഴയ കഥകളായി മാറുകയും ചെയ്തു. സ്വേച്ഛാധിപത്യത്തിനുപകരം ഉത്തരവാദ ഭരണം നിലവിൽ വന്നു. ഈ പുത്തൻ പുലരിയിൽ ജാതിയുടെയും മതത്തിൻെറയും പേരിലുള്ള സാമുദായിക ഭിന്നതകൾക്കും ഉദ്യോഗ വഴക്കുകൾക്കും പ്രസക്തിയില്ലെന്ന് മാമ്മൻ മാപ്പിള തൻെറ വായനക്കാരോടു പറഞ്ഞു. 'സർവ്വ സമുദായ മൈത്രി' എന്ന മുദ്രാവാക്യം അക്ഷരാർത്ഥത്തിൽ തന്നെ പ്രാവർ

ത്തികമാക്കുവാൻ മനോരമ പ്രതിജ്ഞാബദ്ധമാണെന്ന പ്രഖ്യാപനമായിരുന്നുവല്ലോ മാമ്മൻ മാപ്പിളയുടെ സുദീർഘമായ ഈ മുഖലേഖനത്തിലെ അന്തർധാര. 1947 നവംബർ 29-ാം തീയതിയാണ് മനോരമ പുനഃപ്രസിദ്ധീകരണം ആരംഭിച്ചത്. അതിനു മുന്നോടിയായി അന്നേദിവസം തന്നെ ഒരു ലഘുലേഖയും പ്രസിദ്ധീകരിച്ചിരുന്നു. അതിൽ മനോരമയുടെ പൂർവ്വ ചരിത്രവും അത് നിർവിശങ്കം നിർവഹിച്ച സാമൂഹ്യ രാഷ്ട്രീയ സേവനങ്ങളും തുടർന്ന് സർ സി. പി. രാമസ്വാമി അയ്യരുടെ സ്വേച്ഛാധിപത്യം പത്രത്തെ കണ്ടു കെട്ടിയതും അതോടൊപ്പം മാമ്മൻ മാപ്പിളയോടും മറ്റും എടുത്ത പ്രതികാര നടപടികളും ജയിൽശിക്ഷയുമൊക്കെ വിവരിച്ചശേഷം പുനഃപ്രകാശനം ചെയ്യപ്പെടുന്ന പത്രത്തിൻെറ ആദർശലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് അടിവരയിട്ട് പ്രസ്താവിക്കുകയും ചെയ്തിരുന്നു. മാറിയ പരിതസ്ഥിതിക്കൊത്ത് പ്രാദേശികവും സാമുദായികവുമായ വഴക്കുകളിലും കലഹങ്ങളിലും മുഴുകി സമുദായങ്ങൾ തമ്മിൽ അവിശ്വാസവും ഭിന്നിപ്പും വളർത്തുന്ന ഏതൊരു പ്രവൃത്തിയും നിരുൽസാഹപ്പെടുത്തേണ്ടതാണ്. രാജ്യത്തിൻെറ ഒന്നാകെയുള്ള ഉത്കർഷത്തിന് എല്ലാ സമുദായങ്ങളുടെയും കൂട്ടായ സഹകരണവും പ്രയത്നവും അനിവാര്യമാണ്. അതിന് അവശ്യം വേണ്ട ഘടകം സർവ്വ സമുദായ മൈത്രി ഒന്നുമാത്രമാകുന്നു. ലഘുലേഖ ഉപസംഹരിക്കുന്നത് ഇങ്ങനെയാണ്. "സമുദായ ഭേദ ചിന്തകൾക്കതീതമായ ആ ജനകീയ ഐക്യത്തിൻെറ കല്പവൃക്ഷത്തിൽനിന്നു പൊഴിഞ്ഞ ദിവ്യഫലമാണ് ഉത്തരവാദഭരണം. രാഷ്ട്രീയമായി വിശപ്പും ദാഹവും തീർത്ത് സ്വസ്ഥതയും സംതൃപ്തിയും അരുളുന്ന ആ പാരിജാതഫലത്തിൻെറ ചൈതന്യ പ്രസരത്തിൽ സമുദായ മാത്സര്യങ്ങളുടെ കരിനിഴൽ നമ്മുടെ പൗരജീവിതത്തെ ഇനി ഒരു കാലത്തും മലിനമാക്കാനിടയാകാതെയിരിക്കട്ടെ എന്ന് മനോരമ ഏറ്റവും ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു"[5] ലഘുലേഖയിലെ സന്ദേശം ദൃഢീകരിക്കുന്നതായിരുന്നു പുനർജന്മം കിട്ടിയ മലയാള മനോരമയുടെ പ്രഥമ ലക്കത്തിലെ മുൻ ഉദ്ധരിച്ച മാമ്മൻ മാപ്പിളയുടെ ആമുഖ ലേഖനം. കേരളത്തിലെ സാമൂഹ്യ-സാംസ്കാരിക നായകന്മാരത്രയും മനോരമയെയും അതിൻെറ ഉദ്ദേശ്യശുദ്ധിയെയും പ്രകീർത്തിച്ചുകൊണ്ട് ആശംസകളും പ്രസ്താവനകളും ഇറക്കിയിരുന്നു."[6]

മനുഷ്യനും മനുഷ്യനും തമ്മിലും ജാതികളും സമുദായങ്ങളും തമ്മിലും നിലനിന്നിരുന്ന പോരും വിദ്വേഷവും അവസാനിപ്പിക്കുകയും സമുദായങ്ങൾ തമ്മിൽ സുദൃഢമായ മൈത്രീബന്ധം സ്ഥാപിക്കുകയും ചെയ്യുകയെന്നതായിരുന്നു മനോരമയുടെ പ്രഖ്യാപിത ലക്ഷ്യം. ഏതു വിഷയത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോഴും സർവ്വ സമുദായ മൈത്രിക്കു വേണ്ടിയുള്ള ആത്മാർത്ഥമായ ആഹ്വാനം മനോരമ നടത്തിയിട്ടുള്ളതായി

കാണാം. ഉത്തരവാദ ഭരണ പ്രക്ഷോഭണത്തിൽ മുൻപന്തിയിൽ ധീരമായി നിലയുറപ്പിച്ചിരുന്ന മനോരമയ്ക്ക് വർഗ്ഗീയ മാത്സര്യം കൊണ്ട് അനുഭവിക്കേണ്ടതായ വന്ന പ്രയാസങ്ങൾ ഓർമ്മയിൽ പച്ചപിടിച്ചു നിന്നിരുന്നതുകൊണ്ടുതന്നെ അവ ആവർത്തിക്കപ്പെടരുതെന്ന് ശാഠ്യവുമുണ്ടായിരുന്നു. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിൻെറ നേതൃത്വത്തിലായിരുന്നുവല്ലോ ഉത്തരവാദ ഭരണ പ്രക്ഷോഭണം വിജയകരമായി നടത്തിയത്. സ്വാതന്ത്ര്യസമരക്കാലത്തുതന്നെ സ്റ്റേറ്റ് കോൺഗ്രസിൻെറ ഔദ്യോഗിക ജിഹ്വയെന്ന പദവിയിലേക്ക് ഉയർന്നിരുന്ന മലയാള മനോരമ പുനർജനിച്ചത് ജനാധിപത്യ പ്രസ്ഥാനങ്ങൾക്കെല്ലാം തുണയായി. സ്വേച്ഛാധിപത്യഭരണത്തിൽനിന്ന് ഉത്തരവാദിത്ത ഭരണം സ്ഥാപിക്കുവാൻ സ്റ്റേറ്റ് കോൺഗ്രസ് നടത്തിയ ത്യാഗപൂർണ്ണമായ സഹന സമരങ്ങൾ ഓർമ്മിച്ചുകൊണ്ടുതന്നെ തിരുവിതാംകൂറിലെ എല്ലാ ജാതിമത വിഭാഗങ്ങളും ഐക്യബോധത്തോടെ സ്റ്റേറ്റ് കോൺഗ്രസിൽ അണിനിരക്കേണ്ടതാണെന്ന് മലയാള മനോരമ ആഹ്വാനം ചെയ്യുന്നു. 1947 ഡിസംബർ 9-ന് 'സ്റ്റേറ്റ് കോൺഗ്രസിൻെറ നേതൃത്വം' എന്ന തലക്കെട്ടിലെഴുതിയ മുഖലേഖനത്തിൽ ഐക്യബോധവും സമുദായ മൈത്രിയും അരക്കിട്ടുറപ്പിക്കുവാൻ എല്ലാവരും ആത്മാർത്ഥമായി പ്രയത്നിക്കണമെന്നുകൂടി തറപ്പിച്ച് പറയുന്നതായി കാണാം. ആ ലേഖനം ഉപസംഹരിക്കുന്നതിങ്ങനെയാണ്: "അതിനാൽ രാജ്യസ്നേഹികളായ സകല ജനങ്ങളും സ്റ്റേറ്റ് കോൺഗ്രസിൻെറ സ്വാതന്ത്ര്യ പതാകയിൻ കീഴിൽ അണിനിരന്ന് സകല കക്ഷിഭേദങ്ങളും മത്സരചിന്തകളും മറന്ന് നമുക്ക് സിദ്ധിച്ചിരിക്കുന്ന രാഷ്ട്രീയ കൈവല്യത്തെ തികച്ചും പ്രയോജനപ്പെടുത്തക്കവണ്ണം ഈ സുവർണ്ണ സന്ദർഭത്തെ യഥോചിതം വിനിയോഗിക്കുമെന്നു വിശ്വസിക്കുന്നു."[7] സ്നേഹ കാരുണ്യത്തിൻെറ സന്ദേശം പരത്തി സമുദായ സൗഹാർദ്ദം ഊട്ടിയുറപ്പിക്കുവാനുള്ള അദമ്യമായ അഭിലാഷം മനോരമയുടെ ഏതു മുഖലേഖനത്തിലും പ്രത്യക്ഷമായോ പരോക്ഷമായോ പ്രകാശിപ്പിച്ചിട്ടുള്ളത് കാണാവുന്നതാണ്. 'പൊലിഞ്ഞുപോയ വിശ്വദീപം' എന്ന ശീർഷകത്തിൽ മഹാത്മജിയുടെ രക്തസാക്ഷിത്വത്തെ അനുസ്മരിച്ചുകൊണ്ടെഴുതിയ അനുശോചനക്കുറിപ്പിൽ ഇതേ വികാരം തന്നെ പ്രകടിപ്പിച്ചിരിക്കുന്നു. "ഹിന്ദു മുസ്ലിം ഐക്യത്തിനുവേണ്ടി മഹാത്മജി ജീവിച്ചു. അതിനുവേണ്ടി അദ്ദേഹം മരിച്ചു. ഈ സംഭവം സർവ്വലോക സമാധാനത്തിൻെറ ബാധകമായ പ്രത്യാഘാതങ്ങൾക്ക് കാരണമായേക്കാവുന്നതാണ്... ഇന്ത്യക്കാർക്ക് മഹാത്മജിയുടെ പാവനസ്മരണ നിലനിർത്താൻ ചെയ്യാവുന്ന ഏറ്റവും വലിയ ത്യാഗസേവനം സ്ഥായിയായ വർഗ്ഗീയ ഐക്യം ഇന്ത്യയിൽ സ്ഥാപിക്കുക എന്നതാണ്. അപ്പോൾ ഗാന്ധിജിയുടെ ആത്മാവ് പരലോകത്തിലിരുന്ന് അതു കണ്ട് ആനന്ദിക്കും."[8] വിഷയം

ഏതുതന്നെയാണെങ്കിലും ശരി മനോരമയുടെ പ്രഖ്യാപിത ലക്ഷ്യമായ സർവ്വ സമുദായമൈത്രി മുന്നിൽ കണ്ടുകൊണ്ടു തന്നെയായിരുന്നു എല്ലാ പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരുന്നതെന്നു കാണാം. 'സാമുദായിക സമാധാനം' എന്ന തലക്കെട്ടിൽ 1948 മാർച്ച് 4-ലെ മനോരമയിൽ വന്ന മുഖലേഖനം സാമുദായിക വഴക്കുകൾക്കും വിലപേശലുകൾക്കും ജനങ്ങളോട് ഉത്തരവാദിത്വമുള്ള മന്ത്രിമാരുടെ ഭരണത്തിൻ കീഴിൽ ആവശ്യം വരികയില്ലെന്ന് ഓർമ്മിപ്പിച്ചുകൊണ്ടുള്ളതായിരുന്നു. അതിവിടെ ഉദ്ധരിക്കാം. "അതിനാൽ തിരുവിതാംകൂറിൽ ഇപ്പോഴുണ്ടായിട്ടുള്ള അത്ഭുതകരവും അന്യാദൃശവുമായ സമുദായമൈത്രിയെ താരതമ്യേന നിസ്സാരങ്ങളായ ഉദ്യോഗ വഴക്കുകൾകൊണ്ട് ശിഥിലമാക്കുവാനായി ആരും ശ്രമിക്കയില്ലെന്നു വിശ്വസിക്കുന്നു.... തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ലഭിച്ച വിസ്മയജനകമായ വിജയത്തിൽനിന്ന് തിരുവിതാംകൂറിനു കിട്ടുന്ന ഉത്തരവാദഭരണവും മറ്റെല്ലാ രാജ്യക്കാർക്കും ഒരു മാതൃകയായിത്തീരുമെന്ന് ആശിക്കാവുന്നതാണ്. ശോഭനമായ ഭാവിയെ കരസ്ഥമാക്കുന്നതിന് ഇപ്പോൾ അധികാരം വഹിച്ചുകൊണ്ടിരിക്കുന്ന ഗവൺമെൻറും, ആസന്നഭാവിയിൽ അധികാരങ്ങൾ കൈയേൽക്കാനുള്ള മന്ത്രിമാരും, നിയമസഭാ സാമാജികന്മാരും ബഹുജനങ്ങളും വർത്തമാനപ്പത്രങ്ങളും സർവാത്മനാ സഹകരിച്ച് പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു."[9] സഹകരണത്തിൻെറയും ഒന്നുചേരലിൻെറയും സന്ദേശങ്ങളാണ് 'മനോരമ' ഉദീരണം ചെയ്തുകൊണ്ടിരുന്നത്. 'സ്വതന്ത്ര ഭാരതത്തിൻെറ ഒന്നാം പിറന്നാൾ' എന്ന ലേഖനം സമാധാനത്തിനും ശാന്തിക്കും വേണ്ടിയുള്ള ത്യാഗോജ്ജ്വലമായ അർപ്പണബോധം ജനങ്ങളിൽ ഉണ്ടാകട്ടെ എന്നാശംസിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. ഈ ആശയം ഒരു മൂടുപടവും കൂടാതെ തുറന്നെഴുതുകയാണ് 'തിരുവിതാംകൂറും സമുദായ സൗഹാർദ്ദവും' എന്ന മുഖപ്രസംഗത്തിൽ.... "ഇനിയുള്ള കാലത്ത് യാതൊരു സമുദായത്തിനും മറ്റൊരു സമുദായത്തെ അടിമപ്പെടുത്തി അവരുടെ തലയിൽ ചവുട്ടി മുന്നോട്ടു പോകാൻ സാദ്ധ്യമല്ലെന്ന് ഈ രാജ്യത്തെ സർവ്വ സമുദായങ്ങളും എത്ര നേരത്തെ പഠിക്കത്തക്ക അനുഭവങ്ങളിലൂടെയാണ് നാം കടന്നുപോന്നിരിക്കുന്നത്. ഒരുമിച്ചു നിന്നാലോ? നമുക്ക് അദ്ഭുതങ്ങൾ പ്രവർത്തിക്കാം. അയൽരാജ്യക്കാരെ അമ്പരപ്പിക്കുന്ന ഐക്യതയുടെയും പൊതുശ്രേയസ്സിൻെറയും അത്ഭുത നേട്ടങ്ങൾ! വർഗ്ഗീയ മനഃസ്ഥിതിയുടെ ചുടുകാറ്റ് വീശുകയും കാട്ടുതീ പിടിക്കുകയും ചെയ്യുമ്പോൾ അതിനെ പാടെ കെടുത്താനുള്ള ഏകവും ഫലപ്രദവുമായ ജലസേചനം ഒന്നേയുള്ളൂ. അന്യോന്യം കാര്യങ്ങൾ ഉള്ളവണ്ണം മനസ്സിലാക്കുക. പലപ്പോഴും അടിസ്ഥാനശൂന്യങ്ങളായ തെറ്റിദ്ധാരണകളുടെ ധൂമപടലങ്ങൾക്കിടയിലാണ്

---

*മലയാള മനോരമയുടെ ചരിത്രം*

വർഗ്ഗീയ തീപ്പൊരികൾ കിടന്ന് നീറിപ്പുകയാറുള്ളത്. തെറ്റിദ്ധാരണകൾ അണിയണിയായി പൊളിച്ചുമാറ്റുമ്പോൾ കാര്യമൊന്നുമില്ല താനും. ഭവിഷ്യത്ഫലചിന്തയൊന്നും കൂടാതെ അങ്ങുമിങ്ങും മുക്കിലും മൂലയിലും സ്വാർത്ഥ താൽപര്യങ്ങളുടെ മാളങ്ങളിൽ ഒളിച്ചിരിക്കുന്ന ചില വ്യക്തികളായിരിക്കാം പലപ്പോഴും ഈ വർഗ്ഗീയ മാത്സര്യസ്ഥിതിയുടെ തീപ്പൊരികൾ അലക്ഷ്യമായി നാലുവഴിക്കും ഊതിപ്പറപ്പിച്ചു വിടുന്നത്. ജനങ്ങളുടെ സുരശിക്ഷിതമായ ഐക്യബോധത്തിൽ ഇവ അവിടവിടെ വീണ് കെട്ടുപോവുകയേ ഉള്ളൂ. മനോരമയെ സംബന്ധിച്ചിടത്തോളം ആ സംഗതി പരിപൂർണ്ണമായി വ്യക്തമാക്കാൻ ഈ അവസരത്തിൽ ഞങ്ങൾ ആഗ്രഹിക്കുന്നു. നില്ക്കട്ടെ, വീഴട്ടെ, തിരുവിതാംകൂർ രാജ്യത്തുനിന്ന് വർഗ്ഗീയ മനഃസ്ഥിതിയെ ഉച്ചാടനം ചെയ്യാൻ എത്ര ദൂരം പോകുന്നതിനും എന്തെല്ലാം ക്ലേശങ്ങൾ സഹിക്കുന്നതിനും ഞങ്ങൾ തയ്യാറാണ്. പറയുന്ന വാക്കുകളുടെ ഗൗരവവും കർത്തവ്യബാധ്യതകളും ശരിക്കു മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഞങ്ങൾ പ്രബുദ്ധരായ സകല സഹോദര സമുദായങ്ങളെയും സാക്ഷിനിർത്തിക്കൊണ്ട് ഈ ധർമ്മ പ്രതിജ്ഞ പ്രഖ്യാപനം ചെയ്യുന്നത്. ഏതൊന്ന് നിർവാജ്യമായി ഞങ്ങൾ പറയുന്നുവോ, അതേ മനഃസ്ഥിതിയിൽ തന്നെ അത് സ്വീകരിക്കപ്പെടുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു."[10] മനോരമയുടെ ഈ പ്രതിജ്ഞാ സന്ദേശം ഉപചാരപരമായിരുന്നില്ല എന്ന് പിന്നീടുള്ള പ്രവർത്തനങ്ങളിൽനിന്നു മനസ്സിലാക്കാവുന്നതേയുള്ളൂ. ശ്രീനാരായണ ഗുരു സമാധിയായി രണ്ടു ദശാബ്ദത്തിനുശേഷം 1948 സെപ്റ്റംബർ 21ലെ 'മലയാള മനോരമ' ഗുരുദേവനെ അനുസ്മരിച്ചുകൊണ്ട് ഇപ്രകാരം എഴുതി "ശ്രീനാരായണ ഗുരുസ്വാമികളെപ്പറ്റിയുള്ള സ്മരണ ഈ അവസരത്തിൽ കേരളീയ ജനതയുടെ ഹൃദയത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഏറ്റവും ഉൽകൃഷ്ട വികാരം സർവ്വ സമുദായഐക്യം ആയിരിക്കട്ടെ. അപ്പോൾ ഇന്നത്തെ കേരളം, ഇടക്കാല ചരിത്രത്തിൻെറ അനൈക്യ സ്മാരക അവശിഷ്ടങ്ങളെന്നോണം തുണ്ടു തുണ്ടായി നിൽക്കുകയില്ല. സംസ്കാര പാരമ്പര്യത്തിൽ ഒന്നായ കേരള ജനത വീണ്ടും ഒന്നായിത്തീരും. ആ ഐക്യ കേരള സാക്ഷാത്കാരത്തെ ശ്രീനാരായണ ഗുരുസ്വാമികളുടെ ആത്മചൈതന്യം അദൃശ്യലോകത്തിൽ നിന്ന് അനവരതം അനുഗ്രഹിക്കും."[11] സാമുദായിക വഴക്കുകളിലും വക്കാണങ്ങളിലും ആരുടെയും പക്ഷം ചേരാതെ നിഷ്പക്ഷമായ അനുരഞ്ജന നയമാണ് മനോരമ ദീക്ഷിച്ചുപോന്നിരുന്നത്. വയോധികനും പണ്ഡിതാഗ്രേസനുമായ പിതാവിനെ മുഖ്യപത്രാധിപരെന്ന പദവിയിൽ നിലനിർത്തിക്കൊണ്ടുതന്നെ മാനേജിംഗ് എഡിറ്ററായി പ്രവർത്തിച്ചിരുന്ന കെ. എം. ചെറിയാൻ പിതാവിൻെറ ഇഷ്ടാനിഷ്ടങ്ങൾ മനസ്സിലാക്കിക്കൊണ്ട് മനോരമയുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോയി.

ആദർശപരമായോ നയപരമായോ അണുപോലും അസ്വാരസ്യം പിതാവും മകനും തമ്മിൽ ഉണ്ടായിരുന്നില്ലെന്നു മാത്രമല്ല, പൂർണ്ണമായ യോജിപ്പാണ് എല്ലാ കാര്യങ്ങളിലും നിലനിർത്തിപ്പോന്നിരുന്നത്.

## സൂചിക

1. കെ. എം. ചെറിയാൻ സ്മരണിക, ലേഖനം - പൊൻകുന്നം വർക്കി, പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച മഹാരഥൻ, പുറം - 95
2. അതുതന്നെ, ടി. ചാണ്ടി, ലേഖനം, പുറം - 43
3. അതുതന്നെ, പുറം 43-44
4. കെ. സി. മാമ്മൻ മാപ്പിളയുടെ തെരഞ്ഞെടുത്ത ലേഖനങ്ങൾ, നവംബർ 1988, കോട്ടയം, ദീർഘബന്ധനത്തിനുശേഷം
5. മൂർക്കോത്ത് കുഞ്ഞപ്പ, സംസ്കാര നവോത്ഥാനം, മുൻ ഉദ്ധരിച്ചത്, പുറം - 182
6. 1947 ഡിസംബർ 6-ലെ മനോരമ കാണുക
7. മലയാള മനോരമ 9-12-1947
8. മലയാള മനോരമ 30-1-1948
9. മലയാള മനോരമ 4-3-1948
10. മലയാള മനോരമ 28-8-1948
11. മലയാള മനോരമ 21-9-1948

# ദേശീയ വീക്ഷണം

രാഷ്ട്രീയരംഗത്തും വളരെ പക്വമായ സമീപനമാണ് 'മനോരമ'യ്ക്കുണ്ടായിരുന്നത്. സ്റ്റേറ്റ് കോൺഗ്രസിനെ പൂർണ്ണമായി പിന്തുണയ്ക്കുന്ന ഏക പത്രം എന്ന നിലയിൽ 'മലയാള മനോരമ'യുടെ അഭിപ്രായത്തിനും നിവേദനങ്ങൾക്കും മറ്റേതിനേക്കാൾ അംഗീകാരവും ശ്രദ്ധയും നേടിയെടുക്കുവാൻ കഴിഞ്ഞിരുന്ന സന്ദർഭമാണ് സ്വാതന്ത്ര്യത്തിനുശേഷം ഐക്യകേരള രൂപീകരണം വരെയുള്ള കാലം. ദേശീയ കാഴ്ചപ്പാടോടുകൂടിയായിരുന്നു 'മനോരമ' നയരൂപീകരണം നടത്തിയിരുന്നത്. രാജ്യത്തിന്റെ കൂട്ടായ നന്മയ്ക്ക് എല്ലാവിഭാഗം ജനങ്ങളുടെയും എല്ലാ സംസ്ഥാനങ്ങളുടെയും സംഘടിതമായ ശ്രമങ്ങൾകൊണ്ടു മാത്രമേ ദേശീയ സാഫല്യം കൈവരിക്കാൻ സാധിക്കയുള്ളൂ എന്ന് കെ. സി. മാമ്മൻ മാപ്പിളയ്ക്കും അദ്ദേഹത്തിന്റെ പുത്രൻ കെ. എം. ചെറിയാനും നന്നായി അറിയാമായിരുന്നു. തദനുസൃതമാണ് മനോരമയുടെ പ്രവർത്തനങ്ങളും നയങ്ങളും ആവിഷ്കരിച്ചിരുന്നത്. സ്വാതന്ത്ര്യം ലഭിച്ചതോടുകൂടി ജനങ്ങളെ അലട്ടിക്കൊണ്ടിരുന്ന ഭക്ഷ്യ-തൊഴിൽ പ്രശ്നങ്ങളും സാമ്പത്തിക പരാധീനതകളുടെ നിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള വിലപേശലുകളും രാജ്യത്താകമാനം അസ്വസ്ഥതകൾ സൃഷ്ടിച്ചു. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിക്കുകയും നാട്ടുരാജ്യങ്ങളിൽ ഉത്തരവാദിത്വ ഭരണം നിലവിൽ വരികയും ചെയ്തതോടുകൂടി തങ്ങളുടെ സകല കഷ്ടപ്പാടുകളും അവസാനിക്കാൻ പോകുന്നു എന്നും സമൃദ്ധിയുടെയും സംതൃപ്തിയുടെയും കാലം വിദൂരത്തിലല്ലെന്നും ജനങ്ങൾ വിശ്വസിച്ചിരുന്നു. അല്പകാലത്തെ കാത്തിരിപ്പിനുശേഷം പ്രതീക്ഷിച്ചതൊന്നും പെട്ടെന്ന് ലഭ്യമാകാതെയായപ്പോൾ ജനങ്ങളിൽ ആശങ്കയും നിരാശയും അങ്കുരിക്കാൻ തുടങ്ങി. ഈ സാമൂഹ്യ സംഘർഷത്തെ ചൂണ്ടി മനോരമ എഴുതിയതിങ്ങനെയാണ് "സ്റ്റേറ്റ് കോൺഗ്രസിനു പ്രാബല്യം ലഭിച്ചാലുടൻ ഈ വൈഷമ്യങ്ങൾക്കൊക്കെ ഇന്ദ്രജാലം കൊണ്ടെന്നപോലെ ഞൊടിയിടയിൽ പരിഹാരമുണ്ടാകുമെന്ന് എങ്ങനെയോ വിശ്വസിച്ചിരുന്ന ബഹുജനങ്ങൾ ക്രമേണ അക്ഷമയും ആശങ്കയും പ്രദർശിപ്പിച്ചു തുടങ്ങി. സ്റ്റേറ്റ് കോൺഗ്രസിനെന്നല്ല, ഭൂമിയിൽ ആർക്കും തന്നെ ഒറ്റ ദിവസംകൊണ്ട് പരിഹാരമുണ്ടാക്കാവുന്ന ലഘുപ്രശ്നങ്ങളല്ല ഇവയെന്നുള്ള മൗലിക യാഥാർത്ഥ്യം പലരും വിസ്മരിക്കുന്നതുപോലെ തോന്നിപ്പോകും. ഇംഗ്ലണ്ട് മുതലായ പുരോഗമനാത്മകമായ രാഷ്ട്രീയ സ്വയം വികാസത്തിന്റെ അത്യുച്ചകോടിയിലെത്തിയിരിക്കുന്ന രാജ്യങ്ങൾക്കുപോലും മൂന്നും നാലും ശതാബ്ദക്കാലംകൊണ്ട് പടിപടിയായി മാത്രമേ ജനാധിപത്യ ഭരണസോപാനത്തിന്റെ ഉപരിഘട്ടങ്ങളിലെത്താൻ കഴിഞ്ഞുള്ളൂ എന്ന ചരിത്ര യാഥാർത്ഥ്യം നാം ഓർ

ക്കേണ്ടതാണ്"[1] ജനങ്ങളെ വിവേകികളുടെ സമൂഹമാക്കി മാറ്റുവാനും രാഷ്ട്രീയ യാഥാർത്ഥ്യങ്ങളുടെ സത്യസന്ധമായ അവബോധം അവരിൽ അങ്കുരിപ്പിക്കുവാനും ആത്മാർത്ഥമായ ശ്രമങ്ങൾ 'മനോരമ' നടത്തിക്കൊണ്ടിരുന്നു. അഭിപ്രായഭിന്നതകളും അസ്വാരസ്യങ്ങളും നാട്ടിൽ പ്രകടമായിക്കൊണ്ടിരുന്നു എന്നു മാത്രമല്ല, ഇതിനു പരിഹാരമെന്നോണം വിപ്ലവ ചിന്താഗതികളും പാർട്ടികളും രംഗത്ത് എത്തുകയും ചെയ്തു. ആ പോക്ക് രാജ്യത്തിനും ജനങ്ങൾക്കും ഉത്കർഷത്തേക്കാൾ കൂടുതൽ അപകർഷമാണ് ഉണ്ടാക്കാൻ പോകുന്നതെന്ന് മനോരമ കരുതി. അനുരഞ്ജനത്തിന്റെ മാർഗ്ഗം സ്വീകരിച്ച് സമാധാനപരമായി മാറ്റങ്ങൾ ഉണ്ടാക്കുവാനുള്ള ശ്രമങ്ങളാണു നടത്തേണ്ടതെന്ന് 'മനോരമ' ഉദ്ബോധിപ്പിച്ചു. "ജനസമുദായത്തിലെ ഉയർന്നവരും താണവരും തമ്മിൽ നടന്നുപോരുന്ന സൗഹാർദ്ദപൂർവ്വമായ വിട്ടുവീഴ്ചകളും അനുരഞ്ജന മനോഭാവവും കൊണ്ടു മാത്രമേ സമാധാനപരമായ ഒരു വികാസപരിണാമം (evolution) സാധിതപ്രായമായിത്തീരുകയുള്ളൂ. ആ മാറ്റങ്ങൾ വിപ്ലവകരമായിരിക്കുമെന്നുള്ളതിന് സംശയമില്ല. പൊടുന്നനവെയുണ്ടാകുന്ന ഒരു വിപ്ലവത്തിന്റെ വിനാശകരമായ ആഘാത പ്രത്യാഘാതങ്ങളെപ്പറ്റി സ്വല്പമെങ്കിലും ബോധമുള്ള ആരുംതന്നെ ഇവിടെയൊരു വിപ്ലവമുണ്ടാകണമെന്നോ ഉണ്ടാക്കണമെന്നോ സ്വപ്നത്തിൽപോലും ആഗ്രഹിക്കുന്നില്ലെന്നാണ് ഞങ്ങളുടെ വിശ്വാസം. ഏതായാലും കഴിഞ്ഞ കുറെക്കാലമായി നമ്മുടെ രാഷ്ട്രീയരംഗത്തുതന്നെ അനൈക്യത്തിന്റെ അപശ്രുതികൾ മീട്ടിക്കൊണ്ടുള്ള ഭിന്നസ്വരങ്ങൾ അങ്ങുമിങ്ങും മുഴങ്ങിക്കേൾക്കുന്നത് അത്യന്തം നിർഭാഗ്യകരവും അശുഭസൂചകവുമായിരിക്കുന്നു എന്ന് വ്യസനസമേതമെങ്കിലും ചൂണ്ടിക്കാട്ടാതിരിക്കാൻ നിവൃത്തിയില്ല. സ്റ്റേറ്റ് കോൺഗ്രസ് പക്ഷത്തുനിന്നു അകന്നുമാറി അടവു ചവിട്ടുന്ന ഇടതുപക്ഷത്തിന്റെ നിർദ്ദാക്ഷിണ്യ വിമർശനങ്ങൾകൊണ്ട് അന്തരീക്ഷം മുഖരിതമായിട്ടുണ്ട്."[2]

1947 ഡിസംബർ 9-നെഴുതിയ സുദീർഘമായ ഈ മുഖ ലേഖനം രാഷ്ട്രീയമായ ചേരിതിരിവിനും സംഘർഷത്തിനും പരിഹാരമായി നിർദ്ദേശിക്കുന്നത് ഇതാണ്. "ഭിന്നതകൾകൊണ്ടും, വിഘ്ന നയതന്ത്രങ്ങൾ കൊണ്ടും ഈ മഹനീയ സന്ദർഭത്തെ ആരും പാഴിലാക്കുകയില്ലെന്ന് വിശ്വസിക്കുന്നു. സ്റ്റേറ്റ് കോൺഗ്രസിന്റെ നേതൃത്വമല്ലാതെ, അനുഗമ്യമായ മറ്റൊരു സുഭദ്ര നേതൃത്വം ഇന്നാട്ടിലെ പൗരസഞ്ചയത്തിന് ഇന്നു ഞങ്ങൾ കാണുന്നില്ല."[3] സ്വാതന്ത്ര്യാനന്തര ദശാബ്ദത്തിലെ രാഷ്ട്രീയ വീക്ഷണമാണ് ഇവിടെ 'മലയാള മനോരമ' അവതരിപ്പിക്കുന്നത്. ഇതിന് ഉപോത്ബലകമായി പത്തുവർഷത്തിനു മുമ്പുള്ള കലുഷമായ രാഷ്ട്രീയ സ്ഥിതിഗതികളിലേക്ക് വായനക്കാരുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടു 'മലയാള മനോരമ' ഓർമ്മപ്പെടുത്തി "1113 കർക്കിടകം 24-ാംതീയതി തിങ്കളാഴ്ച

കൂടിയ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് യോഗത്തിൽ അവതരിപ്പി ക്കപ്പെട്ട ആറ് അടിയന്തര പ്രമേയങ്ങളിൽ ഒന്ന് ഇങ്ങനെയായിരുന്നു. 'മഹാ രാജാവ് തിരുമനസിലെ പരമാധികാരത്തിനു വിധേയമായി തിരുവിതാം കൂറിൽ ഉത്തരവാദിത്വഭരണം ഏർപ്പെടുത്തുന്നതിലേക്കു വേണ്ട നടപടികൾ ഉടനടി ആരംഭിക്കേണ്ടതിനെപ്പറ്റി പര്യാലോചിക്കുന്നതിനായി ഈ സഭാനടപടികൾ നിർത്തിവയ്ക്കണം."[4] എൻ. വി. ചാക്കോയുടെ പേരിലുള്ള ഈ അടിയന്തരപ്രമേയം അവതരിപ്പിക്കുവാൻ സഭാദ്ധ്യ ക്ഷനായ ദിവാൻ സർ സി. പി. രാമസ്വാമി അയ്യർ അനുവദിച്ചില്ല. അതി നദ്ദേഹം നൽകിയ മറുപടിയിൽ പറഞ്ഞത് ഇത്തരം ഒരു പ്രമേയത്തെപ്പറ്റി ആലോചിക്കുവാൻപോലും നിയമസഭയ്ക്ക് അധികാരമില്ലെന്നും ഇത് അടി യന്തരമോ പൊതുജന പ്രാധാന്യമുള്ളതോ ആയ ഒരു വിഷയമല്ലെന്നും ആയിരുന്നു. ഉത്തരവാദിത്വ ഭരണമെന്നത് ഒരു സംവാദ വിഷയമായി തീർന്നിട്ട് ഏറെ നാളായെന്നും, ഇനിയും വളരെക്കാലം ഇങ്ങനെ തന്നെ തുടരുമെന്നും സി. പി. തറപ്പിച്ച് പറയുകയും ചെയ്തു. എന്നാൽ ഒരു ദശാ ബ്ദം തിരുവിതാംകൂറിൽ സ്റ്റേറ്റ് കോൺഗ്രസ് നടത്തിയ ശക്തമായ സമരങ്ങളുടെ ഫലമായി ഉത്തരവാദിത്തഭരണമെന്നത് ഒരു യാഥാർത്ഥ്യ മായി മാറിയിട്ടുണ്ട്. നിരന്തരം നടന്നുകൊണ്ടിരുന്ന രാഷ്ട്രീയ സമരങ്ങളുടെ തിക്തഫലങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് 'മനോരമ' വായനക്കാരെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. രാഷ്ട്രീയ സാഫല്യത്തിനുവേണ്ടിയുള്ള ആദ്യഘട്ടം വിജയകരമായി പര്യവസാനിച്ചിരിക്കുന്നുവെങ്കിലും നിർമ്മാണ - ആസൂത്രണ പ്രക്രിയകളുടേതായ രണ്ടാം ഘട്ടം ആദ്യത്തേതിനേക്കാൾ ശ്രമകരവും പ്രശ്ന നിബിഡവുമായിരിക്കുമെന്ന് മുന്നറിയിപ്പു നൽകു കയും ചെയ്യുന്നു. സ്റ്റേറ്റ് കോൺഗ്രസിനോടും ഇന്ത്യൻ ദേശീയതയോടു മുള്ള ഉറച്ച പ്രതിബദ്ധത പരസ്യമാക്കിക്കൊണ്ടുതന്നെ നാട്ടിൽ തലപൊ ക്കിക്കൊണ്ടിരിക്കുന്ന വിപ്ലവശക്തികളുടെ അരങ്ങേറ്റത്തെ ബോധപൂർവ്വം എതിർത്തു തോല്പിക്കേണ്ടതു രാജ്യതാല്പര്യത്തിന് അനിവാര്യമാ ണെന്നുകൂടി മനോരമ തറപ്പിച്ചെഴുതുന്നു. ഇതേ ചേതോവികാരത്തോടു കൂടിത്തന്നെയാണ് തിരുവിതാംകൂറിലെ ആദ്യത്തെ ജനകീയ മന്ത്രിസഭയെ സ്വാഗതം ചെയ്തുകൊണ്ട് 1948 മാർച്ച് 25-ാം തീയതി പ്രസിദ്ധീകരിച്ച മുഖലേഖനം. പട്ടം താണുപിള്ള, ടി. എം. വറുഗീസ്, സി. കേശവൻ എന്നീ സ്റ്റേറ്റ് കോൺഗ്രസ് പ്രമുഖരുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെടുന്ന മന്ത്രിസഭയ്ക്ക് വിജയാശംസകൾ അർപ്പിക്കുന്നതോടൊപ്പം സർവാത്മനാ പിന്തുണക്കേണ്ടുന്ന ചുമതല ജനങ്ങൾക്കുണ്ടെന്നും ഉദ്ബോധിപ്പിക്കുന്നു. 130 വർഷത്തിൽ കൂടുതൽ പരദേശി ദിവാൻജിമാരുടെ ഭരണത്തിൻ കീഴിൽ നടമാടിയിരുന്ന സ്വേച്ഛാരീതിക്ക് അറുതിവരുന്നതിൻെറ ചരിത്ര പ്രാധാ ന്യത്തെ ഊന്നി ഇങ്ങനെ എഴുതിയിരുന്നു. "ഇന്നാട്ടിലെ ഭൗതിക വിഭവ

സൗകര്യങ്ങളുടെ പ്രലോഭനങ്ങളൊഴികെ, ഈ രാജ്യത്തിൻെറയോ ജനങ്ങളുടെയോ ക്ഷേമാഭിവൃദ്ധിയിൽ പറയത്തക്ക സ്ഥായിയായ യാതൊരു താൽപര്യവുമില്ലാത്ത പരദേശികൾ മറുനാട്ടിൽനിന്ന് മിക്കവാറും തുടർച്ചയായിട്ടെന്നവണ്ണം ഇവിടെ കയറിവന്ന് എങ്ങനെയെങ്കിലും സ്വാധീനശക്തി ഉറപ്പിച്ച് ദിവാൻ സ്ഥാനം കരസ്ഥമാക്കി ഇവിടുത്തെ ധനവും ജനങ്ങളുടെ ആത്മാഭിമാനവും കൊണ്ട് യഥേഷ്ടം കയ്യാങ്കളി നടത്തി ഒടുവിൽ തടിച്ചു കൊഴുത്തു മദിച്ച് തിരികെ പോകുന്ന ആ ദുഷിച്ച ചൂഷണ പാരമ്പര്യത്തിൻെറ അന്തിമരംഗം ഇങ്ങിനി വരാതെവണ്ണം എന്നന്നേക്കുമായി മറഞ്ഞുപോകുന്ന ഒരു നവയുഗത്തിൻെറ പുലർകാലത്തെയാണ് ജനപ്രാതിനിധ്യം വഹിക്കുന്ന ഈ മന്ത്രിസഭയുടെ രംഗപ്രവേശത്തിൽ തിരുവിതാംകൂർ രാജ്യവാസികൾ ദർശിക്കുന്നത്. സ്വാതന്ത്ര്യത്തിൻെറ സ്വച്ഛവായു വീശിക്കൊണ്ടു വരുന്ന ഈ നവീനയുഗത്തിൻെറ ഉദ്ഘാടനത്തിനും സംസ്ഥാപനത്തിനുമുള്ള ഉത്തരവാദിത്വം തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് തീർച്ചയായും അർഹിക്കുക തന്നെ ചെയ്യുന്നു."[5] സ്വാതന്ത്ര്യം നേടിയെടുത്ത കോൺഗ്രസ് സംഘടനയോടും അതിൻെറ നേതാക്കന്മമാരോടും കലർപ്പില്ലാത്ത കൂറു പുലർത്തി സ്വാതന്ത്ര്യാനന്തര ഇന്ത്യയെ ഒരു ക്ഷേമരാഷ്ട്രമായി ഉയർത്തിക്കൊണ്ടു വരണമെന്നും രാജ്യം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിൽ സമചിത്തതയോടും സഹനമനഃസ്ഥിതിയോടും കൂടി സഹകരിച്ചു നേതാക്കന്മാരുടെ കരങ്ങൾക്കു ശക്തി പകരണമെന്നും ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചെഴുതിയ മുഖപ്രസംഗത്തിൽ വ്യക്തമാക്കിയിരിക്കുന്നതായി കാണാം. നേതാക്കൻമാർക്കോ സംഘടനകൾക്കോ കണ്ണടച്ചു സ്തുതിഗീതങ്ങൾ പാടുകയല്ല ഈ ഒന്നാം സ്വാതന്ത്ര്യ ദിനവാർഷികത്തിൽ 'മനോരമ' ചെയ്തത്. ഒരു വർഷത്തിനിടയ്ക്കുണ്ടായ നേട്ടങ്ങളെയും കോട്ടങ്ങളേയും വ്യവച്ഛേദിച്ച് വിലയിരുത്തുന്ന ഒരു പക്വമതിയുടെ സമചിത്തതയാണ് ഇക്കാര്യത്തിൽ പത്രാധിപർ സ്വീകരിച്ചിരുന്നത്. 'സ്വതന്ത്ര ഭാരതത്തിൻെറ ഒന്നാം പിറന്നാൾ' എന്ന സുദീർഘമായ ലേഖനത്തിൽ ഇങ്ങനെ കാണാം. "കഴിഞ്ഞ ഒരു വർഷക്കാലത്തെ നേട്ടങ്ങളെയും വിജയങ്ങളെയും പരാജയങ്ങളെയും സമചിത്തതയോടെ പുറകോട്ടു നോക്കി കാണുന്ന ഏതൊരു ഇന്ത്യൻ പൗരനും പുതിയ ഒരു ആത്മ പ്രതിഷ്ഠാപനത്തിന് തക്ക പ്രേരണ ഉണ്ടാകാതെ ഇരിക്കുന്നതല്ല. വിജയാപജയസമ്മിശ്രമായ കഴിഞ്ഞകാല ജീവിതാനുഭവങ്ങളെ നിഷ്പക്ഷബുദ്ധ്യാ തിരിഞ്ഞ് പുറകോട്ടു നോക്കുകയും അവയുടെ ഗുണദോഷങ്ങളുടെ പിൻപിൽ സ്ഥിതി ചെയ്യുന്ന കാര്യകാരണങ്ങളെ വിവേചിച്ച് മനസ്സിലാക്കുകയും, അങ്ങനെ കിട്ടുന്ന അനുഭവജ്ഞാനത്തെ അടിസ്ഥാനപ്പെടുത്തി ഭാവിയെ വീക്ഷിക്കുകയും, ഭാവിപരിപാടികളെ ക്രമീകരിക്കു

കയും, അപ്പോഴപ്പോഴത്തെ സാഹചര്യത്തിനുചിതമായ വിധത്തിൽ ആത്മ പ്രതിഷ്ഠ നടത്തുകയും അതിനനുസരണമായി ജീവിക്കാൻ ശ്രിക്കുകയും ചെയ്യുകയെന്നത് പുരോഗനാത്മകമായ ഏതൊരു ജീവിതഗതിയിലും അനുഷ്ഠേയമായ ഒരു കർത്തവ്യമാണ്."[6] ഇങ്ങനെ ദേശീയമോ പ്രാദേശി കമോ ആയ ഏതു കാര്യത്തിലും രാജ്യനന്മയെ മാത്രം മുന്നിൽ കണ്ടു കൊണ്ടു സംഘടനകൾക്കും അവയുടെ സാരഥികൾക്കും മാതൃകാപരമായ ബുദ്ധി ഉപദേശിക്കുകയെന്ന കർത്തവ്യം മനോരമ സ്വയം ഏറ്റെടുത്തു നടത്തിയിരുന്നതായി കാണാം. രാജ്യവും ഭരണാധികാരികളും അഭിമുഖീ കരിക്കേണ്ടതായി വന്നിട്ടുള്ള ആപത്സന്ധികളിലൊക്കെ സത്യസന്ധത യോടു കൂടി മാർഗ്ഗ നിർദ്ദേശങ്ങൾ സമർപ്പിക്കുക ധാർമ്മിക ഉത്തവാദി ത്തമായി മനോരമ എന്നും കരുതിപ്പോന്നിട്ടുണ്ട്. അതാകട്ടെ, മനോ രമയുടെ പ്രഖ്യാപിത ദേശീയ വീക്ഷണത്തിന് അധിഷ്ഠിതമായിട്ടും ആയി രുന്നു. രാഷ്ട്രീയമായ ചേരിതിരിവുകളും അഭിപ്രായ ഭിന്നതകളും ഉണ്ടാ കുമ്പോൾ കൂടിയും തങ്ങളുടെ ചുമതല നിർവ്വഹിക്കുന്നതിൽ വിട്ടു വീഴ്ചക്ക് മനോരമ തയ്യാറായിരുന്നില്ല എന്നു മനസ്സിലാക്കാം.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഭാഷാ സംസ്ഥാനങ്ങളുടെ രൂപീ കരണത്തിനു വേണ്ടിയുള്ള സംരംഭങ്ങളും സമരങ്ങളും ഓരോ പ്രദേ ശത്തും അനുസ്യൂതം നടന്നുകൊണ്ടിരുന്നു. കേരളത്തിൽ ഐക്യകേരള മെന്ന ആശയം വളരെക്കാലം മുൻപു തന്നെ നിലനിന്നിരുന്ന സ്വപ്നമാ യിരുന്നു. മലയാള മനോരമയുടെ ആരംഭം മുതൽ കേരളത്തെയും കേരളീ യരെയും ഭാഷാപരമായും ആശയപരമായും ഏകാപിപ്പിക്കാനുള്ള ശ്രമങ്ങൾ നിരന്തരം നടന്നിരുന്നതായി കാണാം. ഭാഷാപോഷിണി സഭയി ലൂടെ വറുഗീസ് മാപ്പിള നടത്തിയിരുന്ന സാഹിത്യ സംഗമങ്ങളും സാംസ്കാരികമേളകളും കേരളത്തിൻെറ ഒരറ്റം മുതൽ മറ്റേയറ്റം വരെയുള്ള സാഹിത്യ-സാംസ്കാരിക പ്രവർത്തകരെയല്ലൊം ഒന്നിപ്പിക്കു വാൻശ്രമിച്ചിരുന്നവയാണല്ലോ. ഇക്കാര്യം ഇതിനു മുമ്പ് സവിസ്തരം പ്രതി പാദിച്ചിട്ടുമുണ്ട്. നമ്മുടെ സാംസ്കാരികനായകന്മാരുടെ സ്വപ്നമായി രുന്നു ഐക്യകേരളം. ഒരേ ഭാഷ സംസാരിക്കുകയും ഏകീകൃതമായ ഒരു സാംസ്കാരിക ധാരയിൽ ഇഴുകിച്ചേരുകയും ചെയ്യുന്ന മലയാളികൾ കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നീ മൂന്നു വ്യത്യസ്ത രാഷ്ട്രീയ ഘടകങ്ങളായി നിലനിന്നിരുന്നുവെങ്കിലും, സാഹിത്യസാംസ്കാരിക മണ്ഡലങ്ങളിൽ ഐക്യത്തിൻേറതായ സ്വാധീനശക്തി കളിയാടി നിന്നി രുന്നു. അതുകൊണ്ടാണ് 1928 ൽ സാഹിത്യകാരൻമാരെ സംഘടിപ്പിച്ചു കൊണ്ട് ഒരു സംഘടന രൂപികരിച്ചപ്പോൾ അതിന് 'സമസ്തകേരള സാഹിത്യ പരിഷത്ത്' എന്നു നാമകരണം ചെയ്തിരുന്നത്. സ്വാതന്ത്ര്യാ നന്തര ഇന്ത്യയിൽ എല്ലാ സ്ഥലത്തും ഭാഷാ സംസ്ഥാനങ്ങൾക്കു വേണ്ടി

യുള്ള മുറവിളി ഉണ്ടായപ്പോഴും അവയുടെയെല്ലാം ലക്ഷ്യം സാഹിത്യ-സാംസ്കാരിക ഏകീകരണമായിരുന്നു.

എന്നാൽ കേരളത്തിൽ ഐക്യകേരളത്തിനു വേണ്ടിയുള്ള മുറവിളി സജീവമായപ്പോൾ ഭാഷാപരമായ ഏകീകരണം മാത്രമല്ല, ഐക്യകേരളം കൊണ്ട് അർത്ഥമാക്കുന്നതെന്ന് 1949 ഫെബ്രുവരി 5-ാം തീയതി മനോരമ എഴുതി. കേരളത്തിനു പ്രത്യേകമായ ചില സവിശേഷതകൾ ഉണ്ട്. അവയെ മുന്നിൽ കണ്ടുകൊണ്ട് മനോരമ പ്രകടിപ്പിച്ച അഭിപ്രായം ഇങ്ങനെയായിരുന്നു. "ഇന്ത്യയിൽ മറ്റേതു പ്രദേശത്തെയുംകാൾ കൂടുതലായി പ്രധാനപ്പെട്ട എല്ലാ മതവിഭാഗങ്ങൾക്കും പ്രാബല്യമുള്ള ഒരു സ്ഥലമാണ് കേരളം. അതിനാൽ ഐക്യകേരളം എന്നു പറയുന്നത് ഭാഷാപരമോ മതപരമോ ആയ ഒരു ഏകീകരണമല്ല. ഭൂപ്രകൃതിപരവും സാമ്പത്തികവുമായ ഒരു സംയോജനം മാത്രമാണ്. ഇവിടെ മലയാളിയും, തമിഴനും, തുളുവും, തെലുങ്കനും, ഇടകലർന്ന് പ്രത്യേകമായി ജീവിക്കുന്നുണ്ട്. ഹിന്ദുവും, ക്രിസ്ത്യാനിയും, മുസ്ലിമും, ജൂതനും, എല്ലാ വിഭാഗത്തിലും ഉൾപ്പെട്ടവരും ധാരാളമുണ്ട്. ഒരു മതത്തിൻേറയോ, ജാതിയുടെയോ, ഭാഷയുടെയോ അടിസ്ഥാന വൃദ്ധിയല്ല, ഇന്ന് ഒരു രാഷ്ട്രത്തിൻെറയും മൗലിക പ്രശ്നം. ജനതയുടെ സംസ്കാരം, ആരോഗ്യം, ജീവിത സൗകര്യം എന്നിവയുടെ അഭിവൃദ്ധിക്കാണ് സകല ഗവൺമെൻറുകളും പരിശ്രമിക്കുന്നത്. അതിലേക്ക് സർവ്വപ്രധാനമായി പരിപോഷിപ്പിക്കേണ്ടത് സാമ്പത്തിക ശക്തിയാണ്.

"ഐക്യകേരളം, ഐശ്വര്യ വീക്ഷണത്തിൽ കൊച്ചി, മലബാർ, തിരുവിതാംകൂർ എന്നീ ഓരോ രാജ്യത്തിൻെറയും, ഇന്ത്യയുടെയും അഭിവൃദ്ധിക്കാവശ്യമാണ്. ചെറുരാജ്യങ്ങൾക്ക് ഇനി ഇന്ത്യയിൽ സ്ഥാനമില്ല. കേരളൈക്യമുണ്ടായാലും മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് കുറെ ചെറുതേ ആയിരിക്കയുള്ളു. എങ്കിലും ആ ചെറിയ കേരളം ഇന്ത്യയിൽ ഗണനീയമായ ഒരു ശക്തിയായിരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. എന്തെന്നാൽ, അത്യധികമായ വിദ്യുച്ഛക്തി ഉല്പാദനത്തിനും, അമൂല്യമായ ധാതുദ്രവ്യങ്ങൾക്കും, അനന്യലഭ്യമായ വാണിജ്യവിഭവങ്ങൾക്കും പ്രകീർത്തിതമായ കേരളത്തിൻെറ വികാസ സാദ്ധ്യത വളരെ വിപുലമാണ്. അതിനാൽ കേരളൈക്യത്തിനുള്ള എല്ലാ സംരംഭങ്ങളെയും സ്വാഗതം ചെയ്യേണ്ടത്, മലയാളിയെന്നോ, തമിഴനെന്നോ, തുളുവെന്നോ ഉള്ള യാതൊരു വ്യത്യാസവും കൂടാതെ സകല കേരളീയരുടെയും കടമയാകുന്നു."[7]

കെ.സി. മാമ്മൻമാപ്പിളയുടെയും, കെ.എം. ചെറിയാൻെറയും ഐക്യകേരളത്തെക്കുറിച്ചുള്ള സങ്കൽപ്പമാണു മുകളിൽ കുറിച്ച മുഖപ്രസംഗത്തി

ലൂടെ പ്രകടമാകുന്നത്. നേരത്തെ പ്രസ്താവിച്ചതുപോലെ ഭാഷാസംസ്ഥാനം മാത്രമായി ഐക്യകേരളത്തെ വിവക്ഷിക്കുവാൻ 'മനോരമ'യ്ക്കു കഴിയുമായിരുന്നില്ല. ഇക്കാലത്ത് നാഗർകോവിൽ ഉൾപ്പെടെയുള്ള തമിഴ്നാട് പ്രദേശങ്ങളും മംഗലാപുരം തുടങ്ങിയ തുളുദേശങ്ങളും ഉൾക്കൊള്ളുന്ന വിശാലമായ ഒരു ഭൂപ്രദേശത്തെയാണ് 'ഐക്യകേരളം' എന്ന സംജ്ഞ കൊണ്ട് അർത്ഥമാക്കിയിരുന്നത്. അതുകൊണ്ടാണ് 'തിരുവിതാംകൂറും, കൊച്ചിയും' എന്ന ശീർഷകത്തിൽ 1948 മാർച്ച് 8 നെഴുതിയ മുഖലേഖനത്തിൽ ഇങ്ങനെ പ്രസ്താവിച്ചു കാണുന്നത്. "ഭാഷാപരമായിട്ടല്ല, ഭൂപ്രകൃതിപരമായിട്ടുള്ള പഴയ കേരളത്തിന്റെ സൃഷ്ടിക്കാണിവിടെ ഉദ്യമിക്കുന്നത്. ആ കേരളത്തിൽ പണ്ടത്തെപ്പോലെ വിഭിന്ന ഭാഷകളും, മതങ്ങളും, വർഗ്ഗങ്ങളുമുണ്ടാകണം."[8] രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും പുരോഗതിക്കും ആണ് 'മനോരമ' പ്രാധാന്യം കല്പിച്ചിരുന്നത്. തിരുവിതാംകൂറും, കൊച്ചിയും സംയോജിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നപ്പോഴേക്കും, ഐക്യകേരളത്തിനുവേണ്ടിയുള്ള മുറവിളി തീവ്രതരമായപ്പോഴേക്കും വിഘടിതശക്തികൾ കുടുസ്സായ പ്രാദേശികതയുടെ അടിസ്ഥാനത്തിൽ എതിർപ്പുകളും വിഭാഗീയതയും വളർത്തിക്കൊണ്ടുപോന്നു. ഇതിനെ ചൂണ്ടി 'മനോരമ'യെഴുതിയത്, "ഇവിടെ മലയാളത്തിന്റെയും, തമിഴിന്റെയും, തുളുവിന്റെയും മേൻമ വർദ്ധിപ്പിക്കാനല്ല, ജനങ്ങളുടെ സുഖവും സുഭിക്ഷതയും, സൻമാർഗ്ഗ ജീവിതവും പുലർത്തുക എന്നതാണ് ഇന്നത്തെ പരമപ്രധാനമായ പ്രശ്നം. അതിനാൽ വളരെക്കാലമായി ഒരു സാമ്പത്തികഘടകമായ പ്രവർത്തിക്കുന്ന തിരുവിതാംകൂറിനെയോ, മറ്റേതെങ്കിലും പ്രദേശത്തിനെയോ വിഭജിക്കുകയെന്നത് ആലോചനയ്ക്കുപോലും അർഹമായി ഞങ്ങൾ വിചാരിക്കുന്നില്ല."[9] തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിക്കാനുള്ള ദൗത്യവുമായെത്തിയ ആഭ്യന്തരകാര്യസെക്രട്ടറി വി.പി. മേനോന്റെ മുമ്പിൽ തിരുവിതാംകൂറിലെ തെക്കൻതാലൂക്കുകൾ തമിഴ്നാട്ടിൽ ലയിക്കണമെന്നുള്ള ആവശ്യവുമായി നിവേദനങ്ങളും, മുറവിളികളും നടത്തിക്കൊണ്ടിരുന്നതിന്റെ പശ്ചാത്തലത്തിൽ വേണം ഈ മുഖലേഖനത്തെ വിലയിരുത്തുവാൻ. തിരു-കൊച്ചി ലയനം തടസ്സപ്പെടുത്തുകയാണെങ്കിൽ പിന്നെ ഐക്യകേരളമെന്ന സംസ്ഥാനമുണ്ടാവുക പ്രയാസമായിരിക്കുമെന്ന് അറിയാവുന്ന 'മനോരമ' ഈ ലയനപ്രകിയയെ തടസ്സപ്പെടുത്തരുതെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ഇക്കാര്യം വിശദീകരിച്ച് 'മനോരമ' എഴുതിയതാണ് താഴെക്കൊടുക്കുന്നത്. "എന്നാൽ ഇതൊന്നും ഇപ്പോൾ വി.പി. മേനോന്റെ ആലോചനയിൽ പെടുന്ന കാര്യങ്ങൾ അല്ല. അദ്ദേഹം ഐക്യകേരളസൃഷ്ടിക്കു വന്നിരിക്കുന്ന ആളല്ല. കൊച്ചിയോ, തിരുവിതാംകൂറോ, മദ്രാസിലോ മറ്റെവിടെയെങ്കിലുമോ വിലയിപ്പിക്കുന്ന കാര്യവും ഇപ്പോൾ

അദ്ദേഹം ആലോചിക്കുന്നില്ല. അതെല്ലാം കർണ്ണാടകം, തെലുങ്ക്, തമിഴ് എന്നീ പ്രകാരം ഭാഷാപരമായോ മറ്റു വിധത്തിലോ മദ്രാസിനെ വിഭജിക്കാൻ വിചാരിക്കുന്ന കാലത്ത് ആലോചിക്കേണ്ട വിഷയങ്ങൾ ആണ്. കൊച്ചി-തിരുവിതാംകൂർ എന്നീ രാജ്യങ്ങളെ സംയോജിപ്പിച്ച് പ്രൊവിൻസുകൾക്കു തുല്യമായ പുതിയ ഭരണവ്യവസ്ഥിതിയിലാക്കുക എന്ന ജോലി മാത്രമേ അദ്ദേഹം ഇപ്പോൾ ചെയ്യാൻ വിചാരിക്കുന്നുള്ളൂ. ഈ പ്രാരംഭകൃത്യം ചെയ്തുകഴിഞ്ഞാൽ പിന്നെ മദ്രാസ് വിലയനമോ മലബാർ സംയോജനമോ അതിനവസരം വരുമ്പോൾ എളുപ്പം നടത്താവുന്ന കാര്യങ്ങളാണ്. അതിനാൽ അത്യാവശ്യമില്ലാത്ത കാര്യാന്തര ചർച്ചകൾക്കായി സമയദുർവ്യയം ചെയ്യാതെ പരിഹാരമുണ്ടാക്കുവാൻ ജനപ്രമാണികളും അധികൃതൻമാരും ഏകമനസ്സോടെ പരിശ്രമിക്കണമെന്ന് ഞങ്ങൾ ഉദ്ബോധിപ്പിച്ചു കൊള്ളുന്നു."[10] തുടർന്നുണ്ടായ തിരു-കൊച്ചി സംയോജനവും, മന്ത്രിസഭാവികസനവും, പൊതുതെരഞ്ഞെടുപ്പും മറ്റും ഇതിനു മുമ്പ് സുദീർഘമായി വിവരിച്ചിട്ടുള്ളതാണ്. അതുകൊണ്ടിവിടെ ആവർത്തിക്കുന്നില്ല. തിരു-കൊച്ചിയിലെ മന്ത്രിസഭാ രൂപീകരണങ്ങളിലും, രാഷ്ട്രീയ നിലപാടുകളിലും 'മനോരമ' സജീവമായി ഭാഗഭാക്കായിരുന്നു.

കെ. സി. മാമ്മൻ മാപ്പിളയുടെയും, കെ. എം. ചെറിയാൻെറയും അഭിപ്രായങ്ങൾ ആരാഞ്ഞെത്തിയിരുന്ന രാഷ്ട്രീയ നേതാക്കൻമാരും ഉദ്യോഗസ്ഥ പ്രമാണികളും കുറച്ചൊന്നുമായിരുന്നില്ല. ഇക്കാലമെത്തിയപ്പോഴേക്കും 'മനോരമ'യുടെ ശനിദശ നീങ്ങി ശുക്രദശയുടെ അരുണോദയമായി. സാമ്പത്തികഭദ്രതയുണ്ടായി. പത്രത്തിന് കൂടുതൽ പ്രചാരവും വന്നു. മനോരമയുടെ അഭിപ്രായത്തിന് എന്നത്തേക്കാളും ശക്തിയും, സാഫല്യവും വന്നു ചേർന്നു. അങ്ങനെ എല്ലാ കഷ്ടപ്പാടിൽനിന്നും അത്ഭുതകരമാം വണ്ണം രക്ഷപ്പെട്ട്, പൂർവ്വോപരി ആർജ്ജവവും ശക്തിയും സംഭരിച്ച് ഉത്കർഷം പ്രാപിച്ച ആത്മസംതൃപ്തിയുടെ അസുലഭ കാലഘട്ടത്തിലാണ് അരനൂറ്റാണ്ടിനുമേൽ 'മനോരമ'യെ നെഞ്ചിലേറ്റി ലാളിച്ചു വളർത്തിയ കെ.സി. മാമ്മൻമാപ്പിള ലോകത്തോടു വിട പറയുന്നത്. 1954 ലെ പുതുവത്സരപ്പുലരി ഈ അതികായൻെറ അന്ത്യത്തെ അറിയിച്ചുകൊണ്ടുള്ളതായിരുന്നു. 1953 ഡിസംബർ 31-ന് വ്യാഴാഴ്ച രാത്രി മണി പന്ത്രണ്ടടിക്കാൻ പത്തു മിനിട്ടുള്ളപ്പോൾ ആണ് 'കേരളത്തിൻെറ മേധാശക്തി കേന്ദ്രം' എന്ന് രാഷ്ട്രീയ ശത്രുക്കൾ പോലും ആദരപുരസ്സരം അഭിസംബോധന ചെയ്തിരുന്ന കെ. സി. മാമ്മൻമാപ്പിള നിത്യശാന്തി പൂകിയത്. മരിക്കുന്നതിന് നിമിഷങ്ങൾക്കു മുമ്പ് അദ്ദേഹം പറഞ്ഞത്, "അതാ നോക്കൂ തൊട്ടരികിൽത്തന്നെ, ആ തിരശ്ശീലക്കു പുറത്ത് ഞാൻ കാണും."[11] എന്നാണ് പി. ഒ. ഏബ്രഹാം തൻെറ അനുസ്മരണത്തിൽ അയവിറക്കുന്നത്. മരിക്കുന്ന നിമിഷംവരെയും സുബോധമുണ്ടായിരുന്ന

അദ്ദേഹം ഏറ്റവും നിർവൃതിദായകമായ മരണസാഫല്യമാണ് കൈവരിച്ചത്. 1954 ജനുവരി പിറന്നത് അതിദുഃസ്സഹമായ ഈ വിയോഗവാർത്തയും പേറിക്കൊണ്ടാണ്. 80 വയസ്സും 8 മാസവും ജീവിച്ച ഏതൊരാളുടെയും മരണം ആരെയും ഞെട്ടിച്ചെന്നു വരില്ല. പക്ഷേ മാമ്മൻമാപ്പിളയുടെ നിര്യാണ വാർത്ത കേരളത്തെ അക്ഷരാർത്ഥത്തിൽ തന്നെ ഞെട്ടിപ്പിച്ചു. ജനങ്ങൾ ദുഃഖാർത്തരായി. മാധ്യമങ്ങളും, വാർത്താവിനിമയ ഉപാധികളുമെല്ലാം ഗദ്ഗദത്തോടുകൂടി അദ്ദേഹത്തിൻെറ മാഹാത്മ്യത്തെ പ്രകീർത്തനം ചെയ്തുകൊണ്ടിരുന്നു. കേരളത്തിനു താങ്ങാൻ കഴിയുന്നതിനേക്കാൾ വലുതായിരുന്നു കെ. സി. മാമ്മൻമാപ്പിളയുടെ വിയോഗം.

## സൂചിക


1. മലയാളമനോരമ, 9-12-1947
2. അതു തന്നെ
3. അതു തന്നെ
4. മലയാള മനോരമ, 20-3-1948
5. മലയാള മനോരമ, 25-3-1948
6. മലയാള മനോരമ, 15-8-1948
7. മലയാള മനോരമ, 5-2-1949
8. മലയാള മനോരമ, 8-3-1949
9. അതുതന്നെ
10. അതു തന്നെ
11. അനുസ്മരണങ്ങൾ, പി. ഒ. ഏബ്രഹാം, ലേഖനം - സംസ്കാര നവോത്ഥാനം, മുൻ ഉദ്ധരിച്ചത് - പേജ് - 367

# 7

# കെ. എം. ചെറിയാൻ: പുനർജനനത്തിന്റെ ശില്പി

സുദീർഘമായ അരനൂറ്റാണ്ട് മലയാളമനോരമയുടെ സാരഥ്യം വഹിച്ച കെ. സി. മാമ്മൻ മാപ്പിള അലങ്കരിച്ചിരുന്ന നിസ്തുലമായ സ്ഥാനത്ത് സീമന്തപുത്രനായ കെ.എം. ചെറിയാനാണ് ഉപവിഷ്ടനായത്. സ്വേച്ഛാധിപതിയായ സർ സി.പി. യുടെ ധാർഷ്ട്യത്തിന് 1938 ൽ മനോരമ ഇരയായി. പ്രസ്സ് കണ്ടുകെട്ടുകയും പത്രത്തിന്റെ ലൈസൻസ് റദ്ദാക്കുകയും ചെയ്തു. സർ സി.പി.യുടെ പ്രതികാര വാഞ്ഛ ഇതുകൊണ്ടൊന്നും അവസാനിച്ചില്ല. നാഷണൽ ആൻഡ് ക്വയ്ലോൺ ബാങ്ക് ലിക്വിഡേറ്റ് ചെയ്തു. മാമ്മൻ മാപ്പിളയെയും, നാഷണൽ ആൻഡ് ക്വയ്ലോൺ ബാങ്കിന്റെ മറ്റു മേധാവികളെയും തുറങ്കിലുമാക്കി. മാമ്മൻമാപ്പിളയുടെ അധീനതയിലുണ്ടായിരുന്ന എല്ലാ വ്യവസായ സ്ഥാപനങ്ങളും തകർക്കപ്പെട്ടു. "അങ്ങനെ തിരുവിതാംകൂറിൽ അദ്ദേഹത്തിനുണ്ടായിരുന്ന സകല സമ്പാദ്യങ്ങളും നഷ്ടപ്പെട്ടു. മൈസൂറിലും മലബാറിലുമുണ്ടായിരുന്ന ചില തോട്ട വ്യവസായങ്ങളുടെ ഓഹരി മാത്രമേ അവശേഷിച്ചിരുന്നുള്ളു."[1] മദ്രാസ് ക്രിസ്ത്യൻ കോളേജിലെ പ്രൊഫസറായിരുന്ന കെ. എം. ചെറിയാൻ ഇക്കാലത്ത് മദ്രാസ് കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന ന്യൂ ഗാർഡിയൻ ഓഫ് ഇൻഡ്യ ലൈഫ് ഇൻഷുറൻസ് കമ്പനിയുടെ മാനേജരായി ജോലി ചെയ്യുകയായിരുന്നു. മാമ്മൻമാപ്പിള 1941-ൽ ജയിൽ വിമുക്തനായി. എങ്കിലും അദ്ദേഹം സകുടുംബം മദ്രാസിൽ താമസിക്കുവാനാണ് ഇഷ്ടപ്പെട്ടത്.

ജയിൽ വിമോചിതനായ മാമ്മൻമാപ്പിളയെ 'മലയാള മനോരമ'യുടെ പ്രധാന പത്രാധിപരാക്കി, പത്രത്തെ പുനഃപ്രകാശനം ചെയ്യുക എന്നാതായിരുന്നു കെ. എം. ചെറിയാന്റെ ഏറ്റവും വലിയ ആഗ്രഹം. വയോധികരായ മാതാപിതാക്കൾ മദ്രാസിൽ താമസമാക്കിയിരുന്നു. തിരുവിതാംകൂറിലുണ്ടായിരുന്ന സർവ്വ ആസ്തികളും നഷ്ടപ്പെട്ട സാഹചര്യത്തിൽ ഒരു വലിയ കുടുംബത്തിന്റെ പ്രശ്നങ്ങൾ മുഴുവൻ കൈകാര്യം ചെയ്യുക മാത്രമല്ല, കേസുകൾ നടത്തുകയും ഈ പ്രതിസന്ധിയിൽ കുടുംബത്തിന്റെ സകല ഭാരവും പേറുകയും ചെയ്യുകയെന്നത് ഏറ്റവും ശ്രമകരമാ

ണല്ലോ. പക്ഷേ അതു തൻെറ കർത്തവ്യമാണെന്നും ഈ അത്യാഹി തത്തിൽ നിന്നും കുടുംബത്തെ രക്ഷിക്കേണ്ട ചുമതല തൻേറതാണെന്നും അദ്ദേഹം വിശ്വസിച്ചു. മാത്രവുമല്ല, അര നൂറ്റാണ്ടിൽ കൂടുതൽ കേരളത്തിൻെറ പൊതുവായും തിരുവിതാംകൂറിൻെറ പ്രത്യേകമായും ഉള്ള സാമൂഹ്യരാഷ്ട്രീയ ഭാഗധേയം നിർണ്ണയിക്കുന്നതിൽ അനന്യ സദൃശമായ ആർജ്ജവം കാണിച്ച മലയാള മനോരമയെ പുനർജീവിപ്പിച്ച് തൻെറ പിതാവിൻെറ കൈകളിൽ അർപ്പിക്കണമെന്ന ആത്മാർത്ഥമായ ആഗ്രഹവും അദ്ദേഹത്തിൽ തീവ്രതരമായി പ്രവർത്തിച്ചിരുന്നു. അങ്ങനെയാണ് 1942 ൽ മദ്രാസിലെ ഇൻഷുറൻസ് കമ്പനിയിലെ മാനേജർ പദവി വേണ്ടെന്നു വച്ച് അദ്ദേഹം കോട്ടയത്ത് എത്തുന്നത്.

അതിനുശേഷം പത്രത്തിനുണ്ടായിരുന്ന കടബാദ്ധ്യത തീർക്കുന്നതിനും പത്രത്തിൻെറ ലൈസൻസ് വീണ്ടെടുക്കുന്നതിനും വേണ്ടി അദ്ദേഹം നടത്തിയ ഭഗീരഥശ്രമം എത്രത്തോളമായിരുന്നു എന്നു നാം മുൻ അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ടല്ലോ. അത് പൂവിരിഞ്ഞത് 1947 നവംബർ 29-ാം തീയതി 'മലയാള മനോരമ'യുടെ പുനഃപ്രകാശനത്തോടുകൂടിയാണ്. പിതാവിനെ പ്രധാന പത്രാധിപരാക്കിക്കൊണ്ട് താൻ മാനേജിംഗ് എഡിറ്ററായി പത്രം പുറത്തിറക്കുകയാണ് ചെയ്തത്. യഥാർത്ഥത്തിൽ കെ. എം. ചെറിയാൻെറ വിശ്രമമില്ലാത്ത പരിശ്രമം ഒന്നു മാത്രമായിരുന്നു 'മലയാള മനോരമ'യെ പുനരുജ്ജീവിപ്പിക്കുവാൻ സജ്ജമാക്കിയത്. ഹൃദ്രോഗവും പ്രായാധിക്യവും മാമ്മൻ മാപ്പിളക്കു വിശ്രമം അനിവാര്യമാക്കിയിരുന്നു. അതറിഞ്ഞുകൊണ്ടുതന്നെ കെ. എം. ചെറിയാൻ പത്രത്തിൻെറ എല്ലാ വിധ ജോലികളും സ്വമനസ്സാലെ നിർവ്വഹിക്കുകയും പിതാവിനു ശല്യം വരാത്ത വിധം കാര്യങ്ങൾ ഭംഗിയായി നടത്തിപ്പോരുകയും ചെയ്തിരുന്നു. മുഖപ്രസംഗങ്ങൾ പോലും കെ.എം. ചെറിയാൻ തയ്യാറാക്കി പിതാവിനെ വായിച്ചു കേൾപ്പിച്ച് അദ്ദേഹത്തിൻെറ സമ്മതത്തോടുകൂടിയാണു പ്രസിദ്ധീകരിച്ചിരുന്നത്. മാമ്മൻമാപ്പിള അന്തരിച്ച അതേ ദിവസം തനിക്കും മനോരമ കുടുംബത്തിനും നൽകിയ അന്ത്യശാസനം മുഖ്യപത്രാധിപരായി സ്ഥാനമേറ്റ ശേഷം 1954 ജനുവരി 5-ാം തീയതി കെ. എം. ചെറിയാൻ മനോരമയിൽ എഴുതിയിരുന്നു. മനോരമ അനുവർത്തിച്ചിരുന്ന നയത്തെയും തുടർന്നു പിൻപറ്റാൻ ഉദ്ദേശിക്കുന്ന രീതിയെയും കുറിച്ചുള്ള ഈ സുദീർഘമായ നയപ്രഖ്യാപനം സ്വയം സംസാരിക്കുന്നതായതുകൊണ്ട് പൂർണ്ണമായും താഴെ ചേർക്കുന്നു.

ദിവംഗതനായ അന്നു സന്ധ്യയ്ക്ക് ഏഴു മണിക്കു ശേഷം എന്നോടു ചില സംഗതികൾ പറയുകയുണ്ടായി. അതിന് അല്പം മുമ്പു മറ്റു ചിലരുമായി നടത്തിക്കൊണ്ടിരുന്ന സംഭാഷണത്തിൻെര അനന്തരഫലമായിരുന്നു അത്. അദ്ദേഹം ആസന്ന മരണനായിരുന്നു എന്ന വിചാരം എനി

ക്ക് അശ്ലേഷം ഉണ്ടായിരുന്നില്ല. എങ്കിലും പിന്നീടു ഞാനറിഞ്ഞ ചില സംഗതികൾ ആലോചിക്കുമ്പോൾ, അദ്ദേഹം അവസാന യാത്രയ്ക്കു സന്നദ്ധനായിരുന്നു എന്നാണ് അനുമാനിക്കേണ്ടത്. ഒരു ചെറിയ കാര്യം പറയാം. വീട്ടിൽ വെറുതെയിരിക്കുമ്പോൾ, ഇതുവരെ ചെയ്തു ഞാൻ കണ്ടിട്ടില്ലാത്ത വിധം, അന്നു സന്ധ്യയ്ക്ക് അലക്കിയ വസ്ത്രം മാറി, സാധാരണ വീട്ടിൽ ബനിയനിടുന്ന അദ്ദേഹം, പുതിയ ജൂബായും എവിടെയോ യാത്രയ്ക്ക് തയ്യാറായിട്ടെന്ന പോലെ ധരിച്ചിരുന്നു. അങ്ങനെയുള്ള ഒരു പ്രത്യേക പരിതസ്ഥിതിയിൽ നടന്നതും, അന്ത്യശാസനമായി ഞാൻ സാദരം പരിഗണിക്കുന്നതുമായ ഞങ്ങളുടെ അന്ത്യസംഭാഷണത്തിന്റെ ചുരുക്കം താഴെ പറയുന്ന വിധമാണ് എന്റെ മനസ്സിൽ പതിഞ്ഞിരിക്കുന്നത്.

"മനോരമയ്ക്ക് ഇപ്പോൾ മുപ്പതിനായിരത്തോളം വരിക്കാരുണ്ട്. അതു നിന്റെ ശ്രമഫലവും, ബഹുജനങ്ങളുടെ അനുഭാവവുമാണെന്ന് പറയാമെങ്കിലും, നിസ്സംശയമായും ഉടയതമ്പുരാന്റെ അനുഗ്രഹമാണ്. ഒരു പത്രം ശരാശരി പത്തുപേർ വായിക്കുമെന്നാണ് പറയാറുള്ളത്. അങ്ങനെയാണെങ്കിൽ മൂന്നു ലക്ഷം പേർ മനോരമ പതിവായി വായിക്കുന്നുണ്ടെന്നു വേണം വിചാരിക്കാൻ. എഴുത്തറിയാൻ പാടില്ലാത്ത വളരെപ്പേർ നമ്മുടെ നാട്ടിലുണ്ട്. പത്രം വായിക്കുന്ന കൂട്ടുകാരും ബന്ധുക്കളുമാണ് അവരുടെ അഭിപ്രായ രൂപവത്ക്കരണത്തിൽ ഒരു വലിയ ഭാഗം വഹിക്കുന്നത്. അങ്ങനെ വമ്പിച്ച ഒരു പൊതുജനാഭിപ്രായത്തെ സൃഷ്ടിക്കുയും സമാഹരിക്കയും ചെയ്യാനുള്ള സൗകര്യം ഇന്നു മനോരമക്കു ദൈവാധീനത്താൽ സിദ്ധിച്ചിട്ടുണ്ട്. അതു ഗുണത്തിനും ദോഷത്തിനും ഉപകരിക്കാം. എന്നാൽ നാമതു നിസ്വാർത്ഥ മനുഷ്യസേവനത്തിനുള്ള ഒരു പബ്ലിക് ട്രസ്റ്റായിട്ടാണ് വിചാരിക്കേണ്ടത്. നമുക്ക് ഗവൺമെൻറിൽനിന്നും സാധിക്കേണ്ടതായി യാതൊന്നുമില്ല. ഒരു മന്ത്രിയുടെയും ഉദ്യോഗസ്ഥന്റെയും, പാർട്ടിയുടെയും പ്രീണനത്തിനു പുറപ്പെടേണ്ട ആവശ്യവും നമുക്കില്ല. വളരെക്കാലം മുമ്പ് വല്ല കാര്യങ്ങൾക്കും ഞാൻ അധികൃതരുടെ അടുത്ത് അഭ്യർത്ഥനയുമായി ചെന്നിട്ടുണ്ടായിരിക്കാം. അവയിലധികവും, അന്യരുടെ കാര്യങ്ങൾക്കും പൊതുക്കാര്യങ്ങൾക്കുമായിരുന്നു. അപൂർവ്വമായി സ്വന്ത ആവശ്യങ്ങളും ഉണ്ടായിട്ടില്ലെന്നില്ല. എന്നാൽ നിങ്ങൾക്കാർക്കും അതിന്റെ ആവശ്യമില്ല. മനോരമയും, അതിന്റെ വിഷമഘട്ടങ്ങളെല്ലാം തരണംചെയ്ത് ഒരു ഉറച്ച പ്രബലശക്തിയായി പുരോഗമിക്കുന്നുണ്ട്. അതിൽനിന്ന് ഒരു ആദായവും നിങ്ങളുടെ ചെലവിന് ആവശ്യമില്ല. അതിനാൽ ആരുടെയും മുഖം നോക്കാതെ ആരിൽനിന്നും പ്രത്യേക സൗജന്യങ്ങളൊന്നും ആശിക്കാതെ മനോരമയെ പരിപാവനമായ പബ്ലിക് ട്രസ്റ്റായി അഥവാ പൊതുജനോപകാരത്തിനായി നമ്മെ ദൈവം വി

ശ്വസിച്ചേല്പിച്ചിരിക്കുന്ന ഒരു പ്രസ്ഥാനമായി ഗണിച്ചു പ്രവർത്തിക്കുവാൻ നിനക്കു വിഷമമില്ല. ആ വിചാരത്തിലാണ് നീ എന്നും പ്രവർത്തിക്കേണ്ടത്. നീ അങ്ങനെയേ വിചാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുകയുള്ളുവെന്ന് എനിക്കറിയാം. എങ്കിലും, ഞാൻ അതെടുത്തുപറയുകയാണ്. നമ്മുടെ സ്വാധീനത്തിൽ ദൈവം വളർത്തിയിരിക്കുന്ന ആയുധത്തിന്റെ അവർണ്ണനീയമായ ശക്തി നോക്കുമ്പോൾ, സ്വാർത്ഥ താല്പര്യങ്ങൾക്കും, സ്വന്തവാശിയുടെയും, വൈരാഗ്യത്തിന്റെയും നിവൃത്തിക്കുമായി ആ ആയുധം പ്രയോഗിക്കുന്നത് നമ്മെ വിശ്വസിച്ചിരിക്കുന്ന നിരവധി ജനങ്ങളുടെ മനസ്സിനെ വ്രണപ്പെടുത്തി വഷളാക്കുന്ന അക്ഷന്തവ്യമായ അധർമ്മമേ ആയിരിക്കുകയുള്ളൂ. അതു ദൈവം ഒരിക്കലും ആഗ്രഹിക്കുന്നതല്ല. അതിനാൽ നീതിയുടെയും, ന്യായത്തിന്റെയും, ധർമ്മത്തിന്റെയും വിജയത്തിനായി അശ്രാന്തം സുധീരം ശ്രമിക്കയെന്നതായിരിക്കണം നമ്മുടെ എന്നുമുള്ള സ്ഥിരവ്രതം. സാമുദായികമോ, സാമ്പത്തികമോ, സാന്മാർഗികമോ, ആത്മീയമോ, ധാർമ്മികമോ ആയ നീതിയും ന്യായവുമുള്ള ഒരു പ്രസ്ഥാനമല്ല കമ്മ്യൂണിസം. ആ അത്യാപത്തിൽനിന്നു സാധുജനങ്ങളെ രക്ഷിക്കുന്നതിനു നമ്മുടെ സർവ്വശക്തിയും പ്രയോഗിച്ചു കൊണ്ടിരിക്കണം. നമ്മുടെ ശക്തിക്ക് അതീതമായിരിക്കാം അവരുടെ പ്രചരണ സാമർത്ഥ്യം. അതു നാം ഭയപ്പെട്ടിട്ടാവശ്യമില്ല. നമ്മുടെ ധർമ്മം നാം നിർവ്വഹിക്കുന്നതേ നമുക്ക് കരണീയമായുള്ളൂ.

"ഈ ശാസനാരൂപമായ ഉപദേശമാണു സുദീർഘമായ സംഭാഷണത്തിനിടയ്ക്ക് എനിക്ക് എന്റെ വന്ദ്യപിതാവിൽ നിന്ന് അവസാനമായി സിദ്ധിച്ചത്. ഇത് ആദ്യമായുള്ളതല്ല. മനോരമയുടെ പുനഃരാരംഭത്തിനു ശേഷമുള്ള കഴിഞ്ഞ ആറുവർഷത്തനിടയ്ക്കു പലപ്പോൾ പറഞ്ഞിട്ടുള്ള അഭിപ്രായമാണിത്. എന്തെന്നാൽ, കഴിഞ്ഞ ആറു വർഷത്തിനടയ്ക്ക് അപൂർവ്വമായും അത്യാവശ്യഘട്ടങ്ങളിലും മാത്രമേ അദ്ദേഹം പത്രത്തിന്റെ യഥാർത്ഥ പ്രവർത്തനം സംബന്ധിച്ച എഴുത്തു ജോലികളിലും മറ്റും പങ്കെടുത്തിരുന്നുള്ളൂ. മുഖപ്രസംഗങ്ങൾ തന്നെ വളരെ ദുർല്ലഭമായിട്ടാണ് അദ്ദേഹം എഴുതിയിരുന്നത്. അതിന് രണ്ടു പ്രധാന കാരണമുണ്ടായിരുന്നു. ഒന്നാമത്, പത്രം വീണ്ടും തുടങ്ങുമ്പോൾ എഴുപത്തഞ്ച് വയസ്സ് പ്രായമായിരുന്ന അദ്ദേഹം ഹൃദ്രോഗ ബാധിതനായ ആളാണെന്നും, ശ്രമരഹിതമായ ഒരു സംതൃപ്തി ജീവിതമാണ് അദ്ദേഹത്തിനു ഞങ്ങൾ അതിയായി ആഗ്രഹിച്ചിരുന്ന ആയുർദൈർഘ്യത്തിന് അത്യന്താപേക്ഷിതമെന്നും ഞങ്ങൾക്കെല്ലാം അറിയാമായിരുന്നതുകൊണ്ടു നിവൃത്തിയുള്ളേടത്തോളം അദ്ദേഹത്തെക്കൊണ്ടു ശ്രമകരമായ എഴുത്തു ജോലി ചെയ്യിക്കാതിരിക്കണമെന്നു വളരെ നിർബന്ധമുണ്ടായിരുന്നു. രണ്ടാമത്, അദ്ദേഹത്തിന്റെ അഭാവത്തിലും പത്രം അതിന്റെ നയത്തിനും പാ

രമ്പര്യത്തിനും ഭംഗം കൂടാതെ പഴയ ഒഴുക്കിൽ അദ്ദേഹത്തിനു പരിപൂർണ്ണ സംതൃപ്തിയാം വണ്ണം നിർവിഘ്നം നടക്കത്തക്കവിധം അദ്ദേഹത്തിന്റെ വിദഗ്ധമായ ഉപദേശത്തിലും നിർദ്ദേശത്തിലും ശിക്ഷണത്തിലും ഭരണവും പ്രവർത്തനവും എത്രയെളുപ്പം കാര്യക്ഷമതയുള്ളതാക്കാൻ ശ്രമിക്കണമെന്നതായിരുന്നു ഞങ്ങളുടെ ആഗ്രഹം. എന്നാൽ, ഏതു കാര്യത്തിലും അക്ഷീണ പ്രയത്നത്തിന് അത്യുത്സാഹിയായിരുന്ന അദ്ദേഹത്തിനു ശ്രമരഹിതമായ ജീവിതം ഒട്ടും ഇഷ്ടമായി തോന്നിയില്ല എങ്കിലും, മനോരമയുടെ സുചിര പരിശീലനം സിദ്ധിച്ചിട്ടുള്ള പഴയ പ്രവർത്തകൻമാർ പലരും അതിൽ വീണ്ടും വന്നു ചേർന്നതുകൊണ്ടും പത്രപ്രവർത്തനത്തിൽ നല്ല പഴക്കമുള്ള മറ്റാളുകളുടെയും സേവനം അതിനു നൂതനമായി സിദ്ധിച്ചതു കൊണ്ടും, തന്റെ നിർദ്ദേശാനുസരണം പ്രവർത്തിക്കാൻ പ്രാപ്തിയുള്ള ഒരു നല്ല സ്റ്റാഫ് മനോരമയ്ക്കുണ്ടായിട്ടുണ്ടെന്ന് അദ്ദേഹത്തിന് അചിരേണ ബോദ്ധ്യമായി. പിന്നീട് ആ സ്റ്റാഫിനെ തന്റെ നയത്തിനും രീതിക്കും വീക്ഷണവിശാലതക്കും അനുസരണമായി, തന്റെ അഭാവം ആരും അറിയാത്ത വിധം പത്രം അതിന്റെ ഉന്നതമായ പാരമ്പര്യത്തിൽ നടത്തുന്നതിനു പരിശീലിപ്പിക്കയാണ് അദ്ദേഹം അധികവും ചെയ്തുകൊണ്ടിരുന്നത്. അപ്രകാരം തന്റെ മക്കൾ താമസിക്കുന്ന മദ്രാസ്, ബാംഗ്ലൂർ, ബോംബെ എന്നീ സ്ഥലങ്ങളിലേക്കും മറ്റു പല സ്ഥലങ്ങളിലേക്കും കൂടെക്കൂടെ ഉണ്ടായിട്ടുള്ള യാത്രയ്ക്കിടയിൽ സംഭവിച്ചിട്ടുള്ള അദ്ദേഹത്തിന്റെ അസാധാരണമായിട്ടല്ലാതിരുന്ന അസാന്നിദ്ധ്യത്തിന്റെ കുറവ് ആരും അത്ര ശ്രദ്ധിച്ചു കാണാനിടയില്ല. ബഹുകാര്യബദ്ധനായി ഏറെക്കുറെ നിത്യസഞ്ചാരം ചെയ്തിരുന്ന അദ്ദേഹം പണ്ടും സ്റ്റാഫിനെ സസൂക്ഷ്മം തെരഞ്ഞെടുത്തു തന്റെ നയാനുവർത്തനത്തിനു പരിശീലിപ്പിക്കയാണു ചെയ്തിരുന്നത്. ഇപ്പോൾ ഞങ്ങളുടെ നിർബന്ധമായ അപേക്ഷ പ്രകാരം അതിൽ നേരത്തേ ശ്രദ്ധിച്ചുവെന്നേയുള്ളു. അതിനാൽ പത്രത്തിന്റെ മൗലിക നയ വിശദീകരണത്തിൽ മേൽപ്പറഞ്ഞ ഉപദേശം പലപ്പോഴും ഉണ്ടായിട്ടുണ്ട്. അതിന്റെ അവസാനമായ സ്ഥിരീകരണത്തിനുള്ള ഒരാവർത്തനം മാത്രമായിരുന്നു അന്നുണ്ടായതെന്നാണ് ഞാൻ വിചാരിക്കുന്നത്.

"മനോരമയെ ഒരു പബ്ലിക്ക് ട്രസ്റ്റായി വീക്ഷിക്കണമെന്നുള്ള അഭിപ്രായം വളരെക്കാലമായി അദ്ദേഹത്തിനുള്ളതായിരുന്നു. ഒരു കാലത്തും ആദായകരമായ ഒരു പ്രസ്ഥാനമായി അദ്ദേഹം അതിനെ കരുതിയിട്ടില്ല. കണക്കിൻപടി അവകാശപ്പെട്ട വല്ല ആദായവും വല്ലപ്പോഴും പറ്റിയിട്ടുണ്ടെങ്കിൽ അതിൽ വളരെ കൂടുതൽ അതിന്റെ വികസനത്തിനായി പിന്നീടു മുടക്കിയിട്ടുമുണ്ട്. മനോരമയുടെ പ്രയോജനം ഏതു വിധത്തിലും വർദ്ധിപ്പിക്കുക എന്നതു മാത്രമായിരുന്നു അദ്ദേഹത്തിന്റെ നിരന്തര ജ്വരം.

അതിൻെറ ലാഭനഷ്ടം നോക്കാതെ, ശേഷിയിൽ കവിഞ്ഞ പണം കടം വാങ്ങിയായാലും അതിൽ മുടക്കാൻ അദ്ദേഹം എന്നും ആഗ്രഹിച്ചിരുന്നു. അതുകൊണ്ടാണല്ലോ ഒരു ഹാൻഡ് പ്രസ്സായിരുന്ന മനോരമ പ്രസിൻേറയും, അഞ്ഞൂറിൽപരം വരിക്കാരുണ്ടായിരുന്ന വാരികയായിരുന്ന മനോരമ പത്രത്തിൻേറയും ഭരണച്ചുമതല 1072-ാ മാണ്ടു മുതൽക്കെടുത്ത അദ്ദേഹത്തിന് പലമെഷീൻ പ്രസ്സുകളോടും, ഒരു ഫ്ളാറ്റ് ബെഡ് റോട്ടറിയോടും ഒരു ട്യൂബുലർ റോട്ടറിയോടും, മറ്റു പല പരിഷ്കൃത അനുസാരികളോടും കൂടിയ ഒരു മഹൽസ്ഥാപനമായി പ്രസ്സിനേയും, മുപ്പതിനായിരത്തോളം വരിക്കാരുള്ള ഒരു മഹനീയ പ്രസ്ഥാനമായി പത്രത്തെയും വളർത്തുവാൻ സാധിച്ചത്. ഇനിയും ആ വിശിഷ്ടമായ ആദർശത്തിനും, പാരമ്പര്യത്തിനും യാതൊരു ഭംഗവും കൂടാതെ ഒരു യഥാർത്ഥ പബ്ളിക് ട്രസ്റ്റായി മനോരമയെ വളർത്തണമെന്നു തന്നെയാണ് അദ്ദേഹത്തിൻെറ പിൻഗാമികളും നിശ്ചയിച്ചിരിക്കുന്നതെന്നുള്ള വിവരം ഞാൻ മഹാജനങ്ങളെ സാദരം അറിയിച്ചുകൊള്ളുന്നു. മനുഷ്യരാശിക്കുപകാരം ചെയ്യുവാനുള്ള മനോരമയുടെ ശക്തിയും സൗകര്യവും നാനാമുഖമായി വർദ്ധിക്കണമെന്നു മാത്രമേ ഉടമസ്ഥർ ആഗ്രഹിക്കുന്നുള്ളു.

“മനോരമയുടെ നയത്തെപ്പറ്റി പറയുകയാണെങ്കിൽ, അവശതകളുടെയും, അസമത്വങ്ങളുടെയും നേരെയുള്ള ഒരു നിരന്തരസമരമാണു മനോരമ നടത്തിയിട്ടുള്ളത്. അതു സാമുദായികവും രാഷ്ട്രീയവും സാംസ്കാരികവുമായ രംഗങ്ങളിൽ ഒരുപോലെ നടത്തിയിട്ടുണ്ട്. പല വിട്ടുവീഴ്ചകളോടുകൂടി, ഒരു സൗമ്യനയത്തിലാണ് അത് എന്നും നിർവ്വഹിച്ചിട്ടുള്ളതെങ്കിലും, പ്രത്യേകമായ അവകാശങ്ങളും, സ്ഥാനങ്ങളും സ്വാധീനങ്ങളും അനുഭവിച്ചിരുന്ന ചിലർക്കതു സുഖിച്ചിരിക്കാനിടയില്ലല്ലോ. എന്നാൽ പരിപൂർണ്ണമായ പൗരസമത്വം സുസ്ഥാപിതമായിരിക്കുന്ന ഇന്നു വർഗ്ഗീയമോ, വിഭാഗീയമോ ആയ ഒരു വീക്ഷണഗതിക്ക് ആർക്കും ആവശ്യമില്ലാതായിട്ടുണ്ട്. അതിനാൽ തീണ്ടൽ, തൊടീൽ തുടങ്ങിയ അനാചാരങ്ങളോടും, വിദ്യാലയം, പെരുവഴി, പൊതുസ്ഥാപനം, ദേവാലയം, ചില ഡിപ്പാർട്ടുമെൻറുകൾ മുതലായവയിൽ ചില വർഗ്ഗങ്ങൾക്കുണ്ടായിരുന്ന വിലക്കുകളോടും മറ്റും സമരം ചെയ്തിരുന്ന കാലത്തെ മനോരമയുടെ നയം ഇനിയാരും അനുസ്മരിക്കേണ്ടതായ ആവശ്യമില്ല. സാമ്പത്തികമായ അവശതയും അസമത്വവുമാണ് ഇന്നത്തെ സാമുദായികവും രാഷ്ട്രീയവുമായ സർവ്വപ്രധാന പ്രശ്നം. അതൊരു സമുദായത്തിനോ, രാഷ്ട്രത്തിനോ മാത്രമുള്ളതല്ല. മൗലികമായ മൂല്യങ്ങളേയും തത്വങ്ങളെയും വിലംഘിക്കാതെ ആ ന്യൂനതകൾ പരിഹരിക്കുന്നതിനു ജനങ്ങൾക്കും ഗവൺമെൻറിനും ശരിയായ മാർഗ്ഗദർശനവും പ്രചോദനവും നൽ

കുന്നത് എന്നും ഒരു പ്രധാന ധർമ്മമായിട്ടാണു മനോരമ വിചാരിച്ചിട്ടുള്ളത്, അടുത്തകാലത്ത് സർവ്വപ്രധാന വിഷയമായിട്ടുണ്ട്. അതിനിയും ഊർജ്ജിതമായി തുടരുമെന്ന് ഉറപ്പു പറഞ്ഞു കൊള്ളുന്നു.

"ഇസങ്ങളിലൊന്നിലും ഞങ്ങൾ ഭ്രമിക്കുന്നില്ല. കമ്മ്യൂണിസം സർവ്വഥാ അബദ്ധവും ആപത്കരവും അപമാനകരവുമാണെന്നാണു മനോരമയുടെ സുചിന്തിതമായ അഭിപ്രായം. സോഷ്യലിസത്തോട്, ഉദ്ദേശ്യത്തെ സംബന്ധിച്ചിടത്തോളം യാതൊരു വിപ്രതിപത്തിയുമില്ല. എന്നാൽ ക്രമേണയും, സമാർജ്ജിച്ച ശക്തികൾ കളയാതെയും, ജനങ്ങളുടെ സമ്പൂർണ്ണമായ ശക്തികളെ പ്രബുദ്ധമാക്കിക്കൊണ്ടുമല്ലാതെ സോഷ്യലിസ്റ്റ് പ്രോഗ്രാമിലേക്ക് എടുത്തു ചാടിയാൽ രാജ്യം നിയന്ത്രണാധീനമാകാതെ കമ്മ്യൂണിസ്റ്റ് ചുഴലിയിലകപ്പെട്ടു സ്വേച്ഛാധിപത്യത്തിൻെറ അടിമത്തത്തിലേക്ക് അധഃപതിക്കുമെന്നാണു ഞങ്ങളുടെ അഭിപ്രായം. കോൺഗ്രസ്സിൻെറ തന്നെ ചില സാമ്പത്തിക പ്രോഗ്രാം സാധാരണ പുരോഗതിയെ മുരടിപ്പിക്കത്തക്കവിധം ത്വരിതപരിവർത്തനം ചെയ്യുന്നതായിട്ടാണ് ഞങ്ങൾ ഭയപ്പെടുന്നത്. അത് പണക്കാരുടെയല്ലാതെ പാവപ്പെട്ടവൻെറ ശ്രേയസ്സിനെ കരുതാത്ത ഒരു ചിത്തവൃത്തിയുടെ ഫലമെന്നു ചിലർ വിചാരിക്കുന്നുണ്ട്. പരമാർത്ഥമതല്ല. തൊഴിലും സാമാനങ്ങളും ക്രയശക്തിയും ക്രെഡിറ്റും (നാണ്യം) കുറഞ്ഞ് പാവപ്പെട്ടവർ കൂടുതൽ കുഴയുന്ന കാലം വന്നുകൂടുകയില്ലല്ലോ എന്നാണു ഞങ്ങളുടെ ഭയം. അതിൻെറ ലക്ഷണം കാണുന്നുമുണ്ട്. അതിനാൽ 'ഇസ'ങ്ങളിൽ കുടുങ്ങി നശിക്കാതെ വിഭവങ്ങളുടെയും തൊഴിലുകളുടെയും ക്രയശക്തിയുടെയും വർദ്ധന കൊണ്ടു പാവപ്പെട്ടവനെ ഉദ്ധരിക്കയാണു വേണ്ടതെന്നേ ഞങ്ങൾക്ക് അഭിപ്രായമുള്ളൂ. അതിനാൽ സാമ്പത്തികമായ അവശതയും അസമത്വവും അസ്തമിക്കുമെന്നുള്ളതു നിശ്ചയമാണ്. അതിനു ഉദാഹരണവുമുണ്ട്. മറ്റതു സംശയമാണെന്നല്ല, ഉദാഹരണം ലോകത്തില്ല താനും. കമ്മ്യൂണിസത്തിൻെറ മട്ടിൽ തൊഴിലാളികളെ അടിമകളാക്കി അടിച്ചമർത്തി അധഃപതിപ്പിക്കുന്ന സാമ്പത്തിക പ്രോഗ്രാമല്ല, അവരെ സ്വതന്ത്രവൃത്തികളായുള്ള അനിയന്ത്രിതാഭിവൃദ്ധിക്ക് ഉത്സാഹിപ്പിക്കയും സഹായിക്കയും ചെയ്യുന്ന പരിപാടിയാണു കൂടുതൽ പ്രയോജനകരമായി ഞങ്ങൾ വിചാരിക്കുന്നതെന്നേ വ്യത്യാസമുള്ളൂ.

"ഇപ്രകാരം ശരിയായ നിർദ്ദേശങ്ങൾ തന്നും, നയങ്ങൾ ദൃഢപ്പെടുത്തിയും, സകല ഏർപ്പാടുകളും അദ്ദേഹത്തിനു തൃപ്തിയായ വിധം ഇണക്കിയുമാണ് എൻെറ വന്ദ്യപിതാവ് അന്ത്യയാത്ര തിരിച്ചതെങ്കിലും, അദ്ദേഹത്തിൻെറയും സ്വർഗ്ഗീയ പിതാവിൻെറയും അനുഗ്രഹം എന്നും നമ്മിൽ വർഷിച്ചുകൊണ്ടിരിക്കുമെന്ന് ആത്മാർത്ഥമായി ഞാൻ വിശ്വസിക്കുന്നുണ്ടെങ്കിലും, വളരെ വമ്പിച്ച ഒരു പബ്ളിക് ട്രസ്റ്റിൻെറ ഭാരമാണ്

ഒരു അസാധാരണ കർമ്മയോഗിയായിരുന്ന മഹാപ്രതിഭാശാലിയുടെ അസാന്നിദ്ധ്യത്തിൽ നാം ഭരമേൽക്കേണ്ടതായി വന്നിരിക്കുന്നത്. അത് രാജ്യത്തിൻെറ ഭാവി ത്രാസിൽ തൂങ്ങി തുടിച്ചുകൊണ്ടിരിക്കുന്ന ഒരു സന്ദർഭത്തിലുമാണ്. എൻെറ സഹപ്രവർത്തകരും മനോരമയുടെ എല്ലാ ഏജൻസികളും, മറ്റു സഹകാരികളും, മാത്രമല്ല, വരിക്കാരും, വായനക്കാരുമായ സകല ബന്ധുക്കളും അതു വളരെ ഗൗരവമായി ഗണിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എനിക്കു പല പോരായ്മകളുമുണ്ടെങ്കിലും, അവയിൽ വളരെ പ്രാധാന്യമുള്ളതായി ഇപ്പോളനുഭവപ്പെട്ടിരിക്കുന്നതു മനോരമയുടെയും മാമ്മൻമാപ്പിള അവർകളുടെയും ഏകീഭവിച്ചിരുന്ന അതിവിപുലമായ ബന്ധുമണ്ഡലത്തിൽ അല്പ പരിചയക്കാരനായി ഞാൻ സദാ പതറേണ്ടതായി വരുന്നതാണ്. ആ കുറവുകളെല്ലാം മഹാമനസ്കരായ ബന്ധുജനങ്ങൾ ക്ഷമിച്ച്, എൻെറ പ്രിയപിതാവിൻെറ പുണ്യപാദങ്ങൾ നമിച്ചുകൊണ്ടു പിൻതുടരുന്ന എന്നെ അവരുടെ ആശിസ്സുകളും ഉപദേശങ്ങളും കൊണ്ടു സഹായിക്കണമെന്നു ഞാൻ സാദരം അപേക്ഷിച്ചു കൊള്ളുന്നു."[2]

പത്രം രണ്ടാമത് തുടങ്ങിയതു മുതൽ മനോരമയെ സുഗമമായി മുന്നോട്ടു കൊണ്ടു പോകുവാൻ എല്ലാവിധ പരിശ്രമങ്ങളും നടത്തിയിരുന്നത് കെ. എം. ചെറിയാൻ ആയിരുന്നു. പത്രപ്രവർത്തനവുമായി ഇഴുകിച്ചേരുവാൻ അങ്ങനെ നിർബ്ബദ്ധനായതുകൊണ്ട് മാമ്മൻമാപ്പിളക്കു ശേഷം മുഖ്യപത്രാധിപരാകേണ്ടിവന്നപ്പോൾ പരിചയസമ്പന്നനായിരുന്ന അദ്ദേഹത്തിന് അതിൻെറ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകുവാൻ തരിമ്പും പ്രയാസം നേരിട്ടില്ല. പുറമേ ജേർണലിസത്തിൽ മികച്ച പരിശീലനം, ലഭിച്ച അദ്ദേഹത്തിൻെറ സഹോദരനും ഇന്ന് മനോരമയുടെ മുഖ്യപത്രാധിപരുമായ കെ.എം. മാത്യു മാനേജിങ് എഡിറ്ററായി വർത്തിക്കുകകൂടി ചെയ്തപ്പോൾ മനോരമയുടെ മുന്നോട്ടുള്ള പ്രയാണം സുഗമമായി. എന്നാൽ തനിക്ക് മാർഗ്ഗദർശകമായി അവസാനനാൾ പിതാവ് നൽകിയ അന്ത്യശാസനം, "ദൈവവാക്യം പോലെയാണ് ശ്രീമാൻ ചെറിയാൻ ഭക്തിപൂർവ്വം ശ്രവിച്ചതും, അവയ്ക്കനുസരിച്ച് പിന്നീട് പ്രവർത്തിച്ചതും."[3] 'മനോരമ'യുടെ പ്രചാരണം വർദ്ധിപ്പിക്കുക, വാർത്താവിനിയമ സൗകര്യങ്ങൾ സുസജ്ജമാക്കുക, 'മനോരമ' പ്രവർത്തകർക്ക് കാലത്തിനനുസരിച്ചുള്ള സാങ്കേതിക പരിജ്ഞാനം കൊടുക്കുകയും പരിശീലനം നൽകുകയും ചെയ്യുക, ജേർണലിസത്തിൽ ഉപരിപഠനത്തിനായി വിദഗ്ദധരെ മറ്റു സ്ഥലങ്ങളിൽ അയച്ച് വിദ്യാഭ്യാസം നൽകുക, നവീന യന്ത്രോപകരണങ്ങൾ വരുത്തി അച്ചടി കൂടുതൽ കാര്യക്ഷമമാക്കുക, ഓഫീസിൽ അച്ചടക്കവും കൂട്ടായ്മയും പ്രാവർത്തികമാക്കുക എന്നിവക്കെല്ലാമാണ് കെ.എം. ചെറിയാൻ തൻെറ മുഴുവൻ ശ്രദ്ധയും ചെലുത്തി

യത്. ലാഭകരമായ ഒരു വ്യവസായ സ്ഥാപനമെന്ന നിലയിലല്ല, ജന സേവനത്തിനുള്ള ഒരുപാധിയായി പത്രത്തെ ഉപയോഗപ്പെടുത്തണ മെന്നായിരുന്നുവല്ലോ തൻെറ പിതാവ് ആശിക്കുകയും ആവർത്തിച്ചാ വർത്തിച്ച് പറയുകയും ചെയ്തിരുന്നത്. അതിൽനിന്നും ഒരണുവോളം മാറാതെ മഹത്തായ ആ ലക്ഷ്യത്തെക്കുറിച്ച് തീർത്തും ബോധവാനായി രുന്നു കെ. എം. ചെറിയാൻ.

പത്രത്തിൻെറ പ്രചാരം മുപ്പതിനായിരത്തിൽ നിന്നും മൂന്നുലക്ഷത്തി നുമേലെ ആകുവാൻ അധികസമയമെടുത്തില്ല. വായനക്കാരുടെ ആവശ്യത്തിനനുസരിച്ച് പത്രത്തിൻെറ സംഖ്യ വർദ്ധിപ്പിക്കുവാനും, പ്രവർത്തനം സുസജ്ജമാക്കുവാനും അദ്ദേഹത്തിനു സഹിക്കേണ്ടിവന്ന ക്ളേശങ്ങൾ അവാച്യമാണ്. സാമ്പത്തികമായി ഏറെ ക്ളേശങ്ങൾ അഭി മുഖീകരിക്കേണ്ടതായി വന്നപ്പോഴും, പത്രം നടത്തിക്കൊണ്ടുപോകുവാൻ ഏറെ പ്രയാസങ്ങൾ നേരിട്ടപ്പോഴും പത്രം നിന്നുപോകുമോയെന്ന ആശങ്ക പ്രകടിപ്പിച്ചവരായിരുന്നു അധികമാളുകളും. അപ്പോഴും എല്ലാം ഈശ്വ രനിൽ അർപ്പിച്ചുകൊണ്ട് ആദർശം കൈവിടാതെ അചഞ്ചലനായി ഏതു പ്രതിബന്ധങ്ങളെയും അഭിമുഖീകരിക്കുവാൻ തയ്യാറായിരുന്നു അദ്ദേഹം. കെ.എം. ചെറിയാൻെറ ജീവചരിത്രകാരനായ ടി. ചാണ്ടി ഇക്കാര്യം ഓർ മ്മിക്കുന്നതിങ്ങനെയാണ്. "അദ്ദേഹത്തിൻെറ ഈ ഉറച്ച നിലപാടും, ദീർ ഘദർശിത്വവുമായിരുന്നു മനോരമയുടെ അഭൂതപൂർവ്വമായ വി ജയരഹസ്യം. തൻെറ അഭിപ്രായദാർഢ്യവും, നയരൂപീകരണത്തിൽ പ്രദർ ശിപ്പിച്ച പക്വബുദ്ധിയും അദ്ദേഹത്തെ അചിരേണ മഹാനായ പത്രാധി പർ എന്ന പേരിനും പ്രശസ്തിക്കും അർഹനാക്കിത്തീർത്തു."[4]

സർ സി. പിയും അദ്ദേഹത്തെ താങ്ങി നിർത്തിയിരുന്ന ശക്തികളും മ നോരമ എന്നെന്നേക്കുമായി അവസാനിച്ചിരിക്കുന്നുവെന്ന് ആശ്വസിച്ച് സുഖിച്ചവരാണ്. അപ്പോഴാണ് ഈശ്വരനിയോഗം പോലെ കെ.എം. ചെറിയാനിലൂടെ മനോരമക്ക് പുനർജന്മം ലഭിക്കുന്നത്. വറുഗീസ് മാപ്പി ളയുടെ അകാല നിര്യാണത്തോടുകൂടി അനാഥമായി നിന്നു പോകുമാ യിരുന്ന മലയാള മനോരമക്ക് ഏതു വിധമാണോ കെ.സി. മാമ്മൻ മാപ്പിള ജീവൻ നൽകി ബാലാരിഷ്ടതയിൽനിന്നു മുക്തമാക്കിയത്, അതുപോ ലെയോ, അതിൽ കൂടുതലോ ആണ് കെ. എം. ചെറിയാൻ 'മനോരമ' പു നഃപ്രസിദ്ധീകരിക്കുവാൻ സഹിച്ച ത്യാഗപൂർണ്ണമായ യാതനകൾ. കെ. പി. കേശവമേനോൻ എഴുതിയ 'കെ. എം. ചെറിയാൻ - വ്യക്തിപ്രഭാവവും നേട്ടങ്ങളും' എന്ന ലേഖനത്തിൽ അനുസ്മരിക്കുന്നത് ഇപ്രകാരമാണ്. "ദിവാൻ സി.പി. രാമസ്വാമി അയ്യരും ശ്രീമാൻ മാമ്മൻമാപ്പിളയും തമ്മി ലുണ്ടായ ഏറ്റുമുട്ടലിനെപ്പറ്റിയും അതിൻെറ കാരണങ്ങളെക്കുറിച്ചും ഇതി നു മുമ്പ് വിവരിച്ചിട്ടുണ്ടല്ലോ. ആ സംഭവങ്ങളൊന്നുമുണ്ടാകാതെ മാമ്മൻ

മാപ്പിള, മനോരമ പത്രാധിപത്യം തുടർന്നു പോയിരുന്നുവെങ്കിൽ അദ്ദേഹത്തിൻെറ മരണത്തിനു ശേഷം ശ്രീമാൻ കെ. എം. ചെറിയാൻ മനോരമയുടെ പത്രാധിപസ്ഥാനം ഏറ്റെടുക്കുമായിരുന്നുവോ എന്ന സംശയം ഇപ്പോഴും എൻെറ മനസ്സിൽ നിന്ന് തീരെ അകറ്റുവാൻ എനിക്കു കഴിഞ്ഞിട്ടില്ല. ശാന്തനും സൗമ്യനും വിജ്ഞാന സമ്പാദനത്തിൽ അതീവ തൽപ്പരനുമായിരുന്ന ശ്രീമാൻ ചെറിയാൻ താൻ ചിരകാലം ഏർപ്പെട്ടിരുന്ന അദ്ധ്യാപക ജോലി തുടർന്നുപോകുവാനോ, മതസംബന്ധമായോ, സദാചാരസംബന്ധമായോ ഉള്ള കാര്യങ്ങൾ ജനങ്ങളെ പറഞ്ഞു മനസ്സിലാക്കുന്നതിനും മറ്റും ഏർപ്പെടുവാനോ ആയിരിക്കും ഇഷ്ടപ്പെടുകയെന്നാണ് എൻെറ വിശ്വാസം. എന്നാൽ പിതാവിനു നേരിട്ട കഷ്ടതകൾ കണ്ടപ്പോൾ എത്ര ബുദ്ധിമുട്ടിയാലും എന്തു പ്രതിബന്ധങ്ങൾ നേരിട്ടാലും മനോരമയെ വീണ്ടും നടത്തുന്നതിനുള്ള സാഹചര്യങ്ങൾ പിതാവിനുണ്ടാക്കിക്കൊടുക്കണമെന്ന ദൃഢനിശ്ചയത്തോടെ പത്രത്തിൻെറ കാര്യത്തിലദ്ദേഹം ഏർപ്പെടുകയാണുണ്ടായത്."[5]

ജീവനക്കാർക്ക് 'മലയാള മനോരമ'യും, 'മനോരമ'യ്ക്ക് ജീവനക്കാരും വേർപെടുത്താൻ കഴിയാത്ത ഏകഘടകമായി വർത്തിക്കുന്നു. മനോരമയിൽ ജോലി ചെയ്യുന്നവരിൽ സ്ഥാപനം തങ്ങളുടേതു കൂടിയാണെന്നുള്ള അവബോധം സൃഷ്ടിക്കുവാൻ ആദ്യം മുതലേ ശ്രമിച്ചിരുന്നതായി കാണാം. വറുഗീസ് മാപ്പിളയുടേയും മാമ്മൻ മാപ്പിളയുടേയും കാലത്തു തന്നെ ഈയൊരു ബന്ധം സുദൃഢമായിരുന്നു. പ്രധാന പത്രാധിപർ മുതൽ വാച്ച്മാൻ വരെയുള്ളവർ ഒറ്റ കുടുംബത്തിലെ അംഗങ്ങളാണെന്നുള്ള വിശ്വാസം, സ്ഥാപനത്തോട് എല്ലാവർക്കും കൂറും സ്നേഹവും ഉണ്ടാക്കുവാൻ ഉപകരിച്ചു. മനുഷ്യനും മനുഷ്യനും തമ്മിലുള്ള മമതാബന്ധം യാതൊരു ഉലച്ചിലും തട്ടാതെ നിലനിർത്തിയിരുന്ന മനുഷ്യ സ്നേഹിയായിരുന്നുവല്ലോ കെ.സി. മാമ്മൻമാപ്പിള. 'സ്നേഹാധിഷ്ഠിത ബന്ധം' എന്ന ശീർഷകത്തിൽ ഡോ. ബാബു വിജയനാഥ് കെ.സി. മാമ്മൻമാപ്പിളയെക്കുറിച്ചെഴുതിയത് "ഓരോ പന്ഥാവിലും പ്രവർത്തിച്ചവരുമായി ദൃഢമായ മാനസിക ബന്ധം വളർത്തി ഇൻഡസ്ട്രിയൽ റിലേഷൻഷിപ്പ് സ്ഥാപിച്ച ഒരാളാണ് മാമ്മൻമാപ്പിള" എന്നാണ്. അദ്ദേഹം തുടർന്ന് എഴുതുന്നത് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. 'നാഷണൽ ക്വായിലോൺ ബാങ്ക്' ലിക്വിഡേഷനിൽ പോയാൽ അതിലെ ജീവനക്കാർ നിസ്സഹായരായിത്തീരുമെന്നു വിചാരിച്ച് അദ്ദേഹം കണ്ണീർ പൊഴിച്ചു. ഏതു വ്യവസായ സ്ഥാപനത്തിലെ മേലധികാരിയാണ് തൊഴിലാളികളെ പിരിച്ചുവിട്ടാൽ കരയുന്നത്?"[6] മാമ്മൻ മാപ്പിള അന്ത്യയാത്ര പറഞ്ഞ ദിവസം വൈകുന്നേരം നടന്ന ഒരു സംഭവം മാമ്മൻമാപ്പിളയെക്കുറിച്ചെഴുതുന്ന കൂട്ടത്തിൽ അദ്ദേഹത്തിൻെറ സഹപ്രവർത്തകനായിരുന്ന പി. ഒ. ഏബ്രഹാം എടുത്തു

കാട്ടുന്നുണ്ട്. "അന്നു വൈകുന്നേരം തന്നെയാണ് ആജീവനാന്തം പരോപകാരപ്രവണമായിരുന്ന ആ ഉദാരഹസ്തങ്ങൾ കൊണ്ടുള്ള അന്ത്യസംഭാവനയും താൻ നടത്തിയത്. പത്തു നാൽപ്പതു വർഷക്കാലം മുമ്പ് മനോരമ ഓഫീസിൽ വിശ്വസ്തതയോടെ സേവനം നടത്തിയതിനുശേഷം ഇക്കഴിഞ്ഞ പത്തിരുപത് വർഷക്കാലമായി ജോലിയിൽനിന്നും വിരമിച്ചു കഴിഞ്ഞു കൂടി വന്ന ഒരു വൃദ്ധൻ രോഗശയ്യാവലംബനായി കിടക്കുന്നുവെന്നും ചികിത്സക്ക് ആവശ്യമുള്ള മരുന്നുകൾ വാങ്ങാൻ പോലും പണമില്ലാതെ ഞെരുങ്ങി വിഷമിക്കുന്നു എന്നും അയാളുടെ പുത്രൻ വന്നറിയിച്ചു. ഉടൻ തന്നെ ശ്രീ മാമ്മൻമാപ്പിള 150 രൂപ സംഭാവനയായി കൊടുക്കുകയുണ്ടായി. അതായിരുന്നു അദ്ദേഹത്തിന്റെ ആയുസ്സിലെ അന്ത്യസംഭാവന."[7]

മലയാള മനോരമയുമായി ബന്ധപ്പെട്ടിട്ടുള്ള ഏവർക്കും ഈ സൗഹൃദത്തിന്റെ മാധുര്യം നുണയുവാൻ ഭാഗ്യം ലഭിച്ചിട്ടുണ്ട്. മാമ്മൻമാപ്പിളക്കുശേഷം കെ. എം. ചെറിയാൻ തന്റെ സഹപ്രവർത്തകരോട് പ്രദർശിപ്പിച്ചിരുന്ന സ്നേഹസൗമനസ്യങ്ങളെക്കുറിച്ച് ഒരുപാടെഴുതാനുണ്ട്. കെ.പി. കേശവമേനോൻ പറയുന്നത്, "മനോരമയിൽ പണിയെടുക്കുന്നവരെല്ലാം അവർ പത്രാധിപവകുപ്പിൽ ജോലി ചെയ്യുന്നവരായാലും മാനേജുമെന്റ് വിഭാഗത്തിൽ ഉള്ളവരായാലും താണജോലിക്കാരായാലും ആ വലിയ കുടുംബത്തിലെ അംഗങ്ങളാണെന്നായിരുന്നു അദ്ദേഹത്തിന്റെ വിചാരം. ഈ മനോഭാവം വെളിവാക്കുന്നൊരു കുറിപ്പ് ചെറിയാന്റെ മരണശേഷം കണ്ടുകിട്ടിയിരുന്നു. അതിപ്രകാരമാണ്. "മനോരമയുടെ ഭാവിഭാഗധേയം വഹിക്കേണ്ട മാത്തുക്കുട്ടി (കെ. എം. മാത്യു), തമ്പാൻ (മാമ്മൻ വർഗീസ്), കുഞ്ഞ് (കെ.ഓ. കുര്യൻ) എന്നിവർക്ക് മനോരമയിലെ എല്ലാ തൊഴിലാളികളെയും ജീവനക്കാരെയും സ്വന്തം കുടുംബാംഗങ്ങളെന്ന നിലയിൽ കാണുവാനുള്ള കഴിവും മനഃസ്ഥിതിയും നൽകണമേയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഇപ്പോഴത്തെ ഈ തരത്തിലുള്ള നല്ല ബന്ധം തകർന്നു പോകാൻ ഒരു കാലത്തും ഇടവരരുതേ."[8] അദ്ദേഹത്തിന്റെ അവസാനകാലത്ത് രേഖപ്പെടുത്തിയ ഈ കുറിപ്പ് സ്വയം സംസാരിക്കുന്നതായതു കൊണ്ട് വിശദീകരിക്കേണ്ട ആവശ്യമില്ലല്ലോ. ജീവനക്കാരോടു മാത്രമല്ല, തന്റെ സഹായമോ ഉപദേശമോ തേടിയെത്തുന്ന ഏവരോടും പകാമതിയായ ആ മഹാശയൻ കാണിച്ചിരുന്ന ഔദാര്യവും കാരുണ്യവും ഏറെ പ്രശംസിക്കപ്പെട്ടിട്ടുള്ളവയാണ്. 'കെ. എം. ചെറിയാൻ സ്മരണികയിൽ' ജീവചരിത്രകാരനായ ടി. ചാണ്ടി ഓർമ്മിപ്പിക്കുന്നത് ശ്രദ്ധിക്കുക. "മനോരമയിലെ ഒരു ശിപായിക്കുപോലും കാരണവരായ 'ഉണ്ണൂണ്ണിച്ചായനെ' ഏതു സമയത്തും കാണുവാൻ അനുവാദമുണ്ടായിരുന്നു. എല്ലാവരുടെയും പ്രശ്നങ്ങളും ഭാരങ്ങളും പങ്കിടുവാനുള്ള സ്വാ

ത്രന്ത്യവുമുണ്ടായിരുന്നു. മറ്റുള്ളവരുടെ ദുഃഖങ്ങളിലും വേദനകളിലും പങ്കുചേരാൻ അദ്ദേഹത്തിന്നുണ്ടായിരുന്ന ആത്മാർത്ഥമായ സന്നദ്ധത ദുഃഖിതരും പീഡിതരുമായ ആളുകളെ അദ്ദേഹത്തിൻെറ അടുക്കലേക്ക് ആകർഷിച്ചു. ദാരിദ്ര്യവും രോഗവും മൂലം വലഞ്ഞവരെ അദ്ദേഹം നിർലോഭം സഹായിച്ചു വന്നിരുന്നു. മനോരമയിലെ ഓരോ തൂണിനും തുരുമ്പിനും ഉണ്ണൂണ്ണിച്ചായൻെറ മനുഷ്യസ്നേഹപരമായ കരുതലിൻേറയും സഹായത്തിൻെറയും ഓരോ കഥ പറയാനുണ്ടാകും."[9] ഇതേ വികാരം കെ.പി. കേശവമേനോൻ അവതരിപ്പിക്കുന്നത് വേറൊരു തരത്തിലാണ്. "സഹപ്രവർത്തകരോടും തൻെറ കീഴിലുള്ളവരോടുമുള്ള അദ്ദേഹത്തിൻെറ പെരുമാറ്റം ഏറ്റവും ഹൃദ്യവും ആത്മാർത്ഥതയും തികഞ്ഞ വിധത്തിലുള്ളതായിരുന്നു. അതുകൊണ്ട് അദ്ദേഹവുമായി ഒരിക്കലെങ്കിലും സൗഹാർദ്ദബന്ധത്തിലേർപ്പെട്ടിട്ടുള്ളവർ ആജീവനാന്ത മൈത്രീബന്ധത്തിൽ നിലനില്ക്കാതെ പോയിട്ടുള്ളത് ചുരുക്കമാണ്."[10] അങ്ങനെ 'മലയാളമനോരമ' കുടുംബത്തെ ബലിഷ്ഠവും ശക്തവുമാക്കിയ കെ. എം. ചെറിയാൻ പത്രത്തിൻെറ വികസന പ്രക്രിയയിൽ അവലംബിച്ച പത്രധർമ്മവും നയപരിപാടികളും എന്തൊക്കെയായിരുന്നു എന്നതിൻെറ വിവരണമാണ് അടുത്ത അദ്ധ്യായത്തിലെ പ്രതിപാദ്യം.

## സൂചിക


1. കെ.എം. ചെറിയാൻ സ്മരണിക, ആ ധന്യ ജീവിതത്തിലേക്ക് ഒരെത്തിനോട്ടം, ടി. ചാണ്ടി. പുറം 37.
2. അന്ത്യശാസനം, 1954 ജനുവരി 5, മുഖപ്രസംഗം, കെ.എം. ചെറിയാൻ സ്മരണിക, പുറം 242.
3. അതുതന്നെ, കെ.എം. ചെറിയാൻ - വ്യക്തിപ്രഭാവവും നേട്ടങ്ങളും, കെ.പി. കേശവമേനോൻ, പുറം 25.
4. ടി. ചാണ്ടി, കെ.എം. ചെറിയാൻ സ്മരണിക, പുറം-46.
5. സ്മരണിക, കെ. പി. കേശവമേനോൻ, പുറം-29.
6. മാമ്മൻ മാപ്പിള, ഒരു പഠനം, ഡോ. ബാബു വിജയനാഥ്, സ്നേഹാധിഷ്ഠിത ബന്ധം, പുറം 58.
7. പി. ഓ. ഏബ്രഹാം, അതുതന്നെ, സഹപ്രവർത്തകരുടെ അനുസ്മരണങ്ങൾ, പുറം-200
8. കെ. എം. ചെറിയാൻ സ്മരണിക, കെ. പി. കേശവമേനോൻ, പുറം-28, 29
9. കെ. എം. ചെറിയാൻ സ്മരണിക, ടി. ചാണ്ടി, പേജ്-61, 62
10. കെ. എം. ചെറിയാൻ സ്മരണിക, കെ.പി. കേശവമേനോൻ

# പത്രവും പത്രാധിപരും

1954 ൻെറ പുതുവത്സരപ്പിറവിക്ക് അല്പം മുമ്പ് മാമ്മൻ മാപ്പിള മരണമടഞ്ഞു. അതോടെ 'മനോരമ'യുടെ പരിപൂർണ്ണ ഉത്തരവാദിത്വം കെ. എം. ചെറിയാനിൽ അർപ്പിതവുമായി. പത്രാധിപരുടെ ഉത്തരവാദിത്തം കെ. എം. ചെറിയാൻ ഏറ്റെടുക്കുന്ന അവസരത്തിൽ 28,666 ആയിരുന്നു 'മലയാള മനോരമ'യുടെ സർക്കുലേഷൻ. 18 കൊല്ലത്തിനുശേഷം കെ. എം. ചെറിയാൻ നിര്യാതനാകുമ്പോൾ പത്രത്തിൻെറ പ്രചാരം 3 ലക്ഷത്തിൽ കൂടുതലായി വർദ്ധിച്ചിരുന്നുവെന്ന് നാം മനസ്സിലാക്കുന്നു.[1] അതോടൊപ്പം മലയാള മനോരമ ആഴ്ചപ്പതിപ്പിനും അഭൂതപൂർവ്വമായ വളർച്ച ഉണ്ടായി. ചെറിയാൻ മരണമടയുമ്പോൾ ആഴ്ചപ്പതിപ്പിൻെറ സർക്കുലേഷൻ 3,29,218 ആയിരുന്നു. മാത്രവുമല്ല, കുട്ടികളുടെ മാസികയായ 'ബാലരമ'യുടെ പ്രസിദ്ധീകരണം മരിക്കുന്നതിന് ഒരു വർഷം മുമ്പ് ഫലവത്താക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു. 1972 ഫെബ്രുവരി 27-ാം തീയതി ആയിരുന്നുവല്ലോ ബാലരമയുടെ തുടക്കം. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ ഇതിനെത്രയോ മുമ്പുതന്നെ മലയാള മനോരമ ഇയർ ബുക്ക് 1958 മുതൽ മലയാളത്തിലും പിന്നീട് ഇംഗ്ലീഷിലും മലയാളത്തിലുമായി 1965 മുതലും തുടർച്ചയായി പ്രസിദ്ധീകരിക്കുവാനും തുടങ്ങി. ഇവയെല്ലാം ചിട്ടയോടുകൂടി വിജയകരമായി നടത്തുവാൻ പ്രസ്സിൻേറയും ഓഫീസിൻേറയും സംവിധാനത്തിൽ ഏറെ പരിഷ്കാരങ്ങൾ നടത്തേണ്ടതായുണ്ടായിരുന്നു. 'മനോരമയുടെ അറുപതു വർഷം' എന്ന ലേഖനത്തിൽ കെ. എം. ചെറിയാൻ തന്നെ ഇക്കാര്യം വിവരിക്കുന്നത് ഇപ്രകാരമാണ്. "മനോരമയുടെ പുനർ ആവിർഭാവത്തിനുശേഷം പരിഷ്കൃതമായ രീതിയിൽ മാനേജുമെൻറിൻെറ പ്രവർത്തനം പുനഃസംഘടിപ്പിച്ചു വരികയായാണ്. അതു മിക്കവാറും തൃപ്തികരമായ നിലയിൽ എത്തിച്ചേർന്നിട്ടുണ്ടെന്ന് ഇപ്പോൾ പ്രസ്താവിക്കുന്നതിൽ ചാരിതാർത്ഥ്യമുണ്ട്. നവീന മാതൃകയിലുള്ള ടൈപ്പ് കാസ്റ്റിംഗ് യന്ത്രങ്ങൾ വാങ്ങിക്കഴിഞ്ഞു. ചിത്രങ്ങളുടെ ബ്ലോക്കുകൾ ഉണ്ടാക്കുന്നതിനു വേണ്ടി മുന്നുവർഷം മുമ്പ് ആരംഭിച്ച പ്രോസസ് സ്റ്റുഡിയോയുടെ പ്രവർത്തനം വിജയകരമായി മുമ്പോട്ടു പോകുന്നു. ഏജൻസികൾ കുടിശ്ശിക വരുത്താതിരിക്കത്തക്കവണ്ണം സർക്കുലേഷൻ ഡിപ്പാർട്ടുമെൻറ് കാര്യക്ഷമമായി പുനഃസംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. പരസ്യവകുപ്പിൻെറ പ്രയോജനകരമായ പ്രവർത്തനത്തിൻെറ ഫലം മനോരമദിനപത്രത്തിൻെറ പേജുകൾ മറിച്ചു നോക്കിയാൽ മനസ്സിലാക്കാവുന്നതാണ്. റോട്ടറി പ്രസ്സ് സ്ഥാപിക്കുന്നതോടു കൂടി പ്രസ്സിൻെറ സാങ്കേതിക നിലവാരത്തിൽ ഗണ്യമായ പുരോഗതിയാണു സംഭവിക്കുന്നത്. ഓരോ ദിവസം ചെല്ലുന്തോറും മാനേജ്മെൻറിൻെറ

---

1 *മലയാള മനോരമയുടെ ചരിത്രം*

പ്രവർത്തനരംഗം പൂർവ്വാധികം വിപുലവും കാര്യക്ഷമവുമായി വരികയാണ്."[2] ഈ പ്രസ്താവം തീർത്തും ശരിയാണെന്ന് പിന്നീട് മനോരമയുടെ സാങ്കേതിക നേട്ടങ്ങളും മാനേജുമെൻറിൽ ഉണ്ടായ ശാസ്ത്രീയ സംവിധാനങ്ങളും സാക്ഷിയാണ്. വളരെ നേരത്തെതന്നെ തിരുവനന്തപുരവുമായി ടെലിപ്രിൻറർ ബന്ധമുള്ള മനോരമക്ക് 1964ൽ കോഴിക്കോടുമായി ടെലിപ്രിൻറർ ബന്ധം സ്ഥാപിക്കുവാൻ കഴിഞ്ഞു. പിറ്റേവർഷം കോട്ടയത്ത് ഓഫ്സെറ്റ് പ്രസ്സ് തുടങ്ങുകയും ഡൽഹിയുമായി ടെലിപ്രിൻറർ ബന്ധം സ്ഥാപിക്കുകയും ചെയ്തത് അച്ചടിയുടെയും വാർത്താ സജ്ജീകരണത്തിൻെറയും മേഖലകളിൽ വലിയ വികാസമാണുണ്ടാക്കിയത്. 1966 ആയപ്പോഴേക്ക് എറണാകുളം-കോട്ടയം ടെലിപ്രിൻറർ ബന്ധം സ്ഥാപിച്ചതിനു പുറമേ 'മലയാള മനോരമ'യ്ക്ക് കോഴിക്കോട് ഒരു യൂണിറ്റ് നിലവിൽ വരുകയും ചെയ്തു. അവിടെ നിന്നും 1966 ഡിസംബർ ഒന്നാം തീയതി 'മനോരമ'യുടെ കോഴിക്കോട് പതിപ്പിൻെറ പ്രസിദ്ധീകരണം ആരംഭിച്ചു. തുടർന്ന് 1968 ൽ പ്ലമാഗ് റോട്ടറി പ്രസ്സ് കോഴിക്കോട് യൂണിറ്റിൽ സ്ഥാപിക്കുകയും ചെയ്തപ്പോൾ പത്രത്തിൻെറ പ്രചാരണത്തിനും പ്രസിദ്ധീകരണത്തിനും വേഗത കൂടി. കോട്ടയം ഓഫീസിൽ രണ്ടു ടെലിപ്രിൻറർ കൂടി 1970 ൽ സ്ഥാപിച്ചു. 1971 ൽ പ്ലമാഗ് റോട്ടറി പ്രസ്സ് വാങ്ങി കോട്ടയത്തും പ്രവർത്തനം തുടങ്ങുകയുണ്ടായി. ഇവയൊക്കെ അച്ചടിയിലും വാർത്താ സജ്ജീകരണത്തിലും വിപ്ലവകരമായ മാറ്റമാണുണ്ടാക്കിയത്. പ്രിൻറിംഗ് ടെക്നോളജിയിലും വാർത്താ വിനിമയ ഉപാധികളിലും ഉണ്ടായ മാറ്റങ്ങൾ കാലാനുസൃതം ഉൾക്കൊള്ളാനും നൂതന പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടു കുതിക്കുവാനും 'മനോരമ'യെ സജ്ജമാക്കിയത് കെ. എം. ചെറിയാൻ ആണെന്നത് ഒരു വസ്തുത മാത്രമാണ്. ആ നേതൃത്വവും പ്ലാനിംഗുമാണ് 'മനോരമ'യെ പ്രചാരണത്തിൻെറ കാര്യത്തിൽ ഒന്നാം സ്ഥാനത്തെത്തിച്ചത്. 1971 ലെ ഈ സ്ഥിതിയിൽ നിന്നും 1997 ആയപ്പോഴേക്കും മനോരമയുടെ ഉൽപാദന രംഗത്തു വന്ന സാങ്കേതികത്തികവിനേപ്പറ്റി പത്രാധിപർ കെ. എം. മാത്യു എഴുതിയതിപ്രകാരമാണ്. "സാങ്കേതിക രംഗത്തെ അതിനൂതന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്ന ആദ്യ മലയാള പത്രവും അന്നെന്നപോലെ ഇന്നും മലയാള മനോരമ തന്നെയാണ്. കംപ്യൂട്ടറിൻെറ സഹായത്തോടെ പേജ് സംവിധാനം ചെയ്യാനും, വിദൂര കേന്ദ്രങ്ങളിലേക്ക് അത് നിമിഷങ്ങൾക്കകം അയക്കാനുമുള്ള എഡിറ്റോറിയൽ സിസ്റ്റം മനോരമയിൽ പ്രവർത്തനക്ഷമമായിക്കഴിഞ്ഞു."[3]

എന്നാൽ ഇവയെത്രയും ദൈവാനുഗ്രഹം കൊണ്ടു മാത്രമാണെന്നു ദൃഢമായി വിശ്വസിച്ചിരുന്ന കെ. എം. ചെറിയാൻ തൻെറയും പത്രത്തിൻെറയും പ്രവർത്തനങ്ങളത്രയും ദൈവഹിതാനുസരണമായിരിക്കണമെന്നു ശാഠ്യമുള്ള ആദർശശാലിയായിരുന്നു. പത്രത്തിൻെറ നടത്തിപ്പു

കൂടുതൽ കാര്യക്ഷമമാക്കുവാൻ സഹായിക്കത്തക്കതായിരുന്നു നിത്യേന തൻെറ എഡിറ്റോറിയൽ സ്റ്റാഫുമായി അദ്ദേഹം നടത്തിയിരുന്ന ചർച്ചകൾ. അതതു ദിവസത്തെ പത്രത്തിൽ വന്ന വാർത്തകളെയും മുഖപ്രസംഗത്തെയുംകുറിച്ച് തൻെറ സഹപ്രവർത്തകരുമായി വിമർശനാത്മകമായി സംവദിക്കുക അദ്ദേഹത്തിൻെറ പതിവായിരുന്നു. ചർച്ചകൾക്കു ശേഷം ഉരുത്തിരിയുന്ന ആശയമായിരുന്നു 'മനോരമ'യുടെ നയരൂപീകരണത്തിൻെറ ആധാരശില. തൻമൂലം 'മനോരമ'യുടെ വീക്ഷണത്തിലും സമീപനത്തിലും എല്ലാവർക്കും ഏകമനസ്സായിരുന്നു. അതുകൊണ്ടാണ് കെ. സി. മാമ്മൻ മാപ്പിള 'പേഴ്സണൽ വ്യൂ' ആയിരുന്നു അനുവർത്തിച്ചിരുന്നതെങ്കിൽ കെ.എം. ചെറിയാൻ അത് 'മനോരമ വ്യൂ' ആക്കി ആവിഷ്കരിച്ചു എന്നു പറയുന്നതിൻെറ പൊരുൾ.[4] 'മനോരമ'യുമായി ബന്ധപ്പെട്ട എല്ലാവർക്കും തന്നെ പത്രത്തിൻെറ നയവും വീക്ഷണ വിശേഷവും തങ്ങളുടേത് കൂടിയാണെന്നുള്ള തോന്നലുണ്ടാക്കുവാൻ കെ.എം. ചെറിയാൻെറ മനോരമ വ്യൂ ഉപകരിച്ചു എന്ന കാര്യത്തിൽ സംശയമില്ല. 1997 ൽ എഴുതിയ ലേഖനത്തിൽ പത്രാധിപർ കെ.എം. മാത്യു ഇക്കാര്യം പറയുന്നത് ഇങ്ങനെയാണ്. "ഒരു വ്യക്തിയുടെ താൽപ്പര്യമല്ല ഇന്നു മനോരമയുടെ നിലപാടുകൾക്ക് അടിസ്ഥാനം. ഒരു ടീമിൻെറ കൂട്ടായ ആലോചനയിൽ നിന്നാണ് അത് ഉരുത്തിരിയുന്നത്. ഒരു വിധ മുൻവിധിയും ആ നിലപാടിനെ സ്വാധീനിക്കുവാൻ അനുവദിക്കാറില്ല."[5] അനുവാചകരിൽ ധാർമ്മിക ബോധം അങ്കുരിപ്പിക്കുകയെന്നത് പത്രത്തിൻെറ പ്രഖ്യാപിതലക്ഷ്യമായിരുന്നു. ഈശ്വരകൃപകൊണ്ടു മാത്രമാണ് മനോരമയെ ഗ്രസിച്ച ഹിമാലയൻ കരടിയുടെ വക്ത്രത്തിൽനിന്നും രക്ഷപ്പെടാൻ സാധിച്ചതെന്ന് ചെറിയാൻ തന്നെ സഹപ്രവർത്തകരെ സദാ ഓർമ്മപ്പെടുത്തുകയും ചെയ്തു. പത്രത്തിൽ എന്തെഴുതുന്നതും ഈശ്വരനാമത്തിലായിരിക്കണമെന്ന് അദ്ദേഹം നിഷ്കർഷിച്ചിരുന്നു. മനോരമയുടെ വായനക്കാരിൽ സൻമാർഗ്ഗബോധവും നീതിനിഷ്ഠയും അങ്കുരിപ്പിക്കുവാനുതകുന്നതായിരിക്കണം ഞായറാഴ്ച ദിവസങ്ങളിൽ എഴുതുന്ന മുഖപ്രസംഗങ്ങളെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. അത്തരം വിഷയങ്ങൾ തേടിപ്പിച്ച് മുഖലേഖനം തയ്യാറാക്കി അദ്ദേഹം തന്നെ മാതൃക കാട്ടി. ഇതേത്തുടർന്ന് ആരംഭിച്ച 'ഇന്നത്തെ ചിന്താവിഷയം' എന്ന സ്ഥിരം പംക്തി വായനക്കാരിൽ ആത്മവിശ്വാസവും, ദൈവവിചാരവും ആവോളം പകർന്നു നല്കുന്നുതായിരുന്നു. ഞായറാഴ്ച വാരാന്തപ്പതിപ്പിൽ ആരംഭിച്ച ഈ പംക്തി ലക്ഷക്കണക്കിന് വായനക്കാരുടെ ശ്രദ്ധ പിടിച്ചുപറ്റുന്നു.

പത്രത്തിൻെറ സ്ഥായിയായ നയം ധാർമ്മികമൂല്യങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ളതാകാനും കാരണം ഇതൊക്കെയാണ്. തൻെറ അന്തി

മാഭിലാഷമായി മാമ്മൻമാപ്പിള നൽകിയ ശാസന "മനോരമയെ നിസ്വാർത്ഥ മനുഷ്യ സേവനത്തിനുള്ള ഒരു പബ്ലിക് ട്രസ്റ്റായിട്ടുവേണം വിചാരിക്കേണ്ടത്"[6] എന്നായിരുന്നുവല്ലോ. തദനുസൃതമായിട്ടാണ് കെ.എം. ചെറിയാൻ 'മലയാള മനോരമ'യുടെ നയം രൂപീകരിച്ചിരുന്നത്. കെ. എം. ചെറിയാൻ തൻെറ ലേഖനത്തിൽ ഇക്കാര്യം തറപ്പിച്ചു പറയുന്നുമുണ്ട്. അതിൻെറ ചുരുക്കം ഇതായിരുന്നു. 'മനോരമ' ആരംഭിച്ച കാലം മുതൽ സാമൂഹ്യവും സാമ്പത്തികവുമായ നിരവധി പ്രശ്നങ്ങളുമായി മല്ലടിക്കേണ്ടതായി വന്നിട്ടുണ്ട്. സാമുദായിക പ്രാതിനിധ്യത്തിനു വേണ്ടിയും സാംസ്കാരിക നവോത്ഥാനത്തിനു വേണ്ടിയും മനോരമ നടത്തിയിട്ടുള്ള ധീരമായ സമരങ്ങൾ ഇന്നു ചരിത്രമായി മാറിയിരിക്കുന്നു. സർ സി. പിയുമായുണ്ടായ കൊടിയ കലാപംകൊണ്ട് അനുഭവിക്കേണ്ടതായി വന്ന യാതനകളുടെ കാലവും തീർന്നിരിക്കുകയാണ്. ഇന്ന് ആവശ്യമായിട്ടുള്ളത് സുസ്ഥിരമായ ഒരു ഗവൺമെൻറാണ്. നാട്ടിൽ സമാധാനവും സാമ്പത്തിക ഭദ്രതയും സാമൂഹ്യസമത്വവും ഉണ്ടാക്കുകയെന്നതാണ് ഏതൊരു പ്രസ്ഥാനത്തിൻേറയും ഇന്നത്തെ അനിവാര്യത. മനോരമയ്ക്ക് നിർവ്വഹിക്കാനുള്ളതും അതുതന്നെയാണ്. "സാമ്പത്തികമായി അവശതയും അസമത്വവുമാണിന്നത്തെ രാഷ്ട്രീയവും സാമുദായികവുമായ സർവ്വപ്രധാന പ്രശ്നം."[7] ഈ പ്രശ്നപരിഹാരത്തിനു പരിശ്രമിക്കുകയെന്നുള്ളതാണ് മനോരമയുടെ പ്രഖ്യാപിത ലക്ഷ്യം. ഈ പ്രഖ്യാപനം വെറും ഉപചാരപരമായിരുന്നില്ല. ആദർശാധിഷ്ഠിത ധാർമ്മിക മൂല്യങ്ങളുടെ കാവൽ ഭടനായിരുന്ന കെ.എം. ചെറിയാൻ, പറയുന്നതു പ്രവൃത്തിയിൽ കൊണ്ടുവരുവാൻ ശ്രമിക്കുകയും ചെയ്തിരുന്ന കർമ്മധീരനായിരുന്നുവല്ലോ.

കമ്യൂണിസ്റ്റ് പാർട്ടി അനുവർത്തിച്ചിരുന്ന സായുധവിപ്ളവത്തിൻേറതായ പരിപാടി നാട്ടിലാകമാനം അരക്ഷിതാവസ്ഥകളും ചോരക്കളവും സൃഷ്ടിച്ച ആയിരത്തിത്തൊള്ളായിരത്തി നാല്പതുകളുടെ അവസാനവും അമ്പതുകളുടെ ആദ്യവും കമ്യൂണിസ്റ്റ് സിദ്ധാന്തത്തെത്തന്നെയും മനോരമ തുറന്ന് എതിർക്കുകയുണ്ടായി. കേരളത്തിൽത്തന്നെ വയലാർ - പുന്നപ്ര, പരിയാരം, ഇടപ്പള്ളി, എടവനക്കാട്, കൂത്താട്ടുകുളം, ശൂരനാട് തുടങ്ങി വളരെ സ്ഥലങ്ങളിൽ രക്തച്ചൊരിച്ചിലും പോലീസ് മർദ്ദനത്തിനുമിടയാക്കിയ സംഭവങ്ങൾ അരങ്ങേറിയിരുന്നുവല്ലോ? ഈ പശ്ചാത്തലത്തിലാണ് ദേശീയ പ്രാദേശിക തലങ്ങളിൽ കോൺഗ്രസിനെയും കോൺഗ്രസിൻെറ നേതൃത്വത്തിൽ കേരളത്തിൽ രൂപീകരിച്ച ഐക്യമുന്നണിയെയും എല്ലാ നിലയിലും മനോരമ പിന്തുണച്ചിരുന്നത്. ഡെമോക്രാറ്റിക് സോഷ്യലിസത്തിനു വേണ്ടിയായിരുന്നു കെ. എം. ചെറിയാൻ പ്രവർത്തിച്ചിരുന്നത്.

ഇ. എം. എസ്. ന്റെ ആദ്യ (1957) മന്ത്രിസഭ അധികാരമേറ്റ് നാലു മാസമാകുന്നതിനു മുമ്പു തന്നെ രാജ്യത്തുടനീളം തൊഴിൽത്തർക്കങ്ങളും ക്രമസമാധാന ഭഞ്ജനവും ഭീതിജനകമായി ഉയർന്നു. പോലീസ് സേനയെ നിർജീവമാക്കിയിരിക്കുന്നു എന്ന ആക്ഷേപവും ഉയർന്നു. ഒരു തരത്തിൽ നിരൂപിച്ചാൽ രാജ്യം അരക്ഷിതാവസ്ഥയാൽ ആവൃതമായി. കർഷകത്തൊഴിലാളികൾ പുത്തൻ ആവേശത്തോടെ വ്യാവസായിക-കാർഷിക തൊഴിൽ രംഗങ്ങളിൽ മാത്രമല്ല, ജീവിതത്തിന്റെ എല്ലാ വ്യവഹാര മണ്ഡലങ്ങളിലും ആധിപത്യമുറപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു. മാറിയ രാഷ്ട്രീയ പരിതസ്ഥിതിയിൽ അതു സ്വാഭാവികമാണ്. കാരണം, അതുവരെയുള്ള ഗവൺമെൻറുകൾ ഫ്യൂഡൽ ദുഷ്പ്രഭുത്വത്തിന്റെ പിടിയിൽ അമർന്നിരുന്നു എന്ന പരമാർത്ഥം വിസ്മരിക്കാവുന്നതല്ല. കർഷകത്തൊഴിലാളികളുടെയും അധഃസ്ഥിത വിഭാഗങ്ങളുടെയും യാതനകൾക്കു പരിഹാരം കാണുവാൻ ജനകീയ മന്ത്രിസഭകൾക്കു സാധിക്കാതെ പോയി എന്നതു പരമാർത്ഥവുമാണ്. അതിൽ നിന്നുമുള്ള മോചനമായിട്ടാണു സംഘടിത കർഷകത്തൊഴിലാളി വർഗ്ഗം കമ്മ്യൂണിസ്റ്റു മന്ത്രിസഭയിൽ പ്രതീക്ഷയർപ്പിച്ചത്. അതുകൊണ്ടുതന്നെ തൊഴിൽത്തർക്കങ്ങളിലും പണി മുടക്കുകളിലും മാത്രമല്ല, കാർഷികരംഗത്തു പോലും നടന്നുകൊണ്ടിരുന്ന തൊഴിൽ സമരങ്ങളോടു പരോക്ഷമായിട്ടെങ്കിലും അനുഭാവം പ്രകടിപ്പിക്കാതെ മന്ത്രിസഭക്കു നിലനിൽപ്പുണ്ടാകുമായിരുന്നില്ല. സർക്കാർ തലത്തിൽനിന്നുമുള്ള ഈ നിസ്സംഗത പോലീസ് സേനയെ നിർവീര്യമാക്കി എന്ന കാര്യത്തിൽ സംശയമില്ല. അതു ക്രമസമാധാന നില അപകടപ്പെടുത്തി എന്നതു അതിശയോക്തിയുമല്ല.[8] ഇതാണ് മനോരമ കൂടെക്കൂടെ ഇ. എം. എസ്. മന്ത്രിസഭക്കെതിരായി ശക്തമായ നിലപാടു സ്വീകരിക്കുവാൻ കാരണമായിത്തീർന്നത്.

'പ്രക്ഷുബ്ധമായിത്തീർന്ന കേരളം' എന്ന തലക്കെട്ടിൽ 1959 മെയ് 7-ന് മനോരമ എഴുതിയ മുഖപ്രസംഗം കേരളത്തിൽ ഉരുണ്ടുകൂടിക്കൊണ്ടിരുന്ന ജനകീയ മുന്നേറ്റത്തെ ആവേശം കൊള്ളിക്കുന്നതായിരുന്നു. രണ്ടു വർഷത്തെ കമ്മ്യൂണിസ്റ്റ് ഭരണം സാമൂഹ്യ-രാഷ്ട്രീയ മണ്ഡലങ്ങളിൽ വിതച്ച വിനയായിരുന്നു വിമോചന സമരമെന്ന ജനകീയമുന്നേറ്റത്തിനു കളമൊരുക്കിയത് എന്ന കാര്യത്തിൽ സംശയമില്ല. ജോസഫ് മുണ്ടശ്ശേരിയുടെ 'വിദ്യാഭ്യാസ ബിൽ' ജസ്റ്റീസ് വി. ആർ കൃഷ്ണയ്യരുടെ 'കാർഷികബന്ധ ബിൽ' തുടങ്ങിയവ എല്ലാ വിഭാഗം ജനങ്ങളുടെയും എതിർപ്പു വിളിച്ചു വരുത്തിയവയാണ്. ക്രമസമാധാന നില തകരുകയും രാജ്യത്തു അരക്ഷിതാവസ്ഥ കളിയാടുകയും ചെയ്തു. കമ്മ്യൂണിസ്റ്റ് ദുർഭരണത്തിനെതിരായി വഴക്കടിച്ചു നിന്നിരുന്ന സമുദായ സംഘടനകൾ യോജിച്ച് സമരരംഗത്തിറങ്ങി. പ്രക്ഷുബ്ധമായ അവസ്ഥയാണ് കേരളം ദർശിച്ചത്.

കമ്മ്യൂണിസ്റ്റ് ഗവൺമെൻറിനെതിരായി നടന്ന വിമോചന സമരത്തിൽ നായർ-ക്രൈസ്തവ സമുദായങ്ങളാണു തുടക്കത്തിൽ മുൻപന്തിയിലുണ്ടായിരുന്നത്. എന്നാൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭക്കെതിരായി കേരള പ്രദേശ് കോൺഗ്രസ് സമർപ്പിച്ച കുറ്റപത്രത്തിനു എ. ഐ. സി. സി. യുടെയും പ്രസിഡൻറ് ഇന്ദിരാഗാന്ധിയുടെയും പിൻബലം ലഭിച്ചതോടുകൂടി മറ്റു ജനാധിപത്യ കക്ഷികളോടൊപ്പം പ്രത്യക്ഷ സമരത്തിൽ കോൺഗ്രസും പങ്കു ചേർന്നു. "ചെറിയാനും മനോരമയും സമരത്തിൻെറ ആസൂത്രണത്തിലും മുന്നേറ്റത്തിലും നിർണ്ണായ പങ്കാണ് വഹിച്ചത്." എന്നാണു അതിൽ സജീവപങ്കാളിയായിരുന്ന പി. പി. ഉമ്മർകോയ എഴുതിയിട്ടുള്ളത്.[9] രാജ്യത്തുടനീളം ക്ഷോഭജനകമായ രാഷ്ട്രീയ മുന്നേറ്റങ്ങളും നിർദ്ദയമായ പോലീസ് അടിച്ചമർത്തലും രൂക്ഷമായി. വലിയതുറ, അങ്കമാലി തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന വെടിവയ്പിൽ മരണമടഞ്ഞവരുടെ മൃതദേഹങ്ങളെ സാക്ഷിനിർത്തി ആയിരക്കണക്കിനാളുകൾ എന്തും നേരിടാൻ സന്നദ്ധമായി സമരരംഗത്തെത്തി. അതോടെ കേന്ദ്ര ഗവൺമെൻറിനു ഇടപെടാതെ നിർവ്വാഹമില്ലെന്നു വന്നു. കമ്മ്യൂണിസ്റ്റു മന്ത്രി സഭയെ പിരിച്ചു വിട്ടു. കേരളത്തിലെ നാലു പ്രബല സമുദായങ്ങളായ നായർ, ഈഴവർ, ക്രിസ്ത്യാനികൾ, മുസ്ലീംകൾ എന്നിവർ ഭിന്നതകൾ മറന്നു യോജിച്ച് ജനാധിപത്യശക്തികളുടെ ഐക്യമുന്നണി രൂപം കൊള്ളുകയും ചെയ്തിരുന്നു. സാമുദായികമൈത്രി ഊട്ടിയുറപ്പിക്കുന്നതിനും ജനാധിപത്യശക്തികളെ ഏകോപിപ്പിക്കുന്നതിനും ഇക്കാലത്തു നടന്ന യത്നങ്ങൾക്ക് മനോരമയും സാരഥിയായിരുന്ന കെ. എം. ചെറിയാനും ശക്തമായ സഹായം നല്കി. എൻ. എസ്. എസ്. ൻെറ മക്കപ്പുഴ പി. എസ്. വാസുദേവൻ പിള്ള ഇക്കാര്യം അനുസ്മരിക്കുന്നതിപ്രകാരമാണ്. "ഐതിഹാസികമായ വിമോചന സമരത്തിൻെറ അദ്വിതീയ നേതാക്കളായിരുന്ന മന്നം, ശങ്കർ, ബാഫക്കിതങ്ങൾ എന്നീ ത്രിമൂർത്തികളെപ്പറ്റി ഒട്ടുവളരെ നാം കേട്ടിട്ടുണ്ട്. എന്നാൽ ഭിന്നശിഖരങ്ങളിൽ നിന്നിരുന്ന ഈ നേതാക്കളെ കൂട്ടിയിണക്കി ഒരേ ഹംസരഥത്തിൽ ഉപവിഷ്ടരാക്കി ജൈത്രയാത്രനടത്തിച്ചതിൻെറ പിന്നിൽ കെ. എം. ചെറിയാനെപ്പോലുള്ള സ്നേഹനിധികൾ നിർവ്വഹിച്ചിട്ടുള്ള നിസ്തുല സേവനം പലരും അറിഞ്ഞിട്ടില്ല. അത് ആരും അറിയണമെന്നു അദ്ദേഹം ആഗ്രഹിച്ചതുമില്ല."[10] അങ്ങനെ കേരളത്തിൻെറ രാഷ്ട്രീയ ചരിത്രത്തിൽ ഏറെ നിർണ്ണായക ഘട്ടങ്ങളിലൊക്കെ അവയുടെ നടുനായകത്വം മനോരമക്ക് ഉണ്ടായിരുന്നതായി കാണാം.

വിമോചന സമരത്തെ തുടർന്ന് 1960-ൽ രൂപീകൃതമായ പട്ടം മന്ത്രിസഭയിൽ ആർ. ശങ്കറും, പി. ടി. ചാക്കോയുമുണ്ടായിരുന്നു. എന്നാൽ അധികം കഴിയുന്നതിനു മുമ്പു തന്നെ ഐക്യമുന്നണിയിൽ സ്വരച്ചേർച്ച ഇല്ലാ

തായി. മുസ്ലീം ലീഗിനുണ്ടായിരുന്ന സ്പീക്കർ സ്ഥാനം രാജിവെച്ചു ലീഗ് ഭരണ മുന്നണിയോടു വിട പറഞ്ഞു. കോൺഗ്രസിനെ അനുകൂലിച്ചിരുന്നപ്പോൾ തന്നെ മുസ്ലീം ലീഗിനെ മുന്നണിയിൽ നിന്നകറ്റുവാൻ ഒരു വിഭാഗം കോൺഗ്രസുകാർ ചെയ്ത ശ്രമങ്ങളെ മനോരമ തുറന്നെതിർക്കുകയുണ്ടായി. അഭിപ്രായ വ്യത്യാസം പറഞ്ഞൊതുക്കി ഐക്യകക്ഷികൾ ഉറച്ച ഭരണം കാഴ്ചവെക്കണമെന്നതായിരുന്നു മനോരമയുടെയും കെ. എം. ചെറിയാൻെറയും ആത്മാർത്ഥമായ ആഗ്രഹം. പക്ഷേ അതു ഫലവത്തായില്ല. പട്ടം താണുപിള്ളയും, പി. എസ്. പി.യും ഐക്യമുന്നണി വിട്ടു പുറത്തു വന്നു. അധികം താമസിയാതെ പി. ടി. ചാക്കോ മന്ത്രിസഭയിൽനിന്നും പുറത്തു പോരുകയും ചെയ്തു. അങ്ങനെ ദുർബലമായ ആർ. ശങ്കർ ഗവൺമെൻറ് അവിശ്വാസത്തെ നേരിട്ടു പരാജയപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ മന്ത്രിസഭ രാജിവെച്ചു. 1964 സെപ്റ്റംബറിൽ കേരളം പ്രസിഡൻറ് ഭരണത്തിൻ കീഴിലുമായി. ഈ സന്ദർഭങ്ങളിലെല്ലാം ആദർശനിഷ്ഠയോടും ധർമ്മാവബോധത്തോടും കൂടി മനോരമ അതിൻേറതായ ദേശീയ വീക്ഷണം നിലനിർത്തിപ്പോന്നിട്ടുണ്ട്.

കെ. എം. ചെറിയാനും മനോരമയ്ക്കും അഭിമുഖീകരിക്കേണ്ടി വന്ന വേറൊരു പ്രതിസന്ധിയായിരുന്നു അമരാവതിയിലും, മറ്റു മലയോര പ്രദേശങ്ങളിലും നടന്ന കുടിയിറക്കും, പോലീസ് മർദ്ദനവും. മലയോര കർഷക കുടിയേറ്റക്കാരിൽ ബഹുഭൂരിപക്ഷവും ക്രിസ്ത്യാനികൾ ആയിരുന്നു. കൊട്ടിയൂർ ക്ഷേത്രഭൂമി ഒഴിപ്പിച്ചെടുത്തു എൻ. എസ്. എസ്. നു മേൽ ചാർത്തു കൊടുക്കുവാനുള്ള നീക്കങ്ങളും തകൃതിയായി നടന്നുകൊണ്ടിരുന്നു. അദ്ധ്വാനശീലരായ ഈ മലയോര കർഷകരെ കുടിയിറക്കുന്നതിനെതിരായി മലനാടാകമാനം പ്രക്ഷുബ്ധമായി. കുടിയിറക്കലിനെതിരായി ഉള്ള സമരം രൂക്ഷമാവുകയും ചെയ്തു. സമരം ചെയ്തവരിലും പിന്തുണച്ചവരിലും ബഹുഭൂരിപക്ഷം ആളുകളും ക്രിസ്ത്യാനികളും മനോരമ വരിക്കാരുമായിരുന്നു. ഈ അവസ്ഥയിൽ മനോരമ സമരത്തെ പിന്തുണയ്ക്കുമെന്നും കെ. എം. ചെറിയാൻെറ ആശീർവാദവും ഒത്താശയും സമരത്തിനു ഉണ്ടാകുമെന്നും എല്ലാവരും പ്രതീക്ഷിച്ചു. ക്ഷോഭജനകമായ ആ പ്രതിസന്ധിയിൽ കെ. എം. ചെറിയാൻ കൊട്ടിയൂർ സമരത്തെ എതിർക്കുകയാണു ചെയ്തത്. സമുദായ സൗഹാർദ്ദത്തിനു ഇളക്കം തട്ടുന്ന ഒരു പ്രവൃത്തിക്കും താനും, മനോരമയും ഒരിക്കലും കൂട്ടു നിൽക്കില്ലെന്നു അദ്ദേഹം പ്രഖ്യാപിച്ചു. ക്രൈസ്തവ-നായർ സമുദായങ്ങളുടെ സൗഹാർദ്ദം തകർക്കാനോ, ജനാധിപത്യസംഘടനയായ കോൺഗ്രസിനു ശക്തിക്ഷയമുണ്ടാക്കുവാനോ തങ്ങൾ തയ്യാറല്ലെന്നു കെ. എം. ചെറിയാൻ തുറന്നു പ്രഖ്യാപിച്ചു. പത്രത്തിൻെറ പ്രചാരം വർദ്ധിക്കുമെന്നിരുന്നിട്ടു കൂടിയും അതിനു വിപരീതഫലമുണ്ടാക്കുന്ന നിലപാടാണു മനോരമ

കൈക്കൊണ്ടത്. പത്രക്കെട്ടുകൾ പല സ്ഥലത്തും പിടിച്ചെടുത്തു ചുട്ടു കരിച്ചിരുന്നു.[11] ഇതിലൊന്നും പ്രകോപിതനാകാതെ ആദർശദാർഢ്യത യോടു കൂടി കെ. എം. ചെറിയാൻ മനോരമയെ മുന്നോട്ടു തന്നെ നയിച്ചു. ഏതൊക്കെ രാഷ്ട്രീയ പ്രതിസന്ധി ഉണ്ടായിട്ടുണ്ടോ അപ്പോഴൊക്കെ പരി പക്വമതിയായ കെ. എം. ചെറിയാൻ രാജ്യത്തിന്റെ കൂട്ടായ നന്മയെ മുന്നി ൽ കണ്ടുകൊണ്ടു മാത്രമാണ് മനോരമയുടെ നയം രൂപീകരിച്ചിരുന്നത്. പലപ്പോഴും അദ്ദേഹത്തിന്റെ ഈ സഹിഷ്ണുതാ മനോഭാവവും വിശാ ല മനഃസ്ഥിതിയും കാരണം വളരെപ്പേർ അദ്ദേഹത്തെ തെറ്റിദ്ധരിക്കു കകയും അപകീർത്തിപ്പെടുത്തുകയും മാത്രമല്ല, തങ്ങളുടെ ശത്രുവായി കണക്കാകുകയും ചെയ്തിട്ടുണ്ട്. "കൊട്ടിയൂർ പ്രശ്നത്തിൽ അദ്ദേഹം സ്വീ കരിച്ച നിലപാട് ക്രിസ്ത്യൻ സമുദായത്തിലൊരു വിഭാഗം വളരെ തെറ്റി ദ്ധരിക്കാനിടയായിട്ടുണ്ട്" എന്നാണ് എൻ. എം. എബ്രഹാം "വിനയ സമ്പന്നനായ പ്രതിഭാധനൻ" എന്ന പ്രബന്ധത്തിൽ കെ. എം. ചെറിയാ നെക്കുറിച്ചു എഴുതുന്നത്.[12] അദ്ദേഹം തുടർന്നു പ്രസ്താവിക്കുന്നത്, "എങ്കിലും സമുദായ സൗഹാർദ്ദം നിലനിർത്തിക്കൊണ്ടു ആ വിഷമഘട്ടം തരണം ചെയ്യുന്നതിൽ അദ്ദേഹം വിജയിച്ചു എന്നാണ്."[13]

കെ. എം. ചെറിയാനെ ഏറെ വിഷമിപ്പിച്ച പ്രശ്നമായിരുന്നു കേരളാ കോൺഗ്രസിന്റെ ആവിർഭാവത്തോടുകൂടി ഉദ്ഭവിച്ചത്. ജനാധിപത്യത്തി ലുള്ള അടിയുറച്ച വിശ്വാസമാണ് മനോരമയെ ദേശീയ സംഘടനയായ ഇന്ത്യൻ നാഷണൽ കോൺഗ്രസിനെയും അതിന്റെ കൂട്ടാളികളെയും സഹായിക്കുവാൻ കാരണമാക്കിയത്. 'മനോരമ' വരിക്കാരിൽ വളരെയധി കം ക്രിസ്ത്യാനികളും നായന്മാരും ഉണ്ടായിരുന്നു. നായർ-ക്രിസ്ത്യൻ സഖ്യമായിരുന്നുവല്ലോ കേരള കോൺഗ്രസിന് ശക്തി നല്കിയിരുന്നത്. കേരള കോൺഗ്രസിനോട് മനോരമ അനുവർത്തിക്കാൻ പോകുന്ന നയം എന്തായിരിക്കുമെന്നുള്ള അഭ്യൂഹങ്ങൾ നാട്ടിൽ സജീവമായി. ഈ അവസരത്തിൽ കെ. എം. ചെറിയാനെടുത്ത നിലപാട് അദ്ദേഹത്തിന്റെ ആദർശനിഷ്ഠയുടെയും, ലക്ഷ്യബോധത്തിന്റെയും പ്രകടോദാഹരണമാ യിരുന്നു. മുഖ്യമന്ത്രിയായിരുന്ന ആർ. ശങ്കറും, അഭ്യന്തരമന്ത്രി പി. ടി. ചാക്കോയും, തമ്മിലുണ്ടായ അസ്വാരസ്യമാണ് ചാക്കോ മന്ത്രിസഭയിൽ നിന്നും പുറത്തു വരുവാനും പിന്നീടു മന്ത്രിസഭ നിലം പതിക്കുവാനും കാ രണമായത്. ഈ സന്ദർഭങ്ങളിലൊക്കെ കോൺഗ്രസിനെ ബലഹീനമാ ക്കുന്നത് ജനാധിപത്യശത്രുക്കൾക്ക് അധികാരത്തിലെത്താൻ അവസരം കൊടുക്കലായിരിക്കുമെന്ന് കെ. എം. ചെറിയാൻ വിശ്വസിച്ചിരുന്നു. 1964 സെപ്തംബർ 25-ന് 'കോൺഗ്രസും, ക്രിസ്ത്യാനികളും' എന്ന ശീർ ഷകത്തിൽ കെ. എം. ചെറിയാനെഴുതിയ ലേഖനം ഈ വിഷയത്തിൽ ഊന്നൽ നൽകിക്കൊണ്ടുള്ളതാകുന്നു. കേരളത്തിൽ കോൺഗ്രസിനു

നേരിട്ട ബലക്ഷയം ക്രിസ്ത്യൻ സമുദായത്തെ സംബന്ധിച്ചിടത്തോളം അവർക്കു നേരിടുന്ന മഹാനഷ്ടമായി കരുതണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. താല്ക്കാലിക ബുദ്ധിമുട്ടുകൾ മാത്രം കണക്കിലെടുത്തുകൊണ്ട് ഇതുവരെ തുടർന്നു പോന്ന നയം മാറ്ററുതെന്ന് അദ്ദേഹം എഴുതി. കേരളത്തിലെ കോൺഗ്രസിന്റെ ശക്തിയും സ്വാധീനവും നിലനിർത്തുന്നതിൽ ഒരു സമുദായമെന്ന നിലയിൽ ഏറ്റവും അധികം പിന്തുണ നൽകിയവർ ക്രിസ്ത്യാനികളായിരുന്നു എന്നതിൽ സംശയമില്ല. എന്നാൽ മാറിയ പരിതസ്ഥിതിയിൽ കേരളത്തിലെ ക്രിസ്ത്യാനികൾ കോൺഗ്രസിനോടുള്ള സമീപനത്തിൽ വളരെ മാറ്റം വരുത്തുകയുണ്ടായി."[14] മറ്റൊരവസരത്തിൽ കെ.എം. ചെറിയാനെഴുതിയത്, "ഈ വിഭാഗീയപ്രവണതകൾമൂലം കോൺഗ്രസിന് ഇവിടെ താൽക്കാലികമായ ബലക്ഷയം സംഭവിച്ചേക്കാം. എന്നാൽ അത് കോൺഗ്രസിനല്ല ആത്യന്തികമായി ദോഷം വരുത്താൻ പോകുന്നത്. ഇവിടുത്തെ ക്രിസ്ത്യാനികൾ ദീർഘദൃഷ്ടിയോടും യഥാർത്ഥമായ രാജ്യനന്മ എന്താണെന്നു മനസ്സിലാക്കിയും പ്രവർത്തിച്ചില്ലെങ്കിൽ അതവർക്കും രാജ്യത്തിനും ഗുണകരമായിരിക്കുകയില്ലെന്ന കാര്യത്തിൽ എനിക്കു യാതൊരു സംശയവുമില്ല."[15] അദ്ദേഹം ലേഖനം അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്. "ഒരു അവഗണനീയ ന്യൂനപക്ഷമാണെങ്കിലും ക്രിസ്ത്യാനികളുടെ മതവിശ്വാസത്തിനും സേവനപരമായ പല ലക്ഷ്യങ്ങൾക്കും ന്യായമായ പല അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും സംരക്ഷണം ലഭിക്കുന്നത് കോൺഗ്രസിന്റെ ആദർശശുദ്ധിയിലും നീതിബോധത്തിലുമാണെന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതു മൂലമാണ് കോൺഗ്രസിനു പിന്തുണ നൽകുന്നത്. ഇതര സമുദായങ്ങളുമായി സഹകരിച്ച് രാജ്യനന്മക്കു വേണ്ടി പ്രവർത്തിക്കുവാൻ സൗകര്യം നൽകുന്ന സുസംഘടിതവും സുസജ്ജവുമായ ഒരു രാഷ്ട്രീയപ്പാർട്ടി എന്ന നിലയിൽ ഈ പിന്തുണ കോൺഗ്രസ് തീർത്തും അർഹിക്കുകയും ചെയ്യുന്നുണ്ട്."[16]

കേരള കോൺഗ്രസിന്റെ ആവിർഭാവത്തിനുശേഷം 'മനോരമ'യെ അതുവരെ പിന്തുണച്ചിരുന്നവരിൽ പലരും കോൺഗ്രസ് വിരോധികളായി മാറി. അതു വരെയുള്ള ദേശീയ വീക്ഷണത്തിനു വിപരീതമായി പ്രാദേശിക തലത്തിൽ 'മനോരമ കേരള കോൺഗ്രസിനെ സഹായിക്കണമെന്ന അഭിപ്രായം ശക്തവുമായി. ഇതിനെ എതിർത്തുകൊണ്ടു കെ. എം. ചെറിയാൻ എഴുതിയ മുഖ പ്രസംഗത്തിൽ താല്ക്കാലികമായ രാഷ്ട്രീയ നേട്ടങ്ങൾക്കു വേണ്ടി സമുദായങ്ങൾ തമ്മിൽ സ്പർധയും മാത്സര്യവും ഉണ്ടാക്കരുതെന്നു ഉദ്ബോധിപ്പിച്ചു കൊണ്ടിരുന്നു. കേരള കോൺഗ്രസ് നേതാവ് കെ. എം. ജോർജ് പരസ്യമായി ഒരു പ്രസംഗത്തിൽ നടത്തിയ വിമർശനത്തിനു മറുപടിയെന്നോണമാണ് 1965 ഫെബ്രുവരി 25-ാം തീ

യതി അദ്ദേഹം എഴുതിയ മുഖപ്രസംഗം. അതിലെ പ്രധാന അംശങ്ങളാണു താഴെ ചേർക്കുന്നത്. "ഇന്നത്തെ രാഷ്ട്രീയ സാഹചര്യങ്ങളിൽ 'മലയാള മനോരമ' സ്വീകരിച്ചിട്ടുള്ള നിലപാടിനെപ്പറ്റി ഞങ്ങളുടെ ചില മാന്യ സുഹൃത്തുക്കൾ വിസ്മയം പ്രകടിപ്പിക്കുകയും പരാതിപ്പെടുകയും ചെയ്യുന്നുണ്ട്. ക്രൈസ്തവ സമുദായത്തിലും നായർ സമുദായത്തിലും പെട്ട ഞങ്ങളുടെ ബഹുമാന്യ സുഹൃത്തുക്കളിൽ പലരും കേരള കോൺഗ്രസിൻെറ അനുഭാവികളായിരുന്നതുകൊണ്ടു ഞങ്ങൾ അവരിൽ നിന്നു ഭിന്നമായ ഒരു നയം സ്വീകരിക്കുന്നതിനെക്കുറിച്ചു അവർക്കു ഖേദമുണ്ട്. സമുദായ സൗഹാർദ്ദം, കേരളത്തിലെ ഭരണസ്ഥിരത, എന്നിവ സംബന്ധിച്ച് ഞങ്ങൾ സുചിന്തിതമായി സ്വീകരിച്ചിരിക്കുന്ന നിലപാടിനെക്കുറിച്ചാണു ഈ സ്നേഹിതന്മാരുടെ പരാതി. കോട്ടയത്തുവെച്ചു കേരള കോൺഗ്രസിൻെറ സ്റ്റേറ്റ് ലെവലിലുള്ള തെരഞ്ഞെടുപ്പു പ്രചരണ യോഗങ്ങളുടെ ഉദ്ഘാടന മഹായോഗം നടന്നപ്പോൾ പാർട്ടി ലീഡർ കെ. എം. ജോർജ് ഞങ്ങളെ വിമർശിക്കുകയുണ്ടായി. മനോരമ എപ്പോഴും അധികാരത്തിലിരിക്കുന്ന ഗവൺമെൻറിനെ പിന്താങ്ങുന്നതുകൊണ്ട് ശങ്കർ ഗവൺമെൻറിനെയും അനുകൂലിച്ചതിൽ അദ്ദേഹത്തിനു വിസ്മയമില്ലത്രേ. മുഖ്യമന്ത്രിയായിരുന്ന ശ്രീ. ശങ്കറിനെ, ശ്രീ ജോർജ് അനുകൂലിച്ചൊരു കാലഘട്ടമുണ്ടായിരുന്നു. അന്ന് ഞങ്ങളുടെ നയത്തെ അദ്ദേഹം പ്രതിഷേധിച്ചിരുന്നില്ല. അദ്ദേഹത്തിനു ശങ്കർ മന്ത്രി സഭയോടുള്ള വിരോധം തുടങ്ങിയപ്പോൾ ഞങ്ങളും അതനുസരിച്ചു പ്രതികൂലിച്ചു നില്ക്കാത്തതിനെക്കുറിച്ചു അദ്ദേഹത്തിനെപ്പോലെ ചിന്തിക്കുന്നവർക്കും പരാതി തോന്നുന്നുവെങ്കിൽ ഞങ്ങൾ വിസ്മയിക്കുന്നില്ല..... ഓരോ കാലത്തും അധികാരത്തിൽ വന്ന മുഖ്യമന്ത്രിമാരുടെ സമുദായവും വർഗ്ഗവും നോക്കാതെ അവർക്കു പിന്തുണ നൽകിയത് അവരുടെ ഭരണകാലാവധിയായ അഞ്ചു കൊല്ലം മുഴുവനും അവർ തുടർന്നു ഭരിക്കേണ്ടതു രാജ്യത്തിൻെറ ആവശ്യമാണെന്നു ഞങ്ങൾ വിശ്വസിച്ചതുകൊണ്ടാണ്. ഭരിക്കുന്ന ഗവൺമെൻറിന് ഞങ്ങൾ പിന്തുണ നൽകിക്കൊണ്ടിരുന്ന അവസരങ്ങളിലെല്ലാം അവരുടെ കുറ്റങ്ങളും കുറവുകളും ചൂണ്ടിക്കാണിക്കണമെന്നതിൽ ഒട്ടും അമാന്തം പ്രദർശിപ്പിച്ചിട്ടില്ലെന്നുള്ളതും ഞങ്ങളുടെ ബഹുസഹസ്രം മാന്യ വായനക്കാർക്കു അറിയാവുന്നതുകൊണ്ടാണ് അവർ മനോരമയുടെ അഭിപ്രായങ്ങളോടു യോജിക്കാത്ത അവസരങ്ങളിൽപോലും മനോരമയോട് വാത്സല്യം പ്രദർശിപ്പിച്ചു പോന്നിട്ടുള്ളത്..... മനോരമ എപ്പോഴും അധികാരത്തിലിരിക്കുന്ന ഗവൺമെൻറിനെ അനുകൂലിക്കുന്ന നയമാണു സ്വീകരിച്ചിരുന്നതെങ്കിൽ ഒമ്പതിൽ പരം വർഷങ്ങൾ സർ സി. പി. യുടെ പ്രഹരമേറ്റു മനോരമ പൂട്ടിക്കിടക്കേണ്ടി വരികയും തന്മൂലം നേരിട്ട സാമ്പത്തിക നഷ്ടങ്ങളും മറ്റു ക്ലേശങ്ങളും സഹിക്കേണ്ടി വരികയുമില്ലായിരുന്നു.

കമ്മ്യൂണിസ്റ്റു മന്ത്രിസഭയെ മനോരമ ശക്തി പൂർവ്വം എതിർത്തത് അധികാരത്തിലിരിക്കുന്ന ഗവൺമെൻറിനെ പിന്താങ്ങുന്ന നയംകൊണ്ടാണെന്ന് ശ്രീ. ജോർജ് പോലും വിശ്വസിക്കുന്നില്ല എന്നു ഞങ്ങൾ കരുതുന്നു. എതിർക്കേണ്ട അവസരവും ആവശ്യവുമുണ്ടെന്നു കണ്ടാൽ അതിനു മനോരമ എന്തു ത്യാഗം സഹിച്ചും സന്നദ്ധമായിട്ടുണ്ടെന്നും പിന്തുണ നൽകിയ ഗവൺമെൻറിൽനിന്ന് എന്തെങ്കിലും സൗജന്യം പ്രതീക്ഷിക്കുകയോ ലഭിക്കുകയോ ചെയ്തിട്ടില്ലെന്നും കേരളത്തിലെ ജനങ്ങൾക്കറിയാം. മനോരമയുടെ മൂലധനമെന്നു ഞങ്ങൾ പരിഗണിക്കുന്ന ജനകീയ പിന്തുണയുടെയും വാത്സല്യത്തിൻെറയും പിന്നിൽ ആ ബോദ്ധ്യമാണുള്ളതെന്നു ഞങ്ങൾ മനസ്സിലാക്കുന്നുമുണ്ട്."[17] മൂന്നു ദശാബ്ദത്തിനുശേഷം പുറകോട്ടു തിരിഞ്ഞുനോക്കി പത്രാധിപർ കെ. എം. മാത്യു ഇക്കാര്യം ഓർമ്മിക്കുന്നത് ഇങ്ങനെയാണ്, "ക്രിസ്ത്യാനികളെ കോൺഗ്രസ് അവഗണിക്കുന്നുവെന്ന ആരോപണവുമായി കെ. എം. ജോർജ് കേരളാ കോൺഗ്രസിന് രൂപംകൊടുക്കുമ്പോൾ, മനോരമ കേരളാ കോൺഗ്രസിന് എതിരായ നിലപാടാണ് സ്വീകരിച്ചത്. രാഷ്ട്ര പുനർ നിർമ്മാണത്തിൻെറ നിർണ്ണായകഘട്ടത്തിൽ പ്രബലകക്ഷികൾ ഭിന്നിക്കരുത് എന്നായിരുന്നു ഞങ്ങളുടെ പ്രഖ്യാപിത നിലപാട്. ഞങ്ങൾക്കന്നു നഷ്ടമായതു മൂന്നിലൊന്നു സർക്കുലേഷനാണ്. അന്നന്നെപോലെ ഇത്തരം സന്ദർഭങ്ങളിൽ സർക്കുലേഷൻ നഷ്ടം ഞങ്ങളുടെ നിലപാടിനെ ഇന്നും സ്വാധീനിക്കാറില്ല."[18] ചെറിയ ചെറിയ പ്രാദേശിക പാർട്ടികൾ ദേശീയ ഐക്യത്തെ തുരങ്കം വയ്ക്കുക മാത്രമാണു ചെയ്യുകയെന്നും, ഏകീകരണ ശക്തിയായ കോൺഗ്രസിൻെറ ബലം ക്ഷയിപ്പിക്കുമെന്നും കെ. എം. ചെറിയാൻ വിശ്വസിച്ചു. കേരളാ കോൺഗ്രസിനെ എതിർക്കുമ്പോഴും അനുരഞ്ജനത്തിൻെറ ഭാഷയായിരുന്നു ചെറിയാൻേറത്. കേരളാ കോൺഗ്രസ് വിഘടിച്ചു നിൽക്കാതെ മാതൃസംഘടനയായ കോൺഗ്രസിലേക്കു തിരിച്ചുവരണമെന്നു പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും കോൺഗ്രസ് പ്രസിഡൻറ് കാമരാജ് നാടാരും ബോംബെയിൽ വെച്ചു ചെയ്ത ആഹ്വാനം ആസ്പദമാക്കിയാണ് 1966 മെയ് 27-ാം തീയതി 'കേരളാ കോൺഗ്രസ്' എന്ന ശീർഷകത്തിൽ മനോരമ ദീർഘമായ ഒരു മുഖപ്രസംഗം എഴുതിയത്. കേരള കോൺഗ്രസ് മാതൃസംഘടനയിലേക്കു തിരിച്ചു വരുന്നുവെങ്കിൽ അവർക്കു അർഹിക്കുന്ന എല്ലാ സ്ഥാനമാനങ്ങളും നൽകി ആദരിക്കണമെന്നും സംഘടനയിൽ അവരോടു യാതൊരു തരത്തിലുള്ള വിവേചനവും പാടില്ലെന്നും കെ. എം. ചെറിയാൻ കോൺഗ്രസുകാരോടു അപേക്ഷിക്കുകയും ചെയ്യുന്നുണ്ട്. സമുദായങ്ങളുടെയോ സംഘടനകളുടെയോ വ്യക്തികളുടെയോ കാര്യത്തിലായാലും സൗഹൃദമനോഭാവവും അനുരഞ്ജന ശ്രമവുമാണ് എല്ലായ്പ്പോഴും മനോരമ അനുവർത്തിച്ചു പോന്നിട്ടുള്ളത്. ജനാ

ധിപത്യത്തിൽ വിശ്വസിക്കുന്ന ശക്തികൾ സമുദായങ്ങളാകട്ടെ, സംഘടനകളാകട്ടെ, വ്യക്തികളാകട്ടെ ഏതു തന്നെയാണെങ്കിലും ശരി അവർക്കിടയിൽ ഭിന്നതയും അകൽച്ചയുമുണ്ടായാൽ അതു ജനാധിപത്യ വ്യവസ്ഥിതിയെത്തന്നെ അതിൻെറ ശത്രുക്കളുടെ കൈയിൽ കൊണ്ടുപോയി ഏൽപ്പിക്കുന്നതിനു സമമായിരിക്കും എന്നായിരുന്നു മനോരമയുടെ വിവക്ഷ."[19] അതുകൊണ്ടാണു ഐക്യത്തിനു വേണ്ടി ആഹ്വാനം നടത്തിയ ഈ മുഖപ്രസംഗത്തിൽ ഉപസംഹാരമായി ഇങ്ങനെ എഴുതിയിട്ടുള്ളത്. "അതുകൊണ്ടു രണ്ടു സംഘടനകളുടെ പ്രാതിനിധ്യമുള്ളവർ ആവശ്യമെങ്കിൽ ധേബാർജിയെപ്പോലെ സുസമ്മതനായ ഒരു അഖിലേന്ത്യാ നേതാവിൻെറ സാന്നിദ്ധ്യത്തിൽ ചർച്ചകൾ നടത്തി തീരുമാനം വരുത്തുവാൻ ശ്രമിക്കുകയാണു വേണ്ടത്. തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ ആരംഭിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. ജനാധിപത്യ ചേരികൾ സംശയിച്ചും അറച്ചും നിൽക്കുകയും ഇടതു പക്ഷ കമ്മ്യൂണിസ്റ്റ് നേതൃത്വം ഇടതുപക്ഷങ്ങളെ തങ്ങളുടെ പാട്ടിൽ കൊണ്ടുവരികയും ചെയ്താൽ തെരഞ്ഞെടുപ്പു ഫലം എന്തായിരിക്കുമെന്നു ജനാധിപത്യനേതാക്കന്മാർ ആലോചിക്കേണ്ടതാണ്."[20]

ഇടതുപക്ഷമുന്നണി 1967-ലെ തെരഞ്ഞെടുപ്പിൽ ഇ. എം. എസിൻെറ നേതൃത്വത്തിൽ വീണ്ടും അധികാരത്തിൽ വന്നു. കോൺഗ്രസുമായി സന്ധിചെയ്യുവാനൊരുങ്ങാത്ത കേരളാ കോൺഗ്രസിൻെറ വാശിപോലെ തന്നെ കേരളാ കോൺഗ്രസിനെ, കോൺഗ്രസിൽ ലയിപ്പിക്കുന്നതിനെതിരായുള്ള ഒരു വിഭാഗം കോൺഗ്രസിൻെറ ദുർവാശിയും കെ. എം. ചെറിയാൻെറ വിമർശനത്തിന് വിധേയമായിരുന്നു. ജനാധിപത്യശക്തികൾ ഭിന്നചേരിയിൽ ആകുന്നത് രാഷ്ട്രത്തിനാകമാനം ആപത്തിനിടവരുത്തുമെന്ന് മനോരമ ഓർമ്മപ്പെടുത്തി. ആ അടിസ്ഥാനത്തിൽ എത്രതന്നെ വിട്ടു വീഴ്ചകൾ ചെയ്താലും ഈ സംഘടനകൾ തമ്മിൽ ഒരുമിച്ചു പ്രവർത്തിക്കണമെന്ന് മനോരമ നിരന്തരം ആവർത്തിച്ചുകൊണ്ടിരുന്നു. 1967 ലെ തെരഞ്ഞെടുപ്പിൽ സംഖ്യാബലം കുറഞ്ഞ കേരളാ കോൺഗ്രസ് ഒരു പുനർ വിചിന്തനത്തിന് തയ്യാറായി. ഇതിന് മനോരമയുടെ പ്രേരണ വേണ്ടുവോളമുണ്ടായിരുന്നു. 1969-ൽ രൂപീകൃതമായ സി. അച്യുതമേനോൻ മന്ത്രിസഭയിൽ കേരളാ കോൺഗ്രസ് പങ്കാളികളായതും അങ്ങനെയാണ്.[21] കാലത്തിനു കുറെയധികം മുമ്പ് നടന്നുപോയ ക്രാന്തദർശിയായ കെ. എം. ചെറിയാൻെറ പ്രവർത്തനങ്ങളുടെ സദ്ഫലങ്ങൾ ഏറെ കഴിഞ്ഞതിനുശേഷമാണ് സമകാലികർ മനസ്സിലാക്കിയതെന്ന വ്യത്യാസം വളരെ വലുതാണ്.

ഇക്കാലമായപ്പോഴേക്കും രാഷ്ട്രീയമായ ചേരിതിരിവ് ശക്തമായിരുന്നു. ഏതു പ്രവൃത്തിയും രാഷ്ട്രീയ ഉരകല്ലിൽ മാറ്റുനോക്കിയ ശേഷമാ

യിരുന്നു അനുകൂല - പ്രതികൂല പ്രതികരണങ്ങൾ. വിഷയത്തിൻെറ നന്മ തിന്മയോ, ന്യായാന്യായങ്ങളോ നിരൂപിച്ചായിരുന്നില്ലെന്നർത്ഥം. തന്മൂലം എല്ലാം പാർട്ടി അടിസ്ഥാനത്തിൽ മാത്രം വിലയിരുത്തുന്ന സ്ഥിതിവിശേഷം നാട്ടിൽ സാർവ്വത്രികമായിക്കൊണ്ടിരുന്നു. ഓരോ പാർട്ടിക്കും സമുദായങ്ങൾക്കു തന്നെയും അവരവരുടെ ആശയ പ്രചാരണത്തിനുള്ള മാദ്ധ്യമങ്ങൾ വളർന്നു വരികയും ചെയ്തു. അതിനാൽ മനോരമയിലെന്നല്ല, ഏതു പത്രത്തിലായാലും സ്വന്തം അഭിപ്രായത്തിനാ പാർട്ടിക്കോ എതിരായിട്ടുള്ള വാർത്തകളും പ്രതികരണങ്ങളും അവർ അംഗീകരിക്കുകയില്ലെന്നുള്ള അവസ്ഥയും വന്നുകൂടി. ആരുടെയും മുഖം നോക്കാതെ ധീരമായി അഭിപ്രായം പ്രകടിപ്പിക്കുവാൻ തയ്യാറായിട്ടുള്ള വ്യക്തികൾക്കും മാധ്യമങ്ങൾക്കും ഒരുപാട് ശത്രുക്കളെ നേരിടേണ്ടതായി വന്നിരുന്നു. അക്കൂട്ടത്തിൽ ഏറ്റവും കൂടുതൽ ശത്രുതയുടെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടതായി വന്നതും മലയാള മനോരമക്കായിരുന്നു എന്ന വസ്തുത ഓർക്കാതിരിക്കുന്നത് ശരിയല്ല. ഈ എതിർപ്പുകളെ നേരിട്ടുകൊണ്ടു തന്റെ രാജ്യത്ത് സമാധാനവും ഉത്കർഷവും ഉണ്ടാക്കണമെന്ന ആഗ്രഹത്തോടുകൂടി ശാന്തിയുടെയും സൗമനസ്യത്തിൻെറയും ഭാഷയാണ് മനോരമ എന്നും ഉപയോഗിച്ചിരുന്നത്. സമുദായ സൗഹാർദ്ദമെന്നതായിരുന്നു കെ. എം. ചെറിയാൻെറ മുദ്രാവാക്യം. കേരള രാഷ്ട്രീയത്തിൽ നിലനിന്ന ചേരിപ്പോരും സംഘർഷവും സജീവമായി നിലനിർത്തിയിരുന്നത് സമുദായ താൽപ്പര്യങ്ങളാണെന്ന് കെ. എം. ചെറിയാന് നിശ്ചയമുണ്ടായിരുന്നു. അതാണ് ഓരോ സമുദായത്തിൻെറ പ്രശ്നങ്ങളിലും സൗഹാർദ്ദപരമായി പരിഹാരം കാണുവാൻ അദ്ദേഹം ശ്രമിച്ചത്. "മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാംഗമായ അദ്ദേഹം സ്വന്തം സഭയിലെ ഭിന്നതയും ചേരിതിരിവും ഇല്ലാതാക്കി സമാധാനം കൈവരുത്തുവാൻ ചെയ്തിട്ടുള്ള ശ്രമങ്ങൾ സുവിദിതമാണ്"[22] ഓർത്തഡോക്സ് സഭയും മാർത്തോമ്മാ സഭയും യോജിച്ചുപ്രവർത്തിക്കുകയെന്ന അഭിലാഷത്തിൻെറ പ്രാരംഭമായിട്ടായിരുന്നു ഇരുസഭകളിലെയും നേതാക്കന്മാരെ ഒരു മേശയ്ക്കുചുറ്റും അഭിമുഖമായിരുത്തി അഭിപ്രായസമന്വയത്തിനുള്ള തീവ്രശ്രമങ്ങൾ അദ്ദേഹം നടത്തിയത്. ഓർത്തഡോക്സ് സഭയിലെ പിളർപ്പും അന്യോന്യമുള്ള എതിർപ്പും കെ. എം. ചെറിയാനെ ഏറെ വേദനിപ്പിച്ചിരുന്നു. ഏതുവിധേനയും ഇരുസഭകളും വിട്ടുവീഴ്ചകൾ ചെയ്ത് ഒന്നിക്കണമെന്നദ്ദേഹം അഭിലഷിച്ചു. സഭയുടെ ഐക്യത്തിനുവേണ്ടി അദ്ദേഹം നൽകിയ നിർദ്ദേശങ്ങൾ അദ്ദേഹത്തെ സ്വന്തം സഭാംഗങ്ങൾ പോലും തെറ്റിദ്ധരിക്കാനിടവരുത്തി. ഒരു കാര്യം തീർച്ച, "ഏതാനും മാസങ്ങൾ കൂടി അദ്ദേഹം ജീവിച്ചിരുന്നെങ്കിൽ സഭയുടെ വിഭജനം ഒഴിവാക്കുവാൻ രചനാത്മകമായ നിർദ്ദേശങ്ങൾ അദ്ദേഹത്തി

ൻേറതായി ഉണ്ടാകുമായിരുന്നുവെന്നതിന് സംശയമില്ല", എന്നാണ് പ്രൊഫ. കെ. എം. തരകൻ 'സംസ്കാരദർശനവും മതദർശനവും' എന്ന പ്രബന്ധം ഉപസംഹരിച്ചുകൊണ്ടെഴുതുന്നത്.[23] പ്രതിപക്ഷ ബഹുമാനവും സഹിഷ്ണുതയും കെ. എം. ചെറിയാനെ സ്വന്തം സഭാംഗങ്ങൾപോലും തെറ്റിദ്ധരിക്കുവാൻ കാരണമാക്കി. "സഭയെ ഒറ്റിക്കൊടുത്തു എന്നുപോലും അദ്ദേഹത്തിൻെറ മേൽ കുറ്റമാരോപിക്കുവാൻ ആളുകൾ തയ്യാറായി", എന്നാണ് പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത ഇതു സംബന്ധമായെഴുതിയിട്ടുള്ളത്.[24] "കെ. എം. ചെറിയാൻ കാതോലിക്കോസിനെതിരായി പാത്രിയാർക്കീസിനെ അനുകൂലിച്ചിരുന്നു എന്ന് കരുതുന്നവർ ഇന്നുമുണ്ട്" എന്നാണ് അദ്ദേഹം തുടർന്നെഴുതുന്നത്.[25] അങ്ങനെ സ്വന്തമാളുകളുടെപോലും എതിർപ്പും തെറ്റിദ്ധാരണയും വേണ്ടുവോളം വാങ്ങിച്ചുകൊണ്ടാണ് സമാധാനത്തിനും അനുരഞ്ജനത്തിനുമുള്ള പ്രവർത്തനങ്ങൾ അദ്ദേഹം നടത്തിക്കൊണ്ടിരുന്നത്. തൽക്കാലം ലഭിക്കുമായിരുന്ന കൈയടിയോ പ്രശസ്തിയോ കാംക്ഷിച്ചുകൊണ്ട് തൻെറ സുചിന്തിതമായ അഭിപ്രായത്തിൽ മായം ചേർക്കുവാൻ അദ്ദേഹം മുതിർന്നില്ല. സ്വന്തം മനഃസാക്ഷിയുടെ ഉരകല്ലിൽ മാറ്റുനോക്കിയാണ് അദ്ദേഹം ഏതു പ്രവൃത്തിയും ചെയ്തിരുന്നത്. പ്രലോഭനങ്ങളെയും പ്രതികൂലസാഹചര്യങ്ങളെയും തരിമ്പും കൂസാതിരുന്ന അദ്ദേഹം എന്തു 'സംഭവിക്കുന്നതും ദൈവനിശ്ചയമാണെന്ന് ദൃഢമായി വിശ്വസിച്ചു. അചഞ്ചലമായ ഈശ്വരവിശ്വാസം, അനന്യസദൃശമായ ആത്മധൈര്യം അദ്ദേഹത്തിന് പ്രദാനം ചെയ്തിരുന്നു. അദ്ദേഹത്തിൻെറ ജീവചരിത്രകാരനായ ടി. ചാണ്ടി തറപ്പിച്ചു പറയുന്നത്, "മനോരമയുടെ ചരിത്രം ദൈവാധീനത്തിൻെറ ചരിത്രമാണെന്ന് സ്മര്യപുരുഷൻ വിശ്വസിച്ചിരുന്നു", എന്നാണ് [26] ഇക്കാര്യം സ്ഥിരീകരിക്കുന്നതത്രെ, അദ്ദേത്തിൻെറ സഹോദരനും മനോരമ മുഖ്യപത്രാധിപരുമായ കെ. എം. മാത്യുവിൻെറ പ്രസ്താവം. കെ. എം. ചെറിയാൻ സ്മാരകഗ്രന്ഥത്തിലെ അവതാരികയിൽ പത്രം രണ്ടാമത് തുടങ്ങിയതിനെക്കുറിച്ചെഴുതുമ്പോൾ കെ. എം. മാത്യു പറയുന്നത്, "മനോരമ വീണ്ടും തുടങ്ങുകയെന്നത് ദൈവം തന്നെ ഏല്പിച്ച ദൗത്യമാണെന്നുള്ള ഉത്തമബോധ്യത്തോടുകൂടി കെ. എം. ചെറിയാൻ ആ മഹാ സാഹസത്തിനു തുനിഞ്ഞിറങ്ങുകയാണ് ഉണ്ടായത്" എന്നാണ്.[27]

ഈശ്വരനിലും ഈശ്വരനിശ്ചയിലും ഉള്ള ഇളക്കമില്ലാത്ത വിശ്വാസത്തെയാണല്ലോ പത്രാധിപർ കെ. എം. മാത്യു ഇവിടെ ഉറപ്പിച്ചു പറയുന്നത്. ഇത്, കെ. എം. മാത്യുവിൻെറയോ, കെ. എം. ചെറിയാൻെറയോ വിശ്വാസപ്രമാണം മാത്രമല്ല, കണ്ടത്തിൽ കുടുംബത്തിൻെറതന്നെ ശ്രേഷ്ഠമായ പാരമ്പര്യമാണ്. മരണദിവസം മകൻ കെ. എം. ചെറിയാനോടു നൽകുന്ന

അന്ത്യശാസനത്തിൽ പത്രത്തിൻെറ അപ്പോഴത്തെ സ്ഥിതിയെപ്പറ്റി കെ. സി. മാമ്മൻ മാപ്പിള പറയുന്നത്, "മനോരമയ്ക്കിപ്പോൾ 30,000 ത്തോളം വരിക്കാരുണ്ട്. അത് നിൻെറ ശ്രമഫലവും ബഹുജനങ്ങളുടെ അനുഭാവവുമാണെന്ന് പറയാമെങ്കിലും നിസ്സംശയമായും ഉടയതമ്പുരാൻെറ അനുഗ്രഹമാണ്."[28] എല്ലാം ഈശ്വരനിൽ അർപ്പിച്ചുകൊണ്ടുള്ള മാതൃകാപരമായ ഈ വിശ്വാസാനുഷ്ഠാനങ്ങളാണ് മനോരമയെ ഇന്ത്യയിലെ ഭാഷാപത്രങ്ങളിൽ വെച്ച് ഏറ്റവും മുൻപന്തിയിൽ എത്തിച്ചതിൻെറ പ്രമുഖഘടകം.

## സൂചിക

1. കെ. എം. ചെറിയാൻ സ്മരണിക, പേജ് 236
2. കെ. എം. ചെറിയാൻ സ്മരണിക പേജ് 234
3. മലയാള മനോരമ സപ്ലിമെൻറ് 1997 നവംബർ 29, കെ. എം. മാത്യു, ഈശ്വരൻെറ കൃപയും പൈതൃകത്തിൻെറ കരുത്തും -ലേഖനം.
4. കെ. എം. ചെറിയാൻ സ്മരണിക, പേജ് 91
5. മലയാള മനോരമ സപ്ലിമെൻറ് 1997 നവംബർ 29, കെ. എം. മാത്യു, ഈശ്വരൻെറ കൃപയും പൈതൃകത്തിൻെറ കരുത്തും - ലേഖനം
6. കെ. എം. ചെറിയാൻ സ്മരണിക, കെ. എം. ചെറിയാൻെറ ലേഖനം, അന്ത്യശാസനം, പേജ് 243.
7. സ്മരണിക, പേജ് 248
8. മനോരമ, 1959 ആഗസ്റ്റ് 7, മുഖപ്രസംഗം - കേരളത്തിലെ അരക്ഷിതാവസ്ഥ
9. കെ. എം. ചെറിയാൻ സ്മരണിക, സെമിനാർ പ്രബന്ധം, രാജ്യതന്ത്രജ്ഞന്മാരിൽ അഗ്രഗാമി, പേജുകൾ - 145 - 146.
10. അതുതന്നെ, പ്രബന്ധം, മക്കപ്പുഴ പി. വാസുദേവൻ നായർ. അനശ്വരമായ സമുദായ സൗഹാർദ്ദം, പേജ് 158.
11. അതുതന്നെ, പ്രബന്ധം പി. പി. ഉമ്മർകോയ, രാജ്യതന്ത്രജ്ഞന്മാരിൽ അഗ്രഗാമി, പേജ് 147.
12. അതുതന്നെ പ്രബന്ധം എൻ. എം. ഏബ്രഹാം, വിനയസമ്പന്നനായ പ്രതിഭാധനൻ, പേജ് 107.
13. അതുതന്നെ
14. മനോരമ, 1964 സെപ്റ്റംബർ 25, മുഖപ്രസംഗം - കോൺഗ്രസും ക്രിസ്ത്യാനികളും.
15. മനോരമ, 1964 മെയ് 29
16. അതുതന്നെ
17. മനോരമ, 1965 ഫെബ്രുവരി 22, രാഷ്ട്രീയ പ്രസംഗം
18. മനോരമ സപ്ലിമെൻറ് 1997 നവംബർ 29, കെ. എം. മാത്യു, ഈശ്വരൻെറ കൃപയും, പൈതൃകത്തിൻെറ കരുത്തും - ലേഖനം.
19. മനോരമ, 1966 മെയ് 27. മുഖപ്രസംഗം, കേരളകോൺഗ്രസ്, പേജ് 305.
20. അതുതന്നെ,

21. കെ. എം. ചെറിയാൻ സ്മരണിക, പി. പി. ഉമ്മർ കോയ മുൻ ഉദ്ധരിച്ചത്, പേജ് 149.
22. കെ. എം. ചെറിയാൻ സ്മരണിക, ടി. ചാണ്ടി, പ്രബന്ധം പുറം - 49.
23. അതുതന്നെ, പ്രബന്ധം, പ്രൊഫ. കെ. എം. തരകൻ, സംസ്ക്കാര ദർശനവും മതദർശനവും, പുറങ്ങൾ 136-137.
24. അതുതന്നെ, അനുസ്മരണം, പൗലോസ് മാർ ഗ്രിഗോറിയോസ്, പേജ്-15
25. അതുതന്നെ
26. ടി ചാണ്ടി, അതുതന്നെ, അനുസ്മരണം, പുറം 47.
27. അതുതന്നെ, അനുസ്മരണം, പേജ് 3
28. മനോരമ, 1954 ജനുവരി 5, കെ. എം. ചെറിയാൻ, ലേഖനം, അന്ത്യശാസനം.

# അഖിലകേരള ബാലജനസഖ്യം

'മലയാള മനോരമ'യുടെ പ്രവർത്തനചരിത്രത്തിൽ അവിസ്മരണീയമായി ഒരു പ്രസ്ഥാനമാണ് മനോരമയുടെ തണലിൽ വളർന്നു പന്തലിച്ച അഖിലകേരള ബാലജനസഖ്യം. ഏഴു ദശാബ്ദത്തിലേറെ നീണ്ട വൈവിദ്ധ്യമാർന്ന സേവന പാരമ്പര്യം ഈ സംഘടനയ്ക്കുണ്ട്. 'മനോരമ'യുടെ ചരിത്രത്തിൽ നിന്ന് അടർത്തിക്കളയുവാൻ അസാദ്ധ്യമാണ് ബാലജനസഖ്യത്തിൻെറ കഥ. അതിൻെറ ചെറിയ ഒരു വിവരണം ഇവിടെ പ്രസക്തമാകുന്നത് അതിനാലാണ്. മുഖ്യ പത്രാധിപർ കെ. എം. മാത്യുവിൻെറ വാക്കുകൾ കടമെടുത്താൽ "അഖിലകേരള ബാലജനസഖ്യത്തിൻെറ സമഗ്രചരിത്രം ആധുനിക കേരളത്തിൻെറ വികാസചരിത്രവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു" എന്നു പറയണം.[1] 1929 ൽ മാമ്മൻ മാപ്പിള ഈ ബാലജനപ്രസ്ഥാനത്തിന് രൂപം നൽകിയത് തികഞ്ഞ ലക്ഷ്യബോധത്തോടു കൂടിയായിരുന്നു. ഇംഗ്ലണ്ട് തുടങ്ങിയ വിദേശരാജ്യങ്ങളിൽ കുട്ടികളുടെ സംഘടനകളും ബാലമാസികകളും ചെയ്യുന്ന പ്രവൃത്തികളും അവ വളർന്നു വരുന്ന തലമുറയിൽ ചെലുത്തുന്ന സ്വാധീനവും എന്തൊക്കെ? എത്രയൊക്കെ? എന്നെല്ലാം സൂക്ഷ്മമായി നിരീക്ഷിച്ചറിഞ്ഞിരുന്ന മാമ്മൻ മാപ്പിള നമ്മുടെ ഇളം തലമുറയും വികസിത രാജ്യങ്ങളിലെ ബാലികാ ബാലന്മാരെപ്പോലെ കഴിവുള്ളവരായി വളരണമെന്നാശിച്ചു. അതിനുള്ള അടിത്തറ ഉറപ്പിക്കുകയായിരുന്നു ബാലജനസംഖ്യത്തിലൂടെ. കുട്ടികൾ മാനസികവും ശാരീരികവുമായ അച്ചടക്കത്തിന് വിധേയമായി ആരോഗ്യമുള്ള തലമുറയായി വളരണം, ശരീരത്തിനെന്നപോലെ ബുദ്ധിക്കും വികാസം ലഭിക്കണം എന്നും അദ്ദേഹം മനസ്സിലാക്കി. എങ്കിൽ മാത്രമേ സമൂഹത്തിനും നാടിനും പ്രയോജനകരമായ നല്ല പ്രവൃത്തികൾ അവരിൽനിന്നുമുണ്ടാകുകയുള്ളൂ. ബാലജനസഖ്യം രൂപീകരണത്തിൽ മാമ്മൻ മാപ്പിളയുടെ ലക്ഷ്യവും അതുതന്നെയായിരുന്നുവെന്നാണ് കെ. എം. മാത്യു എഴുതുന്നത്. "മനുഷ്യപുരോഗതിക്കടിസ്ഥാനമായി താൻ കണ്ട ശാശ്വതമൂല്യങ്ങളുടെയും ഈശ്വരവിശ്വാസത്തിൻെറയും ചൈതന്യം പുതിയ തലമുറയിലേക്ക് പകരാനും, ആ ചൈതന്യത്തിൻെറ കരുത്താർജ്ജിച്ച് ക്രിയാത്മകയത്നങ്ങളിൽ സംഘടിതമായി പങ്കുചേരുവാനുമുള്ള പ്രചോദനം അവർക്ക് നൽകുവാനും അദ്ദേഹം ആഗ്രഹിച്ചു."[2] ഇവയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും സൽപന്ഥാവിൽ കൂടി ചരിക്കുവാൻ സഹായിക്കുകയും ചെയ്യുകയെന്ന കർത്തവ്യമാണ് ബാലജനസഖ്യത്തിനുവേണ്ടി മനോരമ അവിരാമം നടത്തിക്കൊണ്ടിരുന്നത്. സ്വഭാവവൽക്കരണം, സേവന സന്നദ്ധത, ദേശഭക്തി, സഹോദരസ്നേഹം ഇത്യാദി മഹത് ഗുണങ്ങൾ

കുട്ടികളിൽ ഉദ്ദീപിക്കുവാനും സ്ഥായിയായി നിലനിർത്തുവാനും ഇടതടവില്ലാതെ മനോരമ അശ്രാന്തം പരിശ്രമിച്ചിട്ടുണ്ട്.

'മലയാള മനോരമ'യിൽ കുട്ടികൾക്കുവേണ്ടിയുള്ള ഒരു പംക്തിയായി ആരംഭിക്കുന്നത് 1910 ഏപ്രിൽ 16-ാം തീയതിയാണ് . അന്ന് ആഴ്ചയിൽ രണ്ടുവീതമായിരുന്നു 'മനോരമ'യുടെ പ്രസിദ്ധീകരണം. ഇത് ഒരു സ്ഥിരം പംക്തിയായി എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിച്ചിരുന്നു. പത്രത്തിന്റെ ഒരു ഫുൾപേജ് ഇതിനായി വിനിയോഗിക്കുകയും ചെയ്തു.[3] ബാലപംക്തി തുടങ്ങിക്കൊണ്ട് മാമ്മൻ മാപ്പിളയെഴുതിയ "ചെറിയ കുട്ടികളും, പത്രപാരായണവും" എന്ന മുഖപ്രസംഗം ശ്രദ്ധേയമാണ്. പത്രവായനാശീലം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുവാൻ ബാലപംക്തി പ്രയോജനപ്പെടണം. കുട്ടികൾക്കുവേണ്ടിയുള്ള കഥകളും ലഘുലേഖനങ്ങളും പ്രസിദ്ധീകരിക്കണം. കൂട്ടി വായിക്കുവാൻ പ്രയാസമുള്ള കുഞ്ഞുങ്ങൾക്ക് അമ്മമാർ വായിച്ചു കൊടുക്കണം. അങ്ങനെ വായനാശീലം കുട്ടികളിൽ വളർത്തിയെടുക്കേണ്ടത് എല്ലാ നിലയ്ക്കും അനിവാര്യമാണ്. ആ മുഖലേഖനം ഈ വക നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു.[4] തുടർന്ന് കുട്ടികൾക്ക് ആവശ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുവാൻ തയ്യാറായി 'മനോരമ'യുടെ ബാലപംക്തിയിൽ അവരുടെയൊക്കെ ചങ്ങാത്തം ഇച്ഛിച്ചുകൊണ്ട് ഒരു "കൊച്ചേട്ടൻ" പ്രത്യക്ഷപ്പെട്ടു.[5] സഹൃദയനും വിദ്യാസമ്പന്നനുമായ ഈ 'കൊച്ചേട്ടൻ' കെ. സി. മാമ്മൻ മാപ്പിള തന്നെയായിരുന്നു എന്ന വസ്തുത ഏവർക്കുമറിയാമായിരുന്നു. ബാലപംക്തിയിൽ കൊച്ചേട്ടൻ എഴുതിയ കത്തിൽ കുട്ടികളുടെ വാസനയ്ക്കും താൽപ്പര്യത്തിനും അനുസൃതമായി കഥകളും "നിങ്ങൾക്ക് രസമുള്ളവയുമായ മറ്റു ചില സംഗതികളെക്കുറിച്ചും അവസരം പോലെ എഴുതാമെന്ന് വിചാരിക്കുന്നു" എന്നറിയിച്ചിരുന്നു.[6] ബാലപംക്തിയിൽ ഇതേത്തുടർന്ന് കുട്ടികൾക്കുവേണ്ടി ഒരു നീണ്ടകഥ പ്രസിദ്ധീകരിച്ചു. പിന്നീട് ഈ പംക്തിയിൽ കുട്ടികൾക്കുവേണ്ടിയുള്ള കഥകൾ തുടർച്ചയായി പ്രകാശിപ്പിച്ചുകൊണ്ടിരുന്നു. കഥ അവസാനിക്കുമ്പോൾ അതിനെക്കുറിച്ചുള്ള ചില ചോദ്യങ്ങൾ കൊച്ചേട്ടൻ ചോദിക്കും; അവയ്ക്കുള്ള ശരിയുത്തരം അയയ്ക്കുന്നവർക്ക് 'മനോരമ' പാരിതോഷികം നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. ഉത്തരമയക്കുമ്പോൾ ഒരു ഫോറം പൂരിപ്പിച്ചയയ്ക്കണമായിരുന്നു. അതിൽ കുട്ടിയുടെ പേര്, വയസ്, ജനനത്തീയതി, പഠിക്കുന്ന സ്കൂളിന്റെ പേര്, ക്ലാസ്, എന്നീ വിവരങ്ങൾ കൊടുക്കുന്നതിനു പുറമെ അയയ്ക്കുന്ന ഉത്തരം പരസഹായം കൂടാതെ അയയ്ക്കുന്ന കുട്ടി തന്നെ തയ്യാറാക്കിയതാണെന്ന് മനോരമയുടെ ഒരു വരിക്കാരൻ സർട്ടിഫൈ ചെയ്തുമിരിക്കണം. കുട്ടികളുടെ വായനാശീലവും ജിജ്ഞാസയും വളർത്തുവാൻ ഇത്തരം പരീക്ഷണങ്ങളും, മത്സരങ്ങളും ഏറെ സഹായി

ച്ചിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ. ഇത്രത്തോളമായപ്പോൾ 'മലയാള മനോരമ' സ്കൂൾ വിദ്യാർത്ഥികൾക്കു പകുതിവിലയ്ക്ക് നല്കുന്നതാണെന്നൊരു പ്രഖ്യാപനവും പത്രാധിപർ മാമ്മൻ മാപ്പിള നടത്തി.[7] ചിത്രരചനം, ഉപന്യാസരചന, തുന്നൽ, സാഹിത്യമത്സരങ്ങൾ എന്നിവ കുട്ടികൾക്കുവേണ്ടി നടത്തിക്കൊണ്ടിരുന്നത് അവരിൽ ഉത്സാഹവും മത്സരാവേശവും ഉണ്ടാക്കി. കുട്ടികളെ വായനയുമായി ബന്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ബാലപംക്തിയിലെ അറിയിപ്പ് ഇങ്ങനെയായിരുന്നു. "നിങ്ങൾ അധികം ഇഷ്ടപ്പെടുന്നതായ ഒരു പുസ്തകത്തിൻെറ പേരും അതിനെ പ്രത്യേകം ഇഷ്ടപ്പെടാനുള്ള കാരണവും കാണിച്ച് കൊച്ചേട്ടൻെറ പേർക്ക് ഒരു കത്തയയ്ക്കുക. ഏറ്റവും നല്ല കത്തയയ്ക്കുന്നയാൾക്ക് ഒരു സമ്മാനം അയച്ചുകൊടുക്കുന്നതാണ്[8] എന്നാൽ ഒന്നാംലോകമഹായുദ്ധം തുടങ്ങിയതോടെ യുദ്ധവാർത്തകൾ ചേർക്കേണ്ടതായി വന്നപ്പോൾ 1918 ൽ യുദ്ധമവസാനിക്കുന്നതുവരെ ബാലപംക്തി നിർത്തിവയ്ക്കേണ്ടതായിവന്നു.

പത്തിരുപത് കൊല്ലത്തെ തുടർച്ചയായ ശ്രമഫലമായി പത്രമാസികകൾ വായിക്കുവാനുള്ള ആസക്തി കുട്ടികളിൽ കുറെയൊക്കെ ദൃശ്യമായിത്തുടങ്ങി. 'മനോരമ'യിലെ ബാലപംക്തിയിൽ പ്രസിദ്ധീകരിച്ചിരുന്ന കുട്ടികളുടെ കഥകളും കവിതകളും അവരുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകളും അവരെ ആവേശം കൊള്ളിക്കുകയും ചെയ്തു. കുട്ടികൾ തമ്മിൽ തമ്മിൽ അറിയാനും ഒന്നിക്കാനുമുള്ള സാഹചര്യം സൃഷ്ടിക്കുകയെന്നതായിരുന്നു 1929 മെയ് 29 ന് രൂപം കൊടുത്ത 'അഖിലകേരള ബാലജന സഖ്യ'ത്തിൻെറ പ്രധാന ഉദ്ദേശം. ഭരണപരമായും രാഷ്ട്രീയമായും മൂന്നു വിഭാഗമായി കിടന്നിരുന്ന കേരളത്തെ ഒന്നായി കണ്ടുകൊണ്ടാണ് ബാലജന സഖ്യത്തിന് 'അഖിലകേരള' എന്ന സമൂർത്തഭാവം നൽകിയത്. മാമ്മൻ മാപ്പിളയുടെ സുചിന്തിതമായ രൂപകൽപ്പനയായിരുന്നു 'അഖിലകേരള ബാലജനസഖ്യം.' മറ്റെല്ലാ കാര്യങ്ങളിലുമെന്നപോലെ ബാലജനസഖ്യരൂപീകരണവും ഏറെക്കാലത്തെ നിരീക്ഷണത്തിനും ആസൂത്രണത്തിനും ശേഷമാണ് മാമ്മൻ മാപ്പിള നടപ്പാക്കിയത്. അതുകൊണ്ടുതന്നെ അതിൻെറ തുടക്കവും വളർച്ചയും വലിയ പ്രതിബന്ധങ്ങളൊന്നുമില്ലാതെ സുഗമമായത്തീർന്നു. 'മനോരമ'യിൽ ബാലപംക്തി ആരംഭിക്കുന്നതിൻെറ മുന്നോടിയായി അന്നേദിവസത്തിലെ 'മനോരമ' ഒരു മുഖപ്രസംഗമെഴുതിയിരുന്ന കാര്യം നാം മുമ്പേ പരാമർശിച്ചതാണല്ലോ. അതേപോലെ 1929 മെയ് 29-ാം തീയതിയിലെ 'മനോരമ'യിലെ ബാലപംക്തിയിൽ പത്രാധിപർ തൻെറ ഒരു കത്ത് പ്രസിദ്ധീകരിച്ചിരുന്നു[9] ബാലജനസഖ്യത്തിന് രൂപം നൽകിയത് ഈ എഴുത്താണ്. ആ കത്ത് ഇപ്രകാരമായിരുന്നു.

# കുട്ടികൾക്ക് ബാലജനസഖ്യം

"ലോകത്തിൻെറ ഭാവി നിങ്ങളെപ്പോലെയുള്ള കുട്ടികളെ ആശ്രയിച്ചിരിക്കുന്നുവെന്നുള്ള വസ്തുത ഇപ്പോൾ പരക്കെ ബോദ്ധ്യം വന്നിട്ടുള്ളതാണല്ലോ. നിങ്ങൾ ഭാവി പൗരന്മാരാണെന്നും ലോകത്തെ ഭരിക്കുവാൻ ഉള്ളവരാണെന്നും മറ്റും പലപ്പോഴും പുസ്തകങ്ങളിൽ നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കണം. ഇതെല്ലാം അറിഞ്ഞുകൊണ്ട് വെറുതെ സന്തോഷിച്ച് കൈയും കെട്ടി ഇരിക്കുവാനാണോ കൊച്ചനുജന്മാരുടെയും, അനുജത്തിമാരുടെയും ഭാവം? വലിയ ശക്തരാകുവാൻ പോകുന്ന നിങ്ങൾക്ക് ചില ചുമതലകൾ ഉണ്ടെന്ന് നിങ്ങൾ അറിഞ്ഞിട്ടുണ്ടോ? നിങ്ങളുടെ ഈ ജീവിതഘട്ടം ഏറ്റവും വിലയേറിയതാണ്. നിങ്ങളുടെ ഉന്നതിയുടെയും താഴ്ചയുടെയും അടിസ്ഥാനം ബാല്യദശയിലെ നിങ്ങളുടെ ജീവിതരീതിയാണെന്നു നിങ്ങൾ പ്രത്യേകം ഓർമ്മിക്കണം.

"അതുകൊണ്ട് ഇപ്പോൾ നിങ്ങൾക്കു കിട്ടിയിരിക്കുന്ന അവസരം നഷ്ടപ്പെടുത്താതെ ഒരുത്തമ സ്വഭാവരൂപവൽക്കരണത്തിന് നിങ്ങളെ മനോരമ വഴിയായി കഴിയുന്ന വിധത്തിലെല്ലാം സഹായിക്കുവാൻ ഞാനും പരിശ്രമിക്കാം

"ഇങ്ങനെ നാം തമ്മിലും നിങ്ങൾ തമ്മിലും അറിയുന്നതിന് കുട്ടികളുടെ ഒരു സഖ്യം രൂപവൽക്കരിക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്ന വിവരം നിങ്ങളെ എല്ലാവരെയും അറിയിക്കുന്നതിന് എനിക്ക് വളരെ സന്തോഷമുണ്ട്.

"ഈ സംഘടനയുടെ പേര് 'ബാലജനസഖ്യം' എന്നാകുന്നു. ഇതിൻെറ അംഗമായി 17 വയസ്സിൽ താഴെയുള്ള എല്ലാ ബാലന്മാരേയും 14 വയസിൽ താഴെയുള്ള എല്ലാ ബാലികമാരെയും ചേർക്കുന്നതാണ്. ഇതിൻെറപ്രധാന ഉദ്ദേശ്യം നിങ്ങളെല്ലാവരും ഉത്തമ മാർഗ്ഗത്തിൽക്കൂടി ജീവിതം നയിക്കുന്നതിന് നിങ്ങളെ സഹായിക്കുകയാകുന്നു. ചില സംഗതികൾ സഖ്യത്തിൽ ചേരുന്നവരുടെ പ്രത്യേക ശ്രദ്ധയ്ക്കായി അറിയിച്ചുകൊള്ളുന്നു. ഈശ്വരഭക്തി, രാജ്യസ്നേഹം, പൊതുജനസേവനം ഈ മൂന്ന് കാര്യങ്ങൾ നമ്മുടെ സഖ്യത്തിൻെറ മുദ്രാവാക്യങ്ങളായിരിക്കേണ്ടതാണ്. ഈ ആദർശങ്ങൾ അനുസരിച്ച് നിങ്ങളുടെ ജീവിതം ക്രമപ്പെടുത്തുവാൻ സഖ്യത്തിലെ അംഗങ്ങൾ എല്ലാവരും കടപ്പെട്ടവരാണ്. ഓരോ ദിവസവും ഒരു പ്രാവശ്യമെങ്കിലും നിങ്ങൾ മറ്റാരെയെങ്കിലും ഏതെങ്കിലും വിധത്തിൽ പ്രതിഫലേച്ഛ കൂടാതെ സഹായിക്കണമെന്നത് സഖ്യത്തിൻെറ ഒരു പ്രധാനചട്ടമായി വെക്കണമെന്ന് വിചാരിക്കുന്നു.

"ഈ സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ താഴെ പറയുന്ന സംഗതികൾ നടത്തേണ്ടതാണ്.

1. പല മത്സരപരീക്ഷകൾ നടത്തി സമ്മാനം കൊടുക്കുക.
2. പല സ്ഥലങ്ങളിൽ താമസിക്കുന്ന അംഗങ്ങൾ തമ്മിൽ എഴുത്തു മൂലം പരിചയപ്പെടുന്നതിന് സഹായിക്കുക.
3. നിങ്ങൾക്ക് ഏതെങ്കിലും സംഗതികളെപ്പറ്റി കൂടുതലറിയണമെന്നോ, വല്ല സംശയത്തിനും നിവൃത്തി വരുത്തണമെന്നോ ആഗ്രഹമുണ്ടെങ്കിൽ അത് മനോരമ ഓഫീസിലേക്ക് എഴുതി അറിയിച്ചാൽ പത്രത്തിൽ നിങ്ങളുടെ ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും പ്രസിദ്ധം ചെയ്യുക.
4. സഖ്യത്തിന്റെ സാമാജികന്മാരുടെ പേര് അപ്പോഴപ്പോൾ പ്രസിദ്ധം ചെയ്യുക.

“കാലക്രമേണ ഓരോ സ്ഥലങ്ങളിലും നമ്മുടെ സഖ്യത്തിന്റെ ശാഖകൾ സ്ഥാപിക്കുകയും പല നല്ല സംഗതികൾ ഇങ്ങനെയുള്ള ശാഖകൾ മൂലം സാധിക്കുകയും ചെയ്യാമെന്ന് ആശിക്കുന്നു.

“സഖ്യത്തിലെ സാമാജികരാകണമെന്നാഗ്രഹിക്കുന്നവർ ഇതോടുകൂടി ചേർത്തിരിക്കുന്ന അപേക്ഷാഫോറത്തിൽ വിവരങ്ങളെഴുതി താഴെ കാണുന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്.

എഡിറ്റർ ഓഫ് ചിൽഡ്രൻസ് സെക്ഷൻ, മലയാള മനോരമ, കോട്ടയം.”

ബാലജനസഖ്യത്തിൽ അംഗങ്ങളാകുന്നവർ എടുക്കേണ്ട പ്രതിഞ്ജയും അവർ പാലിക്കേണ്ട ചര്യകളും ഭാവിയിൽ അവരെ ഉത്തമ പൗരന്മാരായി വളർത്തിക്കൊണ്ടുവരുവാൻ ഉപകരിക്കത്തവിധത്തിലുള്ളതാണല്ലോ. സ്വരാജ്യസ്നേഹം, സഹജീവികളോടുള്ള കാരുണ്യം, ദയ ഇത്യാദി ഗുണങ്ങൾ ആരുടെ സ്വഭാവത്തെയാണ് ഉത്കർഷത്തിലേക്ക് ഉയർത്താത്തത്. ‘മനോരമ’യുടെ ബാലപംക്തിയിലൂടെ കുട്ടികളുടെ സ്വഭാവദാർഢ്യത്തെയും ഈശ്വരവിശ്വാസത്തെയും ഊട്ടിയുറപ്പിക്കുവാൻ കഴിവുള്ളവയായിരുന്നു അതിലെ പ്രതിപാദ്യം. സേവനതൃഷ്ണയും, ദേശസ്നേഹവും അവയുടെ മാനവിക അംശങ്ങളോടുകൂടി ബാലമനസ്സുകളിൽ വിതയ്ക്കുവാൻ സാധിക്കുമെങ്കിൽ വളർച്ചയെത്തുമ്പോൾ നിസ്വാർത്ഥവും ആത്മാർത്ഥവുമായ സേവനസന്നദ്ധതയുള്ള ആദർശശാലികളെ നെയ്തെടുക്കുമെന്ന് മാമ്മൻ മാപ്പിള വിശ്വസിച്ച് അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തിരുന്നു.

സഖ്യാംഗങ്ങൾ തമ്മിൽ സൗഹൃദം സ്ഥാപിക്കുന്നതിനായി പല ദേശത്തായുള്ളവർ തമ്മിൽ തമ്മിൽ കത്തുകളെഴുതി തൂലികാമിത്രങ്ങളായി മാറുന്നത് നല്ലതാണെന്ന് കൊച്ചേട്ടൻ ആശിച്ചു. സാധിക്കു

മെങ്കിൽ ദിവസത്തിൽ അല്പസമയമെങ്കിലും കാരുണ്യപ്രവർത്തനങ്ങൾ ചെയ്യുവാനുള്ള മാനസിക സന്നദ്ധതയെങ്കിലും ഉണ്ടായിരിക്കേണ്ടതല്ലേ. അതിനുള്ള പരിശീലനമായിരുന്നു കൊച്ചേട്ടൻ അതുവരെ ബാലപംക്തിയിലൂടെ നടത്തിക്കൊണ്ടിരുന്നത്.

ബാലജനസഖ്യത്തിന്റെ പ്രവർത്തനങ്ങളും സാഹിത്യസാംസ്കാരിക മത്സരങ്ങളും ബാലപംക്തിയിലൂടെയുള്ള സൗഹൃദബന്ധങ്ങളും എല്ലാം കൂടി ബാലജനസഖ്യത്തെ ഉണർവ്വിന്റെ മേഖലയിലേക്ക് ഉയർത്തിക്കൊണ്ടു വന്നിരുന്നു. ബാലജനസഖ്യത്തിന്റെ രൂപീകരണത്തോടുകൂടി അതുവരെ അവരോടൊപ്പമുണ്ടായിരുന്ന കൊച്ചേട്ടനുപകരം ശങ്കരച്ചേട്ടനായി. ഇവിടെ ഓർക്കേണ്ട കാര്യം കൊച്ചേട്ടൻ പത്രാധിപർ കെ. സി. മാമ്മൻ മാപ്പിളയും, ശങ്കരച്ചേട്ടൻ അദ്ദേഹത്തിന്റെ മകൻ കെ. എം. ചെറിയാനും ആയിരുന്നു എന്നതാണ്. ബാലജനസഖ്യത്തിന്റെ രൂപീകരണത്തിന് മാമ്മൻ മാപ്പിളയെ ഉത്സാഹിപ്പിച്ചുകൊണ്ടിരുന്നതും കെ. എം. ചെറിയാൻ തന്നെയായിരുന്നു. ആദ്യം മുതൽ തന്നെ ബാലപംക്തിയുമായും, ബാലജനസഖ്യവുമായും വൈകാരികവും വൈചാരികവുമായ ബന്ധം കെ. എം. ചെറിയാൻ പുലർത്തിപ്പോന്നിട്ടുണ്ട്. ബാലജനസഖ്യത്തിന്റെ ആദ്യത്തെ അംഗങ്ങൾ സംസ്ഥാന അംഗങ്ങൾ ആയിരുന്നു. അന്ന് സഖ്യത്തിന് ശാഖകളെങ്ങും ഉണ്ടായിരുന്നില്ല. ബാലജനസഖ്യത്തിലെ സംസ്ഥാന അംഗത്വപട്ടിക പരിശോധിക്കുമ്പോൾ സഖ്യത്തിന്റെ പ്രഥമാംഗം 'മനോരമ'യുടെ ഇന്നത്തെ മുഖ്യപത്രാധിപരായ കെ. എം. മാത്യു ആണെന്ന് കാണാം. 1929 മെയ് 29-ാം തീയതി ആയിരുന്നുവല്ലോ ബാലജനസഖ്യത്തിന്റെ ആരംഭം. രണ്ടാഴ്ചക്കകം ശങ്കരച്ചേട്ടൻ ബാലജനസഖ്യത്തെ വിപുലീകരിക്കുന്ന പദ്ധതിയ്ക്ക് ആഹ്വാനം നൽകുന്ന ഒരെഴുത്ത് 'മനോരമ'യിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിന്റെ പൂർണ്ണരൂപം താഴെക്കൊടുക്കുന്നു.

"എന്റെ ബാലസ്നേഹിതരേ,

"നമ്മുടെ സഖ്യത്തെപ്പറ്റി പലരുടെയിടയിലും സംതൃപ്തിയുണ്ടെന്ന് ഇവിടെ വരുന്ന എഴുത്തുകളിൽനിന്നും മറ്റും നല്ലതുപോലെ തെളിവാകുന്നു. സഖ്യത്തിൽ അംഗങ്ങളും മുറക്ക് ചേർന്നു കൊണ്ടിരിക്കുന്നു. ഇങ്ങനെ നമ്മുടെ ഈ സംഘടന പ്രതിദിനം പുഷ്ടിപ്പെട്ട് വരുന്നതിനാൽ നമുക്ക് വളരെ സന്തോഷത്തിനും അഭിമാനത്തിനും കാരണമുണ്ട്. നിങ്ങളുടെ സഖ്യത്തിന്റെ ഉദ്ദേശ്യനൈർമല്യത്തിന് നമ്മുടെ ആകപ്പാടെയുള്ള സാമുദായികവും രാഷ്ട്രീയവുമായ പന്ഥാവിൽ കൂടി ആനയിപ്പിക്കുവാൻ സാധിക്കുമെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. എന്നാൽ ഇങ്ങനെയുള്ള ഉദ്ദേശ്യസാദ്ധ്യത്തിന് നമ്മുടെ രാജ്യത്തിന്റെ എല്ലാ മുക്കിലും

മൂലയിലും അതിൻെറ കൊടി സ്ഥാപിക്കേണ്ടിയിരിക്കുന്നു. അതിൻെറ പ്രധാന ചുമതല സഖ്യത്തിൻെറ പ്രധാന ചുമതലാംഗങ്ങൾ വഹിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ജൂലായ് 15-ാം തീയതികൊണ്ട് കൂട്ടത്തിൽ അധികം അംഗങ്ങളെ ചേർക്കുന്ന സഖ്യത്തിലെ അംഗത്തിന് ഒരു വിശേഷപ്പെട്ട ബാഡ്ജ് കൊടുക്കുന്നതാണ്. പുതിയ ഒരംഗത്തെ ചേർക്കുമ്പോൾ ഇന്നാൾക്ക് (ആര്) ചേർത്തു എന്ന് പ്രത്യേകം പറഞ്ഞിരിക്കണം. ഇപ്പോൾ ചേർന്നിട്ടുള്ളവരും ഇനിയും ചേരുന്നവരുമായ എല്ലാ അംഗങ്ങൾക്കും ഈ മത്സരത്തിൽ ചേരാവുന്നതാണ്. ആ അവസരത്തിൽ നിങ്ങളോടൊരു സംഗതി പ്രത്യേകം പറഞ്ഞുകൊള്ളുന്നു. അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ വേണ്ടി മാത്രം കണ്ണിൽ കാണുന്ന എല്ലാവരെയും ചേർക്കരുതെന്ന് എനിക്കൊരപേക്ഷയുണ്ട്. നമ്മുടെ സഖ്യത്തിൻെറ ഉദ്ദേശ്യം ശരിയായി മനസ്സിലാക്കിയിട്ടുള്ള പക്ഷം അതിനനുസരിച്ച് ജീവിക്കുവാൻ ശ്രമിക്കുന്നതിനൊരുക്കമുള്ളവരെ മാത്രമേ നിങ്ങൾ സഖ്യത്തിൻെറ അംഗങ്ങളായി ചേർക്കാവൂ. നിങ്ങളുടെ ശ്രമത്തിന് ഞാൻ സർവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു. സഖ്യത്തിൻെറ അംഗങ്ങൾ മനോരമയിൽ ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്ന ബാലപംക്തിയിൽ ഉള്ള എല്ലാ ലേഖനങ്ങളും, കുറിപ്പുകളും, എഴുത്തുകളും വായിച്ചുകൊണ്ടിരിക്കേണ്ടത് അത്യാവശ്യമാണ്."

എന്ന് സ്വന്തം

ശങ്കരച്ചേട്ടൻ

തുടർന്നു നടത്തിയ മെമ്പർഷിപ്പ് വാരത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്തതിന് വെള്ളിമെഡൽ നേടിയതു മുരിക്കുംപുഴയിലെ ഒരു സജീവ പ്രവർത്തകനായിരുന്ന എ. രാഘവൻ എന്ന ബാലനായിരുന്നു.[10] മെമ്പർഷിപ്പ് വാരം ആരംഭിച്ച് അധികം കഴിയുന്നതിനു മുമ്പുതന്നെ ബാലജനസഖ്യത്തിൽ 30 പേർ സംസ്ഥാന അംഗങ്ങളായി കഴിഞ്ഞിരുന്നു. ഇവരുടെ പേര് 1929 ജൂൺ 19-ാംതീയതിയിലെ 'മനോരമ'യിൽ പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്. സഖ്യത്തിനു പറ്റിയൊരു മുദ്രാവാക്യം എഴുതി അയയ്ക്കുന്നയാൾക്ക് 5 രൂപ സമ്മാനം നൽകുന്നതാണെന്നു ശങ്കരച്ചേട്ടൻ 'മലയാള മനോരമ'യിലൂടെ വെളിപ്പെടുത്തി.[11] ഈ അറിയിപ്പിന് ഏകദേശം 50 ഉത്തരങ്ങൾ ലഭിച്ചിരുന്നു. അതിൽ ഏറ്റവും സ്വീകാര്യമായി തനിക്കു തോന്നിയത് കെ. എ. ജേക്കബ് അയച്ച 'I Serve' എന്നതാണ്. മറ്റ് ആറു പേർക്കു പ്രത്യേക സമ്മാനവും നൽകിയിരുന്നു. I Serve എന്ന തത്വത്തെ മാനിച്ച് ഇതിനെ 'We Serve' എന്നു മാറ്റി സഖ്യത്തിനു 'മോട്ടോ' ആയി സ്വീകരിച്ചു. സഹജീവികളെ സേവിക്കുക എന്നതിനപ്പുറം ആത്മോത്കർ

ഷദായകമായ മറ്റൊരു മാർഗ്ഗവുമില്ല. 1931-ൽ എല്ലാ സഖ്യ അംഗങ്ങൾക്കും കമനീയമായ ബാഡ്ജ് നൽകപ്പെട്ടു. കറാച്ചിയിൽ ഉണ്ടാക്കിയ ഈ ബാഡ്ജിൽ 'We Serve' എന്നും ശങ്കരച്ചേട്ടൻ എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. സഖ്യത്തിനു ചുവപ്പ്, വെള്ള, നീല എന്നീ നിറങ്ങളോടുകൂടിയ ഒരു അംഗീകൃത പതാകയുണ്ടായി. 1930 സെപ്റ്റംബർ 30-ാംതീയതിയിലെ പത്രത്തിൽ കൊടുത്തിരിക്കുന്ന കണക്കനുസരിച്ച് സഖ്യത്തിൻെറ അംഗസംഖ്യ 1500 ആണെന്നു കാണുന്നു. തിരുവിതാംകൂറിലെ മിക്ക സ്ഥലത്തും സഖ്യത്തിനു ശാഖകൾ ഉണ്ടായിക്കഴിഞ്ഞിരുന്നു. ഓരോ ശാഖയ്ക്കും അധ്യക്ഷനും സെക്രട്ടറിയും ഉണ്ടായിരുന്നു. വിവിധ ശാഖകൾ ഉൾപ്പെട്ട ബാലജനസഖ്യത്തിൻെറ രക്ഷാധികാരിയും ഖജാൻജിയും ശങ്കരച്ചേട്ടൻ തന്നെയായിരുന്നു. ശാഖകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ശങ്കരച്ചേട്ടൻെറ മനസ്സിലുദിച്ച ഒരാശയം ശാഖാദ്ധ്യക്ഷന്മാരുടെ നേതൃയോഗം വിളിച്ച് കൂട്ടുകയെന്നതായിരുന്നു. ശാഖാദ്ധ്യക്ഷന്മാരുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് ശാഖാദ്ധ്യക്ഷ സമ്മേളനവും വെണ്ണിക്കുളത്ത് കൂടുവാനാണ് തീരുമാനിച്ചത്.

ബാലജനസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ നിരവധി സമ്മേളനങ്ങളും സെമിനാറുകളും നടന്നിട്ടുണ്ട്. ശാഖാദ്ധ്യക്ഷ സമ്മേളനങ്ങളും വാർഷിക സമ്മേളനങ്ങളും നേതൃത്വ പരിശീലന ക്യാമ്പുകളുമെല്ലാം ഇതിൽ ഉൾപ്പെടുന്നു.

വെണ്ണിക്കുളം ശാഖാദ്ധ്യക്ഷ സമ്മേളനം സഖ്യത്തിനു കേരളാടിസ്ഥാനത്തിൽ പ്രവർത്തിക്കുവാനുപകരിക്കുന്ന ഒരു ചട്ടക്കൂട് നൽകി. ആദ്യഘട്ടങ്ങളിൽ സഖ്യം അറിയപ്പെട്ടിരുന്നത് 'ബാലജനസഖ്യം' എന്നപേരിലാണ്. വെണ്ണിക്കുളം ശാഖാദ്ധ്യക്ഷ സമ്മേളനം സഖ്യത്തിന് 'അഖില കേരള ബാലജനസഖ്യം' എന്ന പേര് നൽകി.[12] ബാലജനസഖ്യത്തിൻെറ നാലാം ശാഖാദ്ധ്യക്ഷ കോൺഫറൻസ് കോട്ടയത്ത് മനോരമ മന്ദിരത്തിൽ 1932 ഏപ്രിൽ ഒന്നാം തീയതി നടന്നു. സഖ്യത്തിന് 'ലീഗ് ഓഫ് പിറ്റി' എന്ന ഒരു സേവന വിഭാഗം ഉണ്ടാവേണ്ടതാണെന്ന് സമ്മേളനം നിശ്ചയിച്ചു. സ്വന്തം വളർച്ചയോടൊപ്പം സഹജീവികളുടെ കൂടി ഉയർച്ചയും സഖ്യാംഗങ്ങളുടെ പ്രവർത്തനശൈലിയായിരുന്നു.

ബാലജനസഖ്യാംഗങ്ങൾ അധഃകൃതോദ്ധാരണം, സഹജീവികളെ സേവിക്കൽ, സ്വാശ്രയബോധം വളർത്തൽ തുടങ്ങിയവ പരിശീലിക്കുകയും കഴിയുന്നിടത്തോളം പ്രാവർത്തികമാക്കുകയും വേണമെന്ന് ശങ്കരച്ചേട്ടനും 'മനോരമ'യും അംഗങ്ങളെ കൂടെക്കൂടെ ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു. "ഇനിമേൽ ഓരോ ശാഖയും കുറെശ്ശെ പണമുണ്ടാക്കി അത് അധഃകൃതവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ പഠനത്തിലേക്കുപയോഗി

ക്കണം. ബാലജനസഖ്യം ഒരു കാരണവശാലും വർഗ്ഗീയതയ്ക്കോ, ജാതീയ ചിന്തയ്ക്കോ വളം വയ്ക്കുവാൻ പാടില്ല.[13] 1930 ജൂണിൽ ശങ്കരച്ചേട്ടൻ നടത്തിയ ആഹ്വാനമായിരുന്നു ഇത്. അധഃകൃതരെക്കുറിച്ചു ചിന്തിക്കുന്നതുപോലും അശുദ്ധിയുണ്ടാക്കുമെന്ന് വിശ്വസിച്ചിരുന്ന സവർണ്ണരുടെ ലോകത്ത് ക്ഷേത്രപ്രവേശന വിളംബരം നടക്കുന്നതിന് ആറുവർഷം മുമ്പാണ് ബാലജനസഖ്യാംഗങ്ങൾക്ക് ശങ്കരച്ചേട്ടൻ ഈ ഉപദേശം നൽകുന്നതെന്നോർക്കണം. 'മനോരമ'യുടെ ആദ്യ ലക്കം പുറത്തിറങ്ങുന്നതു തന്നെ പുലയരെ വിദ്യാഭ്യാസം ചെയ്യിക്കുവാനുള്ള അവസരം സൃഷ്ടിക്കണമെന്നു അഭ്യർത്ഥനയുമായിട്ടായിരുന്നുവല്ലോ. അത് 1890-ൽ ആയിരുന്നു. പിന്നെയും നാല്പതു വർഷത്തിനുശേഷവും അവരുടെ സ്ഥിതി അത്രയധികം മെച്ചപ്പെട്ടിരുന്നില്ല. 1930 ജൂലൈ 30-ാം തീയിതി ബാലപംക്തിയിൽ ശങ്കരച്ചേട്ടൻ വീണ്ടുമെഴുതിയത് കൂടി കേൾക്കുക. "ബാലജനസഖ്യ ശാഖ ഒരു ജാതിക്കു വേണ്ടിയോ വർഗ്ഗത്തിനുവേണ്ടിയോ സ്ഥാപിച്ചു കൂടാ" എന്നായിരുന്നു.[14] സംഖ്യത്തിൻെറ ഒന്നാം വാർഷികത്തിൽ പ്രസംഗിച്ചു കൊണ്ട് അതിൻെറ സ്ഥാപകനും രക്ഷാധികാരിയുമായ മാമ്മൻ മാപ്പിള പറഞ്ഞത് ഇന്നും ഏറെ പ്രസക്തമാണ്. "ബാലജനസഖ്യത്തിൻെറ ഒരു പ്രധാന ലക്ഷ്യം നമ്മുടെയിടയിൽ അടിക്കടി ശക്തിപ്പെട്ടു വരുന്ന ജാതിപിശാചിനെ ഓടിച്ചു കളയുന്നതിന് ബാലികാബാലൻമാരെ ഉത്സാഹിപ്പിക്കുകയും പല വർഗ്ഗത്തിൽപ്പെട്ട (സമുദായങ്ങളിൽപ്പെട്ട) കുഞ്ഞുങ്ങളെ ഒരു സംഘടനയിൽ കൊണ്ടുവന്ന് അവരുടെ നല്ല ആശയങ്ങളെയും വശങ്ങളെയും ശക്തിപ്പെടുത്തുകയുമാണ്."[15] തുടർന്ന് സൗഹൃദസംഗമം സഖ്യത്തിൻെറ പരിപാടികളിൽ പ്രമുഖ സ്ഥാനം നേടി. മത-സമുദായ സൗഹാർദ്ദം ലക്ഷ്യമാക്കിക്കൊണ്ടുള്ളതായിരുന്നു സഖ്യത്തിൻെറ സംഗമസമ്മേളനങ്ങൾ.

ജീവകാരുണ്യപ്രവർത്തനങ്ങൾ ബാലജനസഖ്യത്തിൻെറ നിർബന്ധപരിപാടികളിൽപ്പെടുത്തി നാനാവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. കുട്ടികളിൽ സഹജീവികളോടുള്ള സഹതാപവും അനുകമ്പയും അങ്കുരിപ്പിക്കാനുതകുന്ന വിധം 'മനോരമ' കൂടെക്കൂടെ സഖ്യാംഗങ്ങളുടെ മനുഷ്യത്വത്തെ തൊട്ടുണർത്തിക്കൊണ്ടിരുന്നു. 1929ൽ തന്നെ ശങ്കരച്ചേട്ടൻ എഴുതിയ കത്ത് ഇതായിരുന്നു. "ശരിയായി ഭക്ഷണം കഴിക്കാനില്ലാതെ വാടിക്കരിയുന്ന നിങ്ങളുടെ അനേകായിരം ബാലസഹോദരങ്ങളുടെ കാര്യം നിങ്ങൾ മറന്നു പോകരുതേ. നിങ്ങൾ ശരിയായി ഭക്ഷണം കഴിക്കുമ്പോഴും കുളിരേൽക്കാതിരിക്കാൻ പുതപ്പും മൂടി കിടന്നുറങ്ങുമ്പോഴും മറ്റും നിങ്ങളെപ്പോലെ അനേകായിരം ബാലൻമാർ ഇവയൊന്നുമില്ലാതെ, കിടന്നുറങ്ങുവാൻ ശരിയായ ഒരു പുരപോലുമില്ലാതെ, മുകളിലേക്കു

നോക്കി ചുരുണ്ടു കിടക്കുന്നുണ്ടെന്ന് നിങ്ങൾ ഓർക്കണം. അനാവശ്യമായി നിങ്ങളുടെ വസ്ത്രാദികൾക്കും, മറ്റുള്ള സുഖങ്ങൾക്കും പണം കളയുമ്പോൾ മേൽപ്പറഞ്ഞ സംഗതി നിങ്ങളുടെ ഓർമ്മയിലിരിക്കട്ടെ."[16] അതുപോലെ 1929ൽ തന്നെ തിരുവിതാകൂറിൽ ഉണ്ടായ വെള്ളപ്പൊക്കവും പ്രളയവും മൂലം കഷ്ടപ്പെടേണ്ടതായിവന്ന ആയിരക്കണക്കിനു സാധുക്കളുടെ സഹായത്തിനെത്താൻ ശങ്കരച്ചേട്ടൻെറ അഭ്യർത്ഥനയനുസരിച്ചു സഖ്യാംഗങ്ങൾ മുന്നോട്ടു വന്നു. വസ്ത്രങ്ങളും, ഭക്ഷണസാമഗ്രികളും, പണവും സംഭരിച്ച് മനോരമ ഓഫീസിലെത്തിച്ച് അവിടെനിന്നുമാണ് ആവശ്യക്കാർക്ക് എത്തിച്ചു കൊടുത്തിരുന്നത്.[17] 1934 ൽ ബീഹാറിനെ ഗ്രസിച്ച ഭൂകമ്പത്തിൽ ദുരിതമനുഭവിച്ചവർക്ക് അടിയന്തരസഹായമെത്തിക്കുവാൻ സഖ്യം നടപടികൾ സ്വീകരിച്ചിരുന്നതായി കാണാം.[18] നിരവധി സാധുകുട്ടികളുടെ വിദ്യാഭ്യാസച്ചെലവ് മുഴുവൻ സഖ്യം ചെയ്തിരുന്നു. ഏതെല്ലാം അവസരത്തിലാണോ അനുകമ്പാ പൂർണ്ണമായ മനുഷ്യ കാരുണ്യപ്രവർത്തനങ്ങൾ ആവശ്യമായിരുന്നത്, അത് എവിടെയാണെങ്കിലും തങ്ങളാൽ കഴിയുന്ന സഹായസഹകരണങ്ങൾ യഥോചിതം നൽകുവാൻ ബാലജനസഖ്യം എപ്പോഴും തയ്യാറായിരുന്നു. ഇത്തരം മാനുഷിക പ്രവർത്തനങ്ങൾ അവിരാമം തുടരുന്നതിന്നാവശ്യമായ പ്രചോദനം 'മനോരമ' നിരന്തരം നൽകിക്കൊണ്ടിരുന്നു.

പത്തനംതിട്ടയ്ക്കടുത്ത് കീക്കൊഴൂർ എന്ന സ്ഥലത്ത് ഒരു വെർണാക്കുലർ മിഡിൽ സ്കൂൾ സഖ്യം നടത്തിപ്പോന്നു. ഇതിൻെറ പേര് ബാലജനസഖ്യം വി. എം. സ്കൂൾ എന്നായിരുന്നു.[19] 'മനോരമ'യുടെയും ശങ്കരച്ചേട്ടൻെറയും പിന്തുണയും സഹായവും ഈ സ്കൂളിനു ലഭിച്ചിരുന്നുവെന്നതു പരമാർത്ഥമാണെങ്കിലും ഒരു ബാലജനപ്രസ്ഥാനം കുട്ടികൾക്കുവേണ്ടി സ്കൂൾ സ്ഥാപിച്ചുവെന്നത് അവിസ്മരണീയ സംഭവമാണ്. ഈ സ്കൂൾ, സഖ്യം ഒരു മിഷൻ സ്ഥാപനത്തിന് വിട്ടുകൊടുക്കുകയാണു പിന്നീട് ചെയ്തത്. വിദ്യാഭ്യാസരംഗത്തു സഖ്യം അംഗങ്ങൾ വൈവിദ്ധ്യമാർന്ന സേവനങ്ങളാണു കാഴ്ചവെച്ചിരുന്നത്. പാഠപുസ്തകങ്ങളും നോട്ടു ബുക്കുകളും വസ്ത്രങ്ങളും പണവും സംഭരിച്ചു സാധുകുട്ടികൾക്കു വിതരണം ചെയ്തിരുന്നതിനു പുറമെ ഓരോ സഖ്യാംഗവും ഒരാളെയെങ്കിലും അക്ഷരം പഠിപ്പിക്കുകയെന്ന യജ്ഞവും ബാലജനസഖ്യം ഏറ്റെടുത്തിരുന്നു. കുട്ടികളുടെ സാൻമാർഗ്ഗികവും മാനസികവുമായ ഗുണങ്ങളെ വികസിപ്പിക്കുന്നതിനും അവർക്ക് സഖ്യത്തിൽ വേണ്ട ഉത്സാഹവും സഹായവും ഉളവാക്കുന്നതിനും വേണ്ടി സഖ്യാംഗങ്ങൾ വിനോദയാത്രകൾ സംഘടിപ്പിക്കുക സ്ഥിരം പതിവാക്കി. സാഹിത്യമത്സരങ്ങൾ, കായിക കലാമത്സരങ്ങൾ, വിവിധ കലാപരിപാടികൾ ഇവയെല്ലാം ബാ

ലജനസഖ്യത്തിൻെറ വാർഷിക സമ്മേളനത്തോടനുബന്ധിച്ചും അല്ലാതെയും ആഘോഷപൂർവ്വം നടത്തിക്കൊണ്ടിരുന്നതു ബാലജനസഖ്യത്തിലേക്ക് കുട്ടികളെ ഏറെ ആകർഷിച്ചിട്ടുണ്ട്.

'മനോരമ'യും അതിൻെറ പ്രഗത്ഭരായ സാരഥികളും ബാലജനസഖ്യത്തിൻെറ എല്ലാ പ്രവർത്തനങ്ങളുടെയും പ്രചോദനധാരയായിരുന്നു. 1932 ൽ വെണ്ണിക്കുളം ബാലജനസമ്മേളനം നടന്നതിനു ശേഷം ബാലപംക്തി മനോരമയോടൊപ്പം ഒരു പ്രത്യേക ഷീറ്റിൽ പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങി. ഇതോടെ ബാലജനസഖ്യത്തിലെ വാസനാസമ്പന്നരായ കുട്ടികൾക്ക് അവരുടെ സാഹിത്യ സംഭാവനകൾ പ്രകാശിപ്പിക്കുവാനുള്ള അവസരവുമുണ്ടായി. 1930 ൽ ബാലജനസഖ്യത്തിൻെറ വാർഷികത്തോടനുബന്ധിച്ച് ഒരു വിശേഷാൽ പ്രതി പ്രസിദ്ധീകരിച്ചു. കേരളത്തിലെ കുട്ടികൾക്കു വേണ്ടി മാത്രം ഇറങ്ങിയ ആദ്യത്തെ പ്രസിദ്ധീകരണമായിരുന്നു ഇത്.[20]

ബാലജനസഖ്യം ഉത്തരോത്തരം വളർച്ച പ്രാപിച്ചു കൊണ്ടിരുന്ന അവസരത്തിലാണ് സർ സി.പി. യുടെ കരാള ഹസ്തം 'മലയാള മനോരമ'യുടെ കഴുത്തു ഞെരിച്ച് അസ്തപ്രായമാക്കിയത്. 1938 മുതൽ 1947 നവംബർ വരെ മനോരമ കൊടിയ കാരാഗൃഹത്തിലായിരുന്നു. ആ ശനിദശമാറി പത്രം പുനരാരംഭിച്ചപ്പോൾ ബാലപംക്തിയും വീണ്ടും തുടങ്ങി. ബാലപംക്തി പുനരാരംഭിച്ചത് 1948 ജനുവരി 28 നായിരുന്നു. അന്നത്തെ പത്രത്തിൽ ശങ്കരച്ചേട്ടനെഴുതി. "ഏതാനും വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന നമ്മുടെ ബാലപംക്തി മനോരമയുടെ പുനഃപ്രസിദ്ധീകരണത്തോടുകൂടി ഇതാ വീണ്ടും ആരംഭിച്ചിരിക്കുന്നു. ഇനിമേലിൽ എല്ലാ ബുധനാഴ്ചയും ബാലജനസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ മനോരമ പത്രാധിപരുടെ നിയന്ത്രണാധീനമായി ബാലപംക്തി പ്രസിദ്ധീകരിക്കപ്പെടുന്നതായിരിക്കും.[21] അതുപോലെ സഖ്യം പ്രവർത്തനം പുനരാരംഭിച്ചപ്പോൾ ഓരോ സ്ഥലത്തും സഖ്യാംഗങ്ങൾക്കു പുറമേ സഖ്യം സഹകാരികൾ കൂടി ഉണ്ടാകുന്നതു നല്ലതാണെന്നും ശങ്കരച്ചേട്ടൻ കരുതി. അതിനാൽ 18 വയസ്സിൽ കൂടുതൽ ഉള്ളവരും സഖ്യത്തിൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങളെ അംഗീകരിക്കുന്നവരുമായ ആളുകൾക്ക് സഖ്യത്തിൻെറ സഹകാരികളാകാമെന്ന് അദ്ദേഹം മനോരമയിലൂടെ അറിയിപ്പ് നൽകി. സഖ്യാംഗങ്ങൾക്ക് പ്രവേശനഫീസ് ഒരണ (12 പൈസ) യായി നിശ്ചയിക്കുകയും 8 വയസ്സു മുതൽ 18 വയസ്സുവരെയുള്ളവർക്ക് സഖ്യാംഗങ്ങളാകാമെന്നു തീരുമാനിക്കുകയും ചെയ്തു. സഖ്യാംഗങ്ങൾ ഒപ്പിടേണ്ട പ്രതിജ്ഞാപത്രം മനോരമയിൽ പ്രസിദ്ധീകരിച്ചിരുന്നത് ഇതാണ്.

അഖിലകേരള ബാലജനസഖ്യം പ്രതിജ്ഞാപത്രം

1. തിന്മ, വേദന, അശുദ്ധി, ജാതിസ്പർദ്ധ എന്നിവയെ ഇല്ലാതാക്കുവാൻ സന്തോഷത്തോടുകൂടി എന്നാലാവോളം പരിശ്രമിക്കുന്നതാണെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.
2. മനഃശരീരങ്ങളെ ആരോഗ്യത്തോടു കൂടി സൂക്ഷിക്കുന്നതിന് ഞാൻ യത്നിക്കുന്നതാണെന്ന് പ്രതിജ്ഞ ചെയ്യുന്നു.
3. എൻെറ ഉദ്യമങ്ങൾ, സഖ്യത്തിൻെറ യഥാർത്ഥ നന്മയെ ഉദ്ദേശിച്ചായിരിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

പൂർണ്ണമായ് പേര് ..................................................................................

ജനനതീയതിയും വയസ്സും ....................................... ഒപ്പ് .............................

രക്ഷാകർത്താവിൻെറ ഒപ്പ് ................................................................

ബാലജനസഖ്യപ്രസ്ഥാനം സഹകാരികളായി തീരുവാൻ ആഗ്രഹിക്കുന്നവരുടെ സമ്മതപത്രം.

പ്രവേശന യോഗ്യത - 18 വയസ്സിനു മേൽ

ബാലജനസഖ്യപ്രസ്ഥാനത്തിൻെറ മൗലിക ആദർശങ്ങളോട് പരമാർത്ഥമായി യോജിച്ചു പ്രവർത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നെ ഒരു സഖ്യസഹകാരിയായി കരുതണമെന്നു ഞാൻ താൽപ്പര്യപ്പെടുന്നു. പ്രവേശന ഫീസായ ഒരു രൂപ ഇതോടൊന്നിച്ചയക്കുന്നു.

പേരും മേൽവിലാസവും ..........................................................................

വയസ്സും ജനനതീയതിയും...........................................................................

ഒപ്പ് ..........................................

ബാലജനസഖ്യത്തിൻെറ അംഗസംഖ്യ 1948 ൽ 5000 ൽപ്പരമായി വളർന്നിരുന്നു.[22] 20 കൊല്ലത്തിനുശേഷം 1968 ൽ നടന്ന 39-ാം വാർഷിക സമ്മേളനത്തിൻെറ വിജ്ഞപ്തി പ്രസംഗത്തിൽ അന്ന് 'മനോരമ'യുടെ മാനേജിങ് എഡിറ്ററായിരുന്ന കെ. എം. മാത്യു പറഞ്ഞത്, "ഒരു പ്രത്യേക വർഗ്ഗത്തിൻെറയോ, സ്ഥാപനത്തിൻെറയോ നിയന്ത്രണം കൂടാതെ കേരളത്തിലെ ഒരു ലക്ഷത്തിലേറെ കുട്ടികളുടെ സ്വഭാവരൂപവൽകരണത്തിനും നേതൃത്വ പരിശീലനത്തിനും വേണ്ടി പ്രവർത്തിയെടുക്കുന്ന സംഘടനയാണ് 'അഖിലകേരള ബാലജനസഖ്യം'" എന്നാണ്.[23] അദ്ദേഹം തുടർന്നു, "തുടക്കത്തിൽ സംഘടനയ്ക്ക് ഒരു പ്രസ്ഥാനം മാർഗ്ഗദർശകത്വം നൽകി

യിരുന്നെങ്കിലും ഇന്നാരുടെയും നിയന്ത്രണമാവശ്യമില്ലാത്തവിധം സഖ്യം വളർന്ന് കേരളത്തിലുടനീളം പ്രവർത്തനം നടത്തിവരികയാണ്. ജനാധിപത്യ മാതൃകയിൽ ഭരണവും പ്രവർത്തനവും മുന്നോട്ടു കൊണ്ടുപോകുന്ന ഒരു സംഘടനയാണ് സഖ്യം. ലഭ്യമാകുന്ന സൗകര്യം വിനിയോഗിച്ച് ബാല്യം മുതൽ സമൂഹത്തിനുവേണ്ടി എന്തു പ്രവൃത്തി ചെയ്യാൻ സാധിക്കുമെന്ന് അനുഭവവേദ്യമാക്കിക്കൊടുക്കുകയാണ് സഖ്യത്തിൻെറ യഥാർത്ഥ ലക്ഷ്യം."[24] ബഹുമുഖപ്രവർത്തനങ്ങളിൽ വ്യാപൃതമായിരിക്കുന്ന ഈ മഹാപ്രസ്ഥാനത്തിൻെറ പരിപാടികൾ എണ്ണിയെണ്ണി പറയുകയും വിശദീകരിക്കുകയും ഇവിടെ പ്രസക്തമല്ല. അവയുടെ ഒരു സൂചനമാത്രം നൽകികൊണ്ട് ഈ അദ്ധ്യായം അവസാനിപ്പിക്കട്ടെ.

ബാലജനസഖ്യത്തിൻെറ നേട്ടങ്ങൾ 'മലയാള മനോരമ'യുടെ നേട്ടങ്ങൾ തന്നെയാണ്. ഇന്ന് ഏഴു ലക്ഷത്തിൽ കൂടുതൽ ബാലികാബാലൻമാർ 'ഞങ്ങൾ സേവനസന്നദ്ധരാണ്' എന്ന മുദ്രാവാക്യവുമായി സാമൂഹ്യരംഗത്തു ചലനങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. 1973 ൽ കെ. എം. ചെറിയാൻെറ നിര്യാണശേഷം മനോരമയുടെ സാരഥ്യം അദ്ദേഹത്തിൻെറ ഇളയസഹോദരനും മാനേജിങ് എഡിറ്ററുമായ കെ. എം. മാത്യുവിൻെറ ചുമലിലർപ്പിതമായപ്പോൾ സാമൂഹിക-രാഷ്ട്രീയ രംഗങ്ങളിൽ ശീഘ്രതരമായ മാറ്റങ്ങൾ സംഭവിക്കുകയായിരുന്നു. രാഷ്ട്രീയാതിപ്രസരം കലാലയങ്ങളിൽ മാത്രമല്ല, സ്കൂളുകളിലും പ്രകടമായി. ഓരോ രാഷ്ട്രീയ പാർട്ടിക്കും അതിൻേറതായ വിദ്യാർത്ഥി യുവജന സംഘടനകൾ വളർന്നുവന്നിരുന്നു. വിദ്യാർത്ഥി യുവജനവിഭാഗങ്ങൾ രാഷ്ട്രീയ പാർട്ടികളുടെ പോഷക സംഘടനകളായപ്പോൾ രാഷ്ട്രീയ മാത്സര്യവും സംഘട്ടനങ്ങളും കാമ്പസുകളെ അസ്വസ്ഥമാക്കുകയും ചെയ്തു.

രാഷ്ട്രീയ പ്രക്ഷുബ്ധതയുടെ ഈ കാലത്തും ബാലജനസഖ്യത്തെ രാഷ്ട്രീയാതീതമായി നിലനിർത്തുവാനും വികസിപ്പിക്കുവാനും സാധിച്ചു എന്നതാണ് മുഖ്യപത്രാധിപർ കെ. എം. മാത്യുവിൻെറ സാമർത്ഥ്യം. എന്തിലും ഏതിലും രാഷ്ട്രീയവും വർഗ്ഗീയതയും മുറ്റിനിൽക്കുന്ന ഒരു സമൂഹത്തിൽ ബാലികാബാലന്മാരുടെ സുശക്തമായ ബാലജനസഖ്യം അതിൻെറ പ്രഖ്യാപിത പ്രതിജ്ഞാ വചനങ്ങളിൽ നിന്നും തെല്ലും തെന്നിമാറാതെ രാഷ്ട്രീയത്തിനും വർഗ്ഗീയതയ്ക്കും അതീതമായി സമത്വസാഹോദര്യത്തിൻെറ സംഗമസ്ഥാനമായി സഖ്യത്തെ വളർത്തിയെടുത്തുവെന്നത് വിലമതിക്കുവാൻ കഴിയാത്ത നേട്ടങ്ങളാണ്. സ്വതന്ത്രമായി പ്രവർത്തിക്കുവാൻ സാധിക്കും വിധം സഖ്യത്തിൻെറ ഭരണഘടനയിൽ മാറ്റം വരുത്തുകയും ജനാധിപത്യാടിസ്ഥനത്തിലുള്ള തെരഞ്ഞെടുപ്പിലൂ

ടെ പ്രസിഡൻറിനെയും പ്രവർത്തക സമിതിയെയും നിശ്ചയിക്കുകയും ചെയ്തു. ഞങ്ങൾ രാഷ്ട്രീയത്തിനും സാമുദായികതക്കും അതീതമായി പ്രവർത്തിക്കുന്ന ജനസേവകരാണെന്നു പ്രതിജ്ഞ ചെയ്തുകൊണ്ട് ഓരോ വർഷവും തെരഞ്ഞെടുക്കപ്പെടുന്ന പ്രസിഡൻറുമാർ നടത്തുന്ന നയപ്രഖ്യാപനം ആ വർഷത്തെ പ്രവർത്തന പദ്ധതികൾ ഉൾക്കൊള്ളുന്നവയായിരുന്നു. ഇവയിലെല്ലാം നേതൃസ്ഥാനത്തിരുന്നു ഉപദേശ നിർദ്ദേശങ്ങൾ നൽകുക മാത്രമേ 'മനോരമ'യും അതിൻെറ പത്രാധിപരും ചെയ്തിരുന്നുള്ളു. സ്വാശ്രയശീലവും നേതൃപരിശീലനവും അംഗങ്ങളിൽ വളർത്തിക്കൊണ്ടു വരുവാൻ ഇതൊക്കെ സഹായിച്ചു. അംഗങ്ങളെ ഏതെല്ലാം രംഗങ്ങളിലാണു പ്രവർത്തനനിരതരാക്കിയിരുന്നതെന്നു വിശദീകരിക്കുക പ്രയാസമാണ്. കലോത്സവങ്ങൾ, സാഹിത്യശിൽപ്പശാലകൾ, ചിത്രകലാ പ്രദർശനങ്ങളും മത്സരങ്ങളും, നാടകമേള, പി.സി. അലക്സാണ്ടർ എൻഡോവ്മെൻറ് പ്രസംഗങ്ങൾ, ജേർണലിസം വർക്ഷോപ്പ്, കാർട്ടൂൺ വർക്ഷോപ്പുകൾ ഇങ്ങനെ കുട്ടികളിൽ സാഹിത്യ കൗതുകവും വാസനയും വളർത്തിയെടുക്കുവാൻ നിരന്തരം ശ്രമങ്ങൾ നടന്നിരുന്നു. കുട്ടികളുടെ കൈയെഴുത്തു മാസികകളും കവിതാ ഉപന്യാസ രചനകളും വാർഷിക സമ്മേളനത്തിൻെറ അവിഭാജ്യഘടകമായി മാറി.

കായിക രംഗത്തും സഖ്യം സ്തുത്യർഹമായ സേവനങ്ങൾ കാഴ്ച വെച്ചിട്ടുണ്ട്. കായികമേളകളും ടൂർണമെൻറുകളും നടത്തി വിജയികൾക്കു സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിച്ചിരുന്നു. 1965 ലെ ഹോക്കി ടൂർണമെൻറ് എടുത്തു പറയത്തക്ക അഖിലകേരള സംഭവമായിരുന്നു. അതുപോലെ കൃഷിയിലും തോട്ടപ്പണിയിലും വാസനയുണ്ടാക്കുവാനുള്ള അടുക്കളത്തോട്ടം, ഓണത്തിന് ഒരു പറനെല്ല് തുടങ്ങിയ പദ്ധതികൾ ഏറെവിജയിച്ചവയാണ്. മനുഷ്യകാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ച് മുമ്പേ പരാമർശിച്ചവയാണല്ലോ. സാധുക്കൾക്കു വീടുകൾ പണിത് നൽകുക, വീട് മേയാൻ സഹായിക്കുക, അഗതികൾക്കും, യാചകർക്കും ഭക്ഷണം എത്തിക്കുക, അശരണരെ കഴിവതും സഹായിക്കുക, പാവപ്പെട്ട കുട്ടികൾക്കു വസ്ത്രങ്ങളും പാഠപുസ്തകങ്ങളും നൽകുക, പ്രകൃതിക്ഷോഭം മൂലം കഷ്ടപ്പെടുന്ന കേരളത്തിലെയും ഇന്ത്യയിലെയും ഇതര ദേശങ്ങളിലേയും സഹോദരങ്ങളെ സഹായിക്കുക തുടങ്ങി എണ്ണിയാലൊടുങ്ങാത്ത സദ്പ്രവൃത്തികളുമായി സഖ്യം മുന്നോട്ടു ഗമിക്കുന്നുണ്ട്. അതിൻെറയെല്ലാം അമരത്തിരിക്കുന്ന പ്രഗത്ഭമതിയും മഹാശയനുമായ മുഖ്യ പത്രാധിപർ കെ. എം. മാത്യുവിനെപ്പറ്റി കടമെടുത്ത വാക്കുകളിൽപ്പറഞ്ഞാൽ, "തൻെറ പൂർവ്വികർ ലാളിച്ചു വളർത്തിയ മഹാസ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കുവാനുള്ള മഹായജ്ഞത്തിൽ ഏർപ്പെട്ടിരിക്കുന്നു."[25]

# സൂചിക


1. പ്രൊഫ കെ.എം. തരകൻ, സഖ്യതരംഗിണി, അഖിലകേരള ബാലജനസഖ്യചരിത്രം, 1982, കോട്ടയം, കെ.എം. മാത്യു, ആമുഖം പുറം - 9
2. അതു തന്നെ
3. മൂർക്കോത്ത് കുഞ്ഞപ്പ, സംസ്കാരനവോത്ഥാനം, മലയാള മനോരമ, 1988 കോഴിക്കോട്, പുറം 359
4. മലയാളമനോരമ, 1910 ഏപ്രിൽ 16
5. മുൻ ഉദ്ധരിച്ചത്, പുറം 9
6. അതു തന്നെ.
7. മലയാള മനോരമ, 1910 മാർച്ച് 12
8. മലയാള മനോരമ, 1912 ഏപ്രിൽ 13
9. മലയാള മനോരമ, 1929 മെയ് 29
10. പ്രൊഫ. കെ. എം. തരകൻ, സഖ്യതരംഗിണി, പേജ് 20
11. മനോരമ, 1929 ജൂലൈ 24
12. സഖ്യതരംഗിണി, പുറം 28
13. മലയാള മനോരമ 1930 ജൂൺ
14. മലയാള മനോരമ 1930 ജൂലൈ 30
15. സഖ്യതരംഗിണി, പേജ് 60
16. മനോരമ, 1929 ജൂൺ 12
17. സഖ്യതരംഗിണി, പുറം 67
18. സഖ്യതരംഗിണി, പുറം 70
19. മനോരമ, 1938 ഫെബ്രുവരി 2
20. സഖ്യതരംഗിണി, പുറം 82
21. മനോരമ, 1948 ജനുവരി 28
22. മനോരമ, 1948 ഫെബ്രുവരി 14
23. മനോരമ, 1968 മെയ് 11
24. അതു തന്നെ
25. സഖ്യതരംഗിണി, പുറം 284

# ജീവകാരുണ്യ പ്രവർത്തനങ്ങൾ

'മലയാള മനോരമ'യുടെ മഹത്തുക്കളായ പത്രാധിപൻമാരുടെ ഉപദേശ നിർദ്ദേശങ്ങൾക്കു വിധേയമായും പത്രത്തിലൂടെ നടത്തിയിരുന്ന ഉദ്ബോധനങ്ങളുടെ ഫലമായും ബാലജനസഖ്യത്തിൻെറ പ്രതിജ്ഞാബദ്ധരായ പ്രവർത്തകർ ആത്മാർത്ഥമായി നടത്തിക്കൊണ്ടിരിക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുടെ കുറേ വിവരങ്ങളെങ്കിലും മുൻ അദ്ധ്യായത്തിൽ വിസ്തരിച്ചതാണല്ലോ. യഥാർത്ഥത്തിൽ മനോരമയുടെ കീഴിൽ വളർന്നു വികസിതമായ സംഘടനകളുടേയും പ്രസ്താവനകളുടേയും അമരക്കാർ 'മനോരമ'യുടെ മുഖ്യ പത്രാധിപൻമാർ തന്നെ ആയിരുന്നു. വറുഗീസ് മാപ്പിളയിൽ നിന്നു തുടങ്ങി കെ. എം. മാത്യുവിൽ എത്തുമ്പോൾ കേരളത്തിലെ സംഭവബഹുലമായ ഒരു നൂറ്റാണ്ടിൻെറ ചരിത്രമാണ് അനാവൃതമാകുന്നത്. മനോരമയുടെ ആരംഭം 1890-ൽ ആയിരുന്നു. അന്ന് മാമ്മൻമാപ്പിളയ്ക്ക് 31 വയസ്സ് മാത്രമായിരുന്നു പ്രായം. സാഹിത്യ സാംസ്കാരിക നവോത്ഥാനത്തെ പ്രതിനിധാനം ചെയ്തുകൊണ്ട് കണ്ടത്തിൽ വറുഗീസ് മാപ്പിള മലയാളത്തേയും മലയാളികളേയും ഒന്നിപ്പിക്കുവാൻ ശ്രമിച്ചതിൻെറ കഥ നാം പറഞ്ഞ് പോയതാണ്. പ്രശസ്തിയുടെ പാരമ്യത്തിലെത്തി നില്ക്കുന്ന സന്ദർഭത്തിലായിരുന്നു കേരളത്തെ ആകമാനം വിങ്ങിപ്പൊട്ടിച്ചുകൊണ്ട് അദ്ദേഹം അകാലചരമം അടയുന്നത്. അത് 1904-ൽ വെറും 47 വയസ് മാത്രം പ്രായമുള്ളപ്പോൾ.

അദ്ദേഹം കൊളുത്തിയ നവോത്ഥാനത്തിൻെറ തീജ്വാല അണയാതെ ജാജ്ജ്വല്യമാക്കിയത് അദ്ദേഹത്തിൻെറ പ്രഗത്ഭനായ പിൻഗാമി കെ. സി. മാമ്മൻ മാപ്പിളയായിരുന്നു. അദ്ദേഹത്തിൻെറ വിവിധ തുറകളിലുള്ള വൈവിധ്യമാർന്ന സംഭാവനകൾ, ഇ. വി. കൃഷ്ണപിള്ളയുടെ വാക്കുകളിൽ, 'ശതാവധാനി' എന്ന ബഹുമതിക്ക് അദ്ദേഹത്തെ അർഹനാക്കിയിരുന്നു. ഭാഷയിൽ സാഹിത്യരചനയുടെ വീർപ്പുമുട്ടൽ അനുഭവപ്പെട്ടിരുന്ന കാലമായിരുന്നു അത്. മലയാള സാഹിത്യത്തേയും സാഹിത്യകാരൻമാരേയും കവികളേയും പണ്ഡിതന്മാരേയും എല്ലാം ആദരിച്ച് അവരുമായുള്ള സമ്പർക്കവും കൂട്ടുകെട്ടും തനിക്കും മനോരമയ്ക്കും ഊർജ്ജം നല്കുംവിധം വളർത്തിക്കൊണ്ടു വന്നത് കെ.സി. മാമ്മൻ മാപ്പിളയാണ്.

മാമ്മൻമാപ്പിള 1954 തുടക്കത്തിൽ അന്ത്യശ്വാസം വലിക്കുമ്പോൾ പത്രത്തിനും തൻെറ കുടുംബത്തിനും ഒട്ടും പരാധീനതയില്ലാതെ വർത്തിക്കുവാനുള്ള സാമ്പത്തികശേഷി കൈവന്നിരുന്നു. അദ്ദേഹത്തിൻെറ ഓർമ്മ നിലനിർത്തുന്നതിനായി 1957ൽ കോട്ടയം പൗരാവലി നിർമ്മിച്ച സ്മാരക മന്ദിരം ജനലക്ഷങ്ങളുടെ സ്നേഹാദരവുകളുടെ പ്രതീകമാണ്. ഇതു പണിത സ്ഥലമാകട്ടെ, മാമ്മൻമാപ്പിളയേയും മറ്റും ജയിലിലടച്ച്

സാമ്പത്തികമായി അദ്ദേഹത്തെ തകർത്ത സ്വേച്ഛാധിപതിയായിരുന്ന ദിവാൻ സി. പി. രാമസ്വാമി അയ്യരുടെ പേരിൽ നിലനിർത്തിപ്പോന്നിരുന്ന ഒരു പാർക്ക് ഇരുന്ന അതേ സ്ഥലമായിരുന്നു. പത്രം രണ്ടാമതു തുടങ്ങിയത് മുതൽ അതിൻെറ കാര്യങ്ങളധികവും നോക്കിയിരുന്നത് കെ. എം. ചെറിയാനാണ്. ആ പരിശീലനമാണ്, പിതാവിൻെറ മരണശേഷം, 1954 ൽ മുഖ്യ പത്രാധിപരായപ്പോൾ അനായാസേന കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുവാനുള്ള കഴിവ് അദ്ദേഹത്തിന് പ്രദാനം ചെയ്തത്. കെ. എം. ചെറിയാൻ പ്രധാന പത്രാധിപരായപ്പോൾ അദ്ദേഹത്തിൻെറ ഇളയ സഹോദരൻ കെ.എം. മാത്യു ജനറൽ മാനേജരെന്ന നിലയിൽ സഹായത്തിനുമെത്തി. ആദർശ നിഷ്ഠയും സന്മാർഗ്ഗബോധവും ഈശ്വര വിശ്വാസവും കെ.എം. ചെറിയാൻെറ ജീവിത വ്രതങ്ങളായിരുന്നു. മനോരമയുടെ വരിക്കാർ മുപ്പതിനായിരത്തിൽനിന്നും മൂന്ന് ലക്ഷത്തോളമായി വർദ്ധിച്ചപ്പോൾ ആഴ്ചപ്പതിപ്പിൻെറ എണ്ണം 3,29000-ത്തിൽ കൂടുതലായി ഉയർന്നു. ധാർമ്മിക മൂല്യങ്ങൾക്ക് ശ്രേഷ്ഠത നൽകുന്ന നല്ലവരായിത്തീരണം തൻെറ വായനക്കാരും എന്നദ്ദേഹം അഭിലഷിച്ചു. അതിനായി പ്രവർത്തിക്കുകയും ചെയ്തു. ബാലജനസഖ്യത്തിൻെറ അഭൂതപൂർവ്വമായ വളർച്ചയ്ക്ക് നിദാനം മലയാള മനോരമയുടെ ശങ്കരച്ചേട്ടനെന്ന കെ. എം. ചെറിയാൻ നല്കിയിരുന്ന സാരോപദേശങ്ങളാണ്. സംഘാംഗങ്ങളോട് ജീവകാരുണ്യ പ്രവർത്തനങ്ങളും സഹജീവികളോടുള്ള ദൈവികമായ കടപ്പാടുകളും നിർവ്വഹിക്കുന്നവരായിത്തീരുന്നതിന് അദ്ദേഹം നിരന്തരം ഉപദേശിച്ചു കൊണ്ടിരുന്നു. അതിൻെറ ഫലമായി നടന്ന ദയാ-കാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ച് മുൻ അദ്ധ്യായത്തിൽ നാം ഉപന്യസിച്ചതാണ്. മനോരമയുടെ വളർച്ചയിൽ കെ. എം. ചെറിയാന് അവിസ്മരണീയമായ സ്ഥാനമാണുള്ളത്. പ്രാതഃസ്മരണീയനായ കണ്ടത്തിൽ വറുഗീസ് മാപ്പിള കൊളുത്തിയ നവോത്ഥാനത്തിൻെറ തീനാളം കേരളമാകെ പ്രസരിപ്പിച്ചത് കെ.സി. മാമ്മൻ മാപ്പിളയായിരുന്നു. കെ. എം. ചെറിയാൻെറ കാലമായപ്പോൾ അതിൻെറ വളർച്ച ഒരു ദേശീയ പത്രമെന്ന നിലയിൽ ഇന്ത്യയിലാകെ വ്യാപിച്ചു. 1963-ൽ അദ്ദേഹം 'പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യ' യുടെ ചെയർമാനാവുകയും ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റിയുടെ പ്രസിഡൻറായി 1964-ൽ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഇന്ത്യയിലെ ദേശീയ ഭാഷാ പത്രങ്ങളുടെ വൈസ് പ്രസിഡൻറ് എന്ന നിലയ്ക്കും അദ്ദേഹം പ്രവർത്തിച്ചു. കെ. എം. ചെറിയാൻെറ ബഹുമുഖ പ്രതിഭാ വിലാസത്തെ പരിഗണിച്ച് 1965-ൽ 'പത്മശ്രീ'യും 1971-ൽ 'പത്മഭൂഷണും' നല്കി രാഷ്ട്രം അദ്ദേഹത്തെയും തദ്വാര മനോരമയേയും ആദരിച്ചു. ധന്യമായി പ്രശോഭിച്ചിരുന്ന ആ തേജോഗോളം 1973 മാർച്ച് 11-ാം തീയതി അസ്തമിച്ചു.

---

*മലയാള മനോരമയുടെ ചരിത്രം*

മനോരമയുടെ വികാസപരിണാമങ്ങളിലൊക്കെ മുഖ്യഘടകമായി 1954 മുതൽ പ്രശോഭിച്ചിരുന്നത് ഇപ്പോഴത്തെ മുഖ്യപത്രാധിപരായ കെ. എം. മാത്യു ആണ്. മാനേജിംഗ് എഡിറ്റർ എന്ന നിലയിൽ രണ്ട് ദശാബ്ദക്കാലം തൻെറ സഹോദരനോടൊപ്പം പ്രവർത്തിച്ച അദ്ദേഹം 1973 ൽ മുഖ്യ.പത്രാധിപരായതോടു കൂടി മനോരമയുടെ പുത്തൻ യുഗം ഉദയം ചെയ്യുകയായിരുന്നു. കെ.എം. ചെറിയാൻ ദേശീയ പത്രമെന്ന നിലയിലേക്ക് മനോരമയെ വളർത്തിയെടുത്തെങ്കിൽ, കെ. എം. മാത്യു പത്രത്തിന് രാജ്യാന്തര അംഗീകാരം ഉണ്ടാക്കി.[1] മനോരമയുടെ ന്യൂസ് കവറേജ് ആഗോളതലത്തിലുള്ളതാക്കി മാറ്റുകയും വാർത്താ പ്രാധാന്യമുള്ള സംഭവങ്ങൾ ഉണ്ടാവുമ്പോൾ അത് ലോകത്തിൽ എവിടെയാണെങ്കിലും ശരി, മനോരമ ടീമിനെ അവിടേക്കയച്ച് വാർത്തകളും മറ്റും പ്രസിദ്ധീകരിക്കുകയും ചെയ്തു കൊണ്ടിരുന്നു. മോൺട്രിയൽ മുതലുള്ള എല്ലാ ഒളിംപിക്സും റിപ്പോർട്ട് ചെയ്യുവാനായി മനോരമ സ്വന്തം ടീമിനെ അയച്ചിട്ടുണ്ട്. ഇറാഖ്, കുവൈറ്റ് ആക്രമിച്ച വേളയിൽ സ്ഥിതിഗതികൾ സത്യസന്ധമായി അറിഞ്ഞ് റിപ്പോർട്ട് ചെയ്യുവാൻ മനോരമയുടെ സമർത്ഥരായ ഒരു സംഘം പ്രതിനിധികളെ അവിടേക്ക് അയച്ചിരുന്നു. വാർത്ത റിപ്പോർട്ട് ചെയ്യുകമാത്രമായിരുന്നില്ല അവരുടെ കർത്തവ്യം. അവിടെ ജോലി ചെയ്തിരുന്ന ലക്ഷക്കണക്കിനു മലയാളികളുടെ സുരക്ഷിതത്വത്തെയും ക്ഷേമത്തേയും പറ്റി അന്വേഷിച്ചു സഹായസഹകരണങ്ങൾ നൽകുക എന്നതായിരുന്നു. മനോരമ പ്രതിനിധികൾ ജോർഡാൻ അതിർത്തിയിൽ തമ്പടിച്ച് അഭയാർത്ഥികളെ സ്വീകരിക്കുകയും നാട്ടിൽ ആകാംഷയോടെ കാത്തിരിക്കുന്ന അവരുടെ ബന്ധുമിത്രാദികളെ ഉടൻ വിവരമറിയിക്കുകയും ചെയ്തിരുന്നു. അഭയാർത്ഥികൾ കുടുംബാംഗങ്ങൾക്കും മിത്രങ്ങൾക്കും എഴുതുന്ന കത്തുകൾ ശേഖരിച്ച് അവയോടൊപ്പം പത്രാധിപർ കെ.എം. മാത്യുവിൻെറ ആശ്വാസ വചനങ്ങളോടു കൂടിയ സാന്ത്വനക്കുറിപ്പും കൊടുത്തയച്ചിരുന്നു.

ഗുജറാത്തിലെ സൂററ്റിൽ പ്ലേഗ് ബാധ ഉണ്ടായപ്പോൾ ഗൾഫ് രാജ്യങ്ങളുമായുള്ള വിമാനബന്ധം നിർത്തിയതിനെത്തുടർന്ന് ഒന്നര മാസത്തോളം ഗൾഫ് മലയാളികൾക്ക് മലയാളം പത്രം കിട്ടിയിരുന്നില്ല. ആദ്യലക്കത്തോടൊപ്പം ഇന്ത്യയിലും കേരളത്തിലുണ്ടായ പ്രധാന സംഭവങ്ങൾ ഉൾക്കൊള്ളിച്ചുള്ള പ്രത്യേക പതിപ്പ് അവർക്കുവേണ്ടി പ്രസിദ്ധീകരിച്ച് നല്കിയിരുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങളും ഔദാര്യങ്ങളും വറുഗീസ് മാപ്പിളയുടെ കാലം മുതൽ അഭംഗുരം നടന്നുപോന്നിട്ടുണ്ട്. മാമ്മൻമാപ്പിളയെപ്പോലെ കെ. എം. ചെറിയാനും ഇക്കാര്യത്തിൽ ഒട്ടും പിശുക്കു കാണിച്ചിട്ടില്ലാത്ത ആളാണ്. ഇവരെക്കുറിച്ച് എഴുതിയിട്ടുള്ളപ്പോൾ അവരെ ചുറ്റിപ്പറ്റിയുള്ള പ്രധാന സംഭവങ്ങളത്രയും യഥാവസരം ഓർമ്മിക്കുവാൻ

ശ്രമിച്ചിട്ടുണ്ട്. "മാമ്മൻ മാപ്പിളയുടെ ഹൃദയ വിശാലതയും ഔദാര്യവും പ്രഖ്യാപിതമാണ്. ചങ്ങമ്പുഴയ്ക്ക് തന്നെ പലപ്പോഴും പണം വെറുതെ കൊടുത്തിട്ടുണ്ട്, മലയാള മനോരമയുടെ അധികാരികൾ", എന്നാണ് പ്രശസ്ത വിമർശകനായ പ്രൊഫസർ എം. കൃഷ്ണൻ നായർ എഴുതുന്നത്.[2] അദ്ദേഹം തുടർന്ന് പറയുന്നതുകൂടി ശ്രദ്ധിക്കുക. "സാഹിത്യനായകരേയും സാംസ്കാരിക നേതാക്കളെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഉന്നതമായ പാരമ്പര്യമാണ് മലയാള മനോരമയ്ക്കുള്ളത്. കണ്ടത്തിൽ വറുഗീസ് മാപ്പിള തൊട്ട് കെ. എം. മാത്യു വരെയുള്ളവർ ആ പാരമ്പര്യം അഭംഗുരം കാത്തു സൂക്ഷിക്കുന്നുമുണ്ട്."[3] സാഹിത്യനായകനായ പി. കെ. പരമേശ്വരൻ നായർ തന്നോട് പറഞ്ഞതായി ഇതേ ലേഖനത്തിൽ കൃഷ്ണൻ നായർ, മാമ്മൻ മാപ്പിളയുടെ മഹാമനസ്കതയുടെ മറ്റൊരു കഥകൂടി വിവരിക്കുന്നതിങ്ങനെയാണ്. ഒരിക്കൽ പി.കെ. പരമേശ്വരൻ നായർ മാമ്മൻ മാപ്പിളയെ കാണാൻ പോയി. സംസാരം കഴിഞ്ഞ് യാത്ര പറയുമ്പോൾ മാമ്മൻമാപ്പിള ഒരു കവർ അദ്ദേഹത്തിന് നല്കി. പണമാണെന്ന് മനസ്സിലാക്കിക്കൊണ്ടു തന്നെ വേണ്ടെന്നു പറഞ്ഞിട്ടും മാമ്മൻ മാപ്പിള നിർബന്ധപൂർവ്വം കവർ അദ്ദേഹത്തെ ഏല്പിക്കുകയാണുണ്ടായത്. കവറിൽ ആയിരം രൂപ ഉണ്ടായിരുന്നു. ഇന്നത്തെ ഒരു ലക്ഷം രൂപയുടെ മൂല്യം അതിനുണ്ടാകുമെന്നാണ് കൃഷ്ണൻ നായരുടെ കണക്കു കൂട്ടൽ.[4]

മഹാരാഷ്ട്രയിലെ നാല്പതു ഗ്രാമങ്ങൾ നിശ്ശേഷം തകർക്കുകയും നൂറുകണക്കിനു മനുഷ്യരുടെ മരണത്തിന് ഇടയാക്കുകയും ആയിരക്കണക്കിന് ആളുകളെ നിരാലംബരെന്നോണം അഭയാർത്ഥികളാക്കി മാറ്റുകയും ചെയ്ത മഹാദുരന്തമായിരുന്നുവല്ലോ 1993 ലെ ഭൂകമ്പം. സംഭവം നടന്നു പിറ്റേ ദിവസം തന്നെ കെ. എം. മാത്യു മനോരമയുടെ ഒരു റീലീഫ് ഫണ്ട് തുടങ്ങുന്നതായി പ്രഖ്യാപിച്ചു. പത്ത് ലക്ഷം രൂപ ഈ ഫണ്ടിലേക്ക് സ്വയം സംഭാവന നലകി കൊണ്ട് അദ്ദേഹം 'മലയാള മനോരമ' വായനക്കാരോട് അഭ്യർത്ഥിച്ചത്, "നമുക്ക് ഒരു ഗ്രാമമെങ്കിലും പുനർ നിർമ്മിക്കാം," എന്നായിരുന്നു. രണ്ട് കോടി മുപ്പത്തി ഒമ്പത് ലക്ഷം രൂപയോളം സംഭാവന നല്കിക്കൊണ്ടാണ് വായനക്കാർ അദ്ദേഹത്തിലും മനോരമയിലും ഉള്ള വിശ്വാസം പ്രകടിപ്പിച്ചത്.[5] നാല്പത്തി അഞ്ച് ദിവസം കൊണ്ട് മനോരമയ്ക്ക് ശേഖരിക്കുവാൻ സാധിച്ച ഈ തുകയുടെ അരികിൽ പോലുമെത്തുവാൻ മഹാരാഷ്ട്രയിലെ പത്രങ്ങൾ ഉൾപ്പെടെ ഇന്ത്യയിലെ മറ്റ് ഒരു പത്രത്തിനും സാധിച്ചില്ല എന്നതുകൂടി ഓർക്കേണ്ടതുണ്ട്. ലാത്തൂരിലെ ബാനേഗാവ് ഗ്രാമം പുനർ നിർമ്മിക്കുക എന്നതായിരുന്നു. 'മനോരമ'യുടെ ലക്ഷ്യം. 'മനോരമ' പ്രവർത്തകരുടെ അക്ഷീണ ശ്രമഫലമായിട്ടാണ് 15 മാസംകൊണ്ടു ബാനേഗാവ് ഗ്രാമം പുനർനിർമ്മാണം നടത്തു

വാൻ സാധിച്ചത്. 163 വീടുകളും ആവശ്യമായ റോഡുകളും അവിടെ രൂപം കൊണ്ടു. ആശുപത്രി, പബ്ലിക് ലൈബ്രറി, പഞ്ചായത്ത് ഓഫീസ്, ജിംനേഷ്യം, ഓപ്പൺ എയർ തിയേറ്റർ എന്നിവയ്ക്കു പുറമെ, ഒരു ഹനുമാൻ ക്ഷേത്രവും പണികഴിപ്പിച്ചു. ഓരോ വീടിനും രണ്ടു മുറികളും മുറ്റവും കുളിമുറിയും ഉള്ളതിനു പുറമെ ഗ്രാമീണരുടെ സ്വത്തായ കന്നുകാലികളെ നിർത്തുന്നതിനുള്ള ഇടവും ഉണ്ടാക്കിയിരുന്നു. എട്ട് വീടുകൾ ഒന്നിച്ചുള്ള എടുപ്പുകൾ സൗഹൃദസംഗമത്തിന് സൗകര്യം കിട്ടത്തക്കവിധമായിരുന്നു നിർമ്മിച്ചിരുന്നത്. തികഞ്ഞ ആത്മാർത്ഥതയോടുകൂടി മുഖ്യ പത്രാധിപർ കെ. എം. മാത്യു പ്രസ്താവിച്ചത്: "ഞങ്ങൾക്ക് സ്വന്തം ആവശ്യത്തിനു പണിയുന്ന വീടുകൾപോലെയാണ് ഇവയത്രയും നിർമ്മിച്ചിട്ടുള്ളത്" എന്നാണ്.[6] ബാനേഗാവ് പുനർ നിർമ്മാണത്തിൻെറ ഭൂമി പൂജാകർമ്മവും മറ്റും നടന്നത് 1993 ഒക്ടോബർ 23-നായിരുന്നു. ഈ ചടങ്ങിന് കാർമ്മികത്വം വഹിച്ചവർ മഹാരാഷ്ട്ര ഗവർണർ ഡോ. പി. സി. അലക്സാണ്ടറും അന്നത്തെ മുഖ്യമന്ത്രി ശരദ്പവാറുമാണ്. 'മലയാള മനോരമ' എഡിറ്റർ മാമ്മൻ മാത്യുവാണ് ഈ ചടങ്ങിൻെറ സംഘാടന ചുമതല നിർവഹിച്ചിരുന്നത്. 15 മാസംകൊണ്ടു പൂർത്തിയാക്കിയ ഈ വീടുകളുടെയും ഗ്രാമീണർ ഉത്സാഹപൂർവ്വം നാമകരണം ചെയ്ത 'മലയാള മനോരമ ബാനേഗാവ്' ഗ്രാമത്തിൻെറയും സ്വർണ്ണത്താക്കോൽ 1995 ഡിസംബർ 8-ാംതീയതി അന്നത്തെ പ്രധാനമന്ത്രിയായിരുന്ന പി. വി. നരസിംഹറാവു, മഹാരാഷ്ട്ര ഗവർണർ ഡോ. പി. സി. അലക്സാണ്ടറെ ഏല്പിച്ചതോടെ ഒരു സുന്ദര സ്വപ്നത്തിനു സായൂജ്യമായി. പ്രധാനമന്ത്രിയുടെ വസതിക്കരികിലുള്ള വലിയ പുൽത്തകിടിയിൽ കേന്ദ്രമന്ത്രിമാരും പാർലമെൻറ് അംഗങ്ങളും ബഹുമാന്യരായ മറ്റനേകം അതിഥികളും ഒന്നിച്ചുകൂടി. അന്നത്തെ ലോക്സഭാ സ്പീക്കറായിരുന്ന ശിവരാജ് പാട്ടീൽ പദ്ധതിയുടെ വിജയത്തിൽ ഭാവുകങ്ങളർപ്പിക്കുവാൻ എത്തിയിരുന്നു. ഈ വാർത്ത 'മലയാള മനോരമ' ഡിസംബർ 9-ാം തീയതിയിൽ വളരെ പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചിരുന്നു. ഇതുകഴിഞ്ഞ് ഡിസംബർ 17-ന് ആണ് 163 വീടുകളുടെ താക്കോൽ ദാന ചടങ്ങ് 'മലയാള മനോരമ' ബാനേഗാവ് ഗ്രാമത്തിൽ ആഹ്ലാദത്തിമിർപ്പോടെ സാഘോഷം നടത്തിയത്. മലയാള മനോരമയിൽ സ്റ്റാഫ് പ്രതിനിധി അയച്ചിരുന്ന വാർത്ത ഡിസംബർ 18-ാംതീയതിയിലെ പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിൽനിന്ന്: മലയാളത്തിൻെറ കാരുണ്യം, സാർത്ഥകമായ ധന്യനിമിഷം മഹാരാഷ്ട്രയിലെ ബാനേഗാവ് ഗ്രാമത്തിന് ഉത്സവ മുഹൂർത്തമായി. മലയാള മനോരമ വായനക്കാരുടെ സംഭാവനകൊണ്ടു പുനർസൃഷ്ടിച്ച ബാനേഗാവ് ഗ്രാമത്തിലെ വീടുകൾ മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യുവിൽനിന്നും ഏറ്റുവാങ്ങിയ നിമിഷം ഗ്രാമത്തിനു മാത്രമല്ല, രാജ്യത്തിനും ചരിത്രമുഹൂർത്തമായി. 35 വീ

ടുകൾകൂടി നിർമ്മിക്കണമെന്ന ബാനേഗാവ് ഗ്രാമവാസികളുടെ അപേക്ഷ മലയാള മനോരമ ബാനേഗാവ് പുനർ നിർമ്മാണ കമ്മറ്റിയുടെ മുൻപിൽ താൻ പരിഗണനയ്ക്കു വയ്ക്കാമെന്നും കമ്മറ്റിയുടെ തീരുമാനമനുസരിച്ച് പ്രവർത്തിക്കാമെന്നും ചീഫ് എഡിറ്റർ കെ. എം. മാത്യു അറിയിച്ചു. വായനക്കാരുടെ സഹകരണത്തോടെ മലയാള മനോരമ ബാനേഗാവ് ഗ്രാമത്തിൽ നിർമ്മിച്ച വീടുകളുടെ താക്കോൽ ഗ്രാമീണർക്ക് കൈമാറുകയായിരുന്നു അദ്ദേഹം. മൂന്നു കോടിയോളം രൂപ ചെലവഴിച്ച് 163 വീടുകളാണ് ബാനേഗാവിൽ നിർമ്മിച്ചിരുന്നത്. തുടക്കത്തിൽ 135 വീടുകളാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും ഗ്രാമീണരുടെ അപേക്ഷ പ്രകാരം വീടുകളുടെ എണ്ണം 163 ആക്കി ഉയർത്തുവാൻ മനോരമ സമ്മതിക്കുകയായിരുന്നു. വിവാഹങ്ങൾ മൂലവും മറ്റും കുടുംബാംഗങ്ങളുടെ എണ്ണം കൂടിയതുകൊണ്ടായിരുന്നു അധികം വീടുകൾ വേണമെന്ന ആവശ്യം ഉയർന്നത്. ഗൃഹപ്രവേശനത്തിനു മുമ്പുള്ള ചടങ്ങിൽ സംസാരിക്കവേ, ഗ്രാമപ്രധാൻ പാണ്ഡുരംഗ് വിശ്വനാഥ് വീരാജ്ധാറും ഗ്രാമപ്രതിനിധികളും ഇനിയും കൂടുതൽ വീടുകൾ വേണ്ടതിൻെറ ആവശ്യകത കെ. എം. മാത്യുവിൻെറയും ലാത്തൂർ ജില്ലാ കളക്ടർ അരവിന്ദ് കുമാറിൻെറയും ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. വായനക്കാരിൽനിന്നും ലഭിച്ച സംഭാവനകളുപയോഗിച്ച് ഗ്രാമം എങ്ങനെ പുനർ നിർമ്മിക്കണമെന്ന് തീരുമാനിക്കാൻ ഒരു കമ്മറ്റിയുണ്ടെന്നും ആ കമ്മറ്റിയുടെ നിശ്ചയത്തിനു വിധേയമായിട്ടേ തനിക്കു പ്രവർത്തിക്കാനാകൂ എന്നും കെ. എം. മാത്യു വിശദമാക്കി.

ഗ്രാമത്തിൻെറ പുനർനിർമ്മാണത്തിനു മേൽനോട്ടം വഹിക്കാൻ നിയോഗിക്കപ്പെട്ട മനോരമ ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടേയും ചെലവുകൾ നാല്പത് ലക്ഷത്തിൽ കൂടുതൽ രൂപ ആയിട്ടുണ്ടെന്നും അതത്രയും വായനക്കാരുടെ സംഭാവനകളിൽനിന്നുമെടുക്കാതെ മനോരമയുടെ ഖജനാവിൽനിന്നും എടുത്തതാണെന്നും കെ. എം. മാത്യു അറിയിച്ചു. "മനോരമയുടെ തൊണ്ണൂറുലക്ഷം വായനക്കാരുടെ സാക്ഷ്യപത്രമാണ് മനോഹരമായ ഈ ഗ്രാമം", ഗ്രാമീണരുടെ കരഘോഷങ്ങൾക്കിടയിൽ അദ്ദേഹം പറഞ്ഞു.[7] സംഭവബഹുലമായ നൂറ്റാണ്ട് പിന്നിട്ട മനോരമയുടെ ചരിത്രത്തിലെ ഏറ്റവും തിളക്കമാർന്ന അദ്ധ്യായമാണ് ബാനേഗാവിൻെറ പുനർ നിർമ്മാണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഭൂകമ്പത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചുകൊണ്ടു കെ. എം. മാത്യു പറഞ്ഞത്, "ദൂരെ കേരളത്തിൽനിന്നും ഇവിടെയെത്തി നിങ്ങളുടെ ഗ്രാമം പുനരുദ്ധരിക്കുവാൻ സന്തോഷമുണ്ട്. അതിനു ചെയ്തുതന്ന സഹകരണത്തിന് കൃതജ്ഞതയും."[8]

മനോരമ വായനക്കാരുടെ സഹാനുഭൂതിയും സഹകരണവും ഇല്ലായി

രുന്നുവെങ്കിൽ ബാനേഗാവ് ഇതുപോലെ പുനഃസൃഷ്ടിക്കുവാൻ കഴിയില്ലായിരുന്നു എന്ന് എഡിറ്റർ മാമ്മൻ മാത്യു ചൂണ്ടിക്കാട്ടി. "ഞങ്ങൾ കേരളീയരല്ല; ഭാരതീയരാണ്. നിങ്ങളുടെ ദുഃഖം ബാനേഗാവിൻേറതല്ല, ഭാരതത്തിൻേറതാണ്. അതുകൊണ്ടാണു വിദൂരമായ കേരളത്തിൽനിന്നു ഞങ്ങളിവിടെ ഓടിയെത്തിയത്."[9] 15 മാസംകൊണ്ടു റെക്കോർഡ് സമയത്തിൽ ഗ്രാമം പടുത്തുയർത്തുവാൻ സഹായിച്ച തദ്ദേശവാസികളോട് വായനക്കാർക്കുവേണ്ടി മാമ്മൻ മാത്യു നന്ദി പറഞ്ഞു. ഗ്രാമീണ പാരമ്പര്യം നിലനിർത്തി വീടുകൾ രൂപകല്പന ചെയ്യുവാൻ ആശയവും നിർദ്ദേശവും നൽകിയതിനു വാസ്തു ശില്പി ലാറി ബേക്കറിന് കെ. എം. മാത്യു പ്രത്യേകം നന്ദി പറഞ്ഞു.

മനോഹരമായ ഗ്രാമത്തിൻെറ ഉടമകളാകുവാൻ സാധിച്ച ഗ്രാമവാസികളെ എക്സിക്യൂട്ടീവ് എഡിറ്റർ ജേക്കബ് മാത്യു അഭിനന്ദിച്ചു. കലക്ടർ അരവിന്ദ് കുമാർ, അഡീഷണൽ കലക്ടർ ദേവ്നിക്കർ, കിഷൻ റാവു എം. എൽ. എ., ഗ്രാമവാസികളായ എം. ഡി. പാട്ടീൽ, സദാശിവ് പവാൻ, മീന കേശവ് തോർ, ലക്ഷ്മൻ പാട്ടീൽ, ഉജ്വലഭായി സകാൽ പത്രത്തിൻെറ എക്സിക്യൂട്ടീവ് എഡിറ്റർ കിഷോർ കുൽക്കർണി എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി.

ബാനേഗാവിൽ നിർമ്മിച്ച ഹനുമാൻ ക്ഷേത്രത്തിലേക്കു മനോരമ സംഭാവന ചെയ്ത വിളക്ക് മിസ്സിസ് കെ. എം. മാത്യു ഗ്രാമത്തിനു കൈമാറി. അമ്പലമണിയും ക്ഷേത്രത്തിനു നൽകി. വീടുകൾക്കു പുകയില്ലാത്ത അടുപ്പുകൾ മിസ്സിസ് പ്രേമ മാമ്മൻ മാത്യു സമ്മാനിച്ചു. മിസ്സിസ് തങ്കം മാമ്മൻ, കിഷൻ യാദവ് എന്നിവർ മറ്റു ഗൃഹോപകരണങ്ങളും കൈമാറി. ഗ്രാമീണ വായനശാലയിലേക്കു ആവശ്യമായ പുസ്തകങ്ങളും മനോരമയാണ് സംഭാവന ചെയ്തത്. ഗ്രാമീണരേയും ഗ്രാമവാസികളെയും പത്തുവർഷത്തേക്ക് ഇൻഷുർ ചെയ്തതിൻെറ രേഖകൾ കെ. എം. മാത്യു ഗ്രാമത്തലവനെ ഏല്പിച്ചിരുന്നു. ആർക്കിടെക്റ്റ് ബെന്നി കുര്യാക്കോസ്, കോൺട്രാക്ടർമാരായ കബീർ മുഹമ്മദ്, കെ. ജെ. ജോർജ് എന്നിവർക്കു ഗ്രാമവാസികളുടെ പേരിൽ ഓരോ പവൻ തൂക്കമുള്ള സ്വർണ്ണ പതക്കം പാരിതോഷികമായി നൽകി. പുനർ നിർമ്മാണാവശ്യത്തിനു സംഭാവന നൽകിയ വായനക്കാരുടെ ലിസ്റ്റ് ഗ്രാമത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

"ഞങ്ങളുടെ കുടുംബാംഗങ്ങളെ പോലെയാണ് മനോരമ ജീവനക്കാർ. മനോരമയും മനോരമ ജീവനക്കാരും ഞങ്ങളുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിക്കഴിഞ്ഞു,"[10] ഗ്രാമീണർക്കു വേണ്ടി നന്ദി പ്രകാശിപ്പിച്ച എം. എൽ. എ. കിഷൻ യാദവ് പറഞ്ഞു. പ്രോജക്ട് കോ-ഓർഡിനേറ്ററായ മനോരമ പേഴ്സണൽ ആൻഡ് അഡ്മിനിസ്ട്രേഷൻ ജനറൽ മാനേജർ രാജൻ

മാത്യുവാണ് കൃതജ്ഞത പ്രകാശിപ്പിച്ചത്. പിന്നീടു നടന്നത് ഗ്രാമീണർ ഉൽസാഹപൂർവ്വം ഒരുക്കിയ ബടാ ഖാന (വലിയ സദ്യ)യായിരുന്നു. കൊടി തോരണങ്ങളും തുണി പന്തലും ഉയർന്ന ഗ്രാമത്തിൽ നിറപ്പകിട്ടാർന്ന വസ്ത്രങ്ങളണിഞ്ഞ കുട്ടികൾ ഉത്സവപ്രതീതി സൃഷ്ടിച്ചു. 'മലയാള മനോരമ ബാനേഗാവ് ഗ്രാമം' എന്ന് ആലേഖനം ചെയ്തിട്ടുള്ള ഗ്രാമകവാടത്തിനു സമീപം പുതുവസ്ത്രങ്ങളണിഞ്ഞ ഗ്രാമീണർ സന്തോഷത്തോടെ ഒത്തുകൂടിയിരുന്നു. ചടങ്ങിൽ സംബന്ധിക്കുവാനെത്തിയ മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യു, എഡിറ്റർ മാമ്മൻ മാത്യു, എക്സിക്യൂട്ടീവ് എഡിറ്റർ ജേക്കബ് മാത്യു, 'വനിത' മാസികയുടെ ചീഫ് എഡിറ്റർ മിസ്സിസ് കെ. എം. മാത്യു എന്നിവരെയും മറ്റ് കുടുംബാംഗങ്ങളെയും ആരതിയോടെ വരവേറ്റ ഗ്രാമീണർ അവരുടെ നെറ്റികളിൽ തിലകം ചാർത്തി പ്രണാമം അർപ്പിച്ചു. പരമ്പരാഗത രീതിയിലുള്ള വരവേല്പ് മലയാള മനോരമ വായനക്കാരുടെ കാരുണ്യത്തിനുള്ള ഗ്രാമ നിഷ്കളങ്കതയുടെ ഉപഹാരമായി തോന്നി. മേളത്തിന്റെ അകമ്പടിയോടുള്ള വരവേല്പിന് വെടിക്കെട്ട് കൂടുതൽ കൊഴുപ്പ് കൂട്ടി. ഇവരെ ബഡാ ഖാന വേദിയിലേക്കു നയിച്ചതു ഗ്രാമമുഖ്യൻ പാണ്ഡുരംഗ് വിശ്വനാഥ് വിരാജ്ധാറിന്റെ നേതൃത്വത്തിൽ ആയിരുന്നു. ഗ്രാമീണർ അവരുടെ സന്തോഷത്തിന്റെയും നന്ദിയുടെയും സൂചനയായി ഒരുക്കിയ ബഡാ ഖാനയിൽ ബജിയും ജിലേബിയും മാത്രമല്ല പായസവും ഉണ്ടായിരുന്നു. ബാബു കുംദാറിന്റെ ശിക്ഷണത്തിൽ 25 അംഗ സംഘം ഒരുക്കിയ സദ്യയിൽ രണ്ടായിരത്തിൽ പരം പേർ പങ്കെടുത്തിരുന്നു.[11]

മലയാളത്തിന്റെ അഭിമാനം ഉയർത്തുന്ന നിമിഷങ്ങൾക്ക് സാക്ഷികളാവാൻ മറാത്തയുടെ ദുരന്തഭൂമിയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്ന മറ്റ് മലയാളി സംഘടനകളുടെ സാരഥികളും സമീപനഗരമായ ലത്തൂരിൽ താമസിക്കുന്ന മലയാളി കുടുംബങ്ങളും അവിടെ സന്നിഹിതരായിരുന്നു. കേരളത്തിലെ പല ഭാഗങ്ങളിൽനിന്ന് ഇവിടെ എത്തി ജീവസന്ധാരണം നടത്തുന്നവരെ ഈ ശുഭമുഹൂർത്തത്തിൽ പങ്കുചേരാൻ എത്തുകയുണ്ടായി. ഗ്രാമവാസികളിൽ പലരും കെ. എം. മാത്യുവും മറ്റുള്ളവരുമായി കുശലം പറയാൻ എത്തിയപ്പോൾ പുനഃസൃഷ്ടിക്കപ്പെട്ട ഗ്രാമത്തെപ്പറ്റി അവരുടെ അഭിപ്രായങ്ങൾ കെ. എം. മാത്യുവും മറ്റും ആരാഞ്ഞിരുന്നു. അവരെല്ലാവരും തന്നെ അങ്ങേയറ്റം സന്തുഷ്ടി പ്രകടിപ്പിച്ചുകൊണ്ട് അവിടെ നടത്തിയ സംവിധാനങ്ങളത്രയും ഏറെ ഇഷ്ടപ്പെട്ടതായി അറിയിച്ചു. ഗ്രാമം രണ്ടാമത് പണിതുയർത്തുന്നതിന് പങ്കാളികളായ എല്ലാവർക്കും തന്നെ സംതൃപ്തിയുടെ സാഫല്യമുണ്ടായി.

ബനേഗാവ് ഗ്രാമ പുനർനിർമ്മാണത്തിന്റെ കഥ ചില വസ്തുതകൾ നമ്മോട് പറയുന്നുണ്ട്. മലയാള മനോരമയ്ക്ക് മാത്രം സാധിക്കുന്ന മഹാ

ഗാര്യമാണ് ഇവിടെ അരങ്ങേറിയതെന്നതാണ് ആദ്യത്തേത്. ഇന്ത്യയിലെ മറ്റൊരു ദിനപത്രത്തിനോ ജീവകാരുണ്യ പ്രസ്ഥാനത്തിനോ കഴിയാത്തത് മനോരമ വിജയകരമായി സഫലീകരിച്ചു. രണ്ടാമതായി ഓർക്കേണ്ടത് പുനർ നിർമ്മിച്ച ഗ്രാമത്തേയും ഗ്രാമവാസികളെയും മനോരമ ദത്തെടുക്കുകയായിരുന്നു എന്നതാണ്. അവിടെ പുനരധിവസിപ്പിച്ചവരുടെ വിശ്വാസത്തിന് അനുസൃതമായി ഹനുമാൻ ക്ഷേത്രം പണിയുകയും അമ്പലത്തിന് ആവശ്യമായവ നൽകുകയും ചെയ്തത് മതസഹിഷ്ണുതയ്ക്ക് ഉദാഹരണമാണ്. ക്രൈസ്തവ വിശ്വാസികളായ കെ. എം. മാത്യുവും കുടുംബവും ഇവിടെ കാണിച്ച മാതൃക സാമുദായിക സംഘർഷത്തിനു വിത്തുപാകുന്നവരുടെ കുടുസ്സായ മനസ്സുകളെ ശുദ്ധീകരിക്കാനുപയോഗിച്ചാൽ നന്ന്. മലയാളികൾക്കും മലയാള മനോരമയ്ക്കും എക്കാലവും ആവേശത്തോടെ ഓർക്കാവുന്ന മതസൗഹൃദത്തിൻെറ സംഗമസ്ഥാനമായി മലയാള മനോരമ ബാനേഗാവ് ഗ്രാമം നിലനിൽക്കും. അപ്പോഴൊക്കെയും മതസഹിഷ്ണുതയുടേയും മഹാമനസ്കതയുടേയും വിശാലഹൃദയത്തിൻെറ മണിച്ചെപ്പ് തുറന്ന മുഖ്യപത്രാധിപർ കെ. എം. മാത്യു അവിസ്മരണീയനായിരിക്കുകയും ചെയ്യും.

ഭവന നിർമ്മാണ പദ്ധതി മലയാള മനോരമയ്ക്ക് പുത്തരിയല്ലല്ലോ. മനോരമയ്ക്ക് പുനർ ജീവൻ നൽകി ഒരു ദേശീയ പത്രമായി ഉയർത്തിയ കെ. എം. ചെറിയാൻെറ ഓർമ്മയ്ക്കായി അദ്ദേഹത്തിൻെറ പേരിൽ സഹോദരൻ കെ. എം. മാത്യു മുഖ്യപത്രാധിപരായ ശേഷം ആരംഭിച്ച 'കെ. എം. ചെറിയാൻ ഹൗസിംഗ് ഫണ്ട്', ഇന്ന് മലയാള മനോരമയിലെ മുഴുവൻ ജീവനക്കാരും പങ്കാളികളായ ഭവന വായ്പാ പ്രസ്ഥാനമാണ്. 1975 ജൂലൈയിൽ തുടങ്ങിയ നാൾ മുതൽ ജീവനക്കാരിൽനിന്നും പ്രതിമാസം 10 രൂപ വീതവും മാനേജ്മെൻറിൻെറ വകയായി പത്തുരൂപയും നിക്ഷേപിച്ചു തുടങ്ങിയതാണ് ഈ ഹൗസിംഗ് ഫണ്ട്. 2000 ജൂൺവരെ കമ്പനിയിലെ 783 ജീവനക്കാർക്കു വീടുവയ്ക്കുവാനുള്ള വായ്പാ സഹായം ഈ പദ്ധതിയിലൂടെ നൽകുവാൻ സാധിച്ചിട്ടുണ്ട്. 525-ാമത്തെ ഗുണഭോക്താവിനുള്ള ഭവനത്തിൻെറ താക്കോൽദാനം നിർവഹിച്ചത് ഇന്ത്യൻ യൂണിയൻ പ്രസിഡൻറായിരുന്ന ശങ്കർദയാൽ ശർമ്മയാണ്.[12] മനോരമ ജീവനക്കാരുടെയും മാനേജ്മെൻറിൻെറയും പ്രതിനിധികളടങ്ങുന്ന ട്രസ്റ്റ് നിയന്ത്രിക്കുന്ന ഹൗസിംഗ് ഫണ്ട് ഇതുവരെ 395,08,100 രൂപ ജീവനക്കാർക്കു ഭവന വായ്പയായി നൽകിയിട്ടുണ്ട്. ലാഭവും നഷ്ടവും ഇല്ലാതെ പ്രവർത്തിക്കുന്ന ഹൗസിംഗ് ഫണ്ട് വായ്പയ്ക്ക് 5.5% മാത്രമാണ് പലിശ. വായ്പ തിരിച്ചടയ്ക്കാൻ പതിനഞ്ചുവർഷത്തെ സാവകാശം നൽകുന്നുണ്ട്. അംഗങ്ങളുടെ നിക്ഷേപത്തിനു പ്രതിവർഷം അഞ്ചുശതമാനം പലിശ കൊടുക്കുന്നു. നാമമാത്രമായ പലിശയിൽ ഇത്ര ദീർഘമായ കാലയളവിലേക്ക് ഭവനവാ

യ്പ നൽകുന്ന പദ്ധതി ഇന്നു കേരളത്തിലെ അധികം വ്യവസായ സ്ഥാപനങ്ങളിലില്ല. വ്യവസായരംഗത്തു നല്ല തൊഴിൽബന്ധത്തിൻെറയും തൊഴിലാളി മുതലാളി സൗഹൃദത്തിൻെറയും ആരോഗ്യകരമായ പ്രതിരൂപമാകുന്നു ഇന്നു കെ. എം. ചെറിയാൻ ഹൗസിംഗ് ഫണ്ട്.

അദ്ദേഹത്തിൻെറ ജീവകാരുണ്യ പ്രവർത്തനത്തിൻെറ ഭാഗമായി ആരംഭിച്ചതാണ് മലയാള മനോരമ ശതാബ്ദി ഭവന നിർമ്മാണ പദ്ധതിയും. “ധർമോസ്മത് കുലദൈവതം” (ധർമ്മമാണ് ഞങ്ങളുടെ കുലദൈവം) എന്ന ആദർശവാക്യം മനോരമയുടെ ആരംഭത്തിൽ കണ്ടത്തിൽ വറുഗീസ് മാപ്പിള പ്രഖ്യാപിച്ചതാണ്. അശരണരേയും ആലംബഹീനരേയും സഹായിക്കുക എന്നത് മനുഷ്യധർമ്മമായി കരുതുന്ന കെ. എം. മാത്യു മലയാള മനോരമയുടെ ശതാബ്ദി സ്മാരകമായി നൂറു വീടുകൾ പണിതു സാധുക്കളിൽ സാധുക്കൾക്കു ദാനമായി നൽകുന്നതാണെന്നു പ്രഖ്യാപിച്ചിരുന്നു. 1988-ലായിരുന്നു ഇത്. എന്നാൽ നൂറു വീടുകൾക്ക് പുറമേ നാലു വീടുകൾ കൂടി പണിതു നൽകാൻ മലയാള മനോരമയുടെ അന്നുണ്ടായിരുന്ന നാല് യൂണിറ്റിലെ ജീവനക്കാർ കൂടി സന്നദ്ധരായതോടെ മൊത്തം വീടുകൾ 104 ആയി. അർഹതയുള്ളവർക്കു മാത്രം വീടുകൾ ലഭിക്കണമെന്ന ശാഠ്യം കണിശമായി പുലർത്തിയിരുന്നു. ഇതിനായി വികലാംഗർക്കും നിരാലംബരായ വിധവകൾക്കും മുൻഗണന നൽകാൻ തീരുമാനിച്ചു. വീടുകൾക്കുവേണ്ടി ലഭിച്ച പതിനായിരത്തിൽപരം അപേക്ഷകരിൽ നിന്നും 104 എണ്ണം തെരഞ്ഞെടുക്കുക എന്നത് ശ്രമകരമായ പണിയാണല്ലോ. അതാത് സ്ഥലത്തെ തദ്ദേശ സ്ഥാപനങ്ങളുടെയും മലയാള മനോരമ ഏജൻറുമാരുടെയും അഖില കേരള ബാലജനസഖ്യം ശാഖാ ഭാരവാഹികളുടെയും സത്യവാങ്മൂലങ്ങൾകൂടി അപേക്ഷകരുടെ സാക്ഷിപത്രത്തിനു പുറമേ ഉപയോഗപ്പെടുത്തുകയും ചെയ്തു. പ്രാഥമിക തെരഞ്ഞെടുപ്പിനുശേഷം മലയാള മനോരമ ഉദ്യോഗസ്ഥന്മാരും എൻജിനീയർമാരും അപേക്ഷകരുടെ സ്ഥലം സന്ദർശിച്ച് അന്വേഷണം നടത്തിയശേഷമാണ് 104 ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രഖ്യാപിച്ചത്. ജാതി-മത-വർഗ്ഗ പരിഗണനയ്ക്കതീതമായി മനോരമ പാരമ്പര്യം ഇക്കാര്യത്തിലും പുലർത്തിയിട്ടുണ്ട്.

രണ്ട് മുറി, അടുക്കള, വരാന്ത, ടോയ്‌ലറ്റ് എന്നിവ അടങ്ങുന്ന വീടിൻെറ അടിത്തറ ശരാശരി 250 ചതുരശ്ര അടിയാണ്. എല്ലാ വീട്ടിലും ഒരു പുകയില്ലാത്ത അടുപ്പും രണ്ട് ഇലക്ട്രിക്കൽ പോയിൻറുകളും നൽകിയിട്ടുണ്ട്. തുടക്കത്തിൽ പതിനായിരം രൂപയാണ് നിർമ്മാണച്ചെലവ് ഉദ്ദേശിച്ചിരുന്നതെങ്കിലും സ്ഥലവ്യത്യാസമനുസരിച്ച് അത് ഇരുപതിനായിരം രൂപവരെ ആയിട്ടുണ്ട്. ഇരുപത്തഞ്ച് ലക്ഷത്തിൽ കൂടുതൽ രൂപയാണ് ഈ വകയ്ക്ക് മനോരമ ചെലവാക്കിയത്. പൊതുജനങ്ങളുടെ സഹകരണം പദ്ധതിയുടെ

വിജയത്തെ ത്വരിതപ്പെടുത്തി. വളരെ അർഹരായ ചിലർക്കു വീടുവയ്ക്കുവാനുള്ള ഭൂമി ദാനം ചെയ്തവരുമുണ്ട്. ഈ പദ്ധതി അനുസരിച്ചുള്ള ആദ്യ വീട് 1989 മെയ് 4-ന് കോട്ടയത്തിനടുത്ത് നട്ടാശ്ശേരിയിലെ വിധവയായ അന്നമ്മ ജോസഫിന് നൽകി ചീഫ് എഡിറ്റർ കെ. എം. മാത്യു താക്കോൽദാനം നടത്തി.[13] ഈ പദ്ധതിയുടെ അവസാന വീട് 'ഉണ്ടപ്പക്രു' എന്ന അപരനാമധേയത്താൽ അറിയപ്പെടുന്ന മൂന്നടി മാത്രം ഉയരമുള്ള കലാപ്രതിഭ ആർ. അജയകുമാറിനാണ് ലഭിച്ചത്. ഈ വീടിന്റെ താക്കോൽദാനം 1992 ഒക്ടോബർ 22-ാംതീയതി രാഷ്ട്രപതി ശങ്കർ ദയാൽ ശർമ്മയാണ് കൊച്ചിയിൽ നിർവഹിച്ചത്. ഉണ്ടപ്പക്രുവിന്റെ മാതാപിതാക്കൾ അംബുജാക്ഷിയും റിക്ഷാ ഡ്രൈവറായിരുന്ന രാധാകൃഷ്ണനുമാണ്. വൃക്കരോഗ ബാധിതനായ രാധാകൃഷ്ണൻ ജോലിക്കു പോകുന്നില്ല. അമ്മയുടെ ചെറിയ വരുമാനംകൊണ്ടാണ് വീടു പുലർത്തുന്നത്. വികലാംഗനും ദരിദ്രനുമായ ഉണ്ടപ്പക്രു ജന്മനാ കലാകുതുകിയാണ്. തുടർച്ചയായി രണ്ടുവർഷം അഖില കേരള ബാലജനസഖ്യത്തിന്റെ കലാപ്രതിഭയായിരുന്നു അജയകുമാർ. സംസ്ഥാന യുവജനോത്സവത്തിൽ മോണോ ആക്ടിനും കഥാപ്രസംഗത്തിനും മിമിക്രിക്കുമൊക്കെ സമ്മാനങ്ങൾ വാരിക്കൂട്ടിയിട്ടുണ്ട്. അജയകുമാറിന് രണ്ട് സഹോദരിമാരാണുള്ളത്. കവിതയും സംഗീതയും. ഇവരും കലാമൽസരങ്ങളിൽ സമ്മാനങ്ങൾ നേടി ജന്മസിദ്ധമായ കഴിവു തെളിയിച്ചുകൊണ്ടിരിക്കുന്നു. അയ്മനത്ത് അഞ്ച് സെൻറ് സ്ഥലം വാങ്ങുവാൻ ഉണ്ടപ്പക്രുവിന് നാട്ടുകാരുടെ അകമഴിഞ്ഞ സഹായം ലഭിച്ചു. മനോരമയാകട്ടെ തലചായ്ക്കാനൊരിടം ഉണ്ടപ്പക്രുവിനും കുടുംബത്തിനും സമ്മാനിക്കുകയും ചെയ്തു.[14]

മനോരമ ശതാബ്ദി ഭവന നിർമ്മാണ പദ്ധതിയിൽനിന്നും വീടിനപേക്ഷിച്ചവരിൽ ഏറ്റവും അർഹതയുള്ളതായി കണ്ട അപേക്ഷ അടൂരിലെ സ്മിത ടൈലേഴ്സ് എന്ന തയ്യൽ സ്ഥാപനം നടത്തിയിരുന്ന ഭാസ്കരന്റെ വിധവ ശാന്തകുമാരിയുടേതായിരുന്നു. 1988 ഒക്ടോബർ 18-ന് ഭാസ്കരൻ ഹൃദയസ്തംഭനം മൂലം മരിച്ചപ്പോൾ ശാന്തകുമാരിയും മക്കൾ സ്മിതയും ജയനും തീർത്തും അനാഥരായി മാറി. വാടക കൊടുക്കാൻ നിവൃത്തിയില്ലാതെ താമസസ്ഥലത്തുനിന്നു ഇറക്കി വിടുമെന്ന സ്ഥിതിയിലുമെത്തി. നാട്ടുകാരുടെ സഹായംകൊണ്ടു മാത്രം കഴിഞ്ഞുകൂടുമ്പോഴാണ് മനോരമയുടെ ശതാബ്ദി ഭവന നിർമ്മാണ പദ്ധതിയിൽ അപേക്ഷ അയച്ചത്. നാട്ടുകാർ രൂപീകരിച്ച, 'ഭാസ്ക്കരൻ കുടുംബ സഹായനിധി' പിരിവെടുത്തു നൽകിയ 5 സെൻറ് സ്ഥലത്താണ് മനോരമ ശാന്തകുമാരിക്ക് വീടുവച്ചു കൊടുത്തത്. മൂന്നു സെൻറ് സ്ഥലം വാങ്ങാനായിരുന്നു കുടുംബ സഹായ സഹായസമിതിയുടെ ആദ്യ തീരുമാനം. എന്നാൽ മനോരമയുടെ ഭവന നിർമ്മാണ പദ്ധതിയിൽ വീടുവച്ചു

കിട്ടണമെങ്കിൽ ചുരുങ്ങിയത് അഞ്ചു സെൻറ് സ്ഥലമെങ്കിലും വേണമെന്നു വ്യവസ്ഥ ചെയ്തിരുന്നു. നാല് സെൻറിനുള്ള പണമേ പിരിഞ്ഞ് കിട്ടിയിരുന്നുള്ളൂ. എന്നാൽ ഈ നല്ല കാര്യം സഫലമാക്കുവാനായി ഒരു സെൻറ് സ്ഥലം സൗജന്യമായി നൽകുക കൂടി ചെയ്തപ്പോൾ ശാന്തകുമാരിയുടെ ഭാഗ്യം തെളിഞ്ഞു.

1990 ഒക്ടോബർ 7-ന് മന്ത്രി വി. ജെ. തങ്കപ്പനാണ് വീടിൻെറ താക്കോൽ ശാന്തകുമാരിക്കു കൈമാറിയത്. മനോരമ നടത്തിയ അഭ്യർഥനയനുസരിച്ച് ശാന്തകുമാരിക്ക് ഒരു ജോലി നൽകാമെന്നു മന്ത്രി തങ്കപ്പൻ സമ്മേളനത്തിൽ വാഗ്ദാനം ചെയ്തു. രണ്ടു ദിവസത്തിനകം തന്നെ അടൂരിലെ ബി.എഡ്. സെൻററിൽ പ്യൂൺ തസ്തികയിൽ ദിവസക്കൂലിയിൽ താൽക്കാലിക നിയമനം ലഭിക്കുകയും ചെയ്തു. മദ്രാസ് മെഡിക്കൽ മിഷനും മലാള മനോരമയും ചേർന്ന് നടത്തിയ 'ഹൃദയപൂർവ്വം' എന്ന സൗജന്യഹൃദയശസ്ത്രക്രിയാ ക്യാമ്പുകൾ ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഉത്തമസാക്ഷ്യമാണ്. പൊതുജനങ്ങളുടെയും സ്ഥാപനങ്ങളുടെയും സംഭാവനകളിൽനിന്നും മലയാള മനോരമയിൽനിന്നു നല്കിയ 50 ലക്ഷം രൂപയിൽനിന്നാണ്. ഈ സേവന പ്രവർത്തനം യാഥാർത്ഥ്യമായത്. 2000 ജൂൺ 15 വരെ പൊതുജനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽനിന്നുമായി 2,60,31,958 രൂപ 15 പൈസയാണ് 'ഹൃദയപൂർവ്വ'ത്തിലേയ്ക്കു ലഭിച്ചത്. മനോരമയുടെ വിഹിതവും പലിശയുമടക്കം ആകെത്തുക 3,20,26958 രൂപ 15 പൈസയാണ്.

മലയാള മനോരമയും മദ്രാസ് മെഡിക്കൽ മിഷനും ചേർന്ന് കേരളത്തിലെ 5 കേന്ദ്രങ്ങളിൽ ക്യാംപ് സംഘടിപ്പിച്ചാണ് മദ്രാസ് മെഡിക്കൽ മിഷൻ ആശുപത്രിയിൽ ഹൃദയശസ്ത്രക്രിയ ആവശ്യമുള്ളവരെ കണ്ടെത്തിയത്. ഇതുവരെ തെരഞ്ഞെടുത്ത 470 പേരിൽ 345 പേരുടെ ശസ്ത്രക്രിയ പൂർത്തിയായിക്കഴിഞ്ഞു. ഇവരിൽ 191 പേർ കുട്ടികളാണ്. ഏകദേശം 600പേർക്ക് സൗജന്യ ഹൃദയശസ്ത്രക്രിയ നടത്താനാണ് ലക്ഷ്യം. തുടക്കത്തിൽ 50 പേർക്കുമാത്രമാണ് ഉദ്ദേശിച്ചിരുന്നത്. വായനക്കാരുടെ പങ്കാളിത്തത്തിൽനിന്നാണ് മനോരമ ഈ മഹാസംരംഭം യാഥാർത്ഥ്യമാക്കിയത്. മലയാള മനോരമ ഒരു പബ്ലിക് ട്രസ്റ്റ് ആയി കരുതണമെന്നും ജനക്ഷേമത്തിനുവേണ്ടി അതു പ്രയോജനപ്പെടുത്തണമെന്നും മാമ്മൻ മാപ്പിള തൻെറ അനുയായികളോട് വസിയത്ത് (അന്ത്യശാസനം) ചെയ്തിരുന്നുവല്ലോ. അത് നൂറുശതമാനവും പുലർത്തിപ്പോരുവാൻ കെ. എം. ചെറിയാനും കെ. എം. മാത്യുവും അശ്രാന്തം പരിശ്രമിച്ചിരുന്നതായി കേരളീയർക്കറിയാം. ഏതവസരത്തിലും ദുഃഖിതരുടെ കണ്ണീർ തുടയ്ക്കുവാൻ മനോരമയുടെ സാരഥികൾ അല്പംപോലും മടിച്ചുനിന്നിട്ടില്ല. അത്തരം

ജീവകാരുണ്യ പ്രവർത്തനങ്ങളുടെ കുറച്ച് ഉദാഹരണങ്ങൾ മാത്രമാണു നാം വിവരിച്ചത്.

ജാതിമത പരിഗണനയോ രാഷ്ട്രീയ-വിഭാഗിയ ചിന്താഗതിയോ ഇല്ലാതെ മനുഷ്യനെന്ന പ്രതിഭാസത്തിനു മാത്രം ഊന്നൽ നൽകിക്കൊണ്ട് നടത്തുന്ന മനുഷ്യ കാരുണ്യ പ്രവർത്തനങ്ങൾ എണ്ണിയെണ്ണി പറയുക പ്രയാസമാണ്. അതിവിടെ താത്ക്കാലികമായി അവസാനിപ്പിക്കുന്നു.

## സൂചിക


1. Bright Morning in 1988, Malayala Manorama, Kottayam
2. എം. കൃഷ്ണൻനായർ, സമകാലിക മലയാളം വാരിക, ഏപ്രിൽ 30, 1999, സാഹിത്യ വാരഫലം, പുറം-45
3. അതുതന്നെ
4. അതുതന്നെ
5. മലയാള മനോരമ ഒക്ടോബർ 1, 1993
6. K. M. Mathew, A Village Called Malayala Manorama, Kottayam, Page - 2
7. മലയാള മനോരമ, ഡിസംബർ 18, 1993
8. അതുതന്നെ
9. അതുതന്നെ
10. അതുതന്നെ
11. അതുതന്നെ
12. മലയാള മനോരമ ഒക്ടോബർ 27, 1992
13. മലയാള മനോരമ 1989, മെയ് 4
14. മലയാള മനോരമ ഒക്ടോബർ 27, 1989

# കെ. എം. മാത്യു –
# ആധുനികതയുടെ ഉപാസകൻ

കെ. സി. മാമ്മൻ മാപ്പിളയും കെ. എം. ചെറിയാനും വിചാരിച്ചിരിക്കാതെയും ആഗ്രഹിക്കാതെയുമാണ് പത്രാധിപൻമാരാകുന്നത്. മനോരമയുടെ ആപത്ക്കരമായ ദശാസന്ധികളിലാണ് ഇവർ ഇരുവരും ദൈവനിയോഗമെന്നോണം മനോരമയുടെ സാരഥ്യം ഏറ്റെടുത്തത്. വറുഗീസ് മാപ്പിളയുടെ അകാലനിര്യാണത്തെത്തുടർന്ന് അനാഥമായി അന്യം നിന്നു പോകുമായിരുന്ന മലയാള മനോരമ രക്ഷപെട്ടത് ത്യാഗമനഃസ്ഥിതിയോടെ രണ്ടും കല്പിച്ച് മാമ്മൻ മാപ്പിള പത്രാധിപത്യം സ്വീകരിച്ചതോടുകൂടിയായിരുന്നു. ഇത്തരം ഒരു ദശാസന്ധിയായിരുന്നു 1938-ൽ പത്രം കണ്ടുകെട്ടിയതിനുശേഷം സംജാതമായത്. മാമ്മൻ മാപ്പിള ജയിൽവാസം കഴിഞ്ഞ് ഇറങ്ങിയെങ്കിലും പഴയപോലെ കൃതകൃത്യനാകുവാൻ ആരോഗ്യം അനുവദിക്കാതിരിക്കുകയും പ്രായം 75-ൽ കൂടുകയും ചെയ്ത സ്ഥിതിയിൽ, പത്രം തുടർന്നു നടത്തിക്കൊണ്ടു പോവുക ദുഃഷ്ക്കരമെന്ന് കരുതിയിരുന്ന സന്ദർഭത്തിൽ വന്ദ്യപിതാവിൻെറ നഷ്ടപ്പെട്ട പ്രശസ്തി വീണ്ടെടുക്കുവാൻ അദ്ദേഹത്തിന് മുഖ്യപത്രാധിപത്യത്തിൽ പത്രം പുനരാരംഭിച്ചാലേ സാദ്ധ്യമാകൂ എന്ന് കെ. എം. ചെറിയാൻ ഉറച്ച് വിശ്വസിച്ചു. അത് എല്ലാ പ്രയാസങ്ങളും സഹിച്ച് പ്രാവർത്തികമാക്കുകയും ചെയ്തു.

എന്നാൽ കെ. എം. മാത്യു, പിതാവിൻെറ മരണാനന്തരം സഹോദരൻ കെ. എം. ചെറിയാനോടൊപ്പം പത്രത്തിൻെറ ഉത്തരവാദിത്തം ഏറ്റെടുക്കാൻ തയ്യാറായത് ജേർണലിസം ഇഷ്ടപ്പെട്ട ജോലിയായി അംഗീകരിച്ചുകൊണ്ടാണ്. 1954-ൽ കെ. എം. ചെറിയാൻ ചീഫ് എഡിറ്ററായപ്പോൾ ജനറൽ മാനേജർ പദവി സ്വീകരിച്ചാണ് അദ്ദേഹത്തിൻെറ സഹായത്തിന് മാത്യു എത്തിയത്. ബോംബെയിൽ റബ്ബർ വ്യാപാരം നടത്തിവരികയായിരുന്നു അദ്ദേഹം. തൻെറ പിതാവിന് മനോരമ പ്രസിദ്ധീകരണ പ്രവർത്തനങ്ങളിൽ നേരിടേണ്ടതായി വന്ന തിക്താനുഭവങ്ങൾ യുവാവായ മാത്യുവിൻെറ ജേർണലിസത്തെക്കുറിച്ചുള്ള ദർശനത്തിനും പ്രവർത്തനത്തിനും മാറ്റുകൂട്ടുവാൻ സഹായിച്ചു. മാത്യുവിൻെറ സ്കൂൾ വിദ്യാഭ്യാസം കോട്ടയത്തുള്ള എം. ഡി. സെമിനാരിയിലും കലാലയ ജീവിതം മദ്രാസ് ക്രിസ്ത്യൻ കോളജിലുമായിരുന്നു. ധനശാസ്ത്രത്തിലാണ് അദ്ദേഹം ബിരുദമെടുത്തത്. ഒരു പ്ലാൻറർ കൂടിയായിരുന്ന കെ. എം. മാത്യു വിദ്യാഭ്യാസാനന്തരം ബോംബെയിൽ നല്ല നിലയിൽ റബർ വ്യാപാരം നടത്തിപ്പോരുകയായിരുന്നു. അതു വേണ്ടെന്നുവച്ചാണ് മനോ

രമയിൽ ജനറൽ മാനേജരായി അദ്ദേഹം എത്തിയത്. അക്കാലത്ത് പത്രത്തിന്റെ സർക്കുലേഷൻ മുപ്പതിനായിരം പ്രതിയായിരുന്നു. കെ. എം. ചെറിയാൻ 1973-ൽ വിടപറയുമ്പോൾ ഇതു മൂന്നുലക്ഷത്തിൽ കൂടുതലായി ഉയർന്നിരുന്നു. കോഴിക്കോട് നിന്ന് 1966-ൽ പുതിയ ഒരു എഡിഷൻ കെ. എം. ചെറിയാൻ ആരംഭിക്കുകയും ചെയ്തിരുന്നുവല്ലോ. 1973-ൽ കെ. എം. ചെറിയാന്റെ മരണശേഷം കെ. എം. മാത്യു മുഖ്യ പത്രാധിപസ്ഥാനം ഏറ്റെടുത്തു.

അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പരിശീലനം ലഭിച്ച പക്വമതികളായ പ്രവർത്തകർ പത്രത്തിന്റെ വളർച്ച ത്വരിതമാക്കി. കൊച്ചി എഡിഷൻ പുറത്തുവന്നത് 1979 ജനുവരി 15-നാണ്. 1987 ഫെബ്രുവരിയിൽ തിരുവനന്തപുരത്തുനിന്ന് ആരംഭിച്ച മനോരമ യൂണിറ്റിലാണ് ഇന്ത്യയിൽ ഫാക്സിമിലി അച്ചടിയിൽ പ്രസിദ്ധീകൃതമായ ആദ്യത്തെ ഭാഷാ ദിനപത്രം. മലബാറിലെ രണ്ടാമത്തെ എഡിഷൻ പാലക്കാട്ടുനിന്ന് 1992 ഏപ്രിൽ 22-നാണ് പ്രകാശിതമായത്. പാലക്കാട് അച്ചടി യൂണിറ്റുള്ള ഏക ദിനപത്രമാണ് 'മലയാള മനോരമ' എന്നതും പ്രസ്താവ്യമാണ്. മലബാറിലെ മൂന്നാമത്തെ യൂണിറ്റ് കണ്ണൂരിലാണ് സ്ഥാപിച്ചത്. 1994 ഡിസംബറിൽ അവിടെനിന്ന് 'മനോരമ' പ്രസിദ്ധീകരണം തുടങ്ങി. അധികം താമസിയാതെ 1995 ഏപ്രിൽ മാസത്തിൽ കൊല്ലം എഡിഷനും പ്രവർത്തനനിരതമായി. 1998 മെയ് മാസത്തിൽ തൃശൂർ എഡിഷനും വന്നതോടെ മലയാള മനോരമ ഇന്ന് എട്ട് കേന്ദ്രങ്ങളിൽനിന്നു പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. കെ. എം. മാത്യു മുഖ്യപത്രാധിപരായി സ്ഥാനം ഏൽക്കുമ്പോൾ മൂന്നുലക്ഷമായിരുന്നു മനോരമയുടെ വരിക്കാർ. ഇന്ന് മനോരമയുടെ 12 ലക്ഷത്തോളം കോപ്പികൾ പ്രചാരത്തിലുണ്ട്. മനോരമയുടെ ഒരു കോപ്പി എട്ട് പത്ത് ആളുകളെങ്കിലും വായിക്കുമെന്നാണ് കണക്ക് മനോരമയ്ക്ക് 92 ലക്ഷത്തിലേറെ വായനക്കാരുണ്ടെന്നാണ് 1999ലെ ദേശീയ റീഡർഷിപ്പ് സർവ്വേ റിപ്പോർട്ടു വ്യക്തമാക്കുന്നത്. മനോരമ ആഴ്ചപ്പതിപ്പിന്റെ സർക്കുലേഷനാകട്ടെ 11 ലക്ഷത്തിലേറെയാണ്.

പത്രത്തിന്റെ വളർച്ചയിൽ മറ്റൊരു നാഴികക്കല്ലാണു ഇംഗ്ലീഷിൽ ആരംഭിച്ച 'ദി വീക്ക്' എന്ന വാരിക പ്രസിദ്ധീകരണം. കേരളത്തിലെ ചെറുതും വലുതുമായ പത്രങ്ങളിൽ മലയാള മനോരമ മാത്രമാണ് ഇംഗ്ലീഷിൽ ഒരാഴ്ചപ്പതിപ്പ് തുടങ്ങാൻ ധൈര്യപ്പെട്ടത്. മുഖ്യ പത്രാധിപർ കെ. എം. മാത്യു ഇക്കാര്യത്തിൽ നൽകിയ നേതൃത്വവും കാണിച്ച ധൈര്യവും അങ്ങേയറ്റം പ്രശംസനീയമാണ്. 1982-ൽ 'ദി വീക്ക്' എന്ന പേരിൽ ഇറങ്ങിയ ഇംഗ്ലീഷ് വാരികയ്ക്കു ഇന്നു രണ്ടു ലക്ഷത്തോളം കോപ്പികൾ ചെലവുണ്ട്. മനോരമയുടെ എം. എം. പബ്ലിഷിംഗ് കമ്പനി പുറത്തിറക്കുന്ന പ്രസിദ്ധീ

കരണങ്ങൾ വളരെയുണ്ട്. ഇവയെല്ലാംതന്നെ വളരെ പ്രചാരവും പ്രസിദ്ധിയും ഉള്ളവയാണ്. മിസ്സിസ് കെ. എം. മാത്യു മുഖ്യ പത്രാധിപയായി ഇറക്കുന്ന 'വനിത' ദ്വൈവാരിക സ്ത്രീകൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന മറ്റ് മാസികകളേക്കാൾ വളരെ മുമ്പിൽ നിൽക്കുന്ന ഒന്നാകുന്നു. വനിത ഹിന്ദിയിലും ഇപ്പോൾ പ്രസിദ്ധീകരിക്കുന്നു. അതുപോലെ 'ബാലരമ', 'അമർചിത്രകഥ', 'കളിക്കുടുക്ക', 'ബാലരമ ഡൈജസ്റ്റ്', 'മാജിക് പോട്ട്' (ഇംഗ്ലീഷ്) എന്നിവ കുട്ടികളുടെ പ്രായവ്യത്യാസമനുസരിച്ചു പ്രയോജനപ്പെടുത്താനുപകരിക്കുന്ന വിധമാണു സംവിധാനം ചെയ്തിരിക്കുന്നത്. കൃഷിക്കാരുടെ പ്രശ്നങ്ങളും പരിഹാരങ്ങളും നിർദ്ദേശിക്കുന്ന 'കർഷകശ്രീ' ലളിതമായ ഭാഷയിൽ കർഷകരെ ഉദ്ദേശിച്ചും കൃഷിയുടെ പ്രോത്സാഹനാർത്ഥവും പ്രസിദ്ധീകരിക്കുന്ന മാസികയാണ്. അതുപോലെ, വിദ്യാർത്ഥികൾക്കും വിദ്യാസമ്പന്നരായ തൊഴിൽരഹിതർക്കും ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള 'വിജയ വീഥി', ' തൊഴിൽ വീഥി' എന്നീ പ്രസിദ്ധീകരണങ്ങളും മറ്റും വിവിധ തുറകളിൽ വ്യാപൃതരായിരിക്കുന്ന മലയാളികൾക്കു വലിയ അനുഗ്രഹമായി വർത്തിക്കുന്നവയാകുന്നു. ഇതിനെല്ലാമുപരിയായി കെ. എം. മാത്യു പുനരാരംഭിച്ച 'ഭാഷാപോഷിണി' മാസിക വായന ഗൗരവമായി എടുക്കുന്നവർക്കു പറ്റിയ രചനകളുമായി പുറത്തിറങ്ങുന്നു.

മനോരമ പ്രസിദ്ധീകരണങ്ങളുടെ കൂട്ടത്തിൽ എടുത്തു പറയത്തക്കവയാണ്, വർഷം തോറും ഇറക്കുന്ന മനോരമ വാർഷിക പതിപ്പും ഒരു റഫറൻസ് ഗ്രന്ഥമെന്ന നിലയിൽ വ്യാപകമായി ഉപയോഗിച്ചു വരുന്ന 'മനോരമ ഇയർ ബുക്കും'. മലയാളത്തിൽ മാത്രമായി ആരംഭിച്ച ഇയർ ബുക്ക് ഇന്നു ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, ബംഗാളി എന്നീ ഭാഷകളിലും പ്രസിദ്ധീകരിച്ചു പോരുന്നു. ഇലക്ട്രോണിക് രംഗത്തേക്കും മലയാള മനോരമയെ കെ. എം. മാത്യു കൊണ്ടെത്തിച്ചിട്ടുണ്ട്. മനോരമ വിഷനും മനോരമ മ്യൂസിക്കും ഇയർ ബുക്കിൻെറ സി. ഡി. റോമും ഈ ദിശയിലുള്ള കാൽവെയ്പുകളാണ്.

കെ. എം. മാത്യു മുഖ്യ പത്രാധിപരായശേഷം പ്രാവർത്തികമാക്കിയിട്ടുള്ള നിരവധി പദ്ധതികളിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനമാണു പുസ്തക പ്രസിദ്ധീകരണങ്ങളുടേത്. മനോരമയുടേയും അതിൻെറ പത്രാധിപന്മാരുടേയും ജീവ ചരിത്രങ്ങളും ആത്മകഥകളും പുറത്തു കൊണ്ടുവന്നതു കേരളത്തിൻെറ രാഷ്ട്രീയ സാമൂഹ്യ പരിണാമ വിശേഷങ്ങളെ കുറിച്ച് അറിയാൻ ശ്രമിക്കുന്നവർക്കു വിലപ്പെട്ട ഉപാദാനങ്ങളായി വർത്തിക്കുന്നുണ്ട്. താഴെ എഴുതുന്നവ ശ്രദ്ധാർഹങ്ങളായ ഗ്രന്ഥങ്ങളാകുന്നു.

1. മൂർക്കോത്തു കുഞ്ഞപ്പ, മലയാള മനോരമ സംസ്കാര തരംഗിണി, ആദ്യ പതിപ്പ് 1973, രണ്ടാം പതിപ്പ് 1982.
2. മാമ്മൻ മാപ്പിള ഒരു പഠനം, 1-ാം പതിപ്പ് 1973, രണ്ടാം പതിപ്പ് 1988.
3. കണ്ടത്തിൽ കുടുംബ ചരിത്രം, ഒന്നാം പതിപ്പ് 1974, രണ്ടാം പതിപ്പ് 1989.
4. കെ. എം. ചെറിയാൻ സ്മരണിക, ഒന്നാം പതിപ്പ് 1978, രണ്ടാം പതിപ്പ് 1988.
5. പ്രൊഫ. കെ. എം. തരകൻ, അഖില കേരള ബാലജന സഖ്യം. 1982.
6. കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള ഒരു പഠനം. 1988
7. കെ. സി. മാമ്മൻ മാപ്പിളയുടെ തെരഞ്ഞെടുത്ത ലേഖനങ്ങൾ. 1988.
8. മൂർക്കോത്ത് കുഞ്ഞപ്പ, സംസ്കാര നവോത്ഥാനം. 1988.
9. മാമ്മൻ മാപ്പിള ജീവിത സ്മരണകൾ. 1988.
10. വറുഗീസ് മാപ്പിളയുടെ മുഖപ്രസംഗങ്ങൾ 1992.
11. Lest we forget 50th Anniversary of Martyrdom of Abdul Khadar and his Companions 1993.
12. Restoration of Thayyil Tharavad. 1997.
13. One bright morning in 1888 .1996
14. കെ. സി. മാമ്മൻ മാപ്പിള ഹാൾ, നഗരത്തിന്റെ സ്നേഹ സ്മാരകം. 1997.
15. E. M. S. : Portrait of a long march
16. ആരുടെ കൈ?

തന്റെ നവീന ആശയങ്ങൾ പ്രാവർത്തികമാക്കുവാൻ സമർത്ഥരായവരെ കണ്ടെത്തുവാനുള്ള അദ്ദേഹത്തിന്റെ കഴിവ് പ്രശംസാർഹമാണ്. തന്റെ കുടുംബാംഗങ്ങൾ ഉൾപ്പെടെ മനോരമയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കൊക്കെയും നിഷ്കൃഷ്ടമായ പരിശീലനം നൽകുന്നതിലും മനോരമയിലെ ഗുണനിലവാരത്തിന്റെ കാര്യത്തിലും അദ്ദേഹം എന്നും അതീവ ശ്രദ്ധാലുവാണ്. വളരെ പ്രശസ്തരായ കൺസൾട്ടൻറുമാരുടെ സേവനം അദ്ദേഹം ഉപയോഗപ്പെടുത്താറുണ്ട്. പത്ര പ്രസിദ്ധീകരണത്തിന്റെ ഓരോ വശവും വിദഗ്ധാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പുനർഘടനയ്ക്കു വിധേയമാക്കുകയും ചെയ്യുന്നു. അദ്ദേഹം തന്നെ ഇന്ത്യയിലെ പല പത്രങ്ങളുടെയും കൺസൾട്ടൻറായി സേവനമനുഷ്ഠിച്ചിട്ടുള്ളതു കൊണ്ട് മറ്റു സ്ഥാപനങ്ങളിൽ നിന്നും സ്വീകരിക്കാവുന്ന നല്ല കാര്യങ്ങൾ മനോരമയുടെ പ്രവർത്തനം സുഗമമാക്കുന്നതിൽ പ്രയോജനപ്പെടുത്താൻ അദ്ദേഹം മടിക്കാറില്ല. ചെറിയ പത്രങ്ങളുടെ 'സിംപിൾ അക്കൗണ്ടിംഗിനെപ്പറ്റി അദ്ദേഹം ഇന്ത്യയിലുടനീളം ശില്പശാലകളിലെടുത്ത ക്ലാസ്സുകൾ പത്രലോകത്തിന് അനുഗ്രഹമായി. പ്രൊഫഷണലിസത്തിന്റെ കാര്യത്തിൽ ഇന്ത്യൻ പത്ര ലോകം അദ്ദേഹത്തെ ഒരു തലമൂത്ത കാരണവരായി ആദരിക്കുന്നു.

കെ. എം. മാത്യു വിവിധ പ്രൊഫഷണൽ ഓർഗനൈസേഷനുകളുടെ സാരഥ്യം വഹിച്ചിട്ടുണ്ട്. പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ ചെയർമാൻ, ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റിയുടെ പ്രസിഡൻറ്, പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ സ്ഥാപക ട്രസ്റ്റിയും അദ്ധ്യക്ഷനും, ഓഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷൻെറ ചെയർമാൻ എന്നീ പദവികളൊക്കെ അലങ്കരിച്ചിട്ടുണ്ട്. സെൻട്രൽ പ്രസ് അഡ്വൈസറി കമ്മിറ്റി അംഗമായും രണ്ടു പ്രാവശ്യം പ്രസ് കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗമായും സെക്കൻറ് വേജ് ബോർഡ് ഫോർ ജേർണലിസ്റ്റ് ആൻറ് നോൺ ജേർണലിസ്റ്റിലെ അംഗമായും ഫ്രാൻസിലെ 'ഫെഡറേഷൻ ഓഫ് ഇൻറർനാഷണൽ ന്യൂസ് പേപ്പർ പബ്ലിഷേഴ്സ് ആൻറ് എഡിറ്റേഴ്സ്' എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ദേശീയവും രാജ്യാന്തരവുമായ പത്രവേദികളിൽ നിന്നും ലഭിച്ച അനുഭവസമ്പത്തു മനോരമയ്ക്കു വളരെ അനുഗ്രഹമായിത്തീർന്നിട്ടുണ്ട്. വിനയാന്വിതനും പക്വമതിയുമായ കെ. എം. മാത്യു പല ദേശീയ അവാർഡുകൾക്കും അർഹനായ മഹാനാണ്. 1991-ൽ ഫൗണ്ടേഷൻ ഫോർ ഫ്രീഡം ഓഫ് ഇൻഫർമേഷൻ അവാർഡ് അന്നത്തെ ഇന്ത്യൻ പ്രസിഡൻറ് ശങ്കർ ദയാൽ ശർമ്മയിൽ നിന്ന് അദ്ദേഹം ഏറ്റു വാങ്ങി. വളരെ പ്രാധാന്യമുള്ള മറ്റൊരു ദേശീയ പുരസ്കാരമാണു ബി. ഡി. ഗോയങ്കാ അവാർഡ്. 1997-ൽ അതു അദ്ദേഹത്തെ തേടി എത്തിയിരുന്നു. 1998-ൽ രാഷ്ട്രം പത്മഭൂഷൺ ബഹുമതി നൽകി അദ്ദേഹത്തെ ആദരിച്ചു. ഈ പുരസ്കാരങ്ങൾ എല്ലാം തന്നെ സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുവാൻ മനോരമയെ കൂടുതൽ സജ്ജീകരിക്കുന്നതിനു അദ്ദേഹത്തിനു സഹായകമായി നില്ക്കുന്നുണ്ട്.

മനോരമയുടെ നിലപാട് പത്രാധിപർ കെ.എം. മാത്യു 1997ൽ വ്യക്തമാക്കിയതിങ്ങനെയാണ്. "രാഷ്ട്രീയപാർട്ടികളോട് പൊതുവേ അന്ധമായ അനുരാഗമോ വിരക്തിയോ ഞങ്ങൾക്കില്ല. അക്രമരഹിതവും അഴിമതി വിമുക്തവുമായ മാർഗ്ഗങ്ങളിലൂടെ രാഷ്ട്ര നന്മക്കുവേണ്ടി യത്നിക്കുന്ന പാർട്ടികളെ പിന്താങ്ങുകയാണ് ഞങ്ങളുടെ രീതി. ഒരിക്കലും ഒരു കക്ഷിയുടെ ഔദ്യോഗിക ജിഹ്വയായി മനോരമ മാറാറുമില്ല........ രാഷ്ട്രീയമോ വർഗ്ഗീയമോ ആയ പക്ഷപാതിത്വമില്ലാത്ത ഒരു പ്രൊഫഷണൽ ടീമിനെ വളർത്തിയെടുക്കാൻ കഴിഞ്ഞതു കൊണ്ടാണ് മനോരമയ്ക്ക് ഈമട്ടിലൊരു സന്തുലിത നിലപാട് കൈക്കൊള്ളാൻ സാധിക്കുന്നത്."[8]

അധികാര വികേന്ദ്രീകരണം വളരെ ഫലവത്തായി നടപ്പാക്കുവാൻ അദ്ദേഹത്തിൻെറ നായകത്വം സഹായിക്കുന്നു. ഏതെങ്കിലും ജോലി ആരെയെങ്കിലും ഏൽപിച്ചാൽ അവരെ പരിപൂർണ്ണമായും വിശ്വസിക്കുക എന്നുള്ളതാണ് അദ്ദേഹത്തിൻെറ മാതൃക. തന്നെയേൽപിച്ച ജോലി തന്മൂലം

അങ്ങേയറ്റം ആത്മാർത്ഥതയോടെ നിറവേറ്റുവാൻ ആ ജീവനക്കാരൻ സ്വയം ബാദ്ധ്യസ്ഥനാകുന്നു. മുഖ്യപത്രാധിപർക്കുള്ള വിശ്വാസം നഷ്ടപ്പെടുത്താൻ ആരും തുനിയുന്ന പ്രശ്നമേയില്ല. കെ. എം. മാത്യുവിൻെറ കുടുംബാംഗങ്ങളിൽ പലരും മനോരമയുടെ പദവികളിലുണ്ട്. മനോരമയുടെ കോട്ടയത്തെ പ്രസാധകനും പ്രിൻററുമായ മാമ്മൻ വർഗ്ഗീസ് കെ. എം. മാത്യുവിൻെറ സഹോദരപുത്രനാണ്. വളരെക്കാലം മനോരമയുടെ മാനേജരായിരുന്നു അദ്ദേഹം. 'ബാലരമ'യും 'വനിത'യും തുടങ്ങിയതിൻെറ പിന്നിലും മാമ്മൻ വർഗ്ഗീസ് പ്രവർത്തിച്ചിട്ടുണ്ട്. കെ. എം. മാത്യുവിൻെറ മൂത്ത മകൻ മാമ്മൻ മാത്യു മനോരമയുടെ എഡിറ്ററും മാനേജിംഗ് ഡയറക്ടറുമാകുന്നു. അദ്ദേഹത്തിൻെറ സഹോദരന്മാരായ ഫിലിപ്പ് മാത്യു മാനേജിംഗ് എഡിറ്ററും ജേക്കബ് മാത്യു എക്സിക്യൂട്ടീവ് എഡിറ്ററുമാകുന്നു. കെ. എം. ചെറിയാൻെറ ചെറുമകനായ ജോർജ് ജേക്കബ് മനോരമയുടെ ഡയറക്ടറാണ്. ഒറ്റ നോട്ടത്തിൽ ഇതൊരു കുടുംബ വാഴ്ചയാണെന്നു തോന്നാവുന്നതാണ്. എന്നാൽ ഇവരോരുത്തരും ജേർണലിസത്തിൻെറ സൈദ്ധാന്തികവും സാങ്കേതികവുമായ വിജ്ഞാനം സമ്പാദിച്ചവരും പ്രായോഗിക പരിശീലനം നേടിയവരുമാണ്. അവരവരുടെ മേഖലകളിൽ കാര്യങ്ങൾ സമർത്ഥമായി നടത്തിക്കൊണ്ടു പോകുവാൻ മറ്റാരേക്കാൾ കഴിവുള്ളവരാണു ഈ കുടുംബാംഗങ്ങൾ. കഴിവും സാമർത്ഥ്യവുമാണു മറ്റെന്തിനേക്കാൾ മലയാള മനോരമ വിലമതിക്കുന്നത്. വാസനാ ചാതുരിക്കും നൈപുണ്യത്തിനും പ്രഥമ സ്ഥാനം നൽകുന്നതുകൊണ്ട് മനോരമ ജീവനക്കാർ എല്ലാവരും തന്നെ ഒന്നാംകിടക്കാരാണ്. പത്രത്തിൻെറ അസൂയാർഹമായ വളർച്ചയ്ക്കും നിദാനം മറ്റൊന്നല്ല.

കെ. എം. മാത്യുവിൻെറ നേതൃത്വത്തിൽ സംഘടിക്കപ്പെട്ടിട്ടുള്ള എത്രയോ സമ്മേളനങ്ങളും ആഘോഷപരിപാടികളും എന്നും ഓർമ്മിക്കത്തക്കവയായുണ്ട്. അക്കൂട്ടത്തിൽ 1982-ൽ ബാലജനസഖ്യത്തിൻെറ സുവർണ്ണ ജൂബിലി അന്നത്തെ പ്രസിഡൻറ് സഞ്ജീവ റെഡ്ഡി മനോരമയുടെ കൊച്ചി ആസ്ഥാനത്തു ഉദ്ഘാടനം ചെയ്തിരുന്നു. ആ ഡിസംബറിൽ തന്നെയാണു ഇംഗ്ലീഷ് വാരികയായ 'ദി വീക്ക്' പ്രസിദ്ധീകരണം ആരഭിച്ചതും. പ്രസിഡൻറ് ഗ്യാനിസെയിൽസിംഗ് 1986-ൽ മനോരമയുടെ കോട്ടയം ഓഫീസിൽ നടന്ന ചടങ്ങിൽ ഫാക്സിമിലി സമ്പ്രദായം ഉദ്ഘാടനം ചെയ്തിരുന്നു. അതുപോലെ ശതാബ്ദി ആഘോഷത്തിനു സംബന്ധിക്കുവാൻ കോട്ടയത്ത് എത്തിയതു പ്രസിഡൻറ് ആർ. വെങ്കിട്ടരാമൻ ആയിരുന്നു. പോസ്റ്റൽ ഡിപ്പാർട്ടുമെൻറ് ഇറക്കിയ മനോരമ സ്ഥാപക സ്റ്റാമ്പിൻെറ പ്രകാശനം അദ്ദേഹം നിർവഹിച്ചു. മനോരമ ശതാബ്ദി ഭവന നിർമ്മാണ പദ്ധതിയുടെ തുടക്കവും പ്രസിഡൻറ് തന്നെയാണു നിർവ്വഹിച്ചത്. ഒരുവർഷം നീണ്ടുനിന്ന മനോരമ ശതാബ്ദി ആഘോഷങ്ങളു

ടെ സമാപ്തി 1989 മാർച്ച് 18-ന് ഡൽഹിയിലാണു നടന്നത്. അന്നത്തെ പ്രധാനമന്ത്രി രാജീവ് ഗാന്ധിയായിരുന്നു മുഖ്യ അതിഥി.

കോട്ടയത്തെ ടൗൺഹാളായ മാമ്മൻ മാപ്പിളഹാളിനുവന്ന രൂപപരിണാമത്തിനും ഇതു കാരണമായി. മാമ്മൻ മാപ്പിള മരിച്ചു രണ്ടു കൊല്ലം കഴിഞ്ഞപ്പോഴേക്കും കോട്ടയം നഗരത്തിൽ അദ്ദേഹത്തിൻെറ സ്മാരകമായി പ്രൗഢ ഗാംഭീര്യത്തോടെ മാമ്മൻ മാപ്പിള ഹാൾ ഉദ്ഘാടനം ചെയ്യപ്പെട്ടിരുന്നു. ഇത് 1957-ലാണ്. മദ്രാസ് ഗവർണ്ണറായിരുന്ന എ. ജെ. ജോണാണ്, ഈ പുണ്യകർമ്മം നിർവ്വഹിച്ചത്. കേരളത്തെ ആകമാനം കണ്ണീരാലാഴ്ത്തിക്കൊണ്ടു മാമ്മൻ മാപ്പിള വിട പറഞ്ഞ രണ്ടാഴ്ചയ്ക്കുശേഷം 1954 ജനുവരി 19-ന് കെ. പി. കേശവമേനോൻെറ അദ്ധ്യക്ഷതയിൽ കൂടിയ അനുശോചന യോഗത്തിലാണു മാമ്മൻ മാപ്പിളയ്ക്കു അനുയോജ്യമായ ഒരു സ്മാരകം നിർമ്മിക്കണമെന്ന ആവശ്യം ശക്തമായി ഉയർന്നത്. വികസനം പ്രാപിച്ചുകൊണ്ടിരിക്കുന്ന കോട്ടയം നഗരത്തിനു ഒരു ടൗൺഹാളിൻെറ കുറവാണു ഉള്ളതെന്ന കാര്യത്തിൽ എല്ലാവരും ഏകാഭിപ്രായക്കാരായിരുന്നു. അങ്ങനെയാണു മാമ്മൻ മാപ്പിള ഹാൾ എന്ന ആശയം ജന്മം കൊണ്ടത്. 1955 മെയ് 23-ന് അന്നത്തെ കേന്ദ്ര വാണിജ്യമന്ത്രിയായിരുന്ന ടി. ടി. കൃഷ്ണമാചാരി ഹാളിൻെറ ശിലാസ്ഥാപനം നിർവ്വഹിച്ചു. 'മലയാള മനോരമ'യുടേയും കോട്ടയം നഗരസഭയുടേയും സഹകരണത്തോടെ ആ സ്മാരകം ഉയർന്നു. ഹാളിനു വേണ്ട തടി സർക്കാർ സംഭാവന നൽകി. പൊതുജനങ്ങളിൽനിന്ന് സംഭാവനകൾ ഒഴുകിയെത്തി. ചെലവിൻെറ ഗണ്യമായ പങ്കു മനോരമയാണു വഹിച്ചത്. നിർമ്മാണച്ചുമതലയും 'മനോരമ' ഏറ്റെടുത്തു. അതുകൊണ്ടൊക്കെ 1957 മെയ് 27-ന് മാമ്മൻ മാപ്പിള ഹാൾ ഉദ്ഘാടനം ചെയ്യുവാൻ സാധിച്ചു. മാമ്മൻ മാപ്പിളയുടെ ഉറ്റതോഴനായിരുന്ന അന്നത്തെ മദ്രാസ് ഗവർണ്ണർ എ. ജെ. ജോണാണ് ഹാളിൻെറ കൈമാറ്റ പത്രവും താക്കോലും അന്നത്തെ മുനിസിപ്പൽ ചെയർമാൻ എൻ. രാഘവക്കുറുപ്പിനെ ഏൽപിച്ചത്. അന്ന് നിർമ്മാണച്ചെലവു ഒരു ലക്ഷം രൂപയായിരുന്നു.

മൂന്നു നാലു ദശാബ്ദങ്ങൾ പിന്നിട്ടതോടുകൂടി കോട്ടയം നഗരം വികാസം കൊണ്ടു. അതോടെ മാമ്മൻ മാപ്പിള ഹാൾ വലുതാക്കി പുതുക്കി പണിയണമെന്ന ആവശ്യം പൊന്തിവന്നു. ചരിത്രപരമായ ഒരു കടമയെന്നോണം മാമ്മൻ മാപ്പിള ഹാൾ പുനർനിർമ്മാണത്തിനു മുൻ കൈ എടുത്തതു 'മലയാള മനോരമ' തന്നെയായിരുന്നു. മൂന്നുകോടി രൂപ ചെലവു വരുന്ന പദ്ധതിയുടെ സിംഹഭാഗവും മാമ്മൻ മാപ്പിളയുടെ മക്കൾ വഹിക്കുമെന്ന് കെ. എം. മാത്യു പറഞ്ഞു. നിർമ്മാണത്തിൻെറ മേൽ നോട്ടവും ചുമതലയും നിർവ്വഹിക്കാൻ മനോരമ തയ്യാറാണെന്നും അദ്ദേഹം

അറിയിച്ചു 1994 നവംബർ 8-ന് കൂടിയ നഗരസഭാ കമ്മിറ്റി ഈ പദ്ധതിക്കു അംഗീകാരം നൽകി. നഗരസഭ 75 ലക്ഷം രൂപ സംഭാവന നൽകുവാനും തീരുമാനിച്ചു. 1995 മെയ് 5-ന് സ്ഥലം ഔദ്യോഗികമായി മനോരമയ്ക്കു കൈമാറ്റം ചെയ്യപ്പെട്ടു. ചീഫ് എഡിറ്റർ കെ. എം.മാത്യു, ചെയർമാനായി മുൻസിപ്പാലിറ്റി ഒരു നിർമ്മാണസമിതി രൂപീകരിക്കുകയും ചെയ്തു. പിന്നെ അതിശീഘ്രതരമായിട്ടാണു പണി നീങ്ങിയത്. രണ്ടു വർഷം കൊണ്ടു ബൃഹത്തായ ഈ സ്മാരക മന്ദിരം നിർമ്മിക്കുവാൻ സാധിച്ചതു ഒരു റെക്കോർഡാണ്. പാരമ്പര്യവും ആധുനികതയും ഒരുപോലെ മേളിക്കുന്ന വാസ്തുവിദ്യയാണു പുതിയ ഹാളിനു ഗാംഭീര്യം നൽകുന്നത്. ഹാളിൽ ആധുനിക സജ്ജീകരണങ്ങളുടെ ഒരു ഏകദേശരൂപം ചുവടെ ചേർക്കുന്നു. ഗ്രൗണ്ട് ഫ്ളോറിലെ വിശാലമായ കാർ പാർക്കിംഗ് സൗകര്യം. കാർ പാക്കിംഗ് ഇല്ലെങ്കിൽ ഇതു മറ്റാവശ്യങ്ങൾക്കുപയോഗിക്കാം. 1010 പേർക്കു ഇരിക്കാനുള്ള കുഷ്യൻ കസേരകൾ. എയർ കൂളിംഗ് സിസ്റ്റം. ആവശ്യത്തിനനുസൃതമായി വലിപ്പം ക്രമീകരിക്കാവുന്ന സ്റ്റേജ്. ഓട്ടോമാറ്റിക് കർട്ടൻ. സൗകര്യപ്രദമായ അടുക്കള. വികലാംഗർക്ക് പ്രത്യേക ടോയ്‌ലറ്റ് സൗകര്യം. ബാൽക്കണിക്ക് പിൻവശത്തുള്ള എക്സിബിഷൻ ഗാലറി ഹാൾ. എല്ലാ സൗകര്യങ്ങളുമുള്ള രണ്ടു ഗ്രീൻ റൂമുകൾ. ആധുനിക ലൈറ്റ് ആൻഡ് സൗണ്ട് സിസ്റ്റം. വെളിച്ചവും ശബ്ദവും കർട്ടനും ഒന്നിച്ചു നിയന്ത്രിക്കാൻ സൗകര്യമുള്ള കൺട്രോൾ പിറ്റ്. സുപ്രസിദ്ധ ശില്പികാനായി കുഞ്ഞിരാമൻ പണിതീർത്ത മാമ്മൻ മാപ്പിളയുടെ അർദ്ധകായ പ്രതിമ ഹാളിൻെറ ഗാംഭീര്യത്തിനു മാറ്റു കൂട്ടുന്നു.

മാമ്മൻ മാപ്പിള ഹാൾ ഇരിക്കുന്ന സ്ഥലത്തു പണ്ടു ഒരു മൃഗാശുപത്രിയായിരുന്നു. അവിടെ പെട്ടെന്നൊരു ദിവസം സചിവോത്തമ സർ സി. പി. രാമസ്വാമി അയ്യർ പാർക്ക് എന്ന ഒരു ബോർഡ് പ്രത്യക്ഷപ്പെട്ടു. സർ സി. പി. യ്ക്കു കോട്ടയത്തു ഒരു സ്മാരകം എന്നതു സ്വാതന്ത്ര്യ ബോധത്തിനേറ്റ വലിയ ഒരാഘാതമായിരുന്നു. സ്വേച്ഛാ ഭരണത്തോടു സന്ധിയില്ലാ സമരം നടത്തിയ മാമ്മൻ മാപ്പിളയുടെ ഓർമ്മയ്ക്കു പണിതീർത്ത മാമ്മൻ മാപ്പിള ഹാൾ ശരിക്കും നിർമ്മിക്കേണ്ട സ്ഥലത്തു തന്നെ നിർമ്മിച്ചു എന്നതു ചരിത്രം അറിയാവുന്നർക്കൊക്കെ ആവേശം നൽകുന്ന വസ്തുതയാണ്.

മാമ്മൻ മാപ്പിളയുടെ നാമധേയത്തിലുള്ള ഫുട്ബോൾ ടൂർണ്ണമെൻറ് കെ. എം. മാത്യു തൻെറ പിതാവിൻെറ സ്മരണയ്ക്കായി തുടങ്ങിയതാണ്. 6 വർഷം കേരള അത്‌ലറ്റിക് അസോസിയേഷൻെറ പ്രസിഡൻറ് കൂടിയായിരുന്നു കെ. എം. മാത്യു. നാലു വർഷത്തിലൊരിക്കൽ മാമ്മൻ മാപ്പി

ള സ്മാരക പ്രഭാഷണങ്ങൾ ഡൽഹിയിൽ സംഘടിപ്പിക്കാറുണ്ട്. വിശ്വ പ്രശസ്തരായ പണ്ഡിതന്മാരെ ക്ഷണിച്ചു വരുത്തി അവരുടെ പ്രബന്ധങ്ങൾ തയ്യാറാക്കി അവതരിപ്പിക്കാനുള്ള വേദിയാക്കി ഈ സന്ദർഭം ഉപയോഗിക്കുന്നു. ഇതുപോലെ കെ. എം. ചെറിയാൻ സ്മാരക ഭവനനിർമ്മാണ വായ്പാപദ്ധതിയാകട്ടെ തൻെറ സഹോദരൻ കെ. എം. ചെറിയാൻെറ ഓർമ്മ നിലനിർത്തുവാനായി ആവിഷ്കരിച്ചതാണ്. മനോരമ ജീവനക്കാർക്കു വീട് വയ്ക്കുവാൻ തുച്ഛമായ പലിശയ്ക്കു ദീർഘകാല വായ്പ നൽകുന്ന ഈ പദ്ധതിയിൽനിന്നും 500-ൽ പരം ഗുണഭോക്താക്കൾക്കു സൗകര്യം ലഭിച്ചിട്ടുണ്ട്.

അതുപോലെ ഒരു റൊമാൻറിക്കിൻെറ സുന്ദര സ്വപ്നസാക്ഷാത്ക്കാരമായിരുന്നു കണ്ടത്തിൽ കുടുംബത്തിൻെറ തായ്‌വേര് അന്വേഷിച്ച് പഴകി ദ്രവിച്ച് അന്യാധീനപ്പെട്ടു പോയ തയ്യിൽ കണ്ടത്തിൽ തറവാട് പുനഃസൃഷ്ടി നടത്തിയത്. മലയാള മനോരമ അച്ചടിശാലയോടനുബന്ധമായി ഈ പുരാതന തറവാടു പുനർ സൃഷ്ടിക്കുക എന്നതു മുഖ്യ പത്രാധിപർ കെ. എം. മാത്യുവിൻെറ ചിരകാലാഭിലാഷമായിരുന്നു. തയ്യിൽ കുടുംബത്തിനു രണ്ടായിരം വർഷത്തെ പഴക്കമുണ്ടെന്നാണു സങ്കൽപം. കേരള തീരത്തു സെൻറ് തോമസ് ആദ്യം മതപരിവർത്തനം നടത്തിയവരിൽപ്പെട്ടതാണത്രേ തയ്യിൽ കുടുംബവും. പൊളിഞ്ഞു തകർന്നതെങ്കിലും പത്തു മുന്നൂറു കൊല്ലത്തെ പഴക്കമുള്ള മരം കൊണ്ടു നിർമ്മിതമായ തറവാട് ഭവനം അതിൻെറ തനതു രൂപത്തിൽ പുനരാവിഷ്കരിക്കുക എന്നതു കുടുംബ പാരമ്പര്യത്തെ പുനർജ്ജീവിപ്പിക്കുവാൻ പര്യാപ്തമാകുമല്ലോ. കുറേ ഒടിഞ്ഞതും ഞെരിഞ്ഞതുമായ മരക്കഷണങ്ങളും പലകകളും കൊണ്ടു പൂർവ്വാവസ്ഥയിൽ ഇരുന്നതുപോലെ തറവാടു പുനഃപ്രതിഷ്ഠ ചെയ്യുക എന്നതായിരുന്നു കെ. എം. മാത്യുവിൻെറ ആഗ്രഹം.

കേരളത്തിൽ അനുകരിച്ചുപോന്നിരുന്ന തച്ചുശാസ്ത്രത്തെ ആധാരമാക്കിയാണു ഇതിൻെറ പുനർനിർമ്മിതി നടത്തിയിട്ടുള്ളത്. എന്നാൽ ഇതൊരു തുടക്കം മാത്രമാണെന്നും തങ്ങളുടെ പാരമ്പര്യവും പൈതൃകവും അനാവരണം ചെയ്യുവാനുതകുന്ന ഒരു പുരാരേഖാ സംഭരണി പുനർനിർമ്മിതമായ ഈ തയ്യിൽ തറവാടിനോടനുബന്ധമായി മലയാള മനോരമയക്കു വേണ്ടി സ്ഥാപിക്കണമെന്നാണു തൻെറ മനസ്സിലുള്ളതെന്നുമാണ് കെ. എം. മാത്യു എഴുതിയിട്ടുള്ളത്. ഇത്തരം ഒരു ഗവേഷണ കേന്ദ്രവും മ്യൂസിയവും ചരിത്രത്തിലും സാമൂഹ്യശാസ്ത്രത്തിലും രാഷ്ട്ര മീമാംസയിലും നരവംശ ശാസ്ത്രത്തിലും മറ്റും ഗവേഷണം ചെയ്യുന്നവർക്കു വളരെ പ്രയോജനപ്പെടും എന്ന കാര്യത്തിൽ സംശയമില്ല.

കേരളത്തിന്റെ സമഗ്രമായ വളർച്ചയാണു മനോരമ എന്നും ലക്ഷ്യമാക്കിയിട്ടുള്ളത്. കേരളത്തിന്റെ ഭാവി വികസനത്തിനു വേണ്ടി തയ്യാറാക്കിയ പത്തു പദ്ധതികളുടെ പ്രാരംഭമായി ടെക്നോക്രാറ്റ്സ്, ബ്യൂറോക്രാറ്റ്സ്, വ്യവസായികൾ, മാനേജ്മെൻറ് വിദഗ്ധർ എന്നിവരടങ്ങുന്ന ഇരുപതു സമുന്നത വ്യക്തികളിൽനിന്നും മനോരമ നിർദ്ദേശങ്ങൾ ക്ഷണിച്ചു. അവർ തയ്യാറാക്കിയ 156 പദ്ധതികളിൽ നിന്നു സർക്കാരിന്റെ മുൻഗണന ലഭിക്കത്തക്ക ഇരുപതെണ്ണം തെരഞ്ഞെടുത്തു. ഇവ 'മനോരമ' വായനക്കാരുടെ മുമ്പിൽ സമർപ്പിക്കുകയും അവർ അവയിൽനിന്നും പ്രാധാന്യക്രമത്തിൽ പത്തെണ്ണം നിർദ്ദേശിക്കുകയും ചെയ്തശേഷം തയ്യാറാക്കിയ റിപ്പോർട്ടാണു ഗവൺമെൻറിനു സമർപ്പിച്ചത്. അവയിൽ മിക്കതും ഇപ്പോൾ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇതോടനുബന്ധിച്ച് മനോരമ നഗരങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്തു. പൊതുപ്രശ്നങ്ങൾ ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വന്നു അവരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കാൻ മനോരമ വേണ്ട സമയത്ത് അഭിപ്രായവോട്ടെടുപ്പ് നടത്താറുണ്ട്. പ്രകടനങ്ങളും ബന്ദുകളും നിയന്ത്രിക്കൽ, സ്കൂൾ തെരഞ്ഞെടുപ്പ് പരിഷ്കരണം, മന്ത്രിമാരുടെ സംഖ്യ, ട്രാഫിക് വികസനം, ദേശസാൽക്കരണ റൂട്ടുകളിൽ പ്രൈവറ്റ് ബസ് അനുവദിക്കൽ തുടങ്ങി ജനങ്ങളെ നേരിട്ടു ബാധിക്കുന്ന പ്രശ്നങ്ങളിലാണ് ഇതിനകം അഭിപ്രായവോട്ടെടുപ്പു നടത്തിയിട്ടുള്ളത്.

സംസ്ഥാന സ്പോർട്ട്സിൽ പങ്കെടുക്കുന്നവരിൽ കഴിവുള്ളവരെ വേർതിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മനോരമ ആവിഷ്കരിച്ച പദ്ധതിയാണ് 'Spot the sports talent scheme' (കായിക പ്രതിഭകളെ കണ്ടെത്തൽ പദ്ധതി), ഇതു് പ്രഖ്യാപിച്ചതിനെ തുടർന്നു കിട്ടിയ അപേക്ഷകരിൽ കഴിവുള്ള യുവാക്കളെ തെരഞ്ഞെടുത്തു ശാസ്ത്രീയ പരിശീലനം നൽകുകയും ചെയ്തു. നല്ല ഭക്ഷണവും ട്യൂഷൻ ഫീസും കൊടുത്തതിനു പുറമേ ഇവർക്കെല്ലാം 'സ്പോർട്ട്സ് കിറ്റ്' സമ്മാനിക്കുകയുമുണ്ടായി. മനോരമ നൽകിയ ഈ പ്രോത്സാഹനത്തിന്റെ ഫലമായി നമ്മുടെ കായിക താരങ്ങൾ ദേശീയവും രാജ്യാന്തരവുമായ മത്സരങ്ങളിൽ പല സമ്മാനങ്ങൾക്കും അർഹരായിട്ടുണ്ട്. 1988-ലെ ബാങ്കോക് ഏഷ്യാഡിനും മറ്റു രാജ്യാന്തരമത്സരങ്ങൾക്കുംവേണ്ടി ഇന്ത്യയുടെ കയാക്കിംഗ് ആൻഡ് കാനോയിംഗ് (ചിറ്റോടമത്സരങ്ങൾ) ടീമിനെ പരിശീലിപ്പിച്ച് സ്പോൺസർ ചെയ്യുവാൻ 1997-ൽ മനോരമ തീരുമാനിച്ചു. സമർത്ഥരായ കായിക താരങ്ങളെ കണ്ടുപിടിച്ചു വിദേശ കോച്ചിനെക്കൊണ്ടു പരിശീലനവും കൊടുത്തു തയ്യാറെടുപ്പിച്ചതിന്റെ ഫലമായി സൗത്ത് കൊറിയയിൽ സോളിൽ നടത്തിയ ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ ഇവർ സ്വർണ്ണ മെഡൽ നേടിയിരുന്നു. മനോരമ സ്പോൺസർ

ചെയ്ത മറ്റൊരു കായിക മത്സരമാണു 'ട്രാവൻകൂർ മാരത്തോൺ ഓട്ടം.' ഇന്ത്യയിലെ പ്രമുഖരായ എല്ലാ അത്‌ലറ്റുകളും ഇതിൽ പങ്കെടുത്തിരുന്നു. അതുപോലെ ക്രിക്കറ്റു മത്സരത്തിൽ കൊച്ചിയിലെ 'മാൻ ഓഫ് ദി മാച്ചി'ന് സ്വർണ്ണ ബാറ്റും ബോളും മനോരമ നൽകി. സന്തോഷ്ട്രോഫി നേടിയ കേരളടീമിലെ അംഗങ്ങൾക്ക് ക്യാഷ് അവർഡ് നൽയിട്ടുണ്ട്. ഇതോടൊപ്പം കൂട്ടി വായിക്കേണ്ട ഒന്നാണു ബധിരർക്കും മൂകർക്കുമായി മനോരമ സംഘടിപ്പിച്ച ഒരു ക്രിക്കറ്റു മത്സരം. മാമ്മൻ മാപ്പിള ഫുട്ബോൾ ടൂർണമെൻറിനെ പറ്റി നേരത്തെ പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ടല്ലോ.

മനോരമ വരിക്കാരിൽ അപകടമരണത്തിനിരയാകുന്നവരുടെ ബന്ധുക്കൾക്ക് ഒരു ലക്ഷം രൂപയുടെ സൗജന്യ ഇൻഷുറൻസ് ഏർപ്പെടുത്തി. മനോരമ ഏജൻറുമാരെ ഉദ്ദേശിച്ചും ഇത്തരം ഒരു പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കന്നു. മനോരമ നടപ്പാക്കിയ പുതിയ സംരംഭം മനോരമ ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും സൗജന്യനിരക്കിൽ ഹെപ്പറ്റൈറ്റിസ്-ബി കുത്തിവെയ്പ് നൽകുക എന്നതായിരുന്നു. സാമൂഹ്യ പ്രതിബദ്ധത എക്കാലവും മനോരമ പുലർത്തിപ്പോന്നിട്ടുണ്ട്. അതിൻെറ ഫലമായി സമൂഹത്തിൻെറ വിശ്വാസ്യതയും ആദരവും മനോരമയ്ക്കും അതിൻെറ അമരക്കാരനായ കെ. എം. മാത്യുവിനും വേണ്ടുവോളം കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. രണ്ടായിരാമാണ്ടിൽ എൺപത്തിമൂന്നാം വയസ്സിൽ അദ്ദേഹം 'ഇന്ത്യാ ടുഡേ'യോടു പറഞ്ഞ ഒരു വാചകത്തിൽ ഈ പുസ്തകം അവസാനിപ്പിക്കാം:

"ആഗ്രഹമുണ്ടായിരുന്നില്ല, ജീവിതത്തിൽ പോരാട്ടങ്ങളെ ഉണ്ടായിരുന്നുള്ളൂ."

കെ. എം. മാത്യുവിൻെറ കുടുംബം വളരെ വലുതാണ്. അതിൽ തൻെറ ഭാര്യ മിസ്സിസ് കെ. എം. മാത്യുവും മൂന്നു ആൺമക്കളും ഒരു മകളും ഒമ്പതു പേരക്കുട്ടികളും അടങ്ങുന്നു എങ്കിലും അതിലുമൊക്കെ എത്രയോ വലുതാണു കെ. എം. മാത്യുവിൻെറ സാങ്കല്പിക കുടുംബം. തൻെറ സഹപ്രവർത്തകരും പത്ര ഏജൻറുമാരും വായനക്കാരുമെല്ലാം ആ കുടുംബത്തിലെ അംഗങ്ങളാണ്. അവർക്കെല്ലാം ക്ഷേമ ഐശ്വര്യങ്ങൾ പ്രദാനം ചെയ്യുന്ന പദ്ധതികൾ അദ്ദേഹം നടപ്പിലാക്കി കൊണ്ടിരിക്കുന്നുമുണ്ട്. "മലയാള മനോരമ മനുഷ്യ ഗുണത്തിനുവേണ്ടിയുള്ള ഒരു പബ്ലിക് ട്രസ്റ്റായിരിക്കണം" എന്ന പിതാവിൻെറ അന്ത്യശാസനം സദാ ഓർമ്മിച്ചുകൊണ്ടു തന്നെ 'മാനുഷികതയോട് കൂടിയ പത്രപ്രവർത്തന'മാണു പത്മഭൂഷൺ കെ. എം. മാത്യുവിൻെറ മുഖമുദ്ര.

കെ. എം. മാത്യുവിൻെറ മേൽനോട്ടത്തിൽ, ഈ മഹാവൃക്ഷം ദൈവാനുഗ്രഹങ്ങളോടെ ഉയരങ്ങളിലേക്കു വളരുകയാണ്.

## SELECT BIBLIOGRAPHY - ENGLISH

1. A village called Malayala Manorama - 1995, Kottayam.
2. Chummar Choondal - The Missionaries and the Malayalam Journalism, Trissur 1995.
3. Dr. V. Haridasan - Management of Plantation, a Study of Rubber, Rubber Board Kottayam.
4. History of Malabar from A.D. 1498 to 1681; Basel Mission Press, Mangalapuram, 1868.
5. Krishna Moorthi Nardig, Journalism in India, Mysore, 1966.
6. Dr.K. K. Kusuman - Abstention Movement, Historical Research Society, Thiruvananthapuram 1976.
7. Lest we forget, 50th Aniversary of Martyrdm of Abdul Khadar and his comapnions, Kottayam.
8. Prof. P. K. K. Menon - History of Freedom Movement in Kerala, Volume II 1972. Thiruvananthapuram.
9. Natarajan J - Report of the Press Commission Part II and History of Indian Journalism, Delhi 1955.
10. Natarajan S - History of the Press in India, Newyork 1962.
11. National Archives of India, File no: 330, Secret, 1938.
12. National Archives of India File No: 739 P (S) 38, Political Department P Branch.
13. National Archives of India, File No: 22 and 29
14. National Archives of India, File No: C/36/38.
15. One bright morning in 1888, Malayala Manorama, 1995.
16. P. Rajagopalachari, Dewan's note on the suppression of Swadesabhimani 1912.
17. Dr. T.K. Ravindran - Asan and Social Revolution in Kerala, Historical Society, Thiruvananthapuram, 1972.
18. Restoration of Thayyil Tharavad - Malayala Manorama, Kottayam 1997.
19. TamilNad Archives, Madras Residancy Records, Political Proceedings, G. O. No: 321, 1889 May 9.
20. Travancore National and Quilon Bank Ltd. Report for the year ending, 31st December 1937. Kerala History Association, Kochi-11.

### മലയാളം

1. പ്രൊഫ എം. അച്യുതൻ, സ്വാതന്ത്ര്യസമരവും മലയാള സാഹിത്യവും, കറൻറ് ബുക്സ്, 1994.
2. ഉള്ളൂർ എസ്. പരമേശ്വര അയ്യർ, കേരള സാഹിത്യ ചരിത്രം, കേരള യൂണിവേഴ്സിറ്റി, തിരുവനന്തപുരം. വാല്യം 1 മുതൽ 5 വരെ 1970 മുതൽ, 75 വരെ.
3. കണ്ടത്തിൽ കുടുംബ ചരിത്രം - 1974 ഒന്നാം പതിപ്പ്, രണ്ടാം പതിപ്പ് 1989, മലയാള മനോരമ കോട്ടയം.
4. കണ്ടത്തിൽ വറുഗീസ് മാപ്പിള ഒരു പഠനം - വിദ്വാൻ എ. ഡി. ഹരിശർമ്മ, 1950. എറണാകുളം.

5. കണ്ടത്തിൽ വറുഗീസ് മാപ്പിള - പ്രൊഫ. എ. വി. പോൾസൺ, കേരള ഹിസ്റ്ററി അസോസിയേഷൻ, എറണാകുളം 1989.
6. കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ കൃതികൾ - എൻ. ബി. എസ്. കോട്ടയം. 1977.
7. കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ മുഖ പ്രസംഗങ്ങൾ, മലയാള മനോരമ കോട്ടയം 1972.
8. വി. കരുണാകരൻ നമ്പ്യാർ, സാമൂഹ്യ പരിവർത്തനങ്ങളും പത്രങ്ങളും, തൃശൂർ.
9. കോൺഗ്രസും കേരളവും - ബാരിസ്റ്റർ എ. കെ. പിള്ള, 1934, പുനഃപ്രസിദ്ധീകരണം, ഡോ. സി. കെ. കരിം. തിരുവനന്തപുരം 1992.
10. കേരള ചരിത്രം - വാള്യം ഒന്ന് - കേരള ഹിസ്റ്ററി അസോസിയേഷൻ, എറണാകുളം 1973.
11. കേരള ചരിത്രം - വാള്യം രണ്ട് - 1974.
12. കെ. പി. കേശവമേനോൻ, സമകാലീനരായ ചില കേരളീയർ, കോഴിക്കോട് 1974.
13. കൊട്ടാരത്തിൽ ശങ്കുണ്ണി സ്മാരക ഗ്രന്ഥം - 1977, കോട്ടയം
14. കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനം - പെരുന്ന കെ. എൻ. നായർ, കറൻറ് ബുക്സ്, തൃശൂർ 1967.
15. വി. എസ്. കേരളീയൻ - കേരളത്തിൻെറ വീരപുത്രൻ - 1945. കറൻറ് ബുക്സ്, തൃശൂർ.
16. കേരള വിജ്ഞാന കോശം, ടി. കെ. കൊച്ചു നാരായണൻ, 1987,തിരുവനന്തപുരം.
17. കേസരിയുടെ മുഖപ്രസംഗങ്ങൾ - കേരള സാഹിത്യ അക്കാദമി, തൃശൂർ 1989.
18. കേരള പത്രപ്രവർത്തന ചരിത്രം, പുതുപ്പള്ളി രാഘവൻ, സാഹിത്യ അക്കാദമി, തൃശൂർ 1985.
19. കേരള കൗമുദി വിശേഷാൽ പതിപ്പ് - 1952.
20. ജോർജ് ഇരുമ്പയം, സ്വാതന്ത്ര്യം, സാഹിത്യം, പത്രപ്രവർത്തനം,സുകുമാരൻ പൊറ്റക്കാട് സപ്തതി പ്രസിദ്ധീകരണം, പൂർണ്ണോദയ ബുക്സ് 1997.
21. ഫാ. ജോർജ്ജ് വെളിംപറമ്പിൽ, സത്യനാദത്തിൻെറ ചരിത്രം, കേരള കൾച്ചറൽ സൊസൈറ്റി, എറണാകുളം 1978.
22. ജി. പ്രിയദർശനൻ, സഹോദരൻ അയ്യപ്പൻ, പ്രക്ഷോഭകാരിയായ പത്ര പ്രവർത്തകൻ. സാഹിത്യ അക്കാദമി തൃശൂർ 1991.
23. ജി. പ്രിയദർശനൻ - മലയാള പത്രപ്രവർത്തനം, പ്രാരംഭം സ്വരൂപം, സാഹിത്യ അക്കാദമി, തൃശൂർ 1982.
24. ജി. പ്രിയദർശനൻ, ശ്രീനാരായണ പ്രസ്ഥാനവും മലയാള മനോരമയും, വർക്കല 1988.
25. മാമ്മൻ മാപ്പിള ഒരു പഠനം - മലയാള മനോരമ, കോട്ടയം. 1988.
25. ബി. കെ. സി. മാമ്മൻ മാപ്പിള ഹാൾ - നഗരത്തിൻെറ സ്നേഹ സ്മാരകം 1997.
26. കെ. സി. മാമ്മൻ മാപ്പിളയുടെ തെരഞ്ഞെടുത്ത ലേഖനങ്ങൾ, മലയാള മനോരമ കോട്ടയം 1998.
27. മന്നത്ത് പത്മനാഭൻ - ജി. പ്രസന്നൻ മുല്ലശ്ശേരി, കൊല്ലം 1956.
28. മലയാള മനോരമ ഉയിർത്തെഴുന്നേൽപ്പിൻെറ 50-ാം വാർഷികം 1981.
29. വി. ആർ. മേനോൻ, മാതൃഭൂമിയുടെ ചരിത്രം വാള്യം 1, 1973.
30. മൂർക്കോത്ത് കുഞ്ഞപ്പ, മലയാള മനോരമ, സംസ്കാര തരംഗിണി, ഒന്നാം പതിപ്പ് 1973, 2-ാം പതിപ്പ് 1982.

31. മൂർക്കോത്ത് കുഞ്ഞപ്പ, സംസ്കാര നവോത്ഥാനം, മനോരമ, കോട്ടയം 1988.
32. മാമ്മൻ മാപ്പിള ജീവിത സ്മരണകൾ, മനോരമ, കോട്ടയം 1988.
33. ചുമ്മർ ചൂണ്ടൽ, സുകുമാരൻ പൊറ്റക്കാട്, മലയാള പത്ര ചരിത്രം, സത്യനാദം ശതാബ്ദി സ്മാരക പ്രസിദ്ധീകണം, എറണാകുളം 1977.
34. കെ. എം. ചെറിയാൻ സ്മരണിക. ഒന്നാം പതിപ്പ് 1978, 2-ാം പതിപ്പ് 1988, മനോരമ, കോട്ടയം.
35. ടി. എം. ചുമ്മാർ, ഭാഷാഗദ്യ-സാഹിത്യ ചരിത്രം, എൻ. ബി. എസ്. കോട്ടയം, 1978.
36. പ്രജാസഭാരേഖകൾ, നെൽകൃഷി വികസന ചർച്ച 1924 ജനുവരി 18.
37. പ്രജാസഭ പ്രൊസീഡിംഗ്സ് 1927 ഡിസംബർ 15.
38. പുതുപ്പള്ളി രാഘവൻ, വിപ്ലവ സ്മരണകൾ, ഒന്നുമുതൽ അഞ്ച് വരെ വാല്യങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം 1992 മുതൽ 1996 വരെ.
39. സ്വദേശാഭിമാനിയുടെ ഗ്രന്ഥ നിരൂപണങ്ങൾ, സാഹിത്യ ലേഖനങ്ങൾ, കെ. ഗോമതിയമ്മ, സാഹിത്യ അക്കാദമി, തൃശൂർ, 1991.
40. സരസകവി മൂലൂർ പത്മനാഭ പണിക്കർ, കവി രാമായണം, ശതാബ്ദി പതിപ്പ് 1994.
41. എസ്. എൻ. ഡി. പി. യോഗം പ്ലാറ്റിനം ജൂബിലി സ്മാരക ഗ്രന്ഥം, കൊല്ലം, 1978.
42. മിസ്സിസ് സാറാ ജോർജ് - ജയിലിലെ വല്യപ്പൻ, കോട്ടയം.
43. ജി. ശക്തിധരൻ - വിഷവൃക്ഷത്തിൻെറ അടിവേരുകൾ തേടി. ദേശാഭിമാനി പബ്ലിക്കേഷൻസ്, എറണാകുളം.
44. പ്രൊഫ. കെ. എം. തരകൻ,അഖില കേരള ബാലജന സഖ്യം, മലയാള മനോരമ, കോട്ടയം.
45. ദേശീയ പ്രസ്ഥാനവും മലയാള പത്രങ്ങളും - പെരുന്ന കെ. എൻ. നായർ, കറൻറ് ബുക്സ്
46. ഡോ. റോബിൻ ജെഫ്രി, നായർ മേധാവിത്വത്തിൻെറ പതനം. ഡി. സി. ബുക്സ്, കോട്ടയം.
47. ലോക പത്രാവലോകനം - മൂർക്കോത്ത് കുഞ്ഞപ്പ, മനോരമ, കോട്ടയം.
48. മലയാള മനോരമ ശതാബ്ദി വിശേഷാൽ പതിപ്പ് - 1988.
49. പ്രൊഫ. പി. എസ്. വേലായുധൻ, എസ്. എൻ. ഡി. പി. യോഗ ചരിത്രം, കൊല്ലം. 1978.
50. കെ. ജി. നാരായണൻ, ഈഴവ തീയ്യ ചരിത്ര പഠനം, 1984.
51. എം. എസ്. ജയപ്രകാശ്, ഈഴവ ശിവൻ, ഇന്ത്യൻ വിപ്ലവത്തിൻെറ വിത്ത്, കൊല്ലം 1988.
52. നായർ സർവ്വീസ് സൊസൈറ്റി സുവർണ്ണ ഗ്രന്ഥം - കനക ജൂബിലി പ്രസിദ്ധീകരണം, ചങ്ങനാശേരി 1964.
53. നവഭാരത ശില്പികൾ, കെ. പി. കേശവമേനോൻ. മാതൃഭൂമി, കോഴിക്കോട് 1[illegible]6.
54. പൂജപ്പുര കൃഷ്ണൻ നായർ, സ്വദേശാഭിമാനിയുടെ നാടുകടത്തൽ, രണ്ടാം പതിപ്പ് 1962.
55. എൻെറ നാട് കടത്തൽ, സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള, ഡി. സി. ബുക്സ്, കോട്ടയം മൂന്നാം പതിപ്പ് 1979.
56. പി. ജെ. തോമസ്, മലയാള സാഹിത്യവും ക്രിസ്ത്യാനികളും 1935.
57. ടി. വേണുഗോപാൽ, രാജദ്രോഹിയായ രാജ്യസ്നേഹി.
58. ടി. എച്ച്. പി. ചെന്താരശ്ശേരി, അയ്യങ്കാളി, പ്രഭാത് ബുക്സ്, 1979, തിരുവനന്തപുരം.
59. മലയാള മനോരമ, മിതവാദി, സ്വദേശാഭിമാനി, അൽ അമീൻ, മാതൃഭൂമി, വിവേകോദയം, മലയാളി, തുടങ്ങിയ ദിനപ്പത്രങ്ങളിൽ വന്ന റിപ്പോർട്ടുകളും മുഖപ്രസംഗങ്ങളും.